# ധർമ്മരശ്മികൾ

സ്വാമി പരമേശ്വരാനന്ദ

# ശ്രേയസ്

ഭാരതത്തിന്റെ ആദ്ധ്യാത്മികജ്ഞാനവും സാംസ്കാരികപൈതൃകവും പരിപോഷിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന മഹദ്ഗ്രന്ഥങ്ങൾ, അവയുടെ മൂല്യവും വ്യക്തതയും ഒട്ടും ചോർന്നുപോകാതെതന്നെ, നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് പരിരക്ഷിക്കുകയും ജിജ്ഞാസുകൾക്ക് സൗജന്യമായി പകർന്നുകൊടുക്കുകയും ചെയ്യുക എന്ന ശ്രേയസ് ഫൗണ്ടേഷന്റെ ലക്ഷ്യ സാക്ഷാത്കാരമാണ് ശ്രേയസ് ഓൺലൈൻ ഡിജിറ്റൽ ലൈബ്രറി.


ഗ്രന്ഥശാലകളുടെയും ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളുടെയും വ്യക്തികളുടെയും സഹകരണത്തോടെ കോർത്തിണക്കിയിരിക്കുന്ന ഈ ഓൺലൈൻ ലൈബ്രറിയിൽ അപൂർവ്വങ്ങളായ വിശിഷ്ടഗ്രന്ഥങ്ങൾ സ്കാൻചെയ്ത് മികവാർന്ന ചെറിയ പി ഡി എഫ് ഫയലുകളായി ലഭ്യമാക്കിയിരിക്കുന്നു. ഇവ കമ്പ്യൂട്ടറിലോ പ്രിന്റ് ചെയ്തോ എളുപ്പത്തിൽ വായിക്കാവുന്നതാണ്.

ശ്രേയസ് ഓൺലൈൻ ഡിജിറ്റൽ ലൈബ്രറിയിൽ ലഭ്യമായ ഗ്രന്ഥങ്ങൾ വ്യക്തിപരമായ ആവശ്യങ്ങൾക്കുവേണ്ടി സൗജന്യമായി ഉപയോഗിക്കാവുന്നതാണ്. എന്നാൽ വാണിജ്യപരവും മറ്റുമായ കാര്യങ്ങൾക്കായി ഇവ ദുരുപയോഗം ചെയ്യുന്നത് തീർച്ചയായും അനുവദനീയമല്ല.

ഈ ഗ്രന്ഥശേഖരത്തിന് മുതൽക്കൂട്ടായ ഈ പുണ്യഗ്രന്ഥത്തിന്റെ രചയിതാവിനും പ്രകാശകർക്കും നന്ദി രേഖപ്പെടുത്തുന്നു.

ശ്രേയസ് ഓൺലൈൻ ഡിജിറ്റൽ ലൈബ്രറിയെക്കുറിച്ചും ശ്രേയസ് ഫൗണ്ടേഷനെക്കുറിച്ചും കൂടുതൽ വിവരങ്ങൾ അറിയാനും പ്രവർത്തനങ്ങളിൽ പങ്കാളിയാകാനും ശ്രേയസ് വെബ്സൈറ്റ് സന്ദർശിക്കുക.

http://sreyas.in



# ധർമ്മരശ്മികൾ

卐

(Malayalam)

# DHARMARASMIKAL

(A Collection of the Author's Essays on
Dharma and Society)

*By*
Swami Parameswarananda Saraswathi
Kanyakumari.

*Published by:*
**Sri Krishna Mandir**
Madhavapuram, Kanyakumari.

First Published 1-9-1980
(Sri Krishna Jayanthi day)

Second Edition 17-8-1995
(Sri Krishna Jayanthi day)

**Price: Rs. [redacted]/-** 30

*Printed at:*
Saseendra offset Printers, Oottukuzhi, T.v.m

# ധർമ്മരശ്മികൾ

## (സ്വാമി പരമേശ്വരാനന്ദ)

ഓം

*1980 സെപ്റ്റംബർ 1 നു ശ്രീകൃഷ്ണ ജയന്തി ആചരണത്തോടെ തന്റെ ലേഖനസമാഹാരഗ്രന്ഥങ്ങളിൽ ഒന്നായ ധർമ്മരശ്മികൾ പ്രസിദ്ധപ്പെടുത്തിയശേഷം, ഗ്രന്ഥകാരൻ സന്യാസദീക്ഷ വരിച്ചു. അതോടെ സാധുശീലൻ കെ. പരമേശ്വരൻപിള്ള എന്ന ഗ്രന്ഥകാരന്റെ പൂർവ്വനാമം മാറി സ്വാമി പരമേശ്വരാനന്ദ സരസ്വതിയായി. സന്യാസദീക്ഷയുടെ 15-ാം വാർഷികം കൂടിയായ 1995 ആഗസ്റ്റ് 17 നു ശ്രീകൃഷ്ണ ജയന്തി തിരുനാളിൽ ധർമ്മരശ്മികളുടെ ഈ രണ്ടാം പതിപ്പ് പ്രകാശനം ചെയ്യുന്നു.*

പ്രകാശനം:

**ശ്രീകൃഷ്ണമന്ദിർ**

മാധവപുരം....................കന്യാകുമാരി - 629702

## സ്വാമിജിയുടെ കൃതികളിൽ ചിലത്:

1. ഹിന്ദുധർമ്മപരിചയം, 2. കന്യാകുമാരിയും ചുറ്റുക്ഷേത്രങ്ങളും, 3. കന്യാകുമാരി മുതൽ കപിലവസ്തുവരെ, 4. കന്യാകുമാരി, 5. സംസ്ക്കാരകർമ്മങ്ങൾ, 6. മഹാത്മാഗാന്ധി മാർഗ്ഗവും ലക്ഷ്യവും, 7. കൃഷ്ണം ശരണം ഗച്ഛാമി, 8. പുണ്യചരിതാവലി, 9. ധർമ്മരശ്മികൾ, 10. ആർഷരശ്മികൾ, 11. വിജ്ഞാനപ്രഭ, 12. ജീവിതജ്യോതി, 13. സന്യാസം സന്യാസി സമുദായം.

## 1992 - ന് മുമ്പ് പ്രസിദ്ധപ്പെടുത്തിയവയിൽ ചിലത്.

1. ജയജഗജ്ജനനി, 2. ഹിന്ദുക്കളേ ഉണരുവിൻ എഴുന്നേല്ക്കുവിൻ, 3. കമമ്യൂ: സ്വർഗ്ഗസ്ഥനായനാഗി, 4. കമ്മ്യൂദംഷ്ട്രകളിൽ കുടുങ്ങിയ തിബത്ത്, 5. വന്ദേമാതരം, 6. ദിവ്യവാണികൾ, 7. ശ്രീ ഗാന്ധി സൂക്തങ്ങൾ, 8. ശ്രീകൃഷ്ണജയന്തി, 9. ഭാരതഭാഗ്യ വിധാതാ ഭഗവാൻ ശ്രീകൃഷ്ണൻ, 10. അഷ്ടഗ്രഹയോഗവും യജ്ഞവും, 11. മാതൃമാർഗ്ഗം, 12. ശിവാരാധന, 13. ഗോ സംരക്ഷണം, 14. ഹിന്ദു സമുദായ സമക്ഷം, 15. പ്രാർത്ഥന, 16. രമണ മഹർഷി, 17. നമ്മുടെ ക്ഷേത്രങ്ങൾ, 18. ധർമ്മജ്ഞനായ നാരായണ ഗുരു, 19. ചെറുകഥകൾ, 20. ആചാര്യ പ്രണവാനന്ദജി.

## സമ്പാദനം ചെയ്തു പ്രസിദ്ധപ്പെടുത്തിയവ:

1. ജയന്തി സുമം
(ശ്രീകൃഷ്ണപരമായ ഗദ്യപദ്യ ലേഖനങ്ങളുടെ സമാഹാരം)

2. കന്യാകുമാരി ഉപഹാരം
(പ്രസിദ്ധ ലേഖകന്മാരുടെ ഗദ്യപദ്യലേഖനങ്ങളുടെ സമാഹാരം)

# വിഷയാനുക്രമണിക

(ധർമ്മരശ്മികൾ)


| ക്രമനമ്പർ: | | പുറം |
|---|---|---|
| I | അവതാരിക | 1 |
| II | ശുഭാശംസ | 3 |
| III | ആമുഖം | 5 |
| | 1 ധർമ്മചക്രം | 9 |
| | 2 ആശ്രമധർമ്മം | 13 |
| | 3 ദശകം ധർമ്മലക്ഷണം | 19 |
| | 4 ധർമ്മോരക്ഷതി രക്ഷിത: | 33 |
| | 5 ധർമ്മ ശീലരാവുക | 38 |
| | 6 ധർമ്മം ചര...ധർമ്മം ചര | 44 |
| | 7 ധർമ്മം ദീക്ഷിക്ക സർവ്വരും | 49 |
| | 8 സാമാന്യധർമ്മവും സമുദായവും | 54 |
| | 9 സദാചാരബോധം | 59 |
| | 10 ദേശീയത്വവും സ്വാതന്ത്ര്യവും | 68 |
| | 11 കക്ഷികൗശലം. | 73 |
| | 12 ഇതാവട്ടെ മുദ്രാവാക്യം | 76 |
| | 13 തിലകൻെറ കർമ്മമാർഗ്ഗം | 79 |
| | 14 നാരായണാദർശം | 83 |
| | 15 "ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്" | 87 |
| | 16 സദാചാരം നടപ്പിലാക്കാൻ ഒരു 'ഷോക്ക് ചികിത്സ' | 90 |
| | 17 ധർമ്മം – സമുദായജീവിതത്തിൽ | 95 |
| | 18 ആദ്ധ്യാത്മിക ജീവിതം | 98 |
| | 19 സനാതനധർമ്മം തന്നെ | 101 |
| | 20 ദേവാസുര സമരം | 105 |

| ക്രമനമ്പർ: | | പുറം |
|---|---|---|
| 21 | ക്ഷേത്രം | 111 |
| 22 | ക്ഷേത്രം – ഉത്സവം | 114 |
| 23 | ക്ഷേത്രധർമ്മം | 119 |
| 24 | ക്ഷേത്രോത്സവങ്ങളും ഹിന്ദുക്കളും | 126 |
| 25 | കോവിൽ ധനത്തിൽ കൊതികൊള്ളേണ്ട | 131 |
| 26 | ഹിന്ദുദേവസ്വങ്ങൾ | 134 |
| 27 | പരമേശ്വരക്ഷേത്രം | 138 |
| 28 | ക്ഷേത്രങ്ങൾ എന്തിന്, എങ്ങനെ? | 141 |
| 29 | സനാതനധർമ്മവും ക്ഷേത്രങ്ങളും | 144 |
| 30 | ഭാരതത്തിലെ പ്രാചീനഗ്രന്ഥശാലകൾ | 150 |
| 31 | 'മെക്കാ' നഗരനിർമ്മാതാക്കൾ ഭാരതീയ വ്യാപാരികൾ | 152 |
| 32 | പ്രാചീന അറേബ്യരുടെ വിക്രമാദിത്യ ഗുണഗാനം | 158 |
| 33 | പ്രാചീന അറബികളുടെ വേദസ്തുതി | 161 |
| 34 | പ്രയാഗയിലെ കുംഭമേള | 164 |
| 35 | മഹാശിവരാത്രി | 170 |
| 36 | ശിവതാണ്ഡവം | 173 |
| 37 | പൊന്നിൻ ചിങ്ങം | 177 |
| 38 | രാമായണമാർഗ്ഗം | 183 |
| 39 | ഗീത ജനിക്കുന്നു | 190 |
| 40 | ഗുരുപൂർണ്ണിമ | 200 |
| 41 | സ ന്യാസ ഗതി | 206 |
| 42 | ആഹാര ക്രമം | 210 |
| 43 | സദ്ഭാവനയുടെ പ്രഭാവം | 218 |
| I | അനുബന്ധം - ഉത്തരായണം (കവിത) | 223 |
| II | ,, ധർമ്മസൂക്തികൾ | 237 |



നമോ ധർമ്മായമഹതേ നമഃ കൃഷ്ണായ വേധസേ.

ബ്രഹ്മശ്രീ

സ്വാമി ശിവസച്ചിദാനന്ദസരസ്വതി തിരുവടികളുടെ

# അവതാരിക

**സത്യം വദ .......ധർമ്മം ചര!**

'യം പാലയസി ധർമ്മ:ത്വം ധൃത്യാ ച നിയമേന ച
സ വൈ രാഘവശാർദ്ദൂലധർമ്മത്വാമഭിരക്ഷതു:'
(വാ. രാമായണം)

ശ്രീ സാധുശീലൻപരമേശ്വരൻപിള്ള ശ്രേഷ്ഠ ഗുണ സമ്പന്നനും ധാർമ്മിക ജീവിതതത്പരനും ലോക ഹിത കാംക്ഷിയുമായൊരു കർമ്മയോഗിയാണ്. സ്വയം സംതൃപ്തനായ ശ്രീ സാധുശീലൻെറ അനുഭവസിദ്ധമായ വിജ്ഞാനധാരയാണ് 'ധർമ്മരശ്മികൾ.'

സാധാരണ മനുഷ്യൻ അർത്ഥകാമങ്ങളിൽ നിമഗ്ന നായിജീവിതാന്ത്യത്തിൽ ശാന്തിയും തൃപ്തിയുമില്ലാത്തവ നായി തീരുന്നു. ധർമ്മത്തെ ആധാരമാക്കി അർത്ഥകാമ ങ്ങളിൽ പ്രവർത്തിക്കാൻ അനുശാസിക്കുന്ന വേദശാ സ്ത്രങ്ങൾ ജീവൻെറ ഐഹിക ആമുഷ്മിക സുഖാകാം ക്ഷകളെ പൂർത്തിചെയ്തുകൊണ്ട് പാരമാർത്ഥികമായ നിത്യാനന്ദത്തിൽ എത്തിച്ചേർക്കുകയും ചെയ്യുന്നു. ഇഹ ജീവിതം ധർമ്മപരമായാൽ ഇഹപരങ്ങൾ സുഖാവഹങ്ങ ളാകും. നിത്യനിരന്തര സുഖപ്രാപ്തിയായ മുക്തിക്കുള്ള മാർഗ്ഗവും അതുതന്നെ.

ധന്യമായ ഭാരതീയസംസ്കാരത്തിന്റെ വാഹനമാണ് സംസ്കൃതഭാഷ. കാലകോലാഹലങ്ങളാൽ സംസ്കൃതഭാഷാപഠനം ഏതാണ്ട് ഇല്ലാതാവുകയാണ്. അമൂല്യങ്ങളായ ജ്ഞാനരത്നങ്ങൾ ഒളിഞ്ഞുകിടക്കുന്ന സംസ്കൃതസാഹിത്യവുമായി സാമാന്യജനതയ്ക്ക് മുഖപരിചയംപോലും ഇല്ലാതായിരിക്കുന്ന ഈ അവസരത്തിൽ 'ധർമ്മരശ്മികം' മനുഷ്യ സമുദായത്തിനു് ശാശ്വതമായ ഒരു നിധിയാണ്.

സാത്വികസംശുദ്ധമായ ജീവിതത്തിനുള്ള ഉപാധിയായി ഉൾക്കൊള്ളേണ്ട ധർമ്മതത്ത്വങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ, ചില സന്ദർഭങ്ങളിൽ അടിഞ്ഞുകൂടുന്ന മാലിന്യങ്ങളുടെ നിർമ്മാർജ്ജന മാർഗ്ഗങ്ങൾ എന്നിവയെല്ലാം ഈ പുസ്തകത്തിൽ ലളിതമായ ഭാഷയിൽ, പ്രായോഗികരീതിയിൽ, യുക്തിപൂർവകമായി പ്രതിപാദിച്ചിട്ടുണ്ട്. ശ്രീ. സാധുശീലന്റെ 1969–ൽ പ്രസിദ്ധം ചെയ്ത 'ഹിന്ദുധർമ്മപരിചയ'വും 1977–ൽ പ്രസിദ്ധം ചെയ്ത 'സംസ്കാരകർമ്മ'ങ്ങളും ഇതോടനുബന്ധിച്ച് സവിശേഷശ്രദ്ധയ്ക്ക് വിധേയമാവേണ്ടതാണ്. ഈ മൂന്നു പുസ്തകങ്ങളും പല ഭാഷകളിൽ വിവർത്തനം ചെയ്യപ്പെടുകയും നാനാദേശവാസികളായ ഹിന്ദുക്കൾക്ക് സ്വധർമ്മബോധകമായി ഭവിക്കുകയും ചെയ്യുമെന്നതിൽ സംശയമില്ല.

'ധർമ്മരശ്മികം' ഓരോ ഹിന്ദുഗൃഹത്തിലും സസന്തോഷം സ്വീകരിക്കപ്പെടട്ടെ എന്നും അത് ജീവിതത്തെ ധർമ്മപരവും സുഖപ്രദവുമാക്കുവാൻ സഹായിക്കട്ടെ എന്നും ധർമ്മസംസ്ഥാപകനായ ശ്രീകൃഷ്ണഭഗവാന്റെ ചരണാരവിന്ദങ്ങളിൽ പ്രാർത്ഥിക്കുന്നു.

അമൃതാശ്രമം, രംഗസമുദ്രം,
ബ്രഹ്മദേശം P. O.
31—7—1980

ശിവസച്ചിദാനന്ദ
സരസ്വതി സ്വാമികൾ

ഓം

ബ്രഹ്മശ്രീ

വിദ്യാനന്ദതീർത്ഥപാദസ്വാമി തിരുവടികളുടെ

# ശുഭാശംസ

സാധുശീല, മഹാഭാഗ
സുഹൃദാംവര, സന്മതേ,
ഷഷ്ട്യബ്ദപൂർത്തിം സംപ്രാപ്ത—
വതോ മങ്ഗലമസ്തുതേ.

ഭവതാരചിതം 'ധർമ്മ—
രശ്മി'നാമക പുസ്തകം
ശ്രീമൻ, ദൃഷ്ട്വാ, പഠിത്വാച
ചേതോ മോമുദ്യതേ മമ

'ധർമ്മരശ്മ്യാ' ദി സദ്ഗ്രന്ഥ—
രചനാ രൂപ ചാതുരീ
വ്യനക്തി ഭവതോധർമ്മ—
ശാസ്ത്ര പാണ്ഡിത്യ വൈഭവം.

അധർമ്മാന്ധതമോ വ്യാപ്തേ
ലോകേസ്മിൻ ഭ്രമതാം നൃണാം
ശ്രേയോ മാർഗ്ഗ പ്രകാശായ
ഭാന്തുതേ 'ധർമ്മരശ്മയഃ'

ഗൃഹസ്ഥാശ്രമമുത്സൃജ്യ
സന്യാസാശ്രമമാപ്നവൽ
ശാന്തിദാന്ത്യാദി സംയുക്തോ
ഭവതാപം വിനാശയ

വൈരാഗ്യ പൂർണ്ണം സംന്യാസി–
ധർമ്മം നിത്യം സമാചരൻ
ജീവന്മുക്തി പദാരൂഢോ
വിജയസ്വ ചിരം ഭുവി

'ജ്ഞാനാനന്ദ' മഹാചാര്യ–
ദത്തയാബ്രഹ്മ വിദ്യയാ
സംസാരബന്ധനാന്മുക്തോ
രമസ്വപരമാത്മനി.

നിഷ്കാമകർമ്മ സംശുദ്ധേ
നിശ്ചലേ തവമാനസേ
ബ്രഹ്മാകാരമഹാവൃത്തി
പ്രവാഹോ വർദ്ധതാം സദാ

യജ്ഞേന, ദാനേന, തപസ്യയാച
വേദാന്ത വാക്യാർത്ഥ വിചാരണേന
ജിജ്ഞാസ്യമാനം പരമം പവിത്രം
ബ്രഹ്മൈവവിദ്വൻ! ത്വമസീതിവിദ്ധി–

സംന്യാസസംസ്കാര വിശേഷയോഗാ–
ദനാദി സംസാരഭയം വിഹായ
നിത്യേപരേധാമനി വർത്തമാനേ
ധരാമിമാം പുണ്യവതീം കുരുഷ്വ

ഇത്യാദ്യുഷ്മതാം നിരന്തര ക്ഷേമാശംസി

തീർത്ഥപാദാശ്രമം,
തീർത്ഥപാദപുരം,
വാഴൂർ, കോട്ടയം
5—8—1980

സ്വാമി വിദ്യാനന്ദതീർത്ഥപാദഃ

# ആമുഖം

ശ്രീ ഹരി: ശരണം

**1970** ൽ വിവേകാനന്ദശിലാസ്മാരകപ്പണി പൂർത്തിയായ മനസ്സന്തോഷത്തോടെ ചതുർത്ഥാശ്രമം സ്വീകരിക്കുവാൻ നിശ്ചയിച്ചുവെങ്കിലും സ്വയം നിർമ്മിതമായ ചില 'കർത്തവ്യങ്ങൾ' കുറുകെ നിന്നിരുന്നു. അങ്ങനെ നർമ്മദാപുരിയിൽ ശ്രീ ബാബാബജരംഗദാസ്ജി മഹരാജിൽനിന്നു മന്ത്രദീക്ഷയും സ്വീകരിച്ചുകൊണ്ടു് മടങ്ങിവന്ന സന്ദർഭത്തിൽ ശ്രീമദ് ജ്ഞാനാനന്ദ സരസ്വതി സ്വാമികളുടെ ആഗമനവുമുണ്ടായി. ശ്രീ സ്വാമിജി മുൻപും കന്യാകുമാരി സന്ദർശിച്ചിട്ടുണ്ടെങ്കിലും ഇപ്പോഴത്തെ വരവിനു പിന്നിൽ എന്തോ ചില ഈശ്വരേച്ഛകൾ വേറെയും ഉണ്ടായിരുന്നിരിക്കണം.

ബാല്യത്തിലേ വളരെയധികം സത്സംഗം ലഭിച്ചിട്ടുള്ള ഒരു വ്യക്തിയാണു് താനെന്ന ഒരു ഗർവ്വും അതേ സമയം 'പാപ്പരത്തം' പൂണ്ട ബാഹ്യാഭ്യന്തര ജീവിതവും മനക്ഷോഭമുളവാക്കിക്കൊണ്ടിരുന്ന സന്ദർഭത്തിലാണു് ശ്രീ സ്വാമിജിയുടെ കരുണാദൃഷ്ടി ഇവങ്കൽ പതിഞ്ഞതു്. അങ്ങനെ ജീവിതത്തെ ഒന്നു ചിട്ടപ്പെടുത്തി ഒരു വിലയും നിലയുമുള്ളതാക്കിത്തീർക്കാൻ സാധിച്ചതും പരമഭാഗ്യമായികരുതുന്നു.

1978 ഡിസംബർ 20-ാം നു- രാത്രി വള്ളിക്കോട്ടു വെച്ചു് രാക്ഷസീയമായ ബസ്സ് തീപിടിത്തത്തിൽനിന്നു ഈശ്വരകൃപ ഒന്നുകൊണ്ടുമാത്രം രക്ഷപ്പെട്ടു് റോഡുവക്കത്തു കിടക്കുമ്പോൾ ബലമായൊരു സംശയം; ഞാൻ എന്ന മനുഷ്യൻ ജീവിച്ചിരിക്കുന്നുവോ എന്നു്!

സന്ദർഭം കഴിഞ്ഞു് പ്രകൃതം മാറിയെങ്കിലും ജീവിതത്തിൽ മറക്കാനാവാത്ത അപകട സന്ധികളിൽഒന്നായി അതും അവശേഷിക്കുന്നു. ആരോടും വിരോധമോ പകപോക്കൽ മനോഭാവമോ ഇല്ല. അപ്പഴപ്പോഴം ഇതിനെപ്പററിയൊക്കെ എഴുതിയാൽ രസകരമായിരിക്കുമെന്നു ചില സുഹൃത്തുക്കളം അഭിപ്രായപ്പെട്ടു. "രക്ഷിക്കുന്ന ഈശ്വരൻ ശിക്ഷിക്കുകയും ചെയ്യുന്നു"വെന്ന വിശ്വാസം കൊണ്ടു് അതിൽ താല്പര്യമുണ്ടായില്ല.

"ബ്രഹ്മം സത്യം: ജഗത് മിഥ്യ" എന്ന വേദാന്തമർമ്മജ്ഞനായ ശ്രീ സ്വാമിജി—"ഇനി പരമേശ്വർജിയുടെ ഷഷ്ട്യബ്ദപൂർത്തി ഗംഭീരമായാഘോഷിക്കണെ"മെന്നു് ആജ്ഞാപന സ്വരത്തിൽ നിർദ്ദേശിച്ചപ്പോഴം ഇവൻ അത്ഭുതപ്പെട്ടു. കാരണം അറിഞ്ഞ ചില സഹോദരന്മാർ ഒരു കമ്മിററി രൂപീകരിച്ചു് പണം പിരിച്ചു് നടത്താമെന്നു അഭിപ്രായപ്പെട്ടു. അങ്ങനെയെന്തായാലും വേണ്ടെന്ന അഭിപ്രായത്തോടു ശ്രീ സ്വാമിജിയും യോജിച്ചു.

അങ്ങനെ 'സ്മരണിക' പ്രകാശനവും അനുമോദന പ്രസംഗങ്ങളും ഒഴിവാക്കിക്കൊണ്ടു 'ജ്ഞാനയജ്ഞ' രീതിയിൽ തയ്യാറാക്കിയ ഷഷ്ട്യബ്ദപൂർത്തി പരിപാടികളിൽ ഒരിനമാണു് മുൻ ലേഖനങ്ങളിൽ ചിലവ പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തണമെന്നതു്. ഇതിൽ "കൃഷ്ണം ശരണം ഗച്ഛാമി" 27—7—1980 ഗുരുപൂർണ്ണിമയ്ക്കും, "പുണ്യ ചരിതാവലി" 11—8—1980 ഷഷ്ട്യബ്ദപൂർത്തി ദിനത്തിലും "ധർമ്മരശ്മികം" 1—9—1980 ശ്രീകൃഷ്ണജയന്തി (സന്ന്യാസ സംസ്കാരവേളയിൽ)യ്ക്കും പ്രസിദ്ധപ്പെടുത്തണമെന്നും സങ്കല്പിച്ചു. "കൃഷ്ണം ശരണം ഗച്ഛാമി'യും, 'പുണ്യ ചരിതാവലി'യും യഥാസമയം പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

അന്നപൂർണ്ണേശ്വരിയും ബ്രഹ്മവിദ്യാസ്വരൂപിണിയു മായ കന്യാകുമാരി ഭഗവതിയുടെയും പരമധർമ്മസ്വരൂപ നായ ഭഗവാൻ ശ്രീകൃഷ്ണൻെറയും കൃപാകടാക്ഷങ്ങളാൽ ഭക്തജന സമേതം ശ്രീ ജ്ഞാനാനന്ദ സരസ്വതി തൃപ്പാദ ങ്ങളുടെ പഥസഞ്ചലനം കൂടിയായപ്പോൾ "ഷഷ്ട്യബ്ദ പൂർത്തി" പരിപാടികൾ തികച്ചും മംഗളകരമായി. അതു കഴിഞ്ഞപ്പോൾ ബോധ്യമായി 'ഞാൻ എന്ന മനുഷ്യൻ' ജീവിച്ചിരിക്കുന്നുവെന്നും ഇതുവരെ ഒരു കരംകൊണ്ടു് പിടിച്ചിരുന്ന ഭഗവൽപാദം ഇന്നുമുതൽ ഇരു കരങ്ങൾ കൊണ്ടും പിടിക്കണമെന്നും. ഷഷ്ട്യബ്ദപൂർത്തി പരിപാടി യിൽ സ്ഥൂലവും സൂക്ഷ്മവുമായ ഭാവങ്ങളിൽ പങ്കെടുത്ത പുണ്യാത്മാക്കൾക്കെല്ലാം നമസ്ക്കാരം, നമസ്ക്കാരം, സാഷ്ടാംഗ നമസ്ക്കാരം!

പുസ്തകപ്രസിദ്ധീകരണത്തിനു വേണ്ടി മുൻ ലേഖന ങ്ങൾ തേടിയെടുക്കുക ശ്രമസാദ്ധ്യമായിരുന്നു. ലേഖന ങ്ങളിൽ പകുതിപോലും ശേഖരിക്കുവാൻ സാധിച്ചില്ല. ലഭിച്ചവയിൽ തന്നെ മേൽപറഞ്ഞ 3 പുസ്തകങ്ങളാക്കിയ തിനുശേഷവും ജീവചരിത്രങ്ങളും, ദേശീയവും ധർമ്മ ബോധപരവുമായ ലേഖനങ്ങളും ബാക്കിയായിട്ടുണ്ടു്. അതിൽ നിന്നും ഒരു സെറ്റു് "ആർഷപ്രഭ" എന്ന പേരി ലും മറ്റൊരു സെറ്റു് "സ്മരണകൾ—അനുസ്മരണകൾ" എന്ന പേരിലും ഒതുക്കിവച്ചു. നിമിഷം പ്രതികുതിച്ചു കയറുന്ന കടലാസുവിലയും അച്ചടിക്കൂലിയും താങ്ങാ നാവുന്നില്ല. ആവശ്യവും തദനുസരണമായ അനു കൂലപരിതസ്ഥിതിയും ചേരുമ്പോൾ ഇവയും പ്രകാശി പ്പിക്കുമെന്നു പ്രത്യാശിക്കാം. വ്യവഹാര ലോകത്തിൻെറ ആവശ്യമാണെന്നു കരുതാം.

ഷഷ്ട്യബ്ദപൂർത്തിക്കും സന്ന്യാസാശ്രമപ്രവേശനത്തിനും മംഗളം ആശംസിച്ചുകൊണ്ടു് പല സജ്ജനങ്ങളിൽനിന്നും എഴുത്തുകളും കമ്പിസന്ദേശങ്ങളും ലഭിച്ചു. അതിൽ ചിലവ ഓരോ ലേഖനമോ കാവ്യമോ ആണു്. ആ പുണ്യാത്മാക്കളുടെ സഹൃദയത്വത്തിനും ഔദാര്യത്തിനും തൊഴുകയ്യോടെ നന്ദി രേഖപ്പെടുത്തുന്നു. പരമഭാഗവതനും മഹാകവിയുമായ ബ്രഹ്മശ്രീ ഓട്ടൂർ ഉണ്ണിനമ്പൂതിരിപ്പാടു് അവർകരം 'ഉത്തരായണം' എന്ന ശീർഷകത്തിൽ ഒരു 'കാവ്യം' തന്നെ രചിച്ചു് അയച്ചിരിക്കുന്നു. "കൃഷ്ണം ശരണം ഗച്ഛാമി" എന്ന പുസ്തകം വായിക്കുന്നതിനിടയ്ക്കു് എഴുതിയ പ്രസ്തുത ആശംസാകാവ്യം പ്രസ്തുത പുസ്തകത്തിൻെറ ഒരു ആസ്വാദനംകൂടിയായതിനാൽ, അതിനു ആ മഹാശയൻതന്നെയെഴുതിയ മുഖവുരയോടുകൂടി ഈ പുസ്തകത്തിൻെറ അനുബന്ധമായി ചേർത്തിട്ടുണ്ടു്.

"ധർമ്മരശ്മികരം' ധർമ്മത്തിൻെറ രശ്മികരം മാത്രമാണു്. ഒഴിച്ചുകൂടാനാവാത്ത പുതു പ്രവണതകളും ആചാരവിചാരങ്ങളുംകൂടി കൂടുതൽ ഫലപ്രദവും പ്രകാശമാനവുമാക്കിത്തീർക്കാൻ ഈ രശ്മികളേല്ക്കുന്നതുകൊണ്ടു് സഹായകമായിരിക്കും. ഇതിലേയ്ക്കു 'അവതാരിക'യെഴുതി അനുഗ്രഹിച്ച ബ്രഹ്മശ്രീ ശിവസച്ചിദാനന്ദസരസ്വതി സ്വാമി തൃപ്പാദങ്ങരംക്കും ശുഭാശംസ എഴുതി അയച്ച ബ്രഹ്മശ്രീ വിദ്യാനന്ദതീർത്ഥപാദ തിരുവടികരംക്കും സാഷ്ടാംഗ പ്രണാമങ്ങരം.

ഓം ശ്രീ കൃഷ്ണാർപ്പണമസ്തു.

ശ്രീകൃഷ്ണമന്ദിർ, കന്യാകുമാരി
1—9—1980
(ശ്രീകൃഷ്ണ ജന്മാഷ്ടമി)

ഗ്രന്ഥകർത്താ.

# ധർമ്മരശ്മികൾ

## 1 ധർമ്മചക്രം

ജഗദീശ്വരൻെറ മഹദിച്ഛയാൽ അനന്തകോടി ജീവജാലങ്ങളെക്കൊണ്ടു് സദാ ചുററിച്ചലിപ്പിച്ചുകൊണ്ടിരിക്കുന്നതാണു് ധർമ്മചക്രം. അതാണു് ജഗത് അഥവാ സംസാരം. ജീവജാലങ്ങളിൽ വിശേഷബുദ്ധിയും വിവേകവുമുള്ള മനുഷ്യജീവൻ ഈശ്വരേച്ഛയ്ക്കനുകൂലമായി ധർമ്മചക്രം തിരിക്കുവാൻ ബാദ്ധ്യസ്ഥനാണു്. അതനുസരിച്ചു് സ്വയം ഭാഗ്യവിധാതാവാം. ധർമ്മമാർഗ്ഗത്തിലെങ്കിൽ തനിയ്ക്കും ലോകത്തിനും നന്മയും ക്ഷേമവും വിളയിക്കാം. അധർമ്മമാർഗ്ഗത്തിലെങ്കിൽ തിന്മയും അസ്വാസ്ഥതയും ഉളവാക്കാം.

ധർമ്മാധർമ്മങ്ങരം എക്കാലത്തും ഉണ്ടായിരിയ്ക്കും. ധർമ്മത്തിനു മുൻതൂക്കം ഉള്ളേടത്തോളം സുഖ-ശാന്തി-ക്ഷേമങ്ങരം. അധർമ്മത്തിനു മുൻതൂക്കം വന്നാൽ അസുഖം, അശാന്തി, അസ്വാസ്ഥത; എന്തൊക്കെ കണ്ടാലും, കൊണ്ടാലും, കിട്ടിയാലും 'പോരാ പോരാ' എന്ന അത്യാർത്തിയും സമരജ്വരവും പൊന്തിക്കൊണ്ടിരിക്കയും ചെയ്യും.

ഈശ്വരചൈതന്യം—ദേവതകരം—അനേകപ്രകാരത്തിലുണ്ടു്. ജീവൻെറ പ്രകൃതി-സ്വഭാവങ്ങളനുസരിച്ചു് പലവിധദൈവങ്ങരം! പ്രകൃത്യാ മനുഷ്യർക്കു പല മതങ്ങളുണ്ടു്—ഒരാരംക്കു ഒരു മതം വീതം! അതുപോലെ ഓരോരുത്തക്കുമുണ്ടു് ഓരോധർമ്മം—സ്വധർമ്മം.

അതിനെ സംസ്കരിച്ചു് സനാതന ധർമ്മത്തിലെത്തിക്കുകയെന്നതാണു് മനുഷ്യൻെറ കർത്തവ്യവും സുഖ-ശാന്തിയ്ക്കുള്ള വഴിയും. നിഷ്കൃഷ്ടാർത്ഥത്തിൽ ജീവേശ്വരൈക്യമാണു് പരമമായ ധർമ്മം.

പരമാർത്ഥത്തിൽ ധർമ്മം ഒന്നേ ഉള്ളൂ—സനാതന ധർമ്മം. ഈശ്വരൻ ഒന്നേ ഉള്ളൂ; സനാതനനും സച്ചിദാനന്ദസ്വരൂപനുമായ പരമാത്മാ. സ്വന്തം കർമ്മവാസനകളെ സംസ്കരിച്ചും പരിഷ്ക്കരിച്ചും മുന്നേറുന്നതിനെ വിവിധ ധർമ്മങ്ങളായി വ്യവഹരിക്കുന്നു. അപൂർവ്വം ജ്ഞാനികളും ജീവന്മുക്തന്മാരുമൊഴിച്ച് 95 ശതമാനം ജീവന്മാരും ധർമ്മാചരണത്തിനു ബാദ്ധ്യസ്ഥരാണ്; എങ്കിലേ ധർമ്മചക്രം യഥാക്രമം തിരിയൂ; സുഖക്ഷേമ സമാധാനങ്ങൾ കൈവരൂ.

"ഞാൻ ഇരുകയ്യും ഉയർത്തിപ്പിടിച്ചു ലോകത്തോടു പറയുന്നു; ആരും എന്റെ വാക്കുകൾ ശ്രദ്ധിക്കുന്നില്ല; ധർമ്മത്തിൽ നിന്നുമാണ് അർത്ഥകാമങ്ങൾ പുഷ്ടിപ്പെടേണ്ടതു്; ആ ധർമ്മത്തെ ആളുകൾ എന്തുകൊണ്ട് ആശ്രയിക്കുന്നില്ല?" വേദവ്യാസന്റെ ഈ ചോദ്യത്തെ തുടർന്നു ഇതേവരെ വന്ന ആചാര്യന്മാരെല്ലാം ഇതേ ചോദ്യം ആവർത്തിച്ചിട്ടുണ്ട്. ആത്മീയത്തിൽ സ്ഥിതി ചെയ്ത ശ്രീ വിദ്യാധിരാജസ്വാമി ലൗകികത്തിൽ ദൃഷ്ടി വെച്ചതു് വിധിപ്രകാരമുള്ള കർമ്മാനുഷ്ഠാനംകൊണ്ട് ചിത്തശുദ്ധിയും ചിത്തശുദ്ധിദ്വാരാ ജ്ഞാനവും അതുകൊണ്ട് മോക്ഷവും ലോകർ നേടിക്കൊള്ളട്ടെ എന്ന ജീവകാരുണ്യബുദ്ധികൊണ്ടാണ്.

അതുപോലെ ശ്രീ നാരായണഗുരു ഉപദേശിച്ചു: ഹിംസിക്കരുതു്, മോഷ്ടിക്കരുതു്, മദ്യപിക്കരുതു്, വ്യഭിചരിക്കരുതു്, അസത്യം പറയരുതു് എന്നീ ധർമ്മപഞ്ചകവും; കായശുദ്ധി, മനഃശുദ്ധി, വാക്ശുദ്ധി, ഇന്ദ്രിയശുദ്ധി, ഗൃഹശുദ്ധി എന്നീ ശുദ്ധിപഞ്ചകവും മനുഷ്യർ ആചരിക്കണമെന്നു്! ശ്രദ്ധിക്കുന്നതാരാണ്?

"ഈശ്വരൻ ആകാശമദ്ധ്യത്തിൽ ത്രിപാദപരിമിതിസ്ഥാനത്തു് ത്രിലോകനിർമ്മാണം ചെയ്തിട്ട്, അതിനകത്തു് ധർമ്മങ്ങളെ (ജഗന്നിർവ്വാഹക കർമ്മസമൂഹം) സ്ഥാപിച്ചു. യജ്ഞങ്ങളെക്കൊണ്ട് യജ്ഞപുരു

ഷനെ ദേവതകൾ പൂജിച്ചു. ഇതു പ്രാഥമിക ധർമ്മമായി തന്നെ. ദേവലോകത്തിൻെറ പ്രേരണയാൽ മനുഷ്യ ലോകത്തിൽ യജ്ഞം പ്രാവർത്തികമായി.

"ജ്യോതിർമ്മയ പാത്രത്താൽ സത്യത്തിന്റെ മുഖ്യസ്വരൂപം ആവൃതമാണ്. ജഗദ്പരിപോഷകനായുള്ളോവേ, സത്യ-ധർമ്മസ്വരൂപ! അങ്ങയുടെ ഉപാസന സ്വരൂപത്തിൻെറ ഉപലബ്ധിക്കുവേണ്ടി അതു അനാവരണം ചെയ്താലും!

"സത്യം, ഋതം, ദീക്ഷ, തപസ്സ്, ബ്രഹ്മം, യജ്ഞം ഇവയാറും ധർമ്മത്തിൻെറ ഷഡാധാരങ്ങൾ.

"വേദം, സ്മൃതി, സദാചാരം, ആത്മസ്മൃതി ഇവ നാലും ധർമ്മത്തിൻെറ ലക്ഷണങ്ങൾ.

"ധർമ്മം ശ്രേയസ്കരവും മംഗളകരവുമാണ്. ധർമ്മം അഹിംസാലക്ഷണവും, അധർമ്മം ഹിംസാലക്ഷണവുമാകുന്നു.

"മനുഷ്യനു ധർമ്മം മാത്രമാണ് ഒരേ ഒരു സുഹൃത്തു്; അതു മൃത്യുവിനുശേഷം നമ്മെ അനുഗമിക്കുന്നു. മരണശേഷവും തുണയ്ക്കുവരുന്നതു ധർമ്മം മാത്രം.

"സമ്യക്കായ ഉന്നതിയും പരമലക്ഷ്യവും സാധിപ്പിന്നതേതോ അതാണു് ധർമ്മം. ധർമ്മമാണ് വിശ്വത്തിന്നാധാരം. സമസ്തലോകവും ധർമ്മത്തിൽ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു; അതിനാൽ ധർമ്മം സർവ്വശ്രേഷ്ഠമെന്നറിയുക. ധർമ്മം അനുഷ്ഠിക്കാത്തവർ മൃഗതുല്യർ. ശരീരധാരികളുടെ എല്ലാ ദുഃഖങ്ങളും അധർമ്മത്താൽ ഉണ്ടാവുന്നു. അക്ഷയസുഖത്തിൻെറ സൗഭാഗ്യം ധർമ്മത്തിലധിഷ്ഠിതമാണ്. ശരീരശേഷിയുള്ളപ്പോൾതന്നെ ധർമ്മനിഷ്ഠരായിക്കൊള്ളണം; പിന്നീടതു അനുഷ്ഠിക്കുവാൻ സാധിക്കുമോ എന്നാർക്കറിയാം?

വേദാദി ശാസ്ത്രസൂക്തങ്ങളിൽ ചിലതാണ് മേലുദ്ധരിച്ചതു്. ഇനി ശ്രീബുദ്ധോപദേശത്തിൽ ചിലതു് ശ്രദ്ധിക്കാം—

"ശരിയായ ധർമ്മബോധത്തിന്നനുസൃതമായി കർമ്മനിരതനാവുന്ന ആൾ മൃത്യുഗ്രസ്തമായ ഈ സംസാരസാഗരത്തെ തരണം ചെയ്യുന്നു.

"അധർമ്മാചരണംകൊണ്ടു് തന്റെയും സമൂഹത്തിന്റെയും ഉന്നതി കാംക്ഷിക്കരുതു്. അധർമ്മംകൊണ്ടു് തന്റെ ഉന്നതി കാംക്ഷിക്കാത്തവനാണു് സദാചാരി, പ്രജ്ഞാവാൻ, ധാർമ്മികൻ.

ഉത്തമധർമ്മത്തെ ശ്രദ്ധിക്കാതെ നൂറുവർഷം ജീവിക്കുന്നതിനേക്കാൾ അതു ശ്രദ്ധിച്ചുകൊണ്ടു് ഒരു ദിവസം ജീവിക്കുന്നതു ശ്രേഷ്ഠം.

"ധർമ്മരസം പാനംചെയ്യുന്നവർ പ്രസന്നചിത്തരായിരിക്കുന്നു; ആര്യന്മാരാൽ (ശ്രേഷ്ഠന്മാരാൽ) അനുശാസിക്കപ്പെട്ടധർമ്മത്തിൽസദാരമിക്കുന്നവരാണു്വിദ്വാന്മാർ."

'സ്വന്തം പീഡനങ്ങൾക്കും കഷ്ടതകൾക്കുമിടയിൽ പോലും ധർമ്മത്തിൽനിന്നു വ്യതിചലിക്കാതിരിക്കുന്നവനാണു് വീരനും ധീരനും. പിന്നീടാക്കാമെന്നു മാററിവെയ്ക്കാതെ എല്ലായ്പ്പോഴും അനുഷ്ഠിക്കേണ്ടതാണു് ധർമ്മം. എന്തെന്നാൽ ശരീരത്തെ വെടിഞ്ഞുപോവുമ്പോഴും ജീവനു തുണ ധർമ്മം മാത്രമാണു്. ധർമ്മാനുഷ്ഠാനംകൊണ്ടു ലഭിക്കുന്ന സുഖം മാത്രമാണു് ശാശ്വതസുഖം മററു സുഖങ്ങളെല്ലാം ക്ഷണികങ്ങളും ദുഃഖഹേതുകങ്ങളുമാണു്. ഈ നശ്വരജീവിതത്തിൽ ധർമ്മാനുഷ്ഠാനം കൊണ്ടു് മാത്രമേ ദുഃഖങ്ങളിൽനിന്നു നിവൃത്തരാവാൻ പററൂ." എന്നു തിരുവള്ളുവർ വചനം.

ഈ ധർമ്മചക്രത്തിന്നനുസൃതമായ ജീവിതം ബാല്യത്തിലേ ശീലിച്ചിരിക്കണം. 'ജീവിതായോധനമെന്നും' 'കൃത്യാന്തര ബഹുലതകളെ'ന്നും പറഞ്ഞു ധർമ്മാചരണം മാററിക്കൊണ്ടുപോയാൽ, ശരീരവും മനസ്സും ക്ഷീണിച്ചതിനുശേഷം പിന്നെയെപ്പോഴാണാവോ....!

---

# 2 ആശ്രമധർമ്മം

വിശേഷോത്തരമായ ഭാരതീയജീവിതവീക്ഷണത്തിൽ, ജീവൻെറ ഒരു പരിഷ്കൃതപ്പതിപ്പാണ് മനുഷ്യൻ. അപൂർണ്ണതയിൽനിന്നു് പൂർണ്ണതയിലേക്കുള്ള പ്രയാണത്തിൽ ജീവന് ലഭിക്കുന്ന ഒരു സുദുർല്ലഭ സന്ദർഭമാണു് മനുഷ്യജീവിതം. അതിനെ സുകൃതംകൊണ്ടു് പുരോഗമിപ്പിക്കുകയും ദുഷ്കൃതംകൊണ്ടു് അധഃപതിപ്പിക്കുകയും ചെയ്യാം. ശ്രേയസ്സ് വേണമെങ്കിൽ ശ്രേയസ്സ്, പ്രേയസ്സ് വേണമെങ്കിൽ പ്രേയസ്സ്. അതല്ല അസുരത്വമാണു് വേണ്ടതെങ്കിൽ—എല്ലാം ഇ വി ടെ യു ണ്ടു്. തിരിച്ചറിയാനുള്ള പ്രാഥമിക വിവേകം മറഞ്ഞിട്ടില്ലെങ്കിൽ യഥേഷ്ടം ഏതുവേണമെങ്കിലും എത്തിപ്പിടിക്കാം. ഫലങ്ങൾ അനുഭവിക്കുകയും ചെയ്യാം.

ഭാരതീയ പരമ്പര്യമനുസരിച്ച് ജീവിതത്തിൻെറ "ഹരിഃ ശ്രീ" നൽകുന്ന മാതാപിതാക്കന്മാരെപ്പോലെ, ജീവൻെറ ദീക്ഷ നൽകുന്ന ഗുരുനാഥൻെറ അനുഗ്രഹത്താൽ വിവേകം തെളിയിക്കപ്പെടും. അങ്ങനെ മനുഷ്യജീവിതത്തിന് പൊതുവായ ഒരു വ്യവസ്ഥ—ചിട്ടപ്പെടുത്തലുണ്ടു്. അതാണു് ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥം സംന്യാസം എന്നീ നാലാശ്രമങ്ങൾ. ധർമ്മാർത്ഥകാമമോക്ഷങ്ങളെന്ന പുരുഷാർത്ഥത്തിൽ ചിട്ടപ്പെടുത്തിയ പ്രേയസ്സും ശ്രേയസ്സുമുണ്ടു്. അതാണു് നാലാശ്രമങ്ങളിലൂടെ സാധിക്കേണ്ടതു് അഥവാ പരമപുരുഷാർത്ഥത്തിലേക്കുള്ള ജീവൻെറ പ്രയാണം ശ്രേയസ്കരമാക്കുന്നേ ജീവിതലക്ഷ്യമാക്കേണ്ടതു്.

നാലാശ്രമങ്ങളിൽ, ബാഹ്യനേട്ടങ്ങളുടെ വിളനിലമായ ഗൃഹസ്ഥാശ്രമത്തിൻെറ ഉദ്ദേശലക്ഷ്യങ്ങൾ സഫലമാവണമെങ്കിൽ അതിൻെറ അസ്ഥിവാരമായ ബ്രഹ്മചര്യാശ്രമം ആരോഗ്യകരമായിരുന്നിരിക്കണം. ജീവി

തലക്ഷ്യം പ്രാപിക്കേണ്ടുന്ന സംന്യാസം വിജയിക്കേണമെങ്കിൽ അതിൻെറ ചട്ടക്കൂടായ വാനപ്രസ്ഥാശ്രമം പരിപുഷ്ടമായിരുന്നിരിക്കണം. പൊതുവെ, നാലാശ്രമങ്ങളും ഒന്നിനോടൊന്നു ബന്ധപ്പെട്ടിരിക്കും. ഓരോന്നിൻേറയും പൂർത്തീയാണ് അടുത്തതിന് യോഗ്യതയുളവാക്കുന്നതു്. പതിനായിരങ്ങളിൽ ഒന്നോ രണ്ടോ, ജന്മസിദ്ധന്മാരുണ്ടാവാം. വൈരാഗികളും, ത്യാഗികളും ഉണ്ടാവാം. അവരെ സംബന്ധിച്ചേടത്തോളം ഇത്തരം നിഷ്ക്കർഷകളൊന്നും വേണ്ടിവരില്ല.

മനുഷ്യജീവിതത്തിൻെറ നിത്യനൂതനമായ ശാസ്ത്രീയ വ്യവസ്ഥകളുണ്ടായിരുന്നിട്ടും, ഭാരതസമുദായം—ഹിന്ദുക്കൾ—ഇത്രമേൽ അലങ്കോലപ്പെട്ടിരിക്കുന്നതെന്തുകൊണ്ടു്? ലക്ഷണമൊത്തൊരു വാനപ്രസ്ഥനെ കാണുക അപൂർവ്വമായിരിക്കുന്നു. ശാസ്ത്രജ്ഞാനമോ, വൈരാഗ്യമോ, ഈശ്വരസാക്ഷാൽക്കാരമോ, ഉള്ള ഒരു സംന്യാസിയുടെ ദർശനം അതിനേക്കാൾ അപൂർവ്വലഭ്യമാണിന്നു്. സനാതനധർമ്മപ്രകാരമുള്ള ജീവിതവ്യവസ്ഥയുടെ അസ്ഥിവാരവും ചട്ടക്കൂടും സമുദായത്തിൻെറ അശ്രദ്ധനിമിത്തം തെററിയതിൻെറ പരിണതഫലമാണിതു്. ഭാരതത്തിൽ ആശ്രമധർമ്മത്തിൻെറ അടിപിഴച്ചതുമൂലം ഗൃഹസ്ഥാശ്രമം പോലും അവതാളത്തിലായി. ഗൃഹസ്ഥാശ്രമികൾ ധർമ്മാധർമ്മങ്ങൾ തിരിച്ചറിഞ്ഞു്, ധർമ്മപോഷണാർത്ഥം കർമ്മം ചെയ്യാത്തതുകൊണ്ടു് വാനപ്രസ്ഥാശ്രമം ലുപ്തമായി. വാനപ്രസ്ഥാശ്രമത്തിൽ ബഹുജനഹിതത്തിനു വേണ്ടി യജ്ഞവും കർമ്മവും ചെയ്യണമെന്നുണ്ടു്. ജീവിതത്തിൻെറ ഈ മൂന്നാംഘട്ടത്തിലെ ത്യാഗവും തപസ്സുമാണ് ശരിയായ ക്രമസംന്യാസത്തിലെത്തിക്കുന്നതു്—അഥവാ പരമപുരുഷാർത്ഥം സാധിപ്പിക്കുന്നതു്. വാനപ്രസ്ഥമെന്നുവെച്ചാൽ വനത്തിൽപോയി താമസിച്ചുകൊള്ളണമെന്നല്ല താല്പര്യം. ഗൃഹസ്ഥാശ്രമ ചുമതലകൾ അടുത്ത അവകാശികളെ ഏല്പിച്ചിട്ടു് ഗൃഹത്തിന്നു പുറത്തിറങ്ങി ത്യാഗഭാവത്തോടെ, ഈശ്വരാരാധനയായി സമുദായസേവ ചെയ്യണം. ഗൃഹബന്ധങ്ങളിൽനിന്നു് അല്പാ

ല്പമായെങ്കിലും വീടുതൽനേടി ജന്മസാഫല്യം അടയാനുള്ള ഉത്തമവും അവസാനവുമായ സന്ദർഭമാണ് വാനപ്രസ്ഥം.

ശാസ്ത്രീയമായ ആശ്രമവ്യവസ്ഥയില്ലാത്ത സമുദായങ്ങൾക്കുള്ള ജീവിതലക്ഷ്യബോധം പോലും ഇന്നത്തെ ഹിന്ദുസമുദായത്തിനില്ലെന്നതാണ് ഏററവും ദയനീയം! ഉദാഹരണത്തിന് ഭാരതത്തിൽതന്നെ ക്രൈസ്തവ മിഷനറിമാരിൽ കാണുന്ന ത്യാഗഭാവവും ആദർശനിഷ്ഠയും, സംന്യാസിവേഷധാരികളായ ഹിന്ദുക്കളിൽ എത്രപേർക്കുണ്ട്? ഒരുലക്ഷം ക്രൈസ്തവ മിഷനറിമാർ വിശ്വം മുഴുവൻ ക്രിസ്തുമതത്തിൻെറ അഭിവൃദ്ധിക്കുവേണ്ടി ചെയ്യുന്ന സേവനങ്ങൾ പ്രസിദ്ധമാണല്ലൊ. അതേസമയം ഭാരതത്തിലെ 80 ലക്ഷം സാധു–സംന്യാസിമാർ ഹിന്ദുധർമ്മത്തിൻേറയും ഹിന്ദു സമുദായത്തിൻെറയും അഭിവൃദ്ധിക്കുവേണ്ടി എന്തു ചെയ്യുന്നുവെന്ന ചോദ്യം സ്വാഭാവികമായുണ്ടാവാം. ഭാരതീയ ജീവിതത്തിൽ ഏററവും കൂടുതൽ ബഹുമാനിക്കപ്പെടുന്ന വാനപ്രസ്ഥ–സന്യാസാശ്രമികൾ അധികപക്ഷവും "ഉദരനിമിത്തം ബഹുകൃതവേഷ"ധാരികളായിത്തീർന്നതിനാൽ യഥാർത്ഥ സംന്യാസിമാരുടെ ദർശനം കൂടി അസാദ്ധ്യമാണിന്ന്.

ഒരാൾ, ഇന്നത്തെ പരിതഃസ്ഥിതിയിൽ അമ്പതു വയസ്സ് കഴിഞ്ഞാൽ വാനപ്രസ്ഥിയോ സന്യാസിയോ ആവാൻ തക്കവണ്ണം പാകത നേടിയിരിക്കണം. പക്ഷെ, ശരീരം ക്ഷയിച്ചാൽകൂടി മരുന്നു കുത്തിവെച്ചുകൊണ്ടു വീട്ടിനുള്ളിൽ ഒട്ടിക്കഴിയുന്നവരുടെ ഇടയിൽനിന്ന് വൈരാഗ്യ–തപസ്സുകൾ പ്രതീക്ഷിക്കാൻ പററുമോ? ഗൃഹസ്ഥാശ്രമം വിടാനാണ് ഗൃഹാശ്രമം സ്വീകരിക്കുന്നതെന്ന ബോധമില്ലാത്തതിനാൽ ഗൃഹസ്ഥാശ്രമവും ധർമ്മത്തിന് സഹായകമാവുന്നില്ല. അടുത്ത തലമുറ അസ്വസ്ഥരാവുന്നതിൻെറ പ്രധാന കാരണവും ഇതുതന്നെ. പുതുതലമുറക്ക് വഴികാട്ടേണ്ടവർതന്നെ വഴി തെററിപ്പോയാൽ – ധർമ്മഭ്രഷ്ടരായാൽ എന്തായിരിക്കും സ്ഥിതി?

യഥാർത്ഥ ത്യാഗികളേയും, തപസ്വികളേയും, സന്യാസിമാരേയും തിരിച്ചറിഞ്ഞു് ബഹുമാനിക്കാനുള്ള കഴിവുപോലും ഇന്നത്തെ ഹിന്ദുസമുദായത്തിന്നു് നഷ്ടപ്പെട്ടിരിക്കുന്നു.

ഈ സ്ഥിതിവിശേഷത്തിൽ, അമ്പതു വയസ്സുകഴിഞ്ഞ, വാനപ്രസ്ഥാശ്രമ ഘട്ടത്തിലുള്ള ഹിന്ദുക്കളെങ്കിലും ദുരഭിമാനം വിട്ടു് ആത്മപരിശോധനക്കു് തയ്യാറായില്ലെങ്കിൽ രക്ഷയില്ലെന്നോർക്കണം. സമുദായഹിതത്തിനും ആത്മമോക്ഷത്തിനും വേണ്ടി ശിഷ്ടജീവിതം ഉഴിഞ്ഞുവെക്കുവാനുള്ള തന്റേടവും സന്മനസ്സും നേടാൻ സ്വയം യത്നിക്കുകയല്ലാതെ വേറെ വഴിയില്ല. കാരണം നാം ധർമ്മമാർഗ്ഗത്തിൽനിന്നു് വളരെയധികം അകന്നുപോയിരിക്കുന്നു.

''ബ്രഹ്മചര്യാശ്രമം പൂർത്തിയായാൽ ഗൃഹസ്ഥാശ്രമത്തിൽ പ്രവേശിക്കണം. ഗൃഹസ്ഥാശ്രമത്തിന്റെ കാലം കഴിഞ്ഞാൽ വാനപ്രസ്ഥവ്രതം സ്വീകരിച്ചു് ധർമ്മപ്രചരണാർത്ഥം പ്രവർത്തിക്കണം. നിവൃത്തി നേടുന്നതിനുള്ള പ്രവൃത്തിയാണിതു് — സന്യാസത്തിൽ പ്രവേശിക്കാനുള്ള സോപാനം'' എന്നാണു് ധർമ്മശാസ്ത്രം അനുശാസിക്കുന്നതു്.

> ''ബ്രഹ്മചര്യാശ്രമം സമാപ്യ ഗൃഹീഭൂത്വാവനീഭവേത്!
> വനീഭൂത്വാപ്രവ്രജേത്!! (ശതപഥബ്രാഹ്മണം)

''വിദ്യാഭ്യാസം ബ്രഹ്മചര്യം, ഗാർഹസ്ഥ്യം എന്നീ ജീവിതസോപാനങ്ങളിലൂടെ ഇന്ദ്രിയങ്ങളെ ജയിച്ചുകൊണ്ടു് വാനപ്രസ്ഥിയാവണം. ഗൃഹസ്ഥൻ തന്റെ തൊലിയിൽ ചുളിവുകൾ കണ്ടുതുടങ്ങുകയും, രോമങ്ങൾ വെളുത്തു തുടങ്ങുകയും, മകൻ പ്രായമാവുകയും ചെയ്താൽ പിന്നെ വാനപ്രസ്ഥത്തിൽ പ്രവേശിച്ചുകൊള്ളണം'' എന്നു് മനുസ്മൃതി അനുശാസിക്കുന്നു.

ഏവം ഗൃഹാശ്രമേസ്ഥിത്വാവിധിവത് സ്നാതകോദ്വിജഃ
ബനേബസേത്നിയതോയഥാവത് വിജിതേന്ദ്രിയഃ
ഗൃഹസ്ഥസ്തുയദാപശ്യേദ്വലോ വലിതമാത്മനഃ
അപത്യസ്യൈവചാപത്യം തദാരണ്യം സമാശ്രയേത്

ജീവിതത്തിന്റെ ഉത്തരാർദ്ധം പരാർത്ഥമായി ഉപയോഗിക്കുക. വിഷയങ്ങളിൽനിന്ന് വൈരാഗ്യത്തിലേക്ക് മുന്നേറി ലോഭമോഹാദികളെ ത്യജിക്കുക.

ജീവനസ്യചതുർത്ഥാംശ പരമാർത്ഥേ നിയോജയേത്തു്
വൈരാഗ്യം വിഷയാൻ കൃത്വാ ല്രോഭ മോഹൌ പരിത്യജേൽ

മമതാ ബന്ധനങ്ങളെ അനാസക്തമായ കർത്തവ്യങ്ങളാക്കി പരിണമിപ്പിക്കുക, സ്വയം സ്വാദ്ധ്യായം, സദ് സംഗം ആത്മചിന്തനം എന്നിവകളിൽ മനസ്സിരുത്തുക–ഇതാണ് വാനപ്രസ്ഥാശ്രമത്തിന്റെ രീതിനീതികൾ.

അനാസക്തേഃ സ്വകർത്തർവ്യേമമതാ ബന്ധനം സ്വയം
കൃത്വാപരിണതം യുക്ത്യാസ്വാദ്ധ്യായ നിരതാഭവേത്।
സൽസംഗേചാത്മസംലഗ്നോ ഭവേത് സാർത്ഥകജീവനഃ
ഗൃഹസ്യോത്തരദായിത്വം പ്രഹൃഷ്ട മനസാശ്രിയേത്തു്

വാനപ്രസ്ഥ ജീവിതത്തിലെ പ്രതിജ്ഞകൾ എന്താണെന്ന് നോക്കുക: ഞാൻ ന്യായ പ്രകാരം—പരിമിതമായി—സംസാരിക്കും. ഐഹികവും, പാരത്രികവുമായ സമുദ്ധരണാർത്ഥം പ്രഭാഷണം ചെയ്യും. ആത്മാവിന്റേയും സമുദായത്തിന്റേയും ക്ഷേമത്തിനും മോക്ഷത്തിനും വേണ്ടി പ്രവർത്തിക്കും. സമഷ്ടിശ്രേയസ്സിന്റെ മാർഗ്ഗത്തിൽ ചരിക്കും. യജ്ഞാദികർമ്മങ്ങൾ വേണ്ടവിധം അനുഷ്ഠിക്കും. ഉത്സാഹപൂർവ്വം ശ്രേഷ്ഠധർമ്മത്തിന്റെ പ്രചാരം ചെയ്യും

സമുദായസേവയെന്നാൽ, അതു് ആദ്ധ്യാത്മികസമ്പത്തു് ആർജ്ജിക്കുന്നതിനുള്ള സാധനയാക്കിച്ചെയ്യണം.

സദാഽധ്യാത്മികസംപദീഃ സഞ്ചയേല്ലോക സേവയാ
സമയസ്യവിശിഷ്ടാംശം ശ്രേകോദ്യേ നിയോജയേത്

ശരിയായ ജീവിതക്രമമനുസരിച്ച് ജീവിക്കാതെ പോന്നതിനാൽ വാനപ്രസ്ഥം ആഗ്രഹിക്കുന്നവർക്കും സാമാന്യധർമ്മംപോലും അറിഞ്ഞുകൂടാ. ലൌകികമായി സ്ഥാനമാനങ്ങൾ ഉള്ളവരായിരുന്നാൽക്കൂടി ധർമ്മക്രമത്തിൽ അജ്ഞരായിരിക്കും, ധർമ്മബോധമുണ്ടാവാതെ പാരമാർത്ഥികബോധം ഉണ്ടാവുന്നതെങ്ങനെ? അതിനാൽ ഇതേവരെ തലയിലേററിവെച്ചിരിക്കുന്ന ഭാരങ്ങളെയെല്ലാം താഴെയിറക്കിവെച്ചിട്ടും, ദുരഭിമാനം വിട്ട് സമുദായവിവരവും അനുഭവജ്ഞാനവുമുള്ള ഒരു സദ്ഗുരുവിനെ ആശ്രയിച്ച് നിജാവസ്ഥ മനസ്സിലാക്കി പ്രവർത്തിക്കുവാൻ ഇനി ഒട്ടും അമാന്തിക്കരുതേ. ജീവിതാന്ത്യം അടുത്തുകൊണ്ടിരിക്കേ, ഇനി എപ്പോഴാണ് നാം നമ്മെത്തന്നെ അറിയുക! പുരുഷന്മാരെപ്പോലെത്തന്നെ സ്ത്രീകൾക്കും വാനപ്രസ്ഥാശ്രമം വിധിച്ചിട്ടുണ്ട്. സ്ത്രീയായാലും പുരുഷനായാലും അമ്പതു കഴിഞ്ഞാൽ വാനപ്രസ്ഥം സ്വീകരിക്കുമെന്ന വ്രതത്തോടെ ജീവിച്ചാൽ മാത്രമേ അവക്കും പുതുതലമുറക്കും നന്മയുളവാക്കാൻ പററൂ. ''സജ്ജനങ്ങൾ തപസ്വികളാവട്ടെ, തപസ്വികൾ ശാന്തി പ്രാപിക്കട്ടെ, ശാന്തി പ്രാപിച്ചവർ ഭവബന്ധങ്ങളിൽ നിന്നു് മുക്തരാവട്ടെ.'' എന്നാണ് മഹാഭാരതത്തിൻെറ സമാധാനസന്ദേശം.

സജ്ജനഃ തപസോഽഭ്രയാത് തപസഃ ശാന്തിമാപ്നുയാത്
ശാന്തിമുച്ചേത് ബന്ധേഭ്യോമുക്തശ്ച അന്യാൻ വിമോചയേത്

---

1974 ജൂലൈ 4 ലെ ''ഗുരുപൂർണ്ണിമ'' സ്മരണികയിൽ പ്രസിദ്ധപ്പെടുത്തിയത്.

# 3 "ദശകം ധർമ്മലക്ഷണം"

ജീവസഹജമായ വ്യവഹാരം സോദ്ദേശപരമായി ചിട്ടപ്പെടുത്തുമ്പോഴാണ് കർമ്മമായി. കർമ്മം ലക്ഷ്യാഭിമുഖമാകുമ്പോഴാണ് ധർമ്മമായി. ധർമ്മത്തെ പൊതുവെ പ്രവൃത്തിധർമ്മമെന്നും നിവൃത്തിധർമ്മമെന്നും രണ്ടായി വ്യവസ്ഥപ്പെടുത്തിട്ടുണ്ട്. ആത്മമോക്ഷപരമായതു് നിവൃർത്തിധർമ്മം; അതിലേക്ക് യഥാക്രമം നയിക്കുന്നതു് പ്രവൃത്തി ധർമ്മം.

പ്രവൃത്തി ധർമ്മത്തെത്തന്നെ സാമാന്യ ധർമ്മമെന്നും വിശേഷ ധർമ്മമെന്നും രണ്ടായി തരം തിരിക്കാം. എല്ലാ വിഭാഗത്തിൽ പെട്ട മനുഷ്യരും സാമാന്യമായറിഞ്ഞു് അനുസരിക്കേണ്ടതാണ് സാമാന്യ ധർമ്മം. ഈ സാമാന്യ ധർമ്മമെങ്കിലും അനുസരിക്കുവാൻ കഴിയാത്ത ഒരാൾക്ക് മനുഷ്യനെന്ന് അവകാശപ്പെടാൻ അർഹതയില്ലെന്ന് ധർമ്മശാസ്ത്രം അനുശാസിക്കുന്നു. സാമാന്യ ധർമ്മമാണ് വിശേഷ ധർമ്മത്തിനും നിവൃത്തി ധർമ്മത്തിനും ആധാരം. അഥവാ മനുഷ്യ ജന്മ സാഫല്യത്തിന് വഴി തെളിക്കുന്നതു്.

സാമാന്യധർമ്മലക്ഷണങ്ങളെപ്പറ്റി 'മനുസ്മൃതി'യിലെ നിർവ്വചനമാണ് ഈ ലേഖനത്തിലെ പ്രതിപാദ്യം—

ധൃതി: ക്ഷമാ ദമോ ഽസ്തേയം ശൗചമിന്ദ്രിയനിഗ്രഹ:
ധീർവിദ്യാ സത്യമക്രോധോ ദശകം ധർമ്മലക്ഷണം.

(ധൃതി, ക്ഷമാ, ദമം, ആസ്തേയം, ശൗചം, ഇന്ദ്രിയനിഗ്രഹം, ധീ, വിദ്യ, സത്യം, അക്രോധം എന്നീ പത്തു ലക്ഷണങ്ങളോടു കൂടിയതാണ് ധർമ്മം.)

1. ധൃതി—ധൈര്യം, മനോദൃഢത, ചാഞ്ചല്യമില്ലായ്മ, ഇതാണ് സാമാന്യധർമ്മത്തിന്റെ പ്രഥമ ലക്ഷണം. ജീവിതം ഒരു സമരമാണെങ്കിൽതന്നെയും ധൈര്യം ആവശ്യമാണല്ലോ.

ജീവിതത്തിൻെറ പരമലക്ഷ്യപ്രാപ്തിയ്ക്കുള്ള പന്ഥാവിൽ ധൈര്യം പ്രാധാന്യമർഹിക്കുന്നു പല പരീക്ഷണ ഘട്ടങ്ങളിലും, പ്രതിസന്ധികളിലും നമ്മെ താങ്ങിനിർത്തുന്ന ഗുണവിശേഷമാണതു്. താൻ എന്താണു് ചെയ്യേണ്ടതെന്നും അടുത്ത പോംവഴി എന്തെന്നും വഴിമുട്ടി നില്ക്കുന്ന പല സന്ദർഭങ്ങൾ ഉണ്ടാവാറുണ്ടു്. പരിഭ്രമവും, നിരാശയും ഉളവാക്കുന്ന സന്ദർഭങ്ങൾ. ധൈര്യം ഉള്ളവർക്കു് ഇവയെല്ലാം തരണം ചെയ്തുകൊണ്ടു് മുന്നേറാൻ സാധിക്കുന്നു.

ബാലനായ ധ്രുവൻെറ തപസ്സു് ഇതിനു ഒരു ഉദാഹരണമാണു്. ഇതുപോലെ 14 വർഷത്തെ വനവാസം വിധിച്ചിട്ടും സന്തുഷ്ടനായി നിന്ന ശ്രീരാമൻെറ മനോബലവും ധൈര്യവും, സ്വപുത്രിയ്ക്കു നൽകാൻ സൂക്ഷിച്ചു വെച്ചിരുന്ന ഉണക്ക റൊട്ടി പൂച്ച തട്ടിക്കൊണ്ടു പോയിട്ടും ധൈര്യം കൈവിടാത്ത പ്രതാപസിംഹൻെറ വിപദി ധൈര്യവും ഈ ധർമ്മലക്ഷണത്തിൻെറ ഉദാഹരണങ്ങളാണു്.

2 ക്ഷമ—തനിയ്ക്കു അപകാരം ചെയ്യുന്നതുകൂടി സഹിക്കാനുള്ള പ്രാപ്തിയെയാണു് ക്ഷമയെന്നു പറയുന്നതു് "സത്യപി സാമർത്ഥ്യ അപകാര സഹനം ക്ഷമ" സാമർത്ഥ്യവും കയ്യൂക്കും ഉണ്ടെങ്കിലും പല വിപരീതാനുഭവങ്ങളെയും ഒരു പരിധിവരെയെങ്കിലും സഹിക്കുവാൻ സാധിക്കണം. ശാരീരികവും മാനസികവുമായ പല ഉപദ്രവങ്ങളും, കഷ്ടതകളും ഉണ്ടാവാം. അപ്പോഴൊക്കെ കുപിതനാവാതെ അന്യക്ക് വിഷമതകൾ ഉണ്ടാക്കാൻ ഇഛിക്കാതെ നേരിടാനുള്ള കഴിവാണു് ക്ഷമ. ധനം, ബലം, വിദ്യ, സാമർത്ഥ്യം എന്നിവ ഉണ്ടായിരിക്കെത്തന്നെ ക്ഷമാശീലനായിരിക്കുന്നവനാണു് യഥാർത്ഥ വീരനും ധർമ്മാത്മാവും.

ദുഷ്കർമ്മം പ്രവർത്തിക്കുവാൻ കാട്ടുന്ന ക്രൗര്യം ധൈര്യമാവില്ല; അതുപോലെ ഭയം, ദൗർബ്ബല്യം മുതലായ കാരണങ്ങളാൽ കാട്ടുന്ന ഭീരുത്വം ക്ഷമയാവില്ല. ക്ഷമ വീര്യലക്ഷണമായും തപസ്വികളുടെയും സത്യവാദികളുടെയും തേജസ്സും സത്യവുമായും നിർവ്വചിച്ചിട്ടുണ്ടു്. ക്ഷമാശീലൻ ദുരഭിമാനമേശാത്തവനും, സമചിത്തനും പ്രേമഭാവവും സമാധാനവും ചുററുപാടും വ്യാപരിപ്പിക്കുന്നവനുമായിരിക്കും.

ധർമ്മനിഷ്ഠനായ ഒരാളുടെ ക്ഷമയ്ക്ക് ദുഷ്ടന്മാരുടെ ഹൃദയത്തെ കൂടി പരിവർത്തനപ്പെടുത്താൻ സാധിക്കും. മനുപ്രജാപതിയുടെ നിഷ്കൃഷ്ടമായ ശാസനമാണ് ധർമ്മത്തെ രക്ഷിക്കുകയെന്നത്. സന്ദർഭത്തിനും നീതിക്കുമനുയോജ്യമാം വിധം ധർമ്മാത്മാവിന് ക്ഷമ ഉപയോഗപ്പെടുത്താൻ സാധിക്കും. കഷ്ടകാലത്തിൽ ധൈര്യം, രണസാമർത്ഥ്യവും ആജ്ഞാശക്തിയുമുള്ള കാലത്ത് ക്ഷമ, സദസ്സിൽ വാഗ്മിത്വം, യുദ്ധത്തിൽ ശൂരത എന്നീ ഗുണങ്ങൾ ശോഭിക്കുന്നു.

വിപദി ധൈര്യമഥാഭ്യുദയേ ക്ഷമ
സദസി വാക്പടുതായുധവിക്രമഃ

അന്യായങ്ങളും അക്രമങ്ങളും അധർമ്മ വ്യവഹാരങ്ങളും കണ്ട് സഹിച്ചിരിക്കുന്നതും ക്ഷമയാവില്ല. അധർമ്മത്തിനു കൂട്ടുനില്ക്കുന്നത് എങ്ങനെ ധർമ്മലക്ഷണമാവും? പൃഥ്വീരാജൻ മുഹമ്മദ് ഗോറിക്ക് ഒരു പരിധിവരെ മാപ്പു കൊടുത്തത് ധർമ്മമായിരുന്നു. എന്നാൽ തുടർച്ചയായി 14 പ്രാവശ്യം മാപ്പുകൊടുത്തതു നിമിത്തം സ്വയം ബന്ധനസ്ഥനാവേണ്ടിവന്നു. ഭഗവാൻ ശ്രീകൃഷ്ണൻ ശിശുപാലന്റെ അധിക്ഷേപാക്രമങ്ങളെ പലപ്രാവശ്യം പൊറുത്തുവെങ്കിലും ഒടുക്കം അയാളെ വധിച്ചു ദുർമ്മദം ഒടുക്കേണ്ടിവന്നു. കൗരവന്മാരെ തലമൂത്തവരുൾപ്പെടെ പലരും പലപ്രാവശ്യം ക്ഷമാപൂർവ്വം ഉപദേശിച്ചിട്ടും ഫലമുണ്ടായില്ലെന്നു കണ്ടപ്പോൾ അവരുടെ ശരീരങ്ങളെത്തന്നെ ധ്വംസിക്കേണ്ടിവന്നു. ക്ഷമ ധർമ്മാത്മാവായ ഒരു വ്യക്തിയുടെ ധർമ്മമാണ്; അത് ദുരുപയോഗിക്കുന്നത് ഭീരുത്വത്തിന്റെയും ബലഹീനതയുടെയും ഭയഭീതിയുടെയും ലക്ഷണമാവും. തല്ക്കാലം ഗതികേടുകൊണ്ട് ക്ഷമിക്കുകയും തരം കിട്ടുമ്പോൾ പതുങ്ങിയിരുന്നു പ്രതീകാരത്തിനു നിശ്ചയിക്കുന്നതും ധർമ്മ ലക്ഷണമല്ല. ക്ഷമയിൽ പ്രതീകാരമില്ല, ക്ഷമയോടൊപ്പം ആത്മശക്തി ജ്വലിപ്പിക്കുവാൻ കഴിഞ്ഞാൽ പാപികളെക്കൂടി ഉദ്ധരിക്കുവാൻ സാധിക്കും. ക്ഷമയോടൊപ്പം ഭയമുണ്ടായിരുന്നാൽ ധർമ്മക്ഷയമുണ്ടാവുമെന്നതിനാൽ ആത്മശക്തി സമ്പാദിച്ച വ്യക്തിക്കുമാത്രമേ യഥായോഗ്യം ക്ഷമിക്കുവാൻ പററൂ.

3 ദമം—മനസ്സിനെ ദുഷ്ട വാസനകളിൽ നിന്നു വിമുക്തമാക്കുകയാണിതിൻെറ ലക്ഷ്യം. മനസോ ദമനം ദമ:—മനസ്സിനെ ദമനം ചെയ്യുന്നതിനെ, അടക്കുന്നതിനെ ദമം എന്നു പറയുന്നു. സ്വർഗ്ഗ—നരകങ്ങളുടെ വാതലുകറ തുറന്നു കിടക്കുകയാണ്. സ്വാഭാവികമായി മനുഷ്യൻ പാപത്തിൽനിന്ന് പുണ്യത്തിലേക്കും, നരകത്തിൽനിന്ന് സ്വർഗ്ഗത്തിലേക്കും പോകാനാഗ്രഹിക്കുന്നുവെങ്കിലും തടസ്ഥങ്ങറ ധാരാളമുണ്ട്. എന്താണിതിന് കാരണം? ഗീതയിൽ ഭഗവാൻ അരുറ ചെയ്യുന്നു:— രജോഗുണത്തിൽ നിന്നുത്ഭവിച്ച കാമക്രോധങ്ങറ മനുഷ്യൻെറ മഹാ ശത്രുവാണ്. മനസ്സിനെ ദമനം ചെയ്യുവേണം അവയെ ജയിക്കുവാൻ.

ദമം നിഃശ്രേയസേ പ്രാഹുർവൃദ്ധാ നിശ്ചയ ദർശിനഃ
നാദാന്തസ്യ ക്രിയാസിദ്ധിഃ യഥാവദുപ ലഭ്യതേ.

ദമം ധർമ്മാചരണത്തിനെന്നപോലെ മോക്ഷദായകവുമാണ്. ദമശീലമില്ലെങ്കിൽ ശ്രേയസ്സിദ്ധി അസാദ്ധ്യം. മനസ്സിൻെറ ദമനം കൊണ്ടുവേണം പരിശുദ്ധിയും തേജസ്സും നേടാൻ. ധർമ്മാചരണവും അതു സുഗമമാക്കിത്തീർക്കുന്നു.

ആശ്രമധർമ്മം പരിപാലിച്ചിരുന്ന കാലത്ത് ബ്രഹ്മചര്യാശ്രമത്തിൽ ദമം പരിശീലിച്ചിരുന്നു. ഇന്നത്തെ ചുററുപാടുകളിൽ സാധാരണക്കാർ മാത്രമല്ല പണ്ഡിതന്മാരും നേതാക്കന്മാരുംപോലും മനോനിയന്ത്രണത്തിൽ അശക്തരാണ്. ആചാരവിചാരങ്ങളുടെയും വാക്കിൻെറയും വേഷത്തിൻെറയും എല്ലാം പ്രതിഫലനം മനസ്സിൽ ഉളവാകുന്നു. അധാർമ്മികവും ചഞ്ചലവുമായ ഈ പ്രതിഫലനങ്ങറ ധർമ്മം, ശാസ്ത്രം, ഈശ്വരൻ, മാതാ—പിതാ ഗുരു എന്നീ ഗുരുജനങ്ങളെ നിഷേധിക്കുവാൻ പ്രേരിപ്പിക്കുന്നു. അതിനാൽ മനഃശുദ്ധീകരണത്തിന് മുഖ്യമായുള്ള ദമം, ധർമ്മത്തിൻെറ പ്രധാന ലക്ഷണമായി ശാസ്ത്രം ഉദ്ഘോഷിക്കുന്നു.

4 അസ്തേയം—മോഷണസ്വഭാവത്തോടുകൂടിയ ആഗ്രഹമില്ലായ്മ. വിചാരം, വാക്ക്, പെരുമാററം എന്നീ രീതികളിൽ ഇതരരുടെ അവകാശത്തെയോ സ്വത്തിനെയോ, ആഗ്രഹിക്കുകയോ ചൂഷണം ചെയ്യുകയോ, മോഷ്ടിക്കുകയോ പാടില്ല. സൂക്ഷ്മവും

സ്ഥൂലവുമായ മോഷണം കണ്ടുപിടിക്കാനും ശിക്ഷിക്കുവാനും നിയമവും കോടതിയുമുണ്ട്. സമൂഹവും അതിൽ താല്പര്യം പ്രകടിപ്പിക്കുന്നു. സമുദായത്തിനു് തൻെറ പേരിൽ വെറുപ്പുണ്ടാവുമെന്നു മോഷ്ടാവും ഭയപ്പെടുന്നു. ഇതിൽനിന്നു രക്ഷപ്പെടാൻ കരുതലോടിരിക്കും സ്ഥൂലമോഷ്ടാവ്.

എന്നാൽ സ്ഥൂല മോഷണത്തേക്കാൾ ഭയാനകവും ജീവാധഃപതനകാരണവുമാണ് സൂക്ഷ്മമോഷണം. നവസാമൂഹ്യവ്യവസ്ഥിതിയിൽ ഈ മാനസിക ചോരണങ്ങൾക്ക പരോക്ഷവും പ്രത്യക്ഷവുമായ നീതീകരണം ലഭിക്കുന്നതിനാൽ ഒരു വ്യാധിപോലെ ഇതു പടന്നു പിടിച്ചിട്ടുണ്ട്. അന്യരുടെ വസ്തുക്കളിൽ കണ്ണുവച്ച് ആഗ്രഹിക്കുകയും അവ സ്വായത്തമാക്കുവാൻ ചേഷ്ടിക്കുകയും ചെയ്യുന്നതു എവിടെയും കാണാം. ചാതുര്യവും സാമർത്ഥ്യവുമനുസരിച്ച് പലരും ഈ മാനസിക ചോരണത്തിൽ ജയിക്കുന്നതു് കാണുമ്പോൾ ആ എളുപ്പവഴി പിൻതുടരാൻ മററുള്ളവരും മോഹിക്കുന്നു. പുറമേ പരിഷ്ക്കാരവും സംസ്ക്കാരവുമുള്ളവരായി കാണപ്പെട്ടാലും മനുഷ്യത്വത്തിൻെറ നാരായവേരിനെയാണു് വെട്ടുന്നതെന്നു ഓക്കുന്നവർ വിരളം. ധർമ്മച്യുതിയും, ചാരിത്രനഷ്ടവും ഈ വിധത്തിലുള്ള സംസ്ക്കാരാഭിനയങ്ങൾ നിമിത്തം സമുദായത്തിലുണ്ടാവുകയും വ്യക്തികളോടൊപ്പം സമുദായത്തെയും രാജ്യത്തെത്തന്നെയും അപകടപ്പെടുത്തുകയും ചെയ്യുന്നു.

സത്യസ്ഥിതിക്കു വിരുദ്ധമായി വളഞ്ഞ വഴിക്കു സംസാരിച്ച് ആളുകളെ തെററിദ്ധരിപ്പിച്ച് തൻകാര്യം കാണുന്നവരുടെ വാക് ചോരണവും ആസ്തേയഭംഗം വരുത്തുന്നു. അധർമ്മ ലക്ഷണമാണതു്. സ്വാർത്ഥത്തിനുവേണ്ടി സമൂഹത്തേയും രാജ്യത്തേയും അപായപ്പെടുത്തുന്നതിനും അവസാനം സ്വയം അപകടത്തിൽ കുടുങ്ങുന്നതിനും ഇത്തരം കൃത്രിമങ്ങൾ വഴി തെളിക്കുന്നു. ധർമ്മലക്ഷണമായ ആസ്തേയം ജീവിതവ്രതമായി സ്വീകരിക്കാതെ തനിക്കും സമുദായത്തിനും നീതി പാലിച്ചുവെന്നു് കൃതാർത്ഥനാവാൻ പററില്ല.

5 ശൗചം—ബാഹ്യാഭ്യന്തരശുദ്ധിയാണു് ശൗചം, മനസ്സിൻെറ ശുദ്ധിക്കു് മനഃശുദ്ധി എന്നുപറയുന്നു. പ്രവൃത്തികളുടെ

ശുദ്ധിയ്ക്ക് കർമ്മശുദ്ധിയെന്നും സംഭാഷണശുദ്ധിയ്ക്കു വാക് ശുദ്ധിയെന്നും, ജനിച്ചകുലത്തിന്റെ ശുദ്ധിയ്ക്ക് കുലശുദ്ധിയെന്നും പറയുന്നു. ഇവയിൽ ബാഹ്യ ശൗചവും ആന്തരിക ശൗചവും ഏററവും മുഖ്യം.

കുടുംബത്തിലോ കുലത്തിലോ അനുഷ്ഠിച്ചു വന്നിട്ടുള്ള ധർമ്മ കാര്യങ്ങൾ, ധർമ്മാത്മക്കളായി ജീവിച്ചിട്ടുള്ളവരുടെ സദ്ഗുണങ്ങൾ എന്നിവ നിലനിർത്തുന്നതും അവ തന്നിലും പിൻഗാമികളിലും പകർത്തി വളർത്താൻ ശ്രമിക്കുന്നതും കുല ശുദ്ധിയ്ക്കു ഹേതുവാണ്.

ദുരഭിമാനവും അഹന്താവിചാരവുമില്ലാതെ സല്ക്കർമ്മങ്ങൾ, ഈശ്വരാർപ്പണബുദ്ധ്യാ ചെയ്യുന്നതു് കർമ്മശുദ്ധി.

സത്യസന്ധമായും സൗമ്യമായും സംസാരിയ്ക്കുക, അന്യരോട് ആത്മാർത്ഥമായി, ഹിതകരമായി, മിതമായി സംഭാഷണം ചെയ്യുക. ജനോപകാര പ്രദങ്ങളായ ഭഗവത്ഭജനം, ധർമ്മചര്യ ഇത്യാദികളാൽ വാക് ശൗചം സാധിക്കുന്നു. ആളും തരവും മനസ്സിലാക്കി ആവശ്യത്തിനുമാത്രം പ്രേമപൂർവ്വം സംസാരിക്കുന്നവക്ക് അധികനേരം അതുമിതും പറഞ്ഞു് സമയം നഷ്ടപ്പെടുത്തേണ്ടി വരില്ലെന്നു മാത്രമല്ലചുരുങ്ങിയ വാക്കുകളെകൊണ്ടു് കാര്യം ഗ്രഹിപ്പിക്കുവാനും കഴിയും

ശരീരമാദ്യം ഖലുധർമ്മസാധനം— ധർമ്മ സാധനക്കാണു് ശരീരത്തെ രക്ഷിക്കേണ്ടതു്. ശരീരശുദ്ധിക്കു് മലമൂത്രവിസർജ്ജനം, സ്നാനം, ദന്തധാവനം, വസ്ത്രധാരണം എന്നിവ സ്വാഭാവികമായും ചെയ്യുന്നുണ്ടു്. ഇതിനുവേണ്ടി കൃത്രിമപൂച്ചുകളും അലങ്കാരങ്ങളും ചെയ്യുന്നതു് വിപരീതഫലത്തിനിടയാക്കും. ഉദാഹരണത്തിനു പല്ലുതേയ്ക്കാൻ "ടൂത്ത്ബ്രഷും പേസ്റ്റും" ഈയിടെ വന്നതാണു്. അതു സുഖകരമായും പരിഷ്ക്കാരവുമായി കരുതുന്നു. തത്സ്ഥാനത്തു പരമ്പരാഗതവും ദേശീയവുമായ ഉമിക്കരി ഉപ്പും കുരുമുളകും ചേർത്തു പൊടിച്ചതു ഉപയോഗിച്ചാൽ പല്ലിനു ആരോഗ്യമുണ്ടാവും; പണച്ചെലവും കുറയും.

ശരീരത്തിന്റെ ശുദ്ധിയ്ക്കും അശുദ്ധിയ്ക്കുമുള്ള ഭക്ഷണ പാനീയങ്ങളിൽ ശുദ്ധീകരണ യോഗ്യമായവയേ സ്വീകരിക്കാവൂ. ശരീര ശുദ്ധിയെന്നുപറഞ്ഞാൽ അതു രക്തശുദ്ധിക്കും ഭാവശു

ദ്ധിക്കം കാരണമായിരിക്കണം. ശരീരശൗചത്തിൽ നിഷ്ക്കർഷയുണ്ടായാൽ പ്രസന്നതയും ആരോഗ്യവും ചൈതന്യവും പ്രകാശിക്കം. ഇതിന്നാണ് പണ്ട പണ്ടേ ദിനചര്യയിലും സദാചാരത്തിലും മുഖ്യത്വം കല്പിച്ചിട്ടുള്ളത്. ശരീരത്തെ രക്ഷിക്കുന്നത് ധർമ്മം ആചരിക്കാനുള്ള സാധനയെന്ന നിലയ്ക്കാണെന്നോർമ്മ വേണം.

മനശ്ശുദ്ധിക്കനുസൃതമായി മനശ്ശക്തി വർദ്ധിച്ചിരിക്കം അത് ശരീര ശക്തിയെക്കാരം അനേകമിരട്ടി പ്രധാനമാണ്. കാപട്യം, വഞ്ചന, രാഗദ്വേഷാദികരം മുതലായ ദുർഭാവങ്ങരം മനസ്സിൽ പററാതെ ഈശ്വരോന്മുഖമായി തിരിച്ച് ധർമ്മഭാവങ്ങരം പോഷിപ്പിച്ച കൊണ്ടിരുന്നാൽ മനശ്ശുദ്ധിയുണ്ടാവും. ദൂഷിതമായ അന്തക്കരണത്തിൽ പ്രതിഫലിച്ച് ചെയ്യപ്പെടുന്ന കർമ്മങ്ങരം മഴപെയ്യാതെ ഗർജ്ജിച്ച അടങ്ങുന്ന മേഘത്തേപ്പോലെയാണ്. ആന്തരികശ്ശുദ്ധിയില്ലാതെ ബാഹ്യശ്ശുദ്ധി നോക്കുന്നത് മൃതദേഹത്തെ അലങ്കരിക്കുന്ന പോലെയാണ് വിഷംനിറച്ച കനകകുംഭം പോലെയും ഉദാഹരിക്കാം. ആത്മമോക്ഷത്തിനും ധർമ്മപോഷണത്തിനും വേണ്ടത്, ശരീരശ്ശുദ്ധിയോടുകൂടി നിഷ്ക്കാമ കർമ്മവും അന്തരികശ്ശുദ്ധി യോടുകൂടി ഭഗവദർപ്പണവും സാധിക്കുകയെന്നതാണ്.

ഇങ്ങനെ എല്ലാ നിലയിലും എല്ലായ്പോഴും പവിത്രമായിരുന്നാൽ അതുതന്നെ നിത്യസുഖത്തിനും, ശാന്തിക്കും, പരമാനന്ദത്തിനും സഹായകമായി ഭവിക്കം.

**6 ഇന്ദ്രിയനിഗ്രഹം**—ഇന്ദ്രിയങ്ങളെ അതതിന്റെ വിഷയങ്ങളിൽ നിന്ന് ക്രമേണ നിരോധിക്കുവാൻ തക്കവിധം നിയന്ത്രിച്ച കൊള്ളണം. വിരളിപിടിച്ച കുതിരയെ നിയന്ത്രണാധീനമാക്കാൻ സാരഥി ശ്രമിക്കുന്നതുപോലെ ധർമ്മ നിഷ്ഠൻ ദുർവ്വിഷയങ്ങളിലേക്ക ഓടികൊണ്ടിരിക്കുന്ന ഇന്ദ്രിയങ്ങളെ നേർവഴിക്ക തിരിക്കുവാൻ യത്നിച്ചുകൊണ്ടിരിക്കണം. സാധാരണ ധർമ്മാചരണത്തിനു പോലും, ഇന്ദ്രിയങ്ങളെക്കൊണ്ട് സ്വാഭാവികമായ രാഗദ്വേഷാദി വാസനകളാൽ തടസ്ഥമുണ്ടാക്കികൊണ്ടിരിക്കും ഇന്ദ്രിയങ്ങളെ വശപ്പെടുത്തിമെരുക്കുന്നതിനാണ് ഓരോ മത സമ്പ്രദായങ്ങളും നിത്യാ

നുഷ്ഠാനങ്ങളും ആചാരങ്ങളും വ്രതഉപവാസങ്ങളും കൊണ്ട് വിവക്ഷിച്ചിരിക്കുന്നത് അങ്ങനെ ക്രമേണ ഇന്ദ്രിയനിഗ്രഹം സാധിക്കുമ്പോൾ ജീവിത ലക്ഷ്യം ബോദ്ധ്യപ്പെടും.

കണ്ണ്, കാത്, തൊലി, നാക്ക്, മൂക്ക് എന്നീ ജ്ഞാനേന്ദ്രിയങ്ങളും കൈ കാൽ മുഖം, ഗുദം ഉപസ്ഥം എന്നീ കാർമ്മേന്ദ്രിയങ്ങളും മനസ്സും ചേർന്ന പതിനൊന്നു ഇന്ദ്രിയങ്ങളും വശപ്പെടാതെ ഒരാൾക്കു യഥാർത്ഥ ധർമ്മനിഷ്ഠനാവാൻ പററില്ല. അനിത്യവും അധാർമ്മികവുമായ അവയുടെ പ്രവൃത്തികളിൽ നിന്ന് എല്ലായ്പോഴും സത്യവും ധാർമ്മികവുമായ പ്രവൃത്തികളിലേയ്ക്കു തിരിച്ചു വിട്ടുകൊണ്ടിരിക്കണം. ലൗകികമായ ജീവിത വ്യവഹാരങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരിക്കുമ്പോൾതന്നെ നിഷ്ക്കാമകർമ്മം, ത്യാഗം, ദാനം, സേവ—ശുശ്രൂഷകൾ, ഭക്തി—ജ്ഞാനസാധനകൾ ഇത്യാദി ഉപായങ്ങളെക്കൊണ്ട് ഇന്ദ്രിയനിഗ്രഹം സാധിക്കുവാനും ഈശ്വരസാക്ഷാത്ക്കാരമെന്ന പരമലക്ഷ്യം പ്രാപിക്കുവാനും സാധിക്കും. ധർമ്മശാസ്ത്രം, ആദ്ധ്യാത്മികശാസ്ത്രം, സത്സംഗം, ഗുരൂപദേശം, ഈശ്വരോപാസന എന്നിവ അതിനു സഹായകങ്ങളായിരിക്കും.

സ്വഭാവികമായ ആഗ്രഹങ്ങളും, വാസനകളും, രാഗദ്വേഷാദികളും ഇന്ദ്രിയപോഷണത്തിനുള്ള ആഹാരങ്ങളാണ്. മനോനിയന്ത്രണംകൊണ്ട് അവ എത്രത്തോളം കുറയുന്നുവോ അത്രത്തോളം അധീനമാവും. ആമ എങ്ങനെ തന്റെ അവയവങ്ങളെ ഉള്ളിലേയ്ക്കു വലിക്കുന്നുവോ അതുപോലെ ഇന്ദ്രിയങ്ങളെ അതതു വിഷയങ്ങളിൽനിന്നു ഉള്ളിലോട്ടു വലിക്കുവാൻ ശീലിച്ചുകൊള്ളണം. ഇതിന്നാണ് യോഗസാധനപ്രകാരം യമം, നിയമം, ആസനം, പ്രാണായാമം, മുതലായ അഭ്യാസക്രമങ്ങൾ വിധിച്ചിരിക്കുന്നതു്. നാവുകൊണ്ട് ഈശ്വരകീർത്തനം ചെയ്യുക, കാതുകൊണ്ട് ശാസ്ത്രവചനം കേൾക്കുക, കണ്ണുകൊണ്ട് എല്ലാററിലും ഈശ്വരചൈതന്യം കാണുക. കാലുകൊണ്ട് ധാർമ്മികവും ദൈവീകവുമായ പുണ്യസ്ഥാനങ്ങളിലേയ്ക്കു നടന്നുപോവുക, ബുദ്ധിപൂർവ്വം കരചരണാദികളെക്കൊണ്ട് നിഷ്ക്കാമകർമ്മം ചെയ്യുക- സജ്ജനസംസർഗ്ഗത്തിൽ സന്തോഷിക്കുക, മനസ്സിനെ ഈശ്വരീയമായ കാര്യങ്ങളോടു ഘടിപ്പിക്കുക ഇത്തരമാചരണങ്ങൾകൊണ്ട് മേല്പറഞ്ഞ 11 ഇന്ദ്രിയങ്ങളെ വശപ്പെടുത്തുവാനും, ജീവിതം സഫലമാക്കാനും സാധിക്കുന്നു.

7 'ധീ':—ധീക്ക് ബുദ്ധിയെന്നർത്ഥം. തെളിഞ്ഞ ബുദ്ധി ധർമ്മലക്ഷണങ്ങളിൽ രാജനാണ്. ധർമ്മം ഏതു്, അധർമ്മം ഏതു്; നീതി എന്തു്, അനീതി എന്തു്. ശരി ഏതു്, തെററ് ഏതു് ഇത്യാദി അറിവുകഠ ബുദ്ധിയിൽനിന്നുണ്ടാവുന്നു. ധർമ്മനിഷ്ഠമായ ഭക്തിയാൽ ഭഗവാൻെറ അപാരകൃപയുണ്ടാവുമ്പോഠ ബുദ്ധിയോഗസിദ്ധിയുണ്ടാവും. അതാണ് തെളിഞ്ഞബുദ്ധി അനാചാരബദ്ധമായ ബുദ്ധി തനിക്കും അന്യർക്കും അശാന്തിയുളവാക്കിക്കൊണ്ടിരിക്കും ബാഹ്യദൃഷ്ട്യാ വലിയ ബുദ്ധിമാൻ എന്നു വിശേഷിപ്പിക്കുന്ന വ്യക്തികളും വലിയ കാര്യങ്ങഠ ചെയ്യുന്നതായി തോന്നിപ്പിക്കാമെങ്കിലും ബുദ്ധിശുദ്ധിയില്ലെങ്കിൽ അവ ക്രമേണ ദുഃഖപ്രദവും അശാന്തിയ്ക്കു കാരണവുമായി തീരുന്നതായി കാണാം. ധർമ്മശാസ്ത്രങ്ങളിൽ താമസം, രാജസം, സാത്വികം എന്നീ മൂന്നുതരം ബുദ്ധികളെപ്പററി വർണ്ണിച്ചിട്ടുണ്ട്. ഇക്കാലത്തു താമസീകവും രാജസികവുമായ ബുദ്ധികളുടെ മത്സരമുന്നേററങ്ങളാണ് എവിടെയും. അസമാധാനവും അസംതൃപ്തിയുമാണതിൻെറ ഫലം.

ശ്രീകൃഷ്ണഭഗവാൻ ഗീതോപദേശത്തിൽ മൂന്നുവിധം ബുദ്ധിവൃത്തികളെപ്പററി പറയുന്നതിപ്രകാരമാണ്. :—

അല്ലയോ അർജ്ജുന! ധർമ്മത്തിൽ പ്രവൃത്തിയെയും, അധർമ്മത്തിൽനിന്നുള്ള നിവൃത്തിയെയും, കാര്യാകാര്യങ്ങളെയും, ഭയാഭയങ്ങളെയും, ബന്ധത്തെയും, മോക്ഷത്തേയും യാതൊരു ബുദ്ധി അറിയുന്നുവോ ആ ബുദ്ധി സാത്വികമാകുന്നു.

യാതൊരു ബുദ്ധികൊണ്ട് ധർമ്മത്തെയും അധർമ്മത്തേയും കാര്യത്തേയും അകാര്യത്തേയും അയഥാർത്ഥമായി അറിയുന്നുവോ ആ ബുദ്ധി രാജസമാകുന്നു.

യാതൊരു അജ്ഞാനത്തിനാൽ മൂടപ്പെട്ട് അധർമ്മത്തെ ധർമ്മമായും സകല വസ്തുക്കളേയും വിപരീതമായും അറിയുന്നുവോ ആ ബുദ്ധിതാമസമാകുന്നു.

പ്രവൃത്തിധർമ്മത്തിൽ രജോ പ്രധാനമായ ബുദ്ധിയും നിവൃത്തിധർമ്മത്തിൽ സാത്വിക പ്രധാനമായ ബുദ്ധിയും സ്വാഭാവികമായിരിക്കും.

8 വിദ്യ—യാതൊന്നുകൊണ്ട് ഐഹികവും പാരത്രികവുമായ അറിവു സമ്പാദിക്കുവാൻ കഴിയുന്നുവോ അതാണ് വിദ്യ. ഭാഷ, ഭൂമിശാസ്ത്രം, തൊഴിൽ, ചരിത്രം, കണക്ക്, സയൻസ് തുടങ്ങിയവ എല്ലാം പഠിക്കുന്നതാണ് വിദ്യയെന്നു സാധാരണ ധരിക്കാറുണ്ട്. കർത്തവ്യങ്ങൾ ഭംഗിയായും വിജയകരമായും ചെയ്യാനും പരമ പുരുഷാർത്ഥത്തിലേക്കു യഥോചിതം മുഖം തിരിക്കുവാനും പ്രയോജനപ്പെടുന്നേടത്തോളമേ ഈ വിദ്യയ്ക്കുസ്ഥാനമുള്ളൂ അതു വിദ്യയുടെ ഇങ്ങേ വശമേ ആകുന്നുള്ളു. മനുഷ്യനിൽ സ്വതവേഉള്ള ജ്ഞാനത്തെ മറനീക്കി പ്രകാശിപ്പിക്കുവാൻ ഉപകരിക്കാത്തതു് വിദ്യയാവില്ല. ശരീരത്തെപ്പോലെ നശ്വരമായ ഈ വിദ്യയെയാണ് ഇന്ന് ബഹുഭൂരിപക്ഷവും വിദ്യയെന്നു തെററിദ്ധരിച്ചിരിക്കുന്നതു്. ഏതെങ്കിലും ഒരു ബിരുദധാരിയാവുന്നതോടെ വിദ്യാഭ്യാസത്തിൻെറ ഉദ്ദേശം സാധിച്ചതായി കരുതുന്ന ഭൗതികവിദ്യാഭ്യാസം ആദ്ധ്യാത്മിക വിദ്യയോടു ചേർത്തു ഘടിപ്പിക്കുമ്പോൾ മാത്രമേ വിദ്യയെന്ന പേരിനുപോലും യോഗ്യമാവുകയുള്ളൂ അല്ലെങ്കിൽ കേവലം ജീവിതോപാധിയായ വിദ്യാഭ്യാസവും ഒരു തൊഴിൽ മാത്രം. ജീവിക്കുവാൻ ഇതര ജന്തുക്കൾ കണ്ടിട്ടുള്ള ഉപായങ്ങളിലൊന്നിനെ മനുഷ്യ ബുദ്ധിയിൽ പരിഷ്കൃതമായി കാണുന്നതിൽ കവിഞ്ഞ എന്തു മേന്മയാണതിനു്?

ഭൗതികമായ അറിവുകൾക്ക്—സയൻസ് ഉൾപ്പെടെ — അവിദ്യയെന്നും ആദ്ധ്യാത്മികമായ അറിവിനു് വിദ്യയെന്നും നിർവ്വചനം നൽകിയ ഭാരതീയ ദർശനം വിശ്വവിഖ്യാതവും വിശ്വജനീനവുമാണ്. എന്നാൽ ഹാ കഷ്ടം! ഇന്നത്തെ അവസ്ഥയെന്താണ്? ധർമ്മാധർമ്മങ്ങൾ തിരിച്ചറിഞ്ഞു ജീവിക്കുവാൻ പോലും വശമില്ലാത്ത, കണ്ടതിനെല്ലാം മാനസികമായി അടിമപ്പെടുത്തുന്ന ഒരു വിദ്യാഭ്യാസ സമ്പ്രദായത്തിൽ കുടുങ്ങി നട്ടം തിരിയുകയാണ് സമുദായം. രാജ്യത്തിലെങ്ങും ഇന്നു കാണപ്പെടുന്ന അസ്വസ്ഥതകൾക്കും അനീതികൾക്കും കാരണം ഈ വികൃതമായ വിദ്യാഭ്യാസമാണെന്നു കാണാം. സാമാന്യമായി ധർമ്മാധർമ്മങ്ങൾ തിരിച്ചറിയുന്നതിനും, ജീവിത ലക്ഷ്യബോധത്തിനുപകരിക്കുന്നതുമായ വിദ്യഎത്ര വേഗം സ്വീകരിക്കുന്നുവോ അത്രയും ഉത്തമം.

9 സത്യം—വിചാരത്തിലും വാക്കിലും പ്രവൃത്തിയിലും സത്യനിഷ്ഠ വേണം. സത്യം പാലിക്കുന്നവരിലാണു ധർമ്മം വളരുന്നതു്. ഈശ്വരൻ സത്യസ്വരൂപനാണു്. സത്യനിഷ്ഠകൊണ്ടാണു് സംസാരചക്രം യഥാക്രമം തിരിഞ്ഞുകൊണ്ടിരിക്കുന്നതു്. ഈശ്വരസൃഷ്ടികളിൽ ഉന്നതമായ മനുഷ്യജന്മം സത്യം പാലിക്കുവാൻ ബാദ്ധ്യസ്ഥമാണു്. മനുഷ്യരുടെ ജീവിതത്തിലും പരസ്പര വ്യവഹാരത്തിലും എത്രത്തോളം സത്യാംശമുണ്ടോ അത്രത്തോളം സംസാരചക്രവും സൗമ്യവും സുന്ദരവുമായി തിരിഞ്ഞുകൊണ്ടിരിക്കും. എല്ലാവ്യവഹാരങ്ങളുടേയും ആശ്രയസ്ഥാനം ശബ്ദമാണു്. ശബ്ദംതന്നെ വാക്കിന്റെ മൂലസ്രോതം. അസത്യത്താൽ വാക്കിനെ മലിനപ്പെടുത്തുന്നവർ ജീവിതഖനി കണ്ടെത്താനാവാത്ത കുടുക്കുകളിൽ പെടും. തന്റെ വിചാരം അന്യരിലേയ്ക്കു പകരാൻ വാക്കിനെപ്പോലെ മറ്റൊന്നില്ല. അതിനാൽ സത്യത്തിൽ അധിഷ്ഠിതവും പവിത്രവുമായിരിക്കണം വാക്കുകൾ—സത്യപൂതാം വദേദ്വചനം.

അർദ്ധസത്യം, സത്യം, പരമസത്യം എന്നിങ്ങനെ മൂന്നുവിധത്തിൽ സത്യത്തെപ്പററി വ്യവഹരിക്കാറുണ്ടു്. ആദ്ധ്യാത്മികദൃഷ്ട്യാ പരമസത്യം മാത്രമാണു് സത്യം. മററെല്ലാം ലോകവ്യവഹാരങ്ങളിലുള്ളതാണു്. പരമസത്യത്തെ ലക്ഷ്യമാക്കിക്കൊണ്ടുള്ള ജീവിതത്തിൽ സത്യാംശങ്ങൾ പ്രതിഫലിപ്പിക്കുന്നതിനെയാണു് ഇവിടെ സത്യമെന്നു പറയുന്നതു്. അതാണു് ധർമ്മലക്ഷണം. ''സത്യംവദ; ധർമ്മംചര'' എന്നാണു് വേദോക്തി സത്യം പറയുകയും ധർമ്മം ആചരിക്കുകയും വേണമെന്നു്.

സത്യം ബ്രൂയാത് പ്രിയം ബ്രൂയാത്ന ബ്രൂയാത് സത്യമപ്രിയം
പ്രിയഞ്ചനാനൃതം ബ്രൂയാദേഷ ധർമ്മഃ— സനാതനഃ

സത്യം പറയുക, അതു് പ്രിയകരമായി പറയുക. സത്യം പറയുമ്പോൾ അതു കേൾക്കുന്നവർക്കു് ദുഃഖവും അസഭ്യവുമായി അനുഭവപ്പെടരുതു്. അത്തരം സന്ദർഭങ്ങളിൽ മിണ്ടാതിരിക്കുന്നതു് നല്ലതു്—സനാതനമായ ധർമ്മത്തിനു് ഉപയുക്തമായിരിക്കണം സംഭാഷണം.

എന്നാൽ അനുഭവജ്ഞരായ മഹാത്മാക്കൾ പറയുന്ന വാക്കുകൾ എല്ലാവർക്കും ഇഷ്ടകരമായിരിക്കണമെന്നില്ല. പക്ഷെ ഹിതകരമായിരിക്കും. ആദ്യം അപ്രിയമായിരുന്നാലും പിന്നീട് പ്രിയകരമായി ഭവിക്കും. 'മൂത്തോർ വാക്കും മുതുനെല്ലിക്കായും ആദ്യം കയ്ക്കും പിന്നിട് മധുരിക്കും' എന്ന പഴമൊഴി ശ്രദ്ധേയമാണ്. ചിലപ്പോൾ സൂര്യതാപം കഠിനമായിരിക്കുമെങ്കിലും ജീവിതത്തിനു സൂര്യൻ പ്രധാനമാണ്, വരേണ്യമാണ്; ലോകമംഗളദായകമായ ഗായത്രിയുടെ അതിഷ്ഠാനദേവതയാണ്. അതുപോലെ മഹദ്വചനങ്ങളിൽ ആദ്യം കാഠിന്യം കണ്ടാലും അതു നന്മയ്ക്കാണെന്നോർക്കണം.

സത്യവാദിയ്ക്ക്, ലൗകികദൃഷ്ട്യാ കഷ്ടനഷ്ടങ്ങൾ ഉണ്ടാവുമെങ്കിലും ആരംഭത്തിലെ ഒരു പരീക്ഷണം മാത്രമാണത്. ജീവിതത്തിൽ സത്യപ്രതിഷ്ഠ ഉണ്ടാവുന്നതോടുകൂടി അഭൗമമായ ശക്തിവിശേഷം അയാളിൽ കുടികൊള്ളും. അതോടെ സ്വയം സന്തുഷ്ടനും മററുള്ളവർക്ക് സന്തുഷ്ടി പ്രദാനം ചെയ്യാൻ കരുത്തുള്ളവനായിത്തീരുകയും ചെയ്യും. അതാണ് യോഗസൂത്രത്തിൽ സത്യവാദിയുടെ പ്രവൃത്തികളുടെ പരിണാമം സത്യത്തിൽ പ്രതിഷ്ഠിതമായ സദ്ഫലപ്രദമായിരിക്കുമെന്നു വെളിപ്പെടുത്തിയിരിക്കുന്നത്.

'സത്യപ്രതിഷ്ഠായാം ക്രിയാഫലാശ്രയത്വം

നമ്മുടെ പുരാണേതിഹാസങ്ങളിൽ സത്യത്തിനുവേണ്ടി നിലകൊണ്ട പല ജീവചരിത്രങ്ങൾ വർണ്ണിച്ചിട്ടുണ്ട് ഈ കാലഘട്ടത്തിലും മഹാത്മാഗാന്ധി തന്റെ ആത്മകഥാകഥനത്തിന് "സത്യാന്വേഷണപരീക്ഷ"യെന്നു നിർവ്വചിച്ചിരിക്കുന്നു. ജന്തുസഹജമായ ജീവിതമണ്ഡലത്തിൽ അർദ്ധസത്യം, ധർമ്മനിലവാരത്തിലുള്ള ജീവിതത്തിൽ സത്യം, ആദ്ധ്യാത്മിക നിലവാരത്തിൽ പരമസത്യം എന്നിങ്ങനെ ക്രമാനുഗതമായി പ്രകാശിപ്പിക്കപ്പെടുന്ന മനുഷ്യജീവിതമാണ് ധന്യമായിട്ടുള്ളത്.

**10 അക്രോധം**—കോപമില്ലായ്മ. ക്രോധം ക്രൂരതലക്ഷണമാണ്. എല്ലാവിധഹിംസകളും ക്രോധത്തിന്റെ സന്തതികളാണ്. ധർമ്മലക്ഷണമുള്ള മനുഷ്യനിൽ ക്രോധമുണ്ടാവില്ല ക്രോധത്തിൽ കുടുങ്ങിയവൻ തന്റെ മനുഷ്യത്വത്തെ കളഞ്ഞു കുളി

ക്കുന്നു. അഹങ്കാരത്തിൻെറ അടിമയാവുന്ന വ്യക്തിയെ ക്രോധം ഭരിക്കുന്നു. ക്രോധാവേശത്താൽ മാനസികവും ശാരീരികവുമായ രോഗങ്ങരം ബാധിക്കുന്നു. രക്തധമനികരം ശുഷ്കിക്കും. കണ്ണു ചുവക്കും, മുഖം വികൃതമാവും, നെററി ചുളിയും, ശരീരത്തിലെ ചൂട് വർദ്ധിക്കും, സൗമ്യവും സൗന്ദര്യവും ഹനിക്കപ്പെട്ട് ശരീരത്തെ ക്കൂടി നശിപ്പിക്കും.

ക്രോധത്തിൻെറ ആത്മപരിചയം ഇപ്രകാരമാണ്:—

അന്ധീകരോമി ഭുവനം ബധിരീകരോമി
ധീരം സചേതന മചേതനതാം നയാമി
കൃത്യം നപശ്യതി നചാത്മഹിതം ശൃണോതി
ധീമാനധീതമപിന പ്രതിസന്ദധാതി.

ക്രോധത്താൽ ആവേശം കൊള്ളുന്നവരെ കുരുടരാക്കും കാണേണ്ടവയെ കാണുകയില്ല) ചെകിടരാക്കും (കേരംക്കേണ്ടവയെ കേരം ക്കുകയില്ല) ധീരന്മാരെ വിവേകശൂന്യരാക്കും. ക്രോധത്തിനു് വശ പ്പെട്ടവൻ മനുഷ്യജന്മത്തിൻെറ മഹത്വം അറിയുകയില്ല. തനിക്കു ഹിതമായ കാര്യങ്ങരംകൂടി കേരംക്കില്ല. ബുദ്ധിമാൻ അഭ്യസിച്ച ശാസ്ത്രം ദുരുപയോഗപ്പെടുത്തും. ക്രോധാൽ ഭവതി സമ്മോഹഃ ക്രോധംകൊണ്ട് ബുദ്ധികെടുമെന്നും പ്രമാദത്തിൽ ചാടുമെന്നും ഗീത അരുരംചെയ്യുന്നു. ലൗകികജീവിതത്തിലാകട്ടെ പാരത്രിക ജീവിതത്തിലാകട്ടെ അഭ്യുദയാകാംക്ഷികരം ക്രോധത്തെ അടക്കിയേ പററൂ. ഹിംസയുടെമൂലം ക്രോധമായതിനാൽ ക്രോധത്തെ അടക്കി യാലേ അഹിംസാവ്രതംപോലും പാലിക്കാനാവുകയുള്ളു. ധാർമ്മി കമായ അഹിംസ സത്യപ്രതിഷ്ഠിതവുമാണ്. അതു് ഭീരുത്വത്തെ പ്രോത്സാഹിപ്പിക്കുന്നതുമല്ല. നമുക്ക് ലഭിച്ചിരിക്കുന്ന കരചര ണാദി അവയവങ്ങരം ധർമ്മാചരണത്തിനും ധർമ്മരക്ഷയ്ക്കും ഉപയുക്ത മാംവിധം പ്രവൃത്തിക്കപ്പെടുമ്പോരം ശുദ്ധമായ അന്തഃകരണത്തിൽ നിന്നും തെററും ശരിയും തിരിച്ചറിയാനുള്ള കഴിവു് ഉണ്ടായി ക്കൊള്ളും. അപ്പോഴാണ് ഹിംസയും അഹിംസയും ക്രോധവും അ ക്രോധവും പാപവും പുണ്യവും യഥാർത്ഥമായി തിരിച്ചറിയാ നുള്ള വിവേകവുമുണ്ടാവുക. അഹന്തയ്ക്കു വിധേയമായ വിധി എ പ്പോഴും ശരിയായിരിക്കണമെന്നില്ലല്ലോ.

മാനവ സമുദായത്തിന്റെ ഉല്ക്കർഷത്തിനുവേണ്ടി മനുപ്രജാപതി നിർദ്ദേശിച്ച ഈ പത്തു ലക്ഷണങ്ങളോടുകൂടിയ ധർമ്മാചരണത്തിനു കാലദേശ, കുല—ഗോത്രാദി വിധി വിലക്കുകളൊന്നുമില്ല. മനുഷ്യനായി ജനിച്ചവർക്കെല്ലാം സ്വീകാര്യമായ ജീവിതാനുശാസനമാണിതു്. ഇവ വിശദമായ പഠനത്തിനും ആചരണത്തിനും സ്വീകരിക്കുമ്പോൾ മറ്റെല്ലാ നല്ല ഗുണങ്ങളും ശീലങ്ങളും സാംഗോപാംഗമായി ചേർന്നുകൊള്ളും.

ധർമ്മലക്ഷണങ്ങളെപ്പററി മനുസ്മൃതി വചനത്തിനു് സമാന്തരമായി 'മഹാഭാരതം' തുടങ്ങിയ ഇതര ഗ്രന്ഥങ്ങളിലും ഋഷിപ്രോക്തങ്ങളുണ്ടു്. ദാനം, തപസ്സു്, ആർജ്ജവം, ജ്ഞാനം, ദയ, ധ്യാനം മുതലായവയും ധർമ്മലക്ഷണങ്ങളായി വർണ്ണിച്ചിട്ടുണ്ടു്. മേൽപ്പറഞ്ഞ പത്തു ലക്ഷണങ്ങളുടെ അനുഷ്ഠാനത്തിൽ, സാമാന്യധർമ്മാചരണത്തിൽ ഉപര്യുപരി ഗുണങ്ങൾ വെളിപ്പെടുന്നതാണു്. അതിനാൽ സ്വല്പമായ ധർമ്മാചരണംപോലും ഭയങ്കരമായ അജ്ഞതയിൽനിന്നു് കരകേററുമെന്ന വിശ്വാസപൂർവ്വം സാമാന്യധർമ്മം ആചരിക്കുമ്പോൾ വിശേഷധർമ്മങ്ങൾ അനായാസമായി വെളിപ്പെടും; അതോടുകൂടി സനാതനമായ പരമധർമ്മം—നിവൃത്തിധർമ്മം ബോദ്ധ്യപ്പെടുകയും ചെയ്യും.*

* 1973 നവ: ഡിസ: "ഗുരുകുല ദീപം" ലക്കങ്ങളിൽ വന്നതു്.

# 4 ധർമ്മോരക്ഷതി രക്ഷിതഃ!

ഹിന്ദു ധനികന്മാരുടെ പുരയിടങ്ങളിൽ 'കിടപ്പാടമുണ്ടാക്കി കഴിഞ്ഞുകൂടുന്ന കർഷകത്തൊഴിലാളികളിൽ ബഹുഭൂരിഭാഗവും ക്രിസ്ത്യാനികളോ മുസ്ലീങ്ങളോ ആയിത്തീർന്ന ഹരിജനങ്ങളാണ്. അവരങ്ങനെ മതം മാറിപ്പോയതിൽ 'ഞാനൊന്നുമറിഞ്ഞില്ലേ നാരായണ' എന്ന മട്ടിലാണ് പ്രബല ഹിന്ദുക്കളുടെ ഇന്നത്തെ മനോഭാവം. അതായത്, ആരെങ്ങോട്ട് പോയാലെന്ത്, തങ്ങളുടെ കാര്യം സുരക്ഷിതമായിരിക്കണം' എന്ന ചിന്തയാണ് അവരെയിതുവരെ നയിച്ചിരുന്നത്. കാലവും കോലവും മാറിക്കൊണ്ടിരിക്കുന്നതൊന്നും അവർ കാണുന്നില്ല. അഥവാ കണ്ടാലും കണ്ടെന്ന് ഭാവിക്കുന്നുമില്ല. അവർ സ്വേച്ഛാപൂർവ്വം സമ്പാദിച്ചു കൂട്ടിയതെല്ലാം നിമിഷനേരംകൊണ്ട് പൊലിയാനുള്ളവയാണെന്ന് അറിയുന്നില്ല. ധനം ധർമ്മകാര്യത്തിനാണെന്നും മഹേച്ഛയ്ക്കു വിധേയരായി സ്വേച്ഛകളെ നയിക്കുകയാണ് സ്വധർമ്മമെന്നുമുള്ള വസ്തുത അവർ മറന്നുപോയി. സ്വാർത്ഥകാര്യങ്ങളിൽ ബദ്ധകങ്കണരും ധർമ്മപ്രചരണകാര്യങ്ങളിൽ നിഷ്ക്രിയരുമായിത്തീർന്നിരിക്കുന്നവരുടെ ഭാവി ഹാ കഷ്ടം! എന്നല്ലാതെയെന്തു പറയട്ടെ!

സ്വന്തം ഐശ്വര്യത്തെ മാത്രം ലാക്കാക്കി, രാഷ്ട്രീയ സ്കണ്ടിൽപെട്ട മതേതരത്വത്തിന്റെ മറയും പിടിച്ചുകൊണ്ട്, ധർമ്മവിമൂഢരായി കഴിയുന്നവർ ലോകാരംഭത്തിൽത്തന്നെ ഋഷീശ്വരന്മാർ രേഖപ്പെടുത്തിയ സത്യത്തെ കബളിപ്പിക്കുവാൻ പാഴ്ശ്രമം ചെയ്യരുത്. ധർമ്മത്തെ അവഹേളിച്ചാൽ എല്ലാം താറുമാറാവുമെന്നോർക്കണം. ധർമ്മത്തെ രക്ഷിക്കുന്നെങ്കിൽ മാത്രമേ സ്വരക്ഷയുമുള്ളു എന്ന പരമാർത്ഥം അവഗണിച്ചുകളിച്ചാൽ ആപത്താണ് ഫലം. എണ്ണമററ മനക്കോട്ടകളും സമ്പാദ്യങ്ങളും നിമിഷനേരംകൊണ്ട് തകർന്ന തരിപ്പണമായിപ്പോവും. കാലം സ്വധർമ്മനിർവ്വഹണത്തിന്ന് നിങ്ങളെ മാടിവിളിക്കുകയാണ്. ഈ ആർത്തനാദം കേട്ടില്ലായെങ്കിൽ സ്വന്തസന്തതികളാൽതന്നെ— നിങ്ങളും ആരുടെ ക്ഷേമൈശ്വര്യങ്ങളും

ക്കുവേണ്ടിയാണോ സ്വാർത്ഥതാല്പര്യങ്ങൾ മുൻനിർത്തി പാപഫലങ്ങൾ ഇത്രയും കാലം പാടുപെട്ട് ആർജ്ജിച്ചതു്—അവരെക്കൊണ്ടുതന്നെ സ്വനാശവും കുലനാശവും സംഭവിക്കുവാൻ പോകുന്നു. ധർമ്മത്തിന്റെ നിയമമാണതു്.

ധർമ്മനിയമം വിശ്വസിച്ചില്ലായെങ്കിൽ ചരിത്രത്തിന്റെ ഒരേടിതാ തുറന്നു നോക്കൂ! ചരിത്രം എന്താണ് വിളിച്ചറിയിക്കുന്നതു്? വെളിയിൽ നിന്നുവന്ന നാലഞ്ച് മുസ്ലീങ്ങളുടെ ശ്രമത്താൽ പാമരരും അസ്പൃശ്യരുമായ ഹിന്ദു വിഭാഗങ്ങൾ മുസ്ലീംമതാവലംബികളായി മാററപ്പെട്ടുകൊണ്ടിരുന്നപ്പോൾ അന്നത്തെ പ്രബലഹിന്ദുക്കൾ അത്ര കാര്യമായി ഗണിച്ചില്ലെന്നു മാത്രമല്ല, അവരെ തിരിച്ച് ഹിന്ദുക്കളാക്കികൊണ്ടുവരാനുള്ള ശ്രമങ്ങളെ നിരുത്സാഹപ്പെടുത്തുകയുമാണ് ചെയ്തുവന്നതു്. ഫലമോ? ഭാരതം കഴിഞ്ഞ നൂററാണ്ടുകളായി അനുഭവിച്ചറിഞ്ഞ ദാരുണകഥകളും അടുത്തകാലത്തു സംഭവിച്ചതും നടന്നുകൊണ്ടിരിക്കുന്നതുമായ—മനുഷ്യത്വത്തെ മൃഗീയതയിലേക്കാഴ്ത്തിയ—സംഭവവികാസങ്ങളെല്ലാം നമ്മുടെ മുന്നിലുണ്ട്. ഈ പത്തുകോടി മുസ്ലീങ്ങളും മറെറങ്ങുനിന്നും വന്നവരല്ല. നമ്മുടെതന്നെ പ്രപിതാമഹന്മാരുടെ സന്താനങ്ങളാണവരെങ്കിലും ഇന്നവർ നിലകൊള്ളുന്നതെന്തിനുവേണ്ടിയാണ്? സ്വദേശത്തിന്റേയും സ്വധർമ്മത്തിന്റേയും കതികാൽ വെട്ടുന്നവരായിട്ടാണ് അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതു് അന്നത്തെ ഹിന്ദുക്കളിലൊരു പ്രബലവിഭാഗത്തിന്റെ ധർമ്മവിമുഖതയും സ്വാർത്ഥലോലുപതയുംകൊണ്ടാണ് അനിഷ്ട സംഭവങ്ങളെല്ലാമുണ്ടായതു്. പതിമൂന്നാം ശതാബ്ദത്തിന്റെ അന്ത്യത്തിൽ തന്റെ പിതാവിനേയും 16 സഹോദരന്മാരേയും കൊലപ്പെടുത്തിയിട്ട് ഒരാൾ മുസ്ലീം പിൻതുണയോടുകൂടി ഗയാസുദ്ദീൻ എന്ന പേരിൽ ബംഗാളിൽ രാജ്യഭാരം നടത്തിയിരുന്നു. 16 വർഷങ്ങൾക്കുശേഷമെങ്കിലും സ്വന്തക്കൂട്ടുകാരാൽതന്നെ അയാൾ വധിക്കപ്പെട്ടു. തദനന്തരം 1405 വരെ സൈബുദ്ദീന്റേയും, ഷാംസുദ്ദീന്റേയും ഭരണമായിരുന്നു വംഗദേശത്തിൽ.

രാജഷാഹി ജില്ലയിലെ ബാരേന്ദ്രനഗർ ജമീന്ദാരായി കഴിഞ്ഞുകൂടിയിരുന്ന രാജാ കംസനാരായണൻ 1405ൽ വംഗദേശത്തിൽ വീണ്ടും ഹിന്ദുരാജ്യം പുനസ്ഥാപിച്ചു. എന്നാൽ സ്വാർത്ഥമതിക

ളായ ഒരു വിഭാഗം ഹിന്ദുക്കളെ ഉപാധിയാക്കിക്കൊണ്ടു് മുസ്ലീങ്ങൾ വീണ്ടും ഒററക്കെട്ടായി സംഘടിക്കുകയും 'ജിഹാദ്' വിളിക്കുകയും ചെയ്തു. അവർ ഇതര സംസ്ഥാനങ്ങളിലെ ബാദുഷമാരുടേയും നവാബുമാരുടേയും സഹായത്തോടുകൂടി വംഗദേശത്തെആക്രമിച്ചു കൊണ്ടിരുന്നു. രാജകംസ നാരായണൻ മുസ്ലിമിങ്ങളുടെ ക്രൂരപ്രവർത്തികളെയെല്ലാം വീറോടെ ചെറുത്തുനിന്നു പോരാടി. മുസ്ലീങ്ങളുടെ നിഷ്ഠുരകൃത്യങ്ങൾ കണ്ടറിഞ്ഞ ഹിന്ദുക്കളെല്ലാം രാജാ കംസനാരായണന്റെ പക്ഷത്തുണ്ടായിരുന്നുവെങ്കിലും ശത്രുസൈന്യം ബലപ്പെട്ടുവരുന്നതു് കാണായി. മുസ്ലിം ബാദുഷമാരുടെ കണ്ണഞ്ചിക്കുന്ന നാണയങ്ങളാലാകൃഷ്ടരായ ഹിന്ദുപ്രമാണികളായിരുന്നു അതിനു കാരണം. വംഗദേശം മുഴുവനും ഹിന്ദുഭരണം പുനഃസ്ഥാപിച്ച രാജാ കംസനാരായണനു് അവസാനം നാടുവിട്ടു് ഒളിച്ചോടേണ്ടിവന്നു. അദ്ദേഹത്തിന്റെ ഏഴുവയസ്സു മാത്രം പ്രായമുണ്ടായിരുന്ന ഏകപുത്രൻ ശേഷനാരായണൻ ശത്രുപക്ഷനായകനായിരുന്ന നൂർ കുതുബ് ആലമിന്റെ കയ്യിലകപ്പെട്ടുപോയി.

ഹിന്ദുക്കളെക്കൂടി വശത്താക്കി ഭരണം നടത്താൻവേണ്ടി കുതുബ് ആലം ശേഷനാരായണരാജകുമാരനെ രാജ്യാഭിഷേകം ചെയ്യിച്ചിട്ടു് താൻ പ്രതിനിധിയായി രാജ്യഭരണം നടത്താൻ തുടങ്ങി. നയതന്ത്രത്തിൽ ശേഷനാരായണ രാജകുമാരനെ വെററില ചവച്ച മുഖത്തു തുപ്പിയിട്ടു് ഹിന്ദുപാണ്ഡമാരെക്കൊണ്ടു് ധർമ്മഭ്രഷ്ട് കല്പിക്കുവാനും രാജകുമാരനെ ഇസ്ലാം മതത്തിൽ ചേർത്തു് ജലാലുദ്ദീൻ എന്ന പേരിൽ ബാദുഷയാക്കി പ്രഖ്യാപനം ചെയ്യിക്കാനും കുതുബ് ആലമിനു നിഷ്പ്രയാസം കഴിഞ്ഞു

ഒളിച്ചോടാൻ നിർബ്ബന്ധിതനായ കംസനാരായണൻ സൈന്യങ്ങളെ സംഘടിപ്പിച്ചുകൊണ്ടു് വീണ്ടും ബങ്കാളിൽ പ്രവേശിച്ചു. മുസ്ലിം അക്രമികൾക്ക അവരർഹിക്കുന്ന ശിക്ഷകൾ നൽകിയിട്ടു് അദ്ദേഹം എഴുവർഷക്കാലം വംഗദേശം ഭരിക്കുകയും മുസ്ലീം ആക്രമണങ്ങളെ സുധീരം ചെറുത്തു നിൽക്കുകയും ചെയ്തിരുന്നു. സ്വപുത്രനെ വീണ്ടും ഹിന്ദുമതത്തിൽ ചേർത്തതായി അദ്ദേഹം വിളംബരം ചെയ്തെങ്കിലും പ്രബല ഹിന്ദുക്കൾ അതു വകവെച്ചില്ല. ബ്രാഹ്മണരുംപാണ്ഡമാരും വിധിച്ച പ്രായശ്ചിത്തങ്ങളെല്ലാം അദ്ദേഹം

സ്വപുത്രനുവേണ്ടി ചെയ്യുവെങ്കിലും ബംഗാളി ബ്രാഹ്മണർ ശേഷനാരായണൻ ഒരു ഹിന്ദുവാണെന്ന് അംഗീകരിക്കാൻ കൂട്ടാക്കിയില്ല. രാജകംസനാരായണൻ തന്റെ പുത്രന്റെ ആപൽഘട്ടത്തിലെ ധർമ്മഭ്രംശനിവാരണാർത്ഥം പഞ്ചഗവ്യം, ഗംഗാജലം, തുളസീദളം, ഹോമം ഇവകളെക്കൊണ്ട് ശുദ്ധികർമ്മങ്ങൾ നടത്തി. സ്വർണ്ണം കൊണ്ട പശുക്കളെയുണ്ടാക്കി രാജകുമാരനെ അവയിൽകൂടി പ്രസവിപ്പിച്ചു. എന്നിട്ടും നവദ്വീപത്തിലേയും ഉത്തരപാഡയിലെയും പണ്ഡിതന്മാർ യുവരാജാഭിഷേകത്തിന്നുള്ള അനുമതി നൽകിയില്ല. രാജകുമാരൻ ഹിന്ദുവാകാൻ അനുവാദം കൊടുക്കയില്ലെന്ന അവർ ശാഠ്യം പിടിച്ചുനിന്നു! അവസാനം മരണശയ്യയിൽകിടന്നുകൊണ്ട് കംസനാരായണൻ പ്രബല ഹിന്ദുക്കളോടായി ഇങ്ങനെ പറഞ്ഞു:— അഭിവന്ദ്യരായ പണ്ഡിതന്മാരെ, ബംഗാളികളുടെ നിരന്തര പ്രയത്നത്തിന്റേയും നിരവധി പ്രാണാഹുതികളുടേയും ഫലമായി നമ്മുടെ ദേശം ഇതാ ഒരിക്കൽക്കൂടി ഹിന്ദുഭരണത്തിലായി, ബംഗാളിലെ ബ്രാഹ്മണനും, ക്ഷത്രിയനും, വൈശ്യനും, ശൂദ്രനും ഈ മഹാകർമ്മത്തിൽ ഒരുപോലെ സഹകരിച്ചു് പ്രവർത്തിച്ചിട്ടുണ്ട്. ഏഴ വയസ്സു മാത്രം പ്രായമുണ്ടായിരുന്നപ്പോഴാണ് വ്യാജതന്ത്രത്തിൽ എന്റെ ഏകപുത്രനെ മുസൽമാനാക്കി പേരു മാററിയതു്, അവനിപ്പോൾ വേണ്ടുവോളം പശ്ചാത്തപിക്കുകയും മത ചടങ്ങുകളെല്ലാം നിർവ്വഹിക്കുകയും ചെയ്തിരിക്കുന്നതുകൊണ്ട് അവനെ എന്റെ ഉത്തരാധികാരിയായി ഹിന്ദുരാജാവായി നിങ്ങൾ അംഗീകരിക്കണം; അല്ലാതെ കയ്യിൽകിട്ടിയ ഹിന്ദുരാജ്യത്തെ നിങ്ങൾ നാമാവശേഷമാക്കാൻ ഒരുമ്പെടരുതു്.

ആലോചിച്ചു തീരുമാനിക്കാമെന്ന് ബ്രാഹ്മണർ ഉറപ്പുകൊടുത്തിരുന്നുവെങ്കിലും അവർ സ്വാർത്ഥവശരായിത്തീരുകയാണുണ്ടായതു്. രാജാകംസനാരായണന്റെ മരണശേഷം അന്യോന്യം അസൂയാലുക്കളും അസംഘടിതരുമായിത്തീർന്ന ഹിന്ദുക്കൾക്കു രാജ്യത്തെ രക്ഷിക്കാൻ കഴിയാതെവന്നു. മുസ്ലീങ്ങൾ സംഘടിതരാവുകയും ശേഷനാരായണൻ ഹിന്ദുസ്വാർത്ഥികളുടെ ദുരാചാരങ്ങളിൽ ക്രുദ്ധനായി വീണ്ടും ഇസ്ലാംമതം സ്വീകരിച്ചു് സംഘടിത മുസ്ലീങ്ങളുടെ പിൻതുണയോടുകൂടി ജലാലുദ്ദീൻ അബ്ദുൾ മുസഫർ മുഹമ്മദ്ശാഹ് എന്ന

നാമധേയത്തിൽ പതിനാറു വർഷക്കാലം ബംഗാരം ഭരിക്കുകയും ചെയ്തു. പ്രായശ്ചിത്തത്തിനായി, ഗോസ്വർണ്ണദാനം വാങ്ങിയിരുന്ന ബ്രാഹ്മണരെയെല്ലാം അയാരം ഗോമാംസം തീററിച്ച് മുസൽമാന്മാരാക്കുകയും ഒരു ഇസ്ലാംമത സമരം തന്നെ രാജ്യവ്യാപകമായി നടത്തുകയും ചെയ്തു. സ്വന്തം നാട്ടിൽ ആയിരക്കണക്കിനു ബ്രാഹ്മണരെ ബലാല്ക്കാരമായി ഇസ്ലാമതം സ്വീകരിപ്പിച്ചു. അങ്ങനെ ഹിന്ദു സ്വാർത്ഥികളെക്കൊണ്ടു് ബംഗാളിലെ ഹിന്ദുരാജ്യത്തിൻെറ അന്ത്യകർമ്മം നടത്തിക്കുകയാണുണ്ടായതു്.

സ്വാർത്ഥപൂരണത്തിന്നു വേണ്ടി ധമ്മമെടുത്തു പന്താടാൻ ശ്രമിച്ചവർ അവരുടെ വംശത്തോടെ നശിച്ചു. ധമ്മരക്ഷണാർത്ഥം അല്പമെങ്കിലും പ്രവർത്തിച്ചിരുന്നവരുടെ വംശപരമ്പരയാണു് ഇന്നവശേഷിച്ചിട്ടുള്ളതു് വിപത്തുകളെ വിളിച്ചുവരുത്താതെ പരമമായ ജീവിതാദർശം ധർമ്മരക്ഷണമാണെന്ന സത്യം വിസ്മരിക്കാതെ ഈ നിമിഷം മുതൽ കർത്തവ്യാനുഷ്ഠാനത്തിന്നിറങ്ങുക. നമ്മുടെയും, സമുദായത്തിൻേറയും കുടുംബത്തിൻേറയും രാഷ്ട്രത്തിൻേറയും സുഖക്ഷേമൈശ്വര്യങ്ങരംക്കു് നിദാനം ഇതു മാത്രമാണു്.

ധർമ്മ ഏവഹതോഹന്തി
ധർമ്മോ രക്ഷതി രക്ഷിത: *



24–4–1954–ൽ കേസരിയിൽ പ്രസിദ്ധപ്പെടുത്തിയതു്.

# 5 ധർമ്മശീലരാവുക

**നാം** ധർമ്മത്തെ ഹനിച്ചാൽ ധർമ്മം നമ്മെ ഹനിക്കും. നാം ധർമ്മത്തെ രക്ഷിച്ചാൽ ധർമ്മം നമ്മെ രക്ഷിക്കും. അതു കൊണ്ടു് ധർമ്മത്തെ ഹനിക്കാൻ പാടില്ല. ധർമ്മം ഹനിക്കപ്പെട്ടിട്ടു് നമ്മെ വധിക്കാനിടവരാതിരിക്കട്ടെ—(മനുസ്മൃതി-8–15)

വ്യക്തി, കുടുംബം, സമുദായം, രാഷ്ട്രം എന്നീ ജീവിത മണ്ഡലങ്ങളിലെല്ലാം ധർമ്മം ആചരിക്കപ്പെടുന്നതനുസരിച്ചു് ധർമ്മവും ജീവനും രക്ഷിക്കപ്പെടുന്നു. ധർമ്മത്തെ പാലിക്കുന്നില്ലെങ്കിൽ തൽസ്ഥാനത്തു് അധർമ്മത്തിൻെറ ആധിക്യമുണ്ടായി—സുരക്ഷിതമല്ലാത്ത ധർമ്മത്താൽ തന്നെ—നശീകരണ പ്രവണതകൾ വളരും. അതിൻെറ ഫലമോ ദുഃഖം, ദുരിതം, അസ്വസ്ഥത, അശാന്തി. ജനങ്ങൾക്കു ധാർമ്മികപ്രേരണയും പഠിപ്പും പരിശീലനവും യഥാകാലം ലഭിക്കുന്നതിനുവേണ്ടി ക്ഷേത്രങ്ങളും ധർമ്മസ്ഥാപനങ്ങളും ഉണ്ടായി. എന്നാൽ ഇന്നാകട്ടെ ധർമ്മത്തെക്കാൾ അർത്ഥചിന്തയാണു് മിക്ക സ്ഥാപനങ്ങളെയും ഭരിക്കുന്നതു്. അർത്ഥം (ധനം) കിട്ടിയാൽ പിന്നെ കാമചിന്തയായി അങ്ങനെ പണം സമ്പാദിക്കലും ആഗ്രഹങ്ങൾ സാധിക്കലുമാണു് ദേവസ്ഥാനങ്ങളുടെയും ധർമ്മസ്ഥാപനങ്ങളുടെയും ഉദ്ദേശലക്ഷ്യങ്ങളെന്നു് കാണാം. അവയുടെ തല്ക്കാലദുർഗ്ഗതി ശ്രദ്ധിച്ചാൽ ദൈവത്തിൻെറയും ധർമ്മത്തിൻെറയും പേരിൽ ധനാർജ്ജനത്തിനുള്ള ഉപാധികളാക്കി അവ മാററപ്പെട്ടിരിക്കുന്നു. ധനവും ആഗ്രഹങ്ങളും സാധിച്ചുകൊടുക്കുന്നേടത്തോളമേ ദൈവത്തിനും ധർമ്മത്തിനും സ്ഥാനവും മാനവുമുള്ളുവെന്നു് വന്നിരിക്കുന്നു!

അതായതു, കേസ് ജയിക്കുക, പരീക്ഷയിൽ ജയിക്കുക, കച്ചവടലാഭം, ഭാഗ്യക്കുറി ഇത്യാദികാമ്യ പ്രാർത്ഥനകളും വഴിപാടുകളും വരെയാണു് ഈശ്വരഭക്തിയെങ്കിൽ ഇവയെല്ലാം ഭക്തിയില്ലാത്ത നാസ്തികന്മാരും സ്വപ്രയത്നത്താൽ സമർത്ഥമായി സാധിക്കു

ന്നുണ്ടല്ലോ. കാമനകാം നിറഞ്ഞ ഭക്തിയുടെ പരിധി 'തനിക്ക്' എന്നതിൽനിന്ന് തന്റെ കുടുംബം, തന്റെ കക്ഷി എന്നിങ്ങനെ വിശാലമായി വികസിച്ചാലും ഈശ്വരേച്ഛയ്ക്കു സമർപ്പിക്കുന്നതു വരെ വ്യവഹാരംതന്നെയാണ്. ത്രികരണശുദ്ധിയോടുകൂടി ഈശ്വരശരണാഗതി പ്രാപിച്ച ഈശ്വരഭക്തനിൽ എപ്പോഴും ലക്ഷ്യബോധവും ധർമ്മാചരണവും കാണാം. അവരുടെ ഭക്തിയിലും പ്രാർത്ഥനയിലും ആചരണത്തിലും കൃത്രിമമുണ്ടായിരിക്കയില്ല. അവർ ഈശ്വരോന്മുഖമാക്കി വിചാരിക്കുന്നതും പ്രവർത്തിക്കുന്നതും താനുംപ്പെട്ട സമുദായത്തിന്റെ ഹിതത്തിനും ക്ഷേമത്തിനും കാരണമായി ഭവിക്കും. അത്തരം ധർമ്മനിഷ്ഠരുടെ സാമീപ്യത്തിലും സമ്പർക്കത്തിലും മററുള്ളവർക്കും ധാർമ്മിക ഗുണങ്ങാം അനുഭവപ്പെടും, ഈശ്വരഭക്തി വളരും അടുത്തൊരു ക്ഷേത്രമോ ധർമ്മസ്ഥാപനമോ അലങ്കോലപ്പെട്ടു കിടന്നാൽ അതു കാണാത്തഭാവത്തിൽ ഇരിക്കുവാൻ അവർക്കു സാധിക്കുകയില്ല. ഫലിച്ചാലും ഇല്ലെങ്കിലും തന്റേതിനേക്കാം ആ ധർമ്മസ്ഥാപനങ്ങളുടെ നിലനില്പാണാവശ്യമെന്ന കരുതലോടെ ആവുന്നത്ര പ്രവർത്തിക്കും. ആസ്തികർക്ക് ഈയൊരു കർത്തവ്യബോധമെങ്കിലുമില്ലെങ്കിൽ ധർമ്മത്തിനും ഭക്തിക്കും സ്ഥാനമെവിടെ?

പുറമേ ധർമ്മം പ്രസംഗിക്കുകയും ഭക്തി കാട്ടുകയും അകമേ ലോഭമോഹമദമത്സരാദികാം കുടിയിരുത്തുകയും സഹജാതരോട് നിഷ്കരുണം പെരുമാറുകയും ധർമ്മസ്ഥാപനങ്ങളെക്കാം 'തന്റേ'തിനെ പെരുപ്പിക്കുകയും തരംകിട്ടിയാൽ ധാർമ്മികസ്ഥാപനങ്ങളിലും ധാർമ്മികവേഷത്തിൽ സ്ഥാനം പിടിച്ച് ചുരണ്ടിയും ചൂഷണം ചെയ്തും കൊഴുക്കുന്നവരുമുണ്ട്. ധർമ്മത്തെ അവഹേളിക്കുകയും ഹനിക്കുകയും ചെയ്യുന്നവരുടെ ഊഴമനുസരിച്ച്, ധർമ്മം അവരെ ഹനിക്കുന്നു. ഇഹജീവിതത്തിലതിന്ന് പ്രത്യക്ഷാനുഭവങ്ങാംതന്നെ വേണ്ടുവോളം കാണാം. പക്ഷേ പലരും സ്വനാശത്തിലെത്തുന്നതുവരെ കണ്ടാലും കൊണ്ടാലും പഠിക്കയില്ല. വ്യക്തികളുടെ കൂട്ടമാണ് സമുദായം. സമുദായസംബന്ധമാണ് സ്ഥാപനങ്ങാം. വ്യക്തിയെപ്പോലെ, ശരിയായി രക്ഷിക്കപ്പെടാത്ത സ്ഥാപനങ്ങളും ഹനിക്കപ്പെടുന്നു!–ധർമ്മഏവഹതോഹന്തി! സ്വാർ

ത്ഥമോഹത്താൽ ധർമ്മം ചൂഷണം ചെയ്യപ്പെടുന്നതിൻെറ പരിണാമമാണത്. അതിനാൽ ധർമ്മസ്ഥാപനങ്ങളുടെ വളർച്ചയും തളർച്ചയും അതതുസമുദായങ്ങാംക്കുള്ള പങ്കാണ് മുഖ്യം.

ധർമ്മവും, ഭക്തിയും സ്വജീവിതത്തിൽ സ്വാഭാവികമായി വളർത്തുകയും പരാർത്ഥമായി സദ്ഗുണങ്ങാം വ്യാപരിപ്പിക്കുകയും ചെയ്യുന്ന വ്യക്തികളും സ്ഥാപനങ്ങളുമാണ് ധർമ്മത്തെ രക്ഷിക്കുന്നത്. അവർ എല്ലാ നിലയിലും മനസ്സിനെ ഈശ്വരോന്മുഖമാക്കി നിർത്തുന്നു; ത്രികരണശുദ്ധിപൂർവ്വം ധർമ്മം ആചരിക്കുന്നു. ശരിയായ വിദ്യയും വീര്യവും ശ്രദ്ധയും സ്നേഹവും ധൈര്യവും ഔദാര്യവുമെല്ലാം അവരിൽ നിന്ന് പാരമാർത്ഥികലക്ഷ്യത്തോടുകൂടി പരാർത്ഥമായി ചുററുപാടും പ്രസരിക്കും. ശമദമാദിഗുണങ്ങളും ധർമ്മാചരണങ്ങളും വഴി അവർ സമുദായത്തിനു മാർഗ്ഗദർശനം നൽകും. ധാർമ്മിക ദാഹം (ജിജ്ഞാസ) ഉള്ളവർ ആദ്ധ്യാത്മിക–ഉറവയിൽ നിന്നു ധർമ്മപാനം ചെയ്തു ധന്യരാവും. പാത്രം (യോഗ്യത) ഉള്ളവർ പാത്രത്തിൻെറ വലുപ്പമനുസരിച്ച് ധർമ്മജലമെടുത്ത് ജീവിതശുദ്ധിക്കും സമുദായോൽക്കർഷത്തിനും വിനിയോഗിക്കും. അവക്ക് എല്ലാകാര്യത്തിലും ജീവിതാടിസ്ഥാനം ധർമ്മവും, ലക്ഷ്യം ഈശ്വരനുമായിരിക്കും. ഏതുപരിസ്ഥിതിയിലും യാതൊരു പ്രലോഭനങ്ങാംക്കും ധർമ്മമാർഗ്ഗത്തിൽ നിന്നവരെ വ്യതിചലിപ്പിക്കുവാൻ പററില്ല. ആത്മവിശ്വാസവും ധർമ്മനിഷ്ഠയുമുള്ള ആ വ്യക്തികളെയും സമുദായത്തെയും ധർമ്മദേവത കാത്തുരക്ഷിക്കും-ധർമ്മോ രക്ഷതി രക്ഷിത:

കാശിയിലെ ധർമ്മനിഷ്ഠനായ ധർമ്മപാലപണ്ഡിതൻെറ പുത്രൻ, ചരിത്രകാലത്തെ പ്രസിദ്ധ വിശ്വവിദ്യാലയങ്ങളിലൊന്നായ തക്ഷശിലയിൽ ഉപരിപഠനാർത്ഥം പോയി. അവിടെ ആചാര്യന്മാരിൽ ഒരാളിൻെറ പുത്രൻ മരിച്ചവിവരം കേട്ടപ്പോാം ധർമ്മപാലപുത്രൻ ആശ്ചര്യപ്പെട്ടു. പരിസ്ഥിതി നോക്കാതെ "ഇവിടെ യുവാക്കളും മരിക്കുന്നുവോ?" എന്നയാം ചോദിച്ചുപോയി. എല്ലാവരും ശോകഗ്രസ്തരായിരിക്കുമ്പോാം കാശി വിദ്യാർത്ഥിയുടെ ഈ ചോദ്യം പലക്കും പിടിച്ചില്ല. "മൃത്യുതന്നോട് ആലോചിച്ചിട്ടായിരിക്കണം തൻെറ നാട്ടിൽനിന്നും വൃദ്ധന്മാരെമാത്രം കൊണ്ടുപോകുന്നത്"? ഒരാം വ്യംഗ്യാർത്ഥത്തിൽ പറഞ്ഞു.

''ഞങ്ങളുടെ വംശത്തിൽ ഏഴുതലമുറകളായി ഒരൊററ യുവാവും മരിച്ചിട്ടില്ല'' കാശിവിദ്യാർത്ഥി തുടന്നു. അയാളുടെ ദൃഢാഭിപ്രായം ആചാര്യന്മാരിലും സംശയമുളവാക്കി. ഒരു ആചാര്യൻ അതു് പരീക്ഷിച്ചറിവാൻതന്നെ തീർച്ചപ്പെടുത്തി ചത്ത ഒരാട്ടിൻെറ കറെ എല്ലുകൾ ശേഖരിച്ച് പൊതിഞ്ഞെടുത്തുകൊണ്ടു് അദ്ദേഹം കാശിയിലേക്ക പുറപ്പെട്ടു. എല്ലിൻപൊതി ധർമ്മപാലൻെറമുമ്പിൽ നിവർത്തിവെച്ചിട്ടു് ശോകമൂകത ഭാവിച്ചു. പിന്നെ പൊട്ടിക്കരഞ്ഞു കൊണ്ടു് അറിയിച്ചു. 'അങ്ങയുടെ പുത്രൻ അകാലമരണമടഞ്ഞ ദുഃഖവാർത്ത അറിയിക്കവാനാണു് ഞാൻ വന്നതു്; ഇതാ ഭൗതികാവശിഷ്ടം'.

ധർമ്മപാലൻ യാതൊരു കുലുക്കവും കൂടാതെ ചിരിച്ചുകൊണ്ടു പറഞ്ഞു. 'അങ്ങേയ്ക്കു തെററു പററിപ്പോയി. മരിച്ചതു വേറെ ആരോ ആയിരിക്കാം. ഞങ്ങളുടെ കുലത്തിൽ കഴിഞ്ഞ ഏഴുതലമുറകളായി യാതൊരു യുവാവും മരിച്ചിട്ടില്ല '

'എപ്പോഴും ഒരുപോലിരിക്കുമോ, മൃത്യുവിനെ സംബന്ധിച്ചിടത്തോളം പ്രത്യേക കുലത്തിനുവേണ്ടി അങ്ങനെയൊരു നിയമവുമില്ല. അതിനു വൃദ്ധനെന്നോ ബാലനെന്നോ യുവാവെന്നോ ഉള്ള പരിഗണനകളൊന്നുമില്ലല്ലൊ' ആചാര്യൻ അല്പം കുണ്ഠിതപൂർവ്വംപറഞ്ഞു.

'പക്ഷെ ആചാര്യരെ! എൻെറ വാക്കുകൾ ശ്രദ്ധിക്കു; ഞങ്ങൾ സനാതന ധർമ്മാലംബമായ ധർമ്മങ്ങൾ ബദ്ധശ്രദ്ധരായി ആചരിക്കുന്നവരാണു്. ഞങ്ങൾക്കറിയാം ഞങ്ങൾ കുടുംബവും കുലവും എന്തെല്ലാം ലാഭനേഷ്ടങ്ങൾ അനുഭവിക്കുമെന്നു്. ഞങ്ങൾ എല്ലായ്പോഴും അധർമ്മത്തിൽനിന്നകന്നു ജീവിക്കുന്നു. സത്സംഗതല്പരരാണു്. ദുർജ്ജനങ്ങളെ നിന്ദിക്കാതെതന്നെ അവരെ ധർമ്മതല്പരരാക്കാനുള്ള യത്നം തുടരുന്നു. വാക്കിലും പെരുമാററത്തിലും വേണ്ടുവോളം വിനയപൂർവ്വം ദാനാദിധർമ്മങ്ങൾ ചെയ്യുന്നു. വേദവിത്തുക്കളായ വിദ്വാന്മാർ, സന്യാസിമാർ, അതിഥികൾ, ദീനരും ദുഃഖിതരുമായവർ എന്നിങ്ങനെ എല്ലാവരെയും ധർമ്മാനുസൃതം സല്ക്കരിക്കുകയും ശുശ്രൂഷിക്കുകയുംചെയ്യുന്നു, ഞങ്ങളുടെ സ്ത്രീകൾ പതിവ്രതകളും പുരു

ഷന്മാർ ഏകപത്നീവ്രതരാണ്, സംയമികളാകുന്നു. ധർമ്മദേവത ഞങ്ങളെ ചതിക്കയില്ലെന്നു ബോദ്ധ്യമുണ്ട്. ധർമ്മനിഷ്ഠരായി ജീവിക്കുന്ന ഞങ്ങളുടെ കുലത്തിൽനിന്നു ആരെയും അകാലത്തു ഹനിക്കുവാൻ യമധർമ്മൻപോലും ഇഷ്ടപ്പെടുകയില്ല ' ധർമ്മപാലൻെറ വിശ്വാസദാർഢ്യമുള്ള വാക്കുകൾകേട്ട് ആചാര്യൻ നമ്രശിരസ്കനായി.

'ശരിയാണ്. ധർമ്മനിഷ്ഠയുള്ളവരുടെ ഇച്ഛാശക്തി അത്ഭുതാവഹമാകുന്നു,' ആചാര്യൻ തൻെറ പരീക്ഷണോദ്ദേശം വ്യക്തമാക്കി. 'മഹാശയ, അങ്ങയുടെ പുത്രൻ ജീവനോടെ സൗഖ്യമായിരിക്കുന്നു '


'ആരാണോ ധർമ്മത്തെ രക്ഷിക്കുന്നത്, അവരെ ആർക്കും നശിപ്പിക്കാനാവില്ല'. ധർമ്മപാലൻ തുടർന്നു ഞങ്ങൾ ' ഒന്നുചേർന്നു ധർമ്മത്തെ രക്ഷിക്കുന്നതിനാൽ ധർമ്മം ഞങ്ങളെയും രക്ഷിക്കുന്നു. ഈ ആത്മവിശ്വാസത്തിലും ധർമ്മനിഷ്ഠയിലും ഞങ്ങളിൽ ഒരാൾക്കു പോലും സന്ദേഹമില്ല—'ധർമ്മോ രക്ഷതി രക്ഷിതഃ

ധർമ്മത്തെ അവഗണിച്ചാൽപിന്നെ അധർമ്മത്തിൻെറ വിളയാട്ടമായിരിക്കും. അധർമ്മാചരണത്തിൽ ആസുരീസമ്പത്ത് വർദ്ധിക്കും, മാനുഷികഭാവം ലോപിക്കും, രാക്ഷസവൃത്തികളുടെ ത്വരിതഗമനത്തിൽ അഹങ്കരിക്കും, സ്നേഹവും ഭക്തിയും മററും ബാഹ്യപ്രകടനങ്ങളിലൂടെ മയക്കും, ആന്തരികമായി ഈശ്വരാസ്തിക്യത്തെധിക്കരിക്കും, സുഭിക്ഷതയിലും ആർത്തിപെരുകും, വിദ്യാസമ്പന്നതയിലും അവിദ്യയുടെ—അജ്ഞാനത്തിൻെറ—കടന്നൽ കൂട്ടകൾ ഹൃദയഗുഹകളിൽ കൂടുകെട്ടും, ഫലമോ സർവ്വത്ര അസ്വസ്ഥത, അശാന്തി, അനാവൃഷ്ടി, അതിവൃഷ്ടി, ആധി, വ്യാധി, ദുഃഖം! വ്യക്തിക്കെന്നപോലെ സമുദായത്തിൻെറ സ്ഥാപനങ്ങളുടെ സേവന ധർമ്മവും രക്ഷിക്കപ്പെടാത്തതിൻെറ പരിണാമമാണിത്. അതുകൊണ്ട് "ധർമ്മത്തെ ഹനിക്കപ്പെട്ടിട്ട് നമ്മെ നശിപ്പിക്കാനിട വരാതിരിക്കട്ടെ—" തസ്മാദ്ധർമ്മോ ന ഹന്തവ്യോ മാനോധർമ്മോഹതോവധീത്.

ധർമ്മം അനുഷ്ഠിക്കുവാൻ ഭാഗ്യാതിരേകംകൊണ്ടു ലഭിച്ചിരിക്കുന്ന ഈ സന്ദർഭം—മനുഷ്യജന്മം—നശ്വരവും ജഡിലവുമായ സ്വാർത്ഥമോഹങ്ങൾക്കുവേണ്ടി പാഴാക്കിതുലക്കരുതെന്നു ധർമ്മശാസ്ത്രം

കാലേക്കുട്ടിതാക്കീതു ചെയ്യുന്നു. സ്വയം ധർമ്മനിഷ്ഠരാവുകയും തദനുസരണം നിസ്വാർത്ഥമായി, ഈശ്വരകൈങ്കര്യമായി ധർമ്മസ്ഥാപനങ്ങൾ നടത്തുകയും ചെയ്യുക; വ്യക്തികളുടെ ധർമ്മാചരണം സമുദായഭദ്രതയ്ക്കും, ഐക്യത്തിനും, ക്ഷേമത്തിനും കാരണമാകും. സമുദായം ക്ഷേമവും കെട്ടുറപ്പുള്ളതുമായാൽ തന്റെയും കുടുംബത്തിന്റെയും ജീവിതം (ലൗകിക തലത്തിലെങ്കിലും) ഭദ്രമായിരിക്കും. ഇല്ലെങ്കിൽ 'ഇതോ നഷ്ടസ്തതോഭ്രഷ്ട'.—ഇവിടെയെല്ലാം നഷ്ടവും അവിടെനിന്നും ഭ്രഷ്ടനമാവാനിടവരും. അതുകൊണ്ടു് ധർമ്മശാസ്ത്രം അനുശാസിക്കുന്നു.—ആക്കറിയാം, ആരുടെ മരണകാലം അടുത്തെന്നു്? യുവാവായിരിക്കെ തന്നെ ധർമ്മശീലരാവുക. ഈ ജീവിതം അനിത്യമാണു് വിവേകമുള്ളവർ കൗമാരദശയിൽതന്നെ ശ്രവണകീർത്തനാദി ഭാഗവതധർമ്മങ്ങൾ അനുഷ്ഠിക്കണം. മനുഷ്യജന്മം എത്രയോ ദുർല്ലഭം കിട്ടിയാലും എപ്പോൾ നശിക്കുമെന്നു തീർച്ചയില്ല. പരമപുരുഷാർത്ഥം തരാൻ ഈ മനുഷ്യജന്മത്തിനേ സാധിക്കയുള്ളൂ.

—(മഹാഭാരതം)



1975 ജൂലൈ ലോകശാന്തി മാസികയിൽ പ്രസിദ്ധപ്പെടുത്തിയതു്.

# 6 ധർമ്മംചര....ധർമ്മംചര

ആദിനാരായണൻ തൊട്ടിങ്ങോട്ട് ശ്രീനാരായണ ഗുരുവരെയും സ്ഥിരപ്രതിഷ്ഠരായ ആചാര്യന്മാരെല്ലാം ധർമ്മത്തെപ്പററിയും ധർമ്മനിഷ്ഠയെക്കുറിച്ചും ഊന്നിപ്പറഞ്ഞിട്ടുണ്ട്. ഇതേവരെ ഉണ്ടായ സമസ്തഗ്രന്ഥങ്ങളുടെയും മൂലഗ്രന്ഥമായ വേദം, ധർമ്മം ആചരിക്കുക ധർമ്മമാചരിക്കുക—ധർമ്മംചര—യെന്നു ആവർത്തിച്ചുരാം ചെയ്യുന്നു.

ധർമ്മത്തിനുമുണ്ട് ഭൗതികം, ആദ്ധ്യാത്മികം, ദൈവീകമെന്നീ മൂന്നു നിലവാരങ്ങൾ. പിച്ചക്കാശു കൊടുക്കുന്നതുമുതൽ കഠിനതപസ്സ് അനുഷ്ഠിക്കുന്നതുവരെ ധർമ്മം പലവിധം. പ്രപഞ്ചത്തിലെ നാനാത്വമനുസരിച്ച് ധർമ്മപരിവാരങ്ങളായ സദാചാരം— സന്മാർഗ്ഗം— നിലനില്ക്കുന്നു. സദാചാരം അഥവാ സന്മാർഗ്ഗമാണ് ധർമ്മത്തിന്റെ പ്രഭവസ്ഥാനം. ധർമ്മഗുണങ്ങളെ പോഷിപ്പിക്കുകയും അധർമ്മഗുണങ്ങളെ ശോഷിപ്പിക്കുകയും ചെയ്യുന്നെങ്കിലേ വ്യക്തിയിലായാലും സമൂഹത്തിലായാലും ജീവിതക്ഷേമവും ദുഃഖനിവൃത്തിയും സംജാതമാവൂ. അധർമ്മത്തിലും ദുരാചാരത്തിലും നേടുന്ന സുഖക്ഷേമങ്ങൾ, ചൊറിചിരങ്ങുകൾ ചൊറിഞ്ഞാലുണ്ടാവുന്ന സുഖാശ്വാസങ്ങളെപ്പോലെ നൈമിഷികവും ദുരന്തദുഃഖവുമായിരിക്കും. ആരംഭത്തിൽ ദുഃഖകരമായി തോന്നിയാലും ദുരാചാരത്തെവിട്ട് സദാചാരത്തിലേയ്ക്കു തിരിയണം. സദാചാരത്തിൽ ധർമ്മമാർഗ്ഗം തെളിയും. ധർമ്മമാർഗ്ഗത്തിൽ ചരിച്ചാൽ പാരമാർത്ഥികമാർഗ്ഗം തെളിയും. ഭൗതികധർമ്മ–കർമ്മങ്ങൾ കൂടിയും പരമധർമ്മത്തെ ഉന്നംവെച്ച് വർത്തിക്കണം—പരമസത്യത്തിലേക്കു നയിക്കുന്നതായിരിക്കണം. മറിച്ചായാൽ അധർമ്മങ്ങളും അസ്വാസ്ഥ്യതകളും പെരുകും. അഗ്നിജ്വാലയുടെ പളപളപ്പിൽ വ്യാമോഹിച്ചുവശരായ ഇയ്യാംപാററകളെപ്പോലെ ഉടന്തടിചാട്ടം തുടർന്നുകൊണ്ടിരിക്കും!

വ്യക്തി, കുടുംബം, സമുദായം, രാഷ്ട്രം, വിശ്വം എന്നിങ്ങനെ ഓരോനിലയിലും അതതിന്റേതായധർമ്മമുണ്ട്. വൈദ്യന്

വക്കീലിനു്, വ്യാപാരിയ്ക്കു്, തോട്ടിയ്ക്കു് എല്ലാവക്കും അവരവരുടേതായ ധർമ്മമുണ്ടു്. കുലധർമ്മം, സമാജധർമ്മം, രാഷ്ട്രധർമ്മം, പുരുഷധർമ്മം, സ്ത്രീധർമ്മം, എന്നിങ്ങനെ സ്വധർമ്മമെന്നും, കർത്തവ്യമെന്നും വ്യവഹരിയ്ക്കപ്പെടുന്നവ അസംഖ്യം. ഓരോന്നും പൊതുധർമ്മത്തിനനുയോജ്യമായി പ്രവർത്തന ക്ഷമമാകുന്നെങ്കിലേ പുരോഗതിയാവൂ. മകനെ സത്സ്വഭാവിയും സ്വധർമ്മനിഷ്ഠനുമാക്കുകയെന്നതു് പിതൃധർമ്മമാകുന്നു. മററുഭൗതിക വിദ്യകളുടെ പഠിപ്പും പദവിയുമെല്ലാം സത്സ്വഭാവത്തിനു താഴെയാവണം. അതുപോലെ പിതാവു് ലോകപരിചയത്തിലും പഠിപ്പിലും പദവിയിലും മററും തന്നെക്കാഠം താണ നിലവാരത്തിലാണെങ്കിലും തന്നെ ഈനിലയിലെത്തിക്കുന്നതിനു കണ്ണും കരുത്തുമായിരുന്ന ജനകനെന്നഭാവം പുത്രനിൽ പുത്രധർമ്മംദ്യോതിപ്പിക്കുകയും തദനുസരണം പ്രാവർത്തികമാവുകയും വേണം. അതുപോലെ മററെല്ലാ കർത്തവ്യങ്ങളും അതതു ധർമ്മങ്ങളിലൂടെ പ്രാവർത്തികമാക്കിക്കൊണ്ടുവേണം പരമധർമ്മത്തിലേയ്ക്കു പുരോഗമിക്കുവാൻ. ഉദാഹരണത്തിനു മാതാവിനെ മാതാവായികാണാനും ശുശ്രൂഷിക്കുവാനും മടിക്കുന്ന പുത്രനെ നാസ്തികലോകം കൂടിവെറുക്കുന്നില്ലേ! വ്യവഹാര നിലവാരത്തിൽ സ്വധർമ്മത്തിനും വർണ്ണാശ്രമധർമ്മത്തിനും പ്രാധാന്യമുണ്ടു്. മനുഷ്യജീവിതത്തിൽ ജീവശ്ശുദ്ധീകരണത്തിനുള്ള ആദ്യപടവാണതു്.

സർവ്വധർമ്മ—കർമ്മങ്ങളും പരിത്യജിച്ചു് ഈശ്വരശരണാഗതിയിലെത്തുന്ന സ്ഥിതിവിശേഷം ഒന്നുവേറെയാണു്. വ്യവഹാരജീവിതവും കർമ്മമണ്ഡലവും കടന്നു ചെല്ലുന്ന സുകൃതികഠക്കു് പാരമാർത്ഥികഭാവമല്ലാതെ മറെറാന്നും ശേഷിക്കുന്നില്ല. അവിടമെത്താത്തവരാണു് 95 ശതമാനവും. അവർ സ്വധർമ്മവും അതിൻെറ ഉപാംഗങ്ങളും (വർണ്ണാശ്രമ പ്രതിപാദിതമായ സദാചാരവും) യഥാക്രമം ശ്രദ്ധാപൂർവ്വം അനുഷ്ഠിക്കുവാൻ ബാദ്ധ്യസ്ഥരാണു്. ജലത്തിൻെറ ധർമ്മം തണുപ്പാണു്. അഗ്നിയുടെ ധർമ്മം ചൂടാണു്. അതതിൻെറ ധർമ്മത്തിൽ ലോകോപകാരപ്രദങ്ങളായിവർത്തിക്കുന്നു. വേണ്ടവിധം വർദ്ധിച്ചില്ലെങ്കിൽ ഭയങ്കര നാശനഷ്ടങ്ങഠക്കു കാരണമായിത്തീരും. വഴിയിൽ കണ്ട കയറെടുത്തു് പൊതു കിണററിൽ വെള്ളം കോരാൻ ഉപയോഗിക്കാം. അതേ കയർതന്നെ വേറൊരാഠം കുരുക്കുണ്ടാക്കി കൊള്ളയടിക്കുവാനും ഇനിയൊരാഠം

കഴുത്തിൽകെട്ടി ആത്മഹത്യചെയ്യാനും ഉപയോഗിക്കും. അതതു പദാർത്ഥധർമ്മങ്ങളുടെ ഉപയോഗക്രമത്തിന്റെ ഏററക്കുറച്ചിലുകൾ നിമിത്തം അതതുധർമ്മങ്ങളെത്തന്നെ ധാർമ്മികമായും അധാർമ്മികമായും മാററുന്നു. പൊതുജനസേവനത്തിൽ തല്പരരായവർ ആത്മാർത്ഥതയുണ്ടെങ്കിൽ ധർമ്മിഷ്ഠരാവും. പരധർമ്മമോഹിതരായി ചൂഷണത്തിനാണ് ഭാവമെങ്കിൽ അധർമ്മികളുമാവും. വ്യാപാരത്തിലും കൃഷിയിലും മററും ന്യായവും മിതവുമായ ലാഭത്തിനുപകരം കൊള്ളലാഭത്തിൽ കൊതികൊണ്ടാൽ അധർമ്മമായി. സമൂഹസേവയുടെയും രാഷ്ട്രക്ഷേമത്തിന്റെയും പേരിൽ പരധർമ്മാനുസൃതരായി കക്ഷിമത്സരവും ജനചൂഷണവും സാധിക്കുന്നതു സ്വധർമ്മമാകയില്ല; അതു് വഞ്ചന നിറഞ്ഞ സ്വാർത്ഥതയാണ്; അധർമ്മമാണ്. വിദ്യയുടെ ഉറവിടമായ വേദം പഠിപ്പിക്കുകയും പഠിക്കുകയും ചെയ്യില്ലെങ്കിൽ അതറിയാനുള്ള വാതലെങ്കിലും കൊട്ടിയടയ്ക്കാതിരിക്കണം; ആ വിദ്യയുടെ അദ്ധ്യയനംകൊണ്ടു് വിദ്യയെ മറക്കാനും മറയ്ക്കാനും ദുർഗ്ഗതിവരുത്തിയാൽ അതു മഹാപാതകവും അധർമ്മവുമാകുന്നു.

ധർമ്മശാസ്ത്രത്തിൽ സദാചാരം അഥവാ സന്മാർഗ്ഗശാസ്ത്രം മുഖ്യഘടകമാകുന്നു. സദാചാരനിഷ്ഠയെന്നു പറഞ്ഞാൽ ആരോ എപ്പോഴോ പറഞ്ഞു കേട്ടതിനെ യാന്ത്രികമായി ആചരിക്കുന്നതല്ല. ധർമ്മാധർമ്മ വിവേചനമില്ലാത്ത ചില വിശ്വാസങ്ങളുടെ അന്ധാനുകരണവുമല്ല. സുദൃഢവും യുക്തിയുക്തവുമായി പ്രവർത്തിക്കുന്ന ജീവികൾ പരസ്പരം സഹവർത്തിത്വത്തിൽ കഴിയേണ്ടതെങ്ങിനെയെന്നും അന്യജീവികളുടെ നേരെ വർത്തിക്കേണ്ട ക്രമത്തേയും അതുകാട്ടിത്തരുന്നു. പരസ്പരസംബന്ധമുള്ളതും യഥാക്രമം വിന്യസിക്കപ്പെട്ടതുമായ തത്വസമുച്ചയത്തെയും ആ സംബന്ധങ്ങളുടെ മൂലപ്രമാണങ്ങളേയും അതു നിർദ്ദേശിക്കുന്നു. ധർമ്മമാർഗ്ഗം സ്വാഭാവികവും സുഗമവുമാക്കാൻ ജീവിതത്തിന്റെ പ്രാഥമിക ഘട്ടത്തിൽതന്നെ സദാചാരനിഷ്ഠ നിർബന്ധമാക്കിയിരിക്കുന്നു. ധർമ്മമാർഗ്ഗം സ്വാഭാവികമായി തെളിഞ്ഞാൽ പിന്നെ ആദ്ധ്യാത്മിക മാർഗ്ഗത്തിലേയ്ക്കു് ഗമിക്കുകയായി. അവിടന്നങ്ങോട്ടു് ധർമ്മാധർമ്മ വിവേചനത്തേക്കാൾ പാരമാർത്ഥികതത്വമാണ് മാർഗ്ഗദർശനം നല്കുക. ബഹിരാകാശ ഉപഗ്രഹത്തിനു ഭൂമാകർഷണ പരിധിവരെ ആവശ്യമായിരിക്കുന്ന റോക്കററുപോലെയാണ് ജീവിതോന്നതിക്കു സദാചാരത്തിന്റെ പ്രയോജനം.

അതിനാൽ ധർമ്മശാസ്ത്രം പറയുന്നു!—സദാചാരത്തിന്റെ ലക്ഷണം ധർമ്മനിഷ്ഠയാണ്. സത്തുക്കൾ സദാചാരമാകുന്ന ലക്ഷണത്തോടുകൂടിയവരാണ്. സകല ആഗമങ്ങളിലുംവച്ച് ശ്രേഷ്ഠമായിട്ടുള്ളത് — ഏററവും ശ്രേയസ്കരമായിട്ടുള്ളത്— സദാചാരമാകുന്നു. സദാചാരത്തിൽനിന്നും ധർമ്മമുണ്ടാകുന്നു. ധർമ്മനിഷ്ഠകൊണ്ട് ആയുസ്സും ഐശ്വര്യവും വർദ്ധിക്കുന്നു. ധർമ്മാർത്ഥകാമമോക്ഷമെന്ന പുരുഷാർത്ഥങ്ങളിൽവെച്ച് മോക്ഷമാകുന്നുഏററവും ഉല്കൃഷ്ടമായ ഫലത്തെ ഉണ്ടാക്കുന്നതു്; അതുതന്നെ പുരുഷാർത്ഥം.

ആചാരലക്ഷണോ ധർമ്മഃ
സന്തസ്ത്വാചാരലക്ഷണാഃ
ആഗമാനാം ഹിസർവ്വേഷാം
ആചാരഃ ശ്രേഷ്ഠ ഉച്യതേ
ആചാര പ്രഭവോ ധർമ്മോ
ധർമ്മാദായുർവ്വിവർദ്ധതേ
ആചാരാല്ലഭതേഹ്യായുഃ
ആചാരാല്ലഭതേശ്രിയം
തത്രാപിമോക്ഷ ഏവാർത്ഥ
ആത്യന്തികതയേഷ്യതേ (വി ഭാ )

ഏതു രംഗത്തായാലും ജീവിതത്തിനൊരു ലക്ഷ്യം ഉണ്ടായിരിക്കണം. ആ ലക്ഷ്യപ്രാപ്തിക്ക ഒരു നിഷ്ഠയും ആവശ്യമാണ് സ്വാർത്ഥവും ആസുരവുമായ ക്ഷണികജീവിതത്തിനു അധർമ്മവും അസാന്മാർഗ്ഗികവുമായ നൈമിഷികനിഷ്ഠകൾ പ്രഗത്ഭമായും തന്മയത്വത്തോടുകൂടിയും പാലിക്കാറുണ്ട്, എന്നാൽ സനാതനവും അനശ്വരവുമായ പരമലക്ഷ്യപ്രാപ്തിക്ക ക്ഷണികസുഖങ്ങൾക്കും പ്രലോഭനങ്ങൾക്കുമുപരിധർമ്മനിഷ്ഠയാണ് വേണ്ടതു്. ആദ്യം അരോചകമാണെങ്കിലും ആനന്ദപ്രാപ്തിയാണ് അന്തിമഫലം മനുഷ്യപ്പിറവിയുടെ പ്രാധാന്യം—ഉദ്ദേശ്യവും ലക്ഷ്യവും—അറിയുന്നതു തന്നെ പരമധർമ്മം. അതറിയാൻ സഹായകമാകുന്ന കർമ്മങ്ങളെ 'പ്രവൃത്തിധർമ്മ'മെന്നും, അറിഞ്ഞു സാക്ഷാൽക്കരിക്കുവാനുള്ള കർമ്മപദ്ധതി—സാധനയെ നിവൃത്തിധർമ്മമെന്നും പറയുന്നു. പ്രവൃത്തിധർമ്മത്തിൽ തന്റെയും അന്യരുടേയും ഇഷ്ടത്തിനു മുൻതൂക്കമുണ്ട്. നിവൃത്തിധർമ്മത്തിൽ തന്റെയും അന്യരുടേയും ഹിതം നോക്കുന്നു. ആദ

ത്തേതു കൂടുതൽ ബഹിർമ്മുഖവും, രണ്ടാമത്തേതു കൂടുതൽ അന്തർമ്മുഖവുമായിരിക്കും. പ്രവൃത്തിധർമ്മത്തെപൊതുവേ രണ്ടായി വിഭജിക്കാം— സാമാന്യധർമ്മമെന്നും വിശേഷധർമ്മമെന്നും. നിത്യാനുഷ്ഠാനകർമ്മങ്ങളും സാമാന്യമര്യാദകളും മറ്റും ഉൾപ്പെടുന്ന സദാചാരമാണ് സാമാന്യധർമ്മം. വിശേഷാവസരങ്ങളിൽ ചെയ്യുന്ന കർമ്മങ്ങളും, ധർമ്മ പ്രചാരാദിയജ്ഞ സ്വഭാവമുള്ള കർമ്മങ്ങളും വിശേഷധർമ്മമാകുന്നു. നിവൃത്തിധർമ്മത്തിൽ കർമ്മം കർമ്മയോഗമായും വ്യവഹാരം സാധനയായും പരിണമിക്കുന്നു

നാനാത്വരംഗത്തിൽ വൈഷ്ണവധർമ്മം, ശൈവധർമ്മം, ബുദ്ധധർമ്മം, ക്രിസ്തുധർമ്മം, നാരായണധർമ്മം തുടങ്ങിയ വിവിധ ധർമ്മങ്ങൾ കാലദേശാനുസൃതം ഉണ്ടാവാം. ധർമ്മച്യുതിയും ധർമ്മസംസ്ഥാപനവും തുടർന്ന് കൊണ്ടിരിക്കുന്നതും പ്രപഞ്ചനിയതിയാണ്. ധർമ്മപരിപോഷണത്തിനു പ്രാദുർഭവിക്കുന്ന മഹാധർമ്മങ്ങൾക്കും ശാഖകളും ഉപശാഖകളുമുണ്ടാവാം. പരമകാരുണികനായ ഈശ്വരൻ മാത്രമാണ് പ്രപഞ്ചസത്ത. ഈശ്വരൻ മാത്രമാണ് പരമസത്യം. ഈശ്വരപ്രാപ്തിയാണ് ജീവിതത്തിന്റെ പരമലക്ഷ്യം. ഈശ്വരഗുണങ്ങളാണ് ധർമ്മഗുണങ്ങൾ. അവ മനുഷ്യജീവിതത്തിൽ–വിചാരത്തിലും വാക്കിലും പ്രവർത്തിയിലും പ്രതിഫലിക്കുമ്പോൾ മാത്രമേ ശരിയായ സാഹോദര്യവും സമത്വവും ക്ഷേമവും അനുഭവപ്പെടൂ. അതാണ് വേദമാതാവ് അരുൾ ചെയ്യുന്നത്: "ധർമ്മംചര— ധർമ്മംചര" എന്ന്, ശ്രീനാരായണഗുരുവും ആഹ്വാനം ചെയ്യുന്നു.

ധർമ്മത്താലേകമാം ജാതി
ധർമ്മത്താലേകമാം മതം
ധർമ്മം താനേകമാം മതം
ധർമ്മം ദീക്ഷിക്ക സർവ്വരും.

1975 ജൂൺ 'ലോകശാന്തി' മാസികയിൽ പ്രസിദ്ധപ്പെടുത്തിയത്.

# 7 "ധർമ്മം ദീക്ഷിക്കു സർവരും"

കണ്ണഞ്ചിക്കുന്ന കാഴ്ചകളും, കണ്ണാനന്ദകരമായ കളമൊഴികളും, സ്വാദിഷ്ഠമായ ഭോജ്യപദാർത്ഥങ്ങളും, ഊഷ്മളമായ സുഗന്ധ ദ്രവ്യങ്ങളും, വൈകാരിക നിർവൃതിയുളവാക്കുന്ന മററു ക്രിയാ കലാപങ്ങളും നൈമിഷിക സുഖോപാധികളാണെന്നു നിമിഷനേരത്തെ ഏകാഗ്രചിന്തകൊണ്ടു് ബോദ്ധ്യപ്പെടും. പക്ഷെ നിമിഷസുഖങ്ങളുടെ കുടുക്കുകളിൽപെട്ടവർക്കു ആ വഴിക്കു ചിന്തിക്കുവാൻ ഇഷ്ടമാവില്ല. അതാണ് ലോകസ്വഭാവം. അനിഷ്ടങ്ങൾക്കും അസുഖങ്ങൾക്കും അന്യരിൽ പഴിചാരി, താനും തൻേറതും ശരിയെന്നു സ്ഥാപിക്കാനാണ് ബഹുഭൂരിപക്ഷവും വെമ്പൽകൊള്ളുന്നതു്. പഞ്ചേന്ദ്രിയ സുഖ:ദുഖാനുഭവങ്ങളിൽ ചെന്നവസാനിക്കുന്ന പഠിപ്പും ബുദ്ധിസാമർത്ഥ്യവും പരിഷ്ക്കാരങ്ങളുമെല്ലാം ഭൗതികമാണ്, നശ്വരമാണ്. ആത്മീയ ലക്ഷ്യമറിഞ്ഞു് ആ വഴിക്കു നയിക്കപ്പെടുന്ന മനോവാക്കായ കർമ്മങ്ങൾ, ഇന്നല്ലെങ്കിൽ നാളെ അനശ്വരതയിലെത്തിക്കും. ഈ രണ്ടു വിഭാഗം മനുഷ്യജീവിതത്തിൽ ആദ്യത്തേതു് പരിഷ്കൃതമായ ജന്തുധർമ്മവും രണ്ടാമത്തേതു സാധാരണ മനുഷ്യധർമ്മവുമാകുന്നു. രണ്ടും ഭൗതികംതന്നെയെങ്കിലും, രണ്ടാമത്തേതു് പരമധർമ്മത്തിലേക്കുള്ള മാർഗ്ഗം സുഗമമാക്കിത്തീർക്കുന്നു.

ആദ്ധ്യാത്മിക ലക്ഷ്യത്തോടുകൂടിയ മനുഷ്യധർമ്മംകൊണ്ടു്, ഭൗതികജീവിതം അപരിഷ്കൃതമാവണമെന്നില്ല. നേരെമറിച്ചു് അതാണ് വാസ്തവത്തിൽ പരോപകാരപ്രദവും പരിഷ്കൃതവും നിലനിൽപ്പുള്ളതുമായ ജീവിതം. പക്ഷെ, അതു് പുറംപൂച്ചുകളിലും പൊള്ളച്ചിരികളിലും മയങ്ങുകയില്ല. ശ്രീ നാരായണഗുരുവിനെത്തന്നെ നോക്കുക; പുറമെ അദ്ദേഹം ഒരു സാധാരണ മനുഷ്യനെപ്പോലെ വസ്ത്രധാരണംചെയ്തു, സംസാരിച്ചു, ജീവിച്ചു. ഒരു മുണ്ടും

തോർത്തും ധരിച്ച സഞ്ചരിച്ചിരുന്ന ആ മഹാത്മാവ് അപരിഷ്കൃതനാണെന്നു പറയുവാൻ ആർക്കാണ് ധൈര്യമുണ്ടാവുക? അറിയേണ്ടതിനെ അറിഞ്ഞതിന്റെ ഫലമായി സ്വയം—സമൂലം—പരിഷ്ക്കാരിയാവുക മാത്രമല്ല, അനേകായിരമെണ്ണത്തിന്റെ പരിഷ്ക്കർത്താവുമായി. പക്ഷെ ഭൗതികമണ്ഡലത്തിലെ പ്രതിഭാസങ്ങളെ മാത്രമാണ് പലരും കാണുക; മരുത്വാമലയിലും അരുവിപ്പുറത്തും മററും അനേകദിനരാത്രങ്ങൾ, ഏകാന്തവും ഏകാഗ്രവുമായിരുന്നു നേടിയെടുത്ത അനന്തശക്തിയെപ്പററി അധികമാരും ചിന്തിക്കാറില്ല. ഭൗതികമായ മായയുടെ സ്വഭാവമാണത്. തികച്ചും ധാർമ്മികമായി പരിവർത്തനപ്പെടുത്താതെ 'ഉണ്മ' ബോദ്ധ്യപ്പെടുകയില്ല.

'ധാർമ്മികം' 'ധർമ്മം' എന്നെല്ലാം വ്യവഹരിക്കപ്പെടുന്നതു തന്നെയെന്താണ്? ശ്രീനാരായണധർമ്മമെന്താണ്? എത്രപേർ ഇതിനെപ്പററി കാര്യമായി, ആത്മാർത്ഥമായി ചിന്തിക്കാറുണ്ട്? ധാർമ്മിക പ്രക്രിയകളെക്കൊണ്ടുവേണം ജീവിത സംസ്കാരമുളവാക്കുവാൻ ഈ സാമാന്യ ധർമ്മങ്ങളെക്കൊണ്ട് സംസ്ക്കാരത്തെ പകപ്പെടുത്തി താനും തന്റേതും പരോപകാരപ്രദമാക്കുമ്പോൾ വിശേഷധർമ്മമായി. അതുതന്നെ താനുൾപ്പെടെ സമൂഹവും സമഷ്ടിയുമായി സ്ഥിതിചെയ്യുന്ന പരമാത്മാവിങ്കൽ സമർപ്പണഭാവത്തോടുകൂടി ഏന്നെന്നേയ്ക്കുമായി ഘടിപ്പിക്കുമ്പോൾ പരമധർമ്മമായി. അതുതന്നെ ജീവിതസാക്ഷാല്ക്കാരമായി, ജന്മസാഫല്യമായി അഥവാ ഐഹികവും പാരത്രികവുമായ ശ്രേയസ്സും നിശ്രേയസ്സുമായി പരിണമിക്കുന്നു അതാണ് വേദം ഉദ്ഘോഷിക്കുന്നത്:

ധർമ്മോ വിശ്വസ്യ ജഗതഃപ്രതിഷ്ഠാ
ലോകേ ധർമ്മിഷ്ഠം പ്രജാഉപസർപ്പന്തി
ധർമ്മേണ പാപമപനുദതി
ധർമ്മേ സർവ്വം പ്രതിഷ്ഠിതം
തസ്മാദ്ധർമ്മം പരമം വദന്തി

സാരം:–ധർമ്മം മാത്രമാണ് വിശ്വത്തിന്റെ നിലനില്പിന്നാധാരം. ധർമ്മാനുസ്യൂതം ജീവിക്കുന്നവരാണ് ബഹുമാനിക്കപ്പെടേ

ണ്ടവർ, പാപകർമ്മങ്ങൾ പൊങ്ങാനിടം നൽകാത്തതു് ധർമ്മം നിമിത്തമാകുന്നു. ധർമ്മത്തിൽ ലോകം പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നതിനാൽ സർവ്വശ്രേഷ്ഠമായതും ധർമ്മം തന്നെയാകുന്നു.

ത്രീണിപാദാ വിചക്രമേ—
വിഷ്ണുർഗോപാ അദാഭ്യ:
അതോ ധർമ്മാണി ധാരയൻ

(ഋക്'സംഹിത 1–12–18)

സാരം:– ഈശ്വരൻ മൂന്നു പാദപരിധിയിൽ, ആകാശമദ്ധ്യത്തിൽ, മൂന്നുലോകങ്ങളെയും സൃഷ്ടിച്ചിട്ട് അതിനകത്തു് ധർമ്മങ്ങളെ (ലോകജീവിതത്തിനുള്ള കർമ്മ സമൂഹങ്ങളെ) സ്ഥാപിച്ചു.

യജ്ഞേന യജ്ഞമയജന്തദേവാസ്താനി
ധർമ്മാണി പ്രഥമാന്യാസാൻ

ഋഗ്വേദം 10–90–19)

സാരം:— യജ്ഞപുരുഷനെ (ജഗദീശ്വരനെ) ദേവതകൾ യജ്ഞങ്ങളെക്കൊണ്ടു് (ത്യാഗമയജീവിതത്തെക്കൊണ്ടു്) ആരാധിച്ചിരുന്നു. ഇതു പ്രാഥമിക ധർമ്മമാണു്. ദേവലോകത്തിന്റെ പ്രേരണയാൽ മനുഷ്യലോകത്തിൽ യജ്ഞം പ്രാവർത്തികമായി.

അധർമ്മപ്രഭവം ചൈവ
ദുഃഖയോഗം ശരീരിണാം
ധർമ്മാർത്ഥപ്രഭവം ചൈവ
സുഖ സംയോഗമക്ഷയം

(മനു–6–64)

സാരം:— ശരീരധാരികളുടെ എല്ലാദുഃഖങ്ങളും അധർമ്മത്തിൽ നിന്നുണ്ടാവുന്നു; അക്ഷയസുഖത്തിനുള്ള സൗഭാഗ്യം ധർമ്മത്തിൽ നിന്നും.

ഇനി ശ്രീനാരായണഗുരുദേവന്റെ ധർമ്മോപദേശം ശ്രദ്ധിക്കുക; അവിടുന്നു ആഹ്വാനം ചെയ്യുന്നു:

ധർമ്മത്താലേകമാം ജാതി
ധർമ്മത്താലേകമാം മതം
ധർമ്മംതാനേകമാം മതം
ധർമ്മം ദീക്ഷിക്ക സർവ്വരും

വൈവിധ്യങ്ങളും വൈരുദ്ധ്യങ്ങളും നിറഞ്ഞ പ്രകൃതിധർമ്മത്തിൻേറയും പലവിധ സ്വഭാവധർമ്മങ്ങളുടേയും മദ്ധ്യത്തിൽ സർവ്വമംഗളദായകമായ ധർമ്മത്തെ തിരിച്ചറിയുന്നതെങ്ങനെ? ഇതുതന്നെ ചോദ്യോത്തരരൂപത്തിൽ ഭഗവത്ഗീതയിലും ദർശിക്കാം. ''ധർമ്മേനഷ്ടേകലംകൃൽസ്നമധർമ്മോഭിഭവത്യത'' എന്നു അർജ്ജുനനും, ''ധർമ്മസംസ്ഥാപനാർത്ഥായ സംഭവാമി'' എന്ന ശ്രീകൃഷ്ണനും ധർമ്മത്തെ പിടിച്ചുകൊണ്ടുതന്നെയാണ് സംവാദം നടത്തുന്നതു് അഥവാ ശ്രീകൃഷ്ണധർമ്മമാണ് ഗീതോപദേശം.

അധ്യേഷ്യതേ ച യ ഇമം
ധർമ്മ്യം സംവാദമാവയോ:
ജ്ഞാനയജ്ഞേനതേനാഹ—
മിഷ്ട: സ്യാമിതി മേ മതി:

(ഗീത—18—70)

സാരം:— ധർമ്മത്തിൽ നിന്നു ചലിക്കാത്തതായ, നാം ഇരുവരുടേയും സംവാദരൂപമായ ഈ ഗീതം ആർ പഠിക്കുന്നുവോ ആ പുണ്യവാനാൽ ശ്രേഷ്ഠമായ ജ്ഞാനയജ്ഞം കൊണ്ടു് ഞാൻ ആരാധിക്കപ്പെട്ടവനായി ഭവിക്കുമെന്നാണ് എന്റെ നിശ്ചയം.

മനുഷ്യത്വത്തിന്റെ പൂർണ്ണവികാസത്തിനു് ധർമ്മാചരണവും പുരോഗമിക്കണം. ബാല്യധർമ്മം, ബാല്യകാലത്തേയ്ക്കു ശരി; കൗമാരദശയിലേയ്ക്കു് അതിനു തക്കവണ്ണം ധർമ്മനിഷ്ഠകളും പാകതയുണ്ടാവണം. അതുപോലെതന്നെ കുടുംബധർമ്മം, സന്ന്യാസധർമ്മം മുതലായവയും. കുടുംബധർമ്മനിഷ്ഠ വേണം; പക്ഷെ കുടുംബത്തിൽ കേന്ദ്രീകൃതമായ ജീവിതമെന്നല്ല അതിന്നർത്ഥം. ജീവിതത്തിന്റെ ഒരു പരിധിവരെ കുടുംബധർമ്മം പാലിക്കുന്നതുതന്നെ സമൂഹധർമ്മപന്ഥാവിലേയ്ക്കു കടക്കാനുള്ള ഒരു തയ്യാറെടുപ്പായിരിക്കണം. സമൂഹധർമ്മാചരണത്തിലൂടെ പരമധർമ്മത്തിലെത്തുകയാണ്വേണ്ടതു്. ഓരോ നിലയിലും അനുഷ്ഠിക്കേണ്ടതായ ധർമ്മങ്ങൾ വിവിധങ്ങളാണെങ്കിലും അവയെ ക്രമപ്രവൃദ്ധമാക്കി ഒന്നിച്ചു കൊണ്ടുപോകുന്ന ഒരു ശാശ്വത ശക്തിവിശേഷമുണ്ടു്. അതാണ് ആദ്ധ്യാത്മിക സത്ത. ധർമ്മം തടസ്സപ്പെടുന്നേടത്തു അധർമ്മം തലപൊക്കുന്നു. അഥവാ ധർമ്മംതന്നെ അധർമ്മമായിത്തീരുന്നു. അങ്ങനെയാണ് അനാചാരങ്ങളും അത്യാചാരങ്ങളും ഉടലെടുക്കുന്നതു്.

എല്ലാമണ്ഡലങ്ങളിലും ധർമ്മവും അധർമ്മവുമുണ്ടായിരിക്കമെങ്കിലും ധർമ്മത്തിന്റെ മൻഗുക്കമെനസരിച്ച് ധാർമ്മികമെന്ന നിശ്ചയിക്കുന്നു. ന്യായപ്രധാനമാണ് ഭൗതികജീവിതത്തിലെ ധർമ്മം; അധർമ്മമാകട്ടെ അന്യായപ്രധാനവും. ഭൗതികധർമ്മം വേണ്ടവിധം പുരോഗമിച്ചാൽ പരോപകാരാർത്ഥമായ ആദ്ധ്യാത്മിക ധർമ്മത്തിൽ ചെന്നെത്തും. അത് വേണ്ടവിധം നയിച്ചാൽ പാരമാർത്ഥികമായ പരമധർമ്മത്തിൽ—പരമപുരുഷാർത്ഥത്തിൽ ചെന്നെത്തും. അതാണ് മനുഷ്യജീവിത ലക്ഷ്യം ഇനിയും ഒരു നാണയത്തിന്റെ ഇരുവശങ്ങറം പോലെയാണ് ധർമ്മവും അധർമ്മവും. കൈകാര്യം ചെയ്യുന്നവരുടെ ആത്മീയജ്ഞാനവും ധർമ്മനിഷ്ഠയും, കർമ്മകുശലതയുമനസരിച്ച് ഒരേ പ്രവൃത്തി ധർമ്മമായോ അധർമ്മമായോ പരിണമിക്കാറുണ്ട്, ധർമ്മമേത് അധർമ്മമേത് എന്നു തിരിച്ചറിവാൻ വഹിയാത്ത സന്ദർഭങ്ങളിൽ വേദവാക്യങ്ങളോ അനുഭവജ്ഞരായ ആചാര്യന്മാരോ മാർഗ്ഗദർശനത്തിന്ന ആശ്രയമായി ഭവിക്കുന്നു. മനുഷ്യജന്മമഹത്വമറിഞ്ഞവർ സ്വാഭാവികമായും മഹാത്മാക്കളെ—ആചാര്യന്മാരെ—സദ്ഗുരുനാഥന്മാരെ കണ്ടെത്തുന്നു. അത്തരം മഹാത്മാക്കളിൽ സമുന്നതനായ ശ്രീ നാരായണഗുരുദേവൻ ''ധർമ്മം ദീക്ഷിക്ക സർവ്വരും'' എന്നു ഉപദേശിച്ചതിന്റെ പൊരുളറിയാനും കുറെ ധർമ്മനിഷ്ഠവേണം.*



* 1975—''ചതയോപഹാരത്തിൽ'' പ്രസിദ്ധപ്പെടുത്തിയത്.

# 8 സാമാന്യധർമ്മവും സമുദായവും

ജീവിത സൗകര്യങ്ങൾക്കൊപ്പം ജീവിത സുഖങ്ങളുടെ നിലവാരവും വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്തു് അനുഭവത്തിലെന്താണു് കാണുന്നതു്? ഒരു വശത്തു് സുഖസൗകര്യങ്ങൾ ഉളവാക്കിക്കൊണ്ടിരിക്കുമ്പോൾ മറുവശത്തു് ദുഃഖങ്ങളും അസൗകര്യങ്ങളും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. എത്ര കണ്ടു് സുഖസൗകര്യങ്ങൾ പെരുകുന്നുവോ അതിലേറെ അസുഖവും അസ്വാസ്ഥ്യങ്ങളും കതിച്ചുയർന്നുകൊണ്ടിരിക്കുന്നു. വ്യക്തികളിലും, കുടുംബങ്ങളിലും, സമൂഹങ്ങളിലും, ഭരണകൂടങ്ങളിലും എന്നല്ല ജീവിതത്തിന്റെ എല്ലാ തലങ്ങളിലും ഈ ദയനീയാവസ്ഥ ദൃശ്യമാണു്. ഇന്ദ്രിയങ്ങളും ബുദ്ധിയും സ്വാധീനത്തിലിരിക്കെ, ആരോഗ്യവും പ്രവർത്തനശേഷിയും ഉണ്ടായിരിക്കെ, സുഖസൗകര്യങ്ങളുടെ പളുങ്കുപാത്രം തല്ലിത്തകർത്തുകൊണ്ടു് ഒററയ്ക്കും ഒന്നിച്ചും ആത്മഹത്യചെയ്യുന്ന സംഭവങ്ങളും അപൂർവ്വമല്ലാതായിത്തീർന്നിരിക്കുന്നു.

ഇത്തരം പ്രതിഭാസങ്ങൾ നിത്യസംഭവങ്ങളാണു്. ഭൗതികപുരോഗതിയുടെ പരക്കം പാച്ചിലാണോ ഈ അസ്വാസ്ഥ്യത്തിനു കാരണം? ഭൗതികശാസ്ത്രങ്ങളുടെ അതിപ്രസരമാണോ കാരണം? മനുഷ്യരുടെ സുഖസൗകര്യങ്ങൾക്കും അവയ്ക്കുപരി പ്രപഞ്ചരഹസ്യങ്ങൾ അറിയുന്നതിനുംവേണ്ടി ഭൗതികശാസ്ത്രം പ്രവർത്തിക്കുമ്പോൾ ശാസ്ത്രത്തെ കുററപ്പെടുത്താനാവില്ല. പക്ഷെ പ്രപഞ്ച രഹസ്യാന്വേഷണവും ഭൗതിക സുഖത്തിനെന്നുവരുമ്പോൾ പന്തിയില്ലായ്മ അനുഭവപ്പെടുന്നു. ഭൗതിക പുരോഗതിയുടെ ഫലം ആത്മവിശ്വാസരാഹിത്യവും ആഗ്രഹങ്ങളുടെ പെരുപ്പിക്കലുമാണെങ്കിൽ വേറെ കാരണം അന്വേഷിക്കേണമെന്നില്ല.

ഒരച്ഛൻ മകന്റെ ആവശ്യമറിഞ്ഞു് അഞ്ചുരൂപ അവനു് കൊടുത്തു. അതുകൊണ്ടു് ആവശ്യം നിർവ്വഹിക്കാത്ത ആഗ്രഹങ്ങൾ

സാധിക്കുവാൻ വിനിയോഗിച്ചു. ആവശ്യം നേടിയില്ല, ആഗ്രഹങ്ങൾ അടങ്ങിയതുമില്ല. ഇതാണ് ഇന്നത്തെ വ്യക്തികളിലും സമൂഹങ്ങളിലും സർവ്വസാധാരണമായി കണ്ടുവരുന്നത്. മാനവജീവിതത്തിന്നാവശ്യമായ സർവ്വവും ഈ ലോകത്തിലുണ്ട്. അവ വേണ്ട വിധം വിനിയോഗിക്കാതെ ആശാപാശങ്ങളിലേക്ക് മനോബുദ്ധികളെ അഴിച്ചുവിട്ടുകൊണ്ട് അതാണ് ബുദ്ധിസാമർത്ഥ്യവും പുരോഗതിയും പരിഷ്ക്കാരവുമെന്ന് തന്നെത്താൻ അഭിമാനിച്ചും അഹങ്കരിച്ചും മുന്നേറുന്ന ജീവിതത്തിനുമുണ്ടൊരു അറുതി.

തൽക്കാലം ചെവിക്കൊള്ളുന്നവർ ചുരുങ്ങുമെങ്കിലും സനാതന ധർമ്മമെന്തെന്നനുഭവപ്പെടുത്തിയവക്കറിയാം, സുഖസൗകര്യങ്ങളുടെ ഈ പരക്കംപാച്ചിലിന്റെ അവസാനം ജീവിതത്തിന്റെ 'ഹരി:ശ്രീ' പഠിക്കുവാൻ മനുഷ്യസമുദായം തിരിഞ്ഞുവരില്ലമെന്ന്! ഏതിന്റേയും മൂട് പറിഞ്ഞുപോയാൽ, വീണ്ടും യഥാസ്ഥാനത്തു് ഉറയ്ക്കുന്നതിനു് കുറെ കഷ്ടപ്പാടും കാലതാമസവും മററും വേണ്ടിവരുമല്ലോ.

തകരാറെന്താണെന്നു് ചിലക്കെങ്കിലും സംശയമുണ്ടായേക്കാം. തകരാറിൽതന്നെ ജനിച്ചുവളന്നവക്ക് സന്ദേഹങ്ങളും ലംഘനങ്ങളും, തന്മൂലം സമുദായത്തിലുളവാകുന്ന അസ്വസ്ഥതകളും സഹജവും സർവ്വസാധാരണവുമാണ്. അവകൊണ്ട് സുഖിക്കാൻ പിറന്നവനാണ് താനെന്നു, തൃപ്തിപ്പെട്ടുകൊള്ളുകയും ചെയ്യും. സത്യം, ധർമ്മം, മര്യാദ, ഈശ്വരൻ, ദാനം, ക്ഷമ മുതലായ പദങ്ങളെല്ലാം പഴഞ്ചൻ, പിന്തിരിപ്പൻ, വിശ്വാസികളുടെ വ്യഥാ പ്രലപനങ്ങൾ മാത്രമാണവക്ക്. എങ്കിലും അത്തരം പദപ്രയോഗങ്ങളിലൂടെ ചൂഷണം ചെയ്യാൻ സാധിക്കുന്ന സന്ദർഭങ്ങളൊന്നും അവർ പാഴാക്കുകയില്ല. പരിണിതഫലമോ? തനിക്കും സമുദായത്തിനും ദുഃഖം, ദുഃഖം , സർവ്വത്ര അസ്വസ്ഥത.! പഴിയെല്ലാം മററുള്ളവരിൽ ആരോപിച്ചിട്ട് സ്വയം ആശ്വാസപ്പെടാൻ വീണ്ടും കുരുക്കുകൾ ഉളവാക്കുകയും അതിനു് സന്ദർഭംപോലെ ''ജനങ്ങൾക്കുവേണ്ടി'' 'ത്യാഗം' നിസ്വാർത്ഥത തുടങ്ങിയ നല്ലപദങ്ങളുടെ പരിവേഷമണിയിക്കുകയുമായി അവസാനം സ്വനിർമ്മിതമായ കുരുക്കിൽ കുടുങ്ങിപ്പോവുകയുംചെയ്യുന്നു.

ധർമ്മനിഷ്ഠയോടെ ജീവിയ്ക്കുവാനാണ് മനുഷ്യജന്മമെടുത്തിരിക്കുന്നതു്. ശരീരസംരക്ഷണം, ധർമ്മം ആചരിക്കുവാൻ വേണ്ടിയാണ്. ''ശരീരമാദ്യംഖലുധർമ്മസാധനം''— ധർമ്മാചരണത്തിൽ ഊന്നാത്ത ജീവിതം എത്രതന്നെ പഠിപ്പും, പേരും, പദവിയുമുണ്ടായിരുന്നാലും ഫലത്തിൽ ഇതരജന്തുക്കളെക്കാൾ അധഃസ്ഥിതിയിലേക്കു തള്ളപ്പെടുമെന്നാണ് സനാതനധർമ്മം ഉപദേശിക്കുന്നതു്. അതു് അക്ഷരം പ്രതിസത്യമാണെന്നു് ഇന്നത്തെ ജീവിതാനുഭവങ്ങൾ പകൽപോലെ സ്പഷ്ടമായി കാട്ടുന്നുമുണ്ട്.

ധർമ്മനീതികളെപ്പററി അധികം സംസാരിക്കാത്തവർ ധർമ്മത്തിൽ നിഷ്ഠയും താല്പര്യമുള്ളവരായും, ധർമ്മത്തെപ്പററി സദാ വാചാലമായി പ്രസംഗിക്കുന്നവരിൽ പലരും അധർമ്മനിഷ്ഠരായും കാണപ്പെടുന്നതും കാല വൈപരീത്യം തന്നെ. വിചാരവും, വാക്കും, പ്രവൃത്തിയും ഒരേപോലെ ധർമ്മനിഷ്ഠമാവുന്നെങ്കിൽ മാത്രമേ ധാർമ്മികജീവിതമാവുകയുള്ളു. ഈ യാഥാർത്ഥ്യം ബുദ്ധിനിലവാരത്തിൽ മാത്രം ഗ്രഹിച്ചാൽപോരാ, ആദ്ധ്യാത്മികനിലവാരത്തിൽ ഗ്രഹിക്കണം അഥവാ മാനസികനിലവാരത്തിലെങ്കിലും ഗ്രഹിക്കണം. അപ്പോഴറിയാം ഈശ്വരശക്തി ദേവന്മാരിലൂടേയും അസുരന്മാരിലൂടേയും പ്രവർത്തനനിരതമായിരിക്കുന്നതിൻെറ ദേവരഹസ്യങ്ങൾ! പുറംപൂച്ചുകൊണ്ട് ഒരാളെ ഈശ്വരഭക്തനെന്നോ ഈശ്വരനിഷേധിയെന്നോ തരംതിരിക്കുന്നതു് ശരിയാവണമെന്നില്ല. മനസാ വാചാ കർമ്മണാ എത്രത്തോളം ധർമ്മനിഷ്ഠനാണ്, ചുരുക്കിപ്പറഞ്ഞാൽ ജീവിതമെങ്ങിനെയെന്നു നോക്കിവേണം ഒരാളിൻെറ ആസ്തികതയും നാസ്തികതയും നിശ്ചയിക്കുവാൻ.

ഈശ്വരൻ ധർമ്മസ്വരൂപനും ആകുന്നു. ഈശ്വരീയഗുണങ്ങളാണ് ധർമ്മസ്വരൂപം. ഈ സനാതനധർമ്മത്തെ അവലംബിച്ചുകൊണ്ട് മനുഷ്യസമുദായത്തെയും പ്രപഞ്ചത്തെത്തന്നെയും യഥാക്രമം നിലനിർത്തിപ്പോരുന്നതാണ് വിവിധങ്ങളായ ഉപധർമ്മങ്ങൾ. ഇവയിൽ മനുഷ്യജീവിതത്തിന്നു, മാനുഷികമൂല്യങ്ങൾ ഉളവാക്കുന്ന വിശേഷധർമ്മങ്ങൾ വിവിധനിലവാരത്തിൽ ജീവിക്കുന്നവരുടെ പരിപാകതയനുസരിച്ച് വിധിച്ചിട്ടുണ്ട്. എന്നാൽ സാമാന്യ ധർമ്മങ്ങളാകട്ടെ എല്ലാ നിലകളിലുമുള്ള മനുഷ്യസമുദായത്തിന്നു

ഒരുപോലെ സ്വീകാര്യവും, ആത്മശുദ്ധിക്കും, സമുദായക്ഷേമത്തിനും ഒഴിച്ചുകൂടാൻ പാടില്ലാത്തവയുമാകുന്നു. വ്യക്തിത്വത്തിന്റെ അനുക്രമമായ വികാസവും, കുടുംബഭദ്രതയും, സമൂഹക്ഷേമവും, ഐശ്വര്യവും സാമാന്യധർമ്മത്തിന്റെ ആചരണമനുസരിച്ച് ഉളവാകുന്നു. ആ നിലയ്ക്ക് വിശേഷധർമ്മങ്ങളുടെയും സനാതനധർമ്മത്തിന്റെ തന്നെയും ആധാരം സാമാന്യധർമ്മമാണെന്നു കാണാം.

സാമാന്യമര്യാദ, ധൈര്യം (അഹന്തയില്ലാത്ത) ക്ഷമ, മനോനിയന്ത്രണം, അന്യന്റെ മുതലിൽ കൊതികൊള്ളാതിരിക്കുക, ശരീരശുദ്ധി, ഇന്ദ്രിയങ്ങളെ യഥാക്രമം നിയന്ത്രിച്ച് ധാർമ്മികകാര്യങ്ങളിലേയ്ക്കു തിരിച്ചുവിടുക, ധർമ്മതത്വങ്ങളെപ്പററിയുള്ള ജ്ഞാനം പ്രധാന സമ്പാദ്യമായി കരുതുക, നന്മതിന്മകാം ധർമ്മാധർമ്മങ്ങാം തിരിച്ചറിയുവാനുള്ള വിവേകശക്തി ഉണ്ടാക്കുക, കോപം തുടങ്ങിയ വികാരങ്ങളെ അടക്കിക്കൊള്ളുക, തന്നെപ്പോലെ അന്യരുടെ വികാരങ്ങാം മനസ്സിലാക്കാനും സഹജസ്നേഹപൂർവ്വം പെരുമാറാനും കഴിവുററവരായിരിക്കുക, സാമാന്യതലത്തിലെ സത്യത്തെ അവഗണിക്കാതിരിക്കുക, സത്യസ്വരൂപനായ ഈശ്വരനിൽ സർവ്വാർപ്പണഭാവേന പ്രവർത്തിച്ചുകൊണ്ടിരിക്കുക എന്നിവയാണ് ഹിന്ദുധർമ്മം അനുശാസിക്കുന്ന സാമാന്യധർമ്മങ്ങാം. ഇന്നത്തെ വികലമായ ജീവിതവീക്ഷണത്തിൽ, സാമാന്യമര്യാദകാംക്കുപോലും സ്ഥാനമില്ലാതിരിക്കെ സാമാന്യധർമ്മം ഗ്രഹിക്കുന്നതെങ്ങനെ? ആവശ്യമുള്ളവർ വ്യക്തി—കുടുംബ—സമൂഹനിലവാരങ്ങളിൽ ധർമ്മത്തിൽ അഭിരുചിയുള്ളവരാവാൻ ശ്രദ്ധാപൂർവ്വം പ്രവർത്തിക്കണം. മററുള്ളവർ ആ വഴിക്ക് തിരിഞ്ഞശേഷം നമുക്കു സ്വീകരിക്കാമെന്നു കരുതുന്നതു് സ്വയം കബളിപ്പിക്കപ്പെടുന്ന മനോവൃത്തിയാണ്. ഐഹികവും പാരത്രികവുമായ എല്ലാ ശ്രേയസ്സുകാംക്കും ആധാരം ധർമ്മമാണെന്നു ബോദ്ധ്യമുണ്ടെങ്കിൽ അതു ആചരിക്കുവാൻ അന്യരെ കാത്തു നില്ക്കണമെന്നില്ല. ധർമ്മനിഷ്ഠരായ സജ്ജനങ്ങളുമായുള്ള സംസർഗ്ഗം, ധാർമ്മിക കാര്യങ്ങളിൽ അഭിരുചി ധർമ്മശാസ്ത്രങ്ങാം പഠിക്കുന്നതിലും ശ്രവിക്കുന്നതിലും താല്പര്യം തദനുസരണമായ ജീവിതക്രമം എന്നിവ സ്വായത്തമാക്കുകയേ വേണ്ടു.

ഈ സാമാന്യധർമ്മത്തെ സ്വായത്തമാക്കാതെ വലിയകാര്യങ്ങളെപ്പററി എത്രതന്നെ ഗിരിപ്രസംഗങ്ങൾ ചെയ്താലും, ഭൗതികനേട്ടങ്ങളുടെ ശിഖരത്തിലെത്തിയാലും സുഖവും ശാന്തിയും ദിവാസ്വപ്നങ്ങളായിരിക്കും. അതിനാൽ ജീവിതത്തിൻെറ ഏതൊരു നിലവാരത്തിലും സുഖവും സമാധാനവും ശരിയായ ഉല്ക്കർഷവും ഇച്ഛിക്കുന്നുവെങ്കിൽ പ്രഥമവും പ്രധാനവുമായി ധർമ്മമാർഗ്ഗത്തിൽ ചരിക്കണം. ഇന്നത്തെ സമുദായം എങ്ങനെയായാലും ഭാവിപൗരന്മാരാവേണ്ട ബാലിക—ബാലന്മാരിലെങ്കിലും ധർമ്മാനുഷ്ഠാനപ്രീതിയുളവാക്കിയാൽ ഭാവിയെപ്പററി ആശങ്കിക്കേണ്ട. സാമാന്യധർമ്മത്തിലൂടെ വിശേഷധർമ്മങ്ങൾ യഥാക്രമം അനുഷ്ഠിക്കാൻ പ്രാപ്തരാവും, വിശേഷധർമ്മങ്ങളിലൂടെ സനാതനധർമ്മത്തെ സാക്ഷാത്കരിക്കുവാനും മനുഷ്യജന്മസാഫല്യം നേടാനും വഴിതെളിഞ്ഞുകിട്ടും. വ്യക്തികളുടെ ആത്മശുദ്ധിയും തദ്വാരാസമുദായക്ഷേമവും സംജാതമാക്കാൻ ഭാരതജീവിത ക്രമത്തിൻെറ ഈ ധർമ്മമാർഗ്ഗമാണ് നമുക്ക് മാർഗ്ഗദർശനമരുളേണ്ടത്.



1972 ഒക്ടോബറിൽ 'ഗുരുകുലദീപം' മാസികയിൽ പ്രസിദ്ധപ്പെടുത്തിയത്.

# 9 സദാചാരബോധം

ഭാരതത്തിന്റെ പൗരാണിക സംസ്ക്കാരത്തെപ്പററിപ്പുകഴ്ത്തി പാടുന്നവർ, സംസ്ക്കാരത്തിന്റെ നിലവാരം തകർന്നുകൊണ്ടിരുന്നിട്ടും പാട്ടിന്റെ ഊക്കം കൂട്ടുന്നതിൽ കലികൊള്ളുന്ന ചില 'പുരോഗമന' വാദികൾ ഇപ്പോൾ ചോദിക്കുകയാണ്: ഏതിനും സമരം സംഘടിപ്പിക്കാനറിയാവുന്ന നമ്മുടെ നാട്ടുകാർക്ക് സംസ്ക്കാരത്തിന്റെ സംരക്ഷണത്തിനുവേണ്ടി സമരം സംഘടിപ്പിച്ചുകൂടെ? എന്ന്. 'സത്യധർമ്മാദി വെടിഞ്ഞീടിന പുരുഷനെ ക്രുദ്ധനാം സർപ്പത്തേക്കാളേററവും പേടിക്കണ'മെന്ന മുദ്രാവാക്യക്കാരെ എവിടെക്കൊണ്ടെത്തിച്ചുവെന്നും ചിന്തിച്ചുനോക്കണമത്രെ.

'പരിഷ്കൃത' രാജ്യങ്ങളിൽനിന്നു 'സംസ്ക്കാര'മതികളായ മാന്യന്മാർ ഭാരതത്തിൽ വിനോദസഞ്ചാരത്തിന് വരുമ്പോൾനേരിടേണ്ടിവരുന്ന യാതനകളും ദുരനുഭവങ്ങളും ഓർത്തു ചൊടിച്ചുപോവുകയാണ് പുരോഗമനവാദികൾ! ഈ ചൊടിപ്പും ചിന്തയും കുറെ നേരത്തെ ആവാമായിരുന്നു; ഇനി പ്രവർത്തിക്കാനുള്ള സമയമാണ്. ഭാരതത്തിലെ ചിന്തകന്മാർ വരുംവരായ്മകളെപ്പററിയെല്ലാം മുൻകൂട്ടിത്തന്നെ കണിശമായി ചിന്തിച്ചു പറഞ്ഞിട്ടുണ്ട്. അതിലേയ്ക്കു കണ്ണയയ്ക്കാതെയും കാതുകൊടുക്കാതെയും പച്ചപ്പരിഷ്ക്കാരങ്ങളിൽ പ്രലോഭിതരായിരുന്നതിന്റെ ദുരന്തഫലമാണിപ്പോൾ അനുഭവിച്ചു തുടങ്ങിയിരിക്കുന്നതു്. വിദേശങ്ങളിൽനിന്നു ശ്രീ ശങ്കരൻ, ശ്രീ ബുദ്ധൻ, സ്വാമി വിവേകാനന്ദൻ, മഹാത്മാഗാന്ധി തുടങ്ങിയ മഹൽവ്യക്തിത്വങ്ങളിലൂടെ പ്രചോദനംകൊണ്ട സഞ്ചാരികൾ പലരും വരുന്നുണ്ട്. അക്കൂട്ടത്തിൽ സർക്കാർ അതിഥികളായ ഉദ്യോഗസ്ഥന്മാരും ഹിപ്പിവേഷക്കാരും വരും. ഇന്നാട്ടിലെ ജനങ്ങൾ ഒരു വിധത്തിലല്ലെങ്കിൽ മറെറാരുവിധത്തിൽ ഈ വിദേശികളുടെ മുമ്പിൽ യാചകന്മാരെപ്പോലെ നിൽക്കുന്നു. ഗവണ്മെൻറ് ഉദ്യോഗസ്ഥന്മാർപോലും തങ്ങളുടെ മക്കൾക്കും മരുമക്കൾക്കും മററും ഈ വിദേശസ്വർഗ്ഗങ്ങളിൽ ഒരു 'ചാൻസ്' കിട്ടുമോ

എന്ന തിരക്കുന്നതിലാണ് ശ്രദ്ധ. ഇതിനിടയ്ക്ക് അതിഥികളുടെ അസൗകര്യങ്ങൾക്ക പരിഹാരം കാണുന്നില്ല. പരാതികളും ആവശ്യങ്ങളും നിവേദിച്ചാൽ അവ കൈകാര്യം ചെയ്യുന്നതിൽ അധികൃതർ കാണിക്കുന്ന അനാസ്ഥയും കാലതാമസവും, കസ്റ്റംസ്കാരുടെ ശല്യങ്ങൾ, മാർഗ്ഗഭ്രംശകരായ മാർഗ്ഗദർശികളുടെ ചതികൾ, സാമാന്യമര്യാദപോലുമില്ലാത്ത പെരുമാററങ്ങൾ ഇത്യാദി വെറുപ്പുളവാക്കുന്ന അനുഭവങ്ങളുടെ അന്ധകാരത്തിൽ ഇതാണോ ഭാരതസംസ്ക്കാരമെന്ന അവർ മൂക്കിൽ വിരൽവെച്ചു അന്ധാളിച്ചുപോകും. ചാരപ്പണിയിലേർപ്പെട്ടിരിക്കുന്നവരാകട്ടെ ഇവിടത്തെ അന്തരീക്ഷം അവർക്കനുകൂലമായി കാണുന്നു! പ്രലോഭനമെന്ന വിലകുറഞ്ഞ ആയുധത്താൽ ഇന്നാട്ടുകാരെ വശപ്പെടുത്താമെന്നാണവരുടെ നിഗമനം!

വിദേശസഞ്ചാരികളുടെ വിഷയത്തിൽ മാത്രമല്ല സ്വന്തം നാട്ടുകാരെപ്പററിയും പൊതുവേ മതിപ്പും സ്നേഹവും ശൂന്യമായിക്കൊണ്ടിരിക്കുകയാണെന്ന കാണാം. വ്യക്തികളിലും കക്ഷികളിലും സർക്കാരിലും സ്വാർത്ഥത്തിൽ ഊന്നിയ സ്നേഹത്തിന്റെയും സഹകരണത്തിന്റെയും അഭിനയങ്ങൾ കാണാമെങ്കിലും ഉദ്ദേശശുദ്ധി പൂജ്യമാണ്.

ശമ്പളവർദ്ധനവിനുവേണ്ടി, ആകാശം ഭേദിച്ച മുദ്രാവാക്യങ്ങൾ മുഴക്കിക്കൊണ്ടൊരു ഉശിരൻ ജാഥ കടന്നുപോയൊരു സന്ദർഭം. നടുറോഡിലേയ്ക്കു് ഒരു വഴിപോക്കനെ തട്ടിയെറിഞ്ഞിട്ട് ഒരു ലോറി പാഞ്ഞുപോയി. ധാരാളം ആൾസഞ്ചാരമുള്ള ആ റോഡിൽ ഒന്നു നോക്കി തിരിഞ്ഞുനടക്കുകയാണോരോരുത്തരും. രക്തത്തിൽ കുളിച്ചു പിടഞ്ഞടിക്കുന്ന ആ ഹതഭാഗ്യന്റെയടുക്കൽ ചെന്നുനോക്കാൻ പോലും പലരും മടിക്കുന്നു. 'പോലീസിന്റെയും ഡോക്ടരുടെയും ചോദ്യങ്ങൾക്കൊക്കെ സമാധാനം പറയണം. പിന്നെ കോടതിയിലും പോകേണ്ടിവരും. ഈ വിനകൾക്കൊന്നും നമുക്ക കഴിയില്ല.'' എന്ന അഭിപ്രായമാണെല്ലാവർക്കും. അവസാനം ഒരാൾ മാത്രം ധൈര്യമവലംബിച്ച് അടുത്തൊരു കടയിലേറി പോലീസ് സ്റ്റേഷനിലേക്ക ഫോൺചെയ്തു. 'ആശുപത്രിയിൽ കൊണ്ടുപോകണം.' പോലീസ് സബ്ബ് ഇൻസ്പെക്ടരുടെ ആജ്ഞ. ഡോക്ടർക്ക് ഫോൺ ചെയ്തു. 'പോലീസ് സ്റ്റേഷനിൽ അറിയിക്കണം' ഡോക്ട

രുടെ നിർദ്ദേശം. എന്തായാലും ഉടനെ ആശുപത്രിയിലേക്കുതന്നെ എത്തിക്കാമെന്നു കരുതി ഇരട്ടി ചാർജ്ജ് കൊടുക്കാമെന്ന കരാറിൽ ഒരു ടാക്സികാർ കൊണ്ടുവന്നു. അപ്പോഴേയ്ക്കും അരമണിക്കൂർ കഴിഞ്ഞു. ആശുപത്രിയിലെത്തിയപ്പോഴേയ്ക്കും അപകടത്തിൽപെട്ടവൻ അന്ത്യശ്വാസം വലിച്ചു. ഇതു എല്ലാ സൗകര്യങ്ങളുമുള്ള ഒരു നഗരമദ്ധ്യത്തിലെ സംഭവമാണ്. നമ്മുടെ ജനങ്ങളുടെ സഹാനുഭൂതിനിലവാരവും ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെ കർത്തവ്യബോധവും ശുഷ്ക്കാന്തിയും ഈ വിധമാണ് അനുഭവപ്പെടുന്നതു്. ഇത്തരം അനുഭവങ്ങൾ സർവ്വസാധാരണമായിത്തീന്നിട്ടുണ്ട്.

## എല്ലാം പണത്തിനുവേണ്ടി

ബുദ്ധിമുട്ടി ദേശസാല്ക്കരിച്ച പദ്ധതികൾ പലതും പരാജയത്തിൻെറ വക്കത്തെത്തീട്ടുണ്ടെങ്കിലും ഗവണ്മെൻറ് പ്രഖ്യാപനം കൂടാതെതന്നെ കൈക്കൂലി, കള്ളനോട്ടടി, മദ്യസേവ, വ്യഭിചാരം, മായംചേർക്കൽ, കൊള്ള, കൊലപാതകം മുതലായവ 'ജനകീയ ജനാധിപത്യ'മായി ദേശസാല്ക്കരിച്ചിരിക്കുന്നു. എല്ലാവരുടേയുംഒരേ ഒരു ലക്ഷ്യം പണം. ഒരു രാജാവിൻെറ സ്ഥാനത്തു പത്തും അമ്പതും മന്ത്രിരാജാക്കന്മാർ! പണവും പാർട്ടിയുമുണ്ടെങ്കിൽ, അവയുണ്ടെങ്കിലേ എന്തു അത്യാവശ്യകാര്യവും സാധിക്കു എന്ന സ്ഥിതിയാണ്. ഇക്കണക്കിനു പോലീസിൻെറ വീര്യംപോയതിലും ഡോക്ടർമാരുടെ സേവനാദർശം പൊലിയുന്നതിലും ആശ്ചര്യമില്ല. ജനപ്രതിനിധികളെന്ന എം. എൽ. ഏ. മാരിൽ ബഹുഭൂരിപക്ഷവും, വോട്ടിനിറങ്ങിയ രംഗം മറന്നിട്ട് തിരിഞ്ഞുനിന്നു ജനത്തോട് ഉപദേശിക്കുകയാണ്—പണമുണ്ടെങ്കിലേ ഏതുകാര്യവും സാധിക്കൂ; 'പണം കൊണ്ടുവരൂ' എന്നു്.

എങ്കിൽ ഭക്ഷ്യസാധനങ്ങളിൽ മായം ചേക്കുന്നവരുടേയും, വേശ്യകളുടേയും അവകാശവാദത്തെ അപലപിക്കുവാൻ പററുമോ? 'ഒരു നേരത്തെ ആഹാരത്തിനു കാശുകിട്ടണം, അതിനുവേണ്ടി ഞങ്ങൾ തെരുവുതെണ്ടുന്നതും വ്യഭിചരിക്കുന്നതും കണ്ടു സന്തുഷ്ടി തേടാനാണോ ഈ ധാർമ്മികരോഷം? രാത്രിയുടെ മറവിൽ നക്ഷത്ര ഹോട്ടലുകളിൽ കയറിയിറങ്ങി നഗ്നനൃത്തങ്ങൾ അസ്വദിക്കുന്നവരെപ്പററി എന്തുപറയുന്നു? പെരുവഴിയിൽ അർദ്ധനഗ്നരായി വില

ന്നന്ന സമ്പന്നകുടുംബങ്ങളിലെ കൊച്ചമ്മമാരെക്കാൾഭേദമല്ലേ ഉപജീവനത്തിനുവേണ്ടി നഗ്നത പ്രദർശിപ്പിക്കുന്ന ഞങ്ങളുടെ സ്ഥിതി?' എന്നാണവരുടെ ചോദ്യം. കുടുംബാസൂത്രണ പദ്ധതിയുടെ 'പുരോഗതി' വിദ്യാർത്ഥികളുടെ 'ഇൻസ്ട്രുമെൻറ് ബോക്സു''കളിലൂടെ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നുവത്രെ!

ഒരു കേന്ദ്രമന്ത്രി വെളിപ്പെടുത്തിയ കണക്കനുസരിച്ച്, കള്ളനോട്ടടി എന്ന 'തൊഴിലും' 1971നിപ്പുറം വളരെ പുരോഗമിച്ചിട്ടുണ്ട്. കഴിഞ്ഞ മൂന്നു വർഷങ്ങളിൽ 100രൂപ, 10രൂപ കള്ളനോട്ടുകൾ ഏററവും കൂടുതൽ ചെലവഴിച്ചിട്ടുള്ളതു് തമിഴ്നാട്, കേരളം, ആന്ധ്ര എന്നീ പ്രദേശങ്ങളിലാണത്രെ. ഒന്നാം സ്ഥാനം സിനിമരാഷ്ട്രീയത്തിൻെറ തമിഴ്നാട്ടിനുതന്നെ. പട്ടിണിപ്പാവങ്ങളല്ല കള്ളനോട്ടടിയുടെ പിന്നിലെന്നു തെളിഞ്ഞിരിക്കെ അവരുടെ ലക്ഷ്യവും പണമാണു് പണം! പാവപ്പെട്ടവർ വെള്ളത്തിൽ കുതിർത്ത അരിയും വെള്ളംചേർത്ത പാലും വില്ക്കുന്നതു് മനസ്സിലാക്കാം. എന്നാൽ സമ്പാദിച്ചുകൂട്ടിയ വ്യാപാരികൾ പലരും ഭക്ഷ്യപദാർത്ഥങ്ങളിൽ മായം ചേർക്കുന്ന രഹസ്യതൊഴിലാളികളെയും മായസാധനങ്ങളുടെ ഗുദാമുകളും സൂക്ഷിച്ചിട്ടുണ്ട്. മായംചേർക്കാത്ത യാതൊരു സാധനവും കിട്ടുകില്ലെന്ന സ്ഥിതിയാണിന്നു്. അരിച്ചാക്കുകളിൽ കലർത്താൻ അരിയുടെ സാദൃശ്യമുള്ള മണൽക്കല്ലു്, കടൽപ്പുറത്തുനിന്നു ചാക്കുകണക്കിനു വാരിക്കൊണ്ടു പോകുന്നു. നെയ്യിൽ മാട്ടുക്കൊഴുപ്പാണു് ചേർത്തുകൊണ്ടിരുന്നതു് ഇപ്പോൾ പാമ്പുകൊഴുപ്പും ചേർത്തുതുടങ്ങിയിട്ടുണ്ടു് മായം ചേർത്ത മസൂർ പരിപ്പു് ഭക്ഷിച്ചു് മദ്ധ്യപ്രദേശിൽ പുതിയതരം പക്ഷവാതം പടർന്നുപിടിക്കുകയും നൂററുക്കണക്കിനാളുകൾ മരിക്കുകയും ചെയ്തു. പഞ്ചസാരയിൽ റവ ചേർത്തുവന്നു. റവയ്ക്കു വില കൂടിയപ്പോൾ തിരിച്ചറിയാനാവാത്ത മണൽ ചേർക്കാൻ തുടങ്ങി. ഗോതമ്പുമാവിൽ ചോക്കുപൊടി, പാലിൽ വിലകുറഞ്ഞ പാൽപ്പൊടി ചേർത്തുകൊണ്ടിരുന്നു, അതിൻെറ അഭാവത്തിൽ ചുണ്ണാമ്പുപൊടിചേർക്കുന്നു, മുളകുപൊടിയിൽ ചെങ്കൽപൊടിയും, മല്ലിപൊടിയിൽ കുതിരചാണകവും, കാപ്പിപ്പൊടിയിൽ പുളിങ്കുരുതോടും പൊടിച്ചുചേർക്കുന്നു. കള്ളിലും ചാരായത്തിലും ലഹരിയുണ്ടാവാൻചേർക്കുന്ന വിഷദ്രാവകങ്ങൾ പലവിധത്തിലുണ്ട്. കുപ്പികളിൽ സീൽചെയ്തുവരുന്ന വിദേശമദ്യങ്ങളിൽപോലും സമർത്ഥമാംവിധം തലകറക്കംവിധം മായം ചേർത്തു

വില്ക്കുന്നു. ഭക്ഷ്യമായാജാലം മരുന്നുകളിലും — ആയുർവ്വേദൗഷധങ്ങളിലും അലോപ്പതി മെഡിസിനിലുംവരെ—വ്യാപിച്ചിരിക്കുന്നു. ഈയിടെയാണ് മായം ചേർത്ത ഗ്ലൂക്കോസ് കുത്തിവച്ചതുനിമിത്തം ഉത്തരപ്രദേശിൽ കൂട്ടമരണമുണ്ടായത്. ഇന്നാട്ടിൽ ഏററവും വില കുറഞ്ഞ ഉപ്പിൽപോലും വെള്ളച്ചരലുകൾ ചേർത്തുവില്ക്കുന്നു! മായം ചേർക്കലിൽ തങ്ങളുടേതായ സംഭാവന നൽകുന്ന ഹോട്ടലുകളും അപൂർവ്വമല്ല. എല്ലാം പണത്തിനുവേണ്ടി! പണം സമ്പാദിച്ച് പിണമാവണമെന്ന ഒരേ ലക്ഷ്യം!

സമ്പന്നരുടെ അനുഭവമല്ല, ബഹുഭൂരിപക്ഷം വരുന്ന ഇന്നാട്ടിലെ സാധാരണ ജീവിതരംഗത്തിലെ അനുദിനാനുഭവങ്ങളാണിവ. ബ്രിട്ടീഷുകാർ ഭരിച്ചിരുന്നകാലത്ത് (രണ്ടുനൂററാണ്ടിൽ) ആകെ 33 പ്രാവശ്യമാണ് ഭാരതത്തിൽ ഭക്ഷണക്ഷാമമുണ്ടായത്. അതിലധികവും പ്രകൃതിക്ഷോഭം നിമിത്തമാണെങ്കിലും വിദേശീയഭരണം കാരണമാണെന്നവരെ അന്നു നാം കുററപ്പെടുത്തി.

അന്നത്തെ അവസ്ഥമാറി, ഇപ്പോൾ പ്രകൃതിക്ഷോഭങ്ങൾ ഉണ്ടായാലും ഭക്ഷ്യപദാർത്ഥങ്ങൾക്ക മുട്ടുണ്ടാവാത്ത ഉല്പാദന—വിതരണ സമ്പ്രദായങ്ങളുണ്ട് പക്ഷെ, സ്വാതന്ത്ര്യലബ്ധിക്കുശേഷം കാൽ നൂററാണ്ടിൽ പണപ്പെരുപ്പവും വിലയേററവും തമ്മിൽ ഞാൻ മുമ്പേ ഞാൻ മുമ്പേ എന്നു കുതിച്ചേറുന്നതും പോരാഞ്ഞിട്ട് അടിക്കടി നിത്യോപയോഗസാധനങ്ങളുടെ ക്ഷാമവും അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നു. ഭക്ഷണക്ഷാമത്തിൻെറ സഹചാരികളാണല്ലോ പകർച്ചവ്യാധികളും പട്ടിണിമരണങ്ങളും. അതിനുമേൽ ഭക്ഷ്യപദാർത്ഥങ്ങളിൽ മായം ചേക്കലും കൂടി ആയാലത്തെ സ്ഥിതിയെന്താവും!

കൃഷിപ്രധാനമായ ഭാരതത്തിൽ, മര്യാദയ്ക്കു ജീവിച്ചാൽ ഭക്ഷ്യക്ഷാമമുണ്ടാവാനിടയില്ല. അത്രമേൽ പ്രകൃതിമാതാവിൻെറ അനുഗ്രഹമേററിട്ടുള്ള ഭൂഖണ്ഡമാണ് ഭാരതദേശം. അദ്ധ്വാനശക്തിയും അകൃത്രിമവളവും സദുപയോഗപ്പെടുത്തിയാൽ തന്നെ ധന—ധാന്യ സമൃദ്ധിയും ഫലഭൂയിഷ്ഠവുമാക്കാൻ കഴിയും. പക്ഷെ നവീനതയുടെ പേരിൽ സ്വാഗതം ചെയ്യപ്പെട്ട കൃത്രിമോപാധികളിലേക്കല്ലാതെ ഇന്നാട്ടിൻെറ ജീവശ്ശക്തികേന്ദ്രങ്ങളിലേക്ക ശ്രദ്ധ പതിക്കാൻ കൂട്ടാക്കിയില്ല. ഇന്നത്തെ ക്ഷാമങ്ങളെല്ലാം

തികച്ചും മനുഷ്യസൃഷ്ടിയാകുന്നു. കർമ്മഫലമെന്നല്ലാതെന്തുപറയാൻ! ഈ ജനങ്ങളുടെ ജനാധിപത്യ ഭരണകൂടത്തിനുതന്നെ പ്രധാന പങ്ക്. ഭക്ഷ്യക്ഷാമം എല്ലാ രാജ്യങ്ങളിലും സംഭവിക്കാറുണ്ടെങ്കിലും മുതലാളിത്തരാജ്യങ്ങളിൽ കമ്മ്യൂണിസ്റ്റു രാജ്യങ്ങളെ അപേക്ഷിച്ചു തുലോം കുറവാണ്. അവർ ആണ്ടുതോറും ഭക്ഷ്യോല്പാദനങ്ങൾക്ക മുഖ്യത്വമുള്ള ബഡ്ജററ് പാസ്സാക്കമ്പോൾ കമ്മ്യൂണിസ്റ്റ് രാജ്യങ്ങളും അവരെ പിന്തുടരുന്ന ഭാരതഭരണകൂടവും ഫാക്ടറികൾക്ക മുഖ്യത്വമുള്ള ബഡ്ജററാണ് പാസ്സാക്കുക റഷ്യ ഉൾപ്പെടെ കമ്മ്യൂണിസ്റ്റ്രാജ്യങ്ങൾ ഗോതമ്പും മററും അന്യരാജ്യങ്ങളിൽ നിന്നു വാങ്ങുന്നുണ്ട്. സാമ്പത്തികപദ്ധതിയിൽ മിക്കവാറും കമ്മ്യൂണിസ്റ്റു രാജ്യങ്ങളെ അനുകരിക്കുന്നതിനാൽ ആ രാജ്യങ്ങളെപ്പോലെ ഭാരതവും ഭക്ഷണക്ഷാമമനുഭവിക്കുന്നു. ബർമ്മ ഒരു കമ്മ്യൂണിസ്റ്റ് രാജ്യമാവുന്നതിനുമുൻപ് ധാരാളം അരി ഇതര രാജ്യങ്ങളിലേയ്ക്കു നൽകിക്കൊണ്ടിരുന്നു. കമ്മ്യൂണിസ്റ്റ് രാജ്യമായശേഷം ബർമ്മയിലെ ജനങ്ങൾ തന്നെ അരിവാങ്ങാൻ കഷ്ടപ്പെടുന്നു! അതിനാൽ ഭക്ഷ്യക്ഷാമം ഒഴിവാക്കാനെങ്കിലും, കമ്മ്യൂണിസ്റ്റ് രാജ്യങ്ങളെ കോപ്പിയടിക്കുന്ന സാമ്പത്തികനയം മാററണം. മററുനാടുകളിലെന്നപോലെ, വിലയേററത്തേക്കാൾ മുമ്പേ കുതിക്കുന്ന ഭക്ഷ്യോൽപാദനപദ്ധതിക്ക മുൻഗണനകൊടുക്കണം. അരി, ഗോതമ്പ്, എണ്ണ മുതലായ നിത്യോപയോഗ സാധനങ്ങൾ യാതൊരു തടസ്സവുമില്ലാതെ തുറന്ന വിപണിയിൽ വാങ്ങുവാൻ സാധിക്കണം. ഭക്ഷ്യപദാർത്ഥങ്ങളുടെ വില കുറഞ്ഞാൽ മറെറല്ലാസാധനങ്ങളുടെ വിലകളും ഇറങ്ങും.

എന്നാൽ തികച്ചും ദേശീയതാല്പര്യമുള്ളവർക്കമാത്രമേ ദേശീയപ്രശ്നങ്ങൾക്ക പരിഹാരമുണ്ടാക്കാനാവൂ. ദേശീയതയ്ക്കുപരി കക്ഷിവലയങ്ങളിൽപെട്ട് പേര്—പെരുമ—പദവിമോഹങ്ങൾ നിവർത്തിക്കാൻ പാടുപെടുന്നവർ ഉള്ളാലെ പ്രശ്നങ്ങൾ സ്വാഗതംചെയ്യുന്നവരാവും. ഭാഷ, പ്രദേശം. മതം, ന്യൂനപക്ഷം മുതലായ പേരുകളിൽ പ്രക്ഷോഭണം സംഘടിപ്പിച്ചുകൊണ്ടിരിക്കുന്നവർക്ക ദേശത്തിൻെറ കാതലായ പ്രശ്നങ്ങളെ നേരിടാൻ സമയമില്ല. നിർമ്മാണപ്രവർത്തനങ്ങളിലേർപ്പെടാൻ പരസ്പര സ്നേഹവും, സഹവർത്തിത്വവും വേണം. വെറുപ്പും വിദ്വേഷവും, ആത്മവിശ്വാസരാഹിത്യവും

വളർത്തിക്കൊണ്ടെന്തുനേടാനാണ്? പരസ്പര വിദ്വേഷത്തിന്റെയും നശീകരണത്തിന്റെയും വഴിക്ക് വിദ്യാർത്ഥികളെയും യുവാക്കന്മാരെയും ഇളക്കിവിടുന്ന രാഷ്ട്രീയകക്ഷികളും നേതാക്കന്മാരും പ്രതീക്ഷിക്കുന്നതെന്താണ്? ഇന്നത്തെ നിലയിൽ, സാമ്പത്തികലക്ഷ്യത്തോടുകൂടിയ വിദ്യാഭ്യാസവും, സംസ്ക്കാരത്തിന്റെപേരിൽ കാട്ടിക്കൂട്ടുന്ന തമാശകളുംകൊണ്ട് സംസ്ക്കാരവും സന്തുഷ്ടിയുമുണ്ടാവില്ലെന്നു മാത്രമല്ല ഭാവി തലമുറയെ കൂടുതൽ അനിശ്ചിതമായ അസ്വസ്ഥതകളിലേക്കു തള്ളിവിടുകയുംചെയ്യും.

## ധർമ്മരോഷത്തിന്റെ ഉദ്ദേശ്യം സമൂഹനന്മയാവണം

വികൃതികളുടെ ഭൂരിപക്ഷത്തെക്കാൾ സുകൃതികളുടെ ന്യൂനപക്ഷത്തെയാവും ദേശീയഭാരതം സ്വാഗതംചെയ്യുക. സംസ്ക്കാരശൂന്യമായ ഒരു ജനത ഒരു രാഷ്ട്രത്തിനും ഭൂഷണമല്ല. സംസ്ക്കാരമാവട്ടെ ആത്മനിഷ്ഠമാണ്. ആത്മവിശ്വാസമില്ലാത്തവരെങ്ങനെ ആത്മനിഷ്ഠരാവും? ധർമ്മരോഷത്തിന്റെ സ്ഥാനംകൂടി കക്ഷിരാഷ്ട്രീയം പിടിച്ചെടുത്തിരിക്കുമ്പോൾ സംസ്ക്കാരമുള്ളവർപോലും ദുഷ്കൃത്യങ്ങൾ കണ്ടിട്ടും കാണാത്തമട്ടിൽ ഒതുങ്ങുകയാണ്. നീതിക്കും ധർമ്മത്തിനും നിരക്കാത്ത പ്രവർത്തികൾ കാണുമ്പോൾ മനോവേദനയുണ്ടാവുന്ന ധർമ്മാത്മാക്കൾ അവയെ എതിർത്തു തിരുത്താൻ ശ്രമിക്കുന്നതാണ് ധർമ്മരോഷം. അവർക്ക സമൂഹനന്മയല്ലാതെ വേറെ ഉദ്ദേശങ്ങളൊന്നുമുണ്ടായിരിക്കയില്ല സ്വാർത്ഥ ഉദ്ദേശങ്ങളാൽ പ്രേരിതനായി അധർമ്മത്തെയോ അനീതിയെയോ ചെറുക്കുന്നതു് ധാർമ്മികരോഷമാവില്ല. ശരിയായ ധാർമ്മികരോഷത്തിന്റെ അഭാവത്തിൽ അനർഹരായവർ അതു് സമുദായദ്രോഹത്തിന്നായി ദുരുപയോഗപ്പെടുത്തും. ധർമ്മബോധമുള്ളവർ ധർമ്മാധർമ്മങ്ങളുടെ മദ്ധ്യത്തിൽ സ്വാഭിമാനം കരുതി നിഷ്പക്ഷരായി നിഷ്ക്രിയത്വമവലംബിച്ചാൽ പിന്നെ പുതിയതലമുറയ്ക്കു ധർമ്മമാർഗ്ഗദർശനം നൽകുന്നതാര്? സമൂഹാഭിമാനവും ദേശാഭിമാനവും കുടുംബാഭിമാനവും സ്വാഭിമാനവും പുലരുമോ? സംസ്ക്കാരശൂന്യരും ദുരാചാരികളും ഒത്തുചേർന്ന് ധർമ്മോപദേശകരുടെ ഭാഗം അഭിനയിക്കുന്നതും അവരുടെ പിന്നാലെ വിദ്യാർത്ഥികളും യുവാക്കളും ഓടിക്കൂടുന്നതും ശുഭോദർക്കമാണോ? ഇന്നു പൊതുജീവിതത്തിൽ മാത്രമല്ല കുടുംബ ജീവിതത്തിലും കർത്തവ്യബോധത്തെക്കാൾ അവകാശ

വാദത്തിനാണല്ലോ പ്രസക്തി. കഴിഞ്ഞ തലമുറ ചെയ്ത പാപകർമ്മങ്ങളുടെ ഫലമാണീ സ്ഥിതിവിശേഷം. ധർമ്മാചരണം ശാരീരിക നിഷ്ഠമാക്കിപ്പോന്നതിന്റെ ദുഷ്പരിണാമം. മാനസികമായി അവർ മാനം വിററും പണവും പദവിയും നേടണമെന്നാഗ്രഹിക്കുകയും പുറമെ മതഭക്തരും സാത്വികരുമാണെന്ന് കാട്ടുകയും ചെയ്തിരുന്നു. ധർമ്മത്തിന്റെ പരിവേഷത്തിൽ അധർമ്മ പ്രവണതകളും ദുരഭിമാനവും പുലർത്തിപ്പോന്നതിന്റെ പൈതൃകമെടുത്തു പന്താടിക്കുകയാണിന്നത്തെ തലമുറ.

എല്ലാററിനും അപവാദമുണ്ടല്ലോ. എല്ലാ വിഭാഗത്തിലും അധർമ്മത്തിനെതിരെ, സംസ്ക്കാരശൂന്യതയ്ക്കെതിരെ ധർമ്മരോഷം പ്രകടിപ്പിക്കുന്നവരുണ്ടെങ്കിലും ജനാധിപത്യത്തിലെ ഭൂരിപക്ഷം അറിഞ്ഞോ അറിയാതെയോ അധർമ്മപക്ഷത്താകുന്നു. നൂററുക്കണക്കിന്നു കൗരവപക്ഷക്കാർക്കെതിരെ അഞ്ചു പാണ്ഡവന്മാർ മതിയെന്നു സമാധാനിക്കുവാൻ ഇതു ദ്വാപരയുഗമല്ല. 'ജനകീയ ജനാധിപത്യ'ത്തിന്റെ കലിയുഗമാണ്. യുഗധർമ്മമനുസരിച്ച് അനുവർത്തിക്കേണ്ട കർത്തവ്യങ്ങളെപ്പററി സത്വരബോധവാന്മാരായി സംഘടിതനിലയിൽ പ്രവർത്തിച്ചാലേ സഫലമാവൂ. ധാർമ്മികതലത്തിലെ നിഷ്ക്രിയത ''ഇതോനഷ്ടഃ തതോഭ്രഷ്ടഃ'' (ഇവിടെയുള്ളതെല്ലാം നഷ്ടമായി, അവിടെനിന്നു ഭ്രഷ്ടരുമായി) എന്ന ഗതിയിലെത്തിക്കുമെന്നോർക്കണം. അതാണ് വിദേശങ്ങളിൽനിന്നു ജിജ്ഞാസാപൂർവ്വം ഭാരതത്തിലേക്കു വരുന്നവർ പ്രതീക്ഷിച്ച സംസ്ക്കാരം സാമാന്യമര്യാദപോലും അനുഭവപ്പെടാതെ നിരാശരാവുന്നതു്.

സാംസ്കാരികമായി വാനരജീവിതപാരമ്പര്യമുള്ള ഇതര നാട്ടുകളെ സംബന്ധിച്ചിടത്തോളം ഭൗതിക ശാസ്ത്രപുരോഗതിയും തന്നിമിത്തമുണ്ടായ സുഖഭോഗങ്ങളും അനുഭവിച്ചുമടുത്തിട്ട് ഭാരതത്തിലേയ്ക്കു വരുമ്പോൾ കാണുന്നതു് അവർ ചവച്ചുതുപ്പിയ കരിമ്പിൻകൊത്തുകൾക്കുവേണ്ടി കടിപിടികൂടുന്ന ജനക്കൂട്ടങ്ങളെയാണ്. എന്തൊരു വിധിവൈപരീത്യം! സ്വന്തം അധർമ്മവാസനകളെ ജയിച്ചവനാണു ഭരണാധികാരിയാവാനെന്ന ധർമ്മപ്രമാണമുള്ള ഭാരതത്തിൽ സംസ്ക്കരിച്ചു പാകപ്പെടുത്തിയ വ്യക്തിജീവിതങ്ങൾ ഉണ്ടാവണം. സാമ്പത്തികാടിസ്ഥാനത്തിലുള്ള ജീവിതവീക്ഷണം

വിദേശീയമാണ്; ഭാരത ദേശീയജീവിതത്തിന്നാധാരം ധർമ്മമാണ്. ബാല്യത്തിലെ ധർമ്മാടിസ്ഥാനത്തിൽ, ജീവശുദ്ധിക്കായി സ്വീകരിക്കപ്പെടുന്ന ജീവിതക്രമമാണ് സദാചാരം. സദാചാരത്തിൽനിന്നും ധർമ്മവും സംസ്ക്കാരവും പ്രഫുല്ലമാവണം. സദാചാരനിഷ്ഠയുള്ള യഥാർത്ഥ ജീവിതത്തിനു ഭൗതികശാസ്ത്ര പുരോഗതിയുൾപ്പെടെ പ്രകൃതിയെയും പ്രകൃതിയിലെ വികൃതികളെയും സാധകമാക്കി രഞ്ജിപ്പിക്കുവാൻ സാധിക്കും. അതാണ് അന്തസ്സത്തയുടെ വൈഭവം. ഈ ശാശ്വത വൈഭവത്തിന്റെ മുന്നിൽ കാലികപ്രശ്നങ്ങൾ സമുദ്രത്തിലെ നുരകളും പതകളും മാത്രം!



---

1974 'കേസരി' വാർഷികപ്പതിപ്പിൽ പ്രസിദ്ധപ്പെടുത്തിയത്.

# 10 ദേശീയത്വവും സ്വാതന്ത്ര്യവും

ഭാരതത്തിന്റെ നവനിർമ്മാതാക്കളിൽ അഗ്രഗണ്യനായ സ്വാമി വിവേകാനന്ദൻ 'സോഷ്യലിസം തുടങ്ങിയ രാഷ്ട്രീയ തത്വസംഹിതകൾ കുത്തിച്ചെലുത്തുന്നതിന്നു മുൻപായി മങ്ങിമറഞ്ഞു കൊണ്ടിരിക്കുന്ന ഭാരതീയസ്ഥിതിസമത്വം പുനർജ്ജീവിപ്പിക്കുവാൻ' നാട്ടുകാരായ നേതാക്കന്മാരെ താക്കീതു ചെയ്തു. ഇതര രാഷ്ട്രങ്ങളെ അപേക്ഷിച്ച് സത്വഗുണപ്രധാനവും ആദ്ധ്യാത്മികനിഷ്ഠവും ആയ പുണ്യഭൂമിയാണെന്ന വസ്തുത വളരെക്കാലമായി അടിമത്തത്തിലാണ്ടുകിടക്കുന്ന സ്വദേശീയർ വീണ്ടും സാക്ഷാല്ക്കരിക്കുന്നെങ്കിൽ മാത്രമേ ഭാരതീയാസ്തിക്യം നഷ്ടപ്പെടാതെ ഒരു ലോകോത്തര സ്വതന്ത്രരാഷ്ട്രമായി നിലനില്ക്കാൻ സാദ്ധ്യമാവൂ.

## ഭാരതീയാത്മാവ്

നൈരാശ്യവും നിഷ്ക്കർമ്മതയുംകൊണ്ട്, ഭാരതീയസത്തയെ നിഷ്പ്രഭമാക്കിത്തീർത്തതെന്തെല്ലാമാണെന്നു് സ്വാമി വിവേകാനന്ദനെപ്പോലെ മറ്റൊരു ഭാരതീയാത്മാവ് അന്നേവരെ കണ്ടറിഞ്ഞിട്ടില്ല. ദേശീയോദ്ധാരണത്തിന്നും സാമൂഹിക പരിഷ്ക്കാരത്തിന്നും ആ ത്രികാലജ്ഞാനി നിർദ്ദേശിച്ച ഉപായങ്ങൾ അങ്ങനെത്തന്നെ സ്വീകരിച്ചിരുന്നെങ്കിൽ ഭാരതത്തിലെ രാഷ്ട്രീയ സ്വാതന്ത്ര്യത്തിന്നുശേഷം ഒന്നിന്നു പത്തായി പൊന്തിവരുന്ന പ്രശ്നങ്ങൾക്കെല്ലാം ശാശ്വതസമാധാനം കാണാമായിരുന്നു. എണ്ണമററ വൈവിധ്യങ്ങളിൽക്കൂടി ജീവിക്കുന്ന ഒരു ജനസമുദായത്തെ എങ്ങിനെയാണ് പരസ്പരം ഇണക്കി പ്രവർത്തിപ്പിക്കുകയെന്നതു് ശ്രീ വിവേകാനന്ദസ്വാമികൾക്ക് സംശയാതീതമായ നിലയിൽ സുഗ്രാഹ്യമായിരുന്നു. ഭാരതദേശീയതയുടെ അന്തരാത്മാവിനെ അദ്ദേഹം സാക്ഷാല്ക്കരിച്ചിരുന്നു. എന്നിട്ട് ഭഗവാൻ വിരാട്

പുരുഷൻെറ പ്രതീകമായി ഭാരതത്തെ ആരാധിക്കാൻ അദ്ദേഹം ജനങ്ങളെ ആഹ്വാനംചെയ്തു — "അടുത്ത അൻപതുവർഷക്കാലം നിങ്ങൾ ജനനി ജന്മഭൂമിയെ സ്വർഗ്ഗാദപിഗരീയസിയായാരാധിക്കുക ഇക്കാലങ്ങളിൽ മററു ദേവതകളെ ഒരു പക്ഷെ മറന്നുപോയാലും ദോഷമൊന്നുമില്ല. ഈ സന്ദർഭത്തിൽ നിങ്ങളുടെ ഒരേ ഒരു ദേവത നിങ്ങളുടെ രാഷ്ട്രീയമെന്നതായിരിക്കട്ടെ. എല്ലായിടങ്ങളിലും അദ്ദേഹത്തിൻെറ കയ്യുണ്ട്; എല്ലാ ഭാഗത്തും അദ്ദേഹത്തിൻെറ ശ്രദ്ധേയമായ കാതുകളുണ്ട്; അദ്ദേഹം എല്ലാ സ്ഥലങ്ങളിലും വ്യപിച്ചുനില്ക്കുന്നു. സമീപസ്ഥനം, സർവ്വവ്യാപിയും ആയ ആ വിരാട്പുരുഷനെ ആരാധിക്കാതെകണ്ട് നിങ്ങളെങ്ങോട്ട് ഏതു ദേവതയെയാണ് ഭജിക്കാൻ പോകുന്നതു്? ഈ സമസ്തമനുഷ്യരും, എല്ലാ പശുവൃന്ദങ്ങളും ഈശ്വരനും സ്വദേശനിവാസികളും നിങ്ങളുടെ ഒന്നാമത്തെ ഉപാസ്യദേവതയായിത്തീരട്ടെ"

## സ്വധർമ്മത്തെ പുനർജ്ജീവിപ്പിക്കുക

നൂററാണ്ടുകളായി ഭാരതത്തിലുണ്ടായിട്ടുള്ള ഉൾവലിവുകളും, വേലിയേററങ്ങളും ശരിയായ മാർഗ്ഗത്തിൽകൂടി കണ്ടറിഞ്ഞുകൊണ്ടാണ് സ്വാമി വിവേകാനന്ദൻ സ്വന്തമാതൃഭൂമിയുടെ നവോത്ഥാനത്തിന്നായിട്ടിങ്ങനെ കാഹളം മുഴക്കിയതു്. വർണ്ണാശ്രമധർമ്മങ്ങൾ വഴിതെററിയതുനിമിത്തം ഭാരതത്തിൻെറ ആന്തരസത്തയായ "സനാതനധർമ്മ"ത്തിൻെറ വളർച്ചയ്ക്ക് വിഘാതം നേരിട്ടു. ഈ അപകർഷതയിലും, അപമാനത്തിലും കൂടി ഭദ്രവും ക്ഷേമപൂർണ്ണവുമായ ഒരു സ്വാതന്ത്ര്യരാഷ്ട്രം പുനഃസ്ഥാപിക്കുക സാദ്ധ്യമല്ല. ഇന്നത്തെ സങ്കീർണ്ണാസമത്വങ്ങളുടെ അടിസ്ഥാനത്തിൽ ധർമ്മസങ്കരമാണുണ്ടാവുക. ധർമ്മസങ്കരമുണ്ടായാൽ ഭാരതാസ്തികൃത്തിന്നുലച്ചിൽ തട്ടും, ഉലഞ്ഞുകൊണ്ടിരിക്കുന്ന ഭാരതീയസത്ത, പരമ്പാക്ക് പരിഹാസ്യമായിത്തീരും. ആ പരിഹാസത്തിലും അവഹേളനങ്ങളിലും കൂടി ശത്രുക്കൾക്ക വീണ്ടും നാട്ടിൽ നിർബാധം സഞ്ചരിക്കാൻ സാധിക്കും; അവരുടെ സംഘടിതചാരവൃത്തികൾ നാട്ടിൻെറ ചരിത്രവാസനകൾക്കും, ശിഥില പ്രവണതകൾക്കും വളംവെയ്ക്കും; അസംതൃപ്തിയുടേയും അസമാധാനത്തിൻെറയും മുറവിളികൾ ചുററുപാടും മുഴങ്ങും; ആ കാർമേഘാന്തരീക്ഷത്തിൽ ത്രപം

കൊള്ളുന്ന പരിഷ്ക്കാരങ്ങൾക്കും പദ്ധതികൾക്കും വിലയിടിയും, വിചാരിച്ചത്ര ഫലമുളവാക്കാൻ അവസ്ഥ സാദ്ധ്യമാകാതെ വരും.

അതുകൊണ്ട് ധർമ്മപ്രേമികളായ ഭാരതപുത്രരേ, നിങ്ങൾ ദേവതകളെ രാഷ്ട്രപുരുഷാകാരത്തിൽ— ഏകതാബോധത്തിൽ— ആരാധിയ്ക്കുക. സനാതനധർമ്മാധിഷ്ഠിതമായ യുഗധർമ്മത്തേയും സമാജധർമ്മത്തേയും വളരാനും വികസിക്കാനും കാരണഭൂതമായ കാലോചിതകർമ്മങ്ങൾ ചെയ്യുക "ഭാരതമേ, എഴുന്നേററുയന്ന് ലോകത്തെ ആദ്ധ്യാത്മികതകൊണ്ട് കീഴടക്കുക".

## സ്വാതന്ത്ര്യാഘോഷം

## സ്വാത്മപരിശോധനയ്ക്കുപകരിക്കണം

ഒന്നിനു പുറകേ മറെറാന്നായി വിദേശിയരും വിമതസ്ഥരും ഭാരതത്തെ ആക്രമിച്ചുകൊണ്ടിരുന്നു. പലരും തോറേറാടുകയോ കീഴടങ്ങുകയോ ചെയ്തിരുന്നുവെങ്കിലും ആയിരം വർഷങ്ങളായി ഇടവിട്ടിടവിട്ട് ഭാരതം മുഗളന്മാരുടേയും ഇംഗ്ലീഷ്കാരുടേയും അടിമത്തം പേറേണ്ടിവന്നു. ഭാരതീയസ്വാതന്ത്ര്യം വീണ്ടെടുക്കാനുള്ള സമരങ്ങൾ നൂററാണ്ടുകളായി എണ്ണമററ വീരാഹുതികളിൽക്കൂടി തുടന്നു കൊണ്ടിരുന്നു. അവസാനം രാഷ്ട്രീയസ്വാതന്ത്ര്യം മാതൃഭൂമിയുടെ അംഗഭംഗങ്ങൾ വരുത്തിയിട്ടാണെങ്കിലും കരഗതമായി. ശ്രീവിവേകാനന്ദൻ പറഞ്ഞ അമ്പതു വർഷങ്ങൾക്കുശേഷമാണിതും സംഭവിച്ചതു്. സാംസ്ക്കാരികവും സാമൂഹികവുമായി വളരെയധികം ഛിന്നഭിന്നരായിത്തീന്ന സമുദായം ലബ്ധമായ സ്വാതന്ത്ര്യത്തെ സംരക്ഷിക്കാൻ പോലും അസമർത്ഥത പ്രകടിപ്പിക്കുന്നതിൻെറ ലക്ഷണങ്ങളാണ് ഇന്നെവിടെയും കാണുന്ന അധികാരദുർമ്മോഹ വടംവലികളിലും, ഭാഷാപരവും പ്രാദേശികവുമായ വെല്ലുവിളികളിലും, രാഷ്ട്രമീമാംസാപരമായ ആശയക്കുഴപ്പങ്ങളിലുംകൂടി ദൃശ്യമാവുന്നതു് നാട്ടിൽ വീണ്ടും വിദേശീയ പ്രവണതകളേയും ശത്രുക്കളേയും ക്ഷണിച്ചുവരുത്തുന്ന വിപല്ക്കരമായ ഒരു പോക്കാണിതു്. സ്വദേശത്തെ രക്ഷിക്കാൻ മനക്കരുത്തും, ദേശീയചാരിത്ര്യബോധവുമുള്ളവർ ഇന്നു വിരളമായിത്തീന്നിരിക്കുന്നുവോ? എന്നുകൂടി സംശയിക്കേണ്ടിയിരിക്കുന്നു. ബാഹ്യവും അന്തരിക

വുമായ ദേശീയക്കൂറ് ഇന്ന് എന്നത്തേക്കാളും അത്യാവശ്യമായിത്തീന്നിട്ടുണ്ട്. കേവലം ചടങ്ങുകളായി മാററുന്ന സ്വാതന്ത്ര്യാഘോഷങ്ങളെക്കൊണ്ട് വലിയ പ്രയോജനമൊന്നുമില്ല. സ്വാതന്ത്ര്യാഘോഷങ്ങൾക്കൊപ്പം ആത്മപരിശോധനയ്ക്കും ഐക്യത്തിനും പ്രചോദനവും പ്രേരണയും ഉൾക്കൊള്ളാൻ കഴിയുന്ന സാഹചര്യങ്ങൾ സംജാതമാക്കാൻ കഴിയണം.

## ബാഹ്യാതിർത്തികൾ ഐക്യത്തിന് ഭംഗം വരുത്തരുത്

അറുപതു വർഷങ്ങൾക്കുമുമ്പ് ശ്രീവിവേകാനന്ദൻ നൽകിയ ആഹ്വാനമിപ്പോഴും നാം സ്വീകരിക്കുവാൻ തയ്യാറാവുക:–

“മടിപിടിച്ചു വെറുതെ ഇരുന്നാൽ ഇനി ആരും ഇല്ല” എന്നു ഗ്രാമം ഗ്രാമംതോറും ചെന്നു ജനങ്ങളെ മനസ്സിലാക്കിക്കുകയാണ് നിങ്ങളുടെ കർത്തവ്യം. സഹോദരന്മാരേ, ഉണരുക! എഴുന്നേല്ക്കുക. എത്രനാൾ നിങ്ങൾക്കിങ്ങനെ ഉറങ്ങാൻ കഴിയും? ഇനി എത്രനാൾ നിങ്ങൾ ഇങ്ങനെ ഉറങ്ങും? എന്നു പറഞ്ഞു തങ്ങളുടെ യഥാർത്ഥസ്ഥിതി അവരെ മനസ്സിലാക്കിക്കുക. ഹിന്ദുമതം ഇത്രയും കാലം ബ്രാഹ്മണരുടെ സ്വന്തം സ്വത്തായിരുന്നു. കാലത്തിന്റെ പ്രവാഹത്തെ തടയുക സാദ്ധ്യമല്ല. അതിനാൽ നാട്ടാർക്കെല്ലാവർക്കും അതു ലഭിക്കുമാറു മുൻപോട്ടുവന്നു വേണ്ട നടപടികൾ നടപ്പിലാക്കുക. ബ്രാഹ്മണർക്കെന്നപോലെ മററുള്ളവർക്കും മതത്തിനവകാശമുണ്ടെന്ന പരമാർത്ഥം അവരുടെ ഹൃദയത്തിൽ ഉറപ്പിക്കുക. ചണ്ഡാലൻവരെയുള്ള സകല ആളുകൾക്കും ഈ ദിവ്യമന്ത്രങ്ങൾ ഉപദേശിക്കുക. ജീവിതത്തിലെ പ്രാഥമിക ആവശ്യങ്ങൾ, സ്വന്തസഹോദരങ്ങൾക്കെന്ന ആത്മാർത്ഥബോധപൂർവ്വം അവക്ക് നിറവേററിക്കൊടുക്കാൻ ശ്രമിക്കുക. ഇതു നിങ്ങൾക്കു കഴിയുകയില്ലെങ്കിൽ നിങ്ങളുടെ വിദ്യാഭ്യാസവും സംസ്ക്കാരവും വേദ–വേദാന്ത പഠനവും ലജ്ജാകരം!”

## ആഘോഷങ്ങളിൽ മതിമറക്കാതെ ആത്മപരിശോധന നടത്തുക

ഇന്നത്തെ ജാതിജന്യമായ ദുരഭിമാനങ്ങളും സമുദായത്തിലെ അതിരുവരമ്പുകളും ഇന്നത്തെ ആപദ്ധർമ്മപാലനത്തിൽ വിലങ്ങു

കളുണ്ടാകാതിരിക്കട്ടെ. നമ്മുടെ ധർമ്മവും സംസ്ക്കാരവും സുരക്ഷിതമായില്ലെങ്കിൽ സ്വതന്ത്രഭാരതം അവഗണിക്കപ്പെടും. വീണ്ടും ഈയൊരു ദേശീയദുർദ്ദശയ്ക്കിടം നൽകാതെ സ്വദേശഭക്തരായ ഭാരത സന്താനങ്ങൾ സ്വധർമ്മനിഷ്ഠരായി കാലോചിതമാം വിധം ജാഗരൂകരായിത്തീരണം. ഭാരതീയാദർശത്തിൽനിന്നും ഭാരതീയ സംസ്ക്കാരത്തിൽനിന്നും അകറ്റുന്ന യാതൊരു സംഘർഷത്തോടും നമുക്ക് ബന്ധമുണ്ടായിരിക്കരുത്. നമ്മെ ആ ആദർശത്തിൽനിന്നും സംസ്കാരത്തിൽനിന്നും അകറ്റുന്നവർ ആരായിരുന്നാലും അവർ നമ്മുടെ പുണ്യഭൂമിയുടെ ശത്രുക്കളാണെന്നറിയുക. ഉണർന്ന് ചുറ്റുപാടും നോക്കിക്കണ്ടുകൊണ്ട്, ദേശീയ-സാമൂഹികസംഘശക്തരായി നമ്മെയും നമ്മുടെ ദേശീയത്വജീവിതത്തെയും സംരക്ഷിക്കുന്നതിന് ഓരോ ഭാരതീയനും സാമൂഹികോൽബുദ്ധരായി പ്രതിജ്ഞയെടുക്കുക. സ്വാതന്ത്ര്യാഘോഷവേളയിലെങ്കിലും നിഷ്പക്ഷവും നിസ്വാർത്ഥവുമായ ആത്മപരിശോധനയ്ക്കും, ശരിയായ കർത്തവ്യപ്രചോദനത്തിനും സർവ്വശക്തൻ നമ്മെ പ്രേരിപ്പിക്കുമാറാകട്ടെ!

വന്ദേമാതരം.



1958 ആഗസ്റ്റ് 13-ാംനു "കേരളം" വാരികയിൽ
പ്രസിദ്ധപ്പെടുത്തിയത്.

# 11 കക്ഷികൗശലം

കഥ പഴയതുതന്നെ. പുതിയ പാഠപുസ്തകങ്ങളിൽ കാണാത്തതുകൊണ്ട് ചുരുക്കി പറയാം

ആ കുറുക്കന് ഒരു ദിവസം ആഹാരമൊന്നും കിട്ടാത്തതുകൊണ്ട് അടുത്തൊരു ഗ്രാമത്തിലേക്കിറങ്ങി ചില കോഴിക്കുഞ്ഞുങ്ങളെ പിടിച്ച് അകത്താക്കിയപ്പോഴേയ്ക്കും മണത്തറിഞ്ഞ നായ്ക്കൾ കുരയ്ക്കാൻ തുടങ്ങി. ഇനി കാട്ടിലേയ്ക്കു ഓടി രക്ഷപ്പെടാതെ നിവൃത്തിയില്ല എന്നു കുറുക്കൻ കരുതിയെങ്കിലും നാലുപുറത്തുനിന്നും നായ്ക്കൾ ഒന്നിനു പിറകേ ഒന്നായി കുരച്ചുകൊണ്ടടുത്തു. തന്റെ നിശ്ചിത പാതകളെല്ലാം അടഞ്ഞിരിക്കുന്നതു് മനസ്സിലാക്കിയ കുറുക്കൻ വരുന്നതു വരട്ടെയെന്ന ഭാവത്തിൽ ഗ്രാമവീഥിയിലൂടെ ഒരോട്ടം. ആ മരണപ്പാച്ചിലിൽ കുറുക്കൻ ചായം കലക്കിവച്ചിരുന്ന ഒരു തൊട്ടിയിൽ വീണു. അതറിയാതെ കുരച്ചുകൊണ്ടോടിയ നായ്ക്കൾ അവസാനം അവരവരുടെ ആസ്ഥാനങ്ങളിലേയ്ക്കു ഇച്ഛാഭംഗത്തോടെ മടങ്ങി.

ചായത്തൊട്ടിയിൽ മുങ്ങിപ്പൊങ്ങിയ കുറുക്കൻ അൽപശ്രമത്തോടെ പുറത്തു ചാടി. മിന്നുന്ന നീലനിറസ്വരൂപനായി താൻ മാറിയിരിക്കുന്നതു കണ്ടപ്പോൾ കുറുക്കന് ആശ്ചര്യമുണ്ടായി. കാട്ടിലേയ്ക്കുള്ള മടക്കയാത്രയിൽ, തന്നെ ചില നായ്ക്കളും മററും ആശ്ചര്യപൂർവ്വം വീക്ഷിച്ചുകൊണ്ട് ഒതുങ്ങിപ്പോകുന്നതുകണ്ടപ്പോൾ തന്റെ അസാധാരണ വ്യക്തിത്വത്തിൽ ആത്മവിശ്വാസവുമുണ്ടായി. അങ്ങിനെ കാട്ടിലെത്തിയ കുറുക്കനെ കണ്ട് മററു വന്യമൃഗങ്ങളും ആശ്ചര്യഭരിതരായി. 'ആ നവാഗതന്റെ വീരപരാക്രമങ്ങളെന്തെല്ലാമോ' എന്നറിയാതെ ഒതുങ്ങിനിന്ന വന്യമൃഗങ്ങളെ സംബോധനചെയ്തു. "വനവാസികളായ മൃഗങ്ങളെ! നിങ്ങൾ ഭയപ്പെടേണ്ട. നിങ്ങൾക്കു നല്ല ഒരു ഭരണാധികാരി ഇല്ലെന്നറിഞ്ഞ ദേവേന്ദ്രൻ ദേവലോകത്തെ മൃഗേന്ദ്രനായ എന്നെ ഇങ്ങോട്ട് അയച്ചിരിക്കുന്നു. എന്റെ ഭരണത്തിൽ നിങ്ങളെല്ലാവരും സന്തുഷ്ടരാവും, ഭയപ്പെടേണ്ട."

അച്ചടക്കത്തോടെ അവിടെ കൂടിയിരുന്ന മൃഗങ്ങളെല്ലാം പുതിയ രാജാവിനെ വണങ്ങി സ്തുതിച്ചു, 'രാജാധിരാജൻ! അവിടുത്തെ കല്പന അനുസരിക്കുവാൻ ഞങ്ങൾ എപ്പോഴും ഒരുക്കമാണ്'

ഉടനെ ഫലവത്തായ തന്റെ തന്ത്രത്തിൽ അഭിമാനവിജൃംഭിതനായ നീലക്കുറുക്കൻ രാജാവ് ചുറ്റുപാടും ഘനഗംഭീരനായി ഒന്നു വീക്ഷിച്ചു. ആന, കരടി, സിംഹം, കടുവ, കുരങ്ങ്, മാൻ, മുയൽ തുടങ്ങിയ എല്ലാ മൃഗങ്ങളും അവിടെ കൂടിയിട്ടുണ്ട്. അവരിൽ സിംഹത്തെ മന്ത്രിയായും, ആനയെ ഖജാൻജിയായും, കുരങ്ങു മുതലായവരെ തന്റെ അംഗരക്ഷകന്മാരായും നിയമിച്ചു. തന്റെ ജാതിക്കാരെ വിരട്ടി ഓടിക്കാൻ കല്പന കൊടുത്തു. കടുവ, സിംഹം മുതലായ മൃഗങ്ങൾ മാൻ, മുയൽ മുതലായവയെ കൊന്നു വേണ്ടുവോളം മാംസം നീലരാജാവിന്റെ ഇരിപ്പിടത്തിൽ കൊണ്ടുവന്നു കൂട്ടും. രാജാവാകട്ടെ തന്റെ ഓഹരി നീക്കിവച്ചിട്ട് ആവശ്യമുള്ളവക്ക് അവ പങ്കുവച്ചുകൊടുക്കും. ഇങ്ങനെ ചിലനാൾ കഴിഞ്ഞു. ഒരുദിവസം ഈവിധം രാത്രി ഭക്ഷണവും കുശലപ്രശ്നങ്ങളും കഴിഞ്ഞ് 'രാജാവ്' പള്ളിയറയിലേയ്ക്കു പോയി. അപ്പോൾ വനത്തിലെ സമാധാനഭംഗത്തിനെന്നപോലെ എവിടെ നിന്നോ ഒരു കൂട്ടം കുറുക്കന്മാർ ഓലിയിടുന്നു! കൗശലം കൊണ്ട് ഇത്രയും നാൾ അടക്കി ഭരണം നടത്തിയ നീലരാജാവിനും ഇതു കേട്ടപ്പോൾ വല്ലാത്തൊരു ഹരംപിടിച്ചു. തല്ക്കാല സ്ഥിതിയെല്ലാം മറന്നിട്ട് തല നിവർത്തിപ്പിടിച്ച് നീട്ടത്തിലൊരു ഓലിയിട്ടു. അതു കേട്ട് വെളിയിൽ കാവലിരുന്ന സിംഹം മുതലായ മൃഗങ്ങൾ ലജ്ജിച്ചു. കഷ്ടം നാം ഇത്രയും നാൾ കൗശലക്കാരനായ ഈ കുറുക്കന്റെ കീഴിൽ അടിമകളെപ്പോലെ വഴങ്ങിയല്ലോ. ഈ കശ്മലന്റെ ചതിപ്രയോഗത്തിനു ഉടനെ പകരം വീട്ടണമെന്നലറിക്കൊണ്ടവർ കുറുക്കരാജാവിന്റെ മേൽ ചാടി വീണു. നിമിഷനേരംകൊണ്ട് ആ രാജാധിരാജന്റെ കഥകഴിച്ചു.

ഈ കഥയിലെ താല്പര്യം മൃഗങ്ങളെ മാത്രംസംബന്ധിക്കുന്നതല്ല. മനുഷ്യരുൾപ്പെടെ ലോകത്തിലെ ജീവജാലങ്ങളിലും, പരിസ്ഥിതികളനുസരിച്ച് ജീവിതരീതി രൂപപ്പെടുത്തുന്നതു കാണാം. മനുഷ്യജീവിതത്തിൽ അതു കൂടുതൽ സ്പഷ്ടമായിരിക്കും. പൊരുത്തപ്പെട്ട പദ്ധതികളായിരുന്നാൽ അവകൊണ്ട് പുരോഗതിയും

അഭിവൃദ്ധിയുമുണ്ടാവും. പൊരുത്തപ്പെടാത്തതാണെങ്കിൽ ഓരോ ദിവസംചെല്ലുന്തോറും പുതുപ്രശ്നങ്ങളും കുഴപ്പങ്ങളും നഷ്ടവും കഷ്ടവും ഏറിക്കൊണ്ടിരിക്കും. കാട്ടിലെ ബലശാലികളായ മൃഗങ്ങളാണ് സിംഹവും ആനയും. എന്നാൽ സിംഹത്തിന്റെ തീററ ആനയ്ക്കും ആനയുടെതീററ സിംഹത്തിനും പൊരുത്തപ്പെടില്ല. ഭാരതത്തിന്റെ പഴക്കവും പാരമ്പര്യമുള്ള ഭരണസമ്പ്രദായവും ഇംഗ്ളണ്ടിലെ ഭരണ സമ്പ്രദായവും വ്യത്യസ്ഥമാണ്. എങ്കിലും പഴയ ഭാരതീയ സംസ്ക്കാരത്തേയും തങ്ങളുടെ പുതു സംസ്ക്കാരത്തേയും ചേർത്തു അടിമ ഭാരതത്തെ കുറേക്കാലം അവക്ക ഭരിക്കാൻ സാധിച്ചു. അതു അവരുടെ സാമർത്ഥ്യം തന്നെ.

എന്നാൽ അവരുടെ വിദ്യാഭ്യാസ പദ്ധതിയുടെ മായാപ്രഭാവത്തിൽ മുങ്ങിയ ഭാരതീയരിൽ പലരും ഇംഗ്ലീഷുകാരുടെ സാമർത്ഥ്യത്തെ മനസാവരിച്ച് അനുകരിക്കുവാൻ തുടങ്ങി. ഭാരതചരിത്രം തെളിഞ്ഞബുദ്ധിയിൽ ഗ്രഹിക്കുന്നവർക്കറിയാം ജനാധിപത്യ റിപ്പബ്ലിക്ക് സിദ്ധാന്തങ്ങാം ഭാരതത്തിനു പുത്തരിയല്ലെന്നു് വൈവിദ്ധ്യത്തിൽ ഏകാത്മകത്വം കാണുന്ന ഈ ദേശീയ വ്യവസ്ഥ ഇവിടെ സ്വാതന്ത്ര്യം കിട്ടി മുപ്പതു വർഷമായിട്ടും തളിരിട്ട് തഴയ്ക്കാൻ സാദ്ധ്യമായില്ലെന്നതു ലജ്ജാവഹമല്ലെ? ദേശീയവും സംസ്ക്കാരവുമെല്ലാം നേതാക്കന്മാരുടെ പ്രശംസകളിൽ ഒതുങ്ങിയിരിക്കുന്നതല്ലാതെ ഇതേവരെ സാധാരണ ജനങ്ങളുടെ ആവശ്യതലത്തിൽ പ്രായോഗികമായിട്ടില്ല. മറിച്ച് പ്രശംസിക്കുന്നവർ തന്നെ വിപരീതം പ്രവർത്തിക്കുകയും ജനങ്ങളെ കൂടുതൽ കൂടുതൽ മരുമരീചികകളിലേയ്ക്കു വ്യാമോഹിതരാക്കുകയുമാണുണ്ടായതു്.

ഒരു വിധത്തിൽ നീലനിറം പൂശിയ കുറുക്കനെപ്പോലെ, ഇംഗ്ലീഷുകാരെ അനുകരിച്ചുണ്ടാക്കിയ ഭരണരീതിയും ഫലമുളവാക്കുന്നു. കൃത്രിമം എപ്പോഴും കൃത്രിമം തന്നെയാണല്ലോ സ്വാർത്ഥത, ലോഭം, മോഹം, ആളും അർത്ഥവും ചേർത്താൽ എന്തു അധർമ്മവും ചെയ്യാമെന്ന പാപവിചാരം, എന്തു കിട്ടിയാലും ആർത്തിയും അലങ്കോലവും അശാന്തിയും അനുകരിക്കുകയെന്നതു് ഇപ്പോാം ഏതു രംഗത്തിലും ദൃശ്യമാണ്. ഇതിനുപോംവഴി ദേശീയമായ പഴയപഞ്ചായത്തുഭരണ വ്യവസ്ഥ വീണ്ടും നടപ്പിലാക്കുക മാത്രമാണ്. ഇന്നു പ്രവർത്തിക്കുന്ന രാഷ്ട്രീയ കക്ഷികളുടെയെല്ലാം നിലപാട് കബളിപ്പിക്കുന്ന നീലകുറുക്കന്റേതാണ്. ഇങ്ങനെ തുടന്നുപോയാൽ എവിടെയാണ് കൊണ്ടെത്തിയ്ക്കുക?

---

15–8–1977 ''ജയാരാമം'' വാരികയിൽ പ്രസിദ്ധപ്പെടുത്തിയതു്

# 12 ഇതാവട്ടെ മുദ്രാവാക്യം

എന്നെന്നും ഉണ്ടായിരുന്നതും എക്കാലത്തും ഉണ്ടായിരിക്കുന്നതുമായ ഒരു മതമാണ് ഹിന്ദുക്കളുടെ മതം. അതിനാൽ ഹിന്ദുമതത്തെ സനാതനധർമ്മം എന്നു പറയപ്പെടുന്നു.

പല കാരണങ്ങളാൽ ഹിന്ദുസമുദായത്തിന്നു ക്ഷീണദശകൾ ഉണ്ടായിട്ടുണ്ട്, അപ്പോഴെല്ലാം കാർമേഘത്താൽ മൂടപ്പെട്ട പൂർണ്ണചന്ദ്രനെപോലെ ഹിന്ദുധർമ്മം അവ്യക്തമായോ, അദൃശ്യമായോ തോന്നിയിട്ടുണ്ട്. കാർമേഘങ്ങൾ നീങ്ങി പൂർണ്ണചന്ദ്രൻ കാണപ്പെടുന്നതുപോലെ ഹിന്ദുധർമ്മം എല്ലാവർക്കും അനുഭവഗോചരമായിതീരുകയും ചെയ്യും.

അറിയേണ്ടതു് അറിഞ്ഞു് പ്രവർത്തിക്കാത്തതിനാൽ, ധർമ്മമാർഗ്ഗത്തിൽനിന്നു വഴിതെററിയ ഹിന്ദുസമുദായം കഷ്ടതകൾ അനുഭവിക്കുവാൻ നിർബ്ബന്ധിതമായി. ഉയർച്ചയും താഴ്ചയും ലോകസ്വഭാവമാണല്ലോ. ഹിന്ദുസമുദായത്തിന്നു് അധഃപ്പതനമുണ്ടായിട്ടുണ്ടെങ്കിൽ അഭ്യുന്നതിയും ഉണ്ടാവും.

സ്വർണ്ണംകൊണ്ടു് നിർമ്മിച്ചിട്ടുള്ള രഥങ്ങളുണ്ട്. സ്വർണ്ണനിറമുള്ള കടലാസുകൾ പൊതിഞ്ഞുണ്ടാക്കിയ രഥങ്ങളുമുണ്ട്. ദൂരെനിന്നുനോക്കിയാൽ എല്ലാം സ്വർണ്ണരഥങ്ങളായി കാണപ്പെടും. അതുപോലെയാണ് ഹിന്ദുമതവും പിന്നീടുണ്ടായ ക്രിസ്തുമതം, മുഹമ്മദ് മതം മുതലായവയും. അടുത്തുനോക്കിയാലറിയാം സ്വർണ്ണത്തിന്റേയും സ്വർണ്ണക്കടലാസുകളുടെയും മാററുകൾ. ഹിന്ദുമതം സ്വയം പൂർണ്ണമാകയാൽ ആളുകളെ ആകർഷിക്കുവാൻ പ്രത്യേക വിളംബരങ്ങൾ ചെയ്തുകൊണ്ടിരുന്നില്ല. മതത്തിൽ ആളെ ചേർക്കാൻവേണ്ടി ഹിന്ദുക്കൾ സ്ഥാപനങ്ങൾ നടത്തുകയോ രാഷ്ട്രീയചൂഷണങ്ങൾ നടത്തുകയോ ചെയ്തിട്ടില്ല. സ്വർണ്ണത്തിന്റെ മഹത്വം അതിലേക്കടുക്കുന്നവർ സ്വയം അറിഞ്ഞുപോരുന്നതുപോലെ ഗുരുശിഷ്യപരമ്പരയാ ഹിന്ദുധർമ്മം പ്രകാശിച്ചിരുന്നു.

അതിഥികളെ ആദരിക്കുന്നതിലും സല്ക്കരിക്കുന്നതിലും ഹിന്ദുക്കൾ തല്പരരായിരുന്നു. ഹിന്ദുധർമ്മത്തിൻെറ ഔദാര്യവും അതിഥിസല്ക്കാരപ്രേമവും പിൽക്കാലത്ത് രാജ്യം വെട്ടിപ്പിടിക്കാൻ വന്ന അന്യമതസ്ഥർ ചൂഷണം ചെയ്തു ഹിന്ദുസമുദായത്തെ താറുമാറാക്കാൻ ഉപയോഗിച്ചു. ഹിന്ദുക്കളിൽ തന്നെ സ്വസമുദായത്തെക്കാൾ തൻകാര്യം നോക്കികളായവർ, സ്വധർമ്മംമറന്ന് പ്രവർത്തിക്കുവാനും വർണ്ണാശ്രമധർമ്മം ദുർവ്യാഖ്യാനം ചെയ്യാനും ഉച്ചനീചത്വങ്ങൾ പുലർത്തുവാനും തുടങ്ങി. ഇക്കാരണങ്ങളാൽ ഹിന്ദുസമുദായം ഛിന്നഭിന്നമായി ഇന്നത്തെ നിലയിൽ അധഃപ്പതിച്ചു.

കുറിച്യർ, കുറുമർ, എന്നീ പേരുകളിൽ അറിയപ്പെടുന്ന ഹിന്ദുവിഭാഗങ്ങൾ പണ്ടത്തെ ക്ഷത്രിയവീരപരമ്പരയാണ്. ഹിന്ദുസമുദായത്തിനും ഹിന്ദുദേശത്തിനും കാവൽഭടന്മാരായിരുന്ന അവരുടെ ധീര–പരാക്രമപാരമ്പര്യം വീണ്ടെടുത്തു ഒററക്കെട്ടായി നിൽക്കുന്നെങ്കിൽ മാത്രമെ ഹിന്ദുത്വാഭിമാനവും പാരമ്പര്യവും സംരക്ഷിക്കുവാൻ സാധിക്കൂ.

ഹിന്ദുമഹാത്മാക്കളുടെ പാരമ്പര്യം നോക്കുക ദരിദ്രരായി പിറന്നുവളർന്നവരോ, രാജകുടുംബത്തിൽ ജനിച്ചിട്ടും ദാരിദ്ര്യം വരിച്ച സ്വയം ത്യാഗികളായവരോ ആണ് മഹാത്മാക്കളായി ധർമ്മത്തെയും സമുദായത്തെയും സംരക്ഷിച്ചിട്ടുള്ളത് അതിനാൽ ദരിദ്രരായി പിറന്നവർ ഭാഗ്യവാന്മാർ, അദ്ധ്വാനശക്തിയും പ്രകൃതിയോട് ഇണങ്ങിച്ചേരുന്ന ശക്തിയും അവക്ക് സ്വായത്തമായുണ്ട്. സ്വന്തം പിതൃക്കളുടെ സ്വത്തുക്കൾക്ക് അവകാശമുള്ളതുപോലെ തൻെറ ധർമ്മം പഠിക്കുവാനും സ്വദേശത്തെവിടെയും സ്വന്തം നാടാണെന്നഭിമാനിക്കുവാനും അവർക്കു ധാർമ്മികാവകാശമുണ്ട്. ഈ ജന്മാവകാശം അനുവദിച്ചുകൊടുക്കാതെ ഗിരിജനഹിന്ദുക്കളെ അടിമകളെപോലെ കരുതുന്ന ധനികരും മതചൂഷണംചെയ്തു മതംമാററാൻ ശ്രമിക്കുന്ന അന്യമതസ്ഥരുമാണ് പാപികൾ. അവരുടെ മനോഭാവം നന്നാവാനും ഹിന്ദുവെന്ന പേരിൽ സംഘടിതരായി പ്രവർത്തിച്ചേ തീരൂ.

അന്യമതസ്ഥർ ഇന്നാട്ടിൽ വന്നു, നാടുവെട്ടിപ്പിടിച്ചും ബലാല്ക്കാരമായി മതം മാററിയും മതകലഹങ്ങൾ ഉണ്ടാക്കി. ഇന്നു

മതത്തിന്റെ പേരിൽ അനീതികളും അക്രമങ്ങളും ചൂഷണങ്ങളും അന്യനാടുകളിലെന്നപോലെ നമ്മുടെ പുണ്യഭാരതഭൂമിയിലും ആവർത്തിച്ചുകൊണ്ടിരിക്കുന്നു. ഈ അധർമ്മങ്ങളെല്ലാം അകലണമെങ്കിൽ ഔദാര്യനിധിയായ ഹിന്ദുധർമ്മം നിലനില്ക്കുകയും വികസിക്കുകയും വേണം. എല്ലാ മതങ്ങൾക്കും മാതാവായിട്ടുള്ളതാണ് ഹിന്ദുമതം. മതകലഹങ്ങളും പരസ്പരവിരോധങ്ങളും തീക്കാൻ കഴിയുന്ന ഒരേയൊരു മതം ഹിന്ദുധർമ്മം മാത്രമാണ്. ഹിന്ദുധർമ്മം എല്ലാ മതാചാര്യന്മാരെയും ബഹുമാനിക്കുവാൻ പഠിപ്പിക്കുന്നു. എല്ലാവർക്കും ഈശ്വരനെ അറിയാനും അനുഭവപ്പെടുത്താനും സാധിക്കുവാനും ഈ ജന്മമെന്നപോലെ പൂർവ്വജന്മവും പുനർജ്ജന്മവുമുള്ള മനുഷ്യന് ശുഭകർമ്മങ്ങൾ ചെയ്തു ഉന്നതിപ്രാപിക്കാമെന്നും ഹിന്ദുധർമ്മം പഠിപ്പിക്കുന്നു. ആത്മവിശ്വാസപൂർവ്വം സധൈര്യം ധർമ്മബദ്ധരായി പ്രവർത്തിച്ചാൽ ഉത്തരോത്തരം ഉന്നതിയെ പ്രാപിക്കും.

അസുരന്മാരുടേയും അക്രമികളുടേയും ആക്രമങ്ങളും അതിക്രമങ്ങളും അധികരിച്ച കാലഘട്ടങ്ങളിലെല്ലാം നാട്ടിന്റെയും സമുദായത്തിന്റെയും സംരക്ഷണത്തിനുവേണ്ടിയുള്ള ധർമ്മകാഹളം മുഴങ്ങിയതു് വനാന്തരങ്ങളിൽ നിന്നാണ് പരാശരനും ഏകലവ്യനും പോലുള്ള ധർമ്മപ്രാണർ മഹാഭാരതകാലത്തിലും, വാത്മീകിയും ശബരിയും പോലുള്ള ധർമ്മപ്രേമികൾ രാമായണകാലത്തും വനാന്തരങ്ങളിൽ നിന്നും ധർമ്മവിപ്ലവം സൃഷ്ടിച്ചവരാണ്. അതേപോലെ വീണ്ടും നമ്മുടെ നാട്ടിന്റെ സസ്യശ്യാമളാഭമായ മലമ്പ്രദേശങ്ങളെ ഗ്രസിച്ചിട്ടുള്ള ചൂഷണശക്തികളെ നേരിട്ടു നിലക്കുനിർത്തണമെങ്കിൽ പരമ്പരാഗതമായ ഹിന്ദുശക്തി ഉണർന്നെഴുന്നേററു് പണ്ടത്തെപ്പോലെ സംഘടിതരാവണം. ആടുകളെപ്പോലെ ഒതുങ്ങിപ്പോവാതെ സിംഹങ്ങളെപ്പോലെ സട കുടഞ്ഞു ഗർജ്ജിക്കണം. ഹിന്ദുധർമ്മകാഹളം കൊണ്ടുവേണം വനങ്ങളിൽ മംഗളം സംജാതമാകുവാൻ. "ഹിന്ദുക്കളേ ഒന്നുചേരുവിൻ, സ്വന്തം കാലുകളിൽ ഉറച്ചുനിന്നു് ഒററക്കെട്ടായി പ്രവർത്തിച്ചു് അനീതികളെയും അക്രമങ്ങളെയും അകററുവിൻ!" ഇതായിരിക്കട്ടെ നമ്മുടെ മുദ്രാവാക്യം.

'വന്ദേമാതരം'

---

1966ൽ വയനാട്ടിൽ വിതരണം ചെയ്ത ചെറുലേഖ.

# 13 തിലകന്റെ കർമ്മമാർഗ്ഗം

നീണ്ടകാലമായി ഭാരതീയരിൽ കുടികൊണ്ടിരുന്ന ദേശീയ പരാധീനതാഭാവവും രാഷ്ട്രീയാപകർഷതാബോധവും അവയുടെ അസ്ഥിവാരത്തോടുകൂടി കടപുഴക്കിയെറിയുകയും തൽസ്ഥാനത്ത് കുലാഭിമാനം, ദേശാഭിമാനം, ധർമ്മാഭിമാനം എന്നീ സൽഭാവനകൾ പുനരുജ്ജീവിപ്പിക്കുകയുംചെയ്ത ലോകമാന്യതിലകൻ ഭാരതദേശീയതയുടെ പിതാവാണ്. സ്വധർമ്മത്തിനും സ്വരാജ്യത്തിനും വേണ്ടി സർവ്വകഴിവുകളും പ്രയോഗിച്ച് കർമ്മമാർഗ്ഗത്തിൽ മുന്നേറാൻ ഭാരതീയർക്ക് മാർഗ്ഗദർശനം നൽകിയ ആ മഹാത്മാവിനെ ഭാരതക്ഷേമത്തിനുവേണ്ടി പുതിയതലമുറ സശ്രദ്ധം സ്വീകരിക്കേണ്ട സന്ദർഭമാണിത്. ലോകമാന്യനേയും അദ്ദേഹത്തിന്റെ കർമ്മമാർഗ്ഗത്തേയും പഴഞ്ചൻ ഫ്യൂഡലിസമെന്നും മററും അപലപിച്ചുകൊണ്ട് വിദേശസ്വർഗ്ഗത്തെ സ്വപ്നംകണ്ട് സ്തുതിച്ചുകൊണ്ടിരുന്ന കക്ഷികൾപോലും ഇന്നു പശ്ചാത്താപപൂർവ്വം ലോകമാന്യാരാധനയ്ക്ക് ആഹ്വാനംചെയ്യുന്നത് ശുഭോദർക്കമത്രെ. ധീരാത്മാവായ ആ കർമ്മയോഗിയുടെ ആശയാഭിലാഷങ്ങളും ആദർശങ്ങളും പാതിയിലധികം, പ്രവൃത്തിയിൽ കൊണ്ടുവരാൻ ഇനിയും അവശേഷിച്ചിരിക്കുകയാണ്. അതുകൊണ്ടായിരിക്കാം, അന്ത്യകാലത്തിലും 'യദായദാ ഹിധർമ്മസ്യ....' എന്നു തുടങ്ങുന്ന ഗീതയിലെ പ്രത്യാശാമന്ത്രം ഉരുവിട്ടുകൊണ്ട് ആ മഹാത്മാവ് നമ്മെ വിട്ടുപിരിഞ്ഞത്!

കുലം, ധർമ്മം, ദേശം എന്നിവകളെ അവമതിച്ചുകൊണ്ട് യാതൊരു വ്യക്തിക്കും—അയാൾ സമുദായ നേതാവോ, രാഷ്ട്രനായകനോ, മതാചാര്യനോ ആരായാലും—അവരവരുടെ സമുന്നതനിലകളിൽ ആദർശനിഷ്ഠയോടെ അമർന്നിരിക്കാമെന്ന് ആശിക്കേണ്ടെന്ന പാഠം ലോകമാന്യനാണ് നമ്മെ പഠിപ്പിച്ചത്. ഒന്നു രണ്ടു വ്യക്തികളോ, രാഷ്ട്രമോ മാത്രമല്ലാതെ, സമസ്തമാനവരും ലോകരാഷ്ട്രങ്ങളും ഒന്നുപോലെ "വിശ്വൈക കുടുംബകം" (ലോകമേ തറവാട്) എന്ന സർവ്വോന്നതമാദർശം സാക്ഷാല്ക്കരിക്കുമ്പോൾ ഉള്ള അവസ്ഥ

വേറെയാണ്. സമസ്തവും ആ പരമോന്നതാവസ്ഥയിലെത്തിച്ചേരുന്നതുവരെ യാതൊരു രാഷ്ട്രത്തിനും തങ്ങളുടെ കുലം, സമുദായം, ധർമ്മം, ദേശം എന്നിവയെ അവഗണിക്കുവാനോ അവയോട് അനുവർത്തിക്കേണ്ടതായ കർത്തവ്യകർമ്മങ്ങളിൽ വിമുഖത കാണിക്കുവാനോ സാദ്ധ്യമല്ല

പല നിലകളുള്ള ഒരു മാളിക കെട്ടിപ്പടുത്ത് പൂർത്തിയായാൽ അതിന്റെ താഴത്തെ നിലകളും കോവണിപ്പടികളും അനാവശ്യമാണെന്നും പറഞ്ഞ് പൊളിച്ചെറിയാൻ ആരെങ്കിലും തുനിയാറുണ്ടോ? സൂര്യനുദിച്ചെന്നുകണ്ട് അഗ്നിയുടെ ആവശ്യം ഇല്ലാതാവുന്നുണ്ടോ? കരവാളം കരഗതമായെന്നു കരുതി കുന്താലിയുടെ ആവശ്യം നഷ്ടപ്പെടുന്നുണ്ടോ? 'എം.എ.' ബിരുദം നേടിയതിനാൽ അക്ഷരമാലയുടെ ആവശ്യം അവസാനിച്ചെന്ന് ആരെങ്കിലും വിചാരിക്കാറുണ്ടോ? അതുപോലെ 'വിശ്വൈകകുടുംബകം' എന്ന സാർവ്വലൗകിക സമുന്നത നിലയിലെത്തിയാലും സ്വധർമ്മാഭിമാനത്തിന്റേയും സ്വദേശാഭിമാനത്തിന്റേയും ആവശ്യകത നിലനില്ക്കുകതന്നെ ചെയ്യുന്നു. അദ്ധ്യാത്മികമാർഗ്ഗത്തിൽ 'ഏകമേവാദ്വിതീയം' സാക്ഷാൽക്കരിച്ചുകൊണ്ടത്യുന്നതനിലയിലെത്തിയ ആചാര്യദേവൻ 'അഹംബ്രഹ്മാസ്മി'യെന്നു ഉരുവിട്ടുകൊണ്ട് അവിടെത്തന്നെയിരുന്നാൽ സമുദായത്തിനോ നാടിനോ എന്തുപ്രയോജനമാണുണ്ടാവുക?എന്നാൽലോകസംഗ്രഹത്തിനായി ആ സർവ്വജ്ഞനായ അദ്ധ്യാത്മികഗുരു എന്താണ് ചെയ്യുന്നതു്? താഴോട്ടിറങ്ങി വന്ന് ജനങ്ങളെ സഗുണോപാസനയോ, അരൂപോപാസനയോ മാർഗ്ഗമായി നിർഗ്ഗുണബ്രഹ്മപ്രാപ്തിക്ക് നയിക്കാൻ കർത്തവ്യമായ സാധനകൾ അദ്ദേഹം ഉപദേശിക്കുകയും സ്വയം അനുഷ്ഠിച്ചു കാട്ടുകയുംചെയ്യുന്നു. ലോകമേ തറവാട്ടുകാരായ ലൗകികർക്ക് ലോകമാന്യൻ കാട്ടിത്തന്ന കർമ്മമാർഗ്ഗമാണിതു്. ഈയൊരു 'കർമ്മസുകൗശല'ത്തിന്റെ സജീവവ്യാഖ്യാനമാണ് തിലകന്റെ ത്യാഗമോഹനമായ ദേശീയജീവിതം.

ആ കർമ്മയോഗി സ്വദേശത്തിന്റേയും വിദേശങ്ങളുടേയും ചരിത്രങ്ങൾ നല്ലവണ്ണം അഭ്യസിച്ചുകൊണ്ടും ജനഹൃദയങ്ങളെ സൂക്ഷ്മനിരീക്ഷണം ചെയ്തുകൊണ്ടുമാണ് നാട്ടുകാർക്ക് "സ്വരാജ്യം നമ്മുടെ ജന്മാവകാശമാണെ"ന്ന മന്ത്രദീക്ഷ നൽകിയതു്. ഇത്രയും പ്രവർത്തി

ച്ചിട്ട് വിരമിച്ചിരുന്നെങ്കിൽപ്പോലും അദ്ദേഹം നമ്മുടെയെല്ലാം ആരാധനാദരവുകൾക്ക് പാത്രീഭവിക്കും. എന്നാൽ ഇവിടെ വിരമിക്കാതെ, എല്ലാവരും ഒന്നുചേർന്ന് സ്വരാജ്യോപാസന നടത്തേണ്ടതെങ്ങനെയാണെന്ന വസ്തു നിഷ്ഠപാഠംകൂടി അദ്ദേഹം നമ്മെ പഠിപ്പിച്ചു. സ്വരാജ്യലബ്ധിക്കുവേണ്ടി എപ്രകാരമാണ് തപശ്ചര്യയനുഷ്ഠിക്കേണ്ടതെന്ന്, കഷ്ടതകളും ദുരിതങ്ങളും സ്വയം സഹിച്ചുകൊണ്ട് ആ മഹായോഗി നമ്മെ ഉൽബോധിപ്പിച്ചു. എത്ര നിർമ്മലവും നിസ്പൃഹവുമായ ഹൃദയമാണ് സ്വരാജ്യ സ്നേഹികൾക്കുണ്ടാവേണ്ടതെന്ന ആദർശം സ്വജീവിതം മുഖേന നമ്മുടെമുമ്പിൽ ആവിഷ്ക്കരിച്ചു. ആ ഉന്നതാദർശനിലയിൽ ചെന്നെത്താനുള്ള ഉത്സാഹവും എത്ര അദമ്യമായിരിക്കണമെന്ന് ശ്രീ തിലകൻ സ്വജീവിതമൊരു പ്രത്യക്ഷോദാഹരണമാക്കിച്ചെയ്തു.

വിദേശീയാടിമത്വംകൊണ്ട് നിർജ്ജീവമായി തപിച്ചിരുന്ന സ്വദേശത്തിൽ ശുദ്ധരാഷ്ട്രവിജ്ഞാനം ആദ്യമായി പ്രചരിപ്പിച്ചതു് ലോകമാന്യതിലകനാണ്. ശാരീരികവും, സാമ്പത്തികവും, നിത്യാവശ്യപരവുമായ കാര്യങ്ങളിൽ വിദേശാധിപത്യം നിമിത്തമുണ്ടായ പരാധീനത സ്വാനുഭവങ്ങൾകൊണ്ടദ്ദേഹം കണ്ടറിഞ്ഞു. അതിനാൽ സമുദായോദ്ധാരണം, വിദ്യാഭ്യാസം, വ്യവസായം, രാജ്യതന്ത്രം ഇത്യാദി കാര്യങ്ങളിൽ ഗവണ്മെൻറിനോട് നാട്ടുകാർക്കെത്രമാത്രം കുറഞ്ഞ ബന്ധമാണോ ഉള്ളതു് അത്രത്തോളം കൂടുതൽ സ്വതന്ത്രരും സുരക്ഷിതരുമാവാൻ കഴിയുമെന്ന് അന്നദ്ദേഹം പ്രചരിപ്പിച്ചു. 'വിദേശസാധനങ്ങളുടെ അർത്ഥം പരതന്ത്രത'യാണെന്ന ചെറുതെങ്കിലും മഹത്തായ അർത്ഥശാസ്ത്രം നാട്ടുകാർക്ക് ഉപഹാരമായി നൽകിയതും ശ്രീ തിലകനത്രെ. ''നാം നടത്തുന്നതുകൊണ്ട് ഭരണ വണ്ടി ഓടുന്നു. ഈ വിദേശാധിപത്യശകടത്തിൻെറ അച്ചാണിയൂരിയെടുത്തുകൊണ്ട് ആ വണ്ടിയെ ഓടുന്നിടത്തുവച്ചു നിർത്തിക്കാനുള്ള ശക്തി നാം വീണ്ടെടുക്കണം. എന്നിട്ട് 'സർവ്വധർമ്മാൻ പരിത്യജ്യ'ഭാവത്തിൽസ്വരാജ്യത്തിനു പിന്നിലണിനിരക്കുവിൻ''. ഈ അനന്യഭാവപൂർണ്ണമായ രാഷ്ട്രസേവാദർശമാണ് അദ്ദേഹം സ്വജനതയ്ക്കേകിയതു്. എന്നിട്ടും ജനഹൃദയങ്ങളിൽ ധർമ്മാധർമ്മങ്ങളുടെ വിഷയത്തിൽ സംശയങ്ങളുണ്ടാകുന്നതു കണ്ടിട്ടാണ് ആ

ജ്ഞാനധീരൻ തന്റെ നാല്പതുവർഷത്തെ ജീവിതാനുഭവജ്ഞാന സാരരൂപമായ ഗീതാശാസ്ത്രത്തിന്റെ രഹസ്യം ജനതയ്ക്കു് അർപ്പണം ചെയ്തു്.

ദേശത്തിലങ്ങോളമിങ്ങോളം പടർന്നുപിടിച്ചിരുന്ന അനാചാരങ്ങാംക്കു് അതിരില്ലായിരുന്നു. ദേശീയജീവിതത്തെ കളങ്കപങ്കിലമാക്കുന്ന ഇത്തരം സമുദായ ദൂഷ്യങ്ങളകററാനും ശ്രീ തിലകൻ അത്യധികം പാടുപെട്ടു. ''ജീവിതത്തെ മണ്ണിലടിയിപ്പിക്കുന്ന മദ്യരാക്ഷസനിൽനിന്നും ഭാരതത്തെ രക്ഷിക്കാൻ വേണ്ടിവന്നാൽ നിയമലംഘനത്തിനും, സന്തോഷപൂർവ്വം കാരാഗൃഹത്തിൽപോകാനും മാത്രമല്ല ചിരിച്ചുകൊണ്ടു് സ്വജീവനുപേക്ഷിക്കുവാനും തയാറാവണം'' എന്നു് 1907—ൽതന്നെ സമരപ്രതിജ്ഞചെയ്ത ആ മഹാത്മാവിന്റെ നാട്ടിലിന്നു് ഔഷധങ്ങാംപോലും മദ്യമയമാണെന്നതു് വിധിവൈചിത്ര്യംതന്നെ!

ലോകമാന്യൻ വിഭാവനം ചെയ്ത സ്വരാജ്യം നമുക്കെത്രത്തോളം നേടാൻ കഴിഞ്ഞുവെന്നതു് ചിന്താർഹമാണു്. അരശതാബ്ദത്തിനു മൻപുതന്നെ ആ മഹാരാഷ്ട്രതന്ത്രജ്ഞൻ ചെയ്ത ഒരു പ്രസംഗത്തിൽ സ്വദേശാനുയായികാംക്കു് താക്കീതു നൽകിയതെന്താണു്? ''വിഭജനം, എന്തിനെയാണു് വിഭജിക്കുന്നതു്? ഭഗവത്ഗീതയിൽ എത്ര സുന്ദരമായ സ്വരത്തിലാണു്— 'അച്ഛേദ്യോയമദാഹ്യോയം'—വാളിനാലും മററും ആത്മാവിനെ ഛിന്നഭിന്നമാക്കാൻ സാദ്ധ്യമല്ലെന്നു്— പറഞ്ഞിരിക്കുന്നതു്! ഭാരതത്തിനൊരു ആത്മാവില്ലേ? ഉണ്ടെങ്കിലതിനെ വിഭജിക്കാനും സാദ്ധ്യമല്ല. രാഷ്ട്രത്തിന്റെ ആത്മാവെന്താണു്? സ്വരാഷ്ട്രത്തെ ഏകവും അവിഭാജ്യവുമായി സംരക്ഷിക്കുന്ന 'ഏകരാഷ്ട്രഭാവന'. ഈ ഉൽകൃഷ്ടഭാവമുണ്ടായിരിക്കെ രാഷ്ട്രവിഭജനം സംഭവിക്കുന്നതല്ല! ഇതുപോലെ ആര്യദ്രാവിഡാദിഛിദ്രപ്രവണതകാംക്കും എതിരായി അദ്ദേഹം ധർമ്മകാഹളം മുഴക്കിയിരുന്നു. ''ആര്യന്മാർ എവിടെനിന്നോവന്നു് കുടിയേറിയവരല്ല. അവരുടെ ഉൽഭവസ്ഥാനം ഭാരതത്തിൽ കാശ്മീരിന്റെ തെക്കുപടിഞ്ഞാറും പഞ്ചാബിന്റെ വടക്കുപടിഞ്ഞാറും പ്രദേശങ്ങളുാംപ്പെട്ട സപ്തസൈന്ധവമാണു്'' ഇത്യാദി സ്വരാജ്യ സാക്ഷാത്ക്കരണത്തിനുള്ള ലോകമാന്യാദർ

ശങ്ങൾ നാമിന്നും സ്വീകരിക്കാത്തതാണ് കുഴപ്പങ്ങൾക്കു കാരണം.

ലോകമാന്യതിലകൻ സ്വദേശീയതയിൽ ദൃഢമായി വിശ്വസിച്ചിരുന്നു. സ്വദേശത്തിലിന്നും സ്വദേശവിരുദ്ധമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വിദേശീയ പ്രവണതകൾ മനസ്സിൽ കണ്ടുകൊണ്ടുവേണം ലോകമാന്യനെ നാം സ്തുതിക്കാൻ. സ്വരാജ്യത്തെക്കുറിച്ചുള്ള നിരന്തരചിന്തയിലാണ് മഹാനായ ആ രാജർഷി ഇഹലോകവാസം വെടിഞ്ഞതു്. അദ്ദേഹം കാട്ടിത്തന്ന കർമ്മ മാർഗ്ഗത്തിൽക്കൂടി സ്വരാജ്യ സാക്ഷാൽക്കരണത്തിനു് നാമിനിയും ബഹുദൂരം യാത്രചെയ്യേണ്ടതായിട്ടുണ്ടു്. ദേശാഭിമാനം, ധർമ്മാഭിമാനം എന്നിവ സ്വായത്തമാക്കി മഹത്തായ ലക്ഷ്യത്തിലേയ്ക്കു് കർമ്മമാർഗ്ഗത്തിൽക്കൂടി ചുവടൊപ്പിച്ചു നടക്കാനുള്ള സന്നദ്ധത നമുക്കുണ്ടാകുമെങ്കിൽ ആ പരിപൂതാത്മാവു് പരമാനന്ദം കൊള്ളും; ഭാരതമാതാവു് ധന്യയാവും. *

**വന്ദേമാതരം**

# 14 നാരായണാദർശം

**മ**തത്തിലും സാമൂഹ്യക്രമത്തിലും ഉള്ള അന്ധവിശ്വാസങ്ങളും അനീതികളും മാത്രം ചിന്തിയ്ക്കുകയും ചർച്ച ചെയ്യുകയും ചെയ്തുകൊണ്ടുപോയാൽ ക്രമേണ മതാദർശങ്ങളും നീതിയും അധോഗതിയിലാവും. നല്ലതിനെ സ്നേഹിക്കുകയും ചീത്തയെ വെറുക്കുകയും ചെയ്യുന്നവർ ചീത്ത വശത്തെമാത്രം ചിന്തിച്ചുകൊണ്ടിരുന്നാൽ അതിന്റെ പരിണാമവും ചീത്തയായിരിയ്ക്കും. നന്മ പുലരാൻ വേണ്ടി പ്രവർത്തിയ്ക്കുകയാണാവശ്യം.

ശ്രീനാരായണഗുരു ഒരു തപസ്വിയും, ആചാര്യനും, സമുദായ പരിഷ്ക്കർത്താവും ഒരവതാരപുരുഷനും ആയിരുന്നു. ശ്രീനാരായണന്റെ ജീവിതത്തെ സമഗ്രമായി പഠിച്ചേ അദ്ദേഹത്തിന്റെ ജീവിതാദർശം ശരിയ്ക്കും ഗ്രഹിക്കാനാവൂ. അദ്ദേഹത്തിന്റെ ആദർ

---

* 22–7–1956 ''ദേശബന്ധു''വിൽ പ്രസിദ്ധപ്പെടുത്തിയതു്.

ശങ്ങളെ വളച്ചൊടിയ്ക്കാതെ വസ്തുനിഷ്ഠമായ അദ്ധ്യയനം നടത്തുകയാണ് വേണ്ടത്. ഗുരുദേവൻെറ സദുപദേശങ്ങൾ നേരായവിധം ധരിയ്ക്കുവാൻ ശ്രമിയ്ക്കുക.

അന്ധവിശ്വാസങ്ങളേയും അനാചാരങ്ങളേയും ഭർത്സിക്കുന്ന കൂട്ടത്തിൽ ശ്രീനാരായണഗുരു 'മതവിശ്വാസികളും അന്ധവിശ്വാസികളുമായ പിന്തിരിപ്പന്മാർ പററിയ്ക്കാനാണ്' ചില ദൈവസ്തോത്രങ്ങൾ രചിക്കുകയും ക്ഷേത്രപ്രതിഷ്ഠ നടത്തുകയും ചെയ്തിട്ടുള്ളതെന്നുവരെ ചില 'പുരോഗമന'ക്കാർ പ്രചരണം നടത്തുന്നുണ്ട്. മുപ്പതു വർഷങ്ങൾ മാത്രമേ ആയിട്ടുള്ളൂ ശ്രീനാരായണഗുരുമഹാസമാധി പ്രാപിച്ചിട്ട്. അതിനിടയ്ക്കുതന്നെ ആ മഹാത്മാവിൻെറ പേരിൽ എന്തെല്ലാം അബദ്ധങ്ങളും അന്ധവിശ്വാസങ്ങളുമാണ് നട്ടുപിടിപ്പിക്കുന്നത്! അതും പുരോഗമനത്തിൻെറ പേരിൽ!

ശ്രീനാരായണഗുരുവിനെപ്പോലുള്ള ഒരു മതഗുരുവിനെപ്പററി അദ്ദേഹത്തെ കാണുകയും ഉപദേശങ്ങൾ നേരിട്ടു ശ്രവിക്കുകയും ചെയ്തിട്ടുള്ള ആളുകൾ ഇപ്പോഴും ജീവിച്ചിരിക്കവെയാണ് ഇത്തരം തെററിദ്ധരിപ്പിക്കലുകൾ നടമാടുന്നത്!

[ഗുരുദേവൻ ഒരു സമുദായ പരിഷ്ക്കർത്താവാണെന്നതിൽ ആർക്കും പക്ഷാന്തരമില്ല. അതിൻെറ പേരിൽ മതവിശ്വാസത്തേയും ഈശ്വരാസ്തിക്യത്തേയും നിഷേധിക്കുകയാണെങ്കിൽ അതു ശ്രീനാരായണാദർശമാകുകയില്ല. ശ്രീനാരായണഗുരുവിൻെറ ചിരകാലത്തെ തപസ്യയും 'സാധന'യുമാണ് അദ്ദേഹത്തിൻെറ സമുദായപരിഷ്ക്കരണ പ്രേരണകളുടെ ശക്തികേന്ദ്രം]

സ്വാമികളുടെ മാതാപിതാക്കളുടെ ജീവിതംതന്നെ അതിനു ഉത്തമദൃഷ്ടാന്തമാണ്. അവർ സദാചാരനിഷ്ഠരും പരമഭക്തരുമായിരുന്നു. വീട്ടിനടുത്തുള്ള ദേവീക്ഷേത്രത്തിലെ ആരാധനകളിൽ ബാല്യകാലത്തുതന്നെ അദ്ദേഹം കൃത്യനിഷ്ഠയോടെ പങ്കെടുത്തിരുന്നു. ബാല്യകാലത്തെ വിദ്യാഭ്യാസം തികച്ചും ദേശീയമായ അടിസ്ഥാനത്തിലാണ് അദ്ദേഹത്തിനു സിദ്ധിച്ചതു് അനന്തരം ഒരു കുടിപ്പള്ളിക്കൂടത്തിലെ ആശാനായി സ്വാമികൾ പലരേയും ഹരി: ശ്രീ മുതൽ അദ്ധ്യാപനം നടത്തിയിട്ടുണ്ട് അതിനുശേഷം മരു

ത്വാമലയിലും അരുവിപ്പുറത്തും മററും ഏകാന്തതയിലും അല്ലാതെയും സ്വാമികൾ അനുഷ്ഠിച്ചിട്ടുള്ള തപസ്സുകൾ വിലയററതാകുമോ? കഠിന തപസ്സിന്നു ശേഷമാണ് മററനേകം ഭാരതീയ പുണ്യാത്മാക്കളെപ്പോലെ സ്വാമികൾ കന്യാകുമാരി മുതൽ ദേശാടനം നടത്തിയതു്. സന്മാർഗ്ഗ—സദ്ധർമ്മ മൂല്യങ്ങൾ മനുഷ്യ ജീവിതത്തിൽ പകർന്നു കൊടുത്തുകൊണ്ടു് സമുദായപരിഷ്ക്കാരം സാധിക്കാനാണു് ആ മഹാത്മാവു് മുഖ്യമായും ശ്രദ്ധിച്ചിരുന്നതു്. സമുദായങ്ങളെ തമ്മിൽ ഭിന്നിപ്പിക്കുന്ന പ്രകടനങ്ങളും പ്രസംഗങ്ങളും നടത്തി സമുദായപരിഷ്ക്കാരം സാധിക്കാമെന്നല്ലാ ആ മഹാത്മാവു പഠിപ്പിച്ചതു്.

സന്മാർഗ്ഗനിഷ്ഠ, ജീവിതസാക്ഷാൽക്കാരത്തിനത്യന്താപേക്ഷിതമാണു്. സ്വാമികൾ അക്കാര്യം പലയാവർത്തി ഊന്നിപ്പറഞ്ഞിട്ടുണ്ടു്. അവയിൽ 'മദ്യം വിഷമാണു്; അതുണ്ടാക്കരുതു്, കുടിക്കരുതു, കൊടുക്കരുതു്'; 'ജാതി ചിന്തിക്കരുതു, ചോദിക്കരുതു, പറയരുതു്' എന്നെല്ലാമുള്ള സദുപദേശങ്ങൾ മനുഷ്യരെ സദ്ധർമ്മത്തിലൂടെ ജീവിക്കുവാൻ പഠിപ്പിക്കുന്നവയാണു്. ധർമ്മനിഷ്ഠയോടുകൂടി ജീവിക്കുവാനാണു് ക്ഷേത്ര പ്രതിഷ്ഠകൾ നടത്തിയതു്. ക്ഷേത്രം നല്ലമുറയിൽ നടത്തണം. ക്ഷേത്രപരിസരങ്ങൾ പവിത്രമാക്കി നിലനിർത്തണം: സൽഗ്ഗുണങ്ങളുടേയും ധർമ്മപാനത്തിന്റെയും പ്രേരണാകേന്ദ്രമാവണം ക്ഷേത്രങ്ങൾ. ക്ഷേത്രങ്ങളെക്കുറിച്ചു സ്വാമികൾക്കുണ്ടായിരുന്ന ആശയങ്ങളാണിവ. ധർമ്മസംഘത്തിന്റെ സ്ഥാപനോദ്ദേശവും 'സനാതനധർമ്മ'ത്തിന്റെ വളർച്ചയാണു്. അതു് അദ്ദേഹം അസന്നിദ്ധമായ ഭാഷയിൽ ആവർത്തിച്ചുപദേശിച്ചിട്ടുണ്ടു്. ധർമ്മപരിപാലനയോഗവും അതിന്നു വിപരീതമായി പ്രവർത്തിക്കുന്നതു ശരിയായിരിക്കുകയില്ല.

"വൈദികവും ലൗകികവുമായ വിദ്യാഭ്യാസ"ത്തെക്കുറിച്ചു സ്വാമികൾ നൽകുന്ന നിർദ്ദേശം ഏററവും ശ്രദ്ധേയമാണു്. ബാല്യകാലത്തിൽതന്നെ അവരവരുടെ ധർമ്മ (മത) തത്വങ്ങൾ പരിശീലിക്കണമെന്നതാണു് വൈദികവിദ്യാഭ്യാസംകൊണ്ടു സ്വാമികൾ ഉദ്ദേശിച്ചിട്ടുള്ളതു്. "ഏകമേവാദ്വിതീയം" എന്നു പാടിയ ശ്രീ ശങ്കരന്റെ മതമാണു് എന്റെയും മതം" എന്നു സ്വാമികൾ സ്പഷ്ടമായരുളിച്ചെയ്തിട്ടുണ്ടു്. 'സനാതനതത്വങ്ങൾ' ദേശകാലോചിതമായ രീതി

യിൽ സ്വതപസ്യകൊണ്ടാവിഷ്ക്കരിച്ച വെളിപ്പെടുത്തിയ മഹത്വ മാണ് നാരായണ ഗുരുവിനെപ്പോലുള്ള മഹാത്മാക്കൾക്കുള്ളത്. വെറും ബഹിർമുഖരായി നോക്കുന്നവർക്ക് ഈ ധാർമ്മികമൂല്യങ്ങൾ ശരിയായ കാഴ്ചപ്പാടിലൂടെ കാണുക വിഷമമായിരിക്കാം.

ഈ നിലയിൽ മതമേ വേണ്ടെന്ന അർത്ഥത്തിലല്ല 'മതമേതായാലും മനുഷ്യൻ നന്നായാൽ മതി'യെന്നു സ്വാമികൾ ഉപദേശിക്കുന്നത്. ഈശ്വരാസ്തിക്യനിഷ്ഠയും ധർമ്മജീവിതപ്രേരകമായ ഒരു മതവും മനുഷ്യന്നാവശ്യമാണെന്നു സ്വാമികൾ ഉൽബോധിപ്പിക്കുന്നു. ഭാരതീയ പാരമ്പര്യമനുസരിച്ച 'മതമേതായാലും മനുഷ്യൻ നന്നായാൽ മതി'യെന്നതു് ഉപദേശവാക്യവും, 'ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യനു'' എന്നതു് അനുഭവവാക്യവുമാണ്. നിരക്ഷരരായ സാമാന്യ ജനങ്ങൾക്കുപോലും എളുപ്പത്തിൽ ഗ്രഹിക്കത്തക്ക രീതിയിൽ സ്വാമികൾ ധർമ്മതത്വങ്ങൾ വിവരിച്ചിട്ടുണ്ട്. കുറെ മുമ്പുള്ളവർ യാതൊരു വിഭ്രാന്തിയും കൂടാതെ അവ സ്വീകരിച്ചനുഷ്ഠിച്ച ജീവിതം ധന്യമാക്കുകയും ചെയ്തിരുന്നു. അറിവു യഥാർത്ഥവും അനുഷ്ഠാനം പൂർണ്ണവുമായാൽ മാത്രമേ അനുഭവവും സുഖദായകമാകുകയുള്ളു.

> അകവും പുറവും തിങ്ങും
> മഹിമാവാർന്ന നിൻ പദം
> പുകഴ്ത്തുന്നു ഞങ്ങളിങ്ങു

ഭഗവാനേ ജയിക്കുക—എന്നിങ്ങനെ എത്രയെത്ര ഈശ്വര കീർത്തനങ്ങളാണ് ഗുരുസ്വാമികൾ സ്വയം രചിച്ച് പാടിയിട്ടുള്ളതു്!

സമുദായത്തിൽ ഈശ്വരാസ്തിക്യത്തെ മാനിക്കാത്തവർ ഉയർന്നു വരുമെന്നു നേരത്തെ കണ്ടുകൊണ്ടായിരിക്കാം ആ ത്രികാലജ്ഞാനി 1080–ാമാണ്ടിൽതന്നെ ഉറക്കെ ഉപദേശിച്ചു:—''പ്രസംഗങ്ങൾ യാതൊരു പ്രകാരത്തിലും താഴ്ന്നതായി വിചാരിക്കപ്പെടുന്ന ജാതികൾക്കു ഉപദ്രവമോ ഉയർന്നതായി വിചാരിക്കപ്പെടുന്ന ജാതികൾക്കു ക്ഷോഭമോ ഉണ്ടാകത്തക്ക വിധത്തിലോ സ്വരത്തിലോ ആയിരുന്നു കൂടാത്തതാകുന്നു.'' ഇതേ പ്രസംഗത്തിൽതന്നെ സ്വാമികൾ തുടർന്നു

ഉപദേശിക്കുന്നു:—"ഉത്തമ രീതിയിൽ ചെയ്യപ്പെടുന്ന ഈശ്വരാരാധനയുടെ മാഹാത്മ്യത്തേയും ശുദ്ധ ഹിന്ദുമതത്തിന്റെ സഗുണ നിർഗ്ഗുണതത്വങ്ങളേയും പററി പ്രസംഗിക്കുക. ആവശ്യപ്പെടുന്ന സ്ഥലങ്ങളിൽ ക്ഷേത്രങ്ങളോ മഠങ്ങളോ നിർമ്മിക്കുന്നതിന്ന് ജനങ്ങളെ ബുദ്ധിപൂർവ്വം പ്രേരിപ്പിക്കുക എന്നാൽ ഗർഹ്യമോ ക്ഷോഭജനകമോ ആയ വിധത്തിൽ പരമതദൂഷണം ചെയ്യാൻ പാടില്ലാത്തതാകുന്നു."

ശ്രീ നാരായണഗുരു സ്വാമികളുടെ മതപരവും സമുദായപരവുമായ പരിഷ്ക്കരണോദ്ദേശങ്ങളുടെ ധാർമ്മികമൂല്യം എന്താണെന്നു ഇതിൽനിന്നും സ്പഷ്ടമാണല്ലോ. *

# 15 "ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്ന്"

അതെ, ഈ മഹദ്വചനം മനുഷ്യനെ ഉദ്ദേശിച്ച് ഉരുവിട്ടതാണ്; മൃഗത്തിനല്ല. മനുഷ്യൻ തന്നെ ആരാണ്? ഇന്ത്യക്കാരനോ, ചൈനീസോ, അറബിയോ, വെള്ളക്കാരനോ, കറുത്തവനോ, എന്നിങ്ങനെ പല ചോദ്യങ്ങളുണ്ടാവാം. ഇന്ത്യയിൽതന്നെ വടക്കേന്ത്യക്കാരനോ കേരളീയനോ ഇത്യാദി ചോദ്യങ്ങൾ വീണ്ടും തുടരുന്നു. കേരളീയനെങ്കിൽ തിരുവിതാംകൂർകാരനോ മലബാർകാരനോ? ചോദ്യം നിലയ്ക്കുന്നില്ല; കോൺഗ്രസ്സോ കമ്യൂണിസ്റ്റോ എന്നറിയണം. പോരാ, ഹിന്ദുവോ, മുസ്ലീമോ, ക്രിസ്ത്യാനിയോ എന്ന് പേരിലൂടെയെങ്കിലും അറിയണം. അതും പോരാ, ഹിന്ദുവെങ്കിൽ നായരോ ഈഴവനോ നാടാരോ എന്നൊക്കെ അറിയണം സൂത്രത്തിലെങ്കിലും!

അപ്പോൾ മനുഷ്യൻ ആരെന്നല്ലേ, ഇവരെല്ലാം മനുഷ്യരാണ്. അല്ലെന്നു പറയാൻ ആർക്ക് ധൈര്യമുണ്ട്? എങ്കിലും ആരാണെന്ന ചോദ്യം അവശേഷിക്കുന്നു. ഈ രൂപഭാവ ഗുണവ്യത്യാസങ്ങളിലും

* 14–9–1959 "മാതൃഭൂമി"യിൽ പ്രസിദ്ധപ്പെടുത്തിയത്.

തമ്മിലിണക്കപ്പെടുന്ന ഒരു ഉജ്ജീവനഭദ്രതയുണ്ട്. അതിനെയാണ് മനുഷ്യത്വം എന്നു പറയുന്നതു്. ഈ മനുഷ്യത്വവികാസമാണ് മനുഷ്യജീവിതോദ്ദേശം. അതിന്നു് ഒരു വൃത്തവും, ആ വൃത്തത്തിൽ നിന്നൊരു പാതയും, അതു ചെന്നെത്തുന്ന ഒരു ലക്ഷ്യവും ഉണ്ടായിരിക്കണം. അങ്ങനെ ഒരു ഉദ്ദേശവും ലക്ഷ്യവും ഉള്ള ജീവിതത്തിൽ അനുഭവപ്പെടുത്താനുള്ളതാണ് ഈ മഹദ്വചനം. ശബ്ദമുണ്ടാക്കിക്കൊണ്ടിരിക്കാനുള്ളതല്ല.

മനുഷ്യരെല്ലാവരുമൊന്നുപോലെ; അവക്കെല്ലാം കൂടി ഒരു ജാതിയും മതവും ദൈവവും മതിയെന്നു പറഞ്ഞാൽ അങ്ങനെ നടക്കുമോ? ഇവിടെ യഥാർത്ഥത്തിൽ വിവാദിക്കുന്നതിനേക്കാൾ ശ്രീ ഗുരുദേവൻ ഉദ്ദേശിച്ച അർത്ഥം നേരെയങ്ങ് ഗ്രഹിക്കുവാൻ ശ്രമിക്കുന്നതാണുത്തമം. പൊതുവേ ബാഹ്യാഭ്യന്തരഭേദങ്ങളും, ഭാവവ്യത്യാസങ്ങളും, ഉച്ചനീചത്വാചരണങ്ങളും, രൂപഗുണാന്തരങ്ങളും മനുഷ്യരിൽ കാണാറുണ്ട്. ഇവയെത്തന്നെ അധമ, മദ്ധ്യമ, ഉത്തമങ്ങളായി തരം തിരിക്കാം. മനുഷ്യന്റെ പൊതുവായ സാമാന്യധർമ്മമനുസരിച്ച് ഇവ ഉൽഗതിയ്ക്കും അധോഗതിയ്ക്കും കൊണ്ടുചെല്ലും. ഈ നിലയിൽ അവനവന്റെ വാസനാബലം, ബുദ്ധിനിലവാരത്തിൽ പ്രവർത്തിക്കുമ്പോൾ അതാണ് സ്വന്തം ജാതി. ഈ ജാതിധർമ്മം, സ്വന്തം കഴിവുകളും ചുററുപാടുകളും വേണ്ടവിധം ഉപയോഗപ്പെടുത്തി വികസിപ്പിക്കുമ്പോൾ സ്വമതം അഥവാ സ്വധർമ്മം ആകുന്നു. ഈ ബുദ്ധി—ഹൃദയവികാസങ്ങൾ ആത്മമോക്ഷത്തിനും ലോകഹിതത്തിനും പ്രയോജകീഭവിക്കുമ്പോൾ പരമലക്ഷ്യമായിരിക്കുന്ന സത്യവസ്തു ദൈവമാകുന്നു അങ്ങനെ ജീവിതോദ്ദേശ്യവും ലക്ഷ്യവുമുള്ള ഒരു മനുഷ്യനു ഒരു ജാതിയും ഒരു മതവും ഒരു ദൈവവും ഉണ്ടായിരിക്കും.

"മതം ഏതായാലും മനുഷ്യൻ നന്നായാൽ മതി" എന്ന മഹദ്വചനത്തിന്റെ പൊരുളും ഇതാണ്. ഏതു മതത്തിലായാലും മനുഷ്യന്റെ മനുഷ്യത്വം വികസിച്ച് വളരണം.

അതിനാൽ ഭൂമണ്ഡലത്തിലെ സമസ്തമനുഷ്യരുടെ ആചാരവിചാരങ്ങളും പ്രവൃത്തികളും, രൂപഭാവങ്ങളും ഒരേ അച്ചിൽ വാർത്തെടുത്തതുപോലിരിക്കണമെന്നല്ല വിവക്ഷിച്ചിരിക്കുന്നതും

സത്യം, സമത്വം, സാഹോദര്യം എന്നീ ഗുണങ്ങൾ സത്യം, ശിവം, സുന്ദരമായി പരിണമിപ്പിക്കണമെന്നാണ് താല്പര്യം. അതിൻെറ ആദ്യവും അവസാനവും സത്യവസ്തുവാണ് പ്രധാനം. അതു പ്രസംഗംകൊണ്ടോ പ്രചരണം കൊണ്ടോ മാത്രം പ്രാപിക്കാവുന്നതല്ല. സത്യനിഷ്ഠമായ ആചരണവും അനുഷ്ഠാനവുംകൊണ്ട് നേടേണ്ടതാണത്.

ഈ വ്യാവഹാരിക ലോകത്തിൽ മനുഷ്യനിർമ്മിതവും, കൃത്രിമവും, സാമൂഹിക-സദാചാരമൂല്യങ്ങൾക്ക ഹാനിയുളവാക്കുന്നതുമായ വിദ്വേഷപ്രവണതകളും ഉച്ചനീചത്വങ്ങളും അകററുന്നതിനു മനുഷ്യപ്രയത്നം കൂടിയേ തീരൂ. പക്ഷെ ഒഴിയുന്ന സ്ഥാനത്ത് പകരം നിറയ്ക്കാനുള്ള വക, അകററപ്പെടുന്നവയേക്കാൾ ഉത്തമമായിരിക്കാൻ ശ്രദ്ധിക്കണം. അതാണ് മതത്തിൻെറ, ധർമ്മത്തിൻെറ മനുഷ്യത്വപരമായ വികാസം—പുരോഗതി.

ജാതി—മത—ദൈവങ്ങൾ വേണ്ടെന്നു പറയാൻ എളുപ്പമാണ്; അതുപോലെതന്നെ മനുഷ്യക്കെല്ലാം ഒരു ജാതിയും മതവും ദൈവവും മതിയെന്നു പറയാനും ദേശ കാലസ്വഭാവ ഗുണങ്ങളനുസരിച്ച് വൈവിദ്ധ്യങ്ങളും വൈരുദ്ധ്യങ്ങളും ഉണ്ടായിരിക്കും, സത്യം, സമത്വം, സഹിഷ്ണുത, സാധന ഇത്യാദി സദ്ഗുണ—സന്മാർഗ്ഗനിഷ്ഠമായ ഒരു ജീവിതത്തിൽ അതു പരിപൂർണ്ണമായി അറിയാനും അനുഭവപ്പെടുത്താനും സാധിക്കും. എന്നാൽ അഹംകാരജന്യവും കൃത്രിമവും സമൂഹദ്രോഹകരവുമായ അസമത്വങ്ങൾ അറിയുന്നതിനും അകററുന്നതിനും അമാന്തിക്കയുമരുത്. അതു മത—ദൈവദൂഷണം ചെയ്തുകൊണ്ടാവരുത്. അഹന്താജന്യമായിരിക്കരുത്. ഈശ്വരാസ്തികതയിൽ അധിഷ്ഠിതമായ പുനരുദ്ധാരണകർമ്മങ്ങളേ സമൂഹനന്മയ്ക്കു ഉതകുകയുള്ളു

ശ്രീ നാരായണഗുരുവിൻെറ സാധനാമാർഗ്ഗം എങ്ങനെയായിരുന്നുവെന്നു ഗ്രഹിക്കുമ്പോൾ, അദ്ദേഹത്തിൻെറ പുനരുദ്ധാരണപരമായ ഉപദേശസാരവും മനസ്സിലാവും. ശ്രീ ഗുരുദേവൻ എത്രയോ കാലം അരുവിപ്പുറം, മരുത്വാമല മുതലായ ഏകാന്തസ്ഥാനങ്ങളിലിരുന്ന് തപസ്സ് അനുഷ്ഠിച്ചതിൻെറ ഫലമാണ് അദ്ദേഹത്തിൻെറ ദിവ്യോപദേശം. അതു സ്വധർമ്മത്തെയും ഈശ്വരനെയും ആശ്രയിച്ചുനിൽക്കുന്നതാണ്. വേദോപനിഷത്തുക്കളിൽ അരുൾചെയ്തിരിക്കുന്ന ആർഷജ്ഞാനത്തിൻെറ കാലോചിതമായ പുനരാവിഷ്ക്കരണമാണ് ഗുരൂപദേശങ്ങൾ.

മനുഷ്യനായാൽ അവന്ന് സ്വാഭാവികമായ ഒരു വ്യക്തിത്വവും, ഒരു മതവും, ഒരു ദൈവവും ഉണ്ടായിരിക്കും. ഈ വ്യഷ്ടിഭാവം സർവ്വജഗന്നിയന്താവായ ഈശ്വരങ്കലേയ്ക്കു നയിച്ച് സമഷ്ടിഭാവമുൾക്കൊള്ളുകയാണ് വേണ്ടതു്. ഈ നിലയിൽ ധർമ്മവും ഈശ്വരനും ആപേക്ഷികമായും കൂടിയേതീരൂ. അങ്ങനെ 'മാലോകരെല്ലാരുമൊന്നുപോലെ' എന്നു അനുഭവപ്പെടുത്താം. അയായതു് ലോകത്തെപ്പററി ചിന്തിക്കുന്നതിനുമുൻപ് സ്വന്തം നിലയും, സ്വദേശസ്ഥിതിയും കർത്തവ്യബദ്ധരായി മനസ്സിലാക്കുകയും അനുഭവപ്പെടുത്തുകയും ചെയ്യുക. അതിനടുത്തപടിയാണ് സർവ്വലോകസമത്വവും സാഹോദര്യവും, സ്വന്തം കഴിവുകളെ സ്വധർമ്മാചരണത്തിനുവേണ്ടി വിനിയോഗിച്ചുകൊണ്ട് വ്യഷ്ടിഭാവത്തിൽനിന്നു് സമഷ്ടിഭാവത്തിലേയ്ക്കു പുരോഗമിക്കുകയാണ് മനുഷ്യധർമ്മം. 'ഒരു ജാതി, ഒരു മതം, ഒരു ദൈവം' മനുഷ്യന്നെന്ന മഹദ്വചനത്തിന്റെ പൊരുളും അതുതന്നെ. *

# 16 സദാചാരം നടപ്പിലാക്കാൻ ഒരു 'ഷോക്ക്' ചികിൽസ

ആർഷ ഭാരതമെന്നും, ധർമ്മരാഷ്ട്രമെന്നും, രാമരാജ്യമെന്നും പ്രകീർത്തിക്കപ്പെട്ടിരുന്ന നമ്മുടെ മാതൃഭൂമിയിൽ ഇപ്പോൾ അനാചാരങ്ങളും അഴിമതികളും അഴിഞ്ഞാടുന്നുണ്ടത്രെ. അമർത്തുംതോറും ഒന്നിനു നൂറും ആയിരവുമായി പെരുകികൊണ്ടിരിക്കുന്ന ഒരുതരം രക്തബീജാസുരശക്തിയാണത്രെ അതു്. നാട്ടിലങ്ങോളമിങ്ങോളംപടന്നു് പന്തലിച്ച് ദൃഢമൂലമായിരിക്കുന്ന ഈ ദുരാചാരശക്തികളെ അമർച്ചചെയ്തു് സദാചാരം പുനസ്ഥാപിക്കുവാനാണ് 'സദാചാര സമിതി'യുടെ പുനരാവിർഭാവമുണ്ടായിരിക്കുന്നതു്!

---

* 2-9-1969 ''മരതകം'' വാരികയിൽ പ്രസിദ്ധപ്പെടുത്തിയതു്.

പുരോഗതിയെ തടസ്ഥപ്പെടുത്തുന്ന ഒരസത്യമായി 'സദാചാര'ത്തെ കരുതിയിരുന്ന കക്ഷിരാഷ്ട്രീയക്കാർക്കു, പു. സാ. ഉറപ്പെടെയുള്ള മുന്നേററക്കാർക്കു അരോചകമുളവാക്കുന്നതാവില്ലേ ഇതു്? ഇല്ല, കാലത്തിനൊത്തു നീന്താൻ ശീലിച്ചവരാണവർ.

സദാചാരസമിതികരം കേന്ദ്രത്തിലും രൂപമെടുത്തുകഴിഞ്ഞു. ഒന്നാംറൗണ്ടിൽതന്നെ 'കെയ്റോൺ' സ്ഥാനഭ്രഷ്ടനായതോടെ പുഷ്പവൃഷ്ടിയും പ്രശംസകളും വർഷിക്കപ്പെട്ടു. കേന്ദ്രാഭ്യന്തരമന്ത്രിയുടെ സ്തുതിപാഠകന്മാർ ഹർഷാരവം മുഴക്കി–ഇനി ഈ രക്തബീജാസുരന്റെ കാര്യം ഞങ്ങരം നോക്കിക്കൊള്ളാമെന്നു്!

പല അബദ്ധങ്ങളും പിണഞ്ഞു് തഴക്കമുള്ള കേന്ദ്രാഭ്യന്തരമന്ത്രി ഈ മനുഷ്യസ്തുതികളിൽ മതിമറന്നില്ല. മനുഷ്യപിന്തുണക്കതീതമായ ഒരു ദിവ്യസഹായത്തിനുവേണ്ടി ഒരു യോഗിയെ കൂടെ താമസിപ്പിക്കുവാനും യോഗാഭ്യാസം ശീലിക്കുവാനും അദ്ദേഹം നിശ്ചയിച്ചിട്ടുണ്ടെന്നു കേട്ടു. ശ്രീ. നന്ദായുടെ ആത്മാർത്ഥമായ ഈ പരിശ്രമങ്ങളെക്കൊണ്ടു് സദാചാരത്തെയോ സദാചാരസമിതികളേയൊ വളർത്തുന്നതെന്നു തീർച്ചയില്ലെങ്കിലും സദാചാരത്തിന്നു സർവ്വവിജയങ്ങളുമാശംസിക്കുന്നു.

സദാചാരം വളരണമെങ്കിൽ സദാചാരസമിതികരംക്കു സദാചാരബോധം വേണമല്ലൊ. സദാചാരബോധവും സദാചാരവൃത്തിയുമില്ലാത്ത സദാചാരസമിതികരം ദുരാചാരികളുടെ അഭയനികേതനങ്ങളായി പരിണമിക്കും. പ്രത്യക്ഷ ദുരാചാരികളേക്കാരം ആപൽക്കാരികളായിരിക്കും ഈ പരോക്ഷ ദുരാചാരികരം.

സ്വാതന്ത്ര്യോരത്തിന്റെ ത്വരിതമായ വിവിധ പദ്ധതിപ്രവർത്തനങ്ങളിൽ നേതാക്കന്മാരും ഉദ്യോഗസ്ഥന്മാരും സദാചാരത്തെയും ധാർമ്മികമൂല്യങ്ങളേയും കാര്യമായി ഗണിച്ചില്ലെന്ന കുറ്റബോധം ഉന്നതതലത്തിൽ ഇരിയ്ക്കുന്ന ചിലർക്കെങ്കിലുമുണ്ടായിക്കാണുന്നതിൽ സന്തോഷിക്കുന്നു.

മുമ്പൊക്കെ അനാചാരങ്ങളും അഴിമതികളും ഇല്ലാതിരുന്നിട്ടില്ല. എങ്കിലും ഇന്നത്തെപ്പോലെ ഇത്ര പരസ്യമായും സാർവ്വത്രികമായും അവ പടർന്നു പിടിച്ചിരുന്നില്ലെന്നതു തീർച്ചയാണ്. സർവ്വാന്തര്യാമിയായ ഒരു നിഗൂഢശക്തി തങ്ങളുടെ പാപകർമ്മങ്ങൾ കാണുന്നുണ്ടെന്നും, മനുഷ്യാധികാരികളുടെ ദൃഷ്ടിയിൽ പൊടിയിട്ടാലും ആ സർവ്വസാക്ഷിയുടെ ദൃഷ്ടി മറയ്ക്കാൻപാടില്ലെന്നും ഒരു ബോധമുണ്ടായിരുന്നതാണിതിനു കാരണം. സദാചാരത്തിൽനിന്നാണീ ബോധം വ്യക്തികൾക്കുണ്ടായിക്കൊണ്ടിരുന്നതു്.

ക്രമേണ പണവും പദവിയും ജീവിതലക്ഷ്യമാക്കി ശീലിച്ചതോടെ സദാചാരം പമ്പ കടന്നു. മനസ്സാക്ഷിയെപ്പോലും വകവെയ്ക്കാതെയായി. പണവും സ്വാധീനശക്തിയുമുണ്ടെങ്കിൽ ആരുടെ കണ്ണും മറയ്ക്കാമെന്നായി. എവിടെയും എന്തു ദുരാചാരവും നടത്തി പണവും പദവിയും നേടി സമുദായത്തിലും രാജ്യത്തിലും മാന്യന്മാരായി വാഴാമെന്ന നില വന്നു. സദാചാരവും ധാർമ്മികമൂല്യങ്ങളും അവർക്കു പുച്ഛവും തുച്ഛവുമാണ്. വിദ്യാഭ്യാസത്തിലും, ഭരണവകുപ്പുകളിലും, മതചടങ്ങുകളിലുമെന്നല്ല ജനജീവിതത്തിന്റെ എല്ലാ തുറകളിലും ഇങ്ങനെ ദുരാചാരങ്ങളുടെ പ്രസരണമുണ്ടായതോടെ അഴിമതികൾ പകർച്ചവ്യാധികളെപ്പോലെ പടർന്നുപിടിച്ചു വേരൂന്നിയതിൽ അത്ഭുതപ്പെടാനില്ല.

മുമ്പൊക്കെ, ഇന്നത്തെ പണപ്പെരുപ്പവും പുരോഗമനത്വരയും, പഠിപ്പും ഇല്ലെന്നിരിക്കാമെങ്കിലും കൈമുതലായുണ്ടായിരുന്ന സദാചാരവും സഹജസ്നേഹവും വിവേകവുംകൊണ്ട് ജനങ്ങൾ സംതൃപ്തവും സമാധാനപരവുമായ ജീവിതം നയിച്ചിരുന്നു. ധാർമ്മികമൂല്യങ്ങളുടെ സംരക്ഷണത്തിലും ആചരണത്തിലും അവർ ജീവിതസുഖം അനുഭവിച്ചിരുന്നു.

സദാചാരമെന്നതു് ഒരു വ്യക്തിയുടെ ശൈശവം മുതൽ ആചരിച്ചു ശീലിക്കേണ്ടതായ ചില ധാർമ്മികമൂല്യങ്ങളാണല്ലോ. ഉടനെ ഫലം ലഭിച്ചില്ലെങ്കിലും ജീവിതത്തിന്റെ ആകെത്തുകയുടെ മുതൽമുടക്കാണതു്. ഇന്നാകട്ടെ, സദാചാരത്തിന്റെ വിദൂര ഫലങ്ങൾ, കുറുക്കന്റെ പുളിക്കുന്ന മുന്തിരിങ്ങയാണ്. പഴുങ്ങിയിരുന്നു

അടുത്ത വീട്ടിലെ കോഴിയെ കട്ടെടുത്തെങ്കിലും സുഖിക്കണം. അതിനു വഴി മുടക്കുന്നവരെല്ലാം പിന്തിരിപ്പന്മാരാണ്, പഴഞ്ചന്മാരാണ്. സദാചാര കുത്തകക്കാരായ ഫ്യൂഡലിസ്റ്റുകളാണ്!

ഇങ്ങനെ പണത്തിനും പദവിക്കുംവേണ്ടി പഠിപ്പും വഴിമാറിക്കൊടുത്തു. ബാല്യം മുതല്ക്കേ, എങ്ങനെയാണ് എളുപ്പത്തിൽ പണമുണ്ടാക്കി ഉല്ലസിക്കേണ്ടതെന്ന വിചാരമാണ്. ബിരുദങ്ങളാണ് യോഗ്യതാമാനദണ്ഡം. ആ ബിരുദങ്ങൾ നേടാൻ സഹായിക്കുന്ന വിദ്യാഭ്യാസ ഏജൻസികളും, കൈക്കൂലി ബ്രോക്കർമാരും എവിടെയും എപ്പോഴും സുലഭമാണ്. പണവും പണം കാരണമായ സ്വാധീനശക്തിയുമുണ്ടെങ്കിൽ പിന്നെ, ഈ പഴഞ്ചന്മാരുടെ സദാചാരമെന്തിനു്? ധാർമ്മികമൂല്യങ്ങളെന്തിനു്? ആരാണിതിനെ വകവെയ്ക്കുന്നതു്? മദ്യസേവയിൽ സുഖിക്കുന്ന മദ്യപാനിയെപ്പോലെ ദുരാചാരത്തിൽ സുഖിക്കുന്ന ഭൂരിപക്ഷത്തിന്റെ ഈ കാലഘട്ടത്തിൽ അഴിമതികൾ അധികരിച്ചതിൽ ആശ്ചര്യപ്പെടാനെന്തുണ്ടു്?

ഈ ദുരാചാരങ്ങൾക്കും അഴിമതികൾക്കും ആരാണുത്തരവാദികൾ? ദുരാചാരികളെപ്പോലെതന്നെ ദുരാചാരങ്ങളെ പ്രോത്സാഹിപ്പിക്കുന്നവരും അഴിമതികൾക്ക ഉത്തരവാദികളാണ്, അപ്പോൾ ആ പ്രതി കൂട്ടിൽ ദുരാചാരികളോടൊപ്പം ഇപ്പോഴത്തെ സദാചാര സമിതികളിലെ ബഹുഭൂരിപക്ഷം അംഗങ്ങളുംപ്പെടെ പലരും കയററപ്പെടേണ്ടിവരും. അതിനു യോഗശക്തികൊണ്ടെങ്കിലും നമ്മുടെ കേന്ദ്രാഭ്യന്തരമന്ത്രിക്കു സാധിക്കുമോ? സാധിക്കുമെങ്കിൽ സദാചാരം വിജയിക്കും. അല്ലെങ്കിൽ സദാചാരം പിന്മാറുകയും സദാചാരസമിതികൾ വിജയിക്കുകയും ചെയ്യും. കാരണം ഇന്നു് സദാചാരം നടപ്പിലാക്കാൻ ഒരു 'ഷോക്കു്' ചികിത്സയുടെ ആവശ്യമുണ്ടെന്നാണ് സദാചാരഭിഷഗ്വരന്മാരുടെ വിദഗ്ധാഭിപ്രായം.

അല്ലെങ്കിൽ വൈകിയിട്ടാണെങ്കിലും സ്ഥായിയായ ഫലം ചെയ്യുന്ന നാട്ടുചികിത്സ പുനരാരംഭിക്കണം. അതെന്താണെന്നോ? ബാല്യത്തിലേ, വിദ്യാർത്ഥിജീവിതത്തിൽതന്നെ സദാചാര ബോധനവും നൽകാൻ സദാചാരികൾ മുഖേന രാഷ്ട്രത്തിലുടനീളം സർവ്വവിധ വിദ്യാഭ്യാസ–സാംസ്കാരിക സ്ഥാപനങ്ങളിലും വ്യവസ്ഥയുണ്ടാവണം. സദാചാരികൾ വേണ്ടുവോളമില്ലെങ്കിൽ

ഉള്ളവരെക്കൊണ്ടു് കുറെ അദ്ധ്യാപകന്മാർക്കു് പരിശീലനം കൊടുപ്പിച്ചിട്ടു് അതു നടപ്പിലാക്കണം. ഇന്നത്തെ രാഷ്ട്രീയക്കാരനേക്കാൾ (Politician) ഗ്രാമീണനായ ഒരാൾക്കാണു് സദ്ഗുണങ്ങൾ ഉണ്ടായിരിക്കുകയെന്നു ഈയിടെ രാഷ്ട്രപതി ശ്രീ രാധാകൃഷ്ണൻ പ്രസ്താവിച്ചതും കണക്കിലെടുക്കേണ്ടതായിട്ടുണ്ടു്,

അങ്ങനെയുണ്ടാവുന്ന സദാചാരസമിതികളിലൂടെ സദാചാരം നടപ്പിലാക്കാൻ കഴിയുമ്പോൾ ഇന്നാട്ടിലെ സ്വകാര്യ—പൊതുജീവിതങ്ങളിലെല്ലാം 'സത്യംവദ; ധർമ്മംചരാ'ദി ആർഷസൂക്തങ്ങളുടെ മണിമുഴക്കം കേൾക്കാം. അഴിമതി മുതലായ പിശാചുക്കളെ ഉച്ചാടനം ചെയ്തുകൊണ്ടു്, ആ ധർമ്മധ്വനിയോടൊപ്പം നാട്ടിന്റെ മംഗലപ്രഭാതത്തിൽ സദാചാരധർമ്മങ്ങളുടെ ദേവത ഉദിച്ചുയരുകയും ചെയ്യും. പിന്നെ, നിറകുടം ശബ്ദിക്കയില്ല നിറവില്ലാത്ത നാട്ടിലാണു് മുറവിളികൾ.

ധർമ്മം ചരതമാധർമ്മം സത്യം വദത മാനൃതം
ദീർഘം പശ്യതമാഹ്രസ്വം പരം പശ്യത മാപരം.
ആത്മനാ വിന്ദതേ വീര്യം വിദ്യയാ വിന്ദതേ അമൃതം,

(ധർമ്മം ആചരിക്കുക, അധർമ്മം ചെയ്യരുതു്; സത്യം പറയണം അസത്യം പറയരുതു്; ദീർഘദൃഷ്ടിയായിരിക്കണം, ഇടുങ്ങിയ ദൃഷ്ടിയായിരിക്കരുതു്; ഉയർന്ന മനസ്ഥിതി വേണം, താഴ്ന്ന മനസ്ഥിതി അരുതു്. ആത്മജ്ഞാനമുണ്ടായാൽ ആത്മബലം വർദ്ധിക്കുന്നു. ആത്മവിശ്വാസമുണ്ടാവുന്നു, ശരിയായ വിദ്യ മനുഷ്യനെ മനുഷ്യത്വമുള്ള ദേവനാക്കി ഉയർത്തും)

ഇത്യാദി സനാതന ധാർമ്മിക സൂക്തങ്ങളുടെ പൊരുളും ഒരു സദാചാരിക്കു മാത്രമാണു് ഗ്രഹിക്കുവാൻ കഴിയുക.



1964 ആഗസ്റ്റ് "മനോരമ" മാസികയിൽ പ്രസിദ്ധപ്പെടുത്തിയതു്.

# 17 ധർമ്മം-സമുദായ ജീവിതത്തിൽ

സത്യസനാതനമാണ് ഹിന്ദുധർമ്മം. ഈ സനാതനധർമ്മം ''ലോകസ്സമസ്താ സുഖിനോഭവന്തു'' (സമസ്തലോകവും സൗഖ്യമായി വാഴട്ടെ) എന്ന മഹദുദ്ദേശത്തോടുകൂടിയതാണ്. സനാതന ധർമ്മത്തിന്റെ വികാസവും വളർച്ചയും മാനവസമുദായത്തിന്റെ സുഖക്ഷേമങ്ങൾക്കും സമാധാനത്തിനും കാരണമായിത്തീരുന്നു.

സനാതനധർമ്മത്തെ അവലംബിച്ച് നിലകൊള്ളുന്ന ഉപധർമ്മങ്ങളുടെ ക്രമപ്രവൃദ്ധമായ പുരോഗതി സനാതനധർമ്മത്തിന്റെ അഭ്യുത്ഥാനത്തിനും വികാസത്തിനും ആവശ്യമാണ്. ഈ ഉപധർമ്മങ്ങൾ അനുസരിക്കുവാനും അനുഷ്ഠിക്കുവാനും ബാദ്ധ്യസ്ഥരായ ജീവശ്രേഷ്ഠരാണ് മനുഷ്യർ. മാനവസമുദായത്തിൽ എന്തുകൊണ്ടും പ്രാമാണ്യവും പൗരാണികത്വവുമുള്ളവരാണ് ഭാരതീയരായ ഹിന്ദുക്കൾ. ജീവിതത്തിൽ എല്ലാവിധ സ്വാതന്ത്ര്യങ്ങളും അനുവദിച്ചിട്ടുള്ള ഒരു ധർമ്മതത്വസംഹിത ഹിന്ദുവിനുണ്ട്. അനാദികാലം മുതൽ ലോകത്തിലുണ്ടായിട്ടുള്ള എല്ലാ മതാചാര്യന്മാർക്കും മാർഗ്ഗദർശനം നൽകിപ്പോന്നിട്ടുള്ള വിശ്വജനീനമായ ധർമ്മമാണ് ഹിന്ദുക്കളുടെ മതം.

ശരിയായ സ്വാതന്ത്ര്യത്തിനുമുണ്ട് നല്ലതായ ചില പെരുമാററ ചട്ടങ്ങൾ. അതുപോലെ ധർമ്മാനുഭൂതിയ്ക്കും യഥാർത്ഥ സുഖപ്രാപ്തിയ്ക്കും വേണം ചില അനുഷ്ഠാനക്രമങ്ങൾ. ജീവിതകർത്തവ്യങ്ങളായ ഈ അനുഷ്ഠാനക്രമങ്ങൾ നീക്കുപോക്കില്ലാതെ സമുദായം സ്വീകരിച്ചില്ലെങ്കിൽ അതുനിമിത്തമുണ്ടാവുന്ന ദോഷഫലങ്ങളും സമുദായം അനുഭവിക്കേണ്ടിവരും. ധാർമ്മികമായ അനുസന്ധാനങ്ങൾ ഉപധർമ്മങ്ങളെ (കുലധർമ്മം, സമുദായധർമ്മം, യുഗധർമ്മം, ദേശധർമ്മം മുതലായവയെ) പോഷിപ്പിക്കും. ഉപധർമ്മങ്ങളുടെ പോഷണം കൊണ്ടുവേണം സനാതനധർമ്മം പരിപോഷിതമാവാൻ.

ലോകത്തു് പിന്നീടു് ഉണ്ടായിട്ടുള്ള മതസമുദായങ്ങൾ മിക്കതും
സങ്കുചിതവും വർഗ്ഗീയവുമായ അടിസ്ഥാനങ്ങളിലെങ്കിലും അവ
രുടെ അനുഷ്ഠാന—കർത്തവ്യകർമ്മങ്ങളിൽ ശ്രദ്ധിക്കുന്നതുകൊണ്ടു്
ഇഹലോക ജീവിതമെങ്കിലും അവർക്കു നിർഭയത്വവും ക്ഷേമവും
നൽകുന്നുണ്ടു്. പക്ഷെ വിശാലമെങ്കിലും, സങ്കുചിതമായ മത—
വർഗ്ഗങ്ങളെക്കാൾ മോശമാണു് ഇന്നത്തെ ഹിന്ദുക്കളുടെ ധർമ്മനി
ഷ്ഠയെന്നു പറയാതെ തരമില്ല. പറയുന്നതുപോലെ പ്രായോഗിക
കതയിൽ ധർമ്മഭാവം വെളിപ്പെടുന്നില്ലെന്നു താല്പര്യം
അതിനാലാണു് വിശ്വോത്തരമായ സനാതനധർമ്മത്തിന്റെ അനു
യായികൾ ഇന്നു് ഭിന്നഭിന്നരായി എല്ലാരംഗങ്ങളിലും ഭയചകി
തരായി അടിയുറപ്പില്ലാത്തവരായി ജീവിക്കേണ്ടിവന്നിരിക്കുന്നതു്.
വിശ്വക്ഷേമത്തിന്റെ ധർമ്മം വേണ്ടവിധം ഫലപ്രദമാകത്തക്കവി
ധം വികസിക്കണമെങ്കിൽ ഈ ധർമ്മാനുയായികൾതന്നെ അതു
വേണ്ടവിധം അനുഷ്ഠിക്കുവാൻ ബാദ്ധ്യസ്ഥരാകണമല്ലോ. ഇതൊ
ക്കെ ഹിന്ദുക്കൾ ശ്രദ്ധിച്ചില്ലെങ്കിൽ മററാരാണു് സ്വീകരിക്കുക.

അതിനാൽ സനാതനധർമ്മത്തിന്റെ അടിസ്ഥാനനിയമ
ങ്ങൾക്കു വിധേയരായി ഹിന്ദുക്കൾ ഏതു പരിതസ്ഥിതിയിലും
ജീവിക്കുവാൻ സന്നദ്ധരാവേണ്ടതായിട്ടുണ്ടു്. ധർമ്മനീതിയുടെ
ആചരണത്തിന്നു് 'ജനകീയ നയ'മല്ല മാനദണ്ഡമെന്നു് നാമോർമ്മി
ക്കണം. യാതൊരു പരിതസ്ഥിതിയിലും മാററാനോ മറയ്ക്കാനോ
പാടില്ലാത്ത നിത്യസത്യ ധർമ്മമൂല്യങ്ങളായി നിരന്തരം ബന്ധ
പ്പെട്ട നിയമങ്ങളാണിവ:—

ഇക്കാണുന്ന ചരാചരപ്രപഞ്ചത്തിന്റെ മൂലകാരണവും, അധി
നായകനും അന്തിമാശ്രയവും ഒരേ ഒരു ഈശ്വരൻ മാത്ര
മാണു്. അതിനാൽ ആ സച്ചിദാനന്ദസ്വരൂപനെ നിർഗ്ഗുണഭാവ
ത്തിലോ സഗുണഭാവത്തിലോ നിത്യാരാധന നടത്തണം.

ആത്മാ, അഖണ്ഡചേതനതത്വമാണു്; വിവിധരൂപത്തിൽ അ
തായതു് ബ്രഹ്മം, ദേവതാ, പിതൃക്കൾ, അതിഥി, ഭൂതങ്ങൾ ഇത്യാ
ദികളിൽ പ്രതിഭാസിക്കുന്നു. അതുകൊണ്ടു് അവയുടെ സന്തുഷ്ടി
ക്കായി നിത്യവും യജ്ഞം (പഞ്ചമഹായജ്ഞാദികൾ) അനുഷ്ഠി
ക്കണം. ആദ്ധ്യാത്മികവും ലൌകികവുമായ ധർമ്മങ്ങളെ പ്രതി

പാദിക്കുന്ന ധർമ്മഗ്രന്ഥങ്ങളുടെ മൂലം വേദമാണ്. അതു് സ്വാദ്ധ്യായം ചെയ്യേണ്ടതു് ധർമ്മജിജ്ഞാസുക്കളായ എല്ലാവരുടേയും കർത്തവ്യമാണ്. വിശിഷ്യ പുരോഹിതന്മാർക്കു് ഒഴിച്ചുകൂടാത്ത കർത്തവ്യമാണിതു്.

ലൗകികവും സനാതനവുമായ ഭാരതീയ സംസ്ക്കാരം നിത്യനൂതനമായി നിലനിർത്തുന്നതിനും ബഹുജനസുഖത്തിനു് മാർഗ്ഗദർശനം നൽകുന്നതിനും ഉതവുന്ന രീതിയിൽ വേദം, ഉപനിഷത്തു്, ദർശനങ്ങരം, സ്മൃതി പുരാണേതിഹാസങ്ങരം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യേണ്ടതു് അത്യന്താപേക്ഷിതമാണ്.

സ്മൃതി നിയമങ്ങളും വർണാശ്രമധർമ്മവും കാലോചിതവും സനാതനധർമ്മമൂല്യങ്ങരംക്കനുയോജ്യവുമായ രീതിയിൽ സമുദായ ജീവിതത്തിൽ നടപ്പിലാക്കണം.

ധർമ്മശാസ്ത്രപ്രതിപാദിതമായ വൃത്തിയാണ് സദാചാരം. തന്നിഷ്ടംപോലുള്ള ആചാരം ഭ്രഷ്ടാചാരമായിരിക്കും. അതിനാൽ സദാചാരവൃത്തിയിൽ സനാതന ധർമ്മികളായ ഹിന്ദുക്കരം മനസ്സിരുത്തണം.

ഇങ്ങനെ ആരാധന, സ്വാദ്ധ്യായം, ശാസ്ത്രപ്രതിപാദിത കർമ്മങ്ങരം എന്നിവയുടെ സാമഞ്ജസ്യമായ ജീവിതത്തിൽ വൈയക്തികവും സാമുദായികവും രാഷ്ട്രീയവുമായ ഉന്നതിയും ഉൽക്കർഷവും ഉണ്ടാവുന്നതാണ്.

സത്യം, അഹിംസാ, പ്രേമം. സദാചാരം, നിർവ്വൈരം, അപരിഗ്രഹം, 'അസ്തേയം, ധൈര്യം സംയമം, പവിത്രത, ദയ മുതലായ ഗുണങ്ങരം നമ്മുടെ ശാസ്ത്രപ്രതിപാദിതകർമ്മത്തിന്റെ പര്യായങ്ങളാണ്. ഇവയുടെ പ്രഭാവത്തിലുള്ള എല്ലാ കർമ്മങ്ങളും ധർമ്മം എന്നു പറയപ്പെടുന്നു. ഇവയുടെ അഭാവത്തിലുള്ള കർമ്മങ്ങളെ അധർമ്മം എന്നാണറിയപ്പെടുന്നതു്.

സംസ്കൃത ഭാഷ, ഉപാസന, സ്വാദ്ധ്യായം, എന്നിവ സമുദായസമന്വയത്തിന്റെ മാദ്ധ്യമങ്ങളാണ്. ഇവ നിലനിർത്തി വികസിപ്പിക്കേണ്ടതു് ഹിന്ദുക്കളുടെ സവിശേഷവും സർവപ്രധാനവു

മായ കർത്തവ്യമാകുന്നു. ഭഗവാൻ ശ്രീകൃഷ്ണൻ സ്വയം അരുളു ചെയ്യുന്നു;—

'സ്വകർമ്മണാതമഭ്യർച്യ സിദ്ധിം വിന്ദതി മാനവഃ

(അവരവരുടെ കർമ്മങ്ങളെക്കൊണ്ട്' ഈശ്വരാരാധനചെയ്ത് മനുഷ്യർ സഫലത പ്രാപിക്കുന്നു.) *

# 18 ആദ്ധ്യാൽമിക ജീവിതം

ജീവജാലങ്ങളിൽ സർവശ്രേഷ്ഠമായ മനുഷ്യജീവിതത്തിനുള്ള പ്രത്യേകതകാ എന്തെല്ലാമാണ്? ഉണ്ണുക, ഉറങ്ങുക, ഉല്ലാദിപ്പിക്കുക തുടങ്ങിയ ജന്തുസഹജവൃത്തികളുടെ കൃത്രിമ പരിഷ്ക്കാരങ്ങളും അവയുടെ നാനാരൂപഭാവങ്ങളിലുള്ള സംഭരണങ്ങളും, അവയ്ക്കു വേണ്ടിയുള്ള നിരന്തരപരിശ്രമങ്ങളുംകൊണ്ട്' മനുഷ്യജീവിതത്തെ നിർവ്വചിക്കാവുന്നതാണോ? ഇതര പ്രാണികളെക്കാൾ വിശേഷബുദ്ധിയുള്ളവനാണ് മനുഷ്യനെന്നും അതുകൊണ്ടാണ് ഭക്ഷണം പാകം ചെയ്തു ഭക്ഷിക്കുന്നതെന്നും നഗ്നത മറച്ചു നടക്കുന്നതെന്നും മറ്റും പറഞ്ഞാലും ജീവിത നിർവചനമാവുകയില്ല.

എഴുതാനും, വായിക്കാനും, പറയാനും, പണിയെടുക്കാനും യന്ത്രോപകരണങ്ങാ നിർമ്മിക്കാനും കഴിയുന്നതുകൊണ്ട് മനുഷ്യജീവിതം സാർത്ഥകമാകുന്നില്ല. ഇവയെല്ലാം ഇത്തരം 'പുരോഗതി' കളെല്ലാം മനുഷ്യന്റെ ഒടുങ്ങാത്ത ആഗ്രഹങ്ങളുടേയും തജ്ജന്യമായ ചേഷ്ടകളുടേയും ഫലങ്ങളാണ്. ഇത്തരം ചേഷ്ടകാ ആദ്ധ്യാത്മിക ജീവിതവുമായി സന്തുലനപ്പെടുത്തിയില്ലെങ്കിൽ ഫലം നാശകരമായിരിക്കുകയും ചെയ്യും. അതുകൊണ്ടാണ് മനുഷ്യൻ തന്റെ വികാര വിചാരങ്ങളെ വേണ്ടവിധം നിയന്ത്രിച്ച് വിവേകപൂർവ്വം ജീവിക്കണമെന്നു ആദ്ധ്യാത്മികശാസ്ത്രം ഉൽഘോഷിക്കുന്നത്.

* 1960 ''ശംഖനാദം'' മാസികയിൽ പ്രസിദ്ധപ്പെടുത്തിയത്

വാസ്തവത്തിൽ ഭൗതികജീവിതമെന്നും അദ്ധ്യാത്മിക ജീവിതമെന്നും ഒരു മനുഷ്യജീവിതത്തെ വിഭജിക്കാവതല്ല. കാര്യഗ്രഹണത്തിനുവേണ്ടി പഞ്ചഭൂതാത്മകമായ ശരീരത്തെ സ്ഥൂലം, സൂക്ഷ്മം, കാരണം എന്ന് വേർതിരിച്ചു വ്യവഹരിക്കുന്നതുപോലെ മനുഷ്യജീവിതത്തിൽ മുന്നിട്ടുനില്ക്കുന്ന സ്വഭാവത്തെ അടിസ്ഥാനമാക്കിയാണ് ഭൗതികമെന്നും അദ്ധ്യാത്മികമെന്നും പറയപ്പെടുന്നത്". സാമാന്യവും സമഗ്രവുമായ ബോധനത്തിൽ ജീവിതം അദ്ധ്യാത്മികപ്രധാനമായിരിക്കണമെന്നതാണ് താല്പര്യം. സത്യം, ധർമ്മം, ദയ, വിവേകം, ശമ, ദമം' ഏകാഗ്രത, ധ്യാനം. മുതലായ അദ്ധ്യാത്മികമൂല്യങ്ങളും കാമക്രോധലോഭമദമാത്സര്യാദി ഭൗതികവികാരങ്ങളും ഒരു മനുഷ്യനിൽ അന്തർല്ലീനമായിക്കിടക്കുന്നു. എല്ലാ നിലകളിലും ദ്വന്ദ്വഭാവങ്ങൾ തമ്മിലുള്ള സംഘർഷം ഓരോ വ്യക്തിക്കും അനുഭവപ്പെടും. സുഖദുഃഖങ്ങളും, ശീതോഷ്ണങ്ങളും, കുന്നുകുഴികളും സ്വാഭാവികമാണ്. ഈ വൈരുദ്ധ്യങ്ങളെ വേണ്ടവിധം നിയന്ത്രിച്ച് ജീവിതം സഫലമാകേണമെങ്കിൽ അദ്ധ്യാത്മികസാധന അത്യന്താപേക്ഷിതമാണ്. ജീവിതത്തിന്നൊരു അടിത്തറയും ലക്ഷ്യവും ഉണ്ട്. ധർമ്മവും ഈശ്വരനും. ബാല്യത്തിലെതന്നെ ധർമ്മപരിശീലനവും സർവ്വത്തിന്നുമുപരിയായി ഒരു ജഗന്നിയന്താവ് സാക്ഷിസ്വരൂപനായി നിലകൊള്ളുന്നുണ്ടെന്ന ബോധവും വഴിപിഴക്കാത്ത പുരോഗതിക്കും ജീവിതസാഫല്യത്തിന്നും പരമപ്രയോജനമായിരിക്കും. അദ്ധ്യാത്മികവും ഭൗതികവുമായ സമഗ്രബോധമുണ്ടായാൽ അദ്ധ്യാത്മികജീവിതമെന്നത് യഥാർത്ഥ മനുഷ്യജീവിതം തന്നെയെന്ന് അനുഭവപ്പെടും.

അനാദികാലം മുതൽ നമ്മുടെ പൂർവ്വരാം ഋഷീശ്വരന്മാർ വെളിപ്പെടുത്തിത്തന്നിട്ടുള്ള സനാതനജ്ഞാനത്തിന്റെ പങ്കാളികളാണ് നാമെന്നുള്ള പ്രാഥമികബോധംപോലും നഷ്ടപ്പെട്ടുപോയ പരിതസ്ഥിതിയിൽ അലച്ചിൽ സ്വാഭാവികമാണ്. 'മനുഷ്യാ, നീ അമരാനന്ദപുത്രനാണ്. ഉണരൂ, പ്രവർത്തിക്കൂ. ഉദ്ധരേദാത്മനാത്മാനം. സ്വന്തം ആത്മാവിനെ ഉദ്ധരിക്കുക.' എന്ന് ആ ത്രികാലജ്ഞാനികൾ നമ്മോടാഹ്വാനം ചെയ്തുകൊണ്ടിരിക്കുന്നു.

എല്ലാ മതങ്ങളും ഒരേ ലക്ഷ്യത്തിലേക്ക് വഴി ചൂണ്ടുന്നവയാണ്. പക്ഷെ മതങ്ങളേയും മനുഷ്യൻ തന്റെ അഹങ്കാരജന്യമായ ലോഭമോഹാദികൾക്ക് വിധേയങ്ങളാക്കിയപ്പോൾ 'വേലിതന്നെ

വിളവു നശിപ്പിക്കുന്ന' അനുഭവമുണ്ടായി അങ്ങിനെ പല മതാനയായികളും മതസ്ഥാപനങ്ങളും ദൂഷിതവലയങ്ങളാലാവൃതമായെന്നു കരുതി ധാർമ്മികമൂല്യങ്ങാം എന്നെന്നും സത്യസംശുദ്ധങ്ങളായിത്തന്നെ നിലകൊള്ളുന്നു! ദൂഷ്യങ്ങളെക്കൊണ്ടു ദൂഷിപ്പിക്കപ്പെടുന്നതു മനുഷ്യനും.

'ഈശ്വരൻ ഉണ്ടെന്നറിഞ്ഞിട്ടും തങ്ങാംക്കോ തങ്ങളുടെ ചുററുമുള്ളവക്കോ വേണ്ടി ആ ചിത്ശ്ശക്തിയെ സ്തുതിപ്പാൻ കഴിയുയർത്താത്ത മനുഷ്യക്കു ബുദ്ധിയില്ലാതെ അന്ധജീവിതം നയിക്കുന്ന ആടുമാടുകളേക്കാാം എന്തു വ്യത്യാസമാണുള്ളതു്? എന്നു ശ്രീ ബുദ്ധദേവൻ ചോദിക്കുന്നു. 'താഴ്ന്നവരിൽ കരുണ, ഈശ്വരനിൽ ഭക്തി, സമസൃഷ്ടികളിൽ സ്നേഹം ഇവ ഇല്ലാത്ത ജീവിതം വ്യർത്ഥമാണു''. എന്നു പട്ടണത്തുപിള്ളയാർ വിലപിക്കുന്നു.

ഒരു മനുഷ്യൻെറ മതവിശ്വാസം ഏതു രൂപത്തിലാണെന്നുള്ളതു് അവൻെറ ജീവിതരീതികൊണ്ടു നിർണ്ണയിക്കാം' എന്നു എമേഴ്സൺ ചൂണ്ടിക്കാട്ടുന്നു. 'നീ മരിക്കതന്നെ ചെയ്യും; എന്നാൽ ജീവിതത്തിൽ ഒരു വലിയ ലക്ഷ്യത്തെ സ്വീകരിച്ചുകൊണ്ടു മരിക്കുന്നതു് ശ്ലാഘ്യമാകുന്നു' എന്നു് സ്വാമിവിവേകാനന്ദൻ താക്കീതു് നൽകുന്നു.

നമ്മുടെ അനുദിനജീവിതത്തിൽ അദ്ധ്യാത്മികമൂല്യങ്ങാം സ്വീകരിക്കപ്പെട്ടാൽ ഇത്തരമൊരു ജീവിതം ഏതൊരു മനുഷ്യനും അത്യന്താപേക്ഷിതമാണെന്നു ബോദ്ധ്യമാവും. വ്യക്തിജീവിതത്തിലും സാമൂഹികജീവിതത്തിലും രാഷ്ട്രീയ ജീവിതത്തിലും അദ്ധ്യാത്മിക മൂല്യങ്ങാം മാത്രമാണു് അവലംബം. നാം അറിഞ്ഞും അറിയാതേയും ചിലതൊക്കെ സ്വീകരിക്കുന്നുണ്ടു്. എങ്കിലും ജീവിതബോധത്തിൻെറ അപാകതമൂലം പലപ്പോഴും അജ്ഞതയ്ക്കടിമപ്പെടുകയും തജ്ജന്യമായ സ്വയംകൃതാനർത്ഥങ്ങളിൽ കടുങ്ങി വലയുകയും ചെയ്യുന്നു. സത്യാസത്യ വിവേകം, ധർമ്മാധർമ്മവിവേചനം, ഈശ്വരധ്യാനം, സ്നേഹം എന്നീ അദ്ധ്യാത്മികമൂല്യങ്ങാം ജീവിതവ്യവഹാരങ്ങളിൽ കൈവിടാവുന്നതല്ല. ധർമ്മം അടിസ്ഥാനവും, ഈശ്വരൻ ലക്ഷ്യവുമായ ഒരു മനുഷ്യജീവിതം—അതു് ഏതുനിലയിലുള്ളതായാലും ശരി—അതാണു് ശരിയായ മനുഷ്യജീവിതം.

അതുതന്നെയാണ് അദ്ധ്യാത്മികജീവിതവും. വ്യക്തിക്കും, സമൂഹത്തിനും രാജ്യത്തിനും ശാന്തിയും, ഭദ്രതയും മുക്തിയും പ്രദാനം ചെയ്യുന്ന ഈ അദ്ധ്യാത്മികജിവിതം ആവശ്യമാണെന്ന് മാനുഷികബോധമുള്ളവരാരും സമ്മതിക്കും. *

★

# 19 സനാതന ധർമ്മം തന്നെ

## ഹിന്ദുമതത്തിന്റെ ഒരു നവീന വ്യാഖ്യാനമെന്നതിൽകവിഞ്ഞു ബുദ്ധമതത്തിൽ യാതൊന്നുമില്ല

"ബുദ്ധം, ധർമ്മം, സംഘം എന്നീ ത്രിരത്നങ്ങളെ സ്വായത്തമാക്കിക്കൊണ്ട് നാല് ആര്യസത്യങ്ങളെ (ദുഃഖം, ദുഃഖകാരണം, ദുഃഖനാശത്തിനുള്ള ഉപായം, ദുഃഖനാശം) ശരിയായവിധം അറിഞ്ഞവർ എല്ലാ പ്രകാരത്തിലുമുള്ള ദുഃഖങ്ങളിൽനിന്നും വിമുക്തരാവുന്നു." എന്നുപദേശിക്കുന്ന ശ്രീ ബുദ്ധദേവൻ 'ധർമ്മത്തിനു' സർവ്വപ്രാധാന്യം നൽകിയിരിക്കുന്നതു കാണാം. ധർമ്മത്തെക്കുറിച്ചും, ധർമ്മത്തിന്റെ അഷ്ടാംഗികമാർഗ്ഗത്തെപ്പററിയുമുള്ള ഉപദേശങ്ങൾ ബുദ്ധമതസാഹിത്യത്തിലുടനീളം ദർശിക്കാവുന്നതാണ്. ധർമ്മത്തിനും, ധർമ്മചക്രത്തിനും തന്റെ മുൻഗാമികളായ മഹർഷിമാരും അവതാരപുരുഷന്മാരും നൽകിയ നിർവ്വചനംതന്നെയാണ് ശ്രീ ബുദ്ധദേവനും നൽകിയതു്. കാലവ്യത്യാസമനുസരിച്ച് സംഘശക്തിയും പ്രവചനപ്രവർത്തനങ്ങളും ബുദ്ധാവതാരത്തിലെ സവിശേഷതകളായി. ഹിംസയും ഭോഗവും ധർമ്മത്തിന്റെ പേരിൽ നഗ്നതാണ്ഡവമാടിയിരുന്ന അക്കാലത്തു് ത്യാഗപൂർണ്ണവും ജീവകാരുണ്യപ്രധാനവുമായ ഒരു അവതാരത്തിന്റെ ആവശ്യകതയാണ് നേരിട്ടതു്. അങ്ങനെ ധർമ്മസംസ്ഥാപനാർത്ഥം ഭഗവാൻ ശ്രീ ബുദ്ധനായി അവതരിച്ചു.

* 1960 "മനോരമ" വാർഷികപ്പതിപ്പിൽ പ്രസിദ്ധപ്പെടുത്തിയതു്.

ശ്രീ ബുദ്ധദേവൻ പ്രകീർത്തിക്കുന്ന 'ധർമ്മം' സനാതനധർമ്മമല്ലാതെ മറെറന്താണ്? സനാതനധർമ്മത്തെ തെററിദ്ധരിച്ചവരാണ് ബുദ്ധമതത്തെ ഹിന്ദുധർമ്മത്തിനെതിരായി പിടിച്ചുനിർത്താൻ യത്നിക്കുന്നത്. സനാതനമായ ധർമ്മത്തെ അവലംബിച്ച് പരിവർത്തനശീലത്തോടുകൂടിയ യുഗ ധർമ്മം, സമുദായ ധർമ്മം, കുലധർമ്മം, വ്യക്തിഗതധർമ്മം തുടങ്ങിയ ഉപധർമ്മങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഈ ഉപധർമ്മങ്ങളുടെ ഗതി സ്വാർത്ഥജന്യമായ അഹങ്കാരാദി ദുർഗ്ഗുണങ്ങൾക്ക് (അധർമ്മങ്ങൾക്ക്) വശപ്പെട്ടു തിരിയുമ്പോൾ സനാതനധർമ്മം അവമതിക്കപ്പെടുകയും മനുഷ്യർ ലക്ഷ്യം തെററി അധഃപതനാവസ്ഥയിലാവുകയും ചെയ്യുന്നു. അപ്പോഴാണ് ധർമ്മസംസ്ഥാപനാർത്ഥം ഈശ്വരാവതാരം സംഭവിക്കുന്നത്. അങ്ങനെ അധർമ്മത്തെയകററി ധർമ്മം പുനസ്ഥാപിക്കാനായി ഭഗവാൻ ശ്രീ ബുദ്ധദേവനായി അവതാരമെടുത്തു. ഹിന്ദുപുരാണങ്ങളിലും, ക്ഷേത്രഗാഥകളിലും ശ്രീ ബുദ്ധദേവനെ മഹാവിഷ്ണുവിൻെറ അവതാരമായി പ്രകീർത്തിച്ചിരിക്കുന്നതിൻെറ സാരാംശം ഇതാണ്

ഹൈന്ദവഗ്രന്ഥങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന ധർമ്മചക്രത്തിൻെറ കാലോചിതമായ സമഗ്രരൂപമാണ് ബുദ്ധോപദേശത്തിലെ ധർമ്മചക്രനിരൂപണവും. ശ്രീബുദ്ധദേവനു മുൻപുള്ളതാണല്ലോ മഹാഭാരതഗ്രന്ഥം, അതിലും ധമ്മം, ധമ്മചക്രം, അഷ്ടാംഗയോഗം എന്നിവയെപ്പററിയുള്ള ഉപദേശങ്ങളുണ്ട്. മഹാഭാരതം 12–ാം പർവ്വത്തിലുള്ള ഒരു ശ്ലോകം നോക്കുക:–

യത്ര പൂർവ്വാഭിസർഗ്ഗേവൈ–
ധർമ്മചക്രം പ്രവർത്തിതം
നൈമിഷേ ഗോമതീതീരേ
തത്ര നാഗഹ്വയംപുരം.

നൈമിഷാരണ്യത്തിൽ ഗോമതീനദീതടത്തിൽ നാഗാഹ്വയപുരത്തിൽ ധർമ്മചക്രം സ്ഥാപിതമായെന്നാണല്ലോ ഇതിൻെറ സാരം. മഹാഭാരതത്തിൽത്തന്നെ മറെറാരിടത്ത് ഇപ്രകാരം കാണുന്നു:–

''ഭീഷ്മേണവിഹിതം രാഷ്ട്രേ
ധർമ്മ ചക്രമവർത്തത''

ഭീഷ്മരുടെ രാജ്യത്തിൽ ധർമ്മചക്രം നിർമ്മിതമായി. "എട്ട് അംഗങ്ങളോടുകൂടിയ ധർമ്മം വിശുദ്ധാത്മാക്കളാൽ ആചരിക്കപ്പെടുന്നു" എന്ന് ഭാരതത്തിൽത്തന്നെ പറയുന്നുണ്ട്.

'അഷ്ടാംഗേനൈവ മാർഗ്ഗേണ
വിശുദ്ധാത്മാ സമാചരേത്"

ഇങ്ങനെ ഒട്ടനവധി ഉദാഹരണങ്ങളുണ്ട്. സനാതനധർമ്മത്തിലെ പ്രാചീനതത്വാദർശങ്ങളെ ശ്രീബുദ്ധദേവൻ കാലോചിതമായി ജനതാമദ്ധ്യേ ഉപദേശിക്കുകയാണ് ചെയ്തതെന്ന് ഗ്രഹിക്കുവാൻ കഴിയും. ത്രിരത്നങ്ങളിൽ "ധർമ്മം ശരണം ഗഛാമി"ക്ക് ശ്രീബുദ്ധൻ പ്രാധാന്യം കൊടുത്തിരിക്കുന്നതെന്തുകൊണ്ടാണ്? ഇതുകൊണ്ടദ്ദേഹം ഉദ്ദേശിക്കുന്നതെന്താണെന്ന രഹസ്യം ഗ്രഹിക്കാനും ഒരു ശരിയായ ഹിന്ദുവിനു പ്രയാസമില്ല. മഹർഷിമാർ ഈശ്വരവാചകമായും ധർമ്മത്തെ വ്യവഹരിച്ചിട്ടുണ്ട്. "ദ്യാവാ, പൃഥ്വി, ജലം" ഇത്യാദിയെല്ലാം ധർമ്മം എന്ന ഈശ്വരസത്തയാലാണ് നിലനിൽക്കുന്നതു്.

"ദ്യാവാ പൃഥിവി വരുണസ്യ ധർമ്മണാവിഷ്ക്കാഭിതേ" എന്ന് ഋഗ്വേദത്തിലും, "ധർമ്മേണ സർവ്വമിദം പരിഗൃഹീതം" ബ്രഹ്മാണ്ഡമെല്ലാം ധർമ്മത്താൽ ധരിക്കപ്പെട്ടിരിക്കുന്നു എന്ന് തൈത്തരീയ ആരണ്യകത്തിലും വെളിപ്പെടുത്തിയിട്ടുണ്ട്. "ഹേ ജനാർദ്ദന! ധർമ്മം എന്ന അവിടുത്തെ സമുന്നത രൂപത്തിനായിക്കൊണ്ട് നമസ്ക്കാരം."

"ധർമ്മാഖ്യഞ്ച തഥാരൂപം നമസ്തസ്മൈ ജനാർദ്ദന" എന്ന് വിഷ്ണുപുരാണത്തിൽ ഭഗവാനെ സ്തുതിച്ചിരിക്കുന്നു. "ധർമ്മോ നാരായണോ നാമ:" എന്നിത്യാദി ഇതരപുരാണങ്ങളിലും ഈശ്വരനെ ധർമ്മസ്വരൂപനായി പ്രകീർത്തിച്ചിരിക്കുന്നതു കാണാം.

"യതോധർമ്മസ്തതോജയ" എവിടെയാണോ ധർമ്മമുള്ളതു് അവിടെ ജയവുമുണ്ട് "യതോഭ്യുദയനിശ്രേയസഃസിദ്ധിഃസധർമ്മഃ" ഇഹപരലോകങ്ങളിൽ യാതൊന്നുകൊണ്ടാണോ അഭ്യുദയമുണ്ടാവുന്നതു്, അതാണ് ധർമ്മം. എന്നിങ്ങനെ ഹിന്ദുധർമ്മഗ്രന്ഥങ്ങളിൽ

അങ്ങോളമിങ്ങോളം പ്രതിപാദിക്കുകയും പ്രകീർത്തിക്കുകയും ചെയ്തിട്ടുള്ള ധർമ്മത്തേയും ധർമ്മസ്വരൂപിയേയുമാണ് ഭഗവാൻ ശ്രീ ബുദ്ധനും "ധർമ്മം ശരണം ഗച്ഛാമി"യെന്ന മന്ത്രംകൊണ്ടു ലക്ഷ്യമാക്കിയതു്.

മീമാംസസൂത്രകാരൻ "ചോദനാലക്ഷണോ അർത്ഥോധർമ്മഃ" എന്നു പറഞ്ഞിരിക്കുന്നതിൽനിന്നും ആചാര്യന്മാരാൽ പ്രേരിപ്പിക്കപ്പെട്ടു് ചെയ്യുന്ന സൽക്കർമ്മങ്ങളുടെ ലക്ഷ്യവസ്തുവിനെ ഇവിടെ ധർമ്മമെന്നാണു് വ്യവഹരിച്ചിരിക്കുന്നതെന്നു് മനസ്സിലാക്കാം. അദ്ധ്യാത്മവാദം നിർണ്ണയിക്കുന്നതിനു് മുൻപായി ജൈമിനി പറയുന്നു, "അഥാതോ ധർമ്മജിജ്ഞാസാ" എന്നു്. ഇതിൽ നിന്നെല്ലാം നാം മനസ്സിലാക്കേണ്ടതെന്താണു്? ശ്രീ ബുദ്ധദേവനും അതേ ബ്രഹ്മസത്തയെ ലക്ഷീകരിച്ചുകൊണ്ടാണു് "ധർമ്മം ശരണം ഗച്ഛാമി" ഉപദേശിച്ചതു്. പോരെങ്കിൽ ശ്രീ ബുദ്ധഗീതയായ "ധർമ്മപദം" 79–ാം ശ്ലോകത്തിൽ ഭഗവാൻ ഉപദേശിക്കുന്നതു നോക്കുക:....

ധർമ്മപീതി സുഖംസേതി, വിപ്രസന്നേനചേതസാ
അരിയപ്പവേദിതേ ധർമ്മേ, സദാരമതിപണ്ഡിതോ

സാരം:– "ധർമ്മരസം പാനം ചെയ്യുന്നവൻ യാതൊരല്ലലുമില്ലാതെ സുഖപൂർവ്വം ഉറങ്ങുന്നു. ആര്യന്മാരാൽ (ശ്രേഷ്ഠാചാര്യന്മാരാൽ_ ഋഷീശ്വരന്മാരാൽ) ഉപദേശിക്കപ്പെട്ട ധർമ്മത്തെയാണു് സജ്ജനങ്ങളായ പണ്ഡിതന്മാർ സ്വീകരിക്കുന്നതു്." ഈ ഉപദേശവാക്യം "യദ്യദാചരതിശ്രേഷ്ഠ: തത്തദേവേതരോജന:" എന്ന ഗീതാവാക്യത്തെയല്ലേ അനുസ്മരിപ്പിക്കുന്നതു്? ഇങ്ങനെ ഭഗവാൻ ബുദ്ധന്റെ ശരിയായ ഉപദേശമൊഴികൾ ഹിന്ദുധർമ്മോപദേശങ്ങളുമായി ചേർത്തു പഠനം നടത്തുന്നപക്ഷം ഹിന്ദുവിരുദ്ധമനോഭാവങ്ങൾ മാറുന്നതും ഹിന്ദുമതത്തിന്റെ മാതൃത്വത്തേയും മഹത്വത്തേയും ജനങ്ങൾ വേണ്ടവിധം ധരിച്ചു് നേർവഴിക്കുതിരിയുന്നതുമാണു്.

◆

---

24–6–1956 "ദേശബന്ധു" വാരപ്പതിപ്പിൽ പ്രസിദ്ധപ്പെടുത്തിയതു്.

# 20 ദേവാസുര സമരം

മനുഷ്യന്റെ മനോവ്യാപാരങ്ങളെ താത്വികദൃഷ്ട്യാ അപഗ്രഥനം ചെയ്ത ചിന്തകന്മാർ, സത്വഗുണപ്രധാനമായ മനസ്സിന് വികസിക്കുന്ന താമരപുഷ്പത്തിന്റെ ആകൃതിയും ക്രോധ (തമോ) ഗുണപ്രധാനമായ മനസ്സിന് കൂർത്ത കുന്തത്തിന്റെ രൂപവുമാണ് നൽകിയിട്ടുള്ളത്. പുരാണേതിഹാസങ്ങൾ രചിച്ച നമ്മുടെ പൂർവ്വീക ഋഷിപുംഗവന്മാർ ദേവന്മാരേയും അസുരന്മാരേയും ചിത്രീകരിച്ച മാനദണ്ഡം തന്നെയാണ് മറ്റൊരുവിധത്തിൽ ഈ മനോതത്വ ശാസ്ത്രജ്ഞന്മാരും സ്വീകരിച്ചിട്ടുള്ളത്. രാക്ഷസന്മാരുടെ രൂപഭാവങ്ങൾ വിരൂപവും ബീഭത്സവുമാണെങ്കിൽ ദേവന്മാരുടേത് മധുരമനോഹരവും സുന്ദരവുമായ രീതിയിലാണ് നാം പുരാണേതിഹാസങ്ങളിൽക്കൂടി ദർശിക്കുന്നത്. ആകൃതി, പ്രകൃതി, പെരുമാറ്റം, പ്രവർത്തനം ഇവകളിലെല്ലാം ദേവന്മാരും അസുരന്മാരും തമ്മിൽ അത്യധികം അന്തരമുണ്ടെന്ന വസ്തുതയാണ് അവ വെളിപ്പെടുത്തുന്നത്.

ദേവന്മാരും രാക്ഷസന്മാരും യഥാർത്ഥത്തിൽ ഉള്ളവരാണോ? അവർ കവികളുടെ സങ്കല്പസൃഷ്ടിയല്ലേ? അവരും മനുഷ്യരല്ലേ? എന്നിങ്ങനെയുള്ള വാദപ്രതിവാദങ്ങൾക്കിവിടെ ഒരുക്കമില്ല. അഥവാ ഈ ദേവാസുരന്മാരെല്ലാം മനുഷ്യർതന്നെയാണെന്ന് വിചാരിക്കുക ഏതൊരു മനുഷ്യനും ദേവനോ അസുരനോ ആവാം. ഈ കലിയുഗത്തിൽ ആകൃതിയും പ്രകൃതിയും സങ്കീർണ്ണമായിരിക്കുമെങ്കിലും ദേവന്മാരേയും അസുരന്മാരേയും നിശ്ചയിക്കുന്ന ധാർമ്മികമാനദണ്ഡം അന്നത്തേതുതന്നെ. ഒരു വ്യക്തിയുടെ സ്വധർമ്മവും സ്വഭാവവും ഏതു വഴിക്കാണെന്നു കണ്ട് അതു തിട്ടപ്പെടുത്താവുന്നതാണെങ്കിലും ഈ കലിയുഗത്തിന്റെ തമോമയതീക്ഷ്ണതയും, വക്രജല്പനങ്ങളുടെ തീവ്രതയും രാഷ്ട്രീയ അടവുകളുടെ അധാർമ്മികതകളും നിമിത്തം മാർഗ്ഗം സുഗമമായി കാണപ്പെടുന്നില്ലെന്നുമാത്രം.

മഹാപണ്ഡിതനായ രാവണൻ ബ്രാഹ്മണകുലജാതനും പുലസ്ത്യമുനിയുടെ അടുത്ത ബന്ധുവും ആയിരുന്നു. ഭൗതികവിജ്ഞാനത്തിലും വേദവേദാംഗങ്ങളിലും രാഷ്ട്രമീമാംസയിലും അപാര പാണ്ഡിത്യമുള്ള രാവണൻ രാക്ഷസനായിത്തീർന്നതെന്തുകൊണ്ടാണ്? തന്റെ അനുപമവൈഭവങ്ങളും, ഭൗതികവിജ്ഞാനത്തിന്റെ ക്രിയാശക്തിയും, സിദ്ധിനിഷ്ഠമായ തപസ്സും അദ്ദേഹത്തെ പ്രതാപവാനാക്കിത്തീർത്തിരുന്നു. രാവണരാജധാനിയായ ലങ്കാനഗരം സ്വർണ്ണനിർമ്മിതമായിരുന്നു അദ്ദേഹത്തിന്റെ പ്രതാപൈശ്വര്യങ്ങളുടെ മുൻപിൽമററു വൈഭവങ്ങളെല്ലാം തുച്ഛമായി ഗണിച്ചിരുന്നു ഇങ്ങനെ പാണ്ഡിത്യവും, പ്രതാപവും മററും വേണ്ടുവോളവും അതിലധികവും ഉണ്ടായിരുന്നിട്ടും രാവണൻ അസുരനായിത്തീർന്നു! ദാഹശമനത്തിനു ജലം അത്യാവശ്യമാണ്; എന്നാലതു് ഉപ്പുവെള്ളമായിപ്പോയാലെന്തുചെയ്യും? തന്റെ പ്രതാപൈശ്വര്യങ്ങൾ മുഴുവൻ സ്വാർത്ഥജന്യമായ ആസുരശക്തി സമ്പാദനത്തിനുവേണ്ടി വിനിയോഗിച്ച രാവണൻ ദൈവീശക്തിക്ക് വിപരീതമായി തിരിഞ്ഞു അഹന്തയ്ക്കു് അടിമപ്പെട്ടുപോയ രാവണൻ അസുരനായിത്തീർന്നതിലെന്താണത്ഭുതം? സ്വാർത്ഥവശനായി തന്റെ ശക്തിയെ ഈശ്വരശക്തിക്കപരിയായി വിശ്വസമക്ഷം സ്ഥാപിക്കുവാൻ ഒരുമ്പെട്ടപ്പോഴേക്കും സ്വധർമ്മത്തിൽനിന്നും അയാൾ വ്യതിചലിക്കുകയും ആസുരഗുണങ്ങൾ സ്വായത്തമാക്കാൻ തുടങ്ങുകയുമായി. ധർമ്മാത്മാക്കളെ പീഡിപ്പിക്കുവാനും, ധാർമ്മികഭാവങ്ങളെ ശോഷിപ്പിക്കുവാനും തുടങ്ങി. തന്റെ സാമ്രാജ്യവും വൈഭവങ്ങളും, ആസുരശക്തിയും വിപുലപ്പെടുത്താനായി അയാൾ ദേവന്മാരേയും ബ്രഹ്മജ്ഞാനികളേയും എതിർത്തു. ഋഷികളും, മുനികളും തനിയ്ക്കു നികുതി നൽകണമെന്നു നിർബ്ബന്ധിച്ച് അവരെ അവഹേളിച്ചു. ദണ്ഡകാരണ്യത്തിൽ തപസ്വിനിയും ഏകാകിനിയുമായിരുന്ന സീതാദേവിയെ അപഹരിച്ചുകൊണ്ട് അയാൾ സ്ത്രീസമുദായത്തെയാകമാനം അപമാനിച്ചു. അങ്ങനെ നീണ്ടകാലത്തെ പരിശ്രമങ്ങളും പാണ്ഡിത്യപ്രയോഗങ്ങളുംകൊണ്ട് നേടിയ പ്രതാപൈശ്വര്യങ്ങളെല്ലാം ദുരഹങ്കാരമത്തനായിത്തീർന്ന രാവണനു് ക്ഷണനേരംകൊണ്ട് നാമാവശേഷമായിപ്പോയി. ആസുരഭാവങ്ങളുടേയും രാക്ഷസവൃത്തികളുടേയും സ്വരൂപമായിത്തീർന്നു.

'ദേവാസുരസമര'മെന്നതു് പണ്ടു് നടന്ന ആര്യദ്രാവിഡസംഘട്ടനമാണെന്ന് ചിലരെഴുതി പിടിപ്പിച്ചിരിക്കുന്നതിൽ കഴമ്പില്ല. വിദേശീയ ചരിത്രവീക്ഷണത്തിന്റെ ഒരു പല്ലവിയാണിതു്, പുരാണങ്ങളിൽ കംസനേയും രാക്ഷസനായി വർണ്ണിച്ചിട്ടുണ്ടു്. കംസൻ ദേവകീദേവിയുടെ സഹോദരനും ശ്രീകൃഷ്ണഭഗവാന്റെ മാതുലനുമാണു്. കംസൻ ഇൻഡ്യയിലെ ആദിനിവാസി ദ്രാവിഡനും ശ്രീകൃഷ്ണൻ വെളിയിൽനിന്നുവന്ന ആര്യനുമാണെന്നു സ്ഥാപിക്കുവാനുള്ള ചങ്കുറപ്പ് ഈ ചരിത്രകാരന്മാർക്കുണ്ടോ? സ്വന്തം അസുരവൃത്തികളാൽ മഹാരാജാ കംസൻ രാക്ഷസനായി. അപ്രകാരംതന്നെ ഹിരണ്യകശിപു, നരകാസുരൻ തുടങ്ങിയ രാക്ഷസന്മാരുടെയും കഥ. സ്വധർമ്മത്തെ അവഗണിക്കുകയും അവമതിക്കുകയുംചെയ്തുകൊണ്ടു് സ്വാർത്ഥവശനായ ഹിരണ്യകശിപു അഹങ്കാരവിമൂഢാത്മാവായി. ആസ്തികത്വത്തിൽനിന്നും നാസ്തികതയിലേക്ക് തെറിച്ചുപോയ ഹിരണ്യകശിപുവിന്റെ 'പരിതസ്ഥിതികൾ,' അയാളെയും ഈശ്വരധർമ്മത്തിന്റെ ഒരു ബദ്ധശത്രുവാക്കി മാററി. ദൈവീകസമ്പത്തിനെ സ്വായത്തമാക്കിയ പ്രഹ്ലാദകുമാരനാവട്ടെ, ആസുരശക്തിസമ്പന്നനായ പിതാവിന്റെ ശത്രുവായി. ഇവിടെയും എങ്ങുനിന്നോ വന്ന ചരിത്രകാരന്മാരുടെ ആര്യദ്രാവിഡ സമരമല്ല നടക്കുന്നതു് ഒരുവശത്തു് അസുരരാജാവായ ഭർത്താവ്, മറുവശത്തു് ദേവന്മാരുടെ പ്രിയഭാജനമായ പുത്രൻ, ഈ രണ്ടു് വൈരുദ്ധ്യശക്തികളുടെയുമിടയ്ക്കു്പെട്ടു് ദീനരോദനംചെയ്യുന്ന—പതിവ്രതയും പുത്രവത്സലയുമായ—പ്രഹ്ലാദമാതാവു് ഘ്രണദോഷിക്കുകയാണു്;

ചതുരോസി വദാന്യോസി, ലാളനീയോസിചർഭകേ!
കലൈ തത്ര നജാതോ.സി, യത്ര ഗോവിന്ദകീർത്തനം

"എന്റെ വത്സല കുമാരാ, പ്രഹ്ലാദ! ചതുരനും മധുരഭാഷിയും എല്ലാ പ്രകാരത്തിലും പ്രിയങ്കരനുമാണു് നീ. ഈ നല്ല ഗുണങ്ങളെല്ലാം ഉണ്ടായിരുന്നിട്ടും ഭഗവന്നാമ സങ്കീർത്തനം നടക്കുന്ന കുടുംബത്തിൽ നീ ജനിച്ചില്ലല്ലോ." പ്രഹ്ലാദനാവട്ടെ ഈശ്വരീയ മാർഗ്ഗത്തിൽനിന്നും അണുവളവും തെററിയില്ലെന്നു മാത്രമല്ല, ഓരോ വിഘ്നങ്ങളേയും നീക്കി പതിന്മടങ്ങു് ശക്തിയോടുകൂടി മുന്നേറുകയാണു് ചെയ്തതു്.

ത്രിഗുണാത്മകമായ പ്രപഞ്ചസൃഷ്ടിയിൽ ദേവന്മാരുടേയും, അസുരന്മാരുടേയും നിശ്ശേഷ അഭാവം ഒരിക്കലുമുണ്ടായിട്ടില്ല. സത്വഗുണപ്രധാനമായ സത്യയുഗത്തിലും, സത്വ–രജോഗുണപ്രധാനമായ ത്രേതായുഗത്തിലും, രജസ്തമഗ്ഗുണപ്രധാനമായ ദ്വാപരയുഗത്തിലും, തമോഗുണപ്രധാനമായ കലിയുഗത്തിലും ഇവയുടെ സങ്കീർണ്ണത വർദ്ധിച്ചുവന്നിട്ടുണ്ട്. ഈ മൂന്നു ഗുണങ്ങൾക്കും നേരിട്ടു ബന്ധമുള്ള മാനവസൃഷ്ടിയിൽക്കൂടിയാണ് ഈ സങ്കീർണ്ണത വെളിപ്പെടുന്നതു്. ആസുരപ്രധാനമായ ഈ യുഗത്തിൽ ചുററുപാടും നോക്കുക, ആസുരശക്തിയുടേയും അസുരന്മാരുടേയും പ്രാബല്യമാണ് നടമാടുന്നതു്. കഠോപനിഷത്തിൽ മനുഷ്യരെ പൊതുവെ രണ്ടു വിഭാഗക്കാരായി തരം തിരിച്ചിട്ടുണ്ട്. ഭോഗലാലസരായി പ്രേയസ്സിനെ ഇച്ഛിക്കുന്നവരും, യോഗനിരതരായി ശ്രേയസ്സിനെ ഇച്ഛിക്കുന്നവരുമാണ് ആ രണ്ടു വിഭാഗങ്ങൾ. ഇന്നത്തെ 'ഭൂരിപക്ഷങ്ങളുടെ പോക്ക്' ഏതു വഴിക്കാണെന്നു് തീരുമാനിക്കാൻ പ്രയാസമില്ലല്ലൊ. ഗീതയിൽ വിവരിക്കുന്ന ദൈവീസമ്പത്തിനെ ഇഷ്ടപ്പെട്ടവരും വെറുക്കുന്നവരും ആരെല്ലാമാണെന്നു് അറിയാനും വൈഷമ്യമില്ല, വഞ്ചന, പൊളിവചനം, ദുരഭിമാനം കാമക്രോധമദമാത്സര്യാദികൾ എന്നിവയുടെ പ്രളയാഗ്നിയിൽ ഇന്നത്തെ വിശ്വമാനവത്വം—മാനുഷിക ഗുണങ്ങൾ—എരിഞ്ഞുകൊണ്ടിരിക്കയാണ്. ഡംഭരഹിതമായ ദാക്ഷിണ്യങ്ങളോ, സ്നേഹാദരങ്ങളോ, ആത്മാർത്ഥമായ ത്യാഗസേവനങ്ങളോ ദർശിക്കുക ദുർല്ലഭമായിത്തീർന്നിട്ടുണ്ട്. ലോകത്തിൻെറ നിലനില്പിന്നാവശ്യമായ മാനുഷിക ഗുണങ്ങൾ ഇന്നു ശോഷിച്ചുകൊണ്ടിരിക്കുകയാണ്. ഇര ദൈവീസമ്പത്തിനെ ചവുട്ടിമെതിച്ചുകൊണ്ട് മുന്നേറുവാൻ വെമ്പൽകൊള്ളുന്നവരറിയുന്നില്ല, അടുത്തതായി തങ്ങൾ സ്വായത്തമാക്കാൻ പോകുന്നതു് ബന്ധനഹേതുവായ ആസുരീസമ്പത്തിനേയാണെന്നു്.

'ദൈവീസമ്പദ്വിമോക്ഷായ
നിബന്ധായാസുരീമതാ'

എന്നു് ഗീതയിലും 'ശ്രേയശ്ച പ്രേയശ്ച മനുഷ്യമേതസ്തൗ സംപരീത്യനവിവനക്തിധീരഃ'' എന്നു് ഉപനിഷത്തിലും പ്രഖ്യാപിക്കുന്ന ശാശ്വതതത്വങ്ങൾ മനുഷ്യൻെറ പ്രായോഗിക പരിശീലനത്തിന്നു് വിഷയമാവേണ്ടതാണു്.

അപ്പോാം കഴിഞ്ഞ യുഗങ്ങളെ അപേക്ഷിച്ച് ആസുരശക്തി വർദ്ധമാനമായിത്തീർന്ന ഒരു കാലഘട്ടമാണിതെന്ന് തെളിയും. ഇന്നത്തെ രാഷ്ട്രീയ മീമാംസകന്മാരും ഭൗതിക ശാസ്ത്രജ്ഞന്മാരും ഇതു സമ്മതിക്കുമോ? അവരിന്നു പറയുന്നതു് ആയിരമായിരം വർഷങ്ങാംക്കുമുമ്പുതന്നെ ഋഷീശ്വരന്മാർ സൂചിപ്പിച്ചിട്ടുള്ളതാണ്. 'ഈ ജഗത് ഈശ്വരനോടുകൂടാത്തതും, സ്ത്രീപുരുഷ സംയോഗത്തിൽ നിന്നുണ്ടാകുന്നതും, കാമമാകുന്ന കാരണത്തോടുകൂടിയതു''മാണെന്നതിൽകവിഞ്ഞു് അറിയാൻ ഇഷ്ടപ്പെടുന്നവരായിരിക്കയില്ല ആസുരിഭാവമുള്ളവർ,

അസത്യമപ്രതിഷ്ഠം തേ ജഗദാഹുരനീശ്വരം
അപരസ്പരസംഭൂതംകിമന്യത് കാമഹൈതുകം

'ശ്രീമത്ഭഗവത്ഗീത' 16–ാം അദ്ധ്യായത്തിൽ ദേവാസുര ഗുണങ്ങളേയും ലക്ഷണങ്ങളേയും പററി വളരെ വ്യക്തമായ ഭാഷയിൽ വിശദീകരിച്ചിട്ടുള്ളതു് ഒരാവർത്തി മനസ്സിരുത്തി അദ്ധ്യയനം ചെയ്യുമ്പോഴറിയാം ഈ കലിയുഗത്തിൻെറ വൈഭവങ്ങാം.

അപ്പോാം 'ദേവാസുരസമര'മെന്നതു് ചില ചരിത്രകാരന്മാർ പറയുന്നതുപോലെ ആര്യദ്രാവിഡസംഘട്ടനമല്ലെന്നും അതു് വ്യക്തികളിലും സമൂഹങ്ങളിലും രാഷ്ട്രങ്ങളിലും എന്നെന്നും എല്ലായ്പോഴും നടന്നുകൊണ്ടിരിക്കുന്ന ധാർമ്മിക പോരാട്ടമാണെന്നും സമ്മതിക്കേണ്ടിവരും. ഒരു മനുഷ്യനു തൻെറ പുണ്യകർമ്മങ്ങളാൽ ദേവനോ പാപകർമ്മങ്ങളാൽ അസുരനോ ആകാവുന്നതാണ്. ദൈവീകഗുണങ്ങളെ സ്വന്തമാക്കുന്നവൻ സ്വതന്ത്രനും സമൂഹക്ഷേമദായകനും ആകുന്നു. ആസുരഗുണങ്ങളുള്ളവർ എത്രതന്നെ പ്രചാരവും വിളംബരവും നടത്തിയാലും അവൻെറ ക്ഷേമപ്രവർത്തനങ്ങളെല്ലാം ഉപദ്രവകരമായി പര്യവസാനിക്കുകയും സ്വയം കുഴിച്ച കുഴിയിൽ അവനെത്തന്നെയിട്ടു മൂടുകയും ചെയ്യുന്നു.

ധാർമ്മിക മാനദണ്ഡത്തിൽകൂടി ഒരാത്മപരിശോധന നടത്തുകയാണെങ്കിൽ ഓരോവ്യക്തിയിലും ഈ 'ദേവാസുരസമരം' നടന്നുകൊണ്ടിരിക്കുന്നതു കാണും. ദേവാസുരസമരത്തിൽ ധർമ്മത്തേയും

ദൈവീശക്തിയേയും വിജയിപ്പിക്കുകയെന്നതാണ് മനുഷ്യജീവിതത്തിലെലക്ഷ്യം. എന്തെന്നാൽ മോക്ഷകാരണമായതു് ഈ ദൈവീസമ്പത്തു് മാത്രമാണു്. ഇങ്ങനെ ദൈവീസമ്പത്തു് സമ്പാദിച്ചവരുടെ സംഘടിതശക്തിക്ക മാത്രമേ ഇന്നത്തെ സംഘടിതമായ ആസുരശക്തികളെ വിഛേദനം ചെയ്‌വാൻ സാധിക്കൂ! അഹിംസയും ഒരു ദൈവീസമ്പത്താണു്. അഹിംസയുടെ സംരക്ഷണത്തിനും ഹിംസ പ്രയോഗിക്കേണ്ടിവന്നാൽ പിൻവാങ്ങാൻ പാടില്ലെന്ന പാഠമാണു് മഹാഭാരതത്തിലെ ധർമ്മയുദ്ധം പഠിപ്പിക്കുന്നതു്. എക്കാലത്തും ദൈവീസമ്പത്തിന്റെ വിനിയോഗ കർത്താക്കളായിരുന്ന ഭാരതീയർ ഇന്നത്തെ സങ്കീർണ്ണമായ പരിസ്ഥിതിയിലും മഹത്തായ കർത്തവ്യം നിർവ്വഹിക്കാൻ കരുത്തുള്ളവരാണെന്നു് പ്രവൃത്തികൊണ്ടു് തെളിയിക്കേണ്ടിയിരിക്കുന്നു. കലിയുഗമാണിതെന്നതു് ശരിയാണെങ്കിലും ഇന്നു വ്യക്തികളുടെ സമൂഹശക്തിക്കാണു് പ്രാധാന്യമെന്ന വസ്തുത വിസ്മരിക്കാതിരിക്കട്ടെ. ''സംഘേശക്തി: കലൗയുഗേ'' എന്നു നമ്മുടെ പൂർവ്വീകന്മാർ മുന്നറിവ് നൽകിട്ടുള്ളതു് ഇന്നു പ്രത്യക്ഷരം ശരിയാണെന്നു് കാണാം. അതുകൊണ്ടു് ഈ യുഗത്തിലെ 'ദേവാസുരസമരം' മറ്റേ യുഗങ്ങളേക്കാൾ ഭയങ്കരവും ബീഭത്സവുമാണു്. ചരിത്രാതീതകാലം മുതൽ ദേവപക്ഷത്തിലായിരുന്ന ഭാരതീയർ ഈ കലിയുഗത്തിലും ദൈവീശക്തിസമ്പന്നരായിത്തീരുമെന്നും, അങ്ങനെ ദൈവഗുണങ്ങളെ സ്വായത്തമാക്കിയ ധന്യാത്മാക്കളെല്ലാം ചേർന്നു സംഘടിതശക്തിയോടെ ആസുരശക്തികളെ ഉന്മൂലനം ചെയ്യുമെന്നും പ്രത്യാശിക്കാം.

'സംഘേശക്തി: കലൗയുഗേ.'



'കേസരി' വാർഷികപ്പതിപ്പിൽ പ്രസിദ്ധപ്പെടുത്തിയതു്.

# 21 ക്ഷേത്രം

ആഗമ ശാസ്ത്രപ്രകാരം ഈശ്വരാരാധനക്ക വേണ്ടി നിർമ്മിച്ച് ദേവ പ്രതിഷ്ഠ നടത്തിയ ദേവാലയത്തെ ക്ഷേത്രമെന്ന പറയുന്നു. സാമാന്യമായി ഈശ്വരാരാധനയ്ക്ക് ഉപയോഗപ്പെടുത്തുന്ന സ്ഥാനങ്ങളെല്ലാം ക്ഷേത്ര സംജ്ഞകൊണ്ടറിയാവുന്നതാണ്. പവിത്രസങ്കൽപത്തോടുകൂടിയ ആലയവും അതിൻെറ അന്തർഭാഗത്ത ദേവപ്രതിമയോ പ്രതീകമോ പ്രതിഷ്ഠിച്ചിട്ടുള്ള മൂലസ്ഥാനവും കൂടുമ്പോഴാം ക്ഷേത്രമായി. നിത്യഹോമം നടത്തുന്ന ചില യജ്ഞശാലകളും ക്ഷേത്രത്തെപ്പോലെ പരിഗണിക്കാറുണ്ട്. ഈവിധം ഈശ്വരാരാധനക്ക ഉപയോഗപ്പെടുത്തുന്ന പവിത്ര സങ്കേതങ്ങളെല്ലാം ക്ഷേത്രം തന്നെ. തൽസംബന്ധമായ വിശ്വാസാചാരങ്ങളും ശാസ്ത്രീയതയുമനുസരിച്ചും മഹാത്മ്യം വെളിപ്പെടുകയും പ്രകാശിക്കുകയും ചെയ്യുന്നു.

പാപങ്ങളെ നശിപ്പിക്കുവാനും പുണ്യം ആർജ്ജിക്കുവാനും ക്ഷേത്രങ്ങളിലൂടെ സാധിക്കണമെന്ന് പുരാണം പറയുന്നു.

ക്ഷീയതേ പാതകം യത്ര
തേനേദം ക്ഷേത്രമുച്യതേ.

ദേവാലയമെന്നത് മനുഷ്യശരീരത്തെപ്പോലെ നിർമ്മിക്കപ്പെട്ടത്— ക്ഷേത്രം ശരീരപ്രസ്താരം. 'ആലയ'മെന്നാൽ ജീവാത്മാവ് പരമാത്മാവിൽ ലയിക്കുന്ന സ്ഥാനമെന്നർത്ഥം. ഈ ശരീരം പിണ്ഡാലയവും, പ്രപഞ്ചം ബ്രഹ്മാണ്ഡാലയവുമാണെങ്കിൽ ക്ഷേത്രം ഇവ രണ്ടിനും മദ്ധ്യവർത്തിയായ അണ്ഡാലയവുമാകുന്നു. പിണ്ഡാണ്ഡത്തിലിരിക്കുന്ന മനുഷ്യാത്മാവിന്ന് ബ്രഹ്മാണ്ഡതത്വം ഗ്രഹിപ്പിക്കുന്ന, അനുഭവപ്പെടുത്തുന്ന വിദ്യാലയംകൂടിയാണ് ക്ഷേത്രം.

'ഈശാവാസ്യ മിദം സർവ്വം'—ഈശ്വരൻ സർവ്വാന്തര്യാമിയും സർവ്വവ്യാപകനും സച്ചിദാനന്ദസ്വരൂപനുമാകുന്നു; ഏകമേവാദ്വിതീയമാകുന്നു. ഇതാണ് പരമസത്യമെങ്കിലും ഇതു അനുഭവപ്പെട

ത്തുകയെന്ന പരമലക്ഷ്യത്തിലേക്കുള്ള പാതകളിൽ ക്ഷേത്രാരാധന എല്ലാ നിലയിലുള്ളവക്കം സഹായകമായിരിക്കം. വ്യവഹാര ജീവിതത്തിലെ വിവിധരംഗങ്ങളിൽ, അധിഭൗതികം, ആദ്ധ്യാത്മികവും, ആധിദൈവികം എന്നീ അവസ്ഥകളിൽ അവരവരുടെ മനഃശ്ശുദ്ധിപോലെ സഹായകമാക്കാവുന്ന വിധം ക്ഷേത്രങ്ങളെ സ്ഥാപിച്ചിരിക്കുന്നു. വ്യാപകമായ വിദ്യുഛക്തിക്ക് കേന്ദ്രസ്ഥാനങ്ങാം (പവ്വർഹൗസും മററും) ഉണ്ടായിരിക്കുന്നതുപോലെ, ഭൂമിക്കടിയിൽ എല്ലായിടത്തും നീരോട്ടം ഉണ്ടായിരുന്നാലും കിണർ കുഴിച്ചും മററും ജലസംഭരണ വിതരണ ക്രമങ്ങാം ചെയ്യുന്നതുപോലെ, പശുവിൻെറ ശരീരത്തിൽ വ്യാപകമായ പാൽ മുലക്കാമ്പിലൂടെ കറന്നെടുക്കുന്നതുപോലെ, കാററ് എല്ലായിടത്തുമുണ്ടെങ്കിലും വിശറിയോ പങ്കയോ മുഖേന അനുഭവപ്പെടുത്തുന്നതുപോലെ," സർവ്വവ്യാപിയായ ഈശ്വരചൈതന്യം ഈ വ്യാവഹാരിക ലോകത്തിൽ, നിർദ്ദിഷ്ടമായ ക്ഷേത്രങ്ങളിലൂടെ അനുഭവപ്പെടുത്തുന്നു. അവരവരുടെ ധർമ്മനിഷ്ഠയനുസരിച്ച് അനുഭവഭേദങ്ങളുണ്ടാവാമെങ്കിലും ക്ഷേത്രപ്രയോജനമിതാണ്. മനോവാക്കായങ്ങളുടെ ശുദ്ധീകരണം സ്വാഭാവികമായും ഉണ്ടാവണം അജ്ഞാനചക്ഷുസ്സിൻെറ ഉൻമീലനത്തിന്നു. അതിന്നു ആദ്യം ഈശ്വരങ്കൽ വിശ്വാസം, അടിയുറച്ച വിശ്വാസംതന്നെ വേണം. ഈ വിശ്വാസത്തിലൂടെ ഭക്തിഭാവം വികസിച്ച് ഏകാഗ്രമായിത്തീരണം. അങ്ങനെ സദാ ബഹിർമുഖമായി ചലിച്ചുകൊണ്ടിരിക്കുന്ന ത്രിവിധകരണങ്ങളെയും അന്തർമ്മുഖമാക്കി തിരിച്ചാൽ മാത്രമെ ഈശ്വരദർശനം സാദ്ധ്യമാവൂ. ഈ ജീവിതലക്ഷ്യം സാധിപ്പിക്കലാണ് ക്ഷേത്രം കൊണ്ടുദ്ദേശിച്ചിരിക്കുന്നതു്.

മനുഷ്യക്ഷേത്രം പ്രഥമവും പ്രധാനവുമായി ഈ ശരീരംതന്നെയാണ്. വ്യക്തിശരീരം ഒരു ക്ലിപ്തപരിധിക്കകത്തു നശിക്കുമെന്നതിനാൽ വ്യഷ്ടിക്കും സമഷ്ടിക്കും മദ്ധ്യവർത്തിയായി ക്ഷേത്രങ്ങാം സ്ഥാപിച്ചു. ഭഗവത്ഗീതയിലെ ക്ഷേത്ര ക്ഷേത്രജ്ഞ യോഗത്തിൽ "ഇദം ശരീരം കൗന്തേയ ക്ഷേത്രമിത്യഭിധീയതേ" എന്നു വിശേഷിപ്പിച്ചിരിക്കുന്നു. ശരീരക്ഷേത്രത്തിലെ ഹൃദയമാകുന്ന ശ്രീകോവിലിൽ കുടികൊള്ളുന്ന മൂർത്തിയാണ് ആത്മാവു്. "കോവിൽ" എന്നതിന്നർത്ഥംതന്നെ ഈശ്വരൻെറ നിവാസസ്ഥാനമെന്നാണ്. കോ—കടവുാം (ഈശ്വരൻ) ഇൽ—ഇല്ലം (വാസസ്ഥാനം) നാം ചെയ്യുന്ന പുണ്യ—പാപ കർമ്മങ്ങളുടെ ഫലം

അനുഭവിക്കുന്നതും ഈ ശരീരത്തിലാണല്ലോ—അതിനാൽ ഒരു വിള ഭൂമിപോലെ കർമ്മഫലങ്ങൾ ഇതിൽനിന്നുണ്ടാകുന്നതുകൊണ്ടും ക്ഷേത്രമെന്നു പറയപ്പെടുന്നു. ശരീരാകാരമായിരിക്കുന്ന ക്ഷേത്രങ്ങളിലും നാം എത്രവിധം വിചാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നുവോ അതിൻെറ പതിന്മടങ്ങ് ഫലം ഉളവാകും. ക്ഷേത്രങ്ങളിൽ പുണ്യകർമ്മങ്ങളും പുണ്യഭാവങ്ങളും പുലർത്തിയാൽ വിശ്വാസവും ഭക്തിയും ഉളവാകുകയും ചെയ്യും. അതുകൊണ്ട് ഉപദ്രവങ്ങളിൽനിന്നു രക്ഷിക്കപ്പെടുന്നതെന്നും ക്ഷേത്രത്തിന്നർത്ഥമുണ്ട്.

ദ്രാവിഡ ആഗമങ്ങളിൽ ഭക്തി, ജ്ഞാന, യോഗാദി ഉപക്രമങ്ങളിൽ ക്ഷേത്രത്തെപ്പററി വ്യവഹരിച്ചിരിക്കുന്നു. തിരുമൂലരുടെ തിരുമന്ത്രത്തിൽ പറയുന്നു.

ഉള്ളംപെരും കോയിൽ ഊനുടമ്പാലയം
വള്ളർപിരാനാർക്ക് വായ് കോപുരവാശൽ
തെള്ളത്തെളിന്താർക്ക് ജീവൻ ശിവലിംഗം
കള്ളപ്പുലനൈന്തും കാളാമണിവിളക്കേ
ഉടമ്പിനൈ മുന്നം ഇഴുക്കെൻറിരുന്തേൻ
ഉടമ്പിനുക്കുള്ളേ ഉറുപൊരുൾ കണ്ടേൻ
ഉടമ്പുളേ ഉത്തമൻ കോയിൽ കൊണ്ടാനെൻറു
ഉടമ്പിനൈ യാനിരുന്തോമ്പുകിൻേറൻ

അപ്പർ മഹാൻ പറയുന്നു.—

കായത്തേയുളൻ കാണ്ടർ മുളൈയിനൈ
വായത്താൽ വണങ്കീർ വിനൈമായവേ

ഔവ്വയാർ ദേവി വചനമാവിതു്:—

ഉടമ്പിനൈ പെററ പയനാവതെല്ലാം
ഉടമ്പിനുൾ ഉത്തമനെ കാൺ
മാശററ കൊൾകൈ മനത്തിൽ അടൈന്തകാൽ
ഈശനൈ കാട്ടും ഉടമ്പു.

ശരീരത്തിൽ കർമ്മ—ജ്ഞാനേന്ദ്രിയങ്ങളും മനസ്സും മററു മൂലതത്വങ്ങളും അടങ്ങി പ്രവർത്തിക്കുന്നതുപോലെ ആദ്ധ്യാത്മികരൂപ

ത്തിൽ ക്ഷേത്രങ്ങാം നിർമ്മിച്ചിരിക്കുന്നു. ഈ ക്ഷേത്രങ്ങളിൽ ദർശിച്ചും ഭജിച്ചും നേടേണ്ടതു് ഈശ്വരവിശ്വാസവും ഭക്തിയുമാണു്. ഇതിനുത്രികരണശുദ്ധിയോടുകൂടി ക്ഷേത്രദർശനം ചെയ്യേണ്ടതായിട്ടുണ്ടു്. ക്ഷേത്രദർശനത്തിനു തിരിക്കുന്നതിനും മുൻപും, ക്ഷേത്രദർശനാനന്തരവും സൽക്കർമ്മങ്ങാം ചെയ്താൽ നല്ല ഫലമുളവാകും. കുളിച്ചു് ശുഭ്രവസ്ത്രം ധരിച്ചു് ക്ഷേത്രദർശനത്തിനു പോകണം. ക്ഷേത്രമൂർത്തിക്കു യഥാശക്തി പുഷ്പം, ഫലം, അർച്ചന, നിവേദ്യം, കാണിക്കെ എന്നീവിധം എന്തെങ്കിലും ശ്രദ്ധാഭക്തിപൂർവ്വം അർപ്പിച്ചുകൊണ്ടു വേണം ദർശനം നടത്തുക തത്വവിചാരംകൊണ്ടും സദ്ഭാവങ്ങളെക്കൊണ്ടും മനഃശുദ്ധിയും, ജപം സ്തോത്രം മൗനം ഇത്യാദികളെക്കൊണ്ടു് വാക്കു് ശുദ്ധിയും പാലിക്കണം.

വേണ്ടത്ര അറിവോടുകൂടി ക്ഷേത്രാരാധന ചെയ്താൽ താൻതന്നെ ക്ഷേത്രമെന്നു ഉണരുന്നതോടൊപ്പം പാരമാർത്ഥിക ലക്ഷ്യത്തിലേക്കുള്ള ദിവ്യപ്രചോദനം സിദ്ധിക്കുകയും ചെയ്യും. അങ്ങനെ ആത്മമോക്ഷത്തിനും സാമൂഹ്യക്ഷേമത്തിനും ക്ഷേത്രം മാദ്ധ്യമമായിരിക്കുന്നു. *

# 22 ക്ഷേത്രം-ഉൽസവം

ദൈവീകഗുണങ്ങാം സ്വജീവിതത്തിലൂടെ സ്വീകരിച്ചു് സ്വകർത്തവ്യനിരതരാവാൻ മനുഷ്യനാണു് കഴിയുക. ജീവജാലങ്ങളിൽവെച്ചു് ഉൽകൃഷ്ടജന്മമായ മനുഷ്യജന്മം സിദ്ധിച്ചിട്ടും ദൈവീകവിമുഖരായി ജീവിക്കുന്നവർ എത്ര സമർത്ഥരായാലും കൃതാർത്ഥരാവാൻ നിർവ്വാഹമില്ല മനസാ, വാചാ, കർമ്മണാ ഈശ്വരാർപ്പണ ജീവിതം നയിക്കുവാൻ കഴിയുന്നവരാണു് ശരിയായും ജീവിക്കുന്നവർ.

* 1976 "ക്ഷേത്രപത്രിക" വാർഷികപ്പതിപ്പിൽ പ്രസിദ്ധപ്പെടുത്തിയതു്.

ഈശ്വരാരാധനാപരമായ ജീവിതമാണ് ശ്രേയസ്കരമാവുക. സർവസംഗപരിത്യാഗികളും സദാതപസ്വികളുമായ അപൂർവം ചില ധന്യാത്മാക്കളൊഴികെ മറ്റെല്ലാവർക്കും ഒരു രൂപമോ ഭാവമോ സങ്കല്പിക്കാതെയുള്ള ആരാധന സാദ്ധ്യമല്ല. അതറിയാവുന്ന ത്രികാലജ്ഞരായ മഹർഷീശ്വരന്മാരാണ് ആരാധനാരീതികളാവിഷ്ക്കരിച്ചിട്ടുള്ളത് ദേശകാലാനുസരണം മനുഷ്യരുടെ പ്രാപ്തിക്കൊത്ത വിധം പലവിധ ഉപാസനാസമ്പ്രദായങ്ങൾ നടപ്പിലായി. പ്രതീകങ്ങളും, പ്രതിമകളും, ക്ഷേത്രങ്ങളും അങ്ങനെയാണുണ്ടായത്.

## വിഗ്രഹാരാധന

ക്ഷേത്രങ്ങളേയും വിഗ്രഹാരാധനയേയും ഇഷ്ടപ്പെടാത്ത ചില മതക്കാരും പ്രത്യേക ദേവാലയങ്ങളോടും സങ്കല്പപരമായ ഉപാധികളോടും കൂടിയവരാണ്. ഒരുവിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ അവരെല്ലാം വിഗ്രഹാരാധകർതന്നെ! ക്ഷേത്രപ്രതിഷ്ഠകൾ ഏറ്റവും ശാസ്ത്രീയാടിസ്ഥാനത്തിലുള്ള 'വിഗ്രഹാരാധന' യാണെന്ന വ്യത്യാസമാണുള്ളത്.

അവരവരുടെ ശരീരംതന്നെ ഓരോ ഈശ്വരക്ഷേത്രങ്ങളാണ്. ഭഗവാൻ അരുളിച്ചെയ്യുന്നു:—

ഇദംശരീരം കൗന്തേയ, ക്ഷേത്രമിത്യഭിധീയതേ;
ഏതദ്യോവേത്തി, തം പ്രാഹുഃ ക്ഷേത്രജ്ഞ
ഇതിതദ്വിദഃ

(ഹേ അർജ്ജുന! ഈ ശരീരം ക്ഷേത്രമെന്നു പറയപ്പെടുന്നു. ഇതിനെ (ഈ ക്ഷേത്രത്തെ) യാതൊരുവൻ (എന്റേതെന്നു) അറിയുന്നുവോ അവനെ ക്ഷേത്രജ്ഞൻ എന്ന് അക്കാര്യം അറിയുന്നവർ പറയുന്നു.)

ഈ ശരീരക്ഷേത്രത്തെ നാം രക്ഷിക്കുന്നതു് ദൈവീകത്വം വികസിപ്പിക്കുവാനായിരിക്കണം; ധർമ്മാനുസരണം ജീവിച്ച് മനുഷ്യജന്മം സഫലവും ധന്യവുമാക്കിത്തീർക്കാൻ ഈ ശരീരത്തിലിരിക്കവേ സാദ്ധ്യമാകണം.

ആറടിമണ്ണിലും നൂററമ്പതു റാത്തൽ തൂക്കത്തിലും നൂറുകൊല്ലത്തെ വളർച്ചയിലും ഒതുങ്ങിനില്ക്കുന്നതാണ് ഭൗതികശരീരത്തിന്റെ സാമാന്യപരിധി. എന്നാൽ ഈ നീളത്തിനും ഭാരത്തിനും അസ്തിത്വത്തിനും അപ്പുറത്തു അനന്തശക്തിയുടെ ചക്രവാളങ്ങളോളം മനുഷ്യജീവിതത്തിനു വ്യാപ്തിയുണ്ട്. അതുകൊണ്ടാണ് മനുഷ്യജീവിതം വെറും ഭൗതികമല്ല, ആദ്ധ്യാത്മികപ്രധാനമെന്നു നിർവ്വചിച്ചിരിക്കുന്നതു്. വേദജ്ഞരായ നമ്മുടെ പൂർവ്വികർ ധർമ്മാനുസൃതകർമ്മങ്ങൾക്കായി ശരീരത്തെ പോററി വളർത്തി. ശരീരക്ഷേത്രത്തിന്റെ കാലയളവു് കണ്ടറിഞ്ഞവർ വരുന്ന തലമുറകളുടെ ഉൽക്കർഷത്തിന്നായിക്കൊണ്ടു് ക്ഷേത്രങ്ങൾ നിർമ്മിച്ചു. നൂററാണ്ടുകളോളം നിലനില്ക്കുന്ന ക്ഷേത്രങ്ങൾക്കുവേണ്ടി അവർ തങ്ങളുടെ ധനസമ്പത്തുക്കളും അദ്ധ്വാനവും സമർപ്പിച്ച തങ്ങളുടെ സമ്പത്തിനോടൊപ്പം പേരും പെരുമയും എല്ലാം ഈ മഹാക്ഷേത്രങ്ങളുടെ വളർച്ചയ്ക്കായി ഈശ്വരാർപ്പണബുദ്ധ്യാ സമർപ്പിച്ചിട്ടു് ദേഹത്യാഗംചെയ്ത ധന്യാത്മാക്കളെ നാം ഭക്ത്യാദരപൂർവം സ്മരിക്കുക.

ആരാധകരുടെ ആദ്ധ്യാത്മിക വികാരങ്ങളെ തട്ടിഉണർത്തുന്ന പ്രകൃതിശക്തിയെ പ്രധാനമാക്കിയാണ് ക്ഷേത്രസ്ഥാനനിർണ്ണയം ചെയ്തിട്ടുള്ളതു്. ക്ഷേത്രങ്ങളിലെ ദേവതാസാന്നിദ്ധ്യം പ്രധാനമായും കാത്തുപോററുന്നതു് മന്ത്രതന്ത്രാദികളുടെ മുറയും ആരാധകരുടെ ശ്രദ്ധാഭക്തികളുമാണ്. പ്രതിഷ്ഠകൊണ്ടും നിത്യപൂജകൊണ്ടും കലശാദികളെക്കൊണ്ടും വിഗ്രഹത്തിൽ ഈശ്വരചൈതന്യത്തെ ആവാഹിക്കുകയും പരിരക്ഷിക്കുകയും ചെയ്യുന്നതു് നമ്മുടെ അഭ്യുദയത്തിന്നുംവേണ്ടിയാണ്, ആരാധകരുടെ മനോഭാവമനുസരിച്ച് ആരാധനയുടെ അനുഭവത്തിലും ഉൽക്കർഷാപകർഷതകൾ ഉണ്ടാവാം. സാത്വികവും രാജസീകവും താമസികവുമായ ഭാവങ്ങളിൽ ആരാധിക്കുന്നവർക്ക് അതതു ഗുണഭേദങ്ങളനുസരിച്ചുള്ള ഫലം സിദ്ധിക്കുന്നു. ഉൽക്കർഷത്തിന്നു ഉൽകൃഷ്ടഭാവത്തിൽ ആരാധിക്കുകയാണല്ലോ വേണ്ടതു്. ആ നിലയിൽ ഔന്നത്യം പ്രാപിച്ചവർ ക്ഷേത്രാരാധനയുടെ ആവശ്യകതയെ അപലപിക്കുകയില്ല. മേൽത്തട്ടിലെത്തിക്കഴിഞ്ഞാലും താൻ കയറിവന്ന കോവണിപ്പടി മററുള്ളവർക്കായി സുരക്ഷിതമാക്കി നിലനിർത്തുന്നവരാണ് സജ്ജനങ്ങൾ. വിഗ്രഹാരാധനയുടെ വഴിയിൽ ഉയർന്നു കഴിഞ്ഞ മഹാ

ത്താക്കളും ക്ഷേത്രങ്ങളെ സമുദായക്ഷേമാർത്ഥം സംരക്ഷിക്കുവാനാണാഹ്വാനം ചെയ്യുന്നതു്. 'ക്ഷേത്രമില്ലാത്ത നാടു് വാസയോഗ്യമല്ല' എന്നുകൂടി അവർ നമ്മെ ഓർമ്മിപ്പിക്കുന്നുണ്ടു്.

## ഉത്സവങ്ങഠ

നമ്മുടെ ക്ഷേത്രങ്ങഠ മാനവജീവിതത്തിന്റെ പ്രചോദനകേന്ദ്രങ്ങളാണു് നമ്മുടെ സാമൂഹികവും സാംസ്ക്കാരികവുമായ വികാസങ്ങഠക്കു ഉറവിടം ഈ മഹാക്ഷേത്രങ്ങളാണെന്ന വസ്തുത മറക്കാവതല്ല. ആരാധനാക്രമങ്ങളും, ഉത്സവങ്ങളും, തീർത്ഥാടനങ്ങളും നേർവഴിയ്ക്കു നടത്തിയാൽ സമുദായത്തിന്നു് സർവ്വോല്ക്കർഷങ്ങളുമുണ്ടാവും; വഴിതെററിയാലാപത്താണു്. ഇന്നു കാണുന്ന സാന്മാർഗ്ഗികാധഃപതനവും അനാരോഗ്യകരമായ ചുററുപാടുകളും അറിയേണ്ടതു് അറിഞ്ഞു് ജീവിക്കാത്തതിന്റെ തകരാറുകളാണു്. മഹാത്മാഗാന്ധി സാമൂഹികാരാധനയുടെ മഹത്വം വിശദീകരിച്ചുകൊണ്ടു് പറഞ്ഞു:— ''സന്മാർഗ്ഗരഹിതമായ മതം ചിലക്കുന്ന ഇലത്താളംപോലെ വെറും ശബ്ദമുണ്ടാക്കിക്കൊണ്ടിരിക്കുവാനും കലഹിച്ചു് തലതല്ലിക്കീറുവാനും മാത്രമേ ഉപകരിക്കുകയുള്ളു. മതമില്ലാത്ത സന്മാർഗ്ഗികജീവിതമാവട്ടെ മണലിൽ പണിചെയ്ത മണിഹർമ്മ്യംപോലെയാണു്.

വിഗ്രഹാരാധന ആത്മീയോല്ക്കർഷത്തിന്നുതവുന്നതുപോലെ ക്ഷേത്രോത്സവങ്ങഠ ഹിന്ദുസമുദായത്തിന്റെ ഐക്യത്തിനും സാംസ്ക്കാരികോന്നതിയ്ക്കും വേണ്ടിയാണു ഹൈന്ദവസമുദായവും ക്ഷേത്രങ്ങളും തമ്മിലുള്ള അഭേദ്യമായ ബന്ധം പുലന്ത് വികസിക്കുകയാണു് വേണ്ടതു്. ക്ഷേത്രത്തിലെ വാദ്യമേളങ്ങളും, കൂത്തുകളും, കലാപ്രകടനങ്ങളും കേവലവിനോദത്തിന്നായിക്കൊണ്ടല്ല നടപ്പിലാക്കിയിരുന്നതു്. സ്വാത്വികഗുണങ്ങഠ ഉഠക്കൊള്ളാൻ ആരംഭത്തിൽ അത്ര എളുപ്പവും മധുരവുമല്ല, അതറിഞ്ഞവർ ശിശുവിന്നു് മരുന്നുകൊടുക്കുന്നതിന്നു മുമ്പു് മാതാവു് സ്വല്പം മാധുര്യം നൽകുന്നതുപോലെ ക്ഷേത്രോത്സവങ്ങളിൽ വിനോദത്തിനും സ്ഥാനമനുവദിച്ചിട്ടുണ്ടു്. പക്ഷെ മരുന്നു കഴിക്കാതെ മധുരം മാത്രം ഭക്ഷിച്ചുകൊണ്ടിരുന്നാൽ രോഗം മാറുകയില്ലെന്നു മാത്രമല്ല; മധുരാനന്തരഫല

ത്തിൻേറതായ പുതിയരോഗങ്ങളുംകൂടിയുണ്ടായി ശരീരപ്രകൃതിയെ അവതാളത്തിലാക്കുകയും ചെയ്യും. ഇതുപോലെയാണ് ക്ഷേത്രോത്സവങ്ങളുടേയും സ്ഥിതി.

ക്ഷേത്രോത്സവങ്ങൾകൊണ്ട് സമുദായത്തിന്ന് ധാർമ്മികവും സാമൂഹികവുമായ ഉന്നതിയും ഐക്യവും ഉണ്ടാവണം. അതിന്നുതകാത്ത ഉത്സവങ്ങളെ ക്ഷേത്രോത്സവങ്ങൾ എന്നു കണക്കാക്കിക്കൂട. ഉദ്ദേശലക്ഷ്യങ്ങളിൽനിന്നും വ്യതിചലിച്ചുകൊണ്ട് ഉത്സവം നടത്തുന്നതുകൊണ്ട് ദുഷ്ഫലങ്ങളാണുണ്ടാവുക. ക്ഷേത്രോത്സവത്തിന്റെ ധാർമ്മികമൂല്യം മറന്നവർ അതിനെയൊരു ചന്തമേളയാക്കി മാററുന്നത് പരിതാപകരമാണെന്നോർക്കണം.

360 ദിവസവും കാടുപിടിച്ച് കിടക്കുന്ന ചില ക്ഷേത്രങ്ങളിൽപോലും ആണ്ടിലൊരിയ്ക്കൽ ആയിരക്കണക്കിന്ന് പണം പിരിച്ച് ഉത്സവം കൊണ്ടാടുന്ന വിഷയത്തിൽ ഹിന്ദുക്കൾ പിന്നോക്കമല്ല. വിനോദരസത്തിനു മാത്രം ഔത്സുക്യം കാട്ടുന്നവർ പാപകൃത്യമാണു ചെയ്യുന്നത്.

പാൽ നല്ല സാധനമാണെങ്കിലും സൂക്ഷ്മക്കുറവുകൊണ്ട് അതു പിരിഞ്ഞുപോയാൽ ഉപയോഗപ്രദമല്ല. അതിരുന്നു ദുഷിച്ചാൽ ക്രമിച്ച് ദുർഗ്ഗന്ധപൂരിതമാവും. നല്ലതിന്റെ കെട്ടതിയുടെ ദുഷ്പരിണാമമാണിത്. അതുപോലെ ക്ഷേത്രത്തെ അതർഹിക്കുന്ന മഹത്വപൂർവ്വം ശ്രദ്ധയോടെ സംരക്ഷിച്ചില്ലെങ്കിൽ അതിന്റെ ദുഷ്ഫലങ്ങൾ സമുദായത്തിലുണ്ടാവും. ക്ഷേത്രത്തിലെ ദുഷ്കൃത്യങ്ങളുടെ പരിണിതഫലം ചുററും വസിക്കുന്നവരുടെ അധഃപതനവും അസ്വാസ്ഥതയും ആയിരിക്കും. ദുഷിച്ചുപോയ ഒരു പാത്രം പാലിനെ കണ്ടുകൊണ്ട് 'പാൽ' എന്ന സാധനം പൊതുവേ ദുഷിച്ചതാണെന്നു തീരുമാനിക്കുന്നതുപോലെ വിഡ്ഢിത്തമാണ് ക്ഷേത്രങ്ങളെല്ലാം അന്ധവിശ്വാസജന്യമാണെന്നു കരുതുന്നതും.

അതിനാൽ ക്ഷേത്രങ്ങളുടെ ആന്തരികവും ബാഹ്യവുമായ പവിത്രതയും ഉദ്ദേശലക്ഷ്യങ്ങളും കാത്തുരക്ഷിക്കുന്നതിന്ന് സ്ഥലവാസികളായ ഹിന്ദുക്കൾ ഏററവും കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്. ഹൈന്ദവജനതയുടെ ആത്മീയോല്ക്കർഷത്തിനും സമുദായൈക്യ

ത്തിന്നു ഉപയുക്തമായ ഉത്സവപരിപാടികളാണ് നടത്തേണ്ടതു്. ക്ഷേത്രസമിതികളും, പൂജാരികളും, പ്രമാണികളും ഇക്കാര്യത്തിൽ സത്വരശ്രദ്ധ പതിക്കണം. ക്ഷേത്രാരാധനയുടെ പേരിൽ അറിഞ്ഞോ അറിയാതെയോ അപരാധം ചെയ്യാതെ സൂക്ഷിക്കണം. ക്ഷേത്ര കാര്യങ്ങളിൽ, ആരാധനയുടെ പേരിൽ കരിഞ്ചന്ത നടത്തിയാൽ അതിന്റെ പാപഫലം തലമുറകളോളം അനുഭവിക്കേണ്ടിവരും.

നമ്മുടെ പൂർവ്വികന്മാർ സമ്പാദ്യങ്ങളെല്ലാം ക്ഷേത്രങ്ങളുടെ സംരക്ഷണത്തിന്നായി സമർപ്പിച്ചുവെങ്കിൽ ഇന്നു് ക്ഷേത്രങ്ങളെക്കൊണ്ടു് സമ്പാദിക്കുവാൻ മനസ്സിരുത്തുന്നവർ എത്ര കടുത്ത ദ്രോഹമാണു് ചെയ്യുന്നതോർക്കുക. സാമ്പത്തിക ഉന്നമനത്തിന്നു മറ്റു തൊഴിലുകളേർപ്പെടുകയാണു വേണ്ടതു് ക്ഷേത്രത്തിലെ ആദായം കൊണ്ടു് ജീവിക്കുന്നവർ അതിന്റെ അപര്യാപ്തതയിൽ ട്രേഡ് യൂണിയൻ അടിസ്ഥാനത്തിൽ സംഘടിച്ചു് കുഴപ്പമുണ്ടാക്കുന്നതിനേക്കാൾ വേറെ തൊഴിലുകളിലേർപ്പെടുന്നതാണുചിതമായ പ്രവൃത്തി. ക്ഷേത്രസ്വത്തുക്കളെ ദുർവിനിയോഗിക്കുന്നവരുടെ കുലവും വംശവും നശിച്ചുപോകുമെന്നാണു് ഹൈന്ദവപുരാണങ്ങൾ പഠിപ്പിക്കുന്നതു്. *

---

# 23 ക്ഷേത്രധർമ്മം

ഹിന്ദുധർമ്മത്തിന്റെ ആധാരം വേദശാസ്ത്രമാണു്. വേദാനുസാരിയായ ആഗമ–തന്ത്രശാസ്ത്രമാണു് ഹിന്ദുക്ഷേത്രങ്ങൾക്കു പ്രമാണം. ക്ഷേത്രനിർമ്മാണം, ദേവപ്രതിഷ്ഠ, നിത്യനിദാനപൂജകൾ, ഉത്സവാദി അടിയന്തിരങ്ങൾ എന്നിവ സുനിശ്ചിത കർമ്മപദ്ധതിയിലുൾപ്പെട്ടതാകുന്നു. അതായതു് ധർമ്മപരമായ നിത്യ–നൈമിത്തികാദി കർമ്മങ്ങളും, യജ്ഞദാനവ്രതങ്ങളും കർമ്മംതന്നെയാണു്. മറ്റുവക വൃത്തികൾ—ഭക്ഷണം, നിദ്ര, വസ്ത്രം, വീടു്, ഉല്പാദനം, തൊഴിൽ, ഉദ്യോഗം മുതലായവ—വ്യവഹാരമാണു്. ഈ രണ്ടു വിധ വൃത്തികളും പ്രായേണ ലൗകിക സുഖസൗകര്യ കേന്ദ്രീകൃതങ്ങ

---

* 1960—ൽ പ്രസിദ്ധപ്പെടുത്തിയ ചെറു ലേഖ.

ളാണെന്നു കാണാം. വേദഭാഷയിൽ വ്യവഹാരമെന്നും കർമ്മമെന്നും നിർവചിക്കുന്ന വൃത്തികൾ 'സ്വാർത്ഥ'മാണല്ലോ. ഇവ 'പരാർത്ഥ'മായി ആദ്ധ്യാത്മികലക്ഷ്യത്തോടുകൂടിയാവുമ്പോഴാണ് കർമ്മയോഗമാവുക. ഭക്തിജ്ഞാനയോഗങ്ങൾ ചേർന്നതാണ് കർമ്മയോഗവും. ജീവിതസാധനയിലെ ഭാവഭേദമനുസരിച്ച് യോഗസംജ്ഞകൾ വ്യവഹരിക്കപ്പെടുന്നു. ലക്ഷ്യം ഒന്നുതന്നെ—പരമമായ പുരുഷാർത്ഥപ്രാപ്തി. സ്വധർമ്മാനുസൃതമായ പ്രവൃത്തികൾ 'സ്വാർത്ഥ'ത്തിൽ നിന്നു 'പരാർത്ഥ'ത്തിലേക്കും 'പരാർത്ഥ'ത്തിൽനിന്നു 'പാരമാർത്ഥിക'ത്വത്തിലേക്കും വികസിക്കുമ്പോഴാണ് ജന്മസാഫല്യമുണ്ടാവുക. മനുഷ്യജന്മത്തിന്റെ ഈ ഉത്തമസാഫല്യത്തിന്നു പ്രചോദകമാംവിധം സംസ്ഥാപിതമായതാണ് ക്ഷേത്രവും ആരാധനാസമ്പ്രദായങ്ങളും.

കുളിച്ച് കുറിയിട്ടു് തൊഴുതു— കാപ്പികഴിച്ചുവെന്നാൽ സുഖമായി. പക്ഷെ ഇത്രത്തോളംകൊണ്ടു് വ്യവഹാരം അഥവാ കർമ്മമേ ആവുന്നുള്ളു, കർമ്മയോഗമാകുന്നില്ല. കർമ്മയോഗിയ്ക്കു് ഭക്തിയും ജ്ഞാനവും സ്വാഭാവികമായും ഉണ്ടായിരിക്കുകയും ത്രികരണങ്ങളിലൂടെ അവ പ്രകാശിച്ചുകൊണ്ടിരിക്കുകയും ചെയ്യും. അതാണ് ക്ഷേത്രാരാധനയുടെ പുരോഗതി ലക്ഷണം. ഈ ധർമ്മലക്ഷണങ്ങളുടെ അഭാവത്തിൽ ക്ഷേത്രകൈങ്കര്യങ്ങൾ കേവലം ജഡവൃത്തിയായി കലാശിക്കുന്നു. പരിണാമമോ ധാർമ്മികാധഃപ്പതനവും! ധനാർത്തി, അഹന്ത, വ്യർത്ഥതാബോധം, അതൃപ്തി, അസുഖം, അസമാധാനം എന്നിവകളുടെ പരസ്പരമത്സരം തന്നെ.

ഇക്കാലത്തു് ക്ഷേത്രസ്വത്തുക്കൾ വിനിയോഗിക്കുവാൻപോലും അറിവില്ലാതെ വികൃതമാക്കിക്കൊണ്ടിരിക്കവേ, ദേവപ്രതിമകൾ പോലും മോഷ്ടിച്ച് വ്യാകുലതകൾ പെരുപ്പിക്കുന്നു. അടുത്തന്വേഷിച്ചുനോക്കുക, ക്ഷേത്രസ്വത്തുക്കൾ ചുരണ്ടിയെടുത്തു സമ്പാദിച്ചവരുടെ ജീവിതം പടുംതിരി കത്തിയണയുന്ന ദീപത്തെപ്പോലെയാണ്. ക്ഷേത്രധനം ക്ഷേത്രോദ്ദേശലക്ഷ്യങ്ങൾക്കു വിപരീതമായി അപഹരിച്ച് മുതൽക്കൂട്ടിയവരുടെ കുടുംബവും സ്ഥാപനവും വാതനീതുകൊണ്ടു് പൂണ്ണിച്ച ജഡത്തെപ്പോലെ പരിണമിച്ച് നശിക്കുന്നതായിക്കാണാം. ക്ഷേത്രധനാപഹരണവും വിഗ്രഹമോഷണവും

വിപുലവും വ്യാപകവുമാക്കിയിരിക്കുന്ന ഈ അടുത്ത കാലത്തു് ആ കററവാളികളിൽ ചിലരെ അടുത്തുചെന്നന്വേഷിച്ചതിൽ അവരുടെ ജീവിതം വേറെ കാരണം കണ്ടെത്താൻ കഴിയാത്തവിധം പരമ ദയനീയമാംവിധം നീറിപ്പുകയുന്നതു കണ്ടു. ഈയിടെ കണ്ട പത്രവാർത്തകളിൽ ഒന്നിതാ:—

ബാംഗളൂരിൽനിന്നുള്ള വാർത്തയാണിതു്. 'ഒരു ലക്ഷത്തോളം രൂപ വില പിടിപ്പുള്ളതും 800 വർഷത്തോളം പഴക്കമുള്ളതുമായ പഞ്ചലോഹ പ്രതിമകരം അഞ്ചുവർഷം മുമ്പാണു് ഹിമവാദിലെ ശ്രീഗോപാലസ്വാമി ക്ഷേത്രത്തിൽനിന്നു മോഷണംപോയതു്. എന്നാൽ ഇക്കാലമത്രയും അവ കൈകാര്യം ചെയ്യവർക്കു നാശനഷ്ടങ്ങരം ഉണ്ടാക്കിക്കൊണ്ടു് പോലിസിൻെറ സൂക്ഷിപ്പിൽ വന്നെത്തിയിരിക്കുന്നു. വിഷ്ണു, ഭൂദേവി, ശ്രീദേവി, ശ്രീകൃഷ്ണൻ എന്നീ ദേവ പ്രതിമകരം മോഷ്ടിച്ചതു് ചാമരാജനഗറിലെ ഒരദ്ധ്യാപകനാണു്. മോഷണത്തെ തുടർന്നു് അദ്ധ്യാപകൻെറ ജോലി നഷ്ടപ്പെട്ടു. വീടും കുടുംബസ്വത്തുക്കളും നശിച്ചു. 78000 രൂപയ്ക്കു അദ്ധ്യാപകൻ ഈ പ്രതിമകരം ഒരു വ്യാപാരിക്കുവിററു. പ്രതിമ വാങ്ങിയ വ്യാപാരി പെട്ടെന്നു മരണമടഞ്ഞു. അയാളുടെ മകൻ ഒരപകടത്തിൽ പെടുകയുംചെയ്തു. കൂടുതൽ അപകടങ്ങരം ഉണ്ടാവുമെന്നു ഭയന്നു് മകൻ ആ പ്രതിമകരം ഒരു ബന്ധുവിൻെറ കടയിലേയ്ക്കു മാററി. എന്നാൽ പ്രതിമകരം വന്നു ഒരു മാസത്തിനുള്ളിൽ രണ്ടുലക്ഷം രൂപാ ആ ബന്ധുവിനു നഷ്ടമായി. ബന്ധു വ്യപാരിയുടെ മകനോടു് പ്രതിമകരം അവിടെ നിന്നും മാററാനാവശ്യപ്പെട്ടു, വ്യാപാരിയുടെ മകൻ ആ പ്രതിമകളുമായി മോട്ടാർ സൈക്കിളിൽ പോകുമ്പോരം വീണ്ടും അപകടം പിണഞ്ഞു. അപകട രംഗത്തിൽവന്ന പോലീസിൻെറ കണ്ണിൽപെട്ട വിഗ്രഹങ്ങരം ഇപ്പോരം പോലീസ് സൂക്ഷിപ്പിലാണിരിക്കുന്നതു്!

പ്രതീകമോ പ്രതിമയോ മുഖേന ഈശ്വരാരാധന നടത്താത്ത ഒരു കാലവും ഉണ്ടായിട്ടില്ല. ശാസ്ത്രോക്തമായി, ഈശ്വരാർപ്പണ ഭാവത്തിൽ വിഗ്രഹാരാധനയും കർമ്മങ്ങളും അനുഷ്ഠിച്ചിരുന്ന കാലഘട്ടങ്ങളിലെല്ലാം ജനങ്ങളുടെ ശ്രദ്ധ ഭക്തി, ജ്ഞാനം, ദാനധർമ്മാദികരം, സുഭിക്ഷത, കാലവർഷം, സുഖവും സംതൃപ്തിയും ആയുരാ

രോഗ്യങ്ങൾ, സമാധാനം, സാഹോദര്യം, സഹവർത്തിത്വം, സുരക്ഷിതത്വം തുടങ്ങിയ ഗുണങ്ങൾ വർദ്ധിച്ചുകൊണ്ടിരുന്നു. ക്ഷേത്രകാര്യങ്ങൾ വ്യവഹാരനിലയിലേക്കു താഴ്ന്നപ്പോൾ ശ്രദ്ധ, ഭക്തി, ജ്ഞാനം എന്നിവ അഭിനയിച്ച് സ്വാർത്ഥം നേടുന്ന ക്രിയാകലാപങ്ങൾ വർദ്ധിച്ചു. കൃത്രിമങ്ങളുടെ വേലിയേററമനുസരിച്ച് കാലവർഷം തെററി. പല സ്ഥലങ്ങളിലും ജലക്ഷാമത്തിന്റെ ക്രൗര്യം അസഹനീയമാണ് ഉപദ്രവംചെയ്യുന്ന അതിവൃഷ്ടിയും അകാലവൃഷ്ടിയും ഉണ്ടാതാനും. ഇതുപോലെ സ്വഭാവത്തിലും സ്വധർമ്മത്തിലും വികൃതിയും വികലവും അധികരിക്കുന്നതനുസരിച്ച് എല്ലാ രംഗങ്ങളിലും ആധിഭൗതികം ആദ്ധ്യാത്മികം, ആധിദൈവികം, എന്നീ ത്രിവിധതാപങ്ങളും വ്യാപരിച്ചു.

ഈ ഗുണദോഷങ്ങളെക്കുറിച്ച് വേദങ്ങളിൽ നൽകുന്ന മുൻസൂചനപ്രകാരം പുരാണേതിഹാസങ്ങളിൽ പ്രസ്പഷ്ടമായി പ്രവചിച്ചിട്ടുണ്ട്. ഈ ദുസ്ഥിതിയിൽ ദേവസ്ഥാനങ്ങളിൽ എന്തു നടക്കുമെന്നു സാമവേദം ഷഡ്വിംശ ബ്രാഹ്മണം, പ്രപാഠകം 5–ൽ ഖണ്ഡം 10–ൽ പ്രവചിച്ചിരിക്കുന്നതു നോക്കുക:—

> ദേവതായതനാനി കമ്പന്തേ, ദൈവതാഃ
> പ്രതിമാഹസന്തി, രുദന്തി, ഗായന്തി, നൃത്യന്തി
> സ്ഫുടന്തി, സ്വിദ്യന്ത്യുന്മിലന്തി, നിമീലന്തി,
> പ്രതിമാഃ പ്രയാന്തി, നദ്യഃ കബന്ധമാദൃശ്യന്തേ
> വിജലേവ ച പര ദൃശ്യന്തേ.

സാരം:—ദേവാലയങ്ങൾ നടുങ്ങുന്നു; പ്രതിമകൾ ഹസിക്കുന്നു, കരയുന്നു, പാടുന്നു, നൃത്തം ചെയ്യുന്നു, വായ് തുറക്കുന്നു, വിയക്കുന്നു, കണ്ണുകൾ തുറക്കുന്നു, മൂടുന്നു, നടക്കുന്നു, നദികളിൽ തലയില്ലാത്ത ജഡങ്ങൾ കാണപ്പെടുന്നു, നദിയിൽ ജലം ഉണ്ടായാലും ഇല്ലാത്തതായി കാണപ്പെടുന്നു!

ഉള്ളം തെളിഞ്ഞ ജ്ഞാനികൾ എല്ലാററിലും ഈശ്വരചൈതന്യം ദർശിക്കുന്നതിനാൽ വിഗ്രഹാരാധനയും യജ്ഞാദികർമ്മങ്ങളും വിധിക്കുകയോ നിഷേധിക്കുകയോ ചെയ്യുകയില്ല. ലോകമേനശ്വരമെന്നു അനുഭവപ്പെട്ടവക്കു എന്തു വിധിനിഷേധങ്ങളാണുണ്ടാവുക.

എങ്കിലും ജനങ്ങളിൽ കാരുണ്യവശരായി ക്ഷേത്രാരാധന വഴിയാംവണ്ണം ചെയ്യേണ്ടതിൻെറ ആവശ്യകതയെപ്പററി അവർ ഉദ്ബോധിപ്പിക്കും. ശ്രദ്ധയുള്ളവർ മാത്രമേ അതു കേശക്കാനും അനുസരിക്കുവാനും പററൂ. നൂലിനെ നെയ്ത്തു വസ്ത്രമാക്കിയശേഷം നൂൽ എന്നു പറയാറില്ല. അതുപോലെ 'കല്ല്' പൂജാവിഗ്രഹമായ ശേഷം അതിനെ 'കല്ല്' എന്നു് പറയാവുന്നതല്ല. പുസ്തകത്തിലെ രേഖകളും പഠിച്ചവനു അതെന്തെന്നറിയാം, പഠിക്കാത്തവനു് കുറേ വരകളായി കാണപ്പെടും. അതുപോലെ ഭക്തിയുള്ളവനു് ക്ഷേത്രത്തെപ്പററി അറിയാം. അറിയാതെ അറിയാമെന്ന അഭിനയത്തിൽചെയ്യുന്ന അപചാരങ്ങളും അപരാധങ്ങളും ക്രമേണദുരിതങ്ങശക്കുകാരണമായിത്തീരും. ത്രിവിധകരണങ്ങളാലും ചെയ്യുന്ന കർമ്മങ്ങളുടെ ഉദ്ദേശശുദ്ധിയും ലക്ഷ്യബോധവുമനുസരിച്ച് "ഗുരുകൃപയും ഈശ്വരാനുഗ്രഹവും" മാർഗ്ഗദർശനമായി സിദ്ധിക്കുകയും മംഗളകരമായിട്ടവ പരിണമിക്കുകയും ചെയ്യുന്നു. അതാണു "സ്വല്പമപ്യസ്യ ധർമ്മസ്യത്രായതേ മഹതോ ഭയാത്" എന്നു് ഭഗവാൻ അരുശചെയ്യുന്നതിൻെറ താല്പര്യം.

പൊതുവെ ക്ഷേത്രസംബന്ധമായ ശാസ്ത്രങ്ങശ, സ്ഥലപുരാണങ്ങശ, ചരിത്രസംഭവങ്ങശ, ജീവിതാനുഭവങ്ങശ എന്നിവയുടെ വെളിച്ചത്തിൽ ശ്രദ്ധേയമായ ചില വസ്തുതകളുണ്ട്. വ്യക്തി, കുടുംബം, സമുദായം, രാജ്യം എന്നീ നിലകളിൽ ഭദ്രതയും ക്ഷേമവും കാംക്ഷിക്കുന്നവർ ഏവരും ശ്രദ്ധിക്കേണ്ടതായ ഈ ബാദ്ധ്യതകളുടെ ചുരുക്കം ഇപ്രകാരമാണു്:—

1 ക്ഷേത്രപൂജാരികശ തത്സംബന്ധമായ അദ്ധ്യയനത്തിലും അനുഷ്ഠാനത്തിലും സദാചാരത്തിലും തല്പരരായിരിക്കുക, തൻെറ പൂർവ്വജന്മസുകൃതംകൊണ്ടു് കരഗതമായ ഈ പവിത്രതൊഴിൽ എല്ലായ്പോഴും ഈശ്വരാർപ്പണഭാവത്തിൽ ചെയ്യാൻ ശീലിക്കുക, തൻെറ ധർമ്മനിഷ്ഠ ഭക്തിഭാവം സൗമ്യാചരണം എന്നീ സൽഗുണങ്ങളാൽ നാസ്തികന്മാരെപ്പോലും ക്ഷേത്രത്തിലേക്കു് ആകർഷിക്കുവാൻ പ്രേരിപ്പിക്കുക, വിഗ്രഹാരാധനയുടെ നിഷ്കൃഷ്ടമായ ജ്ഞാനവും പൂജാസംവിധാനങ്ങളിലെ ഏകാഗ്രതയുംകൊണ്ടു് ക്ഷേത്രത്തിലെ ദൈവീചൈതന്യസാന്നിദ്ധ്യം പുലർത്തുകയും വികസിപ്പിക്കുകയും ചെയ്യുക.

2. തന്റെ അല്ലെങ്കിൽ തങ്ങളുടെ ജീവിതസൗകര്യങ്ങളെക്കാൾ, സുഖക്ഷേമങ്ങളെക്കാൾ പതിന്മടങ്ങ്, ഐശ്വര്യവത്തായി ക്ഷേത്രങ്ങളെ കാണാൻ അത്യാകാംക്ഷ ഉള്ളവരായിരിക്കണം ക്ഷേത്രഭരണാധികാരികൾ. അവർ ക്ഷേത്രജ്ഞനായ ഈശ്വരന്റെ ഹിതം നോക്കി ഭരണം നടത്താൻ സന്മനസ്സും വിവേകവും ഉള്ളവരായിരിക്കണം. യഥാകാലം ക്ഷേത്രത്തിലെ അററകുററപ്പണികൾ തീർക്കുക, ക്ഷേത്രവും ക്ഷേത്രത്തോടനുബന്ധിച്ച സ്ഥാനങ്ങളും കുളവും മററും എപ്പോഴും വൃത്തിയും വെടിപ്പുമുള്ളതായിരിക്കുവാൻ ശ്രദ്ധിക്കുക. നിത്യനിദാന പൂജകൾ ശാസ്ത്രോക്തമായി നടത്തിക്കുക, ധർമ്മപോഷണത്തിനും, സാംസ്ക്കാരിക വികാസത്തിനും, ആദ്ധ്യാത്മികജ്ഞാനത്തിനും, സമുദായൈക്യത്തിനും ഉതകുന്നവിധം ഉത്സവാദി അടിയന്തിരങ്ങൾ ആസൂത്രണം ചെയ്യുക, ഉത്തമ പൂജാരികളെ നിയമിച്ച് അവരുടെ സുഭിക്ഷ ജീവിതത്തിനു വേണ്ടുന്ന എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കുക, കൃത്യനിഷ്ഠയിലും ക്ഷേത്രവിശ്വാസത്തിലും വ്യാപൃതരായ ക്ഷേത്രജീവനക്കാരുടെ ധാർമ്മികഭാവവും കർമ്മശേഷിയും വളർത്താൻ തക്കവിധം താങ്ങും തണലുമേകി പ്രോത്സാഹിപ്പിക്കുക, അവർക്ക് കോളനി രീതിയിൽ വസിക്കുവാനും തൃപ്തികരമായി ജീവിക്കുവാനും ഒരു ധാർമ്മികസ്ഥാപനമായി വളരാനും മാതൃകാപരമായി സൗകര്യമേർപ്പെടുത്താനും ഒന്നാംകിട ദേവസ്വങ്ങൾക്കെങ്കിലും സാധിക്കണം. ക്ഷേത്രസ്വത്തുക്കളും ധനവും ക്ഷേത്രസംബന്ധമായ കാര്യങ്ങൾക്കും ധർമ്മപ്രചരണത്തിനും ഹൈന്ദവൈക്യത്തിനും ഉതവുന്ന കാര്യങ്ങൾക്കുമാത്രം വിനിയോഗിക്കുക, ക്ഷേത്രങ്ങളിൽ കാഴ്ചബംഗ്ലാവിന്റെയോ നാടകരംഗത്തിന്റെയോ പ്രതീതി ഉളവാക്കാതിരിക്കുക, ക്ഷേത്രാരാധനക്കു വരുന്നവർക്ക് സമഭാവേന സൗകര്യങ്ങൾ ചെയ്തുകൊടുക്കുക, ധർമ്മാചാര്യന്മാരെയും സന്ന്യാസിമാരെയുമല്ലാതെ, പണവും പദവിയും നോക്കി മന്ത്രിമാരേയും മററും ക്ഷേത്രബഹുമതികളോടെ എതിരേല്ക്കുന്ന സമ്പ്രദായം ക്ഷേത്രങ്ങൾക്കു യോജിച്ചതല്ല.

3 ഓരോ ക്ഷേത്രവും ആ ക്ഷേത്രപരിധിയിൽ വസിക്കുന്നവരുടെയെങ്കിലും പൊതു ആരാധനകേന്ദ്രമാണെന്നു കരുതണം. ആഴ്ചയിലൊരിക്കലെങ്കിലും ചുററുമുള്ളവർ ക്ഷേത്രസങ്കേതത്തിൽ സത്സംഗരീതിയിൽ സമ്മേളിക്കണം. ക്ഷേത്രത്തിനകത്തു ത്രികരണശുദ്ധിയോടെ ചെന്ന് തിരുസന്നിധിയിൽ യഥാശക്തി കാണി

ക്കയെങ്കിലും അർപ്പിച്ചുകൊണ്ടുവേണം തൊഴുകയോ ഭജിക്കുകയോ ചെയ്യേണ്ടതു്. ക്ഷേത്രമര്യാദകളനുസരിച്ചു് പെരുമാറുകയും ഭജിക്കുകയുമല്ലാതെ ഇതര ചർച്ചകഠംക്കും കർമ്മങ്ങഠംക്കും ക്ഷേത്രത്തിനകം ഉപയോഗപ്പെടുത്തരുതു്. ക്ഷേത്രാരാധകരും സന്ദർശകരുംകൂടി സഹകരിച്ചു് ക്ഷേത്രവും ക്ഷേത്രപരിസരങ്ങളും എല്ലായ്പ്പോഴും പവിത്രമായി നിലനിർത്താൻ ശ്രദ്ധിക്കണം. ക്ഷേത്രോത്സവങ്ങളിൽ കാതലായ അംശങ്ങഠം ഒഴിവാക്കരുതു്. ആഠംക്കൂട്ടമുണ്ടാവാനും പണവരുമാനത്തിനുംവേണ്ടി മൂന്നാംകിട നാടകങ്ങളും കലാപരിപാടികളും രാജനൈതിക പ്രചരണങ്ങളും നടത്തുന്നതു് ക്ഷേത്രധർമ്മത്തിനു യോജിച്ചതല്ല; കാലധർമ്മമനുസരിച്ചു് പാപമാണതു്.

വർണ്ണാശ്രമധർമ്മം യഥാക്രമം ആചരിച്ചുകൊണ്ടിരുന്ന ഘട്ടങ്ങളിൽ മതപരവും, സാമൂഹികവും, സാംസ്കാരികവും സാമ്പത്തികവും, രാഷ്ട്രീയവുമായ എല്ലാകാര്യങ്ങളും ക്ഷേത്രസന്നിധിയിൽ കൂട്ടം ചേന്നു് ചർച്ചചെയ്തു പ്രവർത്തിച്ചിരുന്നു. വേണ്ടതു വേണ്ടവിധം നയിക്കുന്നതിനും അറിയുന്നതിനും ആചരിക്കുന്നതിനും സാധിക്കുകയും വേറൊരുപാധിയില്ലാതിരിക്കുകയുമായിരുന്ന കാലഘട്ടങ്ങളിൽ അതുശരി. ഓരോന്നിനും വെവ്വേറെ സ്ഥാപനങ്ങളും ഉപാധികളും ഉണ്ടാവുകയും ചൂഷണസമ്പ്രദായം തല നിവർത്തിനിൽക്കുകയും ചെയ്യുന്ന ഇക്കാലത്തു് ക്ഷേത്രം തദനുസരണമായ കാര്യങ്ങഠംക്കേ വിനിയോഗിക്കാവൂവെന്നതു് ഒരു സാമാന്യ മര്യാദ മാത്രമാണു്. പൂജാരികഠംക്കും തന്ത്രിമാക്കും പരിശീലനം നൽകുന്ന വിദ്യാലയങ്ങഠം, മതപാഠശാലകഠം, ധർമ്മപ്രചാരകേന്ദ്രങ്ങഠം, തീർത്ഥാടകസത്രങ്ങഠം എന്നിങ്ങനെ ഓരോ കരയിലും പ്രധാനക്ഷേത്രത്തോടനുബന്ധിച്ചു് പ്രവർത്തിക്കേണ്ടതായിട്ടുണ്ടു്. ക്ഷേത്രസ്വത്തുക്കളും ധനവും നിത്യനിദാനകർമ്മങ്ങഠംക്ക വിനിയോഗിച്ചു കഴിഞ്ഞാൽ പിന്നെ പ്രഥമവും പ്രധാനവുമായി ഉപയോഗപ്പെടുത്തേണ്ടതു് ഇത്തരം സ്ഥാപനങ്ങഠംക്കാകുന്നു. തുടന്നു ആലംബമില്ലാത്ത കുട്ടികഠംക്കും സ്ത്രീകഠംക്കുംവേണ്ടി—അവക്ക അറിവും തൊഴിലും നൽകുന്ന സ്ഥാപനങ്ങഠം ഉണ്ടാവണം. ഇതിനെല്ലാം സമാന്തരമായി സമർപ്പണഭാവവും ധർമ്മനിഷ്ഠയും സംസ്ക്കാരചിത്തവും ഉള്ള പ്രവർത്തകരെ വാർത്തെടുക്കുന്നതിനുള്ള പ്രസ്ഥാനവും പ്രവർത്തിച്ചുകൊണ്ടിരിക്കണം. ഇങ്ങിനെ ദേവസ്വം വരുമാനവും സ്വത്തും കൊണ്ടു് നിർവ്വഹിക്കേണ്ട അത്യാ

വശ്യപദ്ധതികൾ പലതുമുണ്ടായിരിക്കെ നൈമിഷികമായ ആർഭാടങ്ങൾക്കും സർക്കാർപ്രീണനത്തിനും വഴങ്ങി വഴിതെററിപ്പോവുന്നതു് ധാർമ്മികാധഃപ്പതനത്തെ കുറിക്കുന്നു.

ക്ഷേത്രമഹാത്മ്യവും ധാർമ്മികപ്രവർത്തനങ്ങളും രാജനൈതിക കക്ഷികളുടേയും സർക്കാരിൻെറയും ഭരണ റിപ്പോർട്ടുകളെപ്പോലെ വിളംബരമല്ല, എന്നാൽ വ്യക്തിജീവിതത്തിലും സാമൂഹികജീവിതത്തിലും സ്ഥായിയായ ക്ഷേമവും സമാധാനവും ഉളവാക്കുന്നതായിരിക്കും. ധാർമ്മികവും ദൈവീകവുമായ ആന്തരികശക്തിപൂർവ്വം സുനിശ്ചിതമായ ലക്ഷ്യബോധത്തോടും ഈശ്വരാർപ്പണഭാവത്തോടും കൂടി പ്രവർത്തിക്കുന്നതു് ഏവക്കും ഹൃദ്യവും ആശ്വാസപ്രദവുമായിരിക്കും, ക്രമേണ 'സ്വാർത്ഥം' പരാർത്ഥവൃത്തികളിലേക്കു ലയിച്ചുകൊണ്ടു് സ്വാഭാവികമായും പാരമാർത്ഥിക നിലയിലേക്കുയർത്തുന്ന ജീവിതലക്ഷ്യപ്രധാനമായ കർമ്മപദ്ധതിയാണു് ക്ഷേത്രവും ആരാധനാസംവിധാനവും കൊണ്ടുദ്ദേശിക്കുന്നതു്. *

# 24 ക്ഷേത്രോൽസവങ്ങളും ഹിന്ദുക്കളും

ആണ്ടോടാണ്ടു് ക്ഷേത്രോത്സവങ്ങൾ പൂർവ്വാധികം ഭംഗിയായി നടത്തപ്പെടുന്നുണ്ടെങ്കിലും ഹിന്ദുജനതയുടെ മതബോധവും സംഘടനാശക്തിയും പൂർവ്വാധികം അഭിവൃദ്ധിപ്പെടുന്നുണ്ടോ? ദേവസ്വം ബോർഡധീനതയിലുള്ള ക്ഷേത്രങ്ങളിലെ ഉത്സവങ്ങൾ പതിവു പരിപാടികൾക്കു് അച്ചാരം കൊടുത്തു് നടത്തുന്നുണ്ടു്. പൊതുരംഗത്തിറങ്ങി പ്രവർത്തിക്കാൻ ഉത്സാഹമുള്ള പുതിയ തലമുറകളുടെ മതബോധത്തിൻെറ മാനദണ്ഡമനുസരിച്ചു് ഉരാണ്മക്ഷേത്രോത്സവങ്ങളും "പൊടിപൊടിച്ചു്" നടക്കുന്നുണ്ടു്, ഒരിടത്തു് പാട്ടുകച്ചേരികളും, കഥകളി, ഹരികഥാകാലക്ഷേപം മുതലായ കലാപ്രകടനങ്ങളും

* 20—4—1975 'കേസരി'യിൽ പ്രസിദ്ധപ്പെടുത്തിയതു്.

കരിമരുന്നുപ്രയോഗങ്ങളും ഉണ്ടെങ്കിൽ വേറൊരിടത്തു് മാപ്പിളപ്പാട്ടുകളും, കഥാപ്രസംഗം, പ്രഹസനങ്ങൾ, കമ്പക്കെട്ടുകൾ എല്ലാം ''ബലേഭേഷോ''യി നടക്കുന്നുണ്ടു്. ഉത്സവങ്ങളിലെല്ലാംതന്നെ പ്രായേണകച്ചവടങ്ങളും ജനത്തിരക്കുകളും കൂടിയിരിക്കുന്നുമുണ്ടു്. എന്നിട്ടും ഹിന്ദുക്കൾ ഹിന്ദുക്കളല്ലാതെ, മതാഭിമാനമോ സംഘടനാബോധമോ ഇല്ലാതെ കഴിയുന്നതെന്തുകൊണ്ടാണു്?

## പരിവർത്തനം വേണം

കണ്ടും കേട്ടും രസിച്ചുകൊണ്ടിരിക്കാൻ മാത്രമുള്ളതാണോ ക്ഷേത്രോത്സവങ്ങൾ? രസാനുഭൂതികൾക്കൊപ്പം ധാർമ്മികജീവിതത്തിനുള്ള പ്രചോദനമേകാൻകൂടി ഇന്നത്തെ ക്ഷേത്രോത്സവങ്ങൾക്കു് കഴിയുന്നില്ലെങ്കിൽ, അവിടെയും സജീവമായ ഒരു പരിവർത്തനം ആവശ്യമായിത്തീരുന്നില്ലേ? കാലാനുയോജ്യവും, ഹൈന്ദവനവോത്ഥാനത്തിനുതകുന്നതുമായ, ശാസ്ത്രീയവും സജീവവുമായ പരിവർത്തനങ്ങൾ ഉണ്ടാവണം. ക്ഷേത്രങ്ങൾക്കകത്തു് നടത്തപ്പെടുന്ന ആരാധനാക്രമങ്ങൾക്കല്ല; പുറമേ നടത്തപ്പെടുന്ന ഉത്സവപരിപാടികൾക്കാണു് പരിവർത്തനം ആവശ്യമായിത്തീർന്നിരിക്കുന്നതു്.

ഒരിക്കലും മാറാത്തതും മായാത്തതുമായ ''സനാതനധർമ്മ''ത്തെ അവലംബിച്ചു നില്ക്കുന്ന കുലധർമ്മം, സമൂഹധർമ്മം, കാലധർമ്മം എന്നിത്യാദി ധർമ്മങ്ങളുടെ കാലാനുയോജ്യമായ പരിവർത്തനവും വളർച്ചയുമാണു് മാനവസമുദായത്തിന്റെ പുരോഗതിക്കു് നിദാനം. ആ വക ധർമ്മങ്ങളിൽപ്പെട്ടതാണു് ക്ഷേത്രോത്സവങ്ങളും. ആയതു ഹിന്ദുക്കളെ പരസ്പരം അടുപ്പിക്കുന്നതിനും ധർമ്മനിഷ്ഠരായി ജീവിക്കുന്നതിനും പ്രേരണനൽകുന്ന വിധത്തിലല്ലെങ്കിൽ ഉദ്ദേശഫലസിദ്ധിയുണ്ടാകുന്നതെങ്ങനെ?

## ഹിന്ദുസംഘടനാ വാരം

അതതു് ക്ഷേത്രവ്യാപ്തിക്കകത്തു വസിക്കുന്ന ഹിന്ദുക്കൾക്കെങ്കിലും ഒരു ഹിന്ദുസംഘടനാവാരമാഘോഷിക്കുന്നതിന്റെ പ്രതീതികൂടി ജനിക്കത്തക്കവിധം ക്ഷേത്രോത്സവങ്ങൾ ആഘോഷിക്കേണ്ടതാണു്. ഇന്നത്തെ മതപ്രസംഗപദ്ധതിയെപ്പററി ഇവിടെ അവ

ഗണിക്കുന്നില്ല. എന്നാൽ അപൂർവം ചില ക്ഷേത്രങ്ങളിൽ മാത്രമേ മതപ്രസംഗങ്ങളും പ്രയോജനപ്രദമായി നടത്തപ്പെടുന്നുള്ളൂ. പല ഉത്സവങ്ങളിലുമിന്ന് മതപ്രസംഗവും ഒരു ചടങ്ങു മാത്രമായി പരിണമിച്ചിട്ടുണ്ട്. കക്ഷി–രാഷ്ട്രീയ ഉത്സവക്കമ്മിററി അംഗങ്ങളുടെ സ്വാധീനതയിൽപ്പെട്ട് പല ഉത്സവ മത–കഥാപ്രസംഗങ്ങളും ഉദ്ദേശലക്ഷ്യങ്ങളിൽനിന്നും വ്യതിചലിച്ചുപോകുന്നുണ്ട്.

വ്യാപാരങ്ങളും ജനത്തിരക്കും എത്രത്തോളം വർദ്ധിച്ചിരുന്നു വെന്നതല്ല, ഉത്സവത്തിനുശേഷം സ്ഥലവാസികളായ ഹിന്ദുക്കളുടെ ധാർമ്മികമായ ഉണർവും സംഘടനാബോധവും എത്രത്തോളം ഉയർന്നിട്ടുണ്ടെന്നുള്ളതായിരിക്കണം ഓരോ ക്ഷേത്രോത്സവ വിജയത്തിന്റെയും മാനദണ്ഡം. നാട്ടിൽ പലതരത്തിലുള്ള ഉത്സവങ്ങളും, ആഘോഷങ്ങളും, വാർഷികകൊണ്ടാട്ടങ്ങളും, നാൾക്കുനാൾ അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്ന ഇക്കാലത്ത്, ധർമ്മനിഷ്ഠയ്ക്കും ഹിന്ദുസംഘടനയ്ക്കും ആദ്യന്തം ഉത്തേജനം നൽകുന്ന ക്ഷേത്രോത്സവ പരിപാടികളാവിഷ്ക്കരിച്ച് നടപ്പിലാക്കുകയാണാവശ്യം. ഇതിനു് ഈശ്വരഭക്തരായ ഹിന്ദുക്കളുടെ മതാഭിമാനമനോഭാവം കൂടുതൽ സജീവവും ശക്തിയുക്തവുമായിത്തീരണം.

## കലാപരിപാടികൾ

ക്ഷേത്രോത്സവങ്ങളിലെ മതസമ്മേളനങ്ങൾ കൂടുതൽ ആകർഷണീയവും പ്രയോജനപ്രദവുമാക്കാൻ ശ്രദ്ധചെലുത്തുന്നതോടൊപ്പം, സ്ഥലവാസികളായ ആബാലവൃദ്ധം ഹിന്ദുക്കൾക്കും പങ്കെടുത്ത് ആനന്ദിക്കാനും അറിവുനേടാനുമുള്ള കലാപരിപാടികളും ആവിഷ്ക്കരിക്കണം. ഹിന്ദുവിദ്യാർത്ഥികളെക്കൊണ്ട് മതപരമായ കലാമത്സരങ്ങൾ നടത്തിച്ച് വിജയികളാകുന്നവർക്ക് നല്ല മതഗ്രന്ഥങ്ങളും ചിത്രങ്ങളും പാരിതോഷികങ്ങളായി നൽകുക. മോഹമുദ്ഗരം, ഹരിനാമകീർത്തനം, എഴുത്തച്ഛൻ, പൂന്താനാദി കൃതികൾ, ഗീത ഇവകളിൽ നിന്നും തെരഞ്ഞെടുത്ത ചിലഭാഗങ്ങൾ പഠിച്ചുവരുന്നതിനും ശ്രുതിമധുരമായി അവ പാടിക്കേൾപ്പിക്കുന്നതിനും ബാലികാബാലന്മാരെ പ്രോത്സാഹിപ്പിക്കുക, ഹിന്ദുമത സാഹിത്യങ്ങളിൽ വേണ്ടുവോളമുള്ള ആദർശചരിതങ്ങൾ നാടക

ങ്ങളാക്കി പഠിച്ച് അഭിനയിക്കുന്നതിനു് ഹിന്ദുയുവാക്കന്മാരെ പ്രേരിപ്പിക്കുക, ഹിന്ദുമത തത്വങ്ങൾ കലാപരമായി ആവിഷ്ക്കരിച്ച് കഥാപ്രസംഗം ചെയ്യുന്നതിനുവേണ്ട ഏർപ്പാടുകൾ ചെയ്യുക, എന്നിങ്ങനെ ധർമ്മപ്രചരണത്തിനും ഹിന്ദുസംഘടനയ്ക്കും ഉത്തേജനം നൽകുവാൻ തക്കവിധം എന്തെല്ലാമാണ് ക്ഷേത്രോത്സവങ്ങളിൽ മുഖ്യത്വംകൊടുത്തു് നടത്താവുന്നതു്. ഇതിനെല്ലാം ഒരുക്കമുള്ളവർക്ക് സർവവിധത്തിലും പ്രോത്സാഹനവും പിന്തുണയും നൽകാനുള്ള സന്മനസ്സ് ക്ഷേത്രഭാരവാഹികൾക്കുണ്ടാകുമെങ്കിൽ മതരംഗത്തിറങ്ങി പ്രവർത്തിക്കുവാൻ സന്നദ്ധതയുള്ള ചെറുപ്പക്കാരെയും കാണാൻ കഴിയുന്നതാണ്

ക്ഷേത്രോപജീവികളായ പ്രസിദ്ധ കലാകാരന്മാരെ യാതൊരുവിധത്തിലും നിരുത്സാഹപ്പെടുത്തുന്നതിനുള്ള പരിവർത്തനമല്ല ആവശ്യപ്പെടുന്നതു്. പക്ഷെ, അരിക്കും കാശിനുംവേണ്ടി മാത്രം ഹരികഥയും കഥാപ്രസംഗവും ചെയ്യുന്നവരെ സൂക്ഷിക്കണം. ക്ഷേത്രത്തിൽവന്നു് ഭക്തിമാഹാത്മ്യത്തെപ്പററി പ്രസംഗിക്കുകയും. മററു രംഗങ്ങളിൽചെന്നു് ഭക്തിയേയും ഭക്തന്മാരെയും പരിഹസിച്ച് കാശു വാങ്ങുകയുംചെയ്യുന്ന കലാകാരന്മാരുടെ കാലമാണിതു്. ധർമ്മവും ഈശ്വരനുമല്ല, പണം മാത്രമാണ് അവരുടെ ലക്ഷ്യം

## അന്തർയോഗം

ക്ഷേത്രങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടു് ഹിന്ദുസംഘടനയുണ്ടാവണമെന്ന ആഹ്വാനങ്ങൾ ഇന്നാട്ടിൽ പലപ്പോഴം മുഴങ്ങിയിട്ടുണ്ടെങ്കിലും അതിതേവരെ പ്രായോഗികമായി കണ്ടിട്ടില്ല. ഇന്നത്തെ ഹിന്ദു മനോഭാവത്തിൻെറ വൈപരീത്യമാണിതിനു് കാരണം. വിവിധ കാരണങ്ങളാൽ കലങ്ങി മറിഞ്ഞ ഈ കാലഘട്ടത്തിൽ അന്തഃക്കരണവും അന്തരീക്ഷവും പവിത്രവും ഈശ്വരനിഷ്ഠവുമാക്കാൻവേണ്ടി ആദ്ധ്യാത്മികബോധമുള്ള ഹിന്ദുക്കളെവരും മുന്നോട്ടിറങ്ങി കർത്തവ്യമനുഷ്ഠിക്കേണ്ടതാണ്. മാസത്തിലൊരു പ്രാവശ്യമെങ്കിലും ഓരോ ക്ഷേത്രപരിധിയിലുമുള്ള ഹിന്ദുക്കൾ അതതു ക്ഷേത്രത്തിൽ കൂടി അന്തർയോഗം അനുഷ്ഠിക്കേണ്ടതാണ്. ക്ഷേത്രോത്സവങ്ങളിൽ ഒരു ദിവസം, ഈ അന്തർയോഗംതന്നെ കൂടുതൽ പ്രയോജനകരമാവാൻ തക്കവിധം വിപുലമായ തോതിൽ നടത്താവുന്നതാണ്.

പ്രശാന്തമായ ഒരന്തരീക്ഷമുണ്ടാക്കി, നിശ്ചിത സമയത്തു് നിശ്ചിതപരിപാടികളനുസരിച്ച്, തികഞ്ഞ അച്ചടക്കത്തോടും ധർമ്മാനുസരണമാവത്തിലും സാമൂഹികമായി നടത്തപ്പെടുന്ന ദൈവീകസാധനയാണു് അന്തർയോഗം. സാധാരണമായ ഒരു അന്തർയോഗത്തിന്റെ പരിപാടികളെല്ലാംകൂടി മൂന്നു മണിക്കൂർ കൊണ്ടു് അവസാനിക്കുന്നതും, ആദ്യന്തം കൂടുന്നവരെല്ലാവരും ഒന്നുചേർന്നു് നടത്തേണ്ടതുമാണു്. ഭജന, പ്രാർത്ഥന, മതഗ്രന്ഥ പാരായണം, അദ്ധ്യാത്മികപ്രഭാഷണങ്ങൾ, ജപം, ധ്യാനം, നാമ സങ്കീർത്തനം, അർച്ചന, ആരാധന, പ്രസാദ വിതരണം എന്നിവ എല്ലാവരും ഒന്നുചേർന്നു് നിശ്ചിതസമയങ്ങളിൽ തന്നെ നടത്തുന്ന തിനെയാണു് അന്തർയോഗമെന്നു പറയപ്പെടുന്നതു്. സമുദായ ത്തിന്റെ ആത്മീയോന്നതിക്കും ധർമ്മപുനരുദ്ധാരണത്തിനും ഇത്തരം പരിപാടികൾ വളരെയധികം പ്രയോജനമുളവാക്കുന്നതായി തെളിഞ്ഞിട്ടുണ്ടു്.

കാലം മാറുന്നതോടൊപ്പം കമ്പക്കെട്ടുകളോടുള്ള ഹിന്ദുക്കളുടെ കമ്പം കുറയുകതന്നെ വേണം. അതുപോലെ ക്ഷേത്രോത്സവങ്ങൾ നിയന്ത്രിക്കാൻ പോലീസ്പടയെ ആശ്രയിക്കുന്ന സ്വഭാവവും മാറണം. പകരം മനസ്സിരുത്തി പരിശ്രമിക്കാമെങ്കിൽ നാലഞ്ചു ദിവസത്തെ പരിശീലനമെങ്കിലും സിദ്ധിച്ച ഓരോ സംഘം ഹിന്ദു യുവാക്കന്മാരേയും, യുവതികളെയും ഹിന്ദു സ്വയം സേവ കരായി അണിനിരത്താവുന്നതും ക്ഷേത്രോത്സവങ്ങൾ കൂടുതൽകാര്യ ക്ഷമമായി നടത്താവുന്നതുമാണല്ലോ. ദേവസ്വം തുകകൾ ദുരുപയോ ഗപ്പെട്ടുപോവുകയുമില്ല. ഇവയെല്ലാം ദേവസ്വം അധികൃതരുടെ ഇന്ന ത്തെ യാന്ത്രികമായ ധാർമ്മിക വീക്ഷണത്തിനൊരു വ്യതിയാന മുണ്ടായേ തീരൂ, ദേവസ്വം അധികൃതർക്കും മതവിശ്വാസികളായ പ്രമാണികൾക്കും ശരിയായ ധർമ്മവീക്ഷണമുണ്ടാവുമെങ്കിൽ, ക്ഷേത്രോത്സവങ്ങളിലുള്ള കച്ചവട മനോഭാവത്തിന്റെ സ്ഥാന ത്തു് ഹിന്ദുമതാഭിമാനവും ഹിന്ദുസംഘടനാബോധവും അനായാ സേന സംസിദ്ധമാവുകതന്നെ ചെയ്യും.

★

---

26–1–1957 ''ദേശബന്ധു''വിൽ പ്രസിദ്ധപ്പെടുത്തിയതു്.

# 25 കോവിൽ ധനത്തിൽ കൊതികൊള്ളേണ്ട!

പ്രജാക്ഷേമതല്പരനായ ഒരു രാജാവ് രാജ്യം ഭരിച്ചിരുന്ന കാലം. അദ്ദേഹത്തിന്റെ ഭരണം ധർമ്മാടിസ്ഥാനത്തിലായിരുന്നതിനാൽ പ്രജകൾ സന്തുഷ്ടരും സംതൃപ്തരുമായി കഴിഞ്ഞിരുന്നു. 'കാശിക്കുപോയാലും കർമ്മബന്ധം വിടുന്നില്ലെ'ന്നൊരു ആപ്തവചനമുണ്ടല്ലൊ. അതുപോലെ ആ ക്ഷേമരാജ്യത്തിലും സ്വന്തം നെറികേടുകൊണ്ട് ഒരു ബ്രാഹ്മണൻ അലഞ്ഞുതിരിയുവാൻ തുടങ്ങി. നാട് സമ്പൽസമൃദ്ധിയായിരുന്നിട്ടുകൂടി സ്വകർമ്മദോഷംകൊണ്ട് ഈ ബ്രാഹ്മണൻ പരമദരിദ്രനെന്ന നിലയിൽ യാചിച്ചാണ് നിത്യവൃത്തികഴിച്ചുവന്നതു്. അയാളുടെ ജീവിതത്തിൽ അന്നൊരു വലിയ പരീക്ഷണദിനമായിരുന്നു. അയാൾ ഇരന്നിട്ട് ഒരുപിടി ചോറുപോലും ലഭിച്ചില്ല. ഉച്ചനേരവും കഴിഞ്ഞു; ആർത്തിയും ആധിയും പെരുകിയ ബ്രാഹ്മണനു് 'പശി'കൊണ്ട് കണ്ണുകാണാതെയായി. ശരീരം കുഴഞ്ഞു, ഒരടി മുന്നോട്ടുവയ്ക്കാൻ വയ്യാതെയായി. പിന്നിലെന്തോ വന്നു വീഴുന്നശബ്ദം കേട്ടുകൊണ്ട് അയാൾ തിരിഞ്ഞുനോക്കി. അടുത്ത ഗൃഹത്തിൽനിന്നാരോ ഊണുകഴിച്ചിട്ട് ധാരാളം ഉച്ഛിഷ്ടങ്ങളോടുകൂടി വെളിയിലേക്കെറിഞ്ഞ എച്ചിലിലയാണതു്. എച്ചിലിലകണ്ടതോടെ ബ്രാഹ്മണന്റെ ജഠരാഗ്നി ആളിക്കത്തി; വിശപ്പ് പതിന്മടങ്ങു വർദ്ധിച്ചു. അതാ, ഒരുപട്ടി ഓടിവന്നു് ആ എച്ചിലിലയിലെ ഉച്ഛിഷ്ടങ്ങൾ അത്യാഹ്ളാദപൂർവ്വം ഭുജിക്കുന്നു. ബ്രാഹ്മണനു് ഇതുകണ്ടിട്ടു സഹിച്ചില്ല. താൻ വിശപ്പുകൊണ്ട് വാടിവലയുമ്പോൾ ഒരു നായ് സന്തോഷപൂർവ്വം ഉണ്ടു സുഖിക്കുകയോ? അസൂയയും, ദുഃഖവും സഹിക്കവയ്യാതെ അയാൾ ഒരു വിറകെടുത്തു് ആ പട്ടിയെ നല്ലവണ്ണം പ്രഹരിച്ചു.

ഇത്തരമൊരു സംഭവമായാലും, ആ രാജ്യത്തിലെ ഭരണകൂടം പരാതികേട്ട് പരിഹാരമുണ്ടാക്കാൻ എല്ലായ്പോഴും ഒരുക്കമാണെന്ന വസ്തുത ആ നായ്ക്കുപോലുമറിയാമായിരുന്നു. നീതിക്കുവേണ്ടി

നായ് രാജസഭയിലേക്ക് ഓടിച്ചെന്നു. സ്വന്തം കുറ്റം അറിഞ്ഞ ബ്രാഹ്മണനും മുൻകോപവശാൽ ചെയ്തുപോയ തെറ്റിനു ശിക്ഷ യേല്ക്കാൻ തക്കവിധം രാജസഭയിലേക്ക് വന്നു. നായും നരനും വാദി പ്രതികളായിത്തീർന്ന ഈ അസാമാന്യ കേസ്‌വിവരങ്ങൾ ചോദി ച്ചറിഞ്ഞ അധികാരി അവരെ രാജസന്നിധിയിലേക്ക് കൊണ്ടു പോയി. വാദി തന്റെ പരാതി വ്യക്തമായി ബോധിപ്പിച്ചു:— "എച്ചിലില എനിയ്ക്ക് അവകാശപ്പെട്ടതാണ്. മനുഷ്യനു അവ കാശപ്പെട്ട വസ്തുവിനുവേണ്ടി ഞാൻ മത്സരിച്ചില്ല ഈ ബ്രാഹ്മ ണനു എച്ചിലില ആവശ്യമുണ്ടോ? ഇല്ലെങ്കിൽ എച്ചിലിലയിൽ നിന്നും ഉഛിഷ്ടം ഭുജിച്ചുകൊണ്ടുനിന്ന എന്നെ കഠിനമായി പ്രഹ രിച്ചതെന്തിനു? ഇതു നീതിയാണോ, ധർമ്മമാണോ?

സ്വന്ത കുറ്റത്തെ മറയ്ക്കാതെതന്നെ ബ്രാഹ്മണനും വാദിച്ചു!— "വീണ്ടുവിചാരമില്ലാതെ സംഭവിച്ചതാണിതു്, ഭ ങ്ങനെ എന്നെ വികാരാവേശം കൊള്ളിച്ച കുറ്റം നായുടേതാണ്. വിശപ്പുകൊണ്ടു ഞാൻ വാടിക്കഴഞ്ഞു നില്ക്കവേ എന്റെ മുമ്പിൽവച്ചുതന്നെ ഒരു മൃഗം ഉണ്ടു സുഖിക്കുക. ഞാനെങ്ങനെ അതു നോക്കിനിന്നു സഹിക്കും?"

ഈ വഴക്ക് ഏതുവിധത്തിൽ തീർക്കണമെന്നതിനെപ്പറ്റി രാജാ വിനു ഒരെത്തും പിടിയും കിട്ടിയില്ല. മന്ത്രിമാരും ആലോചിച്ചു കൊണ്ടിരുന്നു. നായ് മുന്നോട്ടുകേറി വീണ്ടും പറഞ്ഞു:—ഞാൻ നിർ ദ്ദേശിക്കുന്ന തീരുമാനം സ്വീകരിക്കമെങ്കിൽ ഈ ബ്രാഹ്മണനെ ഒരു ക്ഷേത്രം കാര്യസ്ഥന്റെ ഉദ്യോഗത്തിൽ നിയമിക്കണമെന്നു അപേ ക്ഷിക്കും.

രാജാവ് അത്ഭുതം പ്രകടിപ്പിച്ചു:— നായേ! ഇതെങ്ങനെ ഒരു ശിക്ഷയാവും? കുറ്റവാളിയ്ക്കു പാരിതോഷികം നൽകി പ്രോത്സാ ഹിപ്പിക്കുകയല്ലേ ഇതുകൊണ്ടു ചെയ്യുന്നതു്?

"മഹാരാജാവേ! അതുകൊണ്ടു കുറ്റത്തെ പോഷിപ്പിക്കുകയല്ല ചെയ്യുന്നതു്, കഠിനശിക്ഷയാണു നൽകുന്നതു്. എനിക്കു പൂർവ്വജന്മ വാസനയുണ്ടു്. കഴിഞ്ഞജന്മത്തിൽ ഞാനൊരു ക്ഷേത്രകാര്യസ്ഥ നായിരുന്നു. ധർമ്മസ്വത്തിനെ കൈകാര്യം ചെയ്തുകൊണ്ടിരുന്ന ഞാൻ ക്ഷേത്രവരുമാനങ്ങളിൽ ഒരു ഭാഗം സ്വന്തംകട്ടം ബസമ്പാദ്യ

ത്തിലേക്ക മാററിയതിൻെറ പരിണതഫലമായിട്ടാണ് എനിക്കീ നായ്ജന്മമുണ്ടായതു്. ക്ഷേത്രകാര്യസ്ഥൻ ഈശ്വരധർമ്മനിഷ്ഠനായിരുന്നു് വളരെ ജാഗ്രതയോടുകൂടി സ്വധർമ്മം അനുഷ്ഠിക്കണം. ക്ഷേത്രഭരണത്തിലും, വരുമാനങ്ങളിലും സ്വാർത്ഥജന്യമായ ന്യായം ചെലുത്താതിരിക്കണമെങ്കിൽ അവനെല്ലായ്പോഴും ആത്മപരിശോധനയ്ക്കു വിധേയമായിരിക്കണം. ധർമ്മസ്വത്തിനെ പരിപാലിക്കുകയെന്നതു് അഗ്നികുണ്ഡത്തെ പ്ര ദ ക്ഷി ണം ചെയ്യുന്നതുപോലെയാണ്. ഒരു ചെറിയ ശ്രദ്ധക്കുറവു മതി ആ അഗ്നികുണ്ഡത്തിൽ വീണുവെണ്ണീറാവാൻ! വികാരാവേശ സ്വഭാവത്തോടുകൂടിയ ഈ ബ്രാഹ്മണനു് ക്ഷേത്ര കാര്യസ്ഥ ഉദ്യോഗം ലഭിച്ചാൽ ഒരു നായ്ജന്മത്തിനുള്ള മാർഗ്ഗം അവൻ തീർച്ചയായും തേടിക്കൊള്ളും. എന്നെപ്പോലെ എച്ചിലിലയ്ക്കു് അലഞ്ഞുതിരിയും. ഇതുതന്നെയാണു് ഇയാൾക്കു പററിയ ശിക്ഷ'' എന്നിങ്ങനെ നായ് സ്പഷ്ടമായിപറഞ്ഞു കൊടുത്തു.

ക്ഷേത്രവരുമാനങ്ങളെ എങ്ങനെയാണു് നോക്കേണ്ടതെന്നും, ധർമ്മസ്ഥാപനനിധി കൈകാര്യം ചെയ്യുന്നതിൻെറ മാനദണ്ഡമെന്താണെന്നും, ക്ഷേത്രഭരണച്ചുമതലകളിൽ ശ്രദ്ധക്കുറവുണ്ടായാലുണ്ടാകുന്ന ഭയങ്കര പരിണാമമെന്താണെന്നും ആ രാജ്യസഭയിൽക്കൂടിയിരുന്നവർ ഓർമ്മിക്കുകയും കൂടുതൽ കർത്തവ്യനിരതരാവുകയുംചെയ്തു.



---

26–6–1956 ''ദേശബന്ധു''വിൽ പ്രസിദ്ധപ്പെടുത്തിയതു്.

# 26 ഹിന്ദു ദേവസ്വങ്ങൾ

വിശാലമായ ഈ ഭൂമുഖത്തിൽ പലതും മാറുകയോ മുടങ്ങുകയോ ചെയ്യുമെങ്കിലും ഹിന്ദുക്കളോടുള്ള ദ്രോഹങ്ങൾമാത്രം മുടങ്ങാറില്ല. ഈ വൻകാര്യം വിദേശീയരോ വിമതസ്ഥരോ മുടക്കിയാലും ഹിന്ദു കോടാലിക്കൈകൾ വിടുകയില്ല. ഹിന്ദു സമുദായത്തിന്റെ അഥവാ ഭാരതത്തിന്റെ ഭാഗ്യമോ നിർഭാഗ്യമോ, എന്തുകൊണ്ടായാലും അതങ്ങനെ മുടക്കം കൂടാതെ നടക്കുകയാണിന്നും. ഹിന്ദു ചരിത്രവും ഹിന്ദുസ്ഥാന ചരിത്രവും രണ്ടാണെന്ന് സമർത്ഥിക്കുവാൻ പാടുപെടുന്നവർപോലും ഇക്കാര്യം സമ്മതിക്കും. അതായത് ക്ഷീണം ഭാരതത്തിനായാലും ഹിന്ദുസമുദായത്തിനായാലും പരസ്പര ബാധകമാണെന്ന്. അപ്പോൾ, മതേതര സർക്കാരിന്റെ തണലിൽ ഹിന്ദുധർമ്മസ്ഥാപനങ്ങളേയും ക്ഷേത്രങ്ങളേയും ഗ്രസിച്ചിരിക്കുന്ന ഭൗതികമോഹംകൊണ്ടുളവാകുന്ന ക്ഷീണം ഹിന്ദുസമുദായത്തേയും തദ്വാരാ ഭാരതത്തേയും ബാധിക്കുമെന്നതു് തീർച്ചയാണല്ലോ. കാര്യങ്ങളങ്ങനെ അറുവഷളായി പരിണമിക്കുന്നതിനു മുൻപേ, ദൈവവിചാരമോ ധർമ്മവിശ്വാസമോ ഉള്ളവർ മുൻകൈയ്യെടുത്തു പ്രവർത്തിക്കുമെന്നു വിശ്വസിക്കാം. വിശ്വാസമാണല്ലോ ആശ്വാസമരുളുന്നതു്.

എല്ലാ മതങ്ങളേയും ഒരുപോലെ വീക്ഷിക്കുകയോ, മതംതന്നെ വേണ്ടെന്നുവയ്ക്കുകയോ മതേതരസർക്കാറിന്റെ ആദർശമാകാം. ഹിന്ദുമതത്തെമാത്രം അവഹേളിക്കുകയോ, ഹിന്ദുധർമ്മ സ്ഥാപനങ്ങളെ കൈവയ്ക്കുകയോ ചെയ്താലും ഹിന്ദുക്കളുടെ എതിർപ്പ് ഭാരതാംബയുടെ പേരിൽ ചായക്കോപ്പയിലെ പ്രക്ഷോഭണമായിത്തീരുമെന്നവർ വിശ്വസിച്ചിരിക്കാം. പഞ്ചവത്സരപദ്ധതികളുടെ നടത്തിപ്പിന് ഹിന്ദു ദേവാലയങ്ങളുടെ മുതലുകൾ ഹിന്ദുക്കളെന്ന നിലയിൽ പിടുങ്ങാനുള്ള സ്വാതന്ത്ര്യവും കരഗതമാണ്. ദേശീയാഭിവൃദ്ധിക്ക് ഹിന്ദു സാധുസമാജങ്ങളുമുണ്ട്. ഇതര മതസ്ഥരുടെ നേരെ തിരിയാൻ ധൈര്യമില്ലെങ്കിലും ഹിന്ദുക്കളോടെന്തുമാവാം. ഹിന്ദുക്ക

ളെല്ലാം കണ്ണുംമൂടി സഹിച്ചുകൊള്ളണമെന്നൊരു അലിഖിതനിയമമുള്ളതുപോലെ, ധാർമ്മികഭാവരാഹിത്യം മാത്രമല്ല, തങ്ങളെഴുതിപ്പിടച്ച ചട്ടങ്ങരംക്കുപോലും വിപരീതമായി പ്രവർത്തിക്കുന്ന വിരോധാഭാസങ്ങരം! ഈ നിലയിൽ കേരള കമ്മ്യൂണിസ്റ്റ് സർക്കാറിനു് ഹിന്ദുധർമ്മ സ്ഥാപനങ്ങളുടെ വിഷയത്തിൽ വളരെയൊന്നും ബുദ്ധിമുട്ടേണ്ടിവരില്ല. ആരംഭശ്ശൂരന്മാരായ കേരളഹിന്ദുക്കരം അനുകൂലമായ സാഹചര്യങ്ങരം സംജാതമാക്കിയിട്ടുമുണ്ടു്.

ചില വിഷയങ്ങളെ സംബന്ധിച്ചിടത്തോളം തിരു—കൊച്ചി ദേവസ്വം ബോർഡധീനതയിലുള്ള ക്ഷേത്രകാര്യങ്ങളെ കഴിച്ചാൽ, കേരളത്തിലെ ഹിന്ദുക്ഷേത്രങ്ങരം പലതും കുറേക്കാലമായി കേവലം ഉത്സവപ്രധാനമാക്കിത്തീർത്തിട്ടുണ്ടു്. ഉത്സവങ്ങളിലോ, കാസിമിൻെറ കമ്പക്കെട്ടും, ചാക്കോയുടെ ചായക്കടയും, കമ്മ്യൂണിസ്റ്റ് കഥാപ്രസംഗവുംകൊണ്ടു് മോടിപിടിപ്പിച്ചിരുന്നു. ഹിന്ദുദേവസ്വം ഭൂമികളിലൊട്ടധികം അന്യമതസ്ഥരുടെ കൈവശപ്പെട്ടിരിക്കുന്നതു് വീണ്ടെടുക്കാനുള്ള ചങ്കുറപ്പു് തൊഴുത്തിൽകുത്തും കതികാൽവെട്ടുമായി കഴിയുന്ന ഹിന്ദുക്കരംക്കില്ല. ഇതിനിടയ്ക്കു് രാഷ്ട്രീയ യാതനക്കാരും ദേവസ്വം സ്വത്തുക്കരം കുറെയൊക്കെ കയ്യടക്കിയിട്ടുണ്ടു്. ബാക്കിയുള്ളതിൽ കുടിയേറിപാർപ്പിനോ, കൃഷിക്കോ ഫാക്ടറികളും വളർച്ചിപ്പോക്കളും സ്ഥാപിക്കാനോ എങ്ങനെയെല്ലാം വിനിയോഗിക്കാമെന്ന ചിന്തയാണിപ്പോരം ചില സഖാക്കളിൽ വേലചെയ്തുകൊണ്ടിരിക്കുന്നതു്.

## ദേവനോ ദേവൻെറ സ്വത്തോ പ്രധാനം?

ഒരു ക്ഷേത്രം നശിച്ചാൽ അത്രയും അന്ധത നശിക്കുമെന്നു് തട്ടിവിട്ട മുൻമന്ത്രിയുടെ പത്രത്തിൽ ഒരു സഖാവു്, ദേവന്മാരെക്കാരം പ്രധാനം ദേവസ്വങ്ങളാണെന്നെഴുതിയിരിക്കുന്നതുകണ്ടു. കമ്മ്യൂണിസ്റ്റ് കഥാപ്രസംഗങ്ങളെക്കൊണ്ടു് ക്ഷേത്രോത്സവങ്ങരം നടത്തിപ്പോന്ന ഹിന്ദുഭക്തരോ, ക്ഷേത്രവിശ്വാസികളോ മനസ്സിലാക്കേണ്ട വിഷയമാണതു്. അനുഭവം പറയാനല്ലാതെ മറെറാരു വിധത്തിലും ഹിന്ദു ദേവസ്വങ്ങളുമായി ബന്ധമില്ലാത്ത ഹിന്ദുക്കളും കാതുകൊടുത്തു് കേരംക്കേണ്ടതാണു്. പ്ര. സ. ക്കാരനായ

കട്ടിസഖാവ് കമ്യൂണിസ്റ്റ് സക്കാറിനെ ധൈര്യപ്പെടുത്തിക്കൊണ്ട് ആജ്ഞാപിക്കുന്നതെന്താണെന്നല്ലേ? യാതൊരു സംശയവും കൂടാതെ ഹിന്ദു ദേവസ്വം വകകളെല്ലാമെടുത്ത് തങ്ങളുടെ രാഷ്ട്രീയം പുലർത്തിക്കൊള്ളാൻ! അഥവാ ജനസംഖ്യാ പ്രശ്നത്തിന്ന് പരിഹാരം ഹിന്ദു ദേവസ്വം സ്വത്തുക്കളെക്കൊണ്ട് നിറവേററിക്കൊള്ളാനാണ കമ്യൂണിസ്റ്റ് വിദേശഉപദേശം. ക്ഷേത്രാരാധനകളും, ജീർണ്ണോദ്ധാരണങ്ങളും, ദേവസ്വം കൊടിമരങ്ങളും, നമ്മുടെ സഖാവിനെയരിശംകൊള്ളിക്കുകയോ തലവേദനയുണ്ടാക്കുകയോ ചെയ്യുന്നു. ഹിന്ദുദേവസ്വം സ്വത്തുക്കളപഹരിക്കുന്നതിൽ തങ്ങളുടെ ചുററും കൂടുവാൻ ഇവിടത്തെ ബഹുഭൂരിപക്ഷം ഹിന്ദുക്കളും തയാറായിരിക്കുമെന്നതിലും കട്ടിസഖാവിനു് ശുഭാപ്തി വിശ്വാസമാണുള്ളത്. ധർമ്മസ്ഥാപനങ്ങളുടെ വിഷയത്തിൽ അനാസ്ഥരായിരുന്ന ഇവിടത്തെ ആസ്തികരായ ഹിന്ദുക്കാംക്ക് തങ്ങളുടെ നാസ്തികരായ സന്താനങ്ങളെ പിന്തുടരാതിരിക്കാനുള്ള ഇച്ഛാശക്തിയുണ്ടാകുമോ എന്നതാണ് പ്രശ്നം

## നാസ്തികന്മാരെന്തിനു് കയ്യിടുന്നു?

ഭൂപരിഷ്ക്കരണങ്ങളും ദേശീയ പുനരുദ്ധാരണങ്ങളും സദുദ്ദേശപ്രേരിതരായവർ സ്വാഗതംചെയ്യും. എന്നാൽ നല്ലവയുടെ മറവിലൊളിച്ചിരിക്കുന്ന താന്തോന്നിത്തങ്ങളാണ് പുറത്തുചാടുന്നതെങ്കിൽ നന്മയ്ക്ക് പകരം തിന്മയല്ലേ ഫലം! സാമ്പത്തികാടിസ്ഥാനത്തിൽ പുരോഗമിക്കുന്ന കമ്യൂണിസ്റ്റ് മന്ത്രിമാർ നേരത്തേതന്നെ അവരുടെ സ്വത്തുക്കാംക്ക് നിയമബാധകമല്ലാത്ത വ്യവസ്ഥകളേർപ്പെടുത്തിയിട്ടാണ് ഭൂപരിഷ്ക്കരണങ്ങാംക്ക തുനിയുന്നതെന്നറിയുന്നു. ഹിന്ദുക്കളുടെ സ്വകാര്യ സ്വത്തുക്കളെന്തുചെയ്താലും ഹിന്ദു ദേവസ്വം വകകാം ധർമ്മസ്വത്തുക്കളാണ്. ഹിന്ദുമതസ്ഥാപനങ്ങളുടെ ഭരണച്ചുമതല വഹിക്കുന്ന മന്ത്രി മിസ്സിസ് തോമസ്സാണെന്നതുകൊണ്ടുമാത്രം പരിഭവമുണ്ടാവണമെന്നില്ല. മന്ത്രി ആരായാലും, രാഷ്ട്രീയമെന്തായാലും ഹിന്ദു ക്ഷേത്ര ഉടമകളും ദേവസ്വം ബോർഡുകളും, ധർമ്മാഭിമാനമുള്ള ഹിന്ദു പ്രമാണികളും തങ്ങളുടെ സർവ്വപ്രധാനമായ ചുമതലയും ജീവിതലക്ഷ്യവും ഓമ്മിച്ചുകൊണ്ട് മുന്നോട്ടുവന്നാൽ മതി. മുരടിച്ച യാഥാസ്ഥിതികത്വവും ജഡനിഷ്ഠ

മായ പുരോഗമനാഭാസവുമല്ല. ധർമ്മനിഷ്ഠമായ വീക്ഷണവും തദനുസരണമായ പ്രവർത്തന മനോഭാവവുമാണാവശ്യം. ദേവന്മാരേക്കാൾ ദേവസ്വങ്ങളിൽ കണ്ണുനട്ടിരിക്കുന്നവരുടെ ദയയ്ക്കു ഹിന്ദു ദേവസ്വങ്ങളെ വിട്ടുകൊടുത്തുകൊണ്ടു മിണ്ടാതിരിക്കാനാണോ ഹിന്ദുക്കളുടെ ഭാവം? കമ്യൂണിസ്റ്റുകൾ ഊന്നിപ്പറയുന്ന സാമ്പത്തികാടിസ്ഥാനംതന്നെ മതസ്ഥാപനങ്ങളുടെ സാമുദായിക വശത്തെ സാരമായി സ്പർശിക്കുന്നതാണ്". 'മതസ്ഥാപനങ്ങളെ ബന്ധിക്കുന്ന സമ്പത്തിനേയും സാമൂഹ്യബന്ധങ്ങളേയും സ്പർശിക്കുന്ന കാര്യമാണത്". പ്രസ്തുത ധർമ്മസ്ഥാപനങ്ങളുമായി ബന്ധമില്ലാത്തവർക്കും, ധർമ്മബോധമോ ഈശ്വരവിശ്വാസമോ ഇല്ലാത്തവർക്കും ധർമ്മസ്ഥാപനങ്ങളുടെ മഹത്വത്തെപ്പററിയെന്തറിയാം. 'മതം ജനങ്ങളെ മയക്കുന്ന അവീനാണെ'ന്നു പറഞ്ഞ കമ്യൂണിസത്തിൻെറ ഉപജ്ഞാതാവിൻെറ ഇന്നാട്ടിലെ അനുയായികൾ ഇതരമതങ്ങളുടെ കാഴ്ചപ്പാടിൽ കൂടിയാണു് ഹിന്ദുധർമ്മത്തേയും നോക്കുന്നതു്. എന്നാൽ ഹിന്ദുമതത്തെയെന്നപോലെ ഇതരമതസ്ഥാപനങ്ങളുടെ നേരെ വിരൽ ചൂണ്ടാൻ അവരും ധൈര്യപ്പെടുന്നില്ല.

## ദേവസ്വങ്ങളെക്കൊണ്ടു് സാധിക്കേണ്ടതെന്തു്?

ഈ നിലയിൽ ധർമ്മബോധവും ഈശ്വരവിശ്വാസവുമുള്ള ഇന്നാട്ടിലെ ഹിന്ദുക്കളൊരു പരീക്ഷണഘട്ടത്തിലാണു് നില്ക്കുന്നതു്. ആദ്ധ്യാത്മികവും സാമൂഹ്യവുമായ ഉന്നതി, ദേവസ്വങ്ങളെക്കൊണ്ടുണ്ടാവണമെങ്കിൽ ഹൈന്ദവർതന്നെ ഉണർന്നു പ്രവർത്തിക്കണം. അല്ലെങ്കിൽ സ്വന്തനാശത്തിനു വഴി തെളിയിക്കുകയായിരിക്കും ഉണ്ടാവുക! സ്വന്തമായി സേവനപ്രവർത്തനമൊന്നും ചെയ്യാതെ ധർമ്മകാര്യങ്ങൾ പുരോഹിതന്മാരിലും മതസ്ഥാപനങ്ങളിലും, സമുദായകാര്യങ്ങൾ ഗവർമ്മേണ്ടിലും പ്രതിനിധികളിലും അർപ്പിച്ചു് വെറും തീനും കുടിയുമായി കൂടുന്നവരെപ്പററി 'മനുഷ്യനായി ജനിച്ചിട്ടും പദ്ധതിയനുസരിച്ചു് മൃഗമായിത്തീർന്നവൻ' എന്നു് ശ്രീ വിനോബാജി വിശേഷിപ്പിച്ചു പറഞ്ഞതു് ഇന്നത്തെ ഹിന്ദുക്കളെ സംബന്ധിച്ചിടത്തോളം എത്ര യഥാർത്ഥമായിരിക്കുന്നു!

ദേവസ്വം പണങ്ങളിൽമാത്രം മനസ്സിരുത്തിയിരിക്കുന്നവർ ഹിന്ദുദേവസ്വങ്ങളെക്കൊണ്ട് സാധിക്കേണ്ടവയെന്തെല്ലാമാണെന്ന് ശരിക്ക ധരിക്കണം. ക്ഷേത്രനിർമ്മാണം, ജീർണ്ണോദ്ധാരണം, പ്രതിദിനാരാധനാവിധാനങ്ങൾ, ധർമ്മകഥാകഥനങ്ങൾ, വേദശാസ്ത്രപാഠശാലകൾ, സന്യാസിമഠങ്ങളും ആശ്രമങ്ങളും എന്നിങ്ങനെ ദേവസ്വത്തിന്റെ അദ്ധ്യാത്മികോദ്ദേശങ്ങളനുസരിച്ച് നടപ്പിലായത്ത് വേണ്ടത്ര വിപുലപ്പെടുത്താനും, നടപ്പിലാക്കാനുമുള്ള കാര്യങ്ങൾ ഒട്ടേറെയുണ്ട്. ഹിന്ദുദേവസ്വങ്ങളുടെ സാമൂഹിക ഉദ്ദേശങ്ങളനുസരിച്ച് ഉത്സവങ്ങൾ, പുണ്യദിനാചരണങ്ങൾ, ധർമ്മപാഠശാലകൾ, ഹിന്ദുപ്രചാരക വിദ്യാലയങ്ങൾ, ആർഷജ്ഞാന നികേതനങ്ങൾ, സംസ്കൃത പ്രചാരം, വേദപുരാണേതിഹാസങ്ങളുടെ ധർമ്മാടിസ്ഥാനത്തിലുള്ള പരിഭാഷകൾ, ഹിന്ദുധർമ്മപ്രസിദ്ധീകരണങ്ങളും പ്രചരണങ്ങളും, ഉച്ചനീചത്വ നിവാരണം എന്നിങ്ങനെ നിരവധി കാര്യങ്ങൾ കാലോചിതമായി പ്രോത്സാഹിപ്പിക്കുകയും നടപ്പിലാക്കേണ്ടിയുമിരിക്കുന്നു. ഇവയെല്ലാം ഹിന്ദുക്കൾക്കവരുടെ ദേവസ്വങ്ങളല്ലാതെ മറ്റെന്തുവകയാണുള്ളത്. ഇതരമതസ്ഥരെന്നപോലെ അഖിലലോക സംഘടനകളും ഡോളർ വരുമാനവും മററുമില്ലാത്ത ഹിന്ദുസമുദായം സ്വയം ചിന്തിച്ച് പ്രവർത്തിക്കുകയല്ലാതെ വേറെ ഗത്യന്തരമില്ല. *

# 27 പരമേശ്വരക്ഷേത്രം

ഭാരതത്തിലെ പല പുണ്യക്ഷേത്രങ്ങളിലും പോയി ദർശനം കഴിച്ച് മടങ്ങിവന്നപ്പോഴാണ് സ്വന്തം ഗ്രാമത്തിലെ, പ്രകൃതിമനോഹരമായ ആ ഭൂപ്രദേശത്ത് സ്ഥിതിചെയ്യുന്ന ക്ഷേത്രത്തിന്റെ മഹത്വം പരമന് അറിവാനിടയായത്. തന്റെ ബാല്യകാലത്തിൽ അഛനമ്മമാരോടുകൂടി പലപ്പോഴും കളിച്ചുതൊഴാനും വഴിവാട് കഴിയ്ക്കാനും അയാൾ ആക്ഷേത്രത്തിൽ വന്നിട്ടുണ്ട്. എന്നാൽ ഇന്നത്തെപ്പോലെ ഈ ക്ഷേത്രത്തിലെ ബാഹ്യാന്തര പ്രകൃതിയുമായി താദാത്മ്യം പ്രാപിച്ചനുഭവപ്പെടുത്താൻ അയാൾക്ക്

* 16–6–1957 "കേസരി"യിൽ പ്രസിദ്ധപ്പെടുത്തിയത്.

അന്നൊക്കെ കഴിഞ്ഞിട്ടില്ല. ക്ഷേത്രവളപ്പിലെ വൃക്ഷലതാദിനിബിഡമായ കാവിലെ ആൽത്തറയിൽ തനിച്ചു് കാണാൻ ഭാഗ്യം ലഭിക്കാത്ത പിതാമഹൻെറ യോഗസാന്നിദ്ധ്യമുണ്ടെന്നുകൂടി മാധവമാരാർ പറഞ്ഞറിഞ്ഞപ്പോൾ പരമൻെറ ഹൃദയം ശ്രദ്ധാഭക്തി നിർഭരമായിത്തീന്നു. അയാൾ കൂപ്പുകരങ്ങളോടെ കുറേനേരം ആ കാവിലെ ആൽത്തറയെ നോക്കി നിന്നുപോയി.

കൊല്ലം—തിരുവനന്തപുരം റോഡിൽ ആററിങ്ങൽ എന്ന സ്ഥലത്തുനിന്നും വെഞ്ഞാറമൂട്ടിലേയ്ക്കു് ഒരു റോഡുണ്ടു്. ഈ റോഡിൽ കൂടി കഷ്ടിച്ചു് നാലു് മൈൽ പോകുമ്പോൾ ഇടത്തു വശത്തായി 'പരമേശ്വരം' എന്നൊരു ഏലാക്കരയുണ്ടു്. ഈ വയൽക്കരയുടെ വടക്കേ അററത്താണു് പരമേശ്വരത്തു് വിഷ്ണുക്ഷേത്രം സ്ഥിതി ചെയ്യുന്നതു്. മുമ്പു് മലയാള ബ്രാഹ്മണരുടേയും നായന്മാരുടേയും പ്രതാപകാലത്തു് ഈ ക്ഷേത്രം ഔന്നത്യത്തിലായിരുന്നു. ഇതര ക്ഷേത്രങ്ങളിലെന്നപോലെ ഉപദേവതകളും പ്രധാന വിഷ്ണുപ്രതിഷ്ഠയോടൊപ്പം ഇവിടെ വിരാജിക്കുന്നുണ്ടു്. അക്കാലമൊരു വാര്യർ ഈ സ്ഥലത്തു് ശ്രാദ്ധമൂട്ടുന്നതിനു് പ്രസിദ്ധനായിരുന്നു. ക്രമേണ ക്ഷേത്രത്തിനു ചുററുമുള്ള കേരവൃക്ഷത്തോപ്പു് കാക്കകളുടെ ആവാസകേന്ദ്രമായിത്തീന്നു. അസ്തമനസൂര്യൻ പശ്ചിമചക്രവാളത്തിലേയ്ക്കു് പോയി മറയുമ്പോഴേയ്ക്കും ക്രാകാരാരവപൂർവ്വം കാകസംഘങ്ങൾ ഈ കേരവൃക്ഷങ്ങളിലേയ്ക്കു് വന്നു ചേക്കേറുകയായി. വർഷകാലം വരുമ്പോൾ തെങ്ങിൻതോപ്പിൽ വിവിധ സസ്യങ്ങളുടെ തൈകൾ കിളർത്തുവരും. കാക്കകൾ കാഷ്ടിക്കുന്നതിൽനിന്നും കരുക്കുന്നതാണവ. ക്ഷേത്രാരാധനയ്ക്കു വരുന്നവർ ഈ തൈകളും യഥേഷ്ടം പറിച്ചുകൊണ്ടുപോയി അവരവരുടെ പറമ്പുകളിൽ നട്ടുപിടിപ്പിക്കും. വാര്യരുടെ ശ്രാദ്ധമൂട്ടു് നിലച്ചിട്ടും ഇതിന്നൊരു വിരാമവുമുണ്ടായിട്ടില്ല.

ക്ഷേത്രനടയിലെ താമരപ്പൊയ്കയും, അഛസ്ഫടികസങ്കാശമായ സ്നാനക്കുളവും മനം കവരുന്നതാണു്. ഹൃദയമുള്ള ഏതൊരാൾക്കും പവിത്രവിചാരങ്ങൾ ഉളവാക്കാൻ കെൽപുററ അന്തരീക്ഷമാണു് ഈ ഗ്രാമീണക്ഷേത്രത്തിനുള്ളതു്.

ഈ ക്ഷേത്രത്തിനടുത്തായി പരമേശ്വരനാശാൻ എന്നൊരു കർമ്മയോഗി നിവസിച്ചിരുന്നു. അദ്ദേഹത്തിൻെറ നിഷ്കാമകർമ്മവും വിപുലമായ ജ്ഞാനസമ്പത്തും കണ്ടിട്ട് ജനങ്ങൾ അദ്ദേഹത്തെ 'ജ്ഞാനിആശാൻ' എന്നാണ് വിളിച്ചുവന്നിരുന്നത്. സംസ്കൃതത്തിലും മലയാളത്തിലും മഹാപണ്ഡിതനും, വൈദ്യ–ജ്യോതിഷ ശാസ്ത്രാദികളിൽ നൈസർഗ്ഗികനിപുണനും, കവിയും, യോഗാഭ്യാസിയുമാണദ്ദേഹം. അന്നത്തെ പ്രസിദ്ധമായ പല "കുടിപ്പള്ളിക്കൂട"ങ്ങളും സ്വയം നടത്തിയിരുന്നതിനാൽ അദ്ദേഹത്തിൻെറ എല്ലാ നിലയിലുമുള്ള ശിഷ്യസമ്പത്തും വിപുലമായിരുന്നു. നിരവധി ഭാഷാസ്തോത്രങ്ങളും, ഗാനങ്ങളും വിക്രമാർക്കാദിചരിതങ്ങളെ ആസ്പദമാക്കി ആട്ടക്കഥകളും ജ്ഞാനി ആശാൻ രചിച്ചിട്ടുണ്ട്. പനയോലകളിലെഴുതിയ അദ്ദേഹത്തിൻെറ കയ്പടകൾ ഇന്നും ചില അവശിഷ്ടതറവാടുകളിലുണ്ടെന്നാണ് കേൾവി. മുൻകൂട്ടി സ്വശിഷ്യരെയെല്ലാം വിളിച്ചുവരുത്തി അന്ത്യയാത്ര പറഞ്ഞുകൊണ്ടാണ് ഈ മഹാൻ ശരീരത്യാഗം ചെയ്തത്. അദ്ദേഹത്തിൻെറ വാസസ്ഥലത്തും ഒരു പനമരവും ചുവട്ടിലൊരു സന്ധ്യാദീപം കത്തിക്കുന്ന വിളക്കും ആണ് ഇപ്പോൾ കാണാവുന്നത്. അനശ്വരയോഗിയെന്ന നിലയിൽ ക്ഷേത്രക്കാവിൽ ഈ മഹാത്മാവിനേയും പ്രതിഷ്ഠിച്ചിരിക്കുന്നു.

യഥാർത്ഥത്തിൽ എത്രയെത്ര യോഗികളുടെ തപശ്ചര്യകൾ കൊണ്ട് പ്രാണപ്രതിഷ്ഠ നടത്തിയിട്ടുള്ള പുണ്യക്ഷേത്രങ്ങളാണ് ഇന്നാട്ടിലുള്ളതെന്ന് പരമൻ ക്ഷേത്രത്തിനകത്തു തൊഴുതുകൊണ്ടു നിന്നപ്പോഴും ചിന്തിക്കുകയായിരുന്നു

---

1959 ഫെബ്രു: "മനോരമ" മാസികയിൽ പ്രസിദ്ധപ്പെടുത്തിയത്.

# 28 ക്ഷേത്രങ്ങൾ എന്തിനു്? എങ്ങനെ?

മനുഷ്യവാസമുള്ള കേന്ദ്രങ്ങളിലെല്ലാം ദേവാലയം — ക്ഷേത്രം — ഉണ്ടായിരിക്കണമെന്നും, അതിനെ കേന്ദ്രമാക്കി മനുഷ്യൻെറ ആത്മീയവും ഭൗതികവും—വൈയക്തികവും സാമൂഹികവും— ആയ അഭിവൃദ്ധി ഉണ്ടാവുമെന്നും പണ്ടേ പറയാറുണ്ടു്. വെറും പറച്ചിൽ മാത്രമല്ല; ശ്രുതിയുക്ത്യനുഭവ പൂർണ്ണമായ ആധാരമുണ്ടതിന്നു്. പണ്ടുള്ളോർ തങ്ങളെയും തങ്ങളുടെ കുടുംബങ്ങളെയും പോററുന്നതിനു് എത്രത്തോളം ശ്രദ്ധിച്ചിരുന്നുവോ അതിൻെറ പതിന്മടങ്ങു് ക്ഷേത്രകാര്യങ്ങളിലും ശ്രദ്ധിച്ചിരുന്നു. ക്ഷേത്രമിരിക്കുന്ന ഗ്രാമത്തിലെ അഥവാ കരയിലെ പാവപ്പെട്ടവർ അവരുടെ സേവനംകൊണ്ടും ധനികർ ധനംകൊണ്ടും ക്ഷേത്രകാര്യങ്ങൾ യഥാക്രമം നോക്കിയിരുന്നു. ഓരോരുത്തരും ഉത്തമമെന്നും ശ്രേഷ്ഠമെന്നും കരുതുന്നതെല്ലാം ക്ഷേത്രത്തിലേക്കു സമർപ്പിച്ചു. ക്ഷേത്രങ്ങളിലൂടെ കലകളെ പോഷിപ്പിച്ചും വിദ്വാന്മാരെ പ്രോത്സാഹിപ്പിച്ചും പോന്നു. ത്രികാലപൂജകളിലും യഥാശക്തി പുരോഹിതർക്കും തീർത്ഥാടകർക്കും ഭക്ഷണം നൽകാനും സാധിച്ചു. കാലപ്പോക്കിൽ വ്യക്തികളുടെയും സമുദായത്തിൻെറയും ധർമ്മച്യുതിനിമിത്തം അധർമ്മവും അനാചാരവും ക്ഷേത്രകാര്യങ്ങളിലും ബാധിച്ചതോടെ നിത്യനിദാനപൂജകൾപോലും വെറും ചടങ്ങുകളായി മുടങ്ങാനും തുടങ്ങി

പൂർവ്വീകർ ക്ഷേത്രങ്ങളിലേക്കു സർവ്വസ്വാർപ്പണം ചെയ്തിരുന്നവയെല്ലാം ക്ഷേത്രത്തിൻേറതല്ലാതാക്കാൻ ഒററയ്ക്കും, കൂട്ടായും ആധികാരികമായും ശ്രമം തുടർന്നുകൊണ്ടിരുന്നു. ഓരോരുത്തരും സ്വന്തം ബംഗ്ലാവുകൾ പുതുക്കുവാനും പുതുമയോടെ നിർമ്മിക്കുവാനും ശ്രദ്ധിച്ചു. ക്ഷേത്രങ്ങൾ ജീർണ്ണിച്ചും, നിത്യനിദാനങ്ങൾ മുടങ്ങിയും സ്വത്തുക്കൾ അന്യാധീനപ്പെട്ടും പോകുന്നതിൽ ശ്രദ്ധിക്കുവാൻ ആർക്കും സമയമില്ലാതായി. ഇങ്ങനെ തലമറന്നു എണ്ണ തേച്ചു് ത

ന്നെത്താൻ പരിഹാസപാത്രമായ സംഭവങ്ങൾ ഒന്നരണ്ടൊന്നുമല്ല. ആയിരക്കണക്കിനുണ്ട്. ഇത്തരം സമ്പാദ്യംകൊണ്ട് സ്വന്തം നാശത്തിന്റെ കുഴി തോണ്ടിയ രംഗങ്ങൾ നിരവധിയുണ്ട് നിരത്താൻ ഇന്നു നിത്യകർമ്മാനുഷ്ഠാനമുള്ള പൂജാരികൾതന്നെ വളരെ വിരളം, പല പ്രധാന ക്ഷേത്രങ്ങളിൽപോലും അതതു പ്രതിഷ്ഠാമൂർത്തിയുടെ പൂജാവിധാനമറിയുന്ന പൂജാരികളെ അപൂർവ്വമായി കണ്ടെത്തിയേക്കാമെന്നുമാത്രം. ക്ഷേത്രഭരണം നടത്തുന്ന ഉദ്യോഗസ്ഥന്മാരിൽ 95 ശതമാനത്തിനും ഭക്തിവിശ്വാസത്തേക്കാൾ അഭിനയംകൊണ്ട് ശമ്പളവും കിമ്പളവും നേടുന്നതിലാണ് താല്പര്യം. സമുദായത്തിൽ ജീവിക്കുവാൻ കഴിവില്ലാത്ത, അറാകുറാം ഭവിച്ചവരെയൊക്കെ തങ്ങളുടെ ചൊൽപടിക്കു തുള്ളുമെന്നു കരുതി കീഴ്ജീവനക്കാരാക്കി സ്വീകരിച്ചിട്ടുള്ളതും അപൂർവ്വമല്ല. ബുദ്ധിമാന്മാരായ ഉദ്യോഗസ്ഥന്മാർക്കു ശമ്പളമുണ്ടെങ്കിൽ അവരെക്കാൾ ജോലി കൂടുതലുള്ള ഈ ഭൃത്യഗണങ്ങൾ കിട്ടുന്നതുകൊണ്ട് ജീവിച്ചുകൊള്ളണം. എതിരായി എന്തെങ്കിലും ശബ്ദിച്ചുപോയാൽ അതു് കീഴ് വഴക്കത്തിനു വിരുദ്ധമാണത്രെ.

ഇങ്ങനെ ധർമ്മനിഷ്ഠയും അനുഷ്ഠാനവുമില്ലാത്ത പൂജാരിമാർ, ദേവകാര്യത്തെക്കാൾ സ്വകാര്യനിഷ്ഠയുള്ള ഭരണകർത്താക്കൾ, വേറെ ഉപായമൊന്നും കാണാതെ ദേവസ്വം തൊഴിലാളികളായവർ —ആധിഭൗതികത്തിൽമാത്രം ഉറച്ചുനില്ക്കുന്ന ആരാധകർ—ഇവരെല്ലാംകൂടിയാണ് ഇന്നത്തെ മിക്കക്ഷേത്രങ്ങളും. ക്ഷേത്രജ്ഞനായ ദേവൻ പ്രതിഷേധിക്കുന്നതുവരെ (അങ്ങനെ ഒന്നുണ്ടാവില്ലെന്നായിരിക്കാം സമാധാനം) ആരാധകരുടെ മുമ്പിൽ അഭിനയിച്ച് സ്വന്തം നിലയുറപ്പിക്കാമെന്നും ഓരോരുത്തരും വ്യാമോഹിക്കുന്നു

പ്രതിദിനം ക്ഷേത്രത്തിൽ പോകുന്നവരുടെ സംഖ്യ കൂട്ടുന്നതും ഉത്സവങ്ങൾക്കു വിപുല പരിപാടികൾ ഏർപ്പെടുത്തി ആൾക്കൂട്ടം വർദ്ധിപ്പിക്കുന്നതും മററും ക്ഷേത്രങ്ങളിൽ ജനങ്ങളുടെ വിശ്വാസവും ഭക്തിയും വർദ്ധിക്കുന്നതിന്റെ ലക്ഷണമായി ഗണിക്കാനാവില്ല, ക്ഷേത്രവിശ്വാസം ഈശ്വരവിശ്വാസത്തിന്റെ മുന്നോടിയാണ്. ഈശ്വരവിശ്വാസമുള്ളവർ ക്ഷേത്രത്തിലെ അധാർമ്മികമായ നടപടികളും പെരുമാററങ്ങളും പൊറുപ്പിക്കയില്ല. കുറഞ്ഞപക്ഷം ക്ഷേത്രാരാധനയ്ക്കുവേണ്ടുന്ന പ്രാഥമികാചാരശുദ്ധിയെങ്കിലും പാലിക്കു

വാൻ നിർബന്ധിതരാവും. ആണ്ടിലൊരിക്കൽ നടത്തപ്പെടുന്ന ഉൽസവങ്ങളിൽ ക്ഷേത്രത്തിലേക്കും ക്ഷേത്രപരിസരത്തിലേക്കു, ഉപയുക്തമായ പരിപാടി എന്താണെന്നുപോലും പല ദേവസ്വങ്ങൾക്കും ബോദ്ധ്യമായിട്ടില്ല. ആരം കൂട്ടണം, പണം പിരിയണം— ഇതാണവരുടെ ചിന്ത!

ആളും പണവുമില്ലാതെ ഈ ലോകത്തു് ഒന്നും നടക്കുകയില്ല, ഇവയെല്ലാം ഓരോ ആവശ്യത്തിനാണു്. ക്ഷേത്രത്തിൽ ആരം കൂട്ടുന്നതും പണം ചെലവഴിക്കുന്നതും മനുഷ്യജീവിതത്തിൻെറ ജീവനായ ഈശ്വരവിശ്വാസവും ഭക്തിയും ഉളവാക്കാനാണു്. അകത്തു് ജീവസ്സില്ലാത്ത ചടങ്ങുകളും പുറത്തു് സിനിമാശാലയിലെയും ചന്തയിലെയും പ്രതീതിയുളവാക്കുന്ന ഉത്സവവും അതിന് സഹായകമാവുകയില്ലെന്നു മാത്രമല്ല ഉള്ളതുകൂടി ശോഷിപ്പിക്കുകയും ചെയ്യും. അഹന്തജന്യമായ തോന്ന്യാസം പ്രവർത്തിക്കുവാനുള്ള സ്ഥാനമല്ല ക്ഷേത്രം. ക്ഷേത്രത്തിലെ പൂജാസംവിധാനങ്ങൾക്കും ഉൽസവങ്ങൾക്കും അവ എങ്ങനെ നടത്തണമെന്നു കാട്ടുന്ന ആഗമശാസ്ത്രങ്ങളുണ്ടു്; ധർമ്മപ്രധാനമായ ഈ ശാസ്ത്രങ്ങൾ വേദസിദ്ധാന്തത്തിന്നനുകൂലമായി പ്രാവർത്തികമാവുമ്പോഴാണു് വ്യവഹാരജീവിതശുദ്ധിയും ആദ്ധ്യാത്മികാനുഭൂതിയും ഉണ്ടാവുന്നതു്.

അതുപോലെ തൻെറ വാസസ്ഥലത്തിനടുത്തുള്ള ക്ഷേത്രത്തിൻെറ നിലനില്പിലും അഭിവൃദ്ധിയിലും ശ്രദ്ധിക്കാതെ പേരുകേട്ട ദൂരക്ഷേത്രങ്ങളിലേയ്ക്കു പോകുന്നതു് ഭക്തിലക്ഷണമാവില്ല. വളരെയധികം ആൾക്കൂട്ടത്തിലെ ആഹ്ലാദമാണു് ഭക്തിയെക്കാൾ പ്രായേണ പ്രേരകം. കുടുംബ വൈദ്യനെ അവഗണിച്ചിട്ടു് വിളംബരവൈദ്യനെ കാണാൻപോകുന്ന ഒരാളിൻെറമനോഭാവം അതിൽ കാണാം. അതിനാൽ മററു ക്ഷേത്രങ്ങളിൽ ദർശനാർത്ഥം—തീർത്ഥയാത്ര ചെയ്യേണ്ടായെന്നു ഇതിനർത്ഥമില്ല. ശരിക്കു വിശ്വാസവും ഭക്തിയുമുളളവർ അവരവരുടെ അടുത്തുള്ള ക്ഷേത്ര സംരക്ഷണത്തിലും അഭിവൃദ്ധിയിലും ബദ്ധശ്രദ്ധാലുക്കളായിരിക്കണമെന്നു താല്പര്യം.

ക്ഷേത്രത്തിൽ ഏതുഭാവത്തിലാണോ പോകുന്നതു് ആ ഭാവമാണു് പതിന്മടങ്ങു് ശക്തിപൂർവ്വം വളരുക. ദുർഭാവമാണെങ്കിൽ അതിൻെറ ഫലം, സദ്ഭാവമാണെങ്കിൽ അതിൻെറ ഫലം. സദ്

വാസനകളെ വികസിപ്പിക്കാനും ദുർവ്വാസനകളകററാനും ക്ഷേത്രദർശനംകൊണ്ടു സാധിച്ചാൽ വിശ്വാസവും ഭക്തിയും ഉറയ്ക്കും. ആധിഭൗതികവും ആദ്ധ്യാത്മികവും, ആധിദൈവികവുമായ നിലകളിൽ ഭക്തി വളർന്നു വികസിക്കമ്പോഠം ''ദേവോഭൂത്വാദേവംഭജേത്'' —ദേവനായി ദേവഭജനം ചെയ്യാൻ സാധിക്കം. ഗ്രാമത്തിലെ ക്ഷേത്രത്തിനു സ്വത്തുക്കളൊന്നുമില്ലെങ്കിലും ശ്രദ്ധാലുക്കളും ഭക്തരുമുണ്ടായാൽ അവിടത്തെ കാര്യങ്ങഠം പ്രധാനമായി പരിഗണിക്കപ്പെടും. ഇന്നത്തെ നിലയിൽ ക്ഷേത്രസ്വത്തുക്കളും പണങ്ങളും അടക്കിവയ്ക്കാതെ വേദവിദ്യാഭ്യാസത്തിനും ധാർമ്മിക കാര്യങ്ങഠംക്കും ചെലവഴിക്കണം; ജീർണ്ണക്ഷേത്രങ്ങളെ സമുദ്ധരിക്കണം. ക്ഷേത്രസ്വത്തുക്കളെ മോഹിച്ച് വട്ടമിടുന്നവരുടെ സമ്മർദ്ദം കറഞ്ഞു് ധർമ്മനിഷ്ഠയുള്ളവരുടെ പരിരക്ഷണം ഉണ്ടായാൽത്തന്നെ ക്ഷേത്രം അഭിവൃദ്ധിപ്പെടും. അങ്ങനെ ഓരോ ക്ഷേത്രവും മനുഷ്യൻെറ ആത്മീയവും ഭൗതികവുമായ അഭിവൃദ്ധിക്കും ഉൽക്കർഷത്തിനും മാദ്ധ്യമമായി നില നില്ക്കും. *

★

# 29 സനാതനധർമ്മവും ക്ഷേത്രങ്ങളും

**ലോ**കത്തിലെ പ്രധാനമതങ്ങളെപ്പററി എണ്ണിപ്പറയാമെങ്കിലും ഓരോ വ്യക്തിക്കും ഓരോ മതമുണ്ടെന്നതാണ് വാസ്തവം. ജീവൻെറ സംസ്കാര ഗതിയനുസരിച്ച് അവ പരിവർത്തപ്പെട്ടുകൊണ്ടിരിക്കുകയും ഹ്രസ്വവും ദീർഘവുമായ സുഖദുഃഖാനുഭവങ്ങളിലൂടെ നവജാതരിലേയ്ക്കു പകൻകൊണ്ടിരിക്കുകയും ചെയ്യും. പ്രകൃതിയും സംസ്കാരവുമനുസരിച്ച് ഈ വ്യക്തിമതങ്ങളെല്ലാം പ്രവർത്തനനിരതമാണ്. നീർച്ചാലുകഠം ചെറുപുഴകളിലേയ്ക്കും ചെറുപുഴകഠം വൻനദികളിലേയ്ക്കും ഒഴുകിച്ചേരുന്നതുപോലെ സാമൂഹികവും ദേശീയവുമായ മതപ്രവാഹത്തോടു യോജിച്ചാലേ രക്ഷയുള്ളവെന്നു് അവയ്ക്കു് സ്വാഭാവികമായും ബോദ്ധ്യപ്പെടുന്നു.

* 1976 ഏപ്രിൽ 'ലോകശാന്തിയി'ൽ പ്രസിദ്ധപ്പെടുത്തിയത്.

ഇങ്ങനെ ഇക്കാണുന്ന പ്രപഞ്ചത്തിൽ ചെറുതും വലുതുമായ പല മതങ്ങളുമുണ്ട്. ഇവയെല്ലാം എവിടെ നിന്നു പുറപ്പെട്ടുവോ അവിടെ ചെന്നുചേരുന്നതുവരെ ഒഴുക്കിൻെറ ഗതിവിഗതികളും പലവിധമായിരിക്കും. ഈ മതങ്ങളെല്ലാം എവിടെനിന്നു പുറപ്പെട്ടു? സനാതനധർമ്മത്തിൽ നിന്ന്. അന്തിമമായി അവ കൂടിച്ചേരുന്നതെവിടെ? സനാതനധർമ്മത്തിൽ.

വിവിധമതങ്ങളുടെ വലിപ്പച്ചെറുപ്പമനുസരിച്ച് വലുതും ചെറുതുമായ മതാചാര്യന്മാരുടെയെല്ലാം പരമാചാര്യനായ പരമേശ്വരനെ, പരമപുരുഷനെ, സനാതനൻ എന്നു വിശേഷിപ്പിച്ചിരിക്കുന്നു പ്രപഞ്ചസത്തയുടെ, മൂലപ്രകൃതിയുടെ, ശാശ്വതസംജ്ഞയാണ് സനാതനം. ഈ സനാതനധർമ്മത്തിൻെറ പരമാചാര്യൻ സനാതനനായ സർവ്വേശ്വരനും. അർഹതയുള്ള ജീവൻ ഈ ജഗദ്ഗുരുവിൻെറ പരമകാരുണ്യംകൊണ്ടു തന്നെ യോഗശക്തിദർശനം സാധിക്കുമ്പോൾ വിളിച്ചോതുകയാണ്:—''അങ്ങ് മുമുക്ഷുക്കളാൽ ജ്ഞാതവ്യമായ പരബ്രഹ്മം ആകുന്നു; അവിടുന്ന് ഈ സകല പ്രപഞ്ചത്തിനും പ്രകൃഷ്ടമായ ഉത്തമമായ ആശ്രയം ആകുന്നു; അതു ഹേതുവായിട്ടു തന്നെ അങ്ങ് നിത്യൻ ആകുന്നു; ശാശ്വതമായ ധർമ്മത്തെ പാലിക്കുന്നവൻ ആകുന്നു; അങ്ങ് സനാതനനായ ചിരന്തനനായ പരമപുരുഷനും ആകുന്നു '' എന്ന്

ത്വമക്ഷരം പരമം വേദിതവ്യം
ത്വമസ്യ വിശ്വസ്യ പരം നിധാനം
ത്വമവ്യയഃ ശാശ്വതധർമ്മഗോപ്താ
സനാതനസ്ത്വം പുരുഷോ മതോ മേ

(ഗീത— 11. 18.)

തന്നിലെ അസംസ്കൃതഭാവത്തെ സംസ്കരിച്ചുകൊണ്ട് മുന്നേറുവാനുള്ള മാദ്ധ്യമമാണ് ധർമ്മം. ഈ മുന്നേററം ഉൽക്കർഷത്തിലേയ്ക്കോ അപകർഷത്തിലേയ്ക്കോ എന്നതു് അവരവരുടെ ധർമ്മാചരണത്തേയും സംസ്കാരവിശേഷത്തേയും ആശ്രയിച്ചിരിക്കുന്നു. ഒരു വസ്തുവിൻെറ ഭാവം അതിൻെറ ധർമ്മവും ഉപയോഗക്രമം സംസ്കാരവുമാകുന്നു ചൂടാണ് അഗ്നിയുടെ ധർമ്മം. അതിനെ ഉപയോഗപ്പെടുന്ന ക്രിയാത്മകരൂപമാണതിൻെറ സംസ്

കാരം. ഉമിത്തീയും, കനൽക്കട്ടയും, തീപ്പെട്ടിയും, ദീപവും എന്ന പോലെ ഉപാധിഭേദങ്ങളുണ്ട്. ദീപത്തിൽ നിന്നെന്നപോലെ തീപ്പെട്ടിയിൽനിന്ന തീകത്തിക്കാനാവില്ല; തീപ്പെട്ടിക്കോൽ ഉരച്ചുകത്തിക്കണം; ഉമിത്തീയ് ഊതി ജ്വലിപ്പിക്കാമെന്ന കരുതി കത്തുന്ന ദീപത്തെ ഊതിയാൽ അണഞ്ഞുപോകും. പാൽ നല്ലതായിരുന്നാലും ഉപ്പുവീണാൽ പിരിഞ്ഞു നഷ്ടമാവും. പാൽ വേണ്ടവിധം കാച്ചി ഉറയൊഴിച്ച തൈരാക്കാം. തൈര് കടഞ്ഞു വെണ്ണയും മോരും വേർതിരിച്ച് ഉപയോഗയോഗ്യമാക്കാം.

പഞ്ചഭൂതാത്മകവും സത്വരജസ്തമോ ഗുണമൂലകവുമായ ഈ പ്രപഞ്ചത്തിലെ ഉൽകൃഷ്ടസൃഷ്ടിയാണ് മനുഷ്യൻ. ഏകാദശേന്ദ്രിയ സംയുക്തനായിരിക്കുന്ന മനുഷ്യന് ഇതരജീവജാലങ്ങളെക്കാൾ ജീവിതലക്ഷ്യപ്രാപ്തിയ്ക്കു യോഗ്യതയും ശക്തിയുമുണ്ട് ശാശ്വതസുഖവും സമാധാനവും ഈശ്വരസാക്ഷാത്ക്കാരത്തിലാണെന്നതിനാൽ അതാണ് ജീവിതലക്ഷ്യം. ആ പരമസത്യത്തെ ലക്ഷ്യമാക്കി ധർമ്മമാചരിച്ചില്ലെങ്കിൽ ഉപ്പ് വീണ പാൽപോലെ നഷ്ടജീവിതമാവും. എല്ലാവരിലും ധർമ്മം ഉണ്ടെങ്കിലും സദാചാരവും സാധനയും കൊണ്ടു സംസ്കരിക്കപ്പെട്ടന്നെങ്കിലേ ലക്ഷ്യപ്രാപ്തിയ്ക്ക് ഉപയുക്തമാവൂ. വ്യക്തികളുടെ സ്വഭാവധർമ്മമനുസരിച്ച് പല പ്രകാരത്തിലുള്ള കർത്തവ്യങ്ങളും, ആചാരാനുഷ്ഠാനങ്ങളും ഈ ധർമ്മസംസ്ക്കരണത്തിനുവേണ്ടി വിധിച്ചിട്ടുള്ളവയാണ്. നിത്യനൈമിത്തികകർമ്മങ്ങളും വർണ്ണാശ്രമവുമെല്ലാം സനാതനധർമ്മത്തെ അവലംബിച്ചാചരിച്ചാൽ തനിക്കും സമുദായത്തിനും ക്ഷേമം ഉണ്ടാവും. താല്ക്കാലിക സുഖത്തിൽ വ്യാമോഹിതരായി അനുഷ്ഠിക്കുന്നവ അധർമ്മാചരണത്തിലേയ്ക്കു വഴിതെളിയിക്കും; കത്തുന്ന ദീപത്തെ ഊതിക്കെടുത്തുന്നതുപോലെ ഉള്ളതിനെക്കൂടി വികൃതമാക്കും. അതിനാൽ എല്ലാവിധ മതധർമ്മങ്ങളും ശാശ്വതവും ഈശ്വരസംരക്ഷിതവുമായ സനാതനധർമ്മത്തെ അവലംബിച്ച് നീങ്ങുന്നതാണ് സുഖസമാധാനങ്ങൾക്കുള്ള സുഗമമാർഗ്ഗം; ഐഹികവും പാരത്രികവുമായ ശ്രേയസ്സിന്റെ രാജവീഥി.

ശാഖോപശാഖകളോടുകൂടിയ വേദം, സ്മൃതി, ധർമ്മശാസ്ത്രങ്ങൾ എന്നിവ വേണ്ടുവോളമുണ്ടെങ്കിലും സദാചാരവും ആത്മാവിനു പ്രിയമായതും ധർമ്മലക്ഷണത്തിൽ ഊന്നിപ്പറഞ്ഞിട്ടുള്ള

തിന്റെ രഹസ്യം സർവ്വതന്ത്രസ്വാതന്ത്ര്യമാണ്. ഭാരതമാണ് സനാതനധർമ്മത്തിന്റെ ഉറവിടമെങ്കിലും അതിനെപ്പററി കേട്ടിട്ടുപോലുമില്ലാത്ത പല നാട്ടുകാരും പൂർവ്വപുണ്യസുകൃതത്താൽ സനാതനധർമ്മമാർഗ്ഗത്തിൽ ജീവിച്ച് ധന്യരായിട്ടുണ്ട്. സനാതനമായ ആത്മാനുസന്ധാനമാണതിനു കാരണം.

വേദ: സ്മൃതി: സദാചാര:
സ്വസ്യ ച പ്രിയമാത്മന:
ഏതച്ചതുർവ്വിധം പ്രാഹു:
സാക്ഷാദ് ധർമ്മസ്യ ലക്ഷണം.

ഈ ചതുർവിധലക്ഷണങ്ങളോടുകൂടിയ സനാതനധർമ്മത്തിന്റെ ആറ് ആധാരങ്ങാം സത്യം, ഋതം, ദീക്ഷ, തപസ്സ്, ബ്രഹ്മം, യജ്ഞം എന്നിവയാണ്. മനുഷ്യശരീരമാകുന്ന ക്ഷേത്രത്തിലെ കൂടസ്ഥനായ ആത്മാവിനെ—അതു സർവ്വാന്തര്യമാണ്—സാക്ഷാല്ക്കരിക്കുന്നതിനുള്ള ധർമ്മാചരണോപായങ്ങളാണിവ. പൂർവ്വപുണ്യസുകൃതംകൊണ്ട് സിദ്ധിച്ച ജന്മത്തിൽ സത്യസാക്ഷാല്ക്കാരത്തിനുള്ള ഉപകരണം മാത്രമാണീ ശരീരം. വ്യാവഹാരികജീവിതം ചിട്ടപ്പെടുത്തി നേർമ്മപ്പെടുത്തുന്നതിനെയാണ് 'ഋതം' കൊണ്ടുദ്ദേശിക്കുന്നതു്. അനുഭവജ്ഞരായ മഹാത്മാക്കളുടെ സത്സംഗംകൊണ്ട് ധർമ്മവ്രതനിഷ്ഠയുണ്ടാവുന്നു. ദീക്ഷ സ്വീകരിച്ചാൽ സമർപ്പണഭാവം ജ്വലിക്കുകയും തപസ്സ് (ശമദമാദികളും ഈശ്വരസ്തോത്രജപതപാദികളും) അനുഷ്ഠിക്കുകയും വേണമെന്നാണ് വിവക്ഷ. അവിദ്യയിൽനിന്നു വിദ്യയിലേയ്ക്കു്, വ്യവഹാരവിദ്യയിൽനിന്ന് ആദ്ധ്യാത്മികവിദ്യയിലേയ്ക്കു് കൊണ്ടുചെല്ലുന്നതാണ് ബ്രഹ്മയജ്ഞം. ഇങ്ങനെ പൊതുവേ യജ്ഞമയജീവിതംകൊണ്ട് ശുദ്ധീകരിക്കപ്പെട്ട ജീവനു് പരമലക്ഷ്യപ്രാപ്തി സ്വാഭാവികമായും നേടാം. അതാണ് പൃഥ്വിയെ താങ്ങിനില്ക്കുന്ന ധർമ്മത്തിന്റെ ഷഡാധാരങ്ങളെപ്പററി ധർമ്മശാസ്ത്രം ഉദ്ഘോഷിക്കുന്നതു്:

സത്യം ബൃഹദ് ഋതം ഉഗ്രം ദീക്ഷാ
തപോ ബ്രഹ്മയജ്ഞ: പൃഥിവീം ധാരയന്തി;

ഭാരതമഹർഷിമാരുടെ സനാതനധർമ്മതത്ത്വദർശനം സ്വജീവിതത്തിലൂടെ ആവിഷ്ക്കരിക്കാത്ത യാതൊരു വിശ്വമതാചാര്യ

നമില്ലെന്നു് അവരുടെ ജീവിതസന്ദേശങ്ങൾ ഗ്രഹിച്ചവക്കറിയാം. സാർവജനീനമായ സനാതനധർമ്മത്തിന്റെ സത്യസ്വഭാവമാണതു്. അതു് ആക്കം മാററാനോ മറയ്ക്കാനോ ആവില്ല. അറിഞ്ഞോ അറിയാതേയോ സത്യാന്വേഷികൾ വന്നെത്തുന്നതിവിടെയാണു്— ഈ സനാതനധർമ്മപഥത്തിൽതന്നെ; "വ്യക്തിപരമായി വസ്തുതകളെ സംബന്ധിച്ചു് അഭിപ്രായഭേദമുണ്ടാകാമെന്നതു് ശരിതന്നെ. എന്നാൽ ആ നാനാത്വത്തിലും അവയ്ക്കു് ഒരു ഏകമൂലകത്വമുണ്ടാവും. അതു കണ്ടെത്തുകയാണു് ചിന്തയുടെ ലക്ഷ്യം. അങ്ങനെയുള്ള ചിന്ത നമ്മെ എല്ലാവക്കും അംഗീകരിക്കാവുന്ന ചില സനാതനതത്ത്വങ്ങളിൽ എത്തിക്കുന്നു. ആ തത്ത്വങ്ങളാണു് മനുഷ്യവർഗ്ഗത്തിനു മാർഗ്ഗദർശനം ചെയ്യുന്നതു്, അവയുടെ വെളിച്ചത്തിൽ നന്മതിന്മകൾ വേർതിരിച്ചറിയാം. ആ നന്മതിന്മകൾ സാർവ്വജനീനങ്ങളാകാതിരിക്കാൻ തരമില്ല അവയിൽ നന്മയെ അനുസരിക്കുകയും തിന്മയെ ഉപേക്ഷിക്കുകയുമത്രെ മനുഷ്യന്റെ ധർമ്മം" ഈവിധം സോക്രട്ടീസിനെപ്പോലുള്ള ചിന്തകന്മാക്ക കണ്ടെത്താൻ കഴിഞ്ഞ തത്ത്വദർശനങ്ങൾ ഭാരതതത്ത്വജ്ഞാനികൾക്കു ബാലപാഠങ്ങളായിരുന്നു.

സനാതനനായ സർവ്വേശ്വരൻ സർവ്വവ്യാപകനും സർവാന്തര്യാമിയും സച്ചിദാനന്ദസ്വരൂപനുമാകുന്നു. സത്വരജസ്തമോ ഗുണയുക്തമായ പ്രകൃതിയിലെ മനുഷ്യജീവനു് പരമലക്ഷ്യത്തിലെത്താൻ രജസ്തമോഗുണങ്ങളെ പിന്നിട്ടുകൊണ്ടു് സത്ത്വഗുണത്തിൽ പ്രവർത്തിക്കേണ്ടതായിട്ടുണ്ടു്. ഓരോ ഗുണത്തിലുമുണ്ടു് ആധിഭൗതികം, ആദ്ധ്യാത്മികം, ആധിദൈവികം എന്ന മൂന്നു അവസ്ഥകൾ. ഈ നിലകളിൽ മനസാ വാചാ കർമ്മണാ ജീവനെ പവിത്രമാക്കി ലക്ഷ്യത്തിലെത്തിക്കുന്ന യജ്ഞഭാവസങ്കല്പങ്ങളിൽ പ്രധാനമായ ഒന്നാണു് ക്ഷേത്രവും ക്ഷേത്രാരാധനയും. ഈശ്വരൻ നിർഗ്ഗുണനിരാകാരനെന്നു് അറിഞ്ഞുകൊണ്ടുതന്നെ സഗുണസാകാരരൂപം കല്പിച്ചിരിക്കുന്നു. ആധിഭൗതികം, ആദ്ധ്യാത്മികം, ആധിദൈവികം എന്നീ നിലകളിലെല്ലാം ക്ഷേത്രം സഹായകമായിരിക്കും. പക്ഷെ, മനുഷ്യശരീരപ്രകൃതിയിലാണു് ക്ഷേത്രത്തിന്റെ സ്ഥാനമെന്നു് അറിഞ്ഞു ആചരിക്കണം.

'ക്ഷേത്രം ശരീരപ്രസ്താരം'
"ഇദം ശരീരം കൗന്തേയ
ക്ഷേത്രമിത്യഭിധീയതേ."

ക്ഷേത്ര–ക്ഷേത്രജ്ഞതത്ത്വം പ്രകാശിപ്പിക്കുന്ന ഇത്തരം അനേകം പ്രമാണവാക്യങ്ങളുണ്ട്. പൃഥിവി, ജലം, അഗ്നി, വായു, ആകാശം എന്നീ അഞ്ചും; അഹങ്കാരം, ബുദ്ധി, മൂലപ്രകൃതി എന്നീ മൂന്നും; ജ്ഞാനേന്ദ്രിയങ്ങൾ, കർമ്മേന്ദ്രിയങ്ങൾ, മനസ്സ് എന്നീ കരണങ്ങൾ പതിനൊന്നും; ശബ്ദം സ്പർശം രൂപം, രസം ഗന്ധം എന്നീ ഇന്ദ്രിയവിഷയങ്ങൾ അഞ്ചും ചേർന്ന ഇരുപത്തിനാല് തത്വങ്ങളും ഉപായങ്ങളും (തന്ത്രശാസ്ത്രപ്രകാരം 36 തത്വങ്ങൾ) കൂടിയത് ക്ഷേത്രം. ക്ഷേത്രജ്ഞനെന്നു വ്യവഹരിക്കപ്പെടുന്ന ജീവാത്മാവ് അന്തിമാനുഭൂതിയിൽ ഈശ്വരനായി മാറുന്നു. ഇങ്ങനെ ഭക്തി–ജ്ഞാന–യോഗാദി ആദ്ധ്യാത്മിക ശാസ്ത്രങ്ങളുടെ അടിസ്ഥാനത്തിൽ ആഗമ–തന്ത്രകർമ്മവിധികളനുസരിച്ച് ക്ഷേത്രങ്ങൾ നിർമ്മിച്ച് പ്രാണപ്രതിഷ്ഠ നടത്തി പൂജാവിധാനങ്ങളും ഏർപ്പെടുത്തിയിരിക്കുന്നത് മനുഷ്യാത്മാവിന്റെ ശ്രേയസ്സിന്നാകുന്നു. ഈശ്വരൻകൽ ഭക്തി വിശ്വാസങ്ങൾ ഉളവാക്കുന്നതിനും ആ വഴിയ്ക്ക് സാമൂഹികവും ദേശീയവുമായ ധർമ്മങ്ങൾ അനുഷ്ഠിക്കുന്നതിനും ക്ഷേത്രത്തിൽനിന്നു പ്രചോദനമുണ്ടാവണം. ഈ വിധം സഗുണ സാകാരാരാധനയിലൂടെ നിർഗ്ഗുണ–നിരാകാര നിലയിലേയ്ക്ക് ഓരോ ജീവനും ഉണർന്ന് ഉയരേണ്ടതാണ് ഉദ്ദേശം.

പ്രഥമാ പ്രതിമാപൂജാ
ജപസ്തോത്രാദി മദ്ധ്യമഃ
ഉത്തമോധ്യാനസദ്ഭാവഃ
സോഽഹം പൂജോത്തമോത്തമാ.

ഈശ്വരാവതാരങ്ങളെയെന്നപോലെ ഓരോ ക്ഷേത്രമൂർത്തിയേയും 'അർച്ചാവതാര'മെന്നു നിർവ്വചിച്ചിരിക്കുന്നു. ഇത്തരം പ്രതിമാപ്രതീകോപാസനകളെപ്പററി വേണ്ടവിധം അറിയാത്തവർ വിപരീതവ്യവഹാരങ്ങളിൽപ്പെട്ടു് വലയാറുണ്ട്. സനാതനധർമ്മ സമ്മതമായ ഈ സഗുണസാകാര ഉപാസന ഒരു വിധത്തിലല്ലെങ്കിൽ മറെറാരു വിധത്തിൽ ലോകത്തിലെങ്ങുമുള്ള ഏതു മനുഷ്യർക്കുമുണ്ടെന്നതാണ് വാസ്തവം. ഹിന്ദുക്കൾ കൂടുതൽ യുക്തിയുക്തമായും അതു് അംഗീകരിക്കുന്നുവെന്നതാണു വിശേഷത.

അടിസ്ഥാനപരമായ ചില മൗലികതത്ത്വങ്ങളാൽ ഉദ്ബുദ്ധമായിത്തീരുന്ന ജീവിതത്തിന്റെ പരമോൽകൃഷ്ടമായ പ്രവർത്തനരീതിയാണ് സംസ്ക്കാരം. കല, മതം, സാഹിത്യം, സാമൂഹ്യനടപടികൾ, വ്യക്തികളുടെ പ്രവർത്തനങ്ങൾ ഇവയിലൂടെയെല്ലാം പ്രകടമാകുന്ന ചില മൂല്യങ്ങളുടെ ആകത്തുകയാണ് സംസ്ക്കാരം. ബഹുജനഹിതവും ആത്മമോക്ഷവുമാകുന്ന ഈ സനാതന ധർമ്മസംസ്ക്കാരത്തിന്നനുയോജ്യമായ വിധം ധർമ്മതത്ത്വങ്ങളെ ഗ്രഹിക്കേണ്ടതായിട്ടുണ്ട്. തത്ത്വശാസ്ത്രമെന്നും ആചാരശാസ്ത്രമെന്നും പൊതുവേ രണ്ടായി കാണപ്പെടുന്ന ധർമ്മം അനുഷ്ഠാന പ്രധാനമാകുന്നു. ധർമ്മനിഷ്ഠയില്ലാത്ത വ്യക്തികൾ ചേർന്ന സമൂഹത്തിന്റെ മതപരമായ ആവേശം സ്ഥായിയായി നിലനിൽക്കുകയില്ല. അതിനാൽ സനാതനമായ ഈശ്വരഭാവമെന്ന ജീവിത ലക്ഷ്യത്തിൽ എത്തിച്ചേരുന്നതിനുള്ള ഏണിപ്പടികളാണ് ധർമ്മാനുഷ്ഠാനങ്ങൾ, സാധനകൾ. അതിൽ പ്രാഥമികവും പ്രധാനവുമായ നിലയാണു പുണ്യക്ഷേത്രങ്ങൾക്കുള്ളത്. *

# 30 ഭാരതത്തിലെ പ്രാചീന ഗ്രന്ഥശാലകൾ

സംസ്കാരസമ്പന്നരായ ഒരു ജനസമൂഹമായിരുന്നു പ്രാചീന ഗ്രന്ഥശാലകളുടെ ലക്ഷ്യം. പ്രാചീന ഗ്രന്ഥശാലകളെന്നു പറയുമ്പോൾ ഭാരതത്തിലെ വൈദികകാലഘട്ടങ്ങളിലും ശ്രുതി പ്രധാനമായ സരസ്വതീക്ഷേത്രങ്ങൾ സജീവമായി പ്രവർത്തിച്ചിരുന്നുവെന്നും 'ജ്ഞാനയജ്ഞം' എന്നപേരിൽ ഗ്രന്ഥശാലകളുടെ ഉദ്ദേശം ഉത്തമമായി സാധിച്ചിരുന്നുവെന്നും നാം മനസ്സിലാക്കണം. 'സാർവ്വകാലിക'ങ്ങളായ ഗ്രന്ഥങ്ങൾ വേണ്ടുവോളം ഉണ്ടായിരുന്നു.

* കാലടി, ശ്രീരാമകൃഷ്ണ അദ്വൈതാശ്രമം 1976 ഏപ്രിൽ മാസത്തിൽ പ്രസിദ്ധപ്പെടുത്തിയ "സമർപ്പണം" സ്മരണിക ഗ്രന്ഥത്തിൽ പ്രസിദ്ധപ്പെടുത്തിയതു്.

ഗ്രന്ഥങ്ങാം ഉണ്ടാവുമ്പോാം അവയുടെ സൂക്ഷിപ്പിനും പഠനത്തിനും വേണ്ട വ്യവസ്ഥകളും ഉണ്ടായിരിക്കണമല്ലോ. അന്ന വിദ്യാപ്രപഞ്ചത്തിൻെറ പ്രഭാവം മുഴുവനും വേദമായിരുന്നു.

കടലാസും അച്ചടിയും ഇല്ലാതിരുന്ന കാലഘട്ടത്തിലും ഭാരതത്തിൽ ആയിരമായിരം ഗ്രന്ഥശാലകാം ഉണ്ടായിരുന്നെന്നും അവയിൽകൂടി സ്വദേശത്തിലും വിദേശങ്ങളിലും വിജ്ഞാനവിതരണം നടത്തിയിരുന്നുവെന്നും വിളിച്ചറിയിക്കുന്ന നിരവധി ചരിത്രരേഖകളെടുത്തു നിരത്താനുണ്ട്. ചരിത്രകാലത്തേയ്ക്ക് കടക്കുമ്പോഴേയ്ക്ക് കൂടുതൽ സ്പഷ്ടവും പ്രാമാണികവുമായി ഇവ ഗ്രഹിക്കുവാൻ കഴിയുന്നുമുണ്ട്. പുരാതന കാലങ്ങളിൽ സാമൂഹികവികാസത്തിനും വളർച്ചയ്ക്കും വേണ്ടുന്ന മറ്റെല്ലാ തുറകളിലുമെന്നപോലെ ഗ്രന്ഥശാലകാംക്കും ആസ്ഥാനങ്ങളായി നിലകൊണ്ടതു് ദേവാലയങ്ങളും ധർമ്മസ്ഥാപനങ്ങളുമായിരുന്നു.

വിഷയങ്ങളുടെ ഗുരുലാഘവത്വങ്ങളനുസരിച്ച് പണ്ട് മുതം ഫലകങ്ങാം, മൃഗചർമ്മങ്ങാം, ഭൂർജപത്രം, താളിയോല, താമ്രപത്രം, സ്വർണ്ണത്തകിട് എന്നിത്യാദികളിലാണ് പുസ്തകങ്ങാം രചിച്ചിരുന്നതു്. ഇത്തരം നിരവധി അമൂല്യഗ്രന്ഥങ്ങാം ഭാരതത്തിൽ നിന്നും ജർമ്മനിയിലേക്കും മററും കടത്തിക്കൊണ്ടു പോയതായി വെളിപ്പെട്ടിട്ടുണ്ട്. ഇന്നു ബർളിൻ നഗരം സംസ്കൃതവിജ്ഞാനത്തിൻെറ ഒരു സുപ്രസിദ്ധ കേന്ദ്രമാകുന്നു.

ആദ്യകാലങ്ങളിൽ ഗ്രന്ഥങ്ങളുടെ ദൌർലഭ്യം മൂലം പണ്ഡിതന്മാർ അവയെ മനഃപാഠമാക്കിയിരുന്നു. എന്നാൽ ബി. സി. 1000ത്തിനുശേഷം സാഹിത്യത്തിനു–വിശേഷിച്ചു മതസംബന്ധമായ സാഹിത്യത്തിനു–ഭാരതഖണ്ഡത്തിലുണ്ടായ അത്ഭുത പൂർവ്വമായ വികസനം ഹേതുവായി എത്ര അസാമാന്യനായ ബുദ്ധിമാനും എല്ലാ ഗ്രന്ഥങ്ങളും മനഃപാഠമാക്കുക അസാദ്ധ്യമാക്കിത്തീർത്തു. ബുദ്ധമതത്തിൻെറയും ജൈനമതത്തിൻെറയും വൈദികമതത്തിലെ പുതിയ ശാഖകളുടെയും ആവിർഭാവത്തോടുകൂടി ഗ്രന്ഥങ്ങളുടെ എണ്ണവും വണ്ണവും അത്ഭുതമായി വർദ്ധിച്ചു. ബുദ്ധധർമ്മത്തിലെ മുഖ്യമായ മതഗ്രന്ഥങ്ങാംക്കു നൽകിയ പേർ—ത്രിപിതക (മൂന്നു

കൊട്ടകഠം)—അർത്ഥഗർഭമാണ്. ബുദ്ധൻെറ കാലത്തിന്നുമുമ്പ് തന്നെ തക്ഷശിലപോലുള്ള കലാശാലകളിൽ വമ്പിച്ച ഗ്രന്ഥശേഖരങ്ങഠം വളൻവന്നിരുന്നു.

ബുദ്ധമതത്തിന്ന ഭാരതത്തിൽ പ്രാബല്യമുണ്ടായിരുന്ന പത്തു ശതാബ്ദങ്ങളിൽ രാജ്യത്തിൻെറ നാനാഭാഗങ്ങളിൽ പ്രഖ്യാതി സമ്പാദിച്ച കലാശാലകഠം ഉത്ഭവിച്ചു. കാശി, ഉജ്ജയിനി, അജന്ത, നളന്ദ, കാഞ്ചിപുരം മുതലായവ ഉദാഹരണങ്ങളാണ്. അവിടങ്ങളിൽ ലോകപ്രസിദ്ധിയാന്ന ഗ്രന്ഥശേഖരങ്ങളുണ്ടായിരുന്നു. ഈ ഗ്രന്ഥശേഖരങ്ങളായിരുന്നു മുഖ്യമായി ചീനയിൽ നിന്നു അനവധി തീർത്ഥയാത്രക്കാരെ ഇന്ത്യയിലേക്കാകർഷിച്ചതു്. ഇവരിൽ പ്രമുഖനായ ഹിയു അങ്ങ് തസാങ്ങ സ്വരാജ്യത്തേക്ക് തിരിച്ചപ്പോഠം അദ്ദേഹം 20 കുതിരപ്പുറത്തു കയററുവാനാകുന്ന ഗ്രന്ഥങ്ങഠം കൂടെ കൊണ്ടുപോയെന്നു അദ്ദേഹം തന്നെ രേഖപ്പെടുത്തിയിരിക്കുന്നു.

[ദി സെൻട്രൽ പബ്ലിക്ക് ലൈബ്രറിയുടെ സിൽവർ ജൂബിലി പ്രമാണിച്ചുള്ള 1959 ലെ 'ഗ്രന്ഥാലയദർപ്പണ'ത്തിൽ പ്രസിദ്ധപ്പെടുത്തിയതാണീ ലേഖനം ഇതിൻെറ ബാക്കി കാണാതെയായതിനാൽ അപൂർണ്ണമായിവിടെ നിർത്തേണ്ടിവന്നു.]

★

# 31 'മെക്കാ' നഗര നിർമ്മാതാക്കൾ ഭാരതീയ വ്യാപാരികൾ

"ലോകമേ തറവാട്" എന്ന തത്വവേത്താക്കളായ പ്രാചീന ഭാരതീയരിൽ വിവിധദേശങ്ങളുമായി വ്യാപാര ബന്ധത്തിൽ ഏർപ്പെട്ടിരുന്നവർപോലും ഭാരതീയവിജ്ഞാനാമൃത വിതരണം നിസ്വാർത്ഥബുദ്ധ്യാ നിർവ്വഹിച്ചുകൊണ്ടിരുന്നുവെന്ന് കാണാവുന്നതാണ്. ഏതെങ്കിലും രാജ്യത്തേയോ വർഗ്ഗക്കാരേയോ പിടിച്ചടക്കണമെന്ന ദുർമ്മോഹം അവരെ തീണ്ടിയിട്ടുപോലുമില്ലാ

യിരുന്നു. ഭാരതീയ സ്നേഹദൂതന്മാർ പ്രാണനെ പണയംവെച്ചും വിദൂര സ്ഥലങ്ങളിൽ ചുററി സഞ്ചരിച്ചു് മനുഷ്യസമുദായത്തെ കാടത്തത്തിൽനിന്നു മനുഷ്യത്വത്തിലേക്കു് തിരിച്ചുവിട്ടുകൊണ്ടിരുന്നു. ഭാരതീയ സംസ്ക്കാരവും പരിഷ്ക്കാരവുമെന്താണെന്നറിഞ്ഞ ജ്ഞാനപിപാസുക്കഠം മുഖേന അവരവരുടെ ദേശങ്ങളിൽ പരിഷ്കൃതജീവിതത്തിനുള്ള വിത്തുകഠം പാകി കിളർപ്പിച്ചു.

അറേബ്യക്കാക്കു് ഭാരതത്തിനോടുണ്ടായിരുന്ന ഭക്ത്യാദരവുകഠം എപ്രകാരമുള്ളതാണെന്നു് വെളിപ്പെടുത്തുന്ന 'ഉമ്മർബിനേ ഹസാമി'ൻെറ പ്രാചീനപ്രാർത്ഥനാഗാനത്തിൽെറ അവസാനഭാഗമാണു് ചുവടെ ഉദ്ധരിക്കുന്നതു്. ഈശ്വരനെ സ്തുതിച്ചുകൊണ്ടു് അദ്ദേഹം പ്രാർത്ഥിക്കുകയാണു്:——

വസഹബീകയാമ്ഹീമകാമിൽ ഹിന്ദേയൗമൻ,
യ കലൂൻ ലാലഹസൻ ഫയിന്നക്കു് തവജ്ജർ.

സാരം:— 'ഹേ പ്രഭോ! എൻെറ ജീവനെപ്പോലും എടുത്തുകൊണ്ടു് പകരം ഹിന്ദുസ്ഥാനിൽ (ഭാരതത്തിൽ) ജീവിക്കുവാനൊരു സന്ദർഭം നൽകിയാലും! എന്തെന്നാൽ മനുഷ്യരവിടെ സ്വതന്ത്രരാണു്, ദുരിതവും ദുഃഖവുമില്ലാത്തവരാണു്. മനുഷ്യൻ അവിടെ ചെന്നു് മോക്ഷം പ്രാപിക്കുന്നു.''

ഇതു് അകാരണമായ ഒരാദരപ്രകടനമല്ലായിരുന്നു എന്നതു് വളരെ സ്പഷ്ടമാണു്. അറേബ്യയിലെ പണ്ഡിതനായ ''അല്ലാമാഹമ് സാബക്കു്'' രചിച്ചിട്ടുള്ള അറേബ്യയുടെ ഗവേഷണപരമായ ചരിത്രഗ്രന്ഥം ഇതിനൊരു മകുടോദാഹരണമാണു്. 1932-ൽ ലണ്ടനിൽ നിന്നും പ്രസിദ്ധീകരിച്ച ഈ പുസ്തകത്തിൻെറ പേരു് 'താരീഖ്തമദ്ദൻ അറബി' എന്നാണു്. മെക്കാപട്ടണത്തിൻെറ ആദിനിർമ്മാതാക്കഠം ഭാരതീയ വ്യാപാരികളാണെന്നുള്ള വസ്തുത ഈ ഗ്രന്ഥത്തിൽകൂടി നിർവ്വിശങ്കം പ്രഖ്യാപിക്കുന്നു. യഹൂദരുടേയും മുസ്ലീങ്ങളുടേയും മതഗ്രന്ഥങ്ങളിലും ബൈബ്ളിലും ചില്ലറ വ്യത്യാസങ്ങളോടുകൂടി പ്രതിപാദിച്ചിരിക്കുന്ന അബ്രഹാമിൻെറ (ഇബ്രാഹിം) കഥയാണു് ഭാരതീയ വ്യാപാരികളുമായി സംബന്ധിപ്പിക്കുന്ന ചരിത്രകാലം. ആ കഥയിപ്രകാരമാണു്:—മുഹമ്മദ് നബിയുടെ പൂർവ്വീകരായ യഹൂദരുടേയും പൂർവ്വീകനാണു് ഇബ്രാ

ഹീം. അദ്ദേഹത്തിനു് സായെറാ എന്നൊരു ഭാര്യയും ഹാസ്ഠാ എന്നു പേരുള്ള ഒരു വെപ്പാട്ടിയുമുണ്ടായിരുന്നു. സാറായ്ക്കു് സന്താനമുണ്ടായില്ല. പ്രായം ചെന്നിട്ടാണെങ്കിലും ഹാസ്ഠായ്ക്കു് ഒരു പുത്രൻ ജനിച്ചു. സന്താനഭാഗ്യത്താൽ വൃദ്ധനായ ഇബ്രാഹീമിനു് ഹാസ്ഠായോടു് കൂടുതൽ കൂറുണ്ടായതു് സാറായ്ക്കു് അസഹനീയമായിത്തീന്നു. കണ്ഠിതംമൂത്തു് കോപാവിഷ്ടയായിത്തീന്ന സാറാ, ഹാസ്ഠായേയും പുത്രനേയും ഒരു ഒട്ടകത്തിന്മേലിരുത്തി മരുഭൂമിയിൽ കൊണ്ടുവിടണമെന്നും, അവർ അവിടെകിടന്നു മരിക്കണമെന്നും വിധിച്ചു. സ്വഭാര്യയുടെ ആജ്ഞ അനുവർത്തിക്കുവാൻ നിർബ്ബന്ധിതനായ ഇബ്രാഹീം ഹാസ്ഠായേയും പുത്രനായ ഇസ്മായിലിനേയും അറേബ്യയിലെ മരുഭൂമിയിൽ (ഇന്നത്തെ മെക്കാ) കൊണ്ടു ചെന്നുപേക്ഷിച്ചിട്ടുപോന്നു....' യഹൂദ, ക്രിസ്ത്യൻ, മുസ്ലീം ഗ്രന്ഥങ്ങളിൽ ഇക്കഥ ഇതുവരെ വ്യത്യാസമില്ലാതെ എഴുതിയിട്ടുണ്ടു്. യഹൂദ, ക്രിസ്ത്യൻ പുസ്തകങ്ങളിൽ സാറായുടെ ക്രോധം ക്രമേണ ശമിച്ചപ്പോഠം ഹാസ്ഠായേയും പുത്രനേയും തിരിച്ചു കൂട്ടിക്കൊണ്ടുപോന്നുവെന്നാണു് എഴുതിയിരിക്കുന്നതു്. എന്നാൽ അവരുടെ തിരിച്ചുവരവിനെ മുസ്ലീങ്ങഠം അംഗീകരിക്കുന്നില്ല. മുസ്ലീം മതപുസ്തകത്തിലാകട്ടെ ഹാസ്ഠായും കുട്ടിയും ആ മരുഭൂമിയിൽ ദൈവം അത്ഭുതമാംവിധം ആഹാരങ്ങഠം നൽകി രക്ഷിച്ചു എന്നാണു് പറയുന്നതു്. അലൗകിക സഹായങ്ങഠം അവക്കു ലഭിച്ചുവെന്നും പറയുന്നുണ്ടു്

ആ അലൗകിക സഹായം എന്തായിരുന്നുവെന്നും, ആ സഹായഹസ്തം നീട്ടിയതാരായിരുന്നുവെന്നും മററുമുള്ള വസ്തുതകഠം അല്ലാമാഹമ്സാബക്ക, തന്റെ 'താരിഖ് തമദ്ദുൻ അറബി'യിൽ, വ്യക്തമാക്കിയിട്ടുണ്ടു്. സ്വാഭാവികവും ഗവേഷണപരവുമായ രീതിയിലാണു് 'അല്ലാമാ' അതെഴുതിയിരിക്കുന്നതു്. മററു് മുസ്ലീം ഗ്രന്ഥകാരന്മാരെപ്പോലെ അസംഭവങ്ങളും പ്രാകൃതങ്ങളുമായ അത്ഭുതങ്ങളെക്കൊണ്ടല്ല കൈകാര്യം ചെയ്തിരിക്കുന്നതു്. അദ്ദേഹം 'താരീഖ് തമദ്ദുൻ അറബി'—263—ാം പുറത്തു് എഴുതുന്നു:—ഇബ്രാഹീം തന്റെ പുത്രനായ ഇസ്മായിലിനേയും അവന്റെ അമ്മയേയും മരുഭൂമിയിൽ ഉപേക്ഷിച്ചിട്ടു് പോയപ്പോഠം പ്രാണരക്ഷണാർത്ഥം ദയനീയരോദനം ചെയ്തുകൊണ്ടു് ഹാസ്ഠാ കുട്ടിയേയും തോളിലേററി

അങ്ങുമിങ്ങും അലഞ്ഞുനടന്നു. കുറേയേറെ ദൂരംവരെ മനുഷ്യവാസമുള്ള ലക്ഷണങ്ങളൊന്നും കണ്ടില്ല. അവസാനം ദാഹവും ക്ഷീണവും കൊണ്ടു് അവശയായ നിലയിൽ അടുത്തുകണ്ട ഒരു കുന്നിൻെറ മുകൾ നിരപ്പിലേക്കു് കയറിച്ചെന്നു നോക്കിയപ്പോൾ കുറേദൂരത്തായി കുന്നിൻെറ മറെറാരു ചരുവിൽ ആൾ പാർപ്പുള്ളതിൻെറ ലക്ഷണങ്ങൾ കാണായി അവൾ കുട്ടിയേയും എടുത്തുകൊണ്ടു് ആ ഗ്രാമത്തിലെത്തിച്ചേർന്നു."

ആ ഗ്രാമം ഏതാളുകളുടേതായിരുന്നുവെന്നും, അതിനെന്തു പേരായിരുന്നുവെന്നും വിവരിച്ചുകൊണ്ടു് 264–ാം പുറത്തു് ഇപ്രകാരം തുടരുന്നു:—ഇപ്പോഴത്തെ മെക്കാ നഗരത്തിൽനിന്നും തെക്കു പടിഞ്ഞാറായി നേരേ പോകുമ്പോൾ സുമാർ 20 മൈൽ ദൂരമുണ്ടു് സമുദ്രതീരത്തേയ്ക്കു്. മെക്കാ നഗരത്തിനു് തെക്കു പടിഞ്ഞാറുള്ള 'ജബലേ ബുക്കു് ബീസ്' എന്ന കുന്നിൻെറ മറുവശത്തു് ഇന്നേയ്ക്കു് 2500 വർഷങ്ങൾക്കു മുൻപു് സമുദ്രതിരകളടിച്ചു് പ്രക്ഷാളനം ചെയ്തുകൊണ്ടിരുന്നു. അതിപ്രാചീനകാലം മുതൽ ഭാരതീയ വ്യാപാരികൾ ചെങ്കടൽ വഴിയായി യൂറോപ്പിൻേറയും ആഫ്രിക്കയുടേയും വടക്കൻ പ്രദേശങ്ങളുമായി വ്യാപാരം നടത്തിവന്നിരുന്നു. ഈ ഭാരതീയ വ്യാപാരികൾ മലബാറിലേയും, ഗുജറാത്തിലേയും തുറമുഖങ്ങളിൽനിന്നും പുറപ്പെട്ടു് അറേബ്യൻ കടൽ മാർഗ്ഗം ചെങ്കടലിൽ ഇന്നത്തെ മെക്കാ നഗരത്തിൽനിന്നും രണ്ടു മൈൽ തെക്കുപടിഞ്ഞാറുള്ള തുറമുഖത്തിൽ സാമാനങ്ങൾ അടുപ്പിച്ചുകൊണ്ടിരുന്നു. ഇവിടെ അവർ വലിയ വലിയ കെട്ടിടങ്ങളും പണ്ടകശാലകളും ധർമ്മശാലകളും നിർമ്മിച്ചു. ഒരു കാലത്തു് ഈ സ്ഥലം ഒരുതരം അറേബ്യൻ കൊള്ളക്കാരുടെ നിവാസ സ്ഥാനമായിരുന്നു. ഇവിടെയാണു്. ഭാരതീയ വ്യാപാരികൾ അവരുടെ തുറമുഖപട്ടണം സ്ഥാപിച്ചതു്. കടലിലെ അനുകൂല കാലാവസ്ഥകളനുസരിച്ചു് അവർ സാമാനങ്ങൾ അയക്കുകയും വരുത്തുകയും ചെയ്തുകൊണ്ടിരുന്നു. അറേബ്യൻ കടലിൽ പടിഞ്ഞാറൻ കാററടിച്ചു തുടങ്ങുമ്പോൾ ഹിന്ദുസ്ഥാനത്തിലെ ഈ കച്ചവടക്കാർ കപ്പലുകളിൽ സാമാനങ്ങൾ കയററിക്കൊണ്ടു് അറേബ്യയിലേക്കു തിരിച്ചിരുന്നു. സാമാനങ്ങളെല്ലാം ഇവിടെ അടുപ്പിച്ചശേഷം ഇവിടെ നിന്നും ഒട്ടകങ്ങളുടെയും കോവർ കഴുതകളുടേയും ചുമലിലേററി പാലസ്റ്റീനിലേക്കു് അയക്കും. പാലസ്റ്റീനിൽ നിന്നും രണ്ടുവഴിക്കു തിരിക്കുന്നു ഒരു വിഭാഗം മിശ്രമാർഗ്ഗങ്ങളിൽ കൂടി ഉത്തരാഫ്രിക്കൻ പ്രദേശങ്ങളിലേക്കും, മറേറ വിഭാഗം ഏഷ്യാ

മൈനറിൽക്കൂടി യൂറോപ്പിലേക്കും പോകുക പതിവായിരുന്നു. ഇപ്രകാരംതന്നെ ആ സ്ഥലങ്ങളിൽനിന്നും ഭാരതത്തിലേക്ക് കൊണ്ടുപോരേണ്ടതായ സാമാനങ്ങളും പ്രസ്തുത തുറമുഖത്തിൽ അടുപ്പിച്ചിരുന്നു. അറേബ്യൻ കടലിൽ കിഴക്കൻ കാററടിക്കുന്ന കാലാവസ്ഥയിൽ ഭാരതത്തിലേക്കും യാത്ര തിരിച്ചിരുന്നു. കൊള്ള സഞ്ചാരികളുടെ ആവാസസ്ഥാനമായിരുന്ന ഈ സ്ഥലം ക്രമേണ യൂറോപ്പിൻേറയും ആഫ്രിക്കയുടെയും ഒരു പ്രധാന കച്ചവടകേന്ദ്രമായി മാറി. അവിടെ പ്രതിദിനവും ആയിരക്കണക്കിന് ഒട്ടകങ്ങളും കോവർ കഴുതകളും സാമാനങ്ങളും ചുമന്നുകൊണ്ട് വന്നും പോയുമിരുന്നു വലിയ വലിയ സൗധങ്ങളും ക്ഷേത്രങ്ങളും ഉയർന്നുവന്നു;ധർമ്മശാലകളും വഴിയമ്പലങ്ങളും നഗരത്തെ കൂടുതൽ ആകർഷണീയമാക്കി. ഈ നഗരത്തിനൊരു രാജാവോ പ്രത്യേക ഭരണാധികാരികളോ ഇല്ലായിരുന്നു. നഗരനിർമ്മാതാക്കളായ വ്യാപാരികൾതന്നെ തങ്ങളിൽനിന്നും 5 പ്രമുഖ വ്യക്തികളെ തെരഞ്ഞെടുത്തു് 5 മുതൽ 10 വർഷങ്ങൾവരെ ഭരണാധികാരികളായി നിയോഗിച്ചിരുന്നു നഗരനിവാസികളേയും അവരുടെ ധനാദികളേയും അറബിക്കൊള്ളവർഗ്ഗക്കാരിൽനിന്നും സംരക്ഷിക്കുവാനായി ഒരു ചെറിയ സൈന്യവും ഈ അഞ്ചംഗഭരണാധികാരികളുടെ അധീനതയിലുണ്ടായിരുന്നു. ഈ നഗരത്തിൻെറ പേരു് 'മഹേശ' അഥവാ 'മഹേശ്വർ' എന്നായിരുന്നു.''

ഭാരതീയ വ്യാപാരികളുടെ വ്യവസ്ഥാപിതവും നീതിപൂർണ്ണവുമായ ഭരണരീതിയെ പരാമർശിച്ചുകൊണ്ട് അല്ലാമാ 'താരീഖ്'' തമദ്ദൂൽ അറബി' 282—ാം പുറത്തു് ഇപ്രകാരം തുടർന്നെഴുതുന്നു:—'1926-ാം മാണ്ടിൽ സുൽത്താൻ ഇബ്നെ സവൂദിൻെറ ആജ്ഞാനുസരണം മിസ്രദേശത്തിലെ പുരാതത്വഗവേഷണ സംഘം മെക്കാ നഗരത്തിൽനിന്നും 4—മൈൽ തെക്കു മാറി ചില ഉയർന്ന ഭൂസ്ഥലങ്ങൾ ഖനനം ചെയ്യിച്ചതിൻെറ ഫലമായി നിരവധി പ്രാമാണികരേഖകൾ കണ്ടുകിട്ടിയിട്ടുണ്ട്. ഭാരതീയ ദേവീദേവന്മാരുടെ അനേകം വിഗ്രഹങ്ങളും വിലയേറിയ രണ്ടു ശിലാലിഖിതങ്ങളും ലഭിച്ചു. സംസ്കൃത ഭാഷയിലുള്ള ഈ രണ്ടു് ശിലാലിഖിതങ്ങളിൽ ഒന്നു് വൈദിക പ്രാർത്ഥനയാകുന്നു. അതിൽ ഭാരതീയ ദേവതകളായ ഇന്ദ്രൻ, വരുണൻ, മിത്രൻ എന്നീ നാമങ്ങൾ പ്രത്യേകം എടുത്തു പറ

ഞ്ഞിട്ടുണ്ട്. രണ്ടാമത്തേതു് നഗരവാസികളുടേയും കച്ചവടക്കാരുടേയും ഓർമ്മയ്ക്കായെഴുതിയിട്ടുള്ള രാജാജ്ഞയാണു്. അതിൽ സൂചിപ്പിച്ചിട്ടുള്ള 5 കാര്യങ്ങൾ ഇപ്രകാരമാണു്:— 1. സാമാനങ്ങൾ ആരും തുറന്നു വെച്ചേയ്ക്കരുതു്. മഴയും വെയിലുമേററു സാമാനങ്ങൾ ചീത്തയാകാതിരിക്കാൻ സൂക്ഷിക്കണം. 2. ഒട്ടകങ്ങളുടേയും കോവർകഴുതകളുടേയും ഉടമസ്ഥന്മാർക്കുള്ള വാടകത്തുക നേരത്തെ അടച്ചിരിക്കണം. 3. അന്യസ്ഥലങ്ങളിൽനിന്നും വരുന്ന കച്ചവടക്കാരോടു് സർവ്വദാ സത്യസന്ധതയോടും വിശ്വാസയോഗ്യമായും പെരുമാറണം. 4. ദേവാർപ്പണം ചെയ്ത സ്വത്തുക്കൾ ഉടനേ മുഖ്യനഗരപാലകന്റെ മേൽനോട്ടത്തിലാക്കുക. 5. തക്ക വിഷയങ്ങൾ പ്രധാന ന്യായാധിപന്റെ മുമ്പിൽ പറഞ്ഞറിയിക്കേണ്ടതാണു്" ഇക്കാര്യങ്ങളെക്കൊണ്ടുതന്നെ ഭാരതീയർ കച്ചവടത്തിലും സത്യസന്ധരും അഗ്രഗണ്യരും ആയിരുന്നുവെന്നും അവർ അന്യരോടു് സൗഹാർദ്ദപൂർവ്വം പെരുമാറിയിരുന്നുവെന്നും മനസ്സിലാക്കാവുന്നതാണു്. സംസ്കൃതത്തിലുള്ള ഈ ശിലാലിഖിതങ്ങൾ മിസ്രയീം പുരാതത്വഗവേഷണ വിഭാഗത്തിന്റെ മേൽനോട്ടത്തിലുള്ള കാഹെറാമ്യൂസിയത്തിലെ അറബി വകുപ്പിൽ സൂക്ഷിച്ചിട്ടുണ്ടു്.

ഇങ്ങനെ പ്രാചീന രേഖകളേയും പ്രാമാണിക വസ്തുതകളേയും കുറിച്ചു് സൂക്ഷ്മമായി പരിചിന്തനം ചെയ്തുകൊണ്ടു് ഗ്രന്ഥകാരൻ 298-ാം പുറത്തു് ഇങ്ങനെ തുടരുന്നു:— "ഇസ്മായിലിന്റെ മാതാവു് ബുക്ബീസ് ഗുകംപ്പുരപ്പിൽനിന്നും കണ്ടെത്തിയതായ ജനവാസസ്ഥലം ഈ മകേശാ (മഹേശ്വർ) നഗരമായിരുന്നു. ആ നിസ്സഹായസ്ത്രീ വിശപ്പും ദാഹവുംകൊണ്ടു് പരിക്ഷീണനായ ശിശുവിനേയും കൊണ്ടു് നഗരത്തിലെത്തിച്ചേർന്നപ്പോൾ ദ്വാരപാലകൻ അവരെ മുഖ്യനഗരപാലകന്റെ മുൻപിൽ ഹാജരാക്കി. ദുഃഖാർത്തയായ ഹാസ്റാ തന്റെ ചരിത്രം മുഴവൻ അദ്ദേഹത്തെ പറഞ്ഞു കേൾപ്പിച്ചു. അതു സശ്രദ്ധം കേട്ടുകൊണ്ടിരുന്ന പ്രധാന ഉപദ്രഷ്ടാവിന്റെ ഹൃദയം കരുണാർദ്രമായി. നഗര പിതാവിന്റെ മേൽനോട്ടത്തിൽ തന്നെ ആ മാതാവിനേയും പുത്രനേയും സുഖപൂർവം സംരക്ഷിച്ചു പോന്നു. പ്രായമായതോടുകൂടി ഇസ്മായിലിനെ ശാസ്ത്രാസ്ത്രവിദ്യകൾ അഭ്യസിപ്പിച്ചു. വിവിധവിദ്യകളിലും അസാമാന്യ വീരത്വം പ്രകടിപ്പിച്ച ഇസ്മായിലിനെ നഗര സംരക്ഷണ സൈന്യത്തിന്റെ സേനാനായകനായി നിയോഗിച്ചു. തന്റെ പുത്രനായ ഇസ്മായി

ലിൻെറ ഉന്നമനത്തെയും യോഗ്യതകളെയും കുറിച്ച് വ്യാപാരികൾ മുഖേന പറഞ്ഞറിഞ്ഞ ഇബ്രാഹീം മക്കേശറിൽവന്ന് ഇസ്മായിലിനെ തൻെറ കൂടെ വരുവാൻ വാത്സല്യപൂർവം വിളിച്ചുവെങ്കിലും ഹാസ്രായും ഇസ്മായിലും അതു് നിരസിക്കുകയാണ് ചെയ്തതു്. എന്നാൽ പശ്ചാത്താപവും പുത്രവാത്സല്യവും നിമിത്തം ഇബ്രാഹിം കൂടക്കൂടെ മക്കേശറിൽവന്നും പോയുമിരുന്നു. ഇസ്മായിൽ വിവാഹിതനായി ആദ്യപുത്രൻ ജാതനായപ്പോൾ അപ്പൂപ്പനായ ഇബ്രാഹിം ഏറെ സന്തോഷിച്ചു പൗത്രജനനം പ്രമാണിച്ച് ഒരു പ്രമുഖക്ഷേത്രംകൂടി പണിയിക്കുവാനുള്ള ആഗ്രഹം പ്രകടിപ്പിച്ചു. ഇസ്മായിലിൻെറ രക്ഷകർത്താവായ നഗര പിതാവിൻെറ അജ്ഞാനുസരണം ക്ഷേത്രം നിർമ്മിക്കുവാനാരംഭിച്ചു. പ്രസ്തുത ക്ഷേത്രം പണിയിക്കുവാനായി നഗരവാസികളും വ്യാപാരികളും ഒന്നുചേർന്ന് യത്നിച്ചു. ധനംകൊണ്ടും അദ്ധ്വാനംകൊണ്ടുമുള്ള സഹായസഹകരണങ്ങൾ നൽകി. ഇതാണ് ഇന്നത്തെ മക്കാ നഗരത്തിൻെറ ഉത്ഭവം. ഇപ്രകാരമാണ് ഇന്നത്തെ 'ഖാനാ–കാബാ–ബൈതുല്ലാഹ (അല്ലാഹുവിൻെറ ഗൃഹം) വിൻെറ അടിത്തറ കെട്ടിപ്പടുത്തതു'?'' *

(താരീഖ് തമദ്ദൂൻ അറബി പുറം 298–299)

# 32 പ്രാചീന അറേബ്യരുടെ വിക്രമാദിത്യ ഗുണഗാനം

**ഭാ**രതത്തിൽ 'വിക്രമാബ്ദം' എന്നറിയപ്പെടുന്ന ഹിന്ദുവർഷം കാളിദാസാദി പ്രാതഃസ്മരണീയരായ മഹാകവികളാൽ പരിവേഷ്ടിതനായ വിക്രമാദിത്യ ചക്രവർത്തിയുടെ ദിഗ്വിജയസ്മരണയെ മുൻനിർത്തി നടപ്പിലായിട്ടുള്ളതാണ്. കാലഗണനയിൽ അഭിപ്രായവ്യത്യാസങ്ങളുണ്ടെങ്കിലും ഇപ്പോൾ വിക്രമാബ്ദം രണ്ടായിരത്തിപ്പത്തു (2010) ആകുന്നു. ഭാരതത്തെ തങ്ങളാണ് ഉദ്

* ''കേസരി''യിൽ പ്രസിദ്ധപ്പെടുത്തിയതു്

ധരിക്കുന്നതെന്ന് ബോദ്ധ്യപ്പെടുത്തുന്നതിന് ഉതകത്തക്കവിധം വിദേശീയർ ചമച്ചിറക്കിയിട്ടുള്ള ചരിത്രം പൂർവാപരവ്യത്യാസങ്ങളോടുകൂടി ഇന്നും ഭാരതത്തിൽ വാഴുന്നുണ്ടെങ്കിലും ഭാരതചരിത്രത്തിലെ പ്രകാശപൂർണ്ണമായ ഏടുകൾ പുനഃപരിശോധന ചെയ്യുന്നതായാൽ അജ്ഞതയിലും അന്ധകാരത്തിലും ആഴ്ത്തിക്കളഞ്ഞ ചരിത്ര സത്യങ്ങളെ വീണ്ടെടുക്കുവാനിനിയും കഴിയുന്നതാണ്. സ്വാതന്ത്ര്യഭാരതത്തിലെ പണ്ഡിത പ്രമുഖന്മാരടങ്ങിയ 'ഇതിഹാസ സമിതി' ആ മഹൽകൃത്യം യഥായോഗ്യം നിർവഹിക്കുമെന്ന് നമുക്കാശിക്കാം. മുഹമ്മദ് നബിക്ക് ശതവർഷങ്ങൾക്കു മുൻപുള്ള അറേബ്യർ ഭാരതത്തേയും രാജാ വിക്രമാദിത്യനേയും ഏതു നിലയിലാണ് ആദരിച്ചിരുന്നതെന്നുള്ളതിന് ഒരു പ്രത്യക്ഷ പ്രമാണമാണ് താഴെ ഉദ്ധരിക്കുന്ന കവിത.

ഇന്നശ്ശുഫായി സനതുൽ ബെിക്രമതുൻ
ഫഹലമിൻ കരീമുൻയർത്തഫീഹാ വയോവസ്സറു

(രാജാവിക്രമന്റെ രാജ്യഭരണ കാലത്ത് ജീവിച്ചിരുന്നവർ ഭാഗ്യവാന്മാരാണ്; അദ്ദേഹം മഹാനായ ഔദാര്യനിധിയും ധർമ്മാത്മാവും പ്രജാക്ഷേമ തല്പരനും ആയിരുന്നു )

കൊല്ലത്തിലൊരിക്കൽ അറേബ്യരുടെയാകമാനം ശ്രദ്ധ കേന്ദ്രീകരിച്ചിരുന്ന മഹോത്സവമായിരുന്നു, മെക്കാ ക്ഷേത്രത്തിൽവച്ച് നടത്തപ്പെട്ടിരുന്നത്. ശരൽക്കാലത്തിൽ 'ഓകാസ്' എന്നുകൂടി പറയപ്പെടുന്ന പ്രസ്തുത മഹാ സമ്മേളനത്തിൽ മതം, രാജ്യതന്ത്രം, സമുദായം, സാഹിത്യം മുതലായ എല്ലാ വിഷയങ്ങളും കൈകാര്യം ചെയ്തിരുന്നു. അവിടെവച്ച് സജീവമായ ചർച്ചകൾ ചെയ്തു തീരുമാനിക്കുന്ന കാര്യങ്ങൾ അറേബ്യരെല്ലാം സഗൗരവം സ്വീകരിക്കുകയും ചെയ്തുപോന്നു. പ്രസ്തുത സമ്മേളനത്തിൽ ഒന്നാം സമ്മാനം നേടിയതും അന്നത്തെ മെക്കാ ക്ഷേത്രാന്തർഭാഗത്ത് സ്വർണ്ണത്തകിടിൽ എഴുതിച്ച് തൂക്കിയിരുന്നതുമായ മറെറാരു കവിതാ ഭാഗമാണ് ചുവടെ ചേർക്കുന്നത്. ക്രി: 1864–ൽ ജർമ്മനിയിൽ നിന്നും 1931–ൽപാലസ്റ്റീനിൽനിന്ന് രണ്ടാം പതിപ്പായും പ്രസിദ്ധം ചെയ്തിട്ടുള്ള പ്രാചീന അറേബ്യൻ സാഹിത്യ സമാഹാര ഗ്രന്ഥത്തിന്റെ—395_ാം പുറത്തു ചേർത്തിരിക്കുന്ന പ്രസ്തുത കവിതാ ഭാഗത്തിന്റെ സാരം:—

1. രാജാ വിക്രമൻെറ രാജ്യഭരണകാലത്തു് ജീവിച്ചിരുന്നവർ ഭാഗ്യവാന്മാരാണ്. അവിടുന്നു് മഹാനായ ഔദാര്യനിധിയും, ധർമ്മാത്മാവും പ്രജാക്ഷേമ തല്പരനുമായിരുന്നു 2. നമ്മുടെ ദേശം (അറേബ്യ) ഈശ്വരനെ മറന്നു് ഭോഗലാലസതയിൽ മുഴുകിയിരുന്നപ്പോഠം, കപടവും, വഞ്ചനയും വലിയ ഗുണങ്ങളായി നാം അംഗീകരിച്ചിരുന്നപ്പോഠം ആ ധർമ്മ പരായണനായ രാജാവു് ഉദയം ചെയ്തു. 3. നമ്മുടെ ദേശം മുഴുവനും അജ്ഞതയും അന്ധകാരവും വ്യാപിച്ചിരുന്നപ്പോഠം, സിംഹവക്ത്രത്തിൽ പെട്ടു പിടഞ്ഞിരിക്കുന്ന ആട്ടിൻകുട്ടിയെപ്പോലെ നമ്മുടെ സമുദായം കടിലതയുടെ കുടുക്കിൽപെട്ടു് നട്ടം തിരിഞ്ഞപ്പോഠം, 4. ലോകവ്യവഹാരങ്ങളിൽ നാം അജ്ഞാനവശാൽ അപഥ സഞ്ചാരം ചെയ്തപ്പോഠം, ദേശം മുഴുവനും കറുത്ത വാവിന്നാളിലെ കൂരിരുട്ടുപോലെ അന്ധകാരാവൃതമായിരുന്നപ്പോഠം വിദ്യയുടെ അരുണോദയം കാണായി. അതെങ്ങിനെ സംഭവിച്ചു? 5. ധർമ്മാത്മാവായ രാജാവിൻെറ കൃപാധിക്യം കൊണ്ടാണു് അതുണ്ടായതു്; അദ്ദേഹം വിദേശീയരായ നമ്മെ അവിടുത്തെ ദയാദൃഷ്ടിയിൽ നിന്നും മാററിനിർത്തിയില്ല; മാത്രമല്ല, ആ പുണ്യ ഭൂമിയിൽ നിന്നും പവിത്ര ധർമ്മ സന്ദേശവുമായി വിദ്വാന്മാരായവരെ ഇവിടേയ്ക്കു് അയച്ചു. നമ്മുടെ ദേശത്തിൽ അവർ സൂര്യദേവനെപ്പോലെ വെളിച്ചം വീശി. 6. രാജാവിക്രമാദിത്യൻെറ ആജ്ഞാനുസരണം നമ്മുടെ ദേശത്തിൽ അവർ സൂര്യ ദേവനെപ്പോലെ വെളിച്ചം വീശി. 6. രാജാവിക്രമാദിത്യൻെറ ആജ്ഞാനുസരണം നമ്മുടെ ദേശത്തിൽ വിദ്യയും, ധർമ്മവും വിതരണം ചെയ്യാനായി വന്നിരുന്ന ആ മഹാ പുരുഷന്മാരുടെ ദയാധിക്യത്തിലാണു് നാം ഈശ്വരനേയും ഈശ്വരീയ ജ്ഞാനത്തേയും അറിഞ്ഞതു്; സത്യമായ മാർഗ്ഗത്തിൽ പ്രവേശിച്ചതു്.

കാലയവനികക്കുള്ളിൽ മറച്ചു കൊണ്ടുള്ള സംഭവ ബഹുലമായ ശതാബ്ദങ്ങളും സഹസ്രാബ്ദങ്ങളും കടന്നു പോയെങ്കിലും ഭാരതമാതാവിനോടുള്ള ഭക്ത്യാദരപൂർവ്വമായ സ്മരണ വിദേശീയ തലമുറകഠക്കു് മറക്കുവാനോ മറയ്ക്കുവാനോ വഹിയാത്ത രജത രേഖകഠ അവശേഷിച്ചിട്ടുണ്ടു്. മണ്ണും, പൊന്നും മോഹിച്ചല്ല ഭാരതീയർ വിദേശങ്ങളിൽ സഞ്ചരിച്ചതും ധർമ്മപ്രചരണം നടത്തിയതും, ''ലോകാ: സമസ്താ:

സുഖിനോ ഭവന്തു'' എന്ന ആർഷജ്ഞാനം അവർ മാനവ സമുദായ മദ്ധ്യേ പ്രചരിപ്പിച്ചു. നിസ്സ്വാർത്ഥ ബുദ്ധ്യാ ചെയ്തിട്ടുള്ള സേവന ങ്ങരം ശാന്തിസുഗന്ധവും പരത്തിക്കൊണ്ടു് എന്നെന്നും കുളിർ കാററു് വീശുന്നതാണു്. *

# 33 പ്രാചീന അറബികളുടെ വേദസ്തുതി

'സേ അരും ഉക്കൽ' എന്ന പ്രാചീന അറബി ഗ്രന്ഥ ത്തിൽ പ്രഥമവും പ്രധാനവുമായിട്ടുള്ളതു് 'ലഥീബെനേ അഖ്തബ്''ൻെറ വേദസ്തുതി കാവ്യമാണു്. ലഥീബെനേ അഖ്തബ്, മുഹമ്മദ് നബിയ്ക്കു് 2300 വർഷങ്ങരംക്കു് മുൻപ് ജീവിച്ചിരുന്ന രാജകീയ കവിയാണെന്നും, 'ഓകാസ്'' കവി സമ്മേളനത്തിൽ അ ദ്ദേഹം 5 പ്രാവശ്യം ഒന്നാം സമ്മാനം നേടിയിട്ടുണ്ടെന്നും, സമ്മാ നാർഹമായ 5 കാവ്യങ്ങളും മെക്കാ ക്ഷേത്രത്തിൽ സ്വർണ്ണത്തകിട കളിൽ എഴുതി സൂക്ഷിച്ചിരുന്നതിൽ ഒന്നാണിതെന്നും പ്രസ്തുത ഗ്ര ന്ഥത്തിൻെറ മുഖവുരയിൽ പ്രസ്താവിച്ചിട്ടുണ്ടു്. അഖ്തബിൻെറ ജീവചരിത്ര സംക്ഷേപവും അദ്ദേഹത്തിൻെറ കവിതകളെക്കുറിച്ചുള്ള ഒരു ലഘു നിരൂപണവും അതിൽ ചേർത്തിട്ടുണ്ടു്.

പ്രാചീന അറേബ്യൻ കാവ്യങ്ങരം—പ്രത്യേകിച്ചും വേദങ്ങളെ സ്തുതിച്ചുകൊണ്ടുള്ള പ്രസ്തുത കവിതകരം കാണുമ്പോരം മൂക്കത്തു് വിരൽവെച്ചു് മൂകരായിരുന്നുപോവും! ഇന്നേയ്ക്കു് 3500 വർഷ ങ്ങരംക്കു് മുൻപ്, യഹൂദരുടെ പിതാമഹന്മാരാകിയ മോശെയുടേ യും അബ്രഹാമിൻെറയും ജനനത്തിനും എത്രയോ വർഷങ്ങരംക്കു മുൻപ്, തന്നെ ഭാരത സംസ്ക്കാരത്തിൻെറ അലകരം ഭൂമണ്ഡല ത്തിൻെറ എല്ലാ കോണുകളിൽപോലും തിരതല്ലിയിരുന്നു വെന്നു് ഓർക്കുമ്പോരം ഇന്നത്തെ ഭാരതീയർ അത്ഭുത സ്തബ്ധരായി

* കേസരിയിൽ പ്രസിദ്ധപ്പെടുത്തിയതു്.

പ്പോവും! വിദേശങ്ങളിലെ വിവിധ വർഗ്ഗങ്ങളെ തമ്മിലിണക്കി ക്കൊണ്ടുവാനുള്ള പ്രചോദനം നൽകിയ വേദമാഹാത്മ്യത്തെപ്പററി നാമിന്നെന്തറിയുന്നു? അനാദികാലം മുതൽ അന്യദേശക്കാരെപ്പോലും അപഹൃതചിത്തരാക്കിയ വേദങ്ങളുടെ പവിത്രജ്ഞാനത്തെക്കുറിച്ച് നാമിന്ന് പൊതുവേ അജ്ഞരും അലസചിത്തരുമാണെന്ന് സമ്മതിക്കേണ്ടിവരും.

ലബീബെന്ന അഖ്തബ്ബിന്റെ വേദസ്തുതി കാവ്യം ആരംഭിക്കുന്നതിങ്ങനെയാണ്;—

അയാമബാരകൽ അറജ്
യോശയ്യേ നോഹാമിലൻ ഹിന്ദേ,
വ അറാദ് കല്ലാഹോ
മഞ്ഞ്യനസ്സോൽസികരത്തൻ,

(ഹേ ഹിന്ദു ഭൂമി! (ഭാരതമേ!) പാവന ഭൂമി! അവിടത്തേയ്ക്ക് നമസ്ക്കാരം. ദൈവദൂതന്മാരെ പ്രസവിച്ച അവിടന്നാണ് ലോകത്തിനാദ്യം ജ്ഞാനാമൃതം നൽകിയത്.)

വഹൽ തജല്ലീയത്തൻ എനാനേ
സഹബ്ബീ അറബ്ബ് അത്തൻ സികറാ,
വഹാസിഹീയോനസ്സേലുറസ്സുലോ
മിനൽ ഹിന്ദ് ത്തൻ

(എതൊരു ജ്ഞാനദീപത്താൽ ഞങ്ങളുടെ ബുദ്ധിയും ഹൃദയവും പ്രകാശമാനമാക്കിച്ചെയ്തുവോ, ആ ചതുർജ്ഞാനരൂപ ദീപം ദൈവം തന്റെ പ്രവാചകന്മാർ മുഖേന ഹിന്ദുസ്ഥാനിൽ ജ്വലിപ്പിച്ചു!)

യക്കുലൂനല്ലാഹ് യാ അഹലൽ
അറജ് ആലമീൻ കല്ലഹും
ഫത്തബേ ഊ സികറത്തൽ വേദഹക്കൻ
മാളമയോനസ്സേലത്തൻ

(ഹേ ലോകരെ! ആ ജ്ഞാനഭണ്ഡാരത്തിൽനിന്ന, സമസ്തലോകക്ഷേമായി ദൈവം നൽകുന്ന ആ ദേശമാവിത്തു്. എന്റെ ആദി സൃഷ്ടിയിൽ പ്രത്യക്ഷമായ വേദജ്ഞാനത്തെ മാനിക്കുവിൻ!)

വഹ്ഹവാ ആലമുസ്സാമ്‌വൽയജർ
മിനല്ലാഹേ തൻസീതൻ
ഫയെനോമായാ അഖിയോമുത്തബ്ബമൗൻ
ദയോബശ്ശേറിയോ നജാത്തൻ

(സാമവും യജുസ്സുമാണു് ആ ജ്ഞാനസാഗരം; ദൈവമാണു്, ആ ജ്ഞാനദ്രഷ്ടാവു്. എന്റെ സഹോദരരെ! അതിനെ അനുസരിക്കുവിൻ! എന്തുകൊണ്ടെന്നാൽ അതാണു് നമുക്കു് മോക്ഷമാർഗ്ഗം ഉപദേശിച്ചുതരുന്നതു്.)

വ ഈസനൈൻ ഹ്മാറിക് ആതർ
നാസേഹീൻ ആഖുവത്തൻ
വ ആസനാത് അലാഊദൻ വഹ്ഹവാ
മശ്—ഏരത്തൻ

(പിന്നെയുംരണ്ടു്— നമ്മെ സഹോദരത്വവും സ്നേഹവും പഠിപ്പിക്കുന്ന ഋക്കും, അഥർവ്വണവും. ഏതൊരാളും ഈ ജ്ഞാനരൂപി സൂര്യപ്രകാശമേല്ക്കാൻ ഒരു പ്രാവശ്യമെങ്കിലും ഭാഗ്യം ലഭിച്ചവർ സത്യമാർഗ്ഗത്തിൽ നിന്നും വ്യതിചലിക്കുകയില്ല.)

സാമാന്യം നീണ്ട ഒരു കാവ്യത്തിന്റെ പ്രഥമഭാഗം മാത്രമാണു് മേലുദ്ധരിച്ചിരിക്കുന്നതു്. ഒരു വ്യാഖ്യാനത്തിന്റെ ആവശ്യം കൂടാതെതന്നെ പ്രസ്തുത കാവ്യസാരം ചില യാഥാർത്ഥ്യങ്ങളെ സ്പഷ്ടമായി കാട്ടിത്തരുന്നുണ്ടു്. വേദദശയിലുള്ള ഭാരതത്തിന്റെ വിശേഷാത്തര പരിഷ്ക്കാരത്തിന്റെ അലകളാണു് ഭൂമണ്ഡലത്തെ ആദ്യമായി പ്രബുദ്ധമാക്കിച്ചെയ്തതു്. പാവന ഭാരതധരണിയിൽ നിന്നുമാണു് ലോകരെല്ലാം വിദ്യയും പരിഷ്ക്കാരവും പഠിച്ചതു്.

എതദ്ദേശ പ്രസൂതസ്യ
സകാശാദഗ്രജന്മന:
സ്വം സ്വം ചരിത്രം ശിക്ഷേരൻ
പൃഥിവ്യാം സർവ്വമാനവാ;

എന്ന ഗ്രന്ഥത്തിലെ മുഖശംസയും ഇവിടെ പ്രത്യേകം സ്മരണീയമാണ്. മേൽ പ്രസ്താവിച്ച വേദസ്തുതി കാവ്യത്തിന്റെ രചയിതാവായ ലബീബിബ്നെ അഖ്തബിന്റെ ജീവിതകാലം ബി. സി. 1700 ലാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നതിനെക്കുറിച്ച് തീർച്ചപ്പെടുത്താൻ കഴിഞ്ഞില്ലെങ്കിലും, മുഹമ്മദ് നബിയുടെ ജനനത്തിനും എത്രയോ നൂററാണ്ടുകൾക്കു മുൻപ് തന്നെ അറേബ്യയിലെ കവിശ്രേഷ്ഠന്മാർ ഈശ്വരീയ ജ്ഞാനമെന്ന നിലയിൽ വേദങ്ങളെ ക്ഷേത്രാദരപൂർവ്വം പ്രകീർത്തിക്കുകയും, തദ്ദേശവാസികളോടതു് പഠിച്ച് ജീവിതമാർഗ്ഗദർശികളാക്കുകയും ചെയ്തിരുന്നുവെന്ന് തീർച്ചയാണ്. *

# 34 പ്രയാഗയിലെ കുംഭമേള

പുണ്യതീർത്ഥങ്ങളിൽ വെച്ച് ഏററവും പ്രധാനപ്പെട്ട തീർത്ഥസ്ഥാനമാണ് പ്രയാഗ, ഉത്തരപ്രദേശത്തെ അലഹബാദ് എന്നറിയപ്പെടുന്ന നഗരം പ്രയാഗയിന്റേതാണ്, ഗംഗ, യമുനാ, സരസ്വതി എന്നീപുണ്യനദികളുടെ സംഗമസ്ഥാനമാണിതു്.

## ചതുർദ്ദശപ്രയാഗങ്ങൾ

ഭാരത തീർത്ഥാടന ചരിത്രത്തിൽ ചതുർദ്ദശപ്രയാഗകളെപ്പററി പ്രകീർത്തിച്ചിട്ടുണ്ട്.

1. പ്രയാഗരാജ്—ഗംഗ, യമുന, സരസ്വതി നദികളുടെ സംഗമസ്ഥാനം.

2. ദേവപ്രയാഗ—അളകനന്ദ, ഭാഗീരഥി നദികളുടെ സംഗമസ്ഥാനം.

* "കേസരിയിൽ" പ്രസിദ്ധപ്പെടുത്തിയതു്.

3. രുദ്രപ്രയാഗ—അളകനന്ദാ, മന്ദാകിനി നദികളുടെ സംഗമസ്ഥാനം.

4. കർണ്ണപ്രയാഗ—പിണ്ഡരഗംഗാ, അളകനന്ദാ നദികളുടെ സംഗമം.

5. നന്ദപ്രയാഗ—അളകനന്ദാ, നന്ദാനദികളുടെ സംഗമം.

6. വിഷ്ണുപ്രയാഗ—വിഷ്ണുഗംഗ, അളകനന്ദാ നദികളുടെ സംഗമം.

7. സൂര്യപ്രയാഗ—അലസതരംഗിണി, മന്ദാകിനി നദികളുടെ സംഗമം.

8. ഇന്ദ്രപ്രയാഗ—ഭാഗീരഥി, വ്യാസഗംഗാ നദികളുടെ സംഗമം.

9. സോമപ്രയാഗ—സോമനദി, മന്ദാകിനി നദികളുടെ സംഗമസ്ഥാനം.

10. ഭാസ്കരപ്രയാഗ— ,,

11. ഹരിപ്രയാഗ—ഹരിഗംഗാ, ഭാഗീരഥി നദികളുടെ സംഗമം.

12. ഗുപ്തപ്രയാഗ—നീലഗംഗ, ഭാഗീരഥി നദികളുടെ സംഗമസ്ഥാനം.

13. ശ്യാമപ്രയാഗ—ശ്യാമഗംഗാ, ഭാഗീരഥി നദികളുടെ സംഗമം.

14. കേശവപ്രയാഗ—അളകനന്ദാ, സരസ്വതി നദികളുടെ സംഗമസ്ഥാനം.

## തീർത്ഥരാജൻ

**ഗംഗാ—യമുനാ—സരസ്വതി** നദികളുടെ സംഗമസ്ഥാനമായ പ്രയാഗ, പല കാരണങ്ങളാലും 'തീർത്ഥരാജൻ' എന്ന് വിശേഷിപ്പിച്ചിരിക്കുന്നു. മററു പ്രയാഗങ്ങളെല്ലാം ഹിമാലയത്തിലാണ്

'പ്രകൃഷ്ടം സർവ്വയാഗേഭ്യഃ
പ്രയാഗ ഇതി ഉച്യതേ'

സൃഷ്ടിയുടെ ആരംഭത്തിൽ ബ്രഹ്മാവ് പ്രകൃഷ്ടയാഗം നടത്തിയതിവിടെയാണ്. അതിനാൽ 'പ്രയാഗ'യെന്നു പറയപ്പെടുന്നു—എന്ന് സ്കന്ദപുരാണത്തിലും,

''ഗ്രഹാണാം ച യഥാസൂര്യോ
നക്ഷത്രാണാം യഥാശശീ
തീർത്ഥാനാമുത്തമം തീർത്ഥം
പ്രയാഗാഖ്യമനുത്തമം.''

ഗ്രഹങ്ങളിൽവെച്ച് സൂര്യനും നക്ഷത്രങ്ങളിൽവെച്ച് ചന്ദ്രനും എന്നപോലെ തീർത്ഥങ്ങളിൽവെച്ച് പ്രയാഗ് സർവ്വോത്തമമാകുന്നു എന്ന് പത്മപുരാണത്തിലും, പ്രയാഗ മാഹാത്മ്യം പ്രകീർത്തിച്ചിരിക്കുന്ന മഹാഭാരതം വനപർവ്വം 85—ാം അദ്ധ്യായത്തിലും, മത്സ്യപുരാണം 105—ാം അദ്ധ്യായത്തിലും, കൂർമ്മപുരാണം 36—ാം അദ്ധ്യായത്തിലും, അഗ്നിപുരാണം 111—ാം അദ്ധ്യായത്തിലും, ഗരുഡപുരാണം 35—ാമദ്ധ്യായത്തിലും, പ്രയാഗ മഹാത്മ്യം ശതാദ്ധ്യായത്തിലും പ്രയാഗ മഹത്വത്തെപ്പററി വർണ്ണിച്ചിട്ടുണ്ട്.

''പ്രയാഗേ തുനരോയസ്തു
മാഘസ്നാനം കരോതിച
നതസ്യ ഫലസംഖ്യാസ്തി
ശൃണുദേവർഷിസത്തമ''

മാഘമാസത്തിൽ പ്രയാഗിൽ സമ്മേളിച്ച് ത്രിവേണിയിൽ സ്നാനംചെയ്യുന്നതു് പരമപുണ്യപ്രദമാണ്. സർവ്വതീർത്ഥങ്ങളുടേയും അധിപതിയായ പ്രയാഗ—തീർത്ഥരാജൻെറ റാണികളാണ് സപ്തപുരികൾ. ഗംഗാ—യമുനാ പ്രവാഹത്താൽ പ്രയാഗ ഭൂമി അഗ്നിസ്വരൂപങ്ങളായ മൂന്ന് യജ്ഞവേദികളായി ഭാഗിച്ചിരിക്കുന്നു. ഗംഗാ—യമുനാ നദികളുടെ മദ്ധ്യഭാഗം ഗാർഹപത്യാഗ്നിയെന്നും. ഗംഗയുടെ മറുകരയിലെ പ്രതിഷ്ഠാപുരത്തെ ആഹവനീയാഗ്നിയെന്നും, യമുനയുടെ മറുകരയിലെ അലർക്കപുരത്തെ ദക്ഷിണാഗ്നി

യെന്നും പറയുന്നു. ഈ വിഭാഗങ്ങളിൽ പവിത്രചിത്തരായി തീർത്ഥാടകർ ഓരോ ദിവസമെങ്കിലും തങ്ങിയിരുന്ന് യജ്ഞോപാസന ചെയ്യുന്നതു് ഉത്തമമായിരിക്കും.

"ത്രിവേണീം മാധവം സോമം
ഭരദ്വാജം ച വാസുകീം
വന്ദേ ഽക്ഷയവടം ശേഷം
പ്രയാഗം തീർത്ഥനായകം"

പ്രയാഗയിൽ പല ദേവസ്ഥാനങ്ങളും ഉണ്ടെങ്കിലും ത്രിവേണി, ബിന്ദുമാധവം, സോമേശ്വരം, ഭരദ്വാജം, വാസുകി, അക്ഷയവട വൃക്ഷം, ശേഷ—ബലദേവം എന്നീ ക്ഷേത്രങ്ങൾ പ്രാധാന്യ മർഹിക്കുന്നു.

## അന്തർവ്വേദിപരിക്രമം

പ്രയാഗ തീർത്ഥത്തെ പ്രദക്ഷിണം ചെയ്യുന്ന 'അന്തർവ്വേദീപരിക്രമം രണ്ടുദിവസംകൊണ്ടും ബഹിർവ്വേദി പരിക്രമം പത്തുദിവസം കൊണ്ടും പദയാത്രചെയ്തു നിർവ്വഹിക്കാവുന്നതാണ്.

ത്രിവേണി സ്നാനം കഴിഞ്ഞു് ജലസ്വരൂപിയായ ബിന്ദു മാധവ പൂജചെയ്തിട്ട് ഋണമോചനതീർത്ഥം, സിന്ധുസാഗരതീർത്ഥം, സൂര്യകുണ്ഡം, ഭരദ്വാജാശ്രമം, വിശ്വാമിത്രാശ്രമം, ജമദഗ്നി ആശ്രമം, വസിഷ്ഠാശ്രമം തുടങ്ങിയ തീർത്ഥങ്ങളും ആശ്രമങ്ങളും വഴി ഗംഗാ തടത്തിലെ ശ്രീ ഹനുമാനെ ദർശിച്ച് ത്രിവേണിയിൽ മടങ്ങിയെത്തുന്ന പ്രദക്ഷിണ മാർഗ്ഗത്തെ 'അന്തർവേദിപരിക്രമം' എന്നു പറയുന്നു;

## ബഹിർവ്വേദി പരിക്രമം

ത്രിവേണി സ്നാനവും കോട്ടയിലെ അക്ഷയവട ദർശനവും കഴിച്ച് യമുനയുടെ മറുകരയിലൂടെ ഹനുമാൻ തീർത്ഥം, സീതാ കുണ്ഡം, രാമതീർത്ഥം, വരുണ തീർത്ഥം, സോമേശ്വരനാഥം വഴി ശ്രീ വല്ലഭാചാര്യപീഠത്തിൽ ചെന്നിട്ട് വ്യാസാശ്രമം ശംഖമാധവം

ഹംസകൂപം, പ്രതിഷ്ഠാനപുരം വഴി ത്രിവേണിയിൽ മടങ്ങിയെത്തുന്ന പ്രദക്ഷിണ മാർഗ്ഗത്തെ 'ബഹിർവ്വേദിപരിക്രമം' എന്നു പറയുന്നു.

ആദ്യം ബഹിർവ്വേദി പരിക്രമം ചെയ്തിട്ട് അന്തർവേദി പരിക്രമം നടത്തണം. ഝുസി എന്ന സ്ഥലത്തെ പ്രതിഷ്ഠാനപുരത്തിലെ സങ്കീർത്തനമന്ദിരം ഭക്തജനങ്ങളുടെ വലിയൊരു താവളസ്ഥലമാണ്. ഇവിടെയാണ് പ്രസിദ്ധനായ പ്രഭുദത്തബ്രഹ്മചാരിയുടെ ആശ്രമം. ഈ സ്ഥലം പ്രാചീന കാലത്ത് പുരൂരവസ്സിന്റെ രാജധാനിയായിരുന്നു. ത്രിവേണിക്കടുത്ത് ഗംഗാനദിയുടെ മറുകരയിൽ പ്രാചീന കോട്ടയുടെ അവശിഷ്ടമായ മേട്ടുകൾ കാണാം. ഇവിടെ ചില തീർത്ഥകുണ്ഡങ്ങളും നഷ്ടാവശിഷ്ടങ്ങളായ ശിലാവിഗ്രഹങ്ങളും ഉണ്ട്. ഇതിനടുത്തുള്ള ലളിതാദേവി ക്ഷേത്രം 51 ശക്തിപീഠങ്ങളിൽ ഒന്നാണ്. ശ്രീ സതീ ദേവിയുടെ കരാംഗുലീയം പതിച്ചതിവിടെയാണ്. ഇതുവഴി ഝുസിയിലേക്ക പോകാം. അവിടെ നവീന ക്ഷേത്രങ്ങളും ഉണ്ട്.

## മേള

ഉത്സവസമ്മേളനമെന്ന അർത്ഥത്തിൽ 'മേള' പദം പ്രയോഗിക്കാറുണ്ട്. ഉത്തര-മദ്ധ്യപ്രദേശങ്ങളിൽ അങ്ങനെ മേള കൂടാറുള്ള നിരവധി പുണ്യസ്ഥലങ്ങളുണ്ട്. എന്നാൽ പന്ത്രണ്ട് വർഷം കൂടുമ്പോൾ സമ്മേളിക്കുന്ന കുംഭമേളയ്ക്ക് പ്രയാഗ, ഹരിദ്വാരം, ഉജ്ജൈൻ, നാസിക്ക് എന്നീ നാലു് സ്ഥലങ്ങൾ പ്രസിദ്ധങ്ങളാണ്. ഇവയിലും ത്രിവേണിസ്ഥാനത്തെ (പ്രയാഗയിലെ) കുംഭമേള പ്രമുഖമാണ്. പ്രതിവർഷവും മകരസംക്രാന്തിക്കു പ്രയാഗയിൽ മേള കൂടാറുണ്ടെങ്കിലും ദ്വാദശവർഷം കൂടുമ്പോൾ നടക്കുന്ന കുംഭമേള ഭാരതത്തെ മുഴുവൻ പ്രതിനിധീകരിക്കുന്ന ജനലക്ഷങ്ങളെക്കൊണ്ട് ഗംഗാ-യമുന-സരസ്വതീ-സംഗമസ്ഥലത്തെ വിശാലഭൂപ്രദേശം നിറയുന്നു. ഭാരതത്തിലെ എല്ലാ വിഭാഗങ്ങളിൽ പെട്ട ജനങ്ങളും വിവിധസമ്പ്രദായങ്ങളിലെ ആചാര്യന്മാരും, എല്ലാ മഠങ്ങളും ദശനാമി സന്യാസിമാരും പാമരന്മാരും പണ്ഡിതന്മാരും എല്ലാം കുംഭമേളയിൽ ഒന്നുചേരുന്നു. ഭരണാധികാരികളും ജനങ്ങളും, നഗര-ഗ്രാമവാസികളും ഏകീഭാവേന പ്രയാഗയിൽ സമ്മേ

ളിക്കുന്ന അദ്ധ്യാത്മികാടിസ്ഥാനത്തിൽ സാമൂഹികവും, സാംസ്ക്കാരികവും, രാഷ്ട്രീയവുമായ ആശയവിനിമയം ചെയ്ത് രാഷ്ട്രത്തിന്റെ ഭാവിഭാഗധേയത്തിന്നു രൂപവും ഭാവവും കൊടുക്കുന്ന പുണ്യോത്സവമാണ് പ്രയാഗയിലെ കുംഭമേള.

## കുംഭമേളയുടെ ചരിത്രം

പ്രതിവർഷവും സൗരമാസത്തിലോ ചന്ദ്രമാസത്തിലോ മകരസംക്രാന്തിക്കും മകരമാസം മുഴുവനും പ്രയാഗയിൽ മേള കൂടാറുണ്ട്. ആറു വർഷത്തിലൊരിക്കൽ അർദ്ധകുംഭമേള നടത്തപ്പെടുന്നതും വളരെ ചരിത്രപ്രസിദ്ധമാണ്. ഹർഷവർദ്ധനചക്രവർത്തി അഞ്ചുവർഷത്തിലൊരിക്കൽ അർദ്ധകുംഭമേളാവസരത്തിലും വിശ്വഹിന്ദു ധർമ്മ സമ്മേളനങ്ങൾ നടത്തിയിരുന്നു. ഹർഷവർദ്ധനന്നു മുൻപും മഹർഷിമാരും ധർമ്മാചാര്യന്മാരും പ്രയാഗയിലെ കുംഭമേളയിൽ സമ്മേളിച്ച് രാഷ്ട്രത്തിന്ന് ബാഹ്യാഭ്യന്തരമാർഗ്ഗദർശനങ്ങൾ നൽകിപ്പോന്നിരുന്നു. കാലത്തിന്റെ അലങ്കോലങ്ങളിൽ പെട്ട് കുംഭമേളയുടെ ഭാവരൂപങ്ങൾക്കും പല വികൃതികളുണ്ടായി പ്രയാഗയിലെ ത്രിവേണീസ്നാനം വെറും ചടങ്ങും, സമ്മേളനം ലാഭനേഷ്ടവ്യാപാരങ്ങളുമായി പരിണമിച്ചു. വിദേശ തന്ത്രങ്ങളും സ്വദേശാധപ്പതനവും ഇതിന്നു കാരണമായിരിയ്ക്കാമെങ്കിലും ചാരത്താൽ മൂടപ്പെട്ട തീക്കനൽപോലെ സത്യവസ്തുത കർമ്മശക്തിക്കനുസൃതമായി വെളിപ്പെടാതിരിക്കയില്ല. അങ്ങനെ കുംഭമേളകളിലൂടെ ആർഷഭാരതത്തിന്റെ അമരസന്ദേശവും സംസ്കൃതി സൗരഭ്യവും വീണ്ടും വിശ്വത്തെയാകമാനം ആകർഷിക്കണമെന്നതു് വിശ്വസൗഹൃദത്തിന്റെയും സാഹോദര്യത്തിന്റെയും നാന്ദിയായിക്കരുതാം.

---

23–1–1966 "കേസരി"യിൽ പ്രസിദ്ധപ്പെടുത്തിയതു്.

# 35 മഹാശിവരാത്രി

സംഹാരനൃത്തം ചെയ്യുന്ന മഹേശ്വരനെ വിധിപ്രകാരം പൂജചെയ്ത് കരുണാകടാക്ഷം പൊഴിയുമാറാക്കിയ ഉമാ മഹേശ്വരിയുടെ തപോനിഷ്ഠയെ അനുസ്മരിപ്പിക്കുന്ന പുണ്യദിനമാണ് മഹാശിവരാത്രി. മഹാശൈവപുരാണം 26–ാം പടലത്തിൽ ശിവരാത്രി മഹാത്മ്യം വിവരിക്കുന്നുണ്ട്. മനുഷ്യർ ഈശ്വരചിന്താവിമുഖരായി, സദ്‌വൃത്തികൾ ത്യജിച്ച് ദുർവൃത്തരായിത്തീർന്നപ്പോൾ ലോകത്തിൽ കളവും, ചതിയും, കൊള്ളയും കൊലയും മറ്റും വർദ്ധിക്കുകയും ബലവാന്മാർ ബലഹീനരേയും സജ്ജനങ്ങളേയും നശിപ്പിച്ചുതുടങ്ങുകയും ചെയ്തു. രാജാക്കന്മാരുടെ (ഭരണാധികാരികളുടെ) മഹത്വം കുറഞ്ഞുതുടങ്ങി. ഈശ്വരത്വം നടിച്ച കപടവേഷധാരികൾ വർദ്ധിച്ചു. ഈശ്വരാസ്തിക്യത്തിന്റെ അഭാവത്തിൽ ആരോടും ഏതു നീചകൃത്യവും പ്രവർത്തിക്കാൻ മടിക്കാതെയായി. ഇവയെല്ലാം ലോകനാശത്തിന്റെ മുന്നോടിയായിരുന്നു. സാർവ്വത്രികമായ സംഹാര പ്രവണതകൾ വർദ്ധമാനമായി വിദൂരവ്യാപകശക്തികളുള്ള മാരകായുധങ്ങളെക്കൊണ്ടുള്ള പോരാട്ടങ്ങൾ, ഭൂകമ്പങ്ങൾ, പകർച്ചവ്യാധികൾ, ആകസ്മികവിപത്തുക്കൾ, എന്നിങ്ങനെ നാനാപ്രകാരേണ ലോകം നാശോന്മുഖമായിത്തീർന്നു. എവിടെയും ശ്വാസംമുട്ടിക്കുന്ന ധൂമപടലങ്ങളാലാവൃതമായി ക്രമേണ വെളിച്ചം നിലച്ച് ലോകം അന്ധകാരത്തിൽ മുങ്ങി ഭയാനകമായ ശ്മശാനപ്രതീതിയാണെവിടെയും ദൃശ്യമായത്. ശരീരങ്ങളെല്ലാം വെന്തുവെണ്ണീറായ ശ്മശാനത്തിൽ സംഹാരതാണ്ഡവം ചെയ്യുന്ന ശിവനിൽ ജീവാത്മാക്കളെല്ലാം വിലയം പ്രാപിച്ചു.

ചുടുകാടായി മാറിയ പ്രപഞ്ചമണ്ഡലത്തിലെ ശിവതാണ്ഡവം അത്യുഗ്രരൂപം പൂണ്ടു. വിശ്വനാഥന്റെ രൗദ്രഭാവം മാറ്റി ജീവകാരുണ്യം വർഷിക്കാനായി അതൾശക്തിസ്വരൂപിണിയാകിയ ജഗന്മാതാവ് ശിവാരാധന തുടങ്ങി. വിശ്വജനനിയുടെ പൂജാവിധാനങ്ങളും തപസ്യയും കൊണ്ട് സന്തുഷ്ടനായ ശിവൻ വീണ്ടും

ലോകസൃഷ്ടിയ്ക്കു കനിഞ്ഞനുഗ്രഹിച്ചു അങ്ങനെ നശിച്ചുപോയ തങ്ങളുടെ പൂർവ്വപരമ്പരയെ വീണ്ടും ഉയിർത്തെഴുന്നേല്ക്കാനിടയാക്കിയ മഹേശ്വരിയുടെ തപശ്ശക്തിയോർത്തു മാനവർ ആഹ്ലാദിക്കുകയും ഭക്ത്യാദരപൂർവ്വം ഈശ്വരശക്തിയെ വാഴ്ത്തുകയും ചെയ്തു. ആഗമമുറപ്രകാരം ശക്തിമാതാവു് നടത്തിയ ശിവാരാധന മഹാശിവരാത്രിതോറും വിശേഷവിധികളനുസരിച്ചു് മനുഷ്യരും നടത്തിത്തുടങ്ങി. ക്രമേണ അജ്ഞതയും അന്ധകാരവും നീങ്ങി വെളിച്ചവും ഈശ്വരാനുഗ്രഹവും സിദ്ധിച്ചു. അന്നുമുതൽ ശിവപ്രസാദമുണ്ടായ ശിവരാത്രിനാൾ ശിവാരാധനാപ്രധാനമായി ആഘോഷിക്കുവാൻ തുടങ്ങി.

## വ്യാധന്റെ കഥ

ശിവരാത്രി മാഹാത്മ്യത്തിന്നാസ്പദമായ വേറൊരു പുരാണകഥ കൂടിയുണ്ടു്. സദാ ഹിംസാവൃത്തിയിലേർപ്പെട്ടിരുന്ന പുഷ്കരനെന്ന ഒരു ഭയങ്കരവ്യാധൻ ഒരു സംഘം മാൻപേടകളിൽനിന്നും ലഭിച്ച പ്രചോദനത്താൽ ശുദ്ധ സാത്വികനായി മോക്ഷപദത്തിനർഹനായിത്തീർന്നതും ഒരു ശിവരാത്രി നാളിലത്രെ.

ഒരു വനാന്തരത്തിലൊരു രമണീയ തടാകവും, കരയിൽ വില്വവൃക്ഷങ്ങളാൽ ചുററപ്പെട്ട ഒരു ശിപ്രതിഷ്ഠയും ഉണ്ടായിരുന്നു. ഒരു സംഘം മാൻപേടകൾ പ്രതിദിനവും ആ ശുദ്ധജലത്തിൽ കുളിച്ചു ശിവദർശനം നടത്തുക പതിവായിരുന്നു. ഒരു കുംഭമാസത്തിലെ കൃഷ്ണപക്ഷ ചതുർദ്ദശിനാളിൽ വേട്ടയാടി ക്ഷീണിച്ച പുഷ്കരൻ യാതൊന്നും കിട്ടായ്കകൊണ്ടു് അത്യന്തം ദുഃഖിതനായിത്തീർന്നു. തന്റെ വരവും കാത്തു വീട്ടിലിരിക്കുന്ന കുഞ്ഞുങ്ങളെപ്പററി ചിന്താമഗ്നനായ വ്യാധൻ ആ കൂവളവൃക്ഷക്കൊമ്പിൽ കയറിയിരിപ്പായി. വെള്ളം കുടിക്കാൻ തടാകത്തിലിറങ്ങുന്ന മാൻപേടകളെകണ്ടു അവൻ വില്ലുകുലച്ചു് അമ്പു്തൊടുത്തു. അതു കണ്ട മാൻപേടകൾ ദയനീയമാംവിധം വിളിച്ചുപറഞ്ഞു—'അല്പം ക്ഷമിക്കൂ! നിന്റെ കുഞ്ഞുങ്ങളെപ്പോലെ ഞങ്ങളേയും കാത്തിരിക്കുന്ന കുഞ്ഞുങ്ങൾക്കു് തീററകൊടുത്തുവന്നിട്ടു് ഞങ്ങളെ കൊന്നുകൊള്ളുക.''

കയ്യിൽ കിട്ടിയതിനെ വിട്ടുകളയാൻ വ്യാധൻ ആദ്യം മടിച്ചുവെങ്കിലും ഹരിണങ്ങളുടെ ദയനീയവും നിഷ്കപടവുമായ അഭ്യർത്ഥനയ്ക്കു അവൻ വഴങ്ങുകതന്നെ ചെയ്തു. ധർമ്മനിഷ്ഠരായ ആ മൃഗങ്ങൾ വാഗ്ദാനം ചെയ്തപോലെ തങ്ങളുടെ മാളങ്ങളിൽപോയി കുഞ്ഞുകുട്ടികൾക്ക തീററയും കൊടുത്തു അന്ത്യ യാത്ര ചോദിച്ചു കൊണ്ടു, വ്യാധൻെറ മുമ്പിൽ ഹാജരായി. പക്ഷേ അപ്പോഴേയ്ക്കും വ്യാധൻെറ മനസ്സിൽ ശ്രദ്ധയും അത്ഭുതവും ഉളവായിക്കഴിഞ്ഞിരുന്നു. അവൻ മനസ്സിരുത്തി ചിന്തിക്കുവാൻ തുടങ്ങി: ആ മൃഗങ്ങളുടെ സത്യനിഷ്ഠയും പ്രതിജ്ഞാപാലനവും കണ്ടറിഞ്ഞ് വ്യാധൻെറ ഉറങ്ങിക്കിടന്ന മനുഷ്യത്വം ഉണർന്നുവശായി. രാത്രി മുഴുവൻ ആ വില്വവൃക്ഷത്തിൻെറ ശിഖരത്തിൽ ശിവധ്യാനനിഷ്ഠയിലിരുന്നു അവൻ ഒഴുക്കിയ കണ്ണുനീർക്കണങ്ങളെല്ലാം വൃക്ഷച്ചുവട്ടിലിരുന്ന ശിവവിഗ്രഹത്തിൽ ശിവാഭിഷേകമായും ഇറുത്തിട്ടുകൊണ്ടിരുന്ന വില്വപത്രങ്ങളെല്ലാം ശിവാർച്ചനയായും ഭവിച്ചു. അങ്ങിനെ ശിവരാത്രിയുടെ അന്ത്യയാമമായപ്പോഴേക്കും പുഷ്ക്കര വ്യാധൻ ക്രമേണ മൃഗീയതയിൽനിന്നു മനുഷ്യത്വത്തിലേക്കും, മനുഷ്യത്വത്തിൽനിന്നു ദേവത്വത്തിലേക്കും ഉയർന്നു കഴിഞ്ഞു. നേരം പുലർന്നപ്പോഴേക്കും ധ്യാനനിരതനായ ആ വേടൻ ശിവലോകത്തിലേക്ക ആനയിക്കപ്പെട്ടു. അങ്ങനെ ധർമ്മനിഷ്ഠരും, സത്യവ്രതരുമായ ഹരിണങ്ങളുടെ സ്മരണയും, പുഷ്ക്കരവ്യാധൻെറ സൽഗതിവൃത്താന്തവും ശിവരാത്രി മാഹാത്മ്യത്തിനു് മാററുകൂട്ടുന്നു.

ശിവരാത്രിക്കു് ഏററവും മുഖ്യമായ സാധനയാണു് ശിവധ്യാനം. മുക്തിപ്രദനും ഉപനിഷൽ പ്രതിപാദ്യനുമായ ശിവനെ പുരാണങ്ങളിൽ ഉഗ്രമൂർത്തിയായും സൗമ്യമൂർത്തിയായും വർണ്ണിച്ചിട്ടുണ്ടു്. ധർമ്മമുള്ളേടത്തു് ശിവൻെറ സാന്നിദ്ധ്യം പ്രത്യക്ഷീഭവിക്കും എന്ന വാസ്തവത്തെ കാണിക്കുവാനാണു് പരമശിവനെ വൃഷഭവാഹനനാക്കി വർണ്ണിക്കുന്നതു്. ശിവൻെറ മൂന്നു കണ്ണുകൾ അദ്ദേഹം ത്രികാലജ്ഞാനിയാണെന്നതിൻെറ ലക്ഷണമാണു്. ആത്മജ്ഞാനത്തെ പ്രദാനം ചെയ്യുന്ന യോഗീശ്വരനാണു് ശിവൻ എന്നതിൻെറ സൂചകമായിട്ടാണു് ശിവനെ ശ്മശാനവാസിയായി കല്പിക്കുന്നതു്. ഗൃഹസ്ഥാശ്രമത്തിൻെറ ഉൽകൃഷ്ടമായ ആദർശം കാണിക്കുവാനാണു് ശിവനെ അർദ്ധനാരീശ്വരനാക്കി കല്പിക്കുന്നതു്. അന്യുക്ക അമൃത

ത്വം നൽകാൻവേണ്ടി കരാളകാളകൂടവിഷത്തെ ശിവൻ പാനം ചെയ്തു് നീലകണ്ഠനായിത്തീരുന്നു. പാപവാസനകളാകുന്ന സർപ്പങ്ങൾ ശിവൻെറ അനന്തസുന്ദരമായ കളേബരത്തിൽ പുററിപ്പിണഞ്ഞു കിടക്കുന്നുവെങ്കിലും അദ്ദേഹത്തെ ദംശിക്കുന്നില്ല. വിഭിന്ന രൂപത്തിൽ മൃത്യു അദ്ദേഹത്തെ വലയം ചെയ്യുന്നുവെങ്കിലും ശിവനെ സ്പർശിക്കുവാൻ കഴിയുന്നില്ല, ശിവൻെറ താണ്ഡവനൃത്തം ലോകത്തിൻെറ സൃഷ്ടിസ്ഥിതി സംഹാരാത്മകമായ ഗതിയെയാണു് സൂചിപ്പിക്കുന്നതു് ശിവൻ ഭക്തവത്സലനും സംഹാരരുദ്രനുമാണു്. ശിവൻ യോഗികളുടെ മഹേശ്വരനും ഭക്തന്മാരുടെ മംഗളകാരകനുമാണു്.

അങ്ങനെ മതപരമായി ഏററവും പ്രാധാന്യമുള്ള ഒരു ഉപവാസ ദിനമാണു് മഹാശിവരാത്രി. ശിവഭജനയും ധ്യാനവുംകൊണ്ടാണു് അന്നു ഉറക്കമിളക്കേണ്ടതു്. ശിവധ്യാനത്തോടൊപ്പം നാലു് യാമങ്ങളിലും വിശേഷാൽ പൂജകളും ആരാധനകളും നടത്തി വേണം ശിവരാത്രി ആഘോഷിക്കുവാൻ. *

# 36 ശിവതാണ്ഡവം

'മഹാശിവരാത്രി' മാഹാത്മ്യങ്ങളെ വിവരിക്കുന്ന ശിവാഗമ കഥകളും പുരാണവിവരണങ്ങളും ധാരാളമുണ്ടു്. അവയിൽ പ്രധാനമായ ഒന്നു്, മഹാപ്രളയതാണ്ഡവമത്രെ. മഹാപ്രളയത്തിനു് മുമ്പു് ജീവാത്മകോടികൾ ശിവമായയിലൊതുങ്ങി നില്ക്കവേ, സദാ താണ്ഡവനിരതനായ സദാശിവനെ, ഏകാദശരുദ്രന്മാർ പരാശക്തി സഹായത്താൽ ആരാധന നടത്തിക്കൊണ്ടിരുന്നു. പ്രപഞ്ചത്തിൻെറ അലൌകികവും അഭൗമവുമായ ഏകാന്തതയിൽ ബ്രഹ്മാണ്ഡം മുഴുവനും 'ഓം ശിവായ നമഃ' എന്ന ധ്വനി മുഴങ്ങിക്കൊണ്ടിരുന്നു. സദാശിവാനുഗ്രഹത്താൽ ഏകാദശരുദ്രന്മാരുടെ ശിവപൂജ

---

* 20–2–1955 ''മാതൃഭൂമി''യിൽ പ്രസിദ്ധപ്പെടുത്തിയതു്.

സഫലമായി. ആ ഈശ്വരേച്ഛയെ അനുസ്മരിച്ചുകൊണ്ട് ശിവാരാധനസ്സ് മാനവസമുദായത്തിൽ പ്രചോദനമുളവാക്കാൻ വരുന്ന മംഗലരാത്രിയാണ് മഹാശിവരാത്രി.

അമ്മയുടെ പരിചരണത്തിലാണ് ഓരോ ശിശുവും ആദ്യം വളരുന്നത്. പ്രായമാകുംതോറും പിതാവിന്റെ പരിലാളനവും മേൽനോട്ടവും ഉണ്ടാവുന്നതായി നാം സാധാരണ മനുഷ്യജീവിതത്തിൽ കാണുന്ന ജീവാത്മാവ് ജീവിതമാരംഭിക്കുന്നത് ശക്തിമാതാവിന്റെ സംരക്ഷണയിലാണ്. പല ജന്മങ്ങൾകൊണ്ട് സംസ്കരിക്കപ്പെടുന്ന ജീവാത്മാവിൽ ശിവസ്വരൂപം സ്വയം പ്രതിഫലിച്ച് മുന്നണിയിലേക്ക് വരുന്തോറും ശക്തിദേവിയുടെ ചുമതലകൾ സ്വയം പിൻവാങ്ങിക്കൊണ്ടിരിക്കും. ശക്തി വിലയംപ്രാപിക്കുന്ന ശിവസ്വരൂപത്തിലാണല്ലോ ജീവാത്മാവും അവസാനം ചെന്നുചേരേണ്ടത് ശിവബോധത്തിന്റെ സമുന്നത നിലയിൽ ശിവതാണ്ഡവം അനുഭവപ്പെടുന്നു. ആരംഭത്തിൽ ശക്തിയുടെ താണ്ഡവവും, പിന്നീട് ശിവതാണ്ഡവവും, ശക്തിയുടെ നൃത്തരംഗം പ്രകൃതിയും, ശിവന്റേതു് ചിദാകാശവുമത്രെ.

ഒരുവിധത്തിൽ ശിവതാണ്ഡവം അനവരതം അനുസ്യൂതം നടന്നുകൊണ്ടിരിക്കുന്നു. അനുനിമിഷവും രാവും പകലും, അന്ധകാരത്തിലും വെളിച്ചത്തിലും, ദിവ്യനർത്തനനിരതമാണ്. പാരാവാരങ്ങളും, പ്രവാഹങ്ങളും, പരിവർത്തനങ്ങളും നൃത്തം ചെയ്തുകൊണ്ടിരിക്കുന്നു. മേഘപടലങ്ങളുടെ സംഘട്ടനങ്ങളും നിമ്നോന്നതങ്ങളായ ജയപരാജയങ്ങളും, പ്രളയങ്ങളും മഹാപ്രളയവുമെല്ലാം ആ മഹാതാണ്ഡവത്തിന്റെ പ്രതീകങ്ങൾമാത്രം. അങ്ങനെ ഗ്രാമനഗരങ്ങളും, വനപർവ്വതങ്ങളും, പഞ്ചഭൂതങ്ങളും, അഷ്ടദിക്കുകളും എന്നല്ല; ഈരേഴ് പതിനാല് ലോകങ്ങളും ബ്രഹ്മാണ്ഡകടാഹങ്ങളും ശിവതാണ്ഡവമനുസരിച്ച് സദാ തുള്ളിയാടിക്കൊണ്ടിരിക്കുന്നു.

പ്രപഞ്ചത്തിന്റെ അതിഭയങ്കരമായ ഘടനാചക്രം, ഭഗവാന്റെ ദിവ്യരൗദ്രലീലാന്തർഗ്ഗതമായിരിക്കുന്നതുപോലെ, ആ മഹൽവിഭൂതിയുടെ പ്രതീകമായി ഭൈരവനൃത്തവും ദർശനീയമായി ഭവിക്കുന്നു. സൃഷ്ടിസ്ഥിതി സംഹാരരൂപേണ എല്ലായ്പ്പോഴും ചുററി

കറങ്ങിക്കൊണ്ടിരിക്കുന്ന ജഗത്തിനെ തത്വജ്ഞരായ വിവേകികൾ കാണുന്നു. നിഷ്ക്കാമകർമ്മനിരതരായ വിവേകികളുടെ ജീവിതമാണ് ജീവിതം. ലോകയുദ്ധങ്ങളും ആപൽസംഭവങ്ങളും അവരെ കർത്തവ്യവിമൂഢരാക്കുന്നില്ല. മറിച്ച് ഈവക സംഭവങ്ങളാൽ അവർ കൂടുതൽ ഉത്തേജിതരാവുകയാണ് ചെയ്യുന്നത്.

ജീവാത്മാക്കളെ തപിപ്പിച്ച് രോദനം ചെയ്യിക്കുക രുദ്രസ്വഭാവമാണ് അഗ്നിയിൽ തപിപ്പിച്ച് പത്തരമാററുത്തങ്കമെടുക്കുന്നതുപോലെ തപിച്ച് തപിച്ച് ജീവൻ സംസ്ക്കരിക്കപ്പെടണം. സംഹാരമെന്നതും ഒരു ദൈവീക കർമ്മമാണെന്ന ബോധമുള്ളപ്പോൾ എന്തിന് ഭയപ്പെടണം? ജീർണ്ണ ശരീരങ്ങൾ നശിപ്പിക്കപ്പെടുന്നു. അത്തരം സംസാരത്തിൻെറ ബാഹ്യചിഹ്നമായിരിക്കുന്ന രുദ്രഭൂമി അഥവാ ശ്മശാനം ശ്രേഷ്ഠമായൊരു ക്ഷേത്രമത്രെ. അതൊരു 'ആദ്ധ്യാത്മിക വിദ്യാലയമാണ്'. അങ്ങോട്ടുപോകാൻ അറയ്ക്കുന്നവർ ഈശ്വരഭജനയ്ക്ക് യോഗ്യരല്ല. എല്ലായ്പ്പോഴും ശാന്തസ്വരൂപിയായിരിക്കുക മാത്രമല്ല ശിവസ്വഭാവം.

ഇടയ്ക്കിടെ ഉഗ്രരൂപമെടുക്കുക ശിവസ്വഭാവമത്രെ. രുദ്രൻ, വീരഭദ്രൻ തുടങ്ങിയവ ശിവൻെറ ഉഗ്രരൂപങ്ങളാണ്. അവയെ സ്തുതിക്കാനും ധ്യാനിക്കാനും കെൽപുള്ളവർ ഭയത്തെ ജയിക്കുന്നു. ശ്മശാനവൈഭവമറിയാൻ പരുങ്ങുന്നവർ ഭീരുക്കളത്രെ. ശിവൻ മൃത്യുലീലാപ്രിയനാണ്. ഈ മരണക്കളിക്ക്—മൃത്യുവിനെ ,മന്ദസ്മിതപൂർവ്വം സ്വാഗതം ചെയ്യാൻ—തൻേറടമുള്ളവരാണ് യഥാർത്ഥ ശിവഭക്തർ. രൂപഭാവങ്ങൾ വിവിധങ്ങളാണ്. വിശ്വനിയന്താവിൻെറ വിവിധവൃത്തികളെ വ്യക്തമാക്കുന്ന നിഗൂഢരഹസ്യ തത്വങ്ങളാണവ ഓരോന്നും. സർവ്വശക്തിസമ്പന്നനായ രാവണൻ മഹാനായ ശിവഭക്തനാണ്. അവസാനം സർവ്വസ്വവും അഹന്തയ്ക്ക് അടിമപ്പെടുത്തിയതു നിമിത്തം അധഃപ്പതിച്ചുവെന്നുമാത്രം. ശിവതാണ്ഡവസ്തോത്രത്തിൻെറ കർത്താവായ രാവണൻ കൈലാസപർവ്വതത്തെ സ്വയമുയർത്താൻ മടിക്കുന്നില്ല. പക്ഷെ, പ്രചണ്ഡതാണ്ഡവനൃത്തം ചെയ്യുന്ന ശിവൻെറ കാലടിയിൽ അഹങ്കാരത്തിൻെറ ശിരസ്സുകൾ താനേ കുനിയുന്നു. അവസാനം ജയം ശിവനും ശിവതത്വത്തിനുമാണെന്ന തത്വം താല്ക്കാലികമായിട്ടെങ്കിലും അഹന്തയുടെ ആ വിശ്വപ്രതീകം അറിയുന്നു, എന്നിട്ട് ശിവനെ സ്തുതിക്കുകയാണ്:—

ജയത്യദഭ്രവിഭ്രമസ്ഫുരൽ ഭുജംഗമശ്വസത
വിനിർഗ്ഗമക്രമസ്ഫുരൽ കരാളഭാലഹവ്യവാട്
ധിമിന്ധിമിന്ധിമിദ്ധ്വനൻ മൃദംഗതുംഗമംഗല
ധ്വനിക്രമപ്രവർത്തിത പ്രചണ്ഡതാണ്ഡവ ശിവഃ

ശിവൻെറ സംഹാരകാരി സ്വരൂപത്തിലും സൃഷ്ടിയുടെ ശ്രേഷ്ഠതത്വമടങ്ങിയിരിക്കുന്നു. താണ്ഡവത്തിൽ മൃദംഗാദിമധുരദ്ധ്വനികളുടെ സമ്മേളനമുണ്ടാവുന്നതു് നോക്കുക. ശിവനടനം തന്നെ ഉന്മത്തനടനം, അലനടനം, കമലനടനം, അമൃതനടനം, ഭ്രമരനടനം, ബകുളനടനം തുടങ്ങി വിവിധകാലഭാവ വ്യത്യാസങ്ങളനുസരിച്ചിരിക്കും. ചിദാകാശത്തിലുള്ള നടനമാണ് നടരാജനൃത്തം.

ശിവശാസ്ത്രപ്രകാരം ആറ് പിണ്ഡസ്ഥലങ്ങളെപ്പററി വിവരിക്കുന്നതു് ശ്രദ്ധേയമാണ്. കൈലാസപർവ്വതത്തെ ശിരസ്സായും, കേദാരം ലലാടമായും, കാശി ഭ്രൂമദ്ധ്യമായും ചിദംബരം ഹൃദയമായും തിരുവാരൂർ മൂലാധാരമായും കുരുക്ഷേത്രം മൂലസ്ഥാനമായും സങ്കല്പിച്ചിരിക്കുന്നതിൻെറ ഭാരതീയ പ്രാധാന്യം നിത്യസ്മരണാർഹമാണ്. 'ശിവരാത്രി' പോലുള്ള പുണ്യദിനാചരണങ്ങൾകൊണ്ടും വ്രതോപാസനാദികൾകൊണ്ടും സാധിക്കേണ്ടതു് മാനവസംസ്ക്കരണമാണ്. ധർമ്മമാർഗ്ഗത്തിൽ ഓരോ ജീവാത്മാവും തപസ്സ് ചെയ്തു് സംസ്കൃതരാവണം. അതിലേയ്ക്കു് ഓരോ പ്രവൃത്തിയും ശിവാരാധനമാക്കിത്തീർക്കണം. പണ്ടുണ്ടായ രാഷ്ട്രനായകന്മാരുടെ ധർമ്മയുദ്ധഘോഷണങ്ങൾപോലും 'ഹരഹര മഹാദേവ'' എന്നായിരുന്നു. നിത്യകർമ്മങ്ങൾ തൊട്ടു് സാമൂഹികവും ദേശീയവുമായ പ്രവർത്തനങ്ങൾവരെ എല്ലാം ശിവാരാധനമാക്കിത്തീർക്കുക. ശിവൻെറ രാത്രിയായ ആ മംഗലനിശാവേളയിൽ മാനവത്വവികാസത്തിന് നാം ഉൾക്കൊള്ളേണ്ടതായ പ്രചോദനമാണിതു്.

---

3–3–1957 "കേസരി''യിൽ പ്രസിദ്ധപ്പെടുത്തിയതു്.

# 37 പൊന്നിൻ ചിങ്ങം

ആവണിപ്പിറപ്പോടുകൂടി പ്രകൃതിതന്നെ കളിച്ച കോവിലിലേക്ക പോകുന്ന ഒരു പ്രതീതിയുളവാകുന്നു. കള്ളക്കർക്കടകത്തിലെ പഞ്ഞവും പട്ടിണികളും മാറി കർഷകജനതയ്ക്കാഹ്ലാദമേകുന്ന സുപ്രഭാതം. കൊയ്തു മെതിച്ച ധാന്യങ്ങളുടെ കൂമ്പാരങ്ങൾ കണ്ണിനൊരുകുളിർമ്മയും കരളിനൊരു ആനന്ദവുമേകുന്ന ചിങ്ങമാസം, സിംഹാകൃതിയും പാണ്ഡുവർണ്ണവുമുള്ള ചിങ്ങംരാശിയിൽ ആദിത്യൻ പര്യടനം നടത്തുന്ന കാലമത്രെ.

പരസ്പര സാഹോദര്യത്തിൻേറയും മാനുഷികൈക്യത്തിൻേറയും സുവർണ്ണോജ്ജ്വലകാന്തി പ്രസരിപ്പിച്ചുകൊണ്ടു ആ സേതു ഹിമാചലം 'രക്ഷാബന്ധന'മാചരിച്ചു കഴിഞ്ഞു് ആവണിപ്പിറപ്പോടുകൂടി പുത്തരിയൂണിന്റെ വേലിയേററമായി, നവധാന്യങ്ങളുടെ യജ്ഞമയമായ വിനിയോഗമാണു് പുത്തരിയൂണിൻെറ അടിസ്ഥാനതത്വം. 'ആവണി അവിട്ടം'. ഗായത്രീജപം, യജ്ഞോപവീതധാരണം തുടങ്ങിയ വൈദികവൃത്തികൾക്കു് പ്രാധാന്യമർഹിക്കുന്നു, അത്തപ്പൂവിട്ടു് ഓണത്തപ്പനെ സ്വാഗതം ചെയ്കയായി! ഭഗവാൻെറ അവതാരമാസമെന്ന നിലയിൽ 'ഭാഗവതസപ്താഹ' ത്തിന്നു് മുഖ്യത്വമുള്ളൊരു മാസമാണിതു്. സപ്താഹവിധിയനുഷ്ഠിക്കാൻ നിർവ്വാഹമില്ലാത്ത സാധാരണക്കാരുടെ വേനങ്ങളിൽ ഭക്തിപുരസ്സരം 'കൃഷ്ണഗാഥാ' പാരായണം നടത്തപ്പെടുന്നു. പ്രത്യേകിച്ചും പരശുരാമ ക്ഷേത്രമായ കേരളത്തിലേക്കു് ലോകരെ ആകർഷിച്ച ശംഖനാദങ്ങൾ മിക്കതും ഈ പൊന്നിൻ ചിങ്ങത്തിലാണു് മുഴങ്ങിയതു്. ഓണവും ശ്രീ വിദ്യാധിരാജൻേറയും ശ്രീനാരായണ ഗുരുവിൻേറയും ജന്മദിനങ്ങളുമാണവ,

## വിനായക ചതുർത്ഥി

ചിങ്ങത്തിലെ കറുത്തവാവു് കഴിഞ്ഞു വരുന്ന ചതുർത്ഥി വിനായകോത്സവ ദിനമാണു്. വിനകളുടെ നായകനും വിനകളെ

തീർത്തുരക്ഷിക്കുന്നവനുമായ ദേവനാണ് വിഘ്നേശ്വരൻ. ദേവന്മാരുടേയും ഋഷികളുടേയും തപസ്സിന്റെ ഫലമായി ഉമാമഹേശ്വരനൊരു പുത്രൻ ജനിച്ചുവെന്നു പുരാണങ്ങളിൽ ഘോഷിക്കുന്നു. ആദിയിൽ ദൈവത്തിൽനിന്നും ശബ്ദമുണ്ടായിയെന്ന് മതഗ്രന്ഥങ്ങളിൽ വായിക്കുന്നു. പ്രണവസ്വരൂപനായ ഗജാനനൻ നാദബ്രഹ്മമാണ്. ജ്ഞാനം ത്വാം ഗണപതിം ഹവാമഹേ.' എന്ന് വേദങ്ങൾ സ്തുതിക്കുന്ന ഗണനായകനെ നാം ശുഭകർമ്മങ്ങളുടെയെല്ലാം ആരംഭത്തിൽ ആരാധിക്കുന്നു: ഹരി: ശ്രീ ഗണപതയേ നമ: അവിഘ്നമസ്തു! എന്ന്.

ബോംബെ മുതലായ സ്ഥലങ്ങളിൽ 'വിനായക ചതുർത്ഥി' ആർഭാടമായി ആഘോഷിക്കപ്പെടുന്നു. കേരളത്തിലും വിശേഷാൽ ആരാധനകളും ഗണപതി ഹോമങ്ങളും മററും നടത്തി വിനായക ചതുർത്ഥി ആഘോഷിക്കപ്പെടുന്നുണ്ട്.

## ശ്രീവിദ്യാധി രാജദിനം

ശ്രീ ചട്ടമ്പിസ്വാമികളെന്നറിയപ്പെടുന്ന ശ്രീ വിദ്യാധിരാജ പരമ ഭട്ടാരസ്വാമി തിരുവടികളുടെ സിദ്ധാവതാര ദിനമാണ് ചിങ്ങമാസത്തിലെ ഭരണിനക്ഷത്രം. കേരളത്തിൽ ആദ്ധ്യാത്മികവും സാമൂഹ്യവുമായ ഒരു നവോത്ഥാനത്തിന്റെ നാന്ദിയായിട്ടാണതു് സംഭവിച്ചതു്. വസിഷ്ഠതുല്യനായ ആ മഹർഷി പ്രഭാവൻ തന്റെ പാദസ്പർശംകൊണ്ട് പരിപൂതമാക്കാത്ത മണൽത്തരികൾ കേരളത്തിലെങ്ങുമുണ്ടായിരിക്കയില്ല. യോഗവിദ്യയിലും ആത്മീയൗന്നത്യത്തിലും അദ്വിതീയനിഷ്ഠനായിരുന്ന ശ്രീ വിദ്യാധിരാജസ്വാമികൾ വ്യക്തികളിൽക്കൂടി വിദ്യുൽപ്രവാഹം പോലെ മാററം വരുത്തിയിരുന്നു. മനുഷ്യരെ മാത്രമല്ല; നം പുരാണേതിഹാസങ്ങളിൽ വായിച്ചറിയുന്നതുപോലെ വിരുദ്ധസ്വഭാവമുള്ള വന്യ മൃഗങ്ങളെപ്പോലും പരസ്പരസാഹോദര്യ ഭാവേന പെരുമാറത്തക്ക വിധമുള്ള പെരുമാററങ്ങൾ ആ സിദ്ധയോഗിയുടെ ദിവ്യസാന്നിദ്ധ്യം കൊണ്ട് ദൃശ്യമായിരുന്നു. മനുഷ്യസ്വഭാവ വൈരുദ്ധ്യങ്ങളെ അത്ഭുതാവഹമാം വിധം രൂപംപിടിച്ചുകാട്ടിയ ആ മഹാത്മാവ് ക്രൂരജന്തുക്കളെ മനുഷ്യരേക്കാൾ സത്സ്വഭാവികളാക്കിയും കാണിച്ചുതന്നു.

ഒരിയ്ക്കലൊരു ഗൃഹസ്ഥശിഷ്യനോട് കുറേപ്പേർക്ക് സദ്യയൊരുക്കാൻ സ്വാമികാം ആവശ്യപ്പെട്ടു. സദ്യയൊരുക്കി, ഇലയിട്ട് വിഭവങ്ങാം വിളമ്പിക്കഴിഞ്ഞപ്പോഴേയ്ക്കും സ്വാമികാം ഒരു പററം നായ്ക്കളുമായാണ് സദ്യയ്ക്കു വന്നതു്. മനുഷ്യരോടെന്നപോലെ ശ്വാനന്മാരോട് ഊണു കഴിഞ്ഞു് ഇലയുമെടുത്തുകൊണ്ട് സ്ഥലം വിടാനായി ആജ്ഞാപിച്ചു. അവ അപ്രകാരം അനുസരിച്ചു. ഇതു കണ്ട് ആശ്ചര്യാതിശയത്തോടുകൂടി ഉദ്യോഗസ്ഥ വൃന്ദങ്ങളുാംപ്പെടെ ചുററും കൂടിനിന്നവരോട് അദ്ദേഹം—'ഒരു കാലത്തു് ഉദ്യോഗം വഹിച്ചിരുന്നിട്ട് അഴിമതിയാൽ അധഃപ്പതിച്ചുപോയ മനുഷ്യരുടെ പുനർജ്ജന്മമാണീ പട്ടികാം'—എന്നരുളിച്ചെയ്തു.

ശ്രീ വിവേകാനന്ദസ്വാമികാം, തന്റെ വിദേശപര്യടനത്തിനു മുൻപ് അവധൂതസഞ്ചാരം ചെയ്തിരുന്ന കാലത്തു ശ്രീ വിദ്യാധിരാജ ചട്ടമ്പിസ്വാമികളെ ദർശിക്കുകയുണ്ടായി, ഒരേകാന്ത സ്ഥലത്തു് അവരിരുവരും സംഭാഷണത്തിലേർപ്പെട്ടു. 'ചിന്മുദ്ര'യുടെ സ്വഭാവവും ശക്തിവിശേഷങ്ങളും സ്വാമി വിവേകാനന്ദന്റെ ആവശ്യപ്രകാരം വിവരിച്ചുകൊടുത്തു. പിന്നീട് പല സന്ദർഭങ്ങളിലും ശ്രീ വിവേകാനന്ദസ്വാമികാം ഈ കൂടിക്കാഴ്ചയെ അനുസ്മരിച്ചിട്ടുള്ളതായി കാണുന്നു. 'ഞാൻ ബംഗാളത്തുനിന്നും വളരെ ദൂരെ—ഭാരതത്തിന്റെ തെക്കേ അററത്തു്—ഇവിടത്തോളമെത്തി. ഇതേവരെ കണ്ട സന്ന്യാസിമാരോടെല്ലാം ഇതേ ചോദ്യം ചോദിച്ചു. ഇത്ര തൃപ്തികരമായ ഒരു സമാധാനം പറയുവാൻ ആർക്കും സാധിച്ചില്ല'' എന്നാണ് ആ ലോകോദ്ധാരകൻ പിന്നീടു അഭിപ്രായപ്പെട്ടതു്. ബ്രഹ്മവിദ്യയ്ക്കു് ശ്രീനാരായണഗുരുവിന്റെ ആചാര്യനാണ് ചട്ടമ്പിസ്വാമികാം. ശ്രീനാരായണഗുരുവിനെ കൂടാതെ, ശ്രീനീലകണ്ഠതീർത്ഥപാദർ, തീർത്ഥപാദപരമഹംസർ എന്നീ പുണ്യാത്മാക്കളും ശ്രീ വിദ്യാധിരാജ ചട്ടമ്പിസ്വാമികളുടെ പ്രധാന സന്ന്യാസി ശിഷ്യരാണ്.

## ചതയം തിരുനാാം

ശ്രീനാരായണഗുരുദേവന്റെ അവതാരദിനമാണ് ചിങ്ങമാസത്തിലെ ചതയം നക്ഷത്രം. സവർണ്ണാവർണ്ണഭേദംകൊണ്ട് കെട്ടിപ്പടുത്തിരുന്ന ഭയങ്കരകോട്ടയെ തട്ടിത്തകർത്തു തരിപ്പണമാക്കിയ

ദിവ്യസേനാനി, അയിത്തത്തിൻെറ പേരിൽ പുലർത്തിവന്നിരുന്ന ക്രൂരമായ അസമത്വങ്ങളുടേയും അന്ധവിശ്വാസങ്ങളുടേയും നേരേ സന്ധിയില്ലാത്ത സമരാഹ്വാനം ചെയ്ത സമുദായ പരിഷ്കർത്താവ്, അവശലക്ഷങ്ങളുടെ ആരാധനാമൂർത്തിയായ ദീനബന്ധു. ഹിന്ദുധർമ്മസ്ഥാപനത്തിനും ധർമ്മസ്ഥാപനങ്ങൾക്കുംവേണ്ടി അനവരതം പ്രവർത്തിച്ചുപോന്ന യഥാർത്ഥ ജനകീയ നേതാവ്, ഹിന്ദുധർമ്മത്തിൻേറയും സമുദായത്തിൻെറയും അഭിനവപ്രവാചകൻ, സർവോപരി ഭാരതീയ ഋഷീശ്വരന്മാരുടെ മഹനീയ പാരമ്പര്യത്തെ സംരക്ഷിച്ചുപോന്ന സന്ന്യാസിവര്യൻ, എന്നീ നിലകളിലെല്ലാം വിശ്വവിഖ്യാതനായ ആ മഹാചാര്യൻെറ പുണ്യജയന്തി നാമിന്ന് സാർവത്രികമായി ആഘോഷിക്കുന്നു ശ്രീനാരായണഗുരുദേവൻ ഒരു പ്രത്യേക സമുദായത്തേയോ ചിന്താഗതിയേയോ പ്രതിനിധീകരിക്കുന്നുണ്ടെങ്കിൽ അതു് ഹിന്ദു സമുദായത്തേയും ഹിന്ദുധർമ്മത്തേയുമല്ലാതെ മറ്റൊന്നുമല്ല.

ശ്രീ ഗുരുദേവൻെറ ഉപദേശങ്ങളിലും ജീവിതോദ്ദേശങ്ങളിലും കലർപ്പുചേർത്തു മിനുക്കാൻ ശ്രമിക്കുന്നവർ യഥാർത്ഥത്തിൽ ഗുരുഭക്തരല്ല; ഗുരുത്വമില്ലാത്തവരത്രെ. ഇവരുടെ തള്ളിക്കയററത്തിൽ, ജീവിതകാലത്തു് തന്നെ ഗുരുദേവൻ ഉൽക്കണ്ഠ പ്രകടിപ്പിച്ചിട്ടുണ്ടു്. അതു് സംശയാതീതമായ രീതിയിൽ അദ്ദേഹം രേഖപ്പെടുത്തിയിട്ടുമുണ്ടു്. ശ്രീ നാരായണഗുരു, ഹൈന്ദവരുടെയാകമാനം അഭിമാനസ്തംഭവും അദ്ദേഹത്തിൻെറ ജീവിതം ഹൈന്ദവധർമ്മശാസ്ത്രങ്ങളുടെ സുലളിതമായ വ്യാഖ്യാനവുമാണു്.

## ഓണമഹാമഹം

കേരളീയരുടെ ദേശീയാഘോഷമായ 'ഓണം' ആബാലവൃദ്ധം ജനങ്ങളെ ഒന്നുപോലെ ആകർഷിക്കുന്നതാണല്ലോ. കേരളീയരോടൊപ്പം മറുനാടൻ മലയാളികളും ഓണമാഘോഷിക്കുവാൻ ഉത്സാഹിക്കുന്നുണ്ടു്. തുടർച്ചയായി ഇരുപത്തെട്ടനാൾ ഓണമാഘോഷിച്ചിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. വിദേശികൾ മരവുരികളുമുടുത്തു് മരക്കൊമ്പുകളിൽ ജീവിച്ചിരുന്ന കാലത്തു് നമ്മുടെ ദേശം പരിഷ്ക്കാരത്തിൻെറയും നാഗരീകതയുടേയും ഔന്നത്യത്തിലായിരുന്നുവെന്നു് നമ്മെ ഓർമ്മപ്പെടുത്തുന്ന മറെറാരു ഉജ്ജ്വല ദൃഷ്ടാന്തമാണു് ഓണം.

പരശതം സംവത്സരങ്ങളെ പിന്നിട്ടു വന്നിട്ടും ഓണത്തിൻെറ പുതുമയ്ക്കും മഹത്വത്തിനും യാതൊരുടവും ഉണ്ടായിട്ടില്ലെന്നു് നമുക്ക് സമാധാനിക്കാം. 'റഷ്യൻ സ്ഥിതി സമത്വത്തിൻെറ' രൂക്ഷതരമായ തട്ടിത്തകർക്കൽ നയം കൂടാതെതന്നെ സ്ഥിതി സമത്വം വിജയകരമായി നടപ്പാക്കിയ ഒരു ഭരണാധികാരിയെന്ന നിലയാണു് മഹാബലി നമ്മുടെ സ്മൃതിപഥത്തിലാവിർഭവിക്കുന്നതു്. മനുഷ്യർക്കെല്ലാം ജീവിക്കുവാനും വളരുവാനും ചിന്തിച്ചു വികസിക്കുവാനുമുള്ള നിയമങ്ങളും അചാരാനുഷ്ഠാനങ്ങളും ലക്ഷ്യവും ഒന്നുതന്നെയായിരിക്കണമെന്നു അദ്ദേഹത്തിനു നിർബ്ബന്ധവുമുണ്ടായിരുന്നു.

അതുകൊണ്ടു് താല്പര്യവൈരുദ്ധ്യങ്ങളോ താല്പര്യങ്ങൾക്കുവേണ്ടിയുള്ള ജീവിതസമരങ്ങളോ, തജ്ജന്യങ്ങളായ അസ്വാസ്ഥ്യതകളോ, നാട്ടിലെങ്ങും ഉണ്ടായിരുന്നില്ല. അതുകൊണ്ടാണു അക്കാലത്തെ സ്ഥിതിഗതികളെക്കുറിച്ചു് "മാവേലി നാടു വാണീടും കാലം മാനുഷരെല്ലാരുമൊന്നുപോലെ" എന്നു് പാടുവാനിടയായതു്. ഊണുംകഴിച്ചു് ഉല്ലസിച്ചുകൊണ്ടു് അതുമാത്രമാണു് ഓണമെന്നു് ഓണത്തിൻെറ സാംസ്കാരിക വശത്തെ മറക്കാതിരിക്കട്ടെ.

## ശ്രീകൃഷ്ണാവതാരം

മററു് അവതാരങ്ങളെയപേക്ഷിച്ചു് പല വിശേഷമഹത്വങ്ങളുമുള്ള ശ്രീകൃഷ്ണാവതാരം ചിങ്ങമാസത്തിലെ അഷ്ടമി-രോഹിണി ദിനത്തിലാണല്ലോ. ഒരു പൂർണ്ണാവതാരത്തിനുണ്ടായിരിക്കേണ്ടതായ സർവലക്ഷണങ്ങളും ഒത്തു ചേർന്നാണു് ഇന്നേയ്ക്കു് അയ്യായിരം വർഷങ്ങൾക്കുമുമ്പു് അതു് സംഭവിച്ചതു്. സ്വേച്ഛാധിപതികൾ ജനതയെ ചവിട്ടി മെതിക്കുന്ന ഭീകരവാഴ്ചകൾ അവിടവിടെയായി—തല പൊക്കിയാടി. പരസ്പരസ്പർദ്ധയും വിദ്വേഷവും പിടിച്ചുകൊണ്ടു് ജനങ്ങൾ ഛിന്നഭിന്നരായി പിണങ്ങിപ്പിരിഞ്ഞുകൊണ്ടിരുന്നു. അന്ധകാരാവൃതമായ ആ ചുററുപാടിൽ ഭഗവാൻ സമ്പൂർണ്ണവിഭൂതികളോടുകൂടി ശ്രീകൃഷ്ണനായി അവതരിച്ചു. ദുഷ്ടരാക്ഷസന്മാരെ അമർത്തി പതിതരും പാവപ്പെട്ടവരുമായ ജനതയെ സമുദ്ധരിച്ചു. സജ്ജനങ്ങളെ സമാശ്വസിപ്പിച്ചുകൊണ്ടു് ധർമ്മപുനസ്ഥാപനം നടത്തി.

ബാഹ്യമായി പല മാററങ്ങളുണ്ടായിട്ടുണ്ടെങ്കിലും ആന്തരീകമായി അന്നത്തെക്കാൾ ദയനീയത കുറഞ്ഞ കാലമല്ല ഇന്നത്തേതും. ശതവർഷങ്ങളായി അന്യാധീനതയിൽ കഴിഞ്ഞുവന്ന ഭാരതസമുദായത്തിൻെറ സാംസ്ക്കാരിക ബോധം ഇന്നു ചരിത്രാവശിഷ്ടമായി ത്തീർന്നിരിക്കുന്നു. ഇന്നാകട്ടെ ദേശവാസികൾ ഉണ്ണാനും ഉടുക്കാനുമുള്ള പ്രശ്നങ്ങളിൽ എല്ലായ്പോഴും വ്യാപൃതരായി കാണപ്പെടുന്നു. അച്ചടക്കവും ആത്മവീര്യവും സദാചാരനിഷ്ഠയും ജനതയിൽ കണ്ടെത്താൻ പ്രയാസമായിത്തീർന്നിരിക്കുന്നു. തന്നിമിത്തം മദമാത്സര്യാദി ദുർഗ്ഗുണങ്ങൾ സർവ്വത്ര സൈ്വരവിഹാരം നടത്തുന്നു. പരസ്പര വിദ്വേഷവും വിദ്രോഹബുദ്ധിയും വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നു. ഭാരതത്തിലെന്നല്ല, ഒരു പ്രകാരത്തിലല്ലെങ്കിൽ മറെറാരു പ്രകാരത്തിൽ വിശ്വം മുഴുവൻ ദയനീയാവസ്ഥയാണ് നിലവിലുള്ളതു്. ഒരു നൂതനമായ വെളിച്ചത്തിനും ഉണർവ്വിനുംവേണ്ടിയുള്ള ആവേശഭരിതമായ പരക്കംപാച്ചിൽ ഇതിനിടയ്ക്കു് ദൃശ്യമാണ്. അതെങ്ങനെ, എവിടെനിന്നുമാണുണ്ടാവുക? ഈ വിഷമഘട്ടത്തിൽ കുചേലസഖാവായ ശ്രീകൃഷ്ണൻ തൻെറ ദിവ്യമുരളിയിൽക്കൂടി മധുരക്കൂജനംചെയ്യു ദിവ്യാഹ്വാനം ശ്രവിച്ച് അനുഷ്ഠിക്കുന്നപക്ഷം ഭാരതത്തിൻെറ മാത്രമല്ല, ലോകത്തിൻെറ ആകമാനം ക്ഷേമവും സമാധാനവും സുനിശ്ചിതമാണ്. അതിനുള്ള സത്സംഗവും സന്മനസ്സും അഷ്ടമി–രോഹിണി നാളിലെങ്കിലും നമുക്കുണ്ടാവാൻ പരിശ്രമിക്കുകയേ വേണ്ടൂ.

പൊന്നിൻ ചിങ്ങത്തെ സ്മരിക്കുമ്പോൾ, താല്ക്കാലികമായ ആറ്റാദപ്രകടനങ്ങൾ മാത്രമല്ല; വ്യക്തിഗതവും, സാമൂഹികവും, ദേശീയവുമായ ഉന്നമനത്തിനു മാർഗ്ഗദർശനം നൽകുന്ന പല അമൂല്യതത്വങ്ങളും അതിലടങ്ങിയിരിക്കുന്നതു കാണാം. അവയെല്ലാം സർവ്വവ്യാപകമായ രീതിയിൽ ശ്രീകൃഷ്ണാവതാരസ്മരണയിൽ പൂർണ്ണത്വം പ്രാപിക്കുകയും ചെയ്യുന്നു. ശരിയായ കർമ്മപദ്ധതികളിൽക്കൂടി അതു് വ്യക്തികളിലും സമൂഹത്തിലും വ്യാപരിച്ചാൽ ഉദ്ദിഷ്ടഫലപ്രാപ്തിവരെ കൊണ്ടെത്തിക്കുകയും ചെയ്യും.

---

8–9–1957 ''കേസരി''യിൽ പ്രസിദ്ധപ്പെടുത്തിയതു്

# 38 രാമായണമാർഗ്ഗം

വിവിധ ജീവിത വീക്ഷണങ്ങളും സ്വഭാവ വൈരുദ്ധ്യങ്ങളും നിറഞ്ഞു വിതുമ്പുന്ന ഇപ്രപഞ്ചത്തിന്റെ നിത്യനൂതനവും ദിവ്യവുമയ പ്രാമാണികഗ്രന്ഥമാണ് രാമായണം. ലോകത്തുനിന്നു എന്നെന്നേയ്ക്കുമായി അടർത്തെറിയാൻ വഹിയാത്ത സ്വഭാവ വൈരുദ്ധ്യങ്ങളെല്ലാം സമൂലവും സജീവവുമായി അതു് പ്രദർശിക്കുന്നതോടൊപ്പം വൈവിദ്ധ്യത്തിലുള്ള ഏകത്വം ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു. ധാർമ്മികമൂല്യങ്ങൾ അസ്ഥിവാരമായ്കൊണ്ട രാമായണം അവകാശവാദങ്ങളെക്കാൾ കർത്തവ്യ കർമ്മങ്ങൾക്ക് പ്രാധാന്യം നൽകുന്നു. കാലോചിതമാംവിധം എല്ലാ ജീവിതത്തുറകളിലേയ്ക്കും പ്രചോദനമേകുന്ന രാമായണം കാട്ടുന്ന മാർഗ്ഗം ജീവിതസാഫല്യത്തിലേയ്ക്കു അഥവാ പരിപൂർണ്ണജീവിതത്തിലേയ്ക്കുള്ള മാർഗ്ഗമാണ്. പരമലക്ഷ്യത്തെ ഉന്നംവച്ചുകൊണ്ടുള്ള ഈ ജീവിതപ്രയാണത്തിൽ താങ്ങും തണലുമേകുന്ന കൽപവൃക്ഷമാണ് രാമായണം. കൊള്ളാനും കൊടുക്കാനുമുള്ള ഒരാളിന്റെ യോഗ്യതാനുസരണം അതിൽനിന്നു് നമുക്കു പ്രേരണയും ഫലവും സിദ്ധിക്കുന്നു.

രാമായണം ഭാരതത്തിൽ മാത്രമല്ല ഒരുകാലത്തു് സയാം, സുമിത്ര മുതലായ ദ്വീപാന്തരങ്ങളിലും, അമേരിക്ക, ആസ്ത്രേലിയ തുടങ്ങിയ ഭൂഖണ്ഡങ്ങളിലും വ്യാപിച്ച് തദ്ദേശവാസികളുടെ ജീവിതത്തിൽ സ്വാധീനശക്തിയേകിയിരുന്നതായി നാമിന്നു് അറിയുന്നുണ്ട്. ഈ യാന്ത്രികയുഗത്തിലും വിദേശങ്ങളിൽ സത്യത്തെ ഇരുട്ടുകൊണ്ടു ഓട്ടയടയ്ക്കാൻ വെമ്പൽ കൊള്ളുന്ന കുബുദ്ധികളുടേയും കുസൃതിപ്രസ്ഥാനങ്ങളുടെയും എണ്ണമററ തടസ്ഥങ്ങളെ സ്വമേവ ഭേദിച്ചുകൊണ്ട് രാമായണം പ്രകാശിക്കുന്നതു് മാനവ സമുദായങ്ങളുടെ ലക്ഷ്യപുരുഷനേയും മാതൃകാസ്ത്രീയേയും രാമായണത്തിൽ ദർശിച്ചുകൊണ്ടാണ്. പരിഷ്ക്കാരത്തിന്റേതായ ഈ നൂററാണ്ടിന്റെ ആരംഭദശയിൽ പാശ്ചാത്യ ദേശങ്ങളിലിറങ്ങിയ രാമായണ തർജ്ജിമകൾ കണ്ട് അത്ഭുതപരതന്ത്രരായ ചിലർ കൂപമണ്ഡൂകന്യാ

യേന അസൂയപ്പെടുകയും അക്രോശിക്കുകയും ചെയ്തുപോയെങ്കിലും മനുഷ്യസ്നേഹികളെല്ലാം ആഹ്ളാദപൂർവം സ്വാഗതം ചെയ്കയാണുണ്ടായതു്. "എനിക്കെന്റെ ജീവിതത്തിൽ ഏററവും പ്രിയകരവും ഹിതകരവുമായ കാലമാണു് 1863-ാം വർഷം. എന്തെന്നാൽ ആ യാണ്ടിലാണു് ഇൻഡ്യയിലെ മഹാവിശുദ്ധകാവ്യമായ രാമായണമെന്ന ദിവ്യഗ്രന്ഥം വായിക്കുവാനുള്ള സൗഭാഗ്യം എനിക്കു് ലഭിച്ചതു്" എന്നു് രാമായണത്തെപ്പററിയുള്ള തന്റെ ലേഖനപരമ്പരയുടെ തുടക്കത്തിൽ പ്രസിദ്ധപാശ്ചാത്യ ഗ്രന്ഥകാരനായ ജൂലിയസ് മൈക്കലെററ് പ്രസ്താവിച്ചിരിക്കുന്നു.

ഇതേവരെയ്ക്കുമീയാഖ്യാനം സോത്തരം ബ്രഹ്മപൂജിതം
രാമായണപ്പേരാണ്ടൊന്നുമുഖ്യം വാത്മീകി നിർമ്മിതം
അതിനാൽ ദേവഗന്ധർവർ സിദ്ധന്മാർ ഋഷിമുഖ്യരും
ദിവ്യം രാമായണം വാനിലെന്നും കേൾക്കുന്നു ഹൃഷ്ടരായ്
ആയുസ്സൗഭാഗ്യകരമീയാഖ്യാനം പാപനാശനം
പാപമെല്ലാം വിടുമിതിൻപാദംപോലും ശ്രവിക്കുകിൽ

എന്നു് രാമായണോൽഭവകാലത്തു രേഖപ്പെടുത്തിയിരിക്കുന്നതുപോലെ രാമായണപാരായണവും ശ്രവണമനനാദികളും ദേവന്മാരെയും മനുഷ്യരെയും സംബന്ധിച്ചിടത്തോളം എന്നെന്നും പ്രിയകരമായിരിക്കതന്നെ ചെയ്യും.

പ്രപഞ്ചത്തിലെ സ്വഭാവ വൈരുദ്ധ്യങ്ങളെല്ലാം രാമായണത്തിൽ കാണാമെന്നു പറഞ്ഞുവല്ലോ. പ്രത്യക്ഷത്തിൽ പരസ്പരവിരുദ്ധങ്ങളെന്നു തോന്നിക്കുന്ന ഈ വൈവിധ്യങ്ങളെ തമ്മിലിണക്കിച്ചേർക്കുന്ന ധാർമ്മികമൂല്യമാണു് രാമായണ മാർഗ്ഗം. പുമൈ കല്ലും മുള്ളും നിറഞ്ഞതെന്നു തോന്നിക്കുന്ന—പരമലക്ഷ്യത്തിലേക്കുള്ള ധർമ്മമാർഗ്ഗത്തിന്റെ മാർഗ്ഗദർശകനാണു് ശ്രീരാമൻ. ആ പുരുഷോത്തമന്റെ അനുഗ്രഹശക്തിയാണു് സീതാദേവി. പ്രാചീനക്ഷാത്രവീര്യമാതൃകയും സത്യത്തിന്റെ പ്രത്യക്ഷോദാഹരണവും സദാചാരത്തിന്റെ ഉത്തമദൃഷ്ടാന്തവും മാതൃകാപുത്രനും, മാതൃകാഭർത്താവും മാതൃകാ പിതാവും ഇവയെല്ലാം പുറമേ മാതൃകാ രാജാവുമാണു് ശ്രീരാമൻ. ഭാരതീയ സ്ത്രീത്വത്തിന്റെ മൂർത്തിമൽഭാവമാണു് സീതാദേവി. എത്രതന്നെ തപശക്തിയും വിഭവസമൃദ്ധിയും

ഉണ്ടായിരുന്നാലും സോദരകളെ മഹേശ്വര്യ വിധേയമാക്കാതെ പോയാൽ എത്ര വലിയ മേധാവിയായാലും അയാൾ പരോപദ്രവകാരിയും രാക്ഷസനമായിത്തീരുമെന്നതു് രാവണചക്രവർത്തിയുടെ ചരിത്രം പഠിപ്പിക്കുന്നു. ബ്രഹ്മചര്യനിഷ്ഠമായ തപോബലത്തിന്റെയും സ്വാർത്ഥത്യാഗത്തിന്റെയും അത്യുത്തമ മാതൃകയാണു് ശ്രീ. ഹനുമാൻ കാട്ടിത്തരുന്നതു്. സാത്വികവും സംശുദ്ധവുമായ സാഹോദര്യ സ്നേഹത്തിന്റെ ഉത്തമദൃഷ്ടാന്തമാണു് ഭരതലക്ഷ്മണന്മാർ. ഇപ്രകാരം രാമായണത്തിന്റെ ഇതര കഥാപാത്രങ്ങളെല്ലാം വിവിധ സ്വഭാവ ഗുണങ്ങളുടെ വിളനിലങ്ങളാണു്. ദൈവീകസമ്പത്തുള്ളവരെപ്പോലെതന്നെ ആസുരീസമ്പത്തുടയവരും അവരവരുടെ കർമ്മഫലങ്ങൾ അനുഭവിക്കുവാൻ ബാദ്ധ്യസ്ഥരായിത്തീരുന്നു. അങ്ങനെ എന്നെന്നും പുതുമയും പുരോഗമനസ്വഭാവത്തോടുകൂടിയതുമായ ശാശ്വതധാർമ്മികമൂല്യങ്ങളുടെ അടിസ്ഥാനത്തിൽ രൂപമെടുത്ത രാമായണം മനുഷ്യരാശിക്കാകമാനം മാർഗ്ഗദർശനം നൽകിക്കൊണ്ടു് വിരാജിക്കുന്നു.

ദോഷൈകദൃക്കുകൾ, രാമായണത്തിലും സീതാപരിത്യാഗം, ബാലിവധം, ശൂദ്രസന്യാസിവധം എന്നീ സംഭവങ്ങളിൽകൂടി കരിംകൊടികൾ പൊക്കിപ്പിടിക്കുന്നതിൽ അത്ഭുതപ്പെടാനില്ല. നമ്മുടെ കാലഘട്ടത്തിൽ ജീവിച്ചിരുന്ന മഹാത്മാഗാന്ധിയുടെ ജീവചരിത്രത്തിൽ നിന്നും എത്രയോ ഗുണപാഠങ്ങൾ സ്വീകരിക്കാമെന്നിരിക്കെ ത്യാഗമോഹനമായ ആ ജീവിതത്തിലും കറുത്ത പുള്ളികൾ കണ്ടെത്തി ആമോദിക്കുന്നവർ ധാരാളമുണ്ടു്. ഇതും ലോകസ്വഭാവമാണു്. സത്യധർമ്മാദികളുടെ വിളനിലമായ സീതാരാമന്മാരുടെ ദിവ്യചരിതം പഠിച്ചറിയാനുള്ള മനക്കരുത്താണവർ ആദ്യമായി സമ്പാദിക്കേണ്ടതു്. ജനങ്ങളെ രഞ്ജിപ്പിച്ച് ഭരിക്കുന്നവനാണു് രാജാവ്, അഥവാ ഭരണാധികാരി. ഒരു അലക്കുതൊഴിലാളിയുടെ ആരോപണം ജനതാമദ്ധ്യേ വിവാദവിഷയമായപ്പോൾ സീതാദേവിയുടെ മനോഭാവമനുസരിച്ച് ശ്രീരാമൻ ചെയ്യേണ്ടതു ചെയ്തു. തന്റെ ജീവിതസുഖങ്ങളെല്ലാം ദേശീയഭദ്രതയ്ക്കുവേണ്ടി ത്യാഗം ചെയ്യാൻ കൂസാത്ത ശ്രീരാമനെയാണു് സീതാപരിത്യാഗത്തിൽ കൂടി നാം ദർശിക്കുന്നതു്. പാവനചരിതയായ സീതാദേവിയെ കാട്ടിലെറിയാൻ തക്കവിധം ഹൃദയശൂന്യനായ

മനുഷ്യനാണോ ശ്രീരാമൻ? അന്നത്തെ ഋഷി ആശ്രമങ്ങളുടെ പ്രശാന്ത ഗംഭീരവും പവിത്രവുമായ ചുററുപാടുകൾ നാം ഓർമ്മിക്കണം. ഇന്നത്തെക്കാൾ മെച്ചപ്പെട്ടതും അകൃത്രിമവും ആയ പൊതു സ്ഥാപനങ്ങൾ അന്നത്തെ ഋഷി ആശ്രമങ്ങളെ കേന്ദ്രീകരിച്ചു പ്രവർച്ചിരുന്നു. മനസ്സമാധാനദായകവും ആരോഗ്യകരവും ജ്ഞാനപ്രദാനപരവുമായ ആ ദിവ്യനികേതനങ്ങളിൽ പ്രത്യേകിച്ചും രാമനാമം ജീവിതമന്ത്രമായി കണ്ടെത്തിയ വാത്മീകി മഹർഷിയുടെ ആശ്രമത്തിൽ വസിക്കുകയെന്നതു കൊട്ടാരത്തെക്കാൾ മെച്ചപ്പെട്ടതായിരുന്നു. എല്ലായ്പോഴും ശ്രീരാമധ്യാനനിരതയായ സീതാദേവിയാകട്ടെ ഒരിക്കലും രാമസാന്നിദ്ധ്യം വിട്ടിരുന്നിട്ടുമില്ല. ശാസ്ത്രാസ്ത്രവിദ്യകളിൽ ശ്രീരാമനെക്കാൾ നിപുണന്മാരായ ലവകുശകുമാരന്മാരും ജനിച്ചുവളന്നതു് ആ ആശ്രമാന്തരീക്ഷത്തിലായിരുന്നു. ശ്രീരാമദേവന്റെ കർത്തവ്യപാലനവും, സീതാദേവിയുടെ ത്യാഗബുദ്ധിയും ഒന്നുചേന്നു പരമലക്ഷ്യത്തിലേയ്ക്കു നയിക്കുന്ന ദിവ്യദർശനമാണു് സീതാപരിത്യാഗത്തിൽകൂടി ദർശിക്കുന്നതു്.

അറിഞ്ഞും അറിയാതെയും മിനിട്ടിനു് നൂറുകളും പ്രയോഗിക്കുന്നവരാണു് ഇന്നു ബാലിയുടെ പക്ഷംപിടിച്ചു വാദിക്കുന്നതു്. രാവണനേയും ബാലിയെയും പരസ്പരം ബന്ധിപ്പിക്കുന്ന സത്യത്തിലുറപ്പിച്ച സഖ്യം നിലവിലിരുന്നപ്പോഴാണു് ശ്രീരാമൻ ഒളിയമ്പുകൊണ്ടു് ബാലിവധം നടത്തിയതു്. മാത്രമല്ല, പല മേധാവികൾക്കും തങ്ങളെ അജയ്യരാക്കുന്ന വരബലം നേടിക്കഴിയുമ്പോൾ അഹംഭാവം പെരുകുന്നു. അവർ ദൈവീശക്തിയെ ദുരുപയോഗപ്പെടുത്തുകയും തൽസ്ഥാനത്തു് ആസുരശക്തി വർദ്ധിപ്പിച്ചു് ലോകോപദ്രവകാരികളായിത്തീരുകയും ചെയ്യുന്നു. ആ നിലയിൽ നേരിട്ടു യുദ്ധംചെയ്യുന്നവരെ നശിപ്പിക്കാനുള്ള വരബലം നേടിയിരുന്ന ബാലിയെ ശ്രീരാമൻ ഒളിയമ്പു പ്രയോഗിച്ചു് വധിച്ചു. വരബലങ്ങളെ ദുരുപയോഗപ്പെടുത്തുന്നവർക്കുള്ള ഗതി ബാലിക്കും ഉണ്ടായി. അതുപോലെ പാരമാർത്ഥിക ജീവിതത്തിൽ ശ്രദ്ധിക്കുന്നവക്കുമാത്രമേ ഉത്തരരാമായണത്തിലെ (പ്രക്ഷിപ്ത കഥയെന്നുകൂടി പറയപ്പെടുന്ന) ശൂദ്രസന്യാസിവധത്തെപ്പററിയും ഗ്രഹിക്കുവാൻ സാധിക്കൂ. വർണ്ണാശ്രമപ്രകാരം ഒരു ശൂദ്രസ്ത്രീയുടെ മകനാണു് വസിഷ്ഠമഹർഷി. (ഗണികാ ഗർഭസംഭൂതോ വസിഷ്ഠശ്ച മഹാമുനി)

ആ ശൂദ്രപുത്രനെ കുലഗുരുവായി വരിച്ച ശ്രീരാമൻ മറെറാരു ശൂദ്ര സന്യാസിയെന്നു കേട്ടയുടനെ വാളെടുക്കുമോ? ആശ്രമധർമ്മങ്ങൾ ശരിയാംവണ്ണം പാലിക്കപ്പെടുന്ന രാമരാജ്യത്തിൽ സന്ന്യാസാശ്രമ ധർമ്മത്തെ അവമതിക്കുന്ന വഴക്കം സൃഷ്ടിക്കാൻ അദ്ദേഹം അനുവദിച്ചില്ല. സത്യധർമ്മാദികളിൽ അധിഷ്ഠിതമായിരുന്നു ശ്രീരാമൻെറ രാജ്യതന്ത്രം.

സ്വരാജ്യത്തിൻെറ ആദർശം രാമരാജ്യമാണ്. എന്നിങ്ങനെ ഒരു സ്വതന്ത്രഭാരത ജനാധിപത്യരാഷ്ട്രത്തെക്കുറിച്ച് മഹാത്മാ ഗാന്ധി നിർവചിക്കുമ്പോൾ അതിനോടു ഭാരതീയ ജനത പൂർണ്ണമായും യോജിക്കുന്നതെന്തുകൊണ്ടാണ്? നാമറിയാതെതന്നെ നമ്മിലുള്ള സാത്വികഭാവമുണരുകയാണ് രാമരാജ്യമെന്നു കേൾക്കുമ്പോൾ! രാമരാജ്യത്തെപ്പററി വാത്മീകി മഹർഷിതന്നെ രേഖപ്പെടുത്തിയിരിക്കുന്നതു നോക്കുക.

ഉണ്ടായ്‌വന്നീലവിധവാ വിലാപം വ്യാളഭീതിയും
പെട്ടീല രോഗഭയവും രാമൻ രാജ്യം ഭരിക്കവേ
ഇല്ലാതായി ചോരരുലകിൽ, തൊട്ടീലാപത്തൊരാളെയും
ബാലർക്കു വൃദ്ധർ ചെയ്യേണ്ടിവന്നീലാ പ്രേതകർമ്മവും
എല്ലാം സന്തുഷ്ടമായ് വന്നിതേവരും ധർമ്മശീലരായ്
ചെയ്തീലതങ്ങളിൽ ദ്രോഹംരാമനെത്തന്നെയോർക്കയാൽ

*   *   *   *   *

ഭംഗിയിൽ പൂത്തും കാച്ചും സ്കന്ധവിസ്തൃതിയോടും
പൊങ്ങിയുണ്ടെന്നെഴുന്നു വൃക്ഷങ്ങൾ നിരന്തരം
വേണ്ടപോലുണ്ടായ്‌വന്നു മാരിയും യഥാകാലം
കണ്ണുതവിട്ടു വീശി വായുവും സുഖസ്പർശൻ

രാമരാജ്യത്തിലെ ജനത ത്യാഗസുരഭിലമായ ജീവിതത്തിൽ സുഖിക്കുകയും സന്തോഷിക്കുകയും ചെയ്തിരുന്നു. എത്ര ഉന്നതകുലജാതനായാലും ഉത്തുംഗപദവിയിലമർന്നവനായാലും ശരി, കർത്തവ്യബോധത്തിലും സദാചാരനിഷ്ഠയിലും നിന്നവർക്ക് വ്യതിചലിക്കാൻ കഴിഞ്ഞിരുന്നില്ല. നാട്ടിൽ ധർമ്മനിഷ്ഠയും ത്യാഗവും

സേവനവുമെന്ന ജീവിതാദർശവും അഭിവൃദ്ധിപ്പെട്ടപ്പോൾ സുഭിക്ഷതയും സന്തോഷവും കളിയാടി. സംതൃപ്തിയും സമാധാനവും രാജ്യമെങ്ങും വ്യാപിച്ചു. ഒരു മഹാകുടുംബത്തിലെ അംഗങ്ങളെന്നപോലെ ഭരണാധികാരികളും ജനങ്ങളും വർത്തിച്ചു. രാമരാജ്യം ഭൂലോക സ്വർഗ്ഗമായിത്തീർന്നു. ലോകരാജാക്കന്മാർ ഭാരതമാതാവിൻെറ തൃച്ചേവടികളിൽ നമ്രശിരസ്ക്കരായിത്തീർന്നു. ഭാരതമകുടം ലോകോത്തമമായി പ്രകാശിച്ചു. ലോകാസ്സമസ്താസ്സുഖിനോ ഭവന്തു: എന്ന വിശ്വശാന്തിമന്ത്രം ലോകമാകെ മുഴങ്ങി. പ്രാചീന രാജാക്കന്മാർ (ഭരണാധികാരികൾ) ശ്രീരാമനെ തങ്ങളുടെ ലക്ഷ്യപുരുഷനായും സീതാദേവിയെ ലക്ഷ്യമാതാവായും ആരാധിച്ചു. രാജാവ് (ഭരണാധികാരി) യാവുന്നതു ഭോഗസുഖങ്ങൾക്കല്ല, ത്യാഗത്തിനാണെന്നു് അനുഭവപ്പെടുത്തുകയും രാജകുടുംബത്തിലെ അംഗങ്ങളെപ്പോലെ എല്ലാവർക്കും നന്മനേരുന്ന വിധത്തിൽ ജീവിതം നയിക്കുകയും ചെയ്തിരുന്നു. ജനങ്ങളും ശ്രീരാമനേയും സീതാദേവിയേയും ലക്ഷ്യമാക്കി ദേശത്തിനുവേണ്ടി എന്തു ത്യാഗവുമനുഷ്ഠിക്കാൻ തയ്യാറായിരുന്നു. അങ്ങനെ പരസ്പരധാരണയിലും ത്യാഗത്തിലും ജീവിതം നയിച്ചവരുടെ നാട്ട് സമാധാനത്തിൻെറയും സംതൃപ്തിയുടേയും "രാമരാജ്യ"മായിത്തീർന്നതിൽ ആശ്ചര്യപ്പെടാനില്ല.

കാലങ്ങൾ മാറുകയും ജനങ്ങൾ സത്യധർമ്മാദികൾവിട്ടു് വ്യതിചലിക്കുകയും ഭരണാധികാരികൾ ഭോഗലോലുപന്മാരായിത്തീരുകയും ചെയ്തപ്പോൾ അന്യാധീനപ്പെട്ട ഭാരതദേശം അംഗഭംഗപ്പെട്ട നിലയിലെങ്കിലും നീണ്ടകാലത്തിനുശേഷം വീണ്ടും സ്വതന്ത്രയാവുകയും രാജ്യധർമ്മവും മതങ്ങളും തമ്മിൽ വേർതിരിച്ചറിയുവാൻ വഹിയാത്ത നിലയിൽ ചട്ടതിട്ടങ്ങളുണ്ടാക്കി ഭരണചക്രം തിരിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ രാമായണം കാട്ടുന്ന വഴിയെന്താണെന്നു വീണ്ടും ചിന്തിക്കേണ്ടതാണ്. ഇന്നു് പല മതങ്ങളുള്ള ഭാരതം ഒരു മതേതരരാഷ്ട്രമായി നിലനിർത്തുന്നതുതന്നെ ഭാരതീയസംസ്ക്കാരത്തിൻെറ പ്രത്യേകതകൊണ്ടാണ്. മതേതരരാഷ്ട്രസിദ്ധാന്തത്തിനു് ബാധകമല്ല രാമരാജ്യം. രാമരാജ്യമെന്നാൽ ധർമ്മരാജ്യമെന്നാണർത്ഥം. മതങ്ങളും ധർമ്മവും തമ്മിൽ കൂട്ടിക്കലർത്തുന്നതു് ശരിയല്ല. ഭാരതീയ ധർമ്മമെന്നാൽ ഭാരതീയ സംസ്ക്കാരമെന്നാണ് താല്പര്യം. തമ്മിൽവേർപെട

ത്താൻ വഹിയാത്തവിധം ഐക്യപ്പെട്ടതാണ് ഭാരതചരിത്രവും ഭാരതീയ സംസ്ക്കാരവും. ജനസമുദായങ്ങളും രാഷ്ട്രവും ധാർമ്മിക ജീവിതത്തിന് പ്രാധാന്യം കൊടുത്തിരുന്ന കാലഘട്ടങ്ങളിലെല്ലാം മററു ജീവിത തുറകളിലും പുരോഗതി ഉണ്ടായിക്കൊണ്ടിരുന്നു. പ്രാചീന ഭാരതീയ ഭരണകൂടങ്ങളെല്ലാം സ്ഥായിത്വമുള്ള ധാർമ്മികഭാവത്തോടുകൂടിയതായിരുന്നു. നല്ലൊരു ഭരണസമ്പ്രദായത്തെയാണ് രാമരാജ്യമെന്ന പൊതുനാമത്തിലറിയപ്പെട്ടിരുന്നതു്. വിപരീതമായ ഭരണരീതിക്ക് രാവണരാജ്യമെന്നോ അസുരരാജ്യമെന്നോ പൊതുവായി പറഞ്ഞിരുന്നു. എന്നാൽ രാവണരാജ്യത്തിലും ആസ്തിക്യബോധം വേണ്ടുവോളമുണ്ടായിരുന്നു. പ്രധാനശിവഭക്തരിൽ ഒരാളായിരുന്നു രാവണൻ. പക്ഷെ ശിവഭക്തിയും തപശക്തിയും തൻെറ അഹന്തയ്ക്കും സ്വാർത്ഥതയ്ക്കും വിധേയമാക്കിയപ്പോൾ രാവണൻ രാക്ഷസനായി. പ്രകൃത്യാതന്നെ ധാർമ്മികഭാവനയുള്ളവരായിരുന്നു ഭാരതീയർ. ധർമ്മത്തിൽനിന്നും വേർപെടുത്താവുന്നയാതൊന്നും ഭാരതീയ ജീവിതത്തിലില്ലായിരുന്നു. ആത്മീയജീവിതമാണ് ഭാരതീയരുടെ ജീവനാഡി. ഭാരതീയ ജീവരക്തത്തിൽ ഊറിക്കിടക്കുന്ന ആത്മീയഭാവത്തിനു ഗ്ളാനി ഭവിച്ചാൽ എന്താണവശേഷിക്കുക? ഉപ്പിൻെറ സ്വാഭാവികമായ ചവർപ്പ് ഇല്ലാതാവുകയാണെങ്കിൽ അതു വേറെന്തെങ്കിലുമൊരു സാധനമായി മാറുന്നതുപോലെ ഭാരതീയരുടെ ആദ്ധ്യാത്മിക ജീവിതത്തിനുടവു തട്ടിയാൽ ദേശീയവ്യക്തിത്വം നഷ്ടപ്പെടുകയായിരിക്കും ചെയ്യുന്നതു്. ഒരു സമൂഹത്തിൻെറ സാമൂഹ്യഭാവം (വ്യക്തിത്വം) ഇല്ലായ്മചെയ്താൽ ആ സമൂഹംതന്നെ നശിച്ചതിനു തുല്യമാവും.

ഈ ഭാരതീയവ്യക്തിത്വമാണ് രാമായണം തെളിച്ചുകാട്ടുന്നതു്. വ്യക്തികളുടെ സ്വധർമ്മാനുഷ്ഠാനത്തിൽ നിന്നുളവാകുന്നതാണ് സ്വരാജ്യം എന്നു ഗാന്ധിജി പറയുന്നു. വിശോത്തരമായ ഈ സ്വദേശീയ വ്യക്തിത്വം നിലനിർത്തി മനുഷ്യത്വത്തിനു സംരക്ഷണവും പണ്ടേപ്പോലെ ലോകത്തിനു മാർഗ്ഗദർശനവും നൽകാൻ ഭാരതം വീണ്ടും പ്രാപ്തിയുററതാവണമെങ്കിൽ ത്യാഗവും

സേവനവുമെന്ന ജീവിതാദർശം ജനങ്ങരം കൈക്കൊള്ളണം. ധാർമ്മികജീവിതത്തിൻെറ നിലവാരം താഴ്ത്തിക്കൊണ്ടു കടും ബദ്രത്യം സാമൂഹ്യരാഷ്ട്ര ക്ഷേമങ്ങളും കൈവരുത്താവുന്നതല്ലെന്നും എല്ലാവിധത്തിലുമുള്ള ക്ഷേമജീവിതത്തിൻെറ അടിസ്ഥാനം ധർമ്മമാണെന്നുമാണ് രാമായണം പഠിപ്പിക്കുന്നതു്. രാമായണത്തിൻെറ മാർഗ്ഗം തന്നെയാണ് ഭാരതീയതത്വത്തിൻെറ രാജപാത. *

# 39 ഗീത ജനിക്കുന്നു!

പാണ്ഡവസേനയും, കൗരവസേനയും യുദ്ധസന്നദ്ധതയോടെ അണിനിരന്നുനില്ക്കുന്നു. സമരകാഹളധ്വനികരംക്കിടയിൽ അർജ്ജുനൻ (നരൻ) ശ്രീകൃഷ്ണനെ (ഭഗവാനെ) നോക്കി ഇരുസൈന്യങ്ങരംക്കും മദ്ധ്യേയായി തൻെറ രഥത്തെ നിറുത്താൻ അപേക്ഷിക്കുന്നു. ഇരുവിഭാഗത്തിലും ബന്ധുക്കളേയും, മിത്രങ്ങളേയും. അമ്മാവന്മാരേയും, അപ്പൂപ്പന്മാരേയും, സഹോദരങ്ങളേയും പുത്രപൗത്രന്മാരേയും കാണുന്നു. അർജ്ജുനനു് മനുഷ്യസഹജമായ ദുഃഖമുണ്ടായി; വിവശനും ബോധരഹിതനുമായിത്തീന്നു.

അർജ്ജുനൻ:—ഇതെന്താണു കാണുന്നതു്? ആക്കു് വിജയം, ആരോടാണു് വിരോധം? അയ്യോ! സഹോദരവധത്തിനാണോ നാം വന്നതു്? വേണ്ട, ഞാൻ എതൃക്കാൻ പോകുന്നില്ല; അവരെന്നെ കൊന്നാലും ദോഷമില്ല.

സഞ്ജയൻ:—ഇങ്ങനെ മുറവിളിച്ചുകൊണ്ടു് വില്ലും ശരവും നിലത്തെറിഞ്ഞ അർജ്ജുനൻ (പോർക്കളമദ്ധ്യത്തിൽ) തളന്നു് തേർത്തട്ടിലേക്കു മറിഞ്ഞു.

ധൃതരാഷ്ട്രർ:—നേരോ? സഞ്ജയാ, നിൻെറ ജ്ഞാനദൃഷ്ടി പിഴച്ചില്ലല്ലോ! കൗരവരെക്കുറിച്ചു് അർജ്ജുനനു് അത്രയ്ക്കു കരുണയുണ്ടായോ? ദുര്യോധനൻ തപ്പിപ്പിഴച്ചെന്നുതന്നെ തോന്നുന്നു. ഹിംസയെക്കാരം അഹിംസാധർമ്മമാണു് നല്ലതെന്നു നിനച്ചു് പാണ്ഡവർ വീണ്ടും വനത്തിലേക്കു പോകുകയാണെങ്കിൽ................

* 13 - 12 — 1955 'മലയാളി' വാരപ്പതിപ്പിൽ പ്രസിദ്ധപ്പെടുത്തിയതു്.

സഞ്ജയൻ:—എന്നാൽ കരത്തിൽ ചാട്ടവാറുമായി നിൽക്കുന്ന ആ തേരാളിയെ കണ്ടു....അതെ,

നിരന്നപീലികൾ നിരക്കവേ കുത്തി
നെറുകയിൽക്കൂട്ടിത്തിറമൊടുകെട്ടി
കരിമുകിലൊത്ത ചികുരഭാരവും
മണികൾ മിന്നിടും മണിക്കിരീടവും
..........................................
ചപലന്മാരോടു കലർന്ന ഹാസ്യവും
എതിരിടുന്നോർക്ക ഭയങ്കരത്വവും

പലവുമിങ്ങനെ നവനവരസമിടയിടകൂടിക്കലർന്ന നേത്രവുമായി ദർശനമരുളുന്ന ആ ശ്രീകൃഷ്ണനെ കണ്ടു. ആഹാ, ദിവ്യപ്രഭ മിന്നുന്ന ആ നേത്രങ്ങൾ! ചമ്മട്ടി പിടിച്ച ആ കരങ്ങൾ! അശ്വങ്ങളെ ഓടിക്കുന്നതുപോലെ പാർത്ഥസാരഥി പാർത്ഥനേയും വിധിമാർഗ്ഗേണ ഓടിക്കുവാൻതന്നെ നിശ്ചയിച്ചു....മഹാരാജാവേ! ആ ജ്ഞാനസാഗരത്തെ ഞാൻ ദർശിച്ചു. ആ ജ്ഞാനമിഴികൾ........ജ്ഞാനമാർഗ്ഗത്തെ ...

ധൃതരാഷ്ട്രർ:—എന്തു്? കൃഷ്ണനോ? എന്താണു പറഞ്ഞതു്? എന്തു വഴിയാണു് കാട്ടിത്തന്നതു്? എൻെറ പിള്ളേരെല്ലാം രക്ഷപ്പെടാനുള്ള വഴി കാട്ടിക്കൊടുത്തോ?

സഞ്ജ:—രാജൻ: കൃഷ്ണൻെറ മാർഗ്ഗവും തിരുവായ്മൊഴികളും ഇതാ പട്ടാപ്പകൽപോലെ സ്പഷ്ടമാണു് സമസ്തമനുഷ്യർക്കുമുള്ള രക്ഷാമാർഗ്ഗമാണതു്, മനം കലങ്ങിയ അർജ്ജുനനോടു്—

ശ്രീകൃഷ്ണൻ:—ഹേ അർജ്ജുനാ! ധർമ്മ സമരം ചെയ്യാനുള്ള ഈ സന്ദർഭത്തിൽ, അനവസരത്തിലെ നിൻെറയീകരുണ, കരുണയുമല്ല ധർമ്മവുമല്ല. ഇഹലോകത്തിൽ അപകീർത്തിയുണ്ടാക്കുന്നതും പരലോക കവാടത്തെ ബന്ധിക്കുന്നതുമാണിതു്. നിൻെറ ക്ഷുദ്രമായ ഹൃദയദൗർബല്യത്തെ വലിച്ചെറിയൂ. എണീററുനിന്നെന്നെ നോക്കൂ. ബലഹീനതയോ ഭീരുത്വമോ അല്ല അഹിംസാധർമ്മം.

ക്ഷുദ്രം ഹൃദയദൗർബല്യം
ത്യക്ത്വോത്തിഷ്ഠപരന്തപ!

അജ്ജുനൻ.—കൃഷ്ണാ! ക്ഷമിച്ചാലും. ഭീഷ്മർ തുടങ്ങിയ പൂജ്യരായ ഗുരുജനങ്ങളെ ഞാനെതിർത്തു പോരാടുന്നതെങ്ങനെ? രക്തത്തിൽ കുതിർത്ത രാജ്യാധികാരം എനിക്കു വേണ്ട. ഞാൻ യുദ്ധം ചെയ്യുകയില്ല. മോഹമുപേക്ഷിച്ച് സമാധാനത്തെ വരിക്കും.

സഞ്ജയൻ:—എന്നു് വിജയൻ നിർബ്ബന്ധമായി പറഞ്ഞൊഴിഞ്ഞു.

ധൃതരാ:—ഹാ, അജ്ജുനന്റെ പ്രസംഗംതന്നെ പ്രസംഗം; അതു് ജ്ഞാനവാണികളാണു്. ധർമ്മനീതികളാണവ. സമസൃഷ്ടസ്നേഹസമ്പൂർണ്ണമാണാ പ്രസംഗം.!

സഞ്ജയൻ:—രാജൻ! ധൃതിപ്പെടാതെ കേറുക്കു! അജ്ജുനനെ നോക്കി പുഞ്ചിരിച്ചുകൊണ്ടു് ശ്രീകൃഷ്ണൻ:—

അജ്ജുനാ! നീ ജ്ഞാനിയെപ്പോലെ സംസാരിക്കുന്നു; എന്നാൽ നിന്റെ വാദം ജ്ഞാനപരമല്ല; ധർമ്മവാദവുമല്ല. അസത്തിനു നിലയില്ലെന്നോർക്കുക, സത്തിനു് നാശവുമില്ല. ദേഹമാണു് നശിക്കുന്നതു്. ആത്മാവു് കൊല്ലുന്നില്ല, കൊല്ലപ്പെടുന്നുമില്ല. സുഖദുഃഖങ്ങളെ സമചിത്തതയോടെ കാണുക. പോരിന്നായെഴുന്നേൽക്കു വീരാ! ഹിംസസമരമാണു്; അഹിംസാധർമ്മവും സമരമത്രെ. അജ്ജുനാ! മാററാൻ വഹിയാത്ത കാര്യത്തെപ്പററി നീയിനി ദുഃഖിച്ചിട്ടു് കാര്യമില്ല.

അജ്ജുനൻ:— കൃഷ്ണാ! അവർ നമ്മുടെ ബന്ധുക്കളെല്ലേ? സഹോദരങ്ങരം, സ്നേഹിതന്മാർ, ഗുരുജനങ്ങരം എന്നിവരെ കൊല്ലുന്നതെങ്ങനെ? അതു ചിന്തിക്കാൻകൂടി വഹിയാ, എന്റെ ഹൃദയം നടുങ്ങുന്നു!

ശ്രീകൃഷ്ണൻ;— ധർമ്മത്തെ കണ്ടു നടുങ്ങാതെ, ധർമ്മം അധർമ്മത്തോടു മുട്ടി മോതി മൂച്ചു മുട്ടിക്കൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ, അർജ്ജുനാ! യഥാർത്ഥ വീരനായ നിനക്കു് ധർമ്മത്തിനായി സമരം ചെയ്വാനുള്ള അസുലഭസന്ദർഭമാണു് കരഗതമായിരിക്കുന്നതു്. ന്യായപൂർണ്ണമായ ഈ യുദ്ധം നീ നടത്തിയില്ലെങ്കിൽ സ്വധർമ്മത്തിൽ

നിന്നും വ്യതിചലിച്ചവനായി പാപിയായിത്തീരും. യുദ്ധത്തിൽ ജയിച്ചാൽ സ്വരാജ്യം; കൊല്ലപ്പെട്ടാൽ വീരസ്വർഗ്ഗം. നിശ്ചയ ബുദ്ധിയോടുകൂടി കടമയെ ചെയ്യൂ. അവകാശത്തെ നേടൂ!

അർജ്ജുനൻ:— കൃഷ്ണാ അവകാശത്തേക്കാം കടമയാണല്ലോ ശ്രേഷ്ഠം? കർമ്മത്തേക്കാം ശ്രേഷ്ഠമായതു് ജ്ഞാനമല്ലേ? യുദ്ധമെന്ന ഭയങ്കരകർമ്മത്തിലേക്ക് എന്നെയെന്തിനു പ്രേരിപ്പിക്കുന്നു?

കൃഷ്ണൻ:— രണ്ടു മാർഗ്ഗവും അധികാരി ഭേദമനുസരിച്ച് ശ്രേയസ്കരമാണ്. വിഹിതകർമ്മത്തെ ചെയ്യുന്നതിലാണ് സിദ്ധി; ഉപേക്ഷിക്കുന്നതുകൊണ്ടല്ല. ഒരിക്കലും കർമ്മംചെയ്യാതിരിക്കാൻ വഹിയാ. കർമ്മം ചെയ്യാതെ ശരീരം നില നിർത്താനും സാദ്ധ്യമല്ല. സഹജമായ കർമ്മപ്രേരണ ധർമ്മാനുകൂലമല്ലാതെ പ്രവൃത്തിക്കുമ്പോാം ഉച്ചനീചത്വങ്ങളും അധർമ്മവും പെരുകുന്നു. നിഷ്ക്കാമമായി വീരത്വമായി കർമ്മത്തെ ചെയ്യുന്നവരാണ് വിവേകികാം. അധർമ്മത്തെക്കാം കർമ്മമാണ് ശ്രേഷ്ഠം. കാമത്തെയകററി കർമ്മം ചെയ്യും. ശത്രുക്കളെ നീ ജയിക്കും. കടമയും അവകാശവും വേറിട്ടുള്ളതല്ല.

സഞ്ജയൻ:— എന്നു് കൃഷ്ണൻ, കുതിരകളുടെ കിതപ്പുകാംക്കും, കുളമ്പടിശബ്ദങ്ങാംക്കുമിടയിൽ പറഞ്ഞു.

ധൃതരാഷ്ട്രർ:— അയ്യോ! എന്താ പറഞ്ഞതു്? കാമസ്വരൂപിയായ ദുര്യോധനനെ നശിപ്പിക്കുവാനോ? എൻെറ ഹൃദയം കലങ്ങുന്നു. ഈ ഭയങ്കര ഉപദേശം അർജ്ജുനൻ സ്വീകരിച്ചോ?

സഞ്ജയൻ:— ഭയാനകമായ സമരഘോഷങ്ങാംക്കും ഉളവാക്കാൻ കഴിയാത്തത്ര ഉത്സാഹം അർജ്ജുനൻ അല്പാല്പമായി വീണ്ടെടുത്തുകൊണ്ടിരിക്കുന്നു. അകർമ്മം ജ്ഞാനമാകയില്ലെന്നു് അദ്ദേഹം മനസ്സിലാക്കി. എങ്കിലും സന്ദേഹങ്ങാം നിശേഷം തീർന്നമട്ടില്ല.

ധൃതരാഷ്ട്രർ:— അതിനു കൃഷ്ണൻ പറഞ്ഞ ഉപായമെന്തു്?

സഞ്ജയൻ:—ഉപായവും ഉരച്ചില്ല, ഉപദ്രവിച്ചതുമില്ല. ധർമ്മസംരക്ഷണത്തിനായി............കൃഷ്ണൻ!—

യദായദാഹിധർമ്മസ്യ
ഗ്ളാനിർഭവതിഭാരത
അഭ്യുത്ഥാനമധർമ്മസ്യ
തദാത്മാനം സൃജാമ്യഹം
പരിത്രാണായസാധൂനാം
വിനാശായചദുഷ്കൃതാം
ധർമ്മസംസ്ഥാപനാർത്ഥായ
സംഭവാമിയുഗേയുഗേ.

സഞ്ജയൻ:—എന്നു് തൻെറ അവതാര രഹസ്യത്തെ അജ്ജുനനു് വെളിപ്പെടുത്തുന്നു. കിണററിൽ വീണ ശിശുവിനെ വീണ്ടെടുക്കാൻ കതികൊള്ളുന്ന മാതാവിനെപ്പോലെ ലോകമാതാവായ ഈശ്വരനും ധർമ്മരക്ഷണത്തിനു കാലമടുക്കമ്പോഠം അവതാരമെടുക്കുന്നു. ധർമ്മത്തെ രക്ഷിക്കാനായി അധർമ്മത്തിൻെറ ഇരച്ചുകയററത്തെ ഇല്ലായ്മ ചെയ്യുന്നു. അതിനാണു് കൃഷ്ണനായി പിറന്നിരിക്കുന്നതു്.

ധൃതരാഷ്ട്രർ:—അയ്യോ! കൗരവന്മാർ നശിച്ചുപോകുമല്ലോ, എത്ര ഭയാനകമായ ഉപദേശം?

സഞ്ജയൻ:—ഇല്ല. ഒരു ഭയങ്കരത്വവുമില്ല, പടക്കുതിരകളുടെ ഹ്രേഷാരവങ്ങൾക്കും, ഗജവീരന്മാരുടെ അലർച്ചകഠക്കുമിടയിൽ, അജ്ജുനനെ സ്ഥിതപ്രജ്ഞനാക്കിയ ഭഗവാൻ പറയുകയാണു്—

കൃഷ്ണൻ:—അജ്ജുനാ! എന്നെ കർമ്മങ്ങഠം ബാധിക്കുന്നില്ല. കമ്മഫലാസക്തിയില്ലാത്ത പരമാത്മാവാണു് ഞാൻ. ഏതുവിധത്തിലും ധർമ്മത്തെ നിലനിർത്തുന്നവനാണു് ഈശ്വരൻ. ഇങ്ങിനെ ഈശ്വരനെ അറിയുന്നവനാണു് വിവേകി. അവൻ നിഷ്ക്കാമമാവേന ഈശ്വരാർപ്പണബുദ്ധിയോടെ കമ്മങ്ങഠം ചെയ്യുന്നു.

അജ്ജുനൻ:—ഭഗവാനേ! ഈശ്വരൻ ധർമ്മത്തെ നിലനിറുത്തുമ്പോഠം, ഞാനെന്തിനാണു് ഈ ഭയങ്കരയുദ്ധത്തിൽ തലയിടുന്നതു്

കൃഷ്ണൻ:—ധർമ്മത്തെ നിലനിർത്താൻതന്നെ; ഈശ്വരശക്തിയോടു് സഹകരിക്കുകയാണു് മനുഷ്യയത്നംകൊണ്ടു് നിർവ്വഹിക്കേ

ണ്ടു്. സമസൃഷ്ടങ്ങളിൽ ഈശ്വരനെ ദർശിച്ചു്, സുഖദുഃഖങ്ങളെ ലക്ഷ്യമാക്കാതെ അവരവരുടെ കർത്തവ്യങ്ങളെ ധർമ്മകൈങ്കര്യമായി ചെയ്യുന്നതുതന്നെ, ഈശ്വരശക്തിയോടു ചേർന്നു പ്രവർത്തിക്കുന്നതിന്റെ ഉപായം. ഇങ്ങിനെ ജീവിക്കുന്നവരാണു് എനിക്കു് പ്രിയപ്പെട്ടവർ. അവരുടെ യോഗക്ഷേമങ്ങളെ ഞാൻ വഹിക്കുന്നു.

അർജ്ജുനൻ!—ഭഗവാനേ, കൃഷ്ണാ! അവിടുന്നു് എന്റെ സ്നേഹിതനോ, ഈശ്വരനോ? നിന്തിരുവടി ഈശ്വരനാണെങ്കിൽ ആ ഭഗവത്സ്വഭാവത്തിനു് യോജിച്ച സ്വരൂപമെന്താണു്?

കൃഷ്ണൻ:—ഭാരതാ! ഇതാ കണ്ടുകൊള്ളൂ. മാംസചക്ഷുസ്സുകളെക്കൊണ്ടു് കാണാൻ കഴിയാത്തതിനാൽ സൂക്ഷ്മദൃഷ്ടികൊണ്ടു് കണ്ടുകൊൾക....!

അർജ്ജുനൻ:—ഇതെന്തൊരാശ്ചര്യം! എന്റെ കൃഷ്ണനെവിടെ? ആ മഹാസാരഥി എങ്ങുപോയി? എന്റെ പ്രിയതോഴൻ....? അതാ, നൂറുകണക്കിനു്, ആയിരമായിരം സൂര്യചന്ദ്രാദികാ. വീണ്ടും വീണ്ടും വളന്നുകൊണ്ടിരിക്കുന്ന ആ മഹാരൂപം! എത്രയെത്ര മുഖങ്ങളും നേത്രങ്ങളും കരങ്ങളുമാണീ കാണുന്നതു്? അത്യത്ഭുതകരമായി മിന്നിത്തിളങ്ങുന്ന കിരീടങ്ങാ! അണക്കളിൽവച്ചു് പരമാണുവും, വലിയവയിൽ വച്ചേററവും വലുതും. എല്ലാ ദിക്കുകളിലും ഈ ദിവ്യരൂപസൗന്ദര്യംകൊണ്ടു നിറഞ്ഞിരിക്കുന്നു. ഭഗവാനേ, കൃഷ്ണാ! ഈ മഹാദർശനം എന്റെ ദൃഷ്ടികളിൽനിന്നും വേർപെടുത്താതിരിക്കേണമേ....കൃഷ്ണാ! കൃഷ്ണാ....!

സഞ്ജയൻ:—ഭഗവാന്റെ അത്യത്ഭുതാവഹമായ വിശ്വരൂപദർശനം ലഭിച്ച അർജ്ജുനനു് ഭക്തി കരകവിഞ്ഞൊഴുകി. വന്ദിക്കണമെന്നു് ആഗ്രഹം, എന്നാൽ, എവിടെ, എങ്ങനെയാണു് നമസ്ക്കരിക്കുക? ആ സൗന്ദര്യധാമത്തിന്റെ പാദങ്ങളും ശിരസ്സും എവിടെയാണെന്നു നോക്കെത്തുന്നില്ല. ആദിയുമന്തവുമില്ലാത്ത നില, ഭഗവാൻ നൽകിയ ജ്ഞാനചക്ഷുസ്സുകളെക്കൊണ്ടുപോലും കണ്ടെത്താൻ കഴിയുന്നില്ല!

ധൃതരാഷ്ട്രർ:—സഞ്ജയാ! ഹിതെന്തു്? ഇന്ദ്രജാലമോയിതു്? മഹേന്ദ്രജാലങ്ങളെപ്പോലിരിക്കുന്നല്ലോ. മായാ വേലകളിലും, മറിമായങ്ങളിലും വിരുതനാണു് കൃഷ്ണൻ....

**സഞ്ജയൻ:**—അയ്യോ, എന്തൊരു സൗന്ദര്യം! ഭയാനകമായ സൗന്ദര്യം! പ്രളയകാലാഗ്നിപോലെ ജ്വലിക്കുന്ന മുഖങ്ങളിൽ പിളർന്ന വായ്കളും ഘോരദംഷ്ട്രങ്ങളും. ആ വായ്കളിലേക്ക് കൂട്ടംകൂട്ടമായി പാഞ്ഞുപോയടിയുന്ന വീരന്മാർ അസംഖ്യം! അതെ, കൗരവ വീരന്മാരും പാണ്ഡവ സേനാനികളും അക്കൂട്ടത്തിലുണ്ട്. മഹാരാജാവേ! അങ്ങയുടെ പുത്രന്മാരെല്ലാവരും അക്കൂട്ടത്തിലുണ്ട്. സമുദ്രത്തിലേക്കൊഴുകുന്ന നദികളെപ്പോലെ, എരിയുന്ന തീയിലേക്കു പറന്നുചെല്ലുന്ന പതംഗങ്ങളെപ്പോലെ എല്ലാവരും അങ്ങോട്ടേയ്ക്കു തന്നെ ഓടിക്കൊണ്ടിരിക്കുന്നു, ആ മഹാജ്യോതിസ്സിന്റെ അത്യുഗ്രമായ കിരണങ്ങൾക്കിടയിലൂടെ....

ധൃതരാഷ്ട്രർ:—അയ്യോ! എന്റെ അരുമ സന്താനങ്ങളോ? ആഹാ....

സഞ്ജയൻ:—മഹാരാജാവേ! അണ്ഡചരാചരങ്ങളെല്ലാം ആ മഹാരൂപത്തിൽ അടങ്ങുന്നു. സമസ്തപ്രപഞ്ചവും സൂര്യചന്ദ്രനക്ഷത്രാദികളും അവിടെ കാണുന്നു. ആ വിശ്വരൂപകാന്തിപ്രസരത്തിന്റെ ഓരോ മിന്നലും ഓരോ ദേവതയായി പ്രത്യക്ഷപ്പെടുന്നു. അഖില ലോകശക്തികളും ആയുധങ്ങളായി അലങ്കരിക്കപ്പെട്ടിരിക്കുന്നു. എല്ലാററിനെയും ഏകകാലത്തിൽ കാണുന്ന ആയിരമായിരം നേത്രങ്ങൾ. ഒരിക്കൽ മന്ദമാരുതനെപ്പോലെ വീശുന്ന അവിടത്തെ ശ്വാസോച്ഛ്വാസം മറെറാരിക്കൽ ചണ്ഡമാരുതനെപ്പോലെ അടിക്കുന്നു; വേറൊരിക്കൽ ചുഴലിക്കാററുപോലെ ചുഴററിയടിക്കുന്നു. അവസാനമില്ലാതെ വളർന്നുകൊണ്ടിരിക്കുന്ന ആ മഹാരൂപം മേലും കീഴും നാനാദിക്കുകളിലേക്കും വ്യാപിച്ചിരിക്കുന്നു. മഹാരാജാവേ! ആകാശമണ്ഡലങ്ങളേയും ഭേദിച്ചുകൊണ്ട് വളരുന്ന ആ വിശ്വരൂപത്തെ നോക്കി, അർജ്ജുനനും ഭയന്നു വിറച്ചുപോയി!

**അർജ്ജുനൻ:**-ഓ, ഉഗ്രസ്വരൂപമേ! അവിടുന്ന് ആരാണ്?

**കൃഷ്ണൻ;**—മഹാകാലനാണ് ഞാൻ. കാലത്തിന്റെ കോലമാണിത്. ദുഷ്ടനിഗ്രഹവും ശിഷ്ടപരിപാലനവും നടക്കുന്നത് നോക്കുക. വിജയാ എഴുന്നേൽക്കൂ! 'നിമിത്തമാത്രം ഭവ സവ്യസാചിൻ'!

അർജ്ജുനൻ:—(നടുങ്ങി വിറച്ചുകൊണ്ട്) ഭഗവാനെ! ഈ ദർശനം മതി, അങ്ങയെ മുന്നേപ്പോലെ എന്റെ പ്രിയ തോഴനായി എന്റെ കൃഷ്ണനായി കാണുമാറാകണം. സർവ്വസ്വരൂപമേ നമസ്ക്കാരം. ആയിരമായിരം നമസ്ക്കാരം, മുന്നുംപിന്നും നമസ്ക്കാരം. മേലും കീഴും എല്ലാപ്പുറത്തും പ്രണാമം. ചമ്മട്ടി പിടിച്ച കൈകളോടെ ദർശനമരുളിയാലും. അവിടുന്നു, തേർ തെളിക്കുന്നതുപോലെ എന്നെയും നയിച്ചാലും കാരുണ്യമൂർത്തേ കൃഷ്ണാ! ഞാനെന്റെ കൃഷ്ണനെ കാണാനാഗ്രഹിക്കുന്നു.

കൃഷ്ണൻ:—വിശ്വദ്രഷ്ടിയായ എന്റെ വിശ്വരൂപദർശനത്താൽ നീ ഭയപ്പെടരുതു്. വിശ്വമെല്ലാം ഞാൻതന്നെ, ത്രികാലങ്ങളും ഞാനാണു്, സത്യാവസ്ഥയെ വെളിപ്പെടുത്തി നിന്റെ സന്ദേഹങ്ങളെ അടിയോടെ അകററാനത്രെ എന്റെ വിശ്വരൂപം കാട്ടിത്തന്നതു്. ജീവരാശികളെല്ലാം എന്റെ വിശ്വരൂപത്തിന്റെ അംഗങ്ങൾ, ധർമ്മത്തിനായി പോരാടുന്നവർ, വിശ്വരൂപമെന്ന ഈ ശരീരത്തിലെ ആരോഗ്യമുള്ള അംഗങ്ങളത്രെ. ധർമ്മവിരോധികളോ രോഗഗ്രസ്തമായ അവയവങ്ങളും.

അർജ്ജുനൻ:—കൃഷ്ണാ! എന്നെ അവിടത്തെ ആരോഗ്യമുള്ള ഒരു അംഗമാക്കിത്തീർത്താലും. അവിടത്തെ മഹേച്ഛയ്ക്കു് വിധേയനായി എന്റെ കർമ്മങ്ങളെല്ലാം കൃഷ്ണാർപ്പണമായി ചെയ്യുന്നതാണു്.

കൃഷ്ണൻ:—അർജ്ജുനാ ക്ഷേത്രഗുണങ്ങളായ നേരും, നെറിയും, സഹിഷ്ണുതയും ഉള്ളതാണു് ദേവസമ്പത്തു്. അഹങ്കാരം, അസൂയ, അത്യാഗ്രഹം എന്നീ അസുരസമ്പത്തുകളുടെ ഉടമ വഹിക്കുന്നവരാണു് കൗരവന്മാർ. അവർ ധർമ്മത്തിനെതിരായി വളരുന്നു. ദൈവശക്തിയെ ആശ്രയിച്ചു് അസുരശക്തികളെ ഉന്മൂലവിനാശം ചെയ്യുന്നതാണു് നിന്റെ കടമയും ധർമ്മവും.

അർജ്ജുനൻ:—വിശ്വനാഥാ! അവിടുത്തെ മഹാനുഗ്രഹത്താൽ എന്റെ ഹൃദയദൗർബല്യം അകന്നിരിക്കുന്നു. വിപരീതഭാവങ്ങൾ മാറി കർത്തവ്യകർമ്മത്തിനു് സന്നദ്ധനായിത്തീർന്നിരിക്കുന്നു. കർത്തവ്യം തന്നെ കർമ്മം, ധർമ്മമാണു് കർത്തവ്യവും. ഞാനിതറിഞ്ഞുകഴിഞ്ഞു കൃഷ്ണാ! പാഞ്ചജന്യം മുഴക്കിയാലും!

സഞ്ജയൻ:—എന്നു് പറഞ്ഞുകൊണ്ടു് അർജ്ജുനൻ ഗാണ്ഡീവ മെടുത്തു. മഹാരാജാവേ! എത്ര ഭാഗ്യവാനാണു് ഞാൻ! ജ്ഞാന കാഹളമായി മുഴങ്ങിയ ശ്രീകൃഷ്ണഭഗവാന്റെ ദിവ്യവാണികൾ ശ്രവിച്ച ഞാൻ മഹാഭാഗ്യവാൻ. രണഭേരികൾക്കിടയിൽ, ഈ കൃഷ്ണാർജ്ജുന സംവാദത്തെ അതേപടി കേട്ടു് ഞാൻ ധന്യനായി. അത്യാശ്ചര്യകരമായ ആ സംഭാഷണം, വ്യാസഭഗവാന്റെ കാരുണ്യാതിരേകത്താൽ എനിക്കുലഭിച്ച ജ്ഞാനചക്ഷുസ്സും ചെവിയുംകൊണ്ടു് കാണുകയും കേൾക്കുകയും ചെയ്തു. ഭഗവാന്റെ മുരളീനാദംപോലെ ജഗന്മോഹനമായ ദിവ്യവാണികൾ കേട്ടു് ആനന്ദപരവശനാകുന്നു. അത്യത്ഭുതകരമായ ആ വിശ്വരൂപത്തിന്റെ സൗന്ദര്യങ്ങൾ! അതോർക്കുന്തോറും എന്റെ ഉള്ളത്തിൽ ആശ്ചര്യത്തേയും, ഭയഭക്തികളേയും വീണ്ടും വീണ്ടും ഉളവാക്കിക്കൊണ്ടിരിക്കുന്നു.

ധൃതരാഷ്ട്രർ:—അയ്യോ! ധർമ്മം ഇത്ര കഠിനവും ഭയങ്കരവുമായിരിക്കണമോ? ദുര്യോധനനേയും മററും വധിക്കാതെ തിരുത്തി നേർവഴിയിൽകൊണ്ടുവരുവാനുള്ള ഉപായം ഭഗവാനും വശമില്ലേ? ഇതാണോ കരുണാമൂർത്തിയായ ഈശ്വരന്റെ മാർഗ്ഗം?

സഞ്ജയൻ:—ഇനിമേൽ തിരുത്താനെന്തിരിക്കുന്നു? ഒരു പുതുയുഗത്തിന്റെ പിറവിയെടുത്തുകഴിഞ്ഞു; ലോകത്തെ അഴിച്ചു പണിയാനുള്ള മാർഗ്ഗമാണു് കൃഷ്ണൻ കാട്ടുന്നതു്. ലോകസംഗ്രഹാർത്ഥമുണ്ടായ ഈ കൃഷ്ണാർജ്ജുന സംവാദം "ഭഗവദ്ഗീത" എന്ന പേരിൽ ഒരു ഗീതോപനിഷത്തായി, സർവ്വശാസ്ത്രസ്വരൂപമായി, വിവേകികൾ കാണും.

ധൃതരാഷ്ട്രർ:—എന്റെ മക്കളെ കൊലചെയ്യാൻ അർജ്ജുനനെ പ്രേരിപ്പിക്കുന്നതിനും ഒരു വേദാന്തഗീതമോ? അതൊരു കൊല ഗ്രന്ഥമല്ലേ?

സഞ്ജയൻ:—എന്തുചെയ്യാം. ധർമ്മമാർഗ്ഗം ക്ഷുരകകത്തിയുടെ വായ്ത്തലപോലെയാണു്. ആ സന്മാർഗ്ഗപ്രയാണത്തിനു് സൂക്ഷ്മമായി പരിശീലിച്ചുകൊണ്ടാൽ അപായമില്ല. അർജ്ജുനന്റെ കടമയും ഭയാനകംതന്നെ, ധർമ്മവും ഗഹനമായിരിക്കുന്നു. അസുരശക്തികളെ നശിപ്പിക്കുവാൻ കൃഷ്ണൻ കാട്ടിയ വഴിയിലേക്കു്,

എല്ലാം കൃഷ്ണാർപ്പണമാക്കിക്കൊണ്ടു് അർജ്ജുനൻ ഇറങ്ങിക്കഴിഞ്ഞു. അവകാശവും കർത്തവ്യവുമായ ധർമ്മത്തിനുവേണ്ടി സമരംചെയ്യുക തന്നെയെന്നു് അർജ്ജുനൻ തീരുമാനിച്ചുകഴിഞ്ഞു. കൃഷ്ണപ്രസാദമായ ഗീതാമൃതം അദ്ദേഹത്തിനു് അഭൂതപൂർവ്വമായ ആവേശവും ശക്തിയും പ്രദാനം ചെയ്തിരിക്കുന്നു.

ധൃതരാഷ്ട്രർ:—അയ്യയ്യോ! ഈ മഹായുദ്ധത്തിന്റെ പര്യവസാനം എന്താകുമോ?

സഞ്ജയൻ:—അവസാനത്തെപ്പററിയും സന്ദേഹമോ? ഗീത ജനിച്ചുകഴിഞ്ഞു! സംശയമെന്തിനു് ഏതുപക്ഷത്താണോ യോഗേശ്വരനായ ശ്രീകൃഷ്ണനും, കർത്തവ്യകർമ്മസന്നദ്ധനായ അർജ്ജുനനും ഉള്ളതു്, അവിടെ ധർമ്മവും വിജയലക്ഷ്മിയും വിരാജിക്കുന്നു........ അതാ! രഥചക്രങ്ങളിളകിത്തുടങ്ങി. ആ കേൾക്കുന്നതു് ഭഗവാന്റെ പാഞ്ചജന്യ ശംഖനാദമാണു്. തേരുരുളിന്റെ കിറുകിറുശബ്ദങ്ങൾ, അസ്ത്രശസ്ത്രാദികളുടെ ഝണഝണാരവങ്ങൾ, ഗജവീരന്മാരുടെ അലർച്ചകളും, പടക്കുതിരകളുടെ ഹ്രേഷാരവങ്ങളും, വിവിധശംഖനിനാദങ്ങൾ, കാഹളധ്വനികൾ ഇത്യാദി ശബ്ദവൈവിദ്ധ്യങ്ങളെ സ്വയം ലയിപ്പിച്ചുകൊണ്ടുള്ള ആ അമൃതനിഷ്യന്ദികളായ അമരവാണികൾ കാതിലിപ്പോഴും മുഴങ്ങിക്കൊണ്ടിരിക്കുന്ന 'ഗീത' എന്ന ജ്ഞാനഭേരി....

ഈശ്വരഃസർവ്വഭൂതാനാം ഹൃദ്ദേശേർജ്ജുനതിഷ്ഠതി
ഭ്രാമയൻ സർവ്വഭൂതാനി യന്ത്രാരൂഢാനിമായയാ

---

9–12–1956 "ദേശബന്ധു" വാരപ്പതിപ്പിൽ പ്രസിദ്ധപ്പെടുത്തിയതു്.

# 40 ഗുരു പൂർണ്ണിമ

"അയാൾക്ക് എല്ലാ ഭാഗ്യങ്ങളും ഉണ്ടെങ്കിലും മൂന്നക്ഷരത്തിൻെറ കുറവുകൊണ്ട് വേണ്ടവിധമായില്ല " ഒരാൾ ചെയ്യുന്ന പ്രവർത്തി സാഹചര്യങ്ങൾ അനുകൂലമായിരുന്നിട്ടും ബുദ്ധി—സാമർത്ഥ്യങ്ങൾ പ്രയോഗിച്ചിട്ടും ഭംഗിയായായില്ലെങ്കിൽ ഈ മൂന്നക്ഷരത്തിൻെറ അഭാവത്തെപ്പറ്റി ഇപ്പോഴും പറയുന്നതു കേൾക്കാം. 'ഗുരുത്വം' എന്ന ആ മൂന്നക്ഷരത്തെക്കൊണ്ട് ഉദ്ദേശിക്കുന്നതെന്തെന്നാൽ ഏതു ഇനം വിദ്യയായാലും തൊഴിലായാലും അതാതിൽ അറിവും അനുഭവവും ഉള്ളവരുടെ കീഴിൽ അടങ്ങി ഒതുങ്ങി ശ്രദ്ധാപൂർവ്വം പഠിക്കുകയും ശീലിക്കുകയും ചെയ്തു സമ്പാദിക്കുന്ന ഗുണമാണ്. അതുകൂടാതെ, ആന്തരമായിട്ടെങ്കിലും അത്തരമൊരു ഭാവമില്ലാതെ പറയുന്നതും പെരുമാറുന്നതും വികലവും വികടവുമായി പരിണമിക്കാറുണ്ട്. ആയവസ്ഥയിൽ അയാളെ 'ഗുരുത്വം കെട്ടവൻ' എന്നു വിശേഷിപ്പിക്കുന്ന ഗ്രാമീണഭാഷയിൽ ഇതുതന്നെ കരുതക്കേട് എന്നാണറിയപ്പെടുക. അറിഞ്ഞോ അറിയാതെയോ ഏതൊരു കാര്യത്തിനും അനുകരണാവേശം മുന്നോട്ട് നയിക്കും. ഇവിടെ തൻെറ സ്ഥിതിക്കും സാമർത്ഥ്യത്തിനും സാധിക്കാവുന്ന കാര്യം നിശ്ചയിച്ച് ഒരു മാർഗ്ഗദർശകൻെറ സഹായത്തോടെ വേണ്ടവിധം കാര്യം ഗ്രഹിച്ച് കർമ്മരംഗത്തിൽ ഇറങ്ങുമ്പോൾ അക്കാര്യത്തിൽ ആത്മവിശ്വാസവും കൃതാർത്ഥതയും ഉണ്ടാവുക സഹജമാണ്. ത്രികരണങ്ങളും ഏകാഗ്രമായി അതിനേറതായ മര്യാദയോടുകൂടി ചെയ്തു ഫലിപ്പിക്കുമ്പോൾ ഗുരുത്വമായി. ഘനമുള്ളതെന്ന അർത്ഥത്തിലും ഗുരുത്വം ഉപയോഗിക്കാറുണ്ടല്ലോ.

ജനനം മുതൽ ഈ വിധം മാർഗ്ഗദർശനം നൽകിയിട്ടുള്ളവർ പലരും ഉണ്ടാവും. സജ്ജനങ്ങളും ദുർജ്ജനങ്ങളും പ്രത്യക്ഷമായോ പരോക്ഷമായോ വഴികാട്ടിയിരിക്കും. പലരെയും ജന്മവാസനയനുസരിച്ച് അനുകരിച്ചിരിക്കും. പക്ഷെ ഒരു വ്യക്തിയുടെ ജീവിതത്തിനു രൂപം കൊടുക്കുന്നതിൽ സർവ്വപ്രധാനമായി മാതാവ്, പിതാവ്, ആചാര്യൻ എന്നീ ഗുരുജനങ്ങളുടെ പങ്ക് പ്രഥമഗ

ണനീയമാണ്. ജീവിതത്തിന്റെ എത്ര തുറയിലും തെററുതിരുത്തുകയും നേർവഴിക്ക നയിക്കുകയും ചെയ്തിട്ടുള്ളവർ മാത്രമല്ല വഴി തെററിച്ചിട്ടുള്ളവരും ഉണ്ടാവും. വിദ്യാലയങ്ങളിലോ സ്വകാര്യമായോ ഒരു നിശ്ചിത വിദ്യ അഭ്യസിപ്പിക്കുന്നവരെ സാധാരണമായി ഗുരുസ്ഥാനത്തു കരുതാറുണ്ട്. അദ്ധ്യാപകൻമാരെന്നറിയപ്പെടുന്ന ഈ ഗുരുജനങ്ങളിലും സാഹചര്യസമ്മർദ്ദങ്ങൾക്കു വിധേയരായി ശിഷ്യരുടെ ഭാവിഭദ്രതയെ അവഗണിക്കുന്നവർവിരളമല്ല. ലൗകികജീവിതത്തിന്റെ ഭദ്രതയും ക്ഷേമവും നല്ല പെരുമാററത്തിലും സ്വഭാവത്തിലുമാണ് നിഹിതമായിരിക്കുന്നതു്. അതു പഠിപ്പിക്കുവാനുള്ള വ്യവസ്ഥയോ അദ്ധ്യാപകന്മാരോ ഇന്നത്തെ വിദ്യഭ്യാസ സ്ഥാപനങ്ങളിൽ കാണുന്നില്ലെന്ന വിരോധാഭാസം ഭാരതത്തെ സംബന്ധിച്ചോളമെങ്കിലും ഭൂഷണമല്ല.

മാതൃമാൻ പിതൃവാനാചാര്യവാൻ പുരുഷോവേദ'' എന്ന വേദവാക്യമനുസരിച്ച്, വാസ്തവത്തിൽ മാതാവ്, പിതാവ്, ആചാര്യൻ എന്നീ മൂന്നു ഉത്തമാദ്ധ്യാപകന്മാർ ലഭിച്ചിട്ടുള്ളവർ ഭാഗ്യവാന്മാർ; എന്തെന്നാൽ ധർമ്മത്തിൽ ശ്രദ്ധയുള്ളവരും പഠിപ്പുള്ളവരുമായവരുടെ കുലം ധന്യമാകുന്നു. ശ്വാസോച്ഛ്വാസം ചെയ്യുന്നതു പോലെ സൽക്കർമ്മങ്ങൾ—നിത്യകർമ്മമാചരിച്ചുകൊണ്ടിരിക്കേണ്ടതാണ്, അവ പുണ്യരൂപമായി പരിണമിക്കും. അവിടന്നങ്ങോട്ടാണ് ആദ്ധ്യാത്മിക ഗുരുവിങ്കൽനിന്നു ലക്ഷ്യപ്രാപ്തിക്കുള്ള ദീക്ഷ വരിക്കാനും സാധനപഥത്തിൽ ചരിക്കാനും യോഗ്യനായിത്തീരുക. ഒരുവിധത്തിൽ ദുഷ്കൃത്യങ്ങൾ ചെയ്യുന്നതിനെ അനദ്ധ്യായമെന്നും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുന്നതിനെ സ്വാദ്ധ്യായമെന്നും വ്യവഹരിച്ചിരിക്കുന്നു. മനസാ—വാചാ—കർമ്മണാ വിദ്യ അഭ്യസിപ്പിച്ചിരുന്ന സമ്പ്രദായത്തിലതു കാണാൻ കഴിയും.

അഭിവാദനശീലസ്യ
നിത്യം വൃദ്ധോപസേവിനഃ
ചത്വാരി തസ്യ വർദ്ധന്തേ
ആയുർവ്വിദ്യായശോബലം
(മനുസ്മൃതി 2—121)

വിനയത്തോടുകൂടി പെരുമാറുന്ന സ്വഭാവമുള്ളവരും ജ്ഞാനവൃദ്ധന്മാരായ വിദ്വാന്മാരെ എന്നും സേവിക്കുന്നവരുമായവർക്കു ആയുസ്,

വിദ്യ, കീർത്തി, ബലം എന്നിവ എല്ലായ്പ്പോഴും വർദ്ധിച്ചു കൊണ്ടിരിക്കും.

ജ്ഞാനവൃദ്ധർ മാത്രമല്ല തന്നെക്കാൾ മുതിർന്നവരെല്ലാം ഗുരുജനങ്ങളിൽപ്പെടും. തന്റെ പഠിപ്പും പദവിയും ജീവിതസൗകര്യങ്ങളും മറ്റും അവർക്കില്ലെങ്കിലും സാമാന്യനിലയിൽ അവരുടെ ജീവിതാനുഭവങ്ങൾ നമുക്കു ഗുണപാഠങ്ങളായിരിക്കും. മര്യാദപൂർവ്വം പെരുമാറിയാൽ അവരുടെ മനം സന്തോഷിക്കും. മര്യാദകെട്ട പെരുമാറ്റമാണെങ്കിൽ അവരുടെ മനസ്സ് വേദനിക്കും. അതിന്റെ പ്രത്യാഘാതങ്ങൾ സൂക്ഷ്മരൂപത്തിലെങ്കിലും നമ്മെ ബാധിക്കുകയും ചെയ്യും. പഠിപ്പും പണവും ഉള്ളവർ മനസ്സുഖമില്ലാതെ അലഞ്ഞു തിരിയുന്നതു കാണാം. പലരും തങ്ങൾ ഇടപെടുന്നതിലെല്ലാം എന്തെങ്കിലും പിഴകളും തടസ്സങ്ങളും ഉണ്ടായി നിരാശഗ്രസ്തരാവുന്നു. പഴിയെല്ലാം അന്യരിൽ ആരോപിക്കാനല്ലാതെ സ്വന്തം കുറവുകളെപ്പറ്റി ആലോചിക്കാറില്ല. ഇതൊക്കെ ഗുരുത്വക്കേടിന്റെ ലക്ഷണമാണ്.

സ്വന്തം തെറ്റുകളും കുറവുകളും സ്വയം പരിഹരിക്കുവാൻ കഴിയുന്നതു് ഗുരുത്വ ലക്ഷണമാണ്. ഇത്തരക്കാർക്ക് സമയവും ശക്തിയും ദുരുപയോഗപ്പെടുത്തേണ്ടിവരില്ല. വലിയ വലിയ അനർത്ഥങ്ങളിൽ നിന്നു സ്വാഭാവികമായി സ്വയം രക്ഷപ്പെടുകയും ചെയ്യും. ഇതിനെ ഭഗവൽഗീതയിൽ ''സ്വല്പമപ്യസ്യ ധർമ്മസ്യ ത്രായതേ മഹതോഭയാൽ'' എന്നു വിശേഷിപ്പിച്ചിരിക്കുന്നു.

നേർവഴി കാട്ടുന്ന ഗുരുജനങ്ങൾ ഏതു വിഷയം അഭ്യസിപ്പിക്കുമ്പോഴും അതു ജീവിത ലക്ഷ്യത്തിലേക്കു നയിക്കുന്ന വിധത്തിലായിരിക്കും പഠിപ്പിക്കുക. അങ്ങനെ സദാചാരനിരതരാവുന്നു. സദാചാര ശുദ്ധിയിൽ നിന്നു ധർമ്മം പ്രകാശിക്കുന്നു. ധർമ്മം അനുഷ്ഠിക്കുക വഴി ജീവിത ലക്ഷ്യമാകുന്ന ഈശ്വരപ്രാപ്തിയും സഹജമായി ഭവിക്കുന്നു.

സർവ്വാഗമാനാം ആചാര: പ്രഥമം പരികല്പതേ
ആചാരപ്രഭവോ ധർമ്മോ ധർമ്മസ്യ പ്രഭുരച്യുത:
(മഹാഭാരതം)

ഈശ്വരാർപ്പണ സ്വരൂപങ്ങളായ സൽക്കർമ്മങ്ങൾ കൊണ്ട് വാസനകളെ പവിത്രമാക്കി മാററുകയും ജ്ഞാനത്തെ പ്രാപിച്ച് ബന്ധനവിമുക്തരാവുകയും ചെയ്യുന്നു. ചുരുക്കത്തിൽ, ധർമ്മത്തിൽ നിന്നു സുഖവും ജ്ഞാനവും ഉണ്ടാകുന്നു; ജ്ഞാനത്തിൽ നിന്നു മോക്ഷവും സിദ്ധമായിത്തീരുന്നു

ധർമ്മാത് സുഖം ച ജ്ഞാനം ച
ജ്ഞാനാൽ മോക്ഷാധി ഗമ്യതേ.

ലൗകികമായ വ്യവഹാരങ്ങളിൽ പല ഗുരുജനങ്ങളുടെയും സഹായം നേടി ക്കൊണ്ട് പുരോഗമിക്കുന്നതു അധർമ്മത്തിലേക്കായിരിക്കരുത് എന്ന സൂചനയാണ് വാസനകളെ പാകപ്പെടുത്തുന്നതിലൂടെ നൽകുന്നത്. ഇക്കാര്യത്തിൽ വിരുദ്ധാശയക്കാരായ ഗുരുഭൂതന്മാർ ഉണ്ടാവാം. മനഃപ്പാകത നേടിയിട്ടുള്ളവർ തനിക്ക് ആവശ്യമുള്ളതു കൊള്ളുകയും വേണ്ടാത്തതു തള്ളുകയും ചെയ്യും. ഈ കർമ്മക്ഷേത്രത്തിൽ ഒരു പരിധിവരെ ഒരേ ഗുരുവിൽ നിന്നുമാത്രം ഗ്രഹിക്കുന്ന അറിവ് ദൃഢവും പുഷ്കലവുമായിരിക്കണമെന്നില്ല. അതാണ് സർവ്വത്ര സത്സംഗത്തെ പ്രേരിപ്പിക്കുന്നത്. സജ്ജനസമ്പർക്കം സദ്ഗ്രന്ഥപാരായണം മുതലായവ. സത്സംഗത്തിലും സദ്ഗുരു സ്വീകരണത്തിലും തെളിഞ്ഞ ബുദ്ധിക്കു വഴിതെററുകയില്ല. അല്ലാത്തവരോടു ജാഗ്രത പാലിക്കുവാൻ ശാസ്ത്രം അനുശാസിക്കുന്നു:—ശിഷ്യന്മാരുടെ ധനം അപഹരിക്കുന്ന ഗുരുക്കന്മാർ വളരെയുണ്ടെങ്കിലും അവരുടെ ഹൃദയതാപം അകററുന്നവർ നന്നേ കുറവാണ്. സന്ന്യാസിമാരും പണ്ഡിത–ശാസ്ത്രിമാരും പരോപദേശനിപുണരാണ്. സ്വയം അനുഷ്ഠിക്കാത്തവർ—വിധിയും സന്ധ്യയും പാലിക്കാത്തവരെപ്പററി ലോകർക്ക് ജാഗ്രത വേണമെന്ന് ഭേസന്താരണോപനിഷത്തിൽ പറയുന്നു:—

ഗുരവോ ബഹവഃസന്തിശിഷ്യവിത്താപഹാരകാ
ദുർല്ലഭഃസദ്ഗുരുർലോകേ ശിഷ്യഹൃത്താപഹാരക:
സന്ന്യാസിനാം പണ്ഡിത ശാസ്ത്രാണാം ച
പാണ്ഡിത്യ മസ്തീഹ പരോപദേശേ
സ്വയം നകർവ്വന്തിവിധിം നസന്ധ്യാം ഭവന്തുലോകാ:
ഖലുസാവധാനാ:

ധർമ്മമാർഗ്ഗത്തിൽ ഗുരുവും ശാസ്ത്രവും ഒരു നാണ്യത്തിന്റെ ഇരു വശങ്ങൾപോലെ മാർഗ്ഗദർശനമരുളുന്നു. യാതൊരു പഠിപ്പും ഇല്ലാത്തവർക്കും സദ്ഗുരൂപദേശങ്ങളിൽ ശ്രദ്ധയും തദ്വാരാസത്വ ശുദ്ധിയുമുണ്ടെങ്കിൽ ലക്ഷ്യപ്രാപ്തിസുനിശ്ചിതമാണെന്നു് വെളി പ്പെടുത്തിട്ടുണ്ടു്.

ധർമ്മാർത്ഥകാമങ്ങൾ ലക്ഷ്യമല്ല; ആവശ്യമാണു്. മോക്ഷം അഥവാ ഈശ്വരപ്രാപ്തിയാണു് പരമപുരുഷാർത്ഥം. ആ നിലയി ലാണു് മോക്ഷദഗുരുവിന്റെ ആ വ ശ്യം ബോദ്ധ്യപ്പെടുന്നതു്. ചോദകഗുരു, ബോധകഗുരു, മോക്ഷദഗുരു എന്നീ ത്രിവിധ ഗുരു ക്കന്മാരിൽ മോക്ഷദഗുരുവാണു് സർവ്വോത്തമൻ. ആദ്യമായി വഴി കാട്ടുന്ന ചോദകഗുരു, ഉപദേശവും ആചരണവും മൂലം ശിഷ്യനെ ജ്ഞാനതൃപ്തനാക്കുന്ന ബോധകഗുരു, നേരിട്ടു മോക്ഷപ്രദനായി ത്തീരുന്ന മോക്ഷദഗുരു. മാതാപിതാക്കന്മാരിലും ശിഷ്യന്മാരായ ആ ചാര്യന്മാരിലും ആദ്യത്തെ രണ്ടു ഗുരുക്കന്മാരെ കണ്ടെത്താമെങ്കിലും അനുഭവരസികരായ മോക്ഷദഗുരുക്കന്മാർ അപൂർവ്വമായിരിക്കും.

പഞ്ചേന്ദ്രിയങ്ങൾ വഴി അന്തഃകരണം വരെ കൊണ്ടെത്തി ക്കുന്ന വിദ്യ ധാർമ്മികമാണെങ്കിൽ തന്നെയും ബഹിർമുഖമാണു്. ധാർമ്മികജീവിതം ഗുരുത്വപൂർവ്വം നയിച്ചവർക്കു് അനായാസേന മോക്ഷദഗുരുവിന്റെ സഹായത്തോടെ അന്തർമുഖമായി പരമലക്ഷ്യം പ്രാപിക്കുവാൻ കഴിയും. ഈ ധാർമ്മികമാർഗ്ഗത്തിൽ ഇതേവരെ നേർവഴി കാട്ടിത്തന്ന ഗുരുജനങ്ങളെല്ലാം മോക്ഷദഗുരുവിലോ ഇഷ്ട ദേവതയിലോ ലയിക്കുന്നു. ജീവിത രഹസ്യങ്ങളുടെയും പ്രപഞ്ച രഹസ്യങ്ങളുടെയും സൂക്ഷ്മാൽസൂക്ഷ്മതരങ്ങളായ ഉള്ളറകളി ലേക്കു വെളിച്ചമേകിക്കൊണ്ടു് മോക്ഷദഗുരുവും പരമേശ്വരനിൽ ലയിക്കുന്നു. പരമലക്ഷ്യത്തിൽ പരമേശ്വരൻ തന്നെ പരമഗുരുവും പരമധാമവും. അന്തർമുഖതയുടെ പാരമ്യം തന്നെ ജീവിത ലക്ഷ്യം. അതുതന്നെ പരമസുഖവും പരമാനന്ദവും പരമശാന്തിയും—ഗുരുർ ഗുരുതമോധാമ. ഈശ്വരൻ, ഈശ്വരൻ മാത്രം സത്യധർമ്മസ്വരൂ പനാകയാൽ പരമെന്നു പറയുന്നു –'തസ്മാൽ സത്യം പരമം വദന്തി.

സത്യധർമ്മാദിസദ്ഗുണങ്ങൾ ഔന്നത്യത്തിലിരുന്ന കൃത ത്രേത ദ്വാപരയുഗങ്ങളെ അപേക്ഷിച്ച് കലിയുഗം വിചിത്രമാണു്.

മനുഷ്യരുടെ ആകൃതിയിലും പ്രകൃതിയിലും എണ്ണത്തിലും വണ്ണത്തിലും എല്ലാം വമ്പിച്ച മാററങ്ങൾ കാണാം. ശീഘ്രഗതിയിൽ ഭൗതീക ശക്തികൾ സിദ്ധിക്കുന്നതോടൊപ്പം വക്രബുദ്ധി സാമർത്ഥ്യങ്ങൾ പരമലക്ഷ്യമായി കരുതും. ധർമ്മാധർമ്മവിവേകം, സത്യാസത്യവിചാരം എന്നിവ കുതിച്ചുയരുന്ന ജനപ്പെരുപ്പത്തിനിടയിൽ അവിടവിടെ ചിലർക്കുണ്ടായെന്നുവരാം. പൊതുവേ അധർമ്മത്തിൻെറയും അവിദ്യയുടേയും ആധിക്യമായിരിക്കും കലിയുഗത്തിൻെറ സ്വഭാവം. ഈ യുഗത്തിലും ശ്രദ്ധയുള്ള മനുഷ്യരുടെ ഉദ്ധാരണത്തിനായി ജീവകാരുണ്യസ്വരൂപനായ വേദവ്യാസ മഹർഷി ദ്വാപരയുഗാന്ത്യത്തിൽ സ്വശിഷ്യരിലൂടെ നൽകിയ ദൈവീസമ്പത്തു് അനർഘങ്ങളാകുന്നു. വേദം നാലായി ഭാഗിച്ച് പുരാണേതിഹാസങ്ങളും അവയ്ക്കു മകുടം ചാർത്തുന്ന ബ്രഹ്മസൂത്രവും കലിയുഗമാനവർക്ക പൈതൃകമായി നൽകി. ശ്രീകൃഷ്ണദ്വൈപായനൻ എന്ന ആ വേദവ്യാസമഹർഷി ആചാര്യന്മാരുടെയെല്ലാം ആചാര്യനാണു്. ഗുരുക്കന്മാരുടെയെല്ലാം നിത്യപ്രതിനിധിയെന്ന നിലയിൽ ആണ്ടുതോറും ആഷാഢമാസത്തിലെ പൗർണ്ണമി ശ്രീവ്യാസദിനമായാചരിക്കുന്നു. വ്യാസപൗർണ്ണമിയെന്നും വ്യാസപൂർണ്ണിമയെന്നും ഗുരുപൂർണ്ണിമയെന്നും അറിയപ്പെടുന്ന ഈ പുണ്യദിനം ഗുരുത്വമുള്ളവരും ഗുരുമാഹാത്മ്യത്തെ മാനിക്കുന്നവരും ജ്ഞാനജിജ്ഞാസുക്കളും വേണ്ടവിധം ആചരിക്കാറുണ്ടു്.

വ്യാസായ വിഷ്ണുരൂപായ
വ്യാസ രൂപായ വിഷ്ണവേ

വിവിധ സമ്പ്രദായാചാര്യന്മാരും ഗുരുനാഥന്മാരും പരമഗുരുസ്വരൂപത്തിൽ വ്യാസരൂപത്തിലോ വിഷ്ണുരൂപത്തിലോ പരമേശ്വര–ദക്ഷിണാമൂർത്തി–രൂപത്തിലോ ആരാധിക്കപ്പെടുന്നതോടൊപ്പം മിഥുനമാസം ഗുരുപൂർണ്ണിമ മുതൽ വൃശ്ചികമാസത്തിലെ ദ്വാദശിവരെ ചാതുർമ്മാസ്യ വ്രതം അനുഷ്ഠിക്കുന്നു. ഗുരുത്വമുള്ള ധർമ്മാചരണത്തിലൂടെ ഐഹികവും, ആത്മജ്ഞാനത്തിലൂടെ പാരത്രികവുമായ ശ്രേയസ്സുകൾക്ക് അതു പ്രചോദനമരുളുന്നു. ആദ്ധ്യാത്മികമായ അടിയുറപ്പോടു കൂടി ധർമ്മം ആചരിക്കാതെ അമൃതസ്വരൂ

പമായ ആത്മജ്ഞാനം സിദ്ധിക്കയില്ല. ഇതിനംവേണം ഗുരുത്വവും കൃത്യനിഷ്ഠയോരുകൂടിയ ആചാരാനുഷ്ഠാനങ്ങളും.

അജ്ഞാനതിമിരാന്ധസ്യ ജ്ഞാനാഞ്ജനശലാകയാ
ചക്ഷുരുന്മീലിതം യേന തസ്മൈ ശ്രീ ഗുരവേ നമ: *

# 41 സംന്യാസഗതി

"നിങ്ങരം സംന്യസിച്ചുവെന്നറിഞ്ഞു ഏററവും വ്യസനിക്കുന്നു. എങ്കിലും നിങ്ങരംക്ക് ഈ ഗതികേട് വന്നുപോയല്ലോ. നിങ്ങളുടെ ഏകപുത്രിയും അവളുടെ ഭർത്താവും കശലമന്വേഷിക്കുന്നവരോട് എത്ര സങ്കടപൂർവ്വം പറയേണ്ടിവരും എന്റെ അച്ഛൻ സംന്യാസിയായിപ്പോയെന്നു്, എന്റെ അമ്മാവൻ സംന്യാസിയാണെന്നു്" വിദ്യാഭ്യാസവും ധനശേഷിയുമുള്ള ഒരു കടുംബത്തിലെ. അറുപത്തിയഞ്ചു് വയസ്സ് കഴിഞ്ഞ ഒരു വ്യക്തി സംന്യാസം സ്വീകരിച്ചെന്നറിഞ്ഞപ്പോരം അദ്ദേഹത്തിന്റെ ഒരു ബന്ധു അയച്ച എഴുത്തിലെ വരികളാണു് മേലുദ്ധരിച്ചതു്. എഴുതിയ ആളിനും വിദ്യാഭ്യാസവും സാമ്പത്തികശേഷിയുമുണ്ട്. പക്ഷെ സംന്യാസിയെയും, സന്യാസത്തേയും തെററിദ്ധരിച്ചതില്പരം ഗതികേട് വേറെയുണ്ടോ? മനുഷ്യജീവിതം പരമപ്രയോജനവും പരമാർത്ഥവുമായി പരിണമിക്കുന്നതാണു് സംന്യാസം. സംന്യാസിയെന്നാൽ ശാന്തിയുടെ അനുഭവജ്ഞനും ആധികാരിക വക്താവുമാണു്. ഇതുപോലും അറിഞ്ഞുകൂടെങ്കിൽ ഇന്നത്തെ ശപിക്കപ്പെട്ട വിദ്യാഭ്യാസസമ്പ്രദായംപോലൊരു ദ്രോഹം വേറെയുണ്ടോ?

ധർമ്മനിഷ്ഠമായ ഗൃഹസ്ഥാശ്രമത്തിലൂടെ ക്രമസന്യാസത്തിലെത്തിയ സംന്യാസിമാർ മുഖേന കടുംബങ്ങരംക്കും സമുദായത്തിനും ധാർമ്മികജീവിതത്തിന്റെ മാർഗ്ഗദർശനം ലഭിക്കണം. ധാർമ്മിക

*1979 ജൂലൈ "ലോകശാന്തി"യിൽ പ്രസിദ്ധപ്പെടുത്തിയതു്.

ജീവിതംതന്നെ മനുഷ്യജീവിതം. അതിൽ കുറഞ്ഞതൊക്കെ മറെറന്തോ ജീവിതങ്ങളാണെന്ന് ബോദ്ധ്യപ്പെടാനും വേണം ചില സാമാന്യമര്യാദകൾ. ഗൃഹസ്ഥാശ്രമ ജീവിതനിലവാരത്തിലെ താളപ്പിഴ കൊണ്ടാണ് ഉദരനിമിത്തബഹുകൃതവേഷധാരികളുണ്ടാവുന്നത്. കപടവേഷധാരികളിൽനിന്ന് സംന്യാസിമാരെ തിരിച്ചറിയുന്നതിനുള്ള തിരിച്ചറിവുപോലും ഇല്ലെങ്കിൽ പിന്നെ ജീവിതം 'ഹാ കഷ്ടം' എന്നല്ലാതെന്തു പറയാൻ! തിരിച്ചറിവുണ്ടായാലോ, യഥാർത്ഥ സംന്യാസിമാർ ബഹുമാനിക്കപ്പെടും. അവർ ബഹുമാനിക്കപ്പെടുന്നതു് സമുദായത്തിൻെറ ക്ഷേമത്തിനുവേണ്ടിയാണ്. തനിക്കെന്ന് യാതൊന്നും ആഗ്രഹിക്കാത്ത സംന്യാസികളമാത്രമേ അർഹരായ വ്യക്തികളിലൂടെ, കടുംബങ്ങളിലൂടെ, സമുദായത്തിലൂടെ ശാന്തിയുംക്ഷേമവുമെന്തെന്ന് അനുഭവപ്പെടുത്തി അറിയിക്കുവാനാവൂ.

യഥാർത്ഥ സംന്യാസിമാർ പല വേഷത്തിലുമുണ്ടാവാം. ഭക്തന്മാർ, കർമ്മയോഗികൾ, ജ്ഞാനികൾ, വൈരാഗികൾ, മുമുക്ഷുക്കൾ, ജീവന്മുക്തന്മാർ, ക്രമസന്യാസിമാർ. എന്നിങ്ങനെ പല വിധം. അവരിൽതന്നെ ചില സംന്യാസിമാരുടെയും, ആശ്രമങ്ങളുടെയും ഭരണപരമായ ചട്ടക്കൂട്ടിൽ നില്ക്കുന്നവരും, സേവാധർമ്മത്തിൻെറ പന്ഥാവിൽ കർമ്മനിരതരായി, ഔപചാരിക സംന്യാസമെടുക്കാതെ സന്യാസജീവിതം നയിക്കുന്നവരുമുണ്ട്. അർഹതയുള്ളതു് അതിജീവിക്കുമെന്ന യാഥാർത്ഥ്യബോധമുള്ളവർ അസലറിയും; വ്യാജന്മാർ അതിൻേറതായ വൃത്തത്തിൽ ലയിക്കുകയും ചെയ്യും. കഴിഞ്ഞ യുഗങ്ങളിൽ രാജർഷികൾ, ദേവർഷികൾ, ബ്രഹ്മർഷികൾ എന്നീ ഋഷിപരമ്പര പർണ്ണശാലകളിലാണ് വസിച്ചിരുന്നതെങ്കിലും സാമാന്യജനങ്ങളോടൊപ്പം രാജാക്കന്മാരും ദേവന്മാരും, അസുരന്മാരും മുമുക്ഷുക്കളും എല്ലാവരും ഒരുവിധത്തിലല്ലെങ്കിൽ മറെറാരുവിധത്തിൽ ബഹുമാനിക്കുകയും അവരവർക്ക് വേണ്ടുന്ന മാർഗ്ഗദർശനം സ്വീകരിക്കുകയും ചെയ്തിരുന്നു. അവതാരപുരുഷന്മാരായ ശ്രീരാമന് വസിഷ്ഠമഹർഷിയും, ശ്രീകൃഷ്ണന് സാന്ദീപനി മഹർഷിയും ഉണ്ടായിരുന്നതുപോലെ ചരിത്രകാലഘട്ടങ്ങളിലെല്ലാം നന്മയും ശാന്തിയും നിലനിർത്തിയ മഹൽവ്യക്തിത്വങ്ങളുടെയെല്ലാം പശ്ചാത്തലപ്രചോദനകേന്ദ്രം സംന്യാസമായിരുന്നുവെന്നു കാണാം. മഹാരാഷ്ട്രപ്രഭാവത്തിനൊരു രാമദാസൻ, ശിഖശക്തിക്കൊരു നാനാക്ഗുരു, വിജയനഗരത്തിനൊരു വിദ്യാരണ്യ

സ്വാമി, വിക്രമസാമ്രാജ്യത്തിനൊരു ഗോരക്ഷനാഥൻ, ഗുപ്തസാമ്രാജ്യത്തിനൊരു ചാണക്യൻ, അശോകനൊരു ശാക്യമുനി എന്നിങ്ങനെ എണ്ണിയെണ്ണി പറയാനുണ്ട്. സന്യാസസമ്പ്രദായം, ചരിത്രപരമായ കാരണങ്ങളാൽ ശിഥിലമായ ഘട്ടത്തിലാണ് ജഗദ്ഗുരു ശ്രീ ശങ്കരഭഗവദ്പാദർ ദശനാമീ സമ്പ്രദായത്തിലൂടെ ഇപ്പോഴറിയപ്പെടുന്ന സന്യാസരീതികൾ ചിട്ടപ്പെടുത്തിയത്. എക്കാലത്തും സർവ്വസംഗപരിത്യാഗികളും സർവതന്ത്രസ്വതന്ത്രന്മാരും ജീവന്മുക്തന്മാരുമായ മഹാത്മാക്കൾ ഈ ഭാരതപുണ്യഭൂമിയിൽ ഉണ്ടായിരുന്നു, ഇപ്പോഴും ഉണ്ട്, ഇനി ഉണ്ടായിരിക്കുകയും ചെയ്യും.

ഭാരതത്തിന്റെ നവോത്ഥാനഘട്ടത്തിൽ ഋഷി ദയാനന്ദസരസ്വതി, ശ്രീരാമകൃഷ്ണദേവൻ, സ്വാമി വിവേകാനന്ദൻ, സ്വാമി രാമതീർത്ഥൻ, സ്വാമി ശിവാനന്ദസരസ്വതി, ശ്രീ അരവിന്ദയോഗി, ശ്രീ രമണമഹർഷി, ശ്രീ വിദ്യാധിരാജൻ, ശ്രീ നാരായണഗുരു, ശ്രീ നിത്യാനന്ദസ്വാമി എന്നിങ്ങനെ എത്രയോ പുണ്യനാമങ്ങളുണ്ട് എടുത്തുപറയാൻ, ആദർശനിഷ്ഠരായ രാഷ്ട്രീയ നേതാക്കന്മാരെല്ലാം ഏതെങ്കിലുമൊരു പുണ്യാത്മാവിൽനിന്നും പ്രചോദനമുൾക്കൊണ്ടവരാണെന്നു കാണാം. സംന്യാസദീക്ഷ എടുത്തില്ലെങ്കിലും ബ്രഹ്മചര്യവ്രത പ്രതിജ്ഞാപൂർവം സേവാധർമ്മനിരതനായിരുന്ന മഹാത്മാഗാന്ധി ശാന്തിദൂതനായിരുന്നുവല്ലോ. ശ്രീ തുളസീദാസും, നരസിംഗാദിഭക്തന്മാരും ആ മഹൽജീവിതത്തിനു പ്രചോദനമേകിയിരുന്നു. സ്വാമി വിവേകാനന്ദനാകട്ടെ നവഭാരതത്തിന്റെ സമസ്തജീവിത രംഗങ്ങളിലും കടന്നുചെന്ന് ഉത്തേജനം നൽകിയിരിക്കുന്നു. സ്വാമിജി അഞ്ഞൂറുവർഷത്തേയ്ക്കുള്ള പൈതൃകം പുതുക്കിത്തന്നിരിക്കുന്നു. അതു വേണ്ടവിധം ഗ്രഹിക്കാതെയുള്ള പദ്ധതികളെല്ലാം ഇരുട്ടുകൊണ്ട് ഓട്ടയടക്കുവാനുള്ള നിഷ്ഫലയത്നമായിരിക്കും.

ഭൗതികഭോഗാസക്തരായിരിക്കുന്നവർക്ക ഒരുതരം സന്യാസഭക്തി കാണാം. ഭോഗസുഖങ്ങൾക്കായി ഉപാസനസിദ്ധി വരുത്തിയവരെ പിൻതുടരും. യഥാർത്ഥസംന്യാസലക്ഷണങ്ങൾ "ഭഗവദ്ഗീത" പോലുള്ള പവിത്ര ഗ്രന്ഥങ്ങളിൽ വ്യക്തമായി പറഞ്ഞുതന്നിരിക്കെ കാനൽ ജലപിപാസുക്കളായി മണ്ടി വലയുന്നവർക്ക സദ്ബുദ്ധി ഉദിക്കട്ടെ. ഇന്നത്തെ ഭാരതത്തിൽ അവ

ഹേളിക്കപ്പെടുന്ന സംന്യാസ'വും ഭൗതികതയിൽ മുഴുകിമടുത്ത വിദേശങ്ങളിലേയ്ക്കു ഏറ്റുമതി ചെയ്യപ്പെടുമോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു! ഭാരതീയശാസ്ത്രഗ്രന്ഥങ്ങൾ ഇതുപോലൊരു കാലഘട്ടത്തിൽ വിദേശങ്ങളിലേക്കു കടത്ത ക്കൊണ്ടുപോയി വിദേശികൾ സൽപ്പേരു് സമ്പാദിച്ചതുപോലെ നമ്മുടെ സന്തതി പരമ്പരയെ സന്ധ്യാവന്ദനം ചെയ്യാനും രാമനാമം ചൊല്ലാനും പഠിപ്പിക്കുവാൻ ഇംഗ്ലണ്ടിലേയും അമേരിക്കയിലെയും സംന്യാസിമാർ ഗുരുസ്ഥാനത്തേയ്ക്കുവരാൻ പാടില്ലെന്നില്ല. എന്തെന്നാൽ ഇന്നു ഹിന്ദുസംന്യാസിമാരെ ബഹുമാനിക്കുവാൻ ഹിന്ദുക്കളെക്കാൾ തെളിഞ്ഞ മനസ്സോടെ മുന്നിട്ടുനിൽക്കുന്നതവരാകുന്നു.

അവരവരുടെയും സമുദായത്തിന്റെയും നന്മകാംക്ഷിക്കുന്നവർ കുറഞ്ഞപക്ഷം നാട്ടിന്റെയും നാട്ടുസംസ്ക്കാരത്തിന്റെയും യശസ്സുമായ സംന്യാസത്തെ വേണ്ടവിധം ബഹുമാനിക്കുകയും കപടവേഷധാരികളുടെ പാപകർമ്മങ്ങളിൽ നിന്നും പ്രലോഭനങ്ങളിൽ നിന്നും വേറിട്ടു് സന്യാസിമാരെ ദർശിക്കുവാൻ തക്കവിധം ധാർമ്മികജീവിതം നയിക്കുകയും ചെയ്യട്ടെ. യഥാർത്ഥശാന്തിയുടെ വിദ്യുൽശക്തി കേന്ദ്രമാണു് ഓരോ സന്യാസിയും. അവർ ആരുടെ അംഗീകാരവും പ്രശംസകളും പട്ടങ്ങളും പ്രതീക്ഷിക്കുകയില്ല. ലാഭേഛയില്ലാത്തതു കൊണ്ടു് അവക്കൊരു ഇഛാഭംഗവും നഷ്ടവുമുണ്ടാവില്ല. നഷ്ടവും അധഃപ്പതനവും ഇന്നാട്ടിനും സമുദായത്തിനുമാണുണ്ടാവുക. അതിനാൽ 'ഗതികെട്ടവരാണു് സംന്യാസം സ്വീകരിക്കുന്നതെന്ന' അബദ്ധധാരണ അറിഞ്ഞോ അറിയാതെയോവെച്ചുപുലർത്തുന്നവർ അതെത്രയും വേഗം കഴുകി ശുദ്ധമാക്കട്ടെ. എന്തെന്നാൽ സംന്യാസത്തെ പുഛിച്ചു് ഗതികെട്ടവക്കും ഗതിവരുത്തുന്നവരാണു് സംന്യാസിമാർ. ഗതികെട്ടവർ സന്യാസിവേഷത്തിൽ തിരിയുന്നതും സമുദായത്തിന്റെ ഗതികേടുകൊണ്ടാണെന്നറിഞ്ഞു പ്രവർത്തിക്കയാണു് വേണ്ടതു്.

---

1975 ജനവരി ''ലോകശാന്തി''യിൽ പ്രസിദ്ധപ്പെടുത്തിയതു്.

# 42 ആഹാരക്രമം

ഔദാര്യമില്ലാത്തവരുടെ വീട്ടിൽനിന്നും ആഹാരം കഴി
ക്കരുതു്, ലോഭിയുടെ അന്നം വിഷംപോലെ പാപം
നിറഞ്ഞിരിക്കും. സുഹൃത്തുക്കൾക്കും, ദേവതകൾക്കും
പകുത്തുകൊടുക്കാതെ ആഹാരം തന്നെത്താൻ അനുഭവി
ക്കുന്നവർ വിവേകശൂന്യരാണു്. അവർ ഭക്ഷിക്കുന്നതു്
അന്നമല്ല, പ്രത്യുത പാപമാണു്.

"ദേവന്മാരാൽ ദത്തമായിട്ടുള്ള അന്നപാനാദികൾ അ
വർക്കു—പഞ്ച യജ്ഞാദികളെക്കൊണ്ടു്—കൊടുക്കാതെ ഏവനാണു്
അനുഭവിക്കുന്നതു് അവൻ കള്ളൻതന്നെയാകുന്നു."

"യജ്ഞങ്ങളെ ദേവന്മാക്കർപ്പണംചെയ്തു തൃപ്തിപ്പെടുമായ അന്ന
ത്തെ ഭുജിക്കുന്ന സത്തുക്കൾ പഞ്ചസൂനാദികൃതമായ സകല പാപങ്ങ
ളിൽനിന്നും മോചിക്കുന്നു. എന്നാൽ ഏവർ തങ്ങൾക്കുവേണ്ടിമാത്രം
പാകം ചെയ്യുന്നുവോ അങ്ങനെയുള്ള ദുരാചാരന്മാർ പാപത്തെ
ത്തന്നെ ഭുജിക്കുന്നു.

"അന്നത്തിൽനിന്നു ജീവികളും, മഴയിൽനിന്നു അന്നവും, യജ്ഞ
ത്തിൽനിന്നു മഴയും, കർമ്മത്തിൽനിന്നു യജ്ഞവും, വേദത്തിൽനിന്നു
കർമ്മവും, പരബ്രഹ്മത്തിൽനിന്നു വേദവും ഉണ്ടാകുന്നു എന്നറിഞ്ഞാ
ലും. അതിനാൽ എങ്ങും നിറഞ്ഞിരിക്കുന്ന പരബ്രഹ്മം നിത്യം
യജ്ഞത്തിൽ സ്ഥിതിചെയ്യുന്നു അഥവാ യജ്ഞമാകുന്ന ഉപായം
കൊണ്ടു് ബ്രഹ്മത്തെ പ്രാപിക്കാം."

"അല്ലയോ അർജ്ജുനാ! ഇപ്രകാരം ബ്രഹ്മത്തിൽ നിന്നുണ്ടായ
കർമ്മാദി സമൂഹമായ ചക്രത്തെ ഇഹലോകത്തിൽ ഏവൻ അനുസ
രിക്കുന്നില്ലയോ—യജ്ഞാദി കർമ്മത്തെ ഈശ്വരരൂപമായും ഈശ്വരാ
രാധനമായുമറിഞ്ഞു് ചെയ്യുന്നില്ലയോ—അവൻ പാപസ്വരൂപമായ

ആയുസ്സോടുകൂടിയവനും ഇന്ദ്രിയദ്വാരേണ വിഷയങ്ങളെ എപ്പോഴുമനുഭവിക്കുന്നവനുമായി വൃഥാ ജീവിക്കുന്നു.

(ഭഗവത് ഗീത 3–12, 13, 14, 15, 16)

നല്ലരീതിയിൽ അപഗ്രഥനം ചെയ്തു ഗ്രഹിക്കേണ്ടുന്ന സൂക്ഷ്മതത്വങ്ങൾ ഉള്ളടക്കം ചെയ്തിട്ടുള്ള ഗീതാവചനങ്ങളാണിവ. എന്നാൽ മനുഷ്യർ കഴിക്കുന്ന ആഹാരമൂല്യം എത്രമാത്രം നാം അറിയുന്നുണ്ടെന്നു സ്വയം പരിശോധിക്കുവാൻ അഥവാ അനുസ്മരിക്കുവാനെങ്കിലും ഉപകരിക്കട്ടെ ...ഈ അരുൾവാക്കുകൾ ഇവിടെ ഉദ്ധരിക്കുന്നതിന്റെ ഉദ്ദേശം ഇത്രമാത്രം. ആഹാരം എല്ലാ ജീവജാലങ്ങളുടെയും പ്രാഥമികാവശ്യമായിരിക്കെ മനുഷ്യനുമാത്രം പ്രത്യേകതയെന്ത്? മസാലകൾ ചേർത്തു പാകം ചെയ്യുന്നതാണോ? സ്വാഭാവികതയെ കെടുത്തുന്നതിലെന്താണ് വിശേഷ ബുദ്ധിസാമർത്ഥ്യം? ഓരോ ജീവിയും അതിന്റെ രുചിയും ദഹനശക്തിക്കനുയോജ്യമായ ആഹാരപദാർത്ഥങ്ങൾ സ്വീകരിക്കുന്നു. പാകംചെയ്തു ഭുജിക്കുന്ന മനുഷ്യർക്കുണ്ടാവുന്ന ദഹനക്കേടുകളും രോഗങ്ങളും അവയ്ക്കു ബാധകമല്ല. മനുഷ്യസമ്പർക്കമുള്ള പക്ഷിമൃഗാദികൾക്കാണ് വല്ലപ്പോഴും രോഗബാധയുണ്ടാവാറുള്ളത്, അതിനാൽ വിശേഷ ബുദ്ധിയുള്ള മനുഷ്യന്റെ ഭക്ഷണത്തിൽ കൂട്ടുചേർത്തു പാകം ചെയ്യുന്നതിനുപരിയായി ഉദ്ദേശ്യവും ലക്ഷ്യവുമുണ്ടെന്നറിയേണ്ടതായിട്ടുണ്ട്. ധാരാളം പോഷകാംശങ്ങൾ കടത്തിവിട്ട് കൊഴുത്തു തടിച്ച് കുറെ പരാക്രമങ്ങൾ കാണിച്ചതുകൊണ്ടു മാത്രം അതു് നിറവേറുന്നില്ല. ശരീരത്തെ പോഷിപ്പിക്കുന്നതു ധർമ്മസാധനക്കാണെന്ന സനാതന തത്വം മറക്കാവതല്ല—ശരീരമാദ്യം ഖലുധർമ്മസാധനം. ജീവൻ എൺപത്തിനാലു ലക്ഷം യോനികളിലും പിറന്നു കാമോപഭോഗങ്ങൾ അനുഭവിച്ചിരിക്കാമെങ്കിലും മനുഷ്യജന്മത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ ധർമ്മാചരണവും ആത്മസാക്ഷാത്ക്കാരവുമാകുന്നു. ശരീരം സംരക്ഷിച്ച് ജീവിക്കുകയെന്നുവെച്ചാൽ മനുഷ്യനെ സംബന്ധിച്ചിടത്തോളം സംയമം, സദാചാരം, പരോപകാരം, വിചാരശീലം തുടങ്ങിയ ധർമ്മാചരണങ്ങളിലൂടെ അപൂർണ്ണതയിൽനിന്നു പൂർണ്ണതയിലേയ്ക്കു ഉയരാനും സച്ചിദാനന്ദ സാക്ഷാത്ക്കാരത്തിനും സാദ്ധ്യമാവണം. ഐഹിക ശ്രേയസ്സുകൾക്കും, ദുഃഖനിവൃത്തിക്കും, നിത്യസുഖപ്രാപ്തിയ്ക്കും സഹായിക്കുന്നതിൽ അന്നത്തിനു് മഹത്തായ പങ്കുണ്ട്. ആഹാരപ

ദാർത്ഥങ്ങളുടെ ഉല്പാദന വിതരണക്രമങ്ങളിലെന്നപോലെ പാകംചെയ്യുന്നതിലും പകർന്നുകൊടുത്തിട്ട് ഭുജിക്കുന്നതിലും ശാസ്ത്രീയവും സൂക്ഷ്മവുമായ തത്വങ്ങളടങ്ങിയിട്ടുണ്ട്. ഭാവാത്മകമായ തത്വസംഹിതയാണിതു്. രാജനീതികൾകൊണ്ടു് നിയന്ത്രിക്കാവുന്നതല്ല. അവരവരുടെ ''സ്വധർമ്മാ''നുസരണം ധാർമ്മികസംഹിതയാൽ ചിട്ടപ്പെടുത്തിയിട്ടുള്ളതാണു്. ആധിഭൗതിക ആധ്യാത്മിക, ആധിദൈവിക നിലവാരങ്ങളിൽ സാത്വിക, രാജസ, താമസ ഗുണങ്ങൾക്കനുരൂപമായിധർമ്മാചരണപ്രധാനമായി ക്രമീകരിക്കേണ്ടതാണതു്.

കേവലഭൗതികപ്രധാനമായ ജീവിതക്രമത്തിന്റെ വേലിയേററത്തിന്നനുസരിച്ച് ഭൗതികശാസ്ത്രവും പുരോഗമിക്കുകയും ആഹാരപരിഷ്ക്കാരമുൾപ്പെടെ ഭൗതികപരിഷ്ക്കാരങ്ങളുടെ വിജയക്കൊടി നാട്ടുകയും ചെയ്തിരിക്കുന്ന ഈ സന്ദർഭത്തിൽ വിശേഷബുദ്ധിയുള്ള മനുഷ്യർ ധാർമ്മികമായി തിരിഞ്ഞു ചിന്തിക്കുന്നു. ഭൗതികശ്രേയസ്സുകളുടെ അങ്ങേയററം ദുഃഖാന്തമാണെന്നു കണ്ടെത്തുന്നു. പ്രകൃതിയെ ഇണക്കി ജീവിക്കുന്നതിനുപകരം ആധിഭൗതികമായ അത്യാഗ്രഹത്താൽ കൃത്രിമ വളങ്ങളും കൃത്രിമ ഉല്പാദനങ്ങളും മററും മററുംകൊണ്ടു് പ്രകൃതിയെ വികൃതിയാക്കുന്നതോടൊപ്പം മനുഷ്യസ്വഭാവത്തിലും പെരുമാററത്തിലും ആ വക ഭാവഭേദങ്ങൾ സ്ഥൂലവും സൂക്ഷ്മവുമായി കടന്നുകൂടുന്നു. തൻമൂലമുണ്ടാവുന്ന ഗുണദോഷങ്ങൾ ആദ്യമാദ്യം പ്രത്യക്ഷമായില്ലെങ്കിലും ക്രമേണ വ്യാപകമായി പ്രകടമാവുമ്പോളാണു് അനുഭവപ്പെടുക. കൃത്രിമ മഴ പെയ്യിക്കലിന്റെയും കൃത്രിമ ഭക്ഷ്യോല്പാദനത്തിന്റെയും മററും പരിണതഫലം മറിച്ചാവാനിടയില്ല. തീരാത്ത ആർത്തിയും ആധി—വ്യാധികളും അവയുടെ താല്ക്കാലികൗഷധപ്രയോഗങ്ങളും തമ്മിലുള്ള സംഘർഷജീവിതമാണതു്. ഇതിൽനിന്നു നിവൃത്തിക്കുവാനും മനുഷ്യജന്മസാഫല്യം നേടാനും വീണ്ടും ആർഷമാർഗ്ഗത്തിലേയ്ക്കു തിരിയാതെ രക്ഷയില്ല. ''ഇപ്പോഴത്തെ നിലയിൽ പുരോഗമിക്കുകയാണെങ്കിൽ രണ്ടായിരമാണ്ടു് ആവുമ്പോഴേയ്ക്കും ലോകം പരസ്പര യുദ്ധങ്ങൾകൊണ്ടും ആധിവ്യാധികൾകൊണ്ടും നിറയും. വിശപ്പടക്കാൻ ആടുമാടുകളെപ്പോലെ പുല്ലും തിന്നേണ്ടിവരും''* എന്നു ഭൗതിക ശാസ്ത്രജ്ഞന്മാരും

* നരവംശ ശാസ്ത്രജ്ഞനായ ഡോ. എസ്. സിംപ്സനും സസ്യശാസ്ത്രജ്ഞനായ പ്രഫ: ഡർവോ കേനിംഗും കൂടി അവതരിപ്പിച്ച ഒരു പ്രബന്ധത്തിൽ.

കൈമലർത്തിയിരിക്കുന്ന മനുഷ്യന്റെ വികൃതികൾ നിമിത്തം പ്രകൃതി പിണങ്ങുന്നതിന്റെ ഭയങ്കര പരിണാമസൂചന ഇതിലുണ്ട്. ഇക്കാര്യം സഹസ്രാബ്ദങ്ങൾക്ക മുമ്പ് തന്നെ നമ്മുടെ ഋഷീശ്വരന്മാർ പ്രകാശിപ്പിക്കുകയും യജ്ഞമയ ജീവിതം നിർദ്ദേശിക്കുകയുംചെയ്തു. പക്ഷെ കടലും മഴയും മാത്രമേ നാം കാണുന്നുള്ളൂ; സമുദ്രജലം നീരാവിയായി മേഘമായി പരിണമിക്കുന്നതൊന്നും ശ്രദ്ധിക്കാറില്ല!! കാര്യത്തിന്റെയും കാരണത്തിന്റെയും മദ്ധ്യേ ഇരുന്ന് അവയെ രണ്ടിനെയുംകൂടി യോജിപ്പിക്കുന്ന അവസ്ഥ അറിയാറില്ല. അതാണ് അപൂർവ്വമെന്ന യജ്ഞം.

''ഞാൻ പ്രാണികളുടെ ദേഹത്തിൽ പ്രവേശിച്ച് ജഠരാഗ്നിയായി ഭവിച്ച് പ്രാണാപാനാദി വായുക്കളോടുകൂടിയവനായി അവർ ഭക്ഷിക്കുന്ന നാലുവിധം അന്നത്തെ (ഭക്ഷ്യം, ഭോജ്യം, ലേഹ്യം ചോഷ്യം) പചിപ്പിക്കുന്നു.'' (ഗീത 15–14)

ഭഗവദർപ്പണ ബുദ്ധിപൂർവ്വം, യജ്ഞഭാവേന ആഹാരോല്പാദനവിതരണങ്ങളും പാകവും ചെയ്യുന്നെങ്കിലേ ശുഭകരമായ ഫലം പ്രതീക്ഷിക്കാനാവൂ. ആഹാരത്തിന്റെ ഗുണദോഷങ്ങൾ, രസ—ഭാവങ്ങളിലൂടെ മനുഷ്യസ്വഭാവത്തിലും ജീവനിലും വ്യാപരിക്കുന്ന അതിസൂക്ഷ്മമായ പ്രക്രിയകളും ശ്രദ്ധേയമാണ്.

ആയുസ്സ്, ഉത്സാഹം, ശക്തി, രോഗരാഹിത്യം ചിത്തപ്രസാദം അഭിരുചി ഇവയെ വർദ്ധിപ്പിക്കുന്നവയായും, രസവത്തുക്കളായും, സ്നേഹത്തോടുകൂടിയവയായും, സ്ഥിരമായിട്ടുള്ളവയായും, കാണുമ്പോൾതന്നെ ഹൃദയംഗമമായിട്ടുള്ളവയുമായിരിക്കുന്ന ആഹാരങ്ങൾ സാത്വികന്മാർക്ക പ്രിയമായിട്ടുള്ളവയാകുന്നു.

''അതിയായ കയ്പ്, പുളിപ്പ്, ചൂട്, എരിവ്, രൂക്ഷം, വിദാഹത്തെ ഉണ്ടാക്കുന്നതു് ഇവയോടുകൂടിയവയും, ദുഃഖം, ശോകം, രോഗം ഇവയെ ഉണ്ടാക്കുന്നവയുമായ ആഹാരങ്ങൾ രാജസസ്വഭാവമുള്ളവർക്കിഷ്ടമാകുന്നു.

''പാകം ചെയ്തിട്ട് ഒരു യാമം കഴിഞ്ഞിട്ടുള്ളതും, രസമെല്ലാം പോയിട്ടുള്ളതും ദുർഗ്ഗന്ധമുള്ളതും തലേന്നാൾ പാകം ചെയ്തിട്ടുള്ളതും

ഒരുവൻ ഭക്ഷിച്ചതിൻെറ അവശിഷ്ടമായിട്ടുള്ളതും ആയ ആഹാരം താമസ സ്വഭാവികൾക്ക പ്രിയമാകുന്നു.''

(ഗീത 17–8, 9, 10)

ഇനി അന്നസംബന്ധമായ വേദസൂക്തങ്ങളിൽ ചിലതു ഇവിടെ ഉദ്ധരിക്കാം:–

ഏവമേവ ഖലു സൗമ്യാന്നസ്യാ ശ്യാമാനസ്യ
യോ/ണിമാസ ഊർദ്ധ്വ: സമുദീഷതിതന്മനോ ഭവതി

''കഴിക്കുന്ന ആഹാരത്തിൻെറ സൂക്ഷ്മഭാഗം മനസ്സായി ഭവിക്കുന്നു''.

(ഛാന്ദോഗ്യം 6-6–2)

അന്നമശിതം ത്രേധാ വിധീയതേ തസ്യയഃ സ്ഥവിഷ്ഠോ
ധാതുസ്തത്പുരീഷം ഭവതിയോ മദ്ധ്യമസ്തന്മാംസം
യോണിഷ്ഠാസ്തന്മന: (ഛാന്ദോഗ്യം 6–5–1)

കഴിക്കുന്ന ആഹാരം മൂന്നായി വിഭജിക്കപ്പെടുന്നു; സ്ഥൂലാംശം മലമായിട്ടും, മദ്ധ്യമാംശം രസ, രക്ത, മാംസങ്ങളായും സൂക്ഷ്മാംശം മനസ്സായും തീരുന്നു.

യദന്നം പുരുഷോഭവതിതദന്നാസ്തസ്യ ദേവതാ:
ആഹാരത്തിന്നനുയോജ്യമായി ദേവതയും രൂപംകൊള്ളുന്നു. ആഹാരശുദ്ധികൊണ്ട് അന്തഃകരണം പവിത്രമാകുന്നു. അന്തക്കരണശുദ്ധികൊണ്ട് വിവേകശുദ്ധിയും. വിവേകശുദ്ധികൊണ്ട് അജ്ഞാനജന്യമായ ബന്ധനം അററുപോകുന്നു'' എന്നു ബ്രഹ്മോപനിഷത്ത്.

അഭക്ഷ്യസ്യനിവൃത്യാതു വിശുദ്ധം ഹൃദയം ഭവേത്
ആഹാരശുദ്ധൗ ചിത്തസ്യ വിശുദ്ധിർഭവതി സ്വതഃ
ചിത്തെ ശുദ്ധേ ക്രമാജ്ഞാനം ത്രുട്യന്തേ ഗ്രന്ഥയഃ
സ്ഫുടം

ആഹാരശുദ്ധികൊണ്ട് ചിത്തശുദ്ധി സ്വഭാവികമായുണ്ടാവുന്നു. ചിത്തശുദ്ധിയാൽ ക്രമേണ അജ്ഞാനമകന്ന് ജ്ഞാനം പ്രകാശിക്കും.

'അന്നം ബ്രഹ്മേതി വ്യജനാത്''

അന്നം ബ്രഹ്മമാണെന്നറിഞ്ഞുകൊള്ളണം.

അന്നാദ്ധ്യേവ ഖല്വിമാനി ഭൂതാനി ജായന്തേ
അന്നേന ജാതാനി ജീവന്തി
അന്നം പ്രയന്ത്യഭി സംവിശന്തീതി

അന്നത്തിൽ നിന്നു സർവ്വജീവികളും ഉത്ഭവിക്കുന്നു ശരീരം അന്നത്തിന്റെ ഫലമാകുന്നു. അന്നത്താൽ എല്ലാജീവികളും വാഴുന്നു. അന്നത്തിൽ തന്നെ എല്ലാം മറയുകയും ചെയ്യുന്നു.

അന്നം നനിന്ദ്യാത്. തത്വ്രതം
പ്രാണോവാ അന്നം, ശരീരമന്നാദം,
പ്രാണേ ശരീരം പ്രതിഷ്ഠിതം,
ശരീരേ പ്രാണഃ പ്രതിഷ്ഠിതഃ.
തദേതദന്നമന്നേ പ്രതിഷ്ഠിതം
അന്നം ന പരിചക്ഷീത! തദ്വ്രതം
അന്നം ബഹുകർവ്വീത! തദ്വ്രതം
നകഞ്ചന വസതൗപ്രത്യാചക്ഷീത! തദ്വ്രതം
തസ്മാദ്യയാ കയാ ച വിധയാ
ബഹ്വന്നം പ്രാപ്നുയാത്"

(തൈത്തരീയ ഉപനിഷത്ത്)

അന്നത്തെ നിന്ദിക്കരുതു്; ഇതു വ്രതമാകുന്നു. അന്നമാണു് പ്രാണൻ; അന്നമാണു് പ്രാണാവലംബമെന്നു ഉള്ളുണർവ്വോടെ അറിയുന്നവർ ദൃഢചിത്തരും സമ്പന്നരുമായി ഭവിക്കുന്നു. പ്രാണനിൽ ശരീരവും ശരീരത്തിൽ പ്രാണനുമിരിക്കുന്നു എന്ന ബ്രഹ്മഭാവേന അറിയുന്നവർ തേജസ്വികളും ഉന്നതിയിലേയ്ക്കുയരുന്നവരുമായി ഭവിക്കുന്നു. അന്നത്തെ പാഴാക്കരുതു്. ഇതു വ്രതമാകുന്നു. അന്നം അധികമായി ഉല്പാദിപ്പിക്കുക; ഇതു വ്രതമാകുന്നു. നിങ്ങളെ അന്വേഷിച്ചു, നിങ്ങളുടെ ഭവനത്തിൽ ആരു് വന്നാലും അന്നം നൽകാതെ പറഞ്ഞയക്കരുതു്; ഇതു വ്രതമാകുന്നു. അതിനാൽ അദ്ധ്വാനിച്ച് അധികമായി അന്നം വിളയിക്കുവിൻ.

മോഘമന്നം വിന്ദതേ അപ്രചേതാ;
സത്യം ബ്രവീമി വധ ഇത്സ തസ്യ!
നാര്യമണം പുഷ്യതിനോ സഖായം
കേവലാഘോ ഭവതി കേവലാദി!!

ഋഗ്വേദം 10–127, 6

ഔദാര്യമില്ലാത്തവരുടെ വീട്ടിൽ നിന്നു ആഹാരം കഴിക്കരുതു്. എന്തെന്നാൽ ലോഭിയുടെ അന്നപദാർത്ഥങ്ങരം വിഷംപോലെ പാപം നിറഞ്ഞിരിക്കും. തൻെറ ആഹാരം സുഹൃത്തുക്കാംക്കും ദേവതകാംക്കും പകന്നുകൊടുക്കാതെ അനുഭവിക്കുന്നവർ വിവേകശൂന്യരാകുന്നു. അവർ ഭക്ഷിക്കുന്നതു അന്നമല്ല; അതു മുഴുവനും പാപമാകുന്നു.

യാ ആധ്രായ ച കമാനായ പിത്വോ ʃന്ന വാൻത്സത്ര
ഫിതായോ പജഗ്^ മുഷേ!
സ്ഥിരം മന: കൃണുതേ സേവതേ പുരോതോ
ചിത്സമർഡിതാരം ന വിന്ദതേ!;

ഋഗ്വേദം 6–53,3

വിശക്കുന്നവർ ആഹാരം ആവശ്യപ്പെടുമ്പോഠം, അതിർകവിഞ്ഞ പണവും പദാർത്ഥങ്ങളും ഒതുക്കിവെച്ചിട്ടുള്ളവർ തങ്ങളുടെ ഹൃദയം കല്ലാക്കി ആവശ്യമുള്ളവക്കു കൊടുക്കാതെ തങ്ങരം മാത്രം അനുഭവിച്ചാൽ അവർക്കു സുഖവും സന്തോഷവും എങ്ങനെ ഉണ്ടാവും?

ആദിത്സന്തം ചിദാ ഘൃണേ പൂഷൻ ദാനായ ചോദയ!
പണേശ്ചിദ് വിമ്രദാ മനഃ!

ഋഗ്വേദം 6–53,3

ദുഃഖ– ദുരിതങ്ങരം അനുഭവിപ്പിച്ച് ഞങ്ങളുടെ ഹൃദയത്തെ പവിത്രമാക്കുന്ന ദൈവമേ, ഇപ്പോഠം ദാനം ചെയ്യാൻ മനസ്സില്ലാത്തവരുടെ മനവുമലിയിക്കുമാറാക്കണേ – ദാനം (ത്യാഗം) ചെയ്യാൻ കരുത്തുള്ളതാക്കി മാററണമേ, ലോഭിയുടെ മനസ്സിനെ ഇളക്കി ഔദാര്യവാനാക്കിത്തീക്കേണമേ

'ശതഹസ്ത സമാഹര സഹസ്രഹസ്ത സംകിര'

–അഥർവ്വവേദം 3, 24, 5

നൂറുകരങ്ങളാൽ സമ്പാദിക്കുക; ആയിരം കൈകളിലൂടെ അതിനെ അർഹിക്കുന്നവക്കു നൽകുക.

'ത്യക്തേനഭുഞ്ജീഥാ'

യജുർവ്വേദം 40, 1

ഈശ്വരൻ നിങ്ങാംക്ക നൽകിയവ അന്യർക്കകൊടുത്തിട്ട് അനുഭവിക്കുവിൻ. വേദേതിഹാസ പുരാണങ്ങളിലെല്ലാം ഇത്തരം സൂക്തങ്ങാം അദ്ധ്യാനത്തിൻെറയും ഭക്ഷ്യോല്പാദനവിതരണത്തിൻെറയും പ്രാധാന്യം പ്രകാശിപ്പിക്കുന്നു. ജീവൻെറ അധസ്ഥിതിക്കും ഉദംഗതിക്കും ഉപയുക്തമായ ഭക്ഷണവിനിയോഗമെങ്ങനെയെന്നു പ്രസ്പടഷ്ടമായി നിദ്ദേർശിച്ചിട്ടുണ്ട്. യജ്ഞഭാവമില്ലെങ്കിൽ പ്രകൃതി പിണങ്ങും, തുടന്നു വിശേഷബുദ്ധിയുള്ള മനുഷ്യൻ വികൃത കർമ്മങ്ങളിലേക്കാകർഷിക്കപ്പെടും. തന്മൂലമുണ്ടാവുന്ന അത്യാർത്തിനിമിത്തം നരകവാതായനങ്ങളായ കാമക്രോധലോഭ മോഹാദികാം വർദ്ധിക്കും. ആസുരമായ അഹന്തയാൽ കൃത്രിമ മഴ പെയ്യിക്കുവാനും വനനശീകരണത്തിനും ഒരുമ്പെടും, മണ്ണിൻെറ ഊർജ്ജശക്തിയില്ലാതാക്കുന്ന കൃത്രിമവളങ്ങാം പ്രയോഗിച്ച് ലഭിക്കുന്ന ആഹാരപദാർത്ഥങ്ങളിലൂടെ നവംനവമായ രോഗങ്ങളും ആർത്തികളും വർദ്ധിപ്പിക്കും. ഭക്ഷ്യധാന്യങ്ങാം വേണ്ടവിധം വിതരണം ചെയ്യാതെ ഗോഡൗണുകളിലും കലവറകളിലും പൂഴ്ത്തിവെച്ച് വീര്യം കെടുത്തിയശേഷം പുഴുത്തുനാറിയനിലയിൽ ഭക്ഷിക്കുവാൻ നിർബ്ബന്ധിതരാവും. ധനാർത്തിയും ലോഭവും നിമിത്തം ഭക്ഷണപദാർത്ഥങ്ങളിൽ മാരകമായ മായം ചേക്കൽ സാർവ്വത്രികമാവുന്നതോടെ എന്തു എങ്ങനെ കിട്ടിയാലും പോര, പോരാ എന്ന അത്യാർത്തിക്കുവശഗരായ മനുഷ്യസമുദായം അസ്വാസ്ഥതയിലും അസമാധാനത്തിലും മുഴുകും.

ഈ അധോഗതിയിൽ നിന്നു രക്ഷപ്പെടണമെങ്കിൽ ധർമ്മശാസ്ത്രം നിദ്ദേർശിക്കുന്ന 'യജ്ഞമയജീവിത'മാണു് പോംവഴി. എങ്ങനെയെന്നാൽ ശരീരസംരക്ഷണത്തിൻെറ ആവശ്യം ധർമ്മാചരണമാണെന്നു മനസ്സിലാക്കുക. അന്നത്തിൻെറ ഗുണം രസരക്തമാംസാദിസപ്തധാതുക്കളടങ്ങിയ ശരീരത്തിൽ മാത്രമല്ല, സൂക്ഷ്മ–കാരണ ശരീരങ്ങളിലും വ്യാപിക്കുന്നുണ്ട്. അതു മനസ്സിനെയും സ്വഭാവത്തെയും രൂപപ്പെടുത്തുന്നു. ആഹാരപദാർത്ഥങ്ങാം ഉല്പാദിപ്പിക്കുന്നതിലും വിതരണം ചെയ്യുന്നതിലും പാകം ചെയ്യുന്നതിലും ഭക്ഷിക്കുന്നതിലും യജ്ഞമയമായ പരിശുദ്ധി പാലിക്കണം, എന്തെന്നാൽ ഈ പ്രക്രിയകളാലുണ്ടാവുന്ന ഭാവം മനസ്സിനു രൂപം കൊടുക്കുകയും ജീവനിൽ ചേരുകയും ചെയ്യുന്നു. പരിണാമം അധമഭാവത്തിനു അധമഫലവും ഉത്തമഭാവത്തിന്നു ഉത്തമഫലവുംതന്നെ.

---

1975 സെപ്റ്റംബർ ''ശ്രീ അയ്യപ്പൻ'' മാസികയിൽ പ്രസിദ്ധപ്പെടുത്തിയതു്

# 43 സദ്ഭാവനയുടെ പ്രഭാവം

മറെറാരു ജീവിയ്ക്കുമില്ലാത്ത ഭാവനാവൈഭവം മനുഷ്യനുണ്ട്, മനുഷ്യന് മാത്രമേയുള്ളൂ; ഇതാണ് മനുഷ്യജന്മത്തിന്റെ മഹത്ത്വം. സദ്ഭാവനയ്ക്ക് സത്ഫലവും ദുഷ്ഭാവനയ്ക്ക് ദുഷ്ഫലവും സിദ്ധിക്കുന്നു. സദ്ഭാവനകൊണ്ട് ധർമ്മം അനുഷ്ഠിക്കുവാനും ദുഷ്ഭാവനകൊണ്ട് അധർമ്മം ആചരിക്കുവാനും പ്രേരിതരാകുന്നു. രണ്ടുവഴിയ്ക്കും മനുഷ്യനു പുരോഗമിക്കാമെങ്കിലും ഭാരതീയ വീക്ഷണപ്രകാരം അതിന്റെ മാനദണ്ഡം ഭാവനതന്നെ.

പൊതുവേ മനുഷ്യരെ രണ്ടായി തരം തിരിക്കാം. വികാരജീവികളെന്നും വിചാരജീവികളെന്നും. ഈ രണ്ടു തരക്കാർ എല്ലാ വിഭാഗങ്ങളിലുമുണ്ട്. വികാരവും വിചാരവും എല്ലാവരിലുമുണ്ടെങ്കിലും അതിന്റെ ഏറ്റക്കുറവുകൾക്കനുസൃതമായി ജാതിതിരിക്കുന്നു. വിചാരജീവികൾ വികാരജീവിയെ അപേക്ഷിച്ച് തന്നിലും അയൽപക്കകാരിലും ആഘാതങ്ങളേല്പിക്കാതെ ലക്ഷ്യത്തിലേയ്ക്കു പുരോഗമിക്കുവാൻ അനായാസേന സാധിക്കും. വികാരജീവിയാകട്ടെ ഒഴിവില്ലാത്തവിധം ഓടിച്ചാടി ബഹളംകൂട്ടിക്കൊണ്ടിരിക്കും. അല്പമെങ്കിലും സംയമമുള്ളവരാണെങ്കിൽ അത്രമാത്രം നന്മയും ഉപകാരവും ഉണ്ടാവുമെങ്കിലും അന്തരീക്ഷത്തെ അനാവശ്യമായി അവ്യാകൃതമാക്കും. തന്നിമിത്തം തന്റെയും അന്യരുടെയും ശക്തി ദുർവിനിയോഗത്തിനിടവരുത്തും.

ശമദമാദി സാധനകൾ ശീലിച്ചിട്ടില്ലെങ്കിലും ധൈര്യം, വിവേകം, സ്നേഹം എന്നീ ഗുണങ്ങളോടുകൂടിയ സദ്ഭാവന, ഫലപ്രദമായൊരു ജീവിതത്തിനു കളമൊരുക്കുന്നതാണ്. ഈ സൽഗുണങ്ങൾ ജനഹൃദയങ്ങളിൽ വികസിപ്പിച്ചാൽതന്നെ ഭദ്രമായൊരു സാമൂഹ്യജീവിതം സംജാതമാവുന്നതാണ്, ഇതിന്ന് സർക്കാറിന്റെ നിയമങ്ങളും അധികാരങ്ങളുംകൊണ്ട് സാദ്ധ്യമല്ല. എന്നിരുന്നാലും ധർമ്മബോധവും, ശക്തിയുമുണ്ടെങ്കിൽ സഹായിക്കുവാനും സമർത്ഥമായി വ്യാപരിപ്പിക്കുവാനും സാധിക്കുന്നതാണ്. പിച്ചവച്ച് നട

ക്കാൻ തുടങ്ങുന്ന ശിശുവിനെ കണ്ടിട്ടില്ലേ? മുന്നോട്ടുവെച്ചകാൽ പിൻകാലിൻെറ ബലത്തിൽ ഊന്നി ഇളക്കി നടക്കുന്നേത്ത്. ഭാവനാ ശക്തിക്ക തക്കവിധം വിവേകബലവുംവേണം മുന്നേറാൻ. ഭാവനാശക്തിക്കം പിന്നിൽ വാസന—ജന്മാന്തര വാസനകറം— ഉണ്ട്. അവയുടെ പ്രേരണാ ശക്തികറം അനന്തം. അവയുടെ കാരണങ്ങളെപ്പററി പലപ്പോഴും നാം അജ്ഞാതരായിരിക്കം. അതാണ് ധർമ്മാധർമ്മ വിവേകപൂർവ്വം ചിന്തിക്കകയും പ്രവർത്തിക്കകയും ചെയ്യണമെന്ന് ധർമ്മശാസ്ത്രങ്ങളും അനുഭവജ്ഞരായ മനീഷികളും അനുശാസിക്കന്നതും.

ധർമ്മാധർമ്മ വിവേകമില്ലെങ്കിൽ ഭാവനാശക്തി തന്നെ ദുർമ്മാർഗ്ഗത്തിൽ പ്രവർത്തിച്ച് ദുഷ്ഫലമുളവാക്കം. സന്മാർഗ്ഗികപരമായ കർമ്മങ്ങളിലേക്ക് ആനയിക്കന്നതു് അഭ്യാസയുക്തമായ സദ്ഭാവനയാണ്. സദ്ഭാവനയും സദാചാരനിഷ്ഠയുമുള്ള സത്തുക്കളുടെ മാർഗ്ഗദർശനം ശാസ്ത്രജ്ഞാനമില്ലാത്തവക്ക് അഭ്യാസത്തിന അവലംബമായിരിക്കം. 'യദ്യദാചരതിശ്രേഷ്ഠ സ്തത്തദേവേതരോജനഃ' ശ്രേഷ്ഠരായവർ ഏതു പ്രകാരം പറയുകയും പ്രവർത്തിക്കകയും ചെയ്യുന്നുവോ അതിനെ മററുള്ളവരും അനുകരിക്കന്നതാണ്.

ഭാവനാശക്തിയുടെ ദേവാസുരവിഭാഗങ്ങറംക്ക രണ്ടിനും കേന്ദ്രം മനസ്സുതന്നെ. ഈ മനസ്സിലെ ഭാവമാണ് മനുഷ്യനെ എന്തുമാക്കിത്തീക്കന്നതു്. ''യദ്ഭാവം തദ്ഭവതി'' എന്നും ''മന ഏവ മനുഷ്യാണാം കാരണം ബന്ധമോക്ഷയോഃ'' എന്നും ശാസ്ത്രങ്ങളിലെല്ലാം മനശക്തികളെയും മനസ്സിനെ നിയന്ത്രിച്ച് പ്രവർത്തിക്കേണ്ടതിൻെറ ആവശ്യകതയെയും അടിക്കടി അനുസ്മരിപ്പിക്കുന്നുണ്ട്. മനസ് എല്ലായ്പ്പോഴും എന്തെങ്കിലുമൊക്കെ വിചാരിച്ചുകൊണ്ടിരിക്കം. വിചാരം നിലച്ചാൽ ഉറക്കമായി, ഇങ്ങനെ വിചാരവും ഉറക്കവുമായി കഴിയുന്ന മനസ്സിനെ ബുദ്ധിപൂർവ്വം നിയന്ത്രിക്കകയും ക്രമേണ നിലയ്ക്കുനിർത്തുകയും ചെയ്താലേ മനുഷ്യൻെറ യഥാർത്ഥപുരോഗതി സാദ്ധ്യമാവൂ. എന്തെങ്കിലും വിചാരിക്കന്ന മനസ്സിനെ ആദ്യമാദ്യം സദ്വിഷയങ്ങളിലേയ്ക്കു തിരിച്ചുവിട്ടാലേ സത്സംഗവും സത്സംഗത്തിൽനിന്ന സദ്ഭാവനയും സംജാതമാവൂ. സദ് ഭാവനയാണല്ലോ സൽക്കർമ്മങ്ങളുടെ മുന്നോടി.

എന്നാൽ വ്യഷ്ടിഭാവന സമഷ്ടി ഭാവനയുടെ ഒരംശം മാത്രമാണെന്ന ബോധമില്ലെങ്കിൽ തൻെറ ഭാവനയോടുള്ള മമതകൂടുകയും അതു "ഞാൻ, എൻെറ" എന്ന അഹന്തഭാവത്തിൽ ഊന്നിനില്ക്കുകയും അഹങ്കാരത്തിൻേറതായ കെടുതികൾ വർദ്ധിപ്പിക്കുകയുംചെയ്യും. കാക്കയ്ക്കും തൻ കുഞ്ഞു പൊൻകുഞ്ഞു എന്നുണ്ടല്ലോ. തൻെറ ഭാവനയിൽ രൂപം പൂണ്ട ആശയത്തിനോട് മമതയുണ്ടാവുക സ്വാഭാവികമാണെങ്കിലും അതു മററുള്ളവരിൽ അടിച്ചേൽപിക്കുവാൻ ശ്രമിക്കുന്നതു ധാർമ്മികമാവില്ല. അതേസമയം സമഷ്ടിധർമ്മത്തെ അവലംബിച്ചുകൊണ്ടുള്ള ഭാവനകൾ ആദ്യമാദ്യം ആകർഷണീയമെങ്കിലും നേർവഴിക്കു തിരിച്ചു വിടുന്നതാകയാൽ സ്വീകരിച്ച് അനുസന്ധാനം ചെയ്യണമെന്നുണ്ട്.

സദ്വാസനകൾ ഉള്ളവക്ക് സ്വാഭാവികമായും സദ്ഭാവവും സദ്കർമ്മതാൽപര്യവും ഉണ്ടാവും. ദുസ്സംസർഗ്ഗം കൊണ്ടോ ദുഷിച്ച പരിതസ്ഥിതികൊണ്ടോ ആയിരിക്കും ഇത്തരക്കാരിൽ പലരും മാർഗ്ഗഭ്രംശരാവുന്നതു്. ദുർവാസനയുടെ പ്രാബല്യമുള്ളവരെ സദ്ധർമ്മപന്ഥാവിലേയ്ക്കു തിരിച്ചുവിടാൻ താരതമ്യേന പ്രയാസമായിരിക്കും, പക്ഷെ, ഇവക്കും സജ്ജന സമ്പർക്കവും, സദ്കർമ്മാന്തരീക്ഷത്തിലെ ജീവിതവും ലഭിക്കുമെങ്കിൽ കാലംകൊണ്ട് സച്ചരിത രാവാം. വക്രമായദുർഭാവശക്തിയുടെ വീര്യവും വേഗതയുമനുസരിച്ച് അയാൾതന്നെ ചിലപ്പോൾ സമൂഹത്തെയും, രാജ്യത്തെത്തന്നെയും അടക്കി ഭരിച്ച് ഒരു കലക്കു കലക്കിയെന്നും വരാം. അതായതു് ആസക്തികൊണ്ടോ അഭിമാനംകൊണ്ടോ ഓരോരുത്തരും താൻ കണ്ട സത്യത്തിൻെറ മാദ്ധ്യമത്തിൽ തടസ്ഥങ്ങളെ തരണം ചെയ്തുകൊണ്ട് പരിശ്രമിക്കും, താൻ കണ്ടതിനപ്പുറത്തേക്കു വീണ്ടും പോകാനോ കാണാനോ കൂട്ടാക്കാതെ ചെയ്യുന്ന പ്രവർത്തികൾ ഭാവനാശക്തിയനുസരിച്ച് അനാസക്തിയിലേക്കോ അഹങ്കാരത്തിലേക്കോ നയിച്ചേയ്ക്കാം, തൻെറ അഭിപ്രായത്തോട് എവക്കും മമതയുണ്ടാവുക സ്വാഭാവികമാണ്. എന്നാൽ അതിനുമുണ്ട് ഒരു അതിർത്തിരേഖ—അതാണ് വിവേകം, വകതിരിവ്.


ശുദ്ധവും സത്വവുമായ വിവേകം ശുദ്ധവും സത്വവുമായ വിചാരത്തിൽനിന്നും തദനുസരണ പ്രവർത്തിയിൽനിന്നും തിളങ്ങുന്ന.

ധ്യാനരത്തെപ്പോലെ എപ്പോഴും ചാടിക്കൊണ്ടിരിക്കുന്ന മനസ്സിനെ —മനോവൃത്തികളെ—സദ്‌വിഷയങ്ങളിലേയ്ക്കു ആകർഷിച്ചു് ക്രമേണ വശപ്പെടുത്തിയാലേ ബുദ്ധിതിളങ്ങ. മനോഭാവം നല്ലതായാലും തീയതായാലും വെറും മനോരാജ്യങ്ങളാവുന്നതു് ബുദ്ധിക്കു പണി കൊടുക്കാത്തതുകൊണ്ടാണു് അതിനാൽ, ജാഗ്രത്തിലും സ്വപ്നത്തിൽ പോലും മനോമാലിന്യങ്ങാം അകററി വിവേകവും സദ്ഭാവവും കൊണ്ടു് നയിക്കപ്പെടുംവിധം പ്രവർത്തനനിരതമായിരിക്കണം.

അത്യത്ഭുതകരമായ ഈ പഞ്ചഭൂതപ്രപഞ്ചത്തിൽ ഒരു വെള്ള ത്തുള്ളി മുതൽ ഭൂമണ്ഡലഗോളവും അതിന്നപ്പുറമുള്ള സമസ്തഗോള ങ്ങളും എല്ലാം ഒരു കയററുവലയിൽ ചുററി വരിഞ്ഞു മുറുക്കി പരസ്പ രാകർഷണപൂർവ്വം ചുഴററിക്കൊണ്ടിരിക്കുന്ന സത്യസ്നേഹശക്തിയു ണ്ടല്ലോ അതാണു് ഈശ്വരശക്തി. ആ പരമപ്രേമസ്വരൂപൻെറ പ്രേമാമൃതകടലിലെ ഒരു തുള്ളി മാത്രമാണു് നമ്മുടെ വ്യാവഹാരിക സ്നേഹ—പ്രേമപ്രകർഷങ്ങാം. ആധിഭൗതികത്തിലെ സ്നേഹഭാവ ത്തിന്നുതന്നെ ആദ്ധ്യാത്മികവും, ദൈവീകവുമായ ഉന്നതോന്ന തമായ രണ്ടു മണ്ഡലങ്ങാംകൂടി ഉള്ളതുപോലെ സമഷ്ടിയിലെ ബ്രഹ്മാണ്ഡസ്നേഹഭാവത്തിന്നുമുണ്ടു് മൂന്നവസ്ഥകാം. ഭൗതികവസ്തു ക്കളുടെ ഘനത്തെപ്പോലെ, തടസ്ഥപ്പെടുത്തുന്ന സ്നേഹം സുഖ ദുഃഖ ദ്വേഷ മദമാത്സര്യാദി പല മനോഭാവങ്ങാം അവലംബിക്കുന്നു.

വ്യഷ്ടിയിലായാലും സമഷ്ടിയിലായാലും തികച്ചും നിസ്വാർ ത്ഥവും നിഷ്കപടവുമായിരിക്കുന്ന അവസ്ഥ ഈ ഭൂമണ്ഡല ത്തിലില്ല. ഏററക്കുറച്ചിലുകാം എപ്പോഴുമുണ്ടായിരിക്കുമെന്നതു പ്ര കൃതികല്പിതമാണു്. സ്നേഹം, ധൈര്യം, വിവേകം, ഭാവനാശക്തി— ഇവയെല്ലാമുണ്ടായാലും ഈശ്വരാനുഗ്രഹംകൂടാതെ ഫലവത്താവാൻ പോകുന്നില്ല. അതാണു് ദൃഢതരമായ ഈശ്വരവിശ്വാസത്തെപ്പററി ഊന്നിപ്പറയുന്നതു്. സന്മാർഗ്ഗത്തിൽനിന്നും വ്യതിചലിക്കാതെ ലക്ഷ്യബോധപൂർവ്വം സദ്ഭാവോജ്വലമായി പ്രവർത്തിച്ചുമുന്നേറും തോറും ഈശ്വരാനുഗ്രത്തിൻെറ അമൃതവർഷം സ്വയം വർഷിച്ചു കൊള്ളും. സുഖത്തിൻെറയും ശാന്തിയുടെയും ദിവ്യകിരണങ്ങാം അനു ഭവഗോചരമാവും, അങ്ങനെ സംസ്കരിക്കപ്പെട്ട സ്നേഹ—സദ്

ഭാവശക്തികൊണ്ട് വിവേകപൂർവ്വം ജീവിത ഭാസുരത കൈവരുത്തുകയാണ് മനുഷ്യപ്പിറവിയുടെ ഉദ്ദേശവും ലക്ഷ്യവും. സദ്ഭാവനയുടെ വികാസവും തദനുസൃതമായ കർമ്മശുദ്ധിയും വഴി നിർമ്മലവും നിശ്ചലവുമായ സച്ചിദാനന്ദം അനുഭവപ്പെടുമ്പോൾ ജീവിതം സുഖവും സംതൃപ്തവുമായി. ഈശ്വരനിൽ ദൃഢവിശ്വാസമുള്ള സദ്ഭാവത്തിന്റെ പരമപ്രഭാവമാണിത്.



*1976 ആഗസ്റ്റ് "ശ്രീമൂകാംബിക" മാസികയിൽ പ്രസിദ്ധപ്പെടുത്തിയത്.

അനുബന്ധം I

# ഉത്തരായണം

—ഓട്ടൂർ ഉണ്ണിനമ്പൂതിരിപ്പാട്

(ഉച്ചയ്ക്കു് ഉണ്ണാൻ ചെന്നിരുന്നപ്പോഠം അന്ന പൂർണ്ണേശ്വരി—വിളമ്പിത്തരുന്ന ആളെ ഞാനങ്ങനെയാണു സങ്കല്പിയ്ക്കാറു്—പറഞ്ഞു ''ഇന്നു ചക്കപ്രഥമനുണ്ടു്'' എന്നു്. ''എന്താ വിശേഷം?'' ''ഒന്നുമില്ല. ചക്ക വരട്ടിയതു കുറച്ചിരുന്നിരുന്നു. അതിനെയെടുത്തുപ്രയോഗിച്ചുവെന്നുമാത്രം.'' ഊണു കഴിഞ്ഞു കൈകഴുകി ഞാൻ മേശപ്പുറത്തേയ്ക്കു നോക്കിയപ്പോഠം മലൎന്നു കിടക്കുന്ന 'മാതൃഭൂമി'യിലെ സാധുശീലന്റെ ഷഷ്ടിപൂർത്തി ലേഖനത്തിലും ചിത്രത്തിലുമാണു് എന്റെ കണ്ണു് ആദ്യം പതിഞ്ഞതു്. ചക്ക പ്രഥമന്റെ കാരണം പെട്ടെന്നു് എനിയ്ക്കു മനസ്സിലായി, വിശ്വത്തെ കുടുംബമായിക്കാണുന്ന തുര്യാശ്രമത്തെ സ്വീകരിയ്ക്കുന്നതിന്റെ നാന്ദിയായ സാധുശീലന്റെ ഷഷ്ടിപൂർത്തി മഹോത്സവത്തിൽ കുടുംബാംഗങ്ങളായ ഞങ്ങളെ അറിയാതെ ഈശ്വരൻ പങ്കുകൊള്ളിച്ചതാണെന്നു വ്യക്തം. ഷഷ്ടിപൂർത്തിയാണെന്നറിഞ്ഞും കൊണ്ടല്ല പ്രഥമൻ പചിച്ചതും ഭുജിച്ചതും. ഉണ്ടാക്കിയ ആളും കുടിച്ച ആളും രണ്ടുപേരും ഷഷ്ടിപൂർത്തിയുടെ കഥ ഓർത്തിരുന്നതേയില്ല. യദൃച്ഛാസംഭവമാണു്—എന്നുവെച്ചാൽ ഈശ്വരേച്ഛാവിലാസമാണെന്നർത്ഥം. അപ്പോഠം ആ മംഗളോത്സവത്തെ ശ്ലാഘിച്ചു രണ്ടു വാക്കു പറയാൻ വിശേഷിച്ചും രസം തോന്നി. ലേഖനങ്ങഠം ആനന്ദപൂർവം വായിച്ചാസ്വദിയ്ക്കുകയാണു്. മുഴമിച്ചിട്ടില്ല. അതിനിടയിൽ തോന്നിയ ചില ആശയങ്ങഠം കുത്തിക്കുറിയ്ക്കുന്നുവെന്നു മാത്രം. ശ്രീകൃഷ്ണാർപ്പണമസ്തു!)

1 ശുദ്ധാന്തഃകരണംകൊണ്ടു
പണ്ടേ സംന്യാസിയായൊരാഠം
സംന്യാസിയാവാൻ പോകുന്നു
വേഷംകൊണ്ടുമടുത്തനാഠം

2 അപ്പുണ്യവാന്റെ ഷഷ്ട്യബ്ദ—
പൂർത്തി സന്തോഷപൂർവ്വകം
കൊണ്ടാടിടുകയാണിന്നു
സംന്യാസത്തിന്റെ നാന്ദിയായ്.

3 ആജന്മത്യാഗശീലന്റെ
സംന്യാസവ്രതധാരണം
വാസ്തവത്തിൽ വിചാരിച്ചാൽ—
പിഷ്ടപേഷണമല്ലയോ?

4 പ്രവൃത്തിമാർഗ്ഗം കൈവിട്ടു
നിവൃത്തിശ്രുതവീഥിയിൽ
കാലൂന്നും ഘോഷമാണല്ലോ
ഷഷ്ടിപൂർത്തി മഹോത്സവം

5 ഇത്രനാളൊരുകൈകൊണ്ടു
പിടിച്ച ഭഗവൽ പദം
നാളെത്തൊട്ടിരുകൈകൊണ്ടും
സാധുശീലൻ പിടിക്കയായ്

6 ''ധർമ്മമെല്ലാം വെടിഞ്ഞെന്നെ
മാത്രം നീ യാശ്രയിക്കുക;
മാഴ്കേണ്ട, കാത്തിടാം നിന്നെ—
സ്സർവ്വപാപത്തിൽ നിന്നു ഞാൻ''

7 എന്ന കൃഷ്ണനി യോഗത്തെ—
ക്കണ്ണടച്ചാദരിച്ചിതാ
എല്ലാം വിട്ടാശ്രയിക്കുന്നു
സാധുശീലൻ തദംഘ്രിയെ.

8 പ്രച്ഛന്നയതിയായിത്ര
നാളും വർത്തിച്ചൊരീ മഹാൻ
അനുഗ്രഹിക്കും ലോകത്തെ
മേലാൽ പ്രത്യക്ഷ ഭിക്ഷുവായ്

9 ജീവിതത്തിന്റെ പൂർവാർദ്ധം
നയിച്ചു ധൗതവസ്ത്രനായ്;
ഉത്തരാർദ്ധം നയിച്ചീടും
കാഷായാംബരനായിനി.

10 കഴിഞ്ഞുപോയ് പ്രവൃത്തിക്കു
യോഗ്യമാം ദക്ഷിണായനം;
പിറന്നുപോയ് നിവൃത്തിക്കു
ചേർന്നതാമുത്തരായണം;

11 ജ്ഞാനംകൊണ്ടു വരട്ടാതെ
ചിത്തത്തെ പ്രേമഭക്തിയാൽ
അത്യന്തമാർദ്രമാക്കീട്ട-
മിബ്ഭിക്ഷു വതിധന്യനാം

12 ഇല്ല കൃഷ്ണന്റെ ലീലയ്ക്കു
പാരമാർത്ഥിക സത്യത
എന്നു ജല്പിച്ചിടും ശുഷ്ക-
ജ്ഞാനിയല്ലീ മഹാശയൻ.

13 നിർവ്വികല്പസമാധിക്കും
മുക്തിക്കും കൃഷ്ണലീലയെ
മാറ്റാൻ സാധിക്കയില്ലെന്നാ-
ണിബ്ഭക്താഗ്രണിതൻ മതം.

14 മധുസൂദനനെന്നോണം,
വില്വമംഗലമെന്നപോൽ,
കൃഷ്ണഭക്തി സുധാപാന-
മത്തനാണീ യതീശ്വരൻ,

15 നിസ്സംഗർക്കേ പരപ്രേമ-
മാസ്വദിക്കാൻ കഴിഞ്ഞിട്ടൂ-
എന്നു കാണിക്കുവാൻ വേണ്ടി-
യാണീ പ്രവ്രജനോദ്യമം.

16 വിശ്വവ്യാപക മായ്ത്തീരു-
മേതാനും ദിക്കിലിത്രനാൾ
വർത്തിച്ച സാധുശീലൻെറ
മൈത്രിയും കൃഷ്ണഭക്തിയും.

17 ഗൗരാംഗൻ, ശങ്കരൻ, ബുദ്ധൻ,
*ചന്ദ്രാനന്ദന—നെന്നിവർ
സംന്യാസം സ്വീകരിച്ചില്ലേ
ജന്മനാ മുക്തരെങ്കിലും?

18 എങ്കിലും രാമകൃഷ്ണന്മാർ
സർവ്വസംഗ വിമുക്തരായ്
സംന്യാസം സ്വീകരിയ്ക്കാതെ
വാണാർ നിത്യം ഗൃഹസ്ഥരായ്.

19 സാധാരണ ജനങ്ങൾക്ക
സംഗം തീരെ നശിയ്ക്കുവാൻ
സംന്യാസ ദീക്ഷയില്ലെങ്കിൽ
പ്രായേണ വിഷമിച്ചിടും.

20 സർവ്വാവതാര വരനാം—
നന്ദഗോപതനൂജനെ
തൻെറ സർവ്വസ്വമായെണ്ണും
സാധുശീലൻ കൃതാർത്ഥനാം.

21 ശ്രീകൃഷ്ണനെക്കുറിച്ചുള്ള
കാമ്പോലും ലേഖനങ്ങളാൽ
ലോകർക്കാനന്ദമേകുന്ന
ശിഷ്യനാണീ മഹാശയൻ.

22 സർവ്വാത്മാവായ കൃഷ്ണൻെറ
നാനാ ഭാവങ്ങൾ ഭംഗിയിൽ
വർണ്ണിയ്ക്കും സാധുശീലൻെറ
ലേഖനം രമണീയമാം,

* ചന്ദ്രാനന്ദനൻ = ശ്രീരാമകൃഷ്ണൻ.

23 മന്നിലേതുതരക്കാർക്കും
താന്താങ്ങളുടെ മാതൃക
കാണാം കൃഷ്ണനിലെന്നാണീ
നവ്യമസ്കരിതൻ മതം,

24 നന്ദനന്ദനനെപ്പോലെ
സർവ്വാശ്ചര്യപയോധിയായ്
ഒരീശ്വരൻ പ്രപഞ്ചത്തിൽ
പ്പിറന്നിട്ടില്ലിതേവരെ.

25 ഈശ്വരത്വം, മനുഷ്യത്വം
രണ്ടുമൊപ്പം കലർന്നതായ്
കൃഷ്ണാവതാരമല്ലാതെ
വേറെയേതുണ്ടു പാരിതിൽ?

26 ബാലൻ, വൃദ്ധൻ, പുമാൻ, നാരി.
വിദ്വാൻ, മൂഢൻ. നരൻ, മൃഗം,
മുക്തൻ, ബദ്ധ-നിവക്കെല്ലാ—
മിഷ്ടനാണു മുരാന്തകൻ

27 അമ്മയാണെന്നു ഭാവിച്ചു
വന്ന ദുഷ്ടയ്ക്കു തൽക്ഷണം
കണ്ണുട, ച്ചുഭവം നൽകും—
മഹാത്മാവാണു നന്ദജൻ.

28 എത്ര പാപികളായാലും
കാല്ക്കൽ വീഴും ജനങ്ങളെ
ഉദ്ധരിയ്ക്കുന്ന കാരുണ്യ—
മൂർത്തിയാണു ജനാർദ്ദനൻ.

29 തന്നെപ്പോലും മരിപ്പിച്ചു
വിപ്രശാപത്തിൽ നിന്നഹോ!
ക്ഷേതിമാനാമുദ്ധവനെ
രക്ഷിച്ചോനാണധോക്ഷജൻ,

30 സ്തന്യരൂപേണ മാതാവും
ഭാവരൂപേണ +വൃന്ദയും
നൽകുന്ന ഭിക്ഷ ഭക്ഷിക്കും–
ഭിക്ഷുവാണം ബുജേക്ഷണൻ.

31 രാസതാണ്ഡവ മാടീട്ടും
നൈഷ്ഠിക ബ്രഹ്മചാരിയായ്,
ആത്മാ രാമപ്രവരനായ്
മേവിയോനാണു മാധവൻ

32 ശാന്തനായ്, ശ്ശൂരനായ്, സ്സംഗ–
ശൂന്യനായ്, സ്നേഹമൂർത്തിയായ്,
രാജ്യതന്ത്രജ്ഞനായ് വേറെ
യാരുണ്ടച്യുത തുല്യനായ്?

33 പററുമോ കാണുവാൻ വേറെ–
⌊പ്പാദ്മൻ തൊട്ടുതൃണംവരെ
നിശ്ശേഷഭൂതജാലത്തെ–
യാകർഷിക്കുന്ന മൂർത്തിയെ?

34 സ്വാമിയായി, സ്സഖാവായി,–
പ്പുത്രനായ്, പ്രാണനാഥനായ്,
ദാസനായ്, ഗ്ഗുരുവായ് ക്കൃഷ്ണൻ
ശോഭിച്ചീടുന്നു സന്തതം

35 ദൂതനായ്, തോഴനായ്, മന്ത്രി–
ശ്രേഷ്ഠനായ്, ദ്വാരപാലനായ്,
സൂതനായ് ശ്ശത്രുഹന്താവായ്
വാണു ഭക്തർക്കധോക്ഷജൻ.

36 ഗോകുലത്തിൽ ക്കളിക്കുട്ടി,
മല്ലരംഗത്തു കേസരി,
പാർത്ഥന്റെ തേരിലാചാര്യ–
നിത്ഥം വർത്തിച്ച മാധവൻ.

---

⌊ പാദ്മൻ = പത്മജൻ; ബ്രഹ്മാവ് + വൃന്ദ = വൃന്ദാവടി

37 ജ്ഞപ്തിതന്നുച്ചമാം കാഷ്ഠ,
യോഗത്തിൻ പരമാവധി,
പ്രേമത്തിൻ ചരമാവസ്ഥ
കാണാം ശ്രീകൃഷ്ണമൂർത്തിയിൽ.

38 ഭക്തിപദ്മം, ജ്ഞാനശംഖം,
യോഗചക്രം, ക്രിയാഗദ—
നാലും തൃക്കയ്യിലേന്തുന്ന
യോഗീന്ദ്രൻ ദേവകീസുതൻ.

39 നാനാമർത്ത്യർ ചെയ്യേണ്ടും
ധർമ്മാചരണ രീതികൾ
ശ്രീകൃഷ്ണന്റെ ചരിത്രത്തിൽ—
ക്കാണാം സൂക്ഷിച്ചുനോക്കിയാൽ

40 എങ്ങോട്ടേയ്ക്കു വഴിയ്ക്കൊക്കെ—
പ്പോകുമോരോ ജനത്തിനും
അതാതു മാർഗ്ഗം കാണിച്ചു
തരുന്നോനാണധോക്ഷജൻ.

41 ശൂരൻ, ഭീരു, ഖലൻ, കാമി,
ദേവൻ, മർത്ത്യൻ, ഖഗം, മൃഗം,
ആർക്കും കാർവർണ്ണനെക്കണ്ടാൽ—
സ്സാധിയ്ക്കില്ല മറക്കുവാൻ.

42 കാമം, വൈരം, ഭയം, സ്നേഹ—
മിത്യാദി മതിവൃത്തികൾ
എന്തും മേടിച്ചു പകരം
മുക്തി നൽകുന്നു നന്ദജൻ.

43 എങ്ങോട്ടു ഹൃദയം പാളി—
പ്പോയാലും മുമ്പിലുണ്ടതാ!
തടുത്തും കൊണ്ടുനില്ക്കുന്നു
സസ്മിതം പുരുഷോത്തമൻ.

44 മർത്ത്യനല്ല, മൃഗത്തിന്നും
ശിഷ്ടന, ല്ലതിദുഷ്ടനും
തന്നെയോർക്കാതെ ജീവിയ്ക്കാൻ
വയ്യാതാക്കിയദ്ഭുതമൻ.

45 തിരിഞ്ഞാലും മറിഞ്ഞാലും
മനസ്സുകരം നിജാംഘ്രിയെ
വെടിഞ്ഞു മററിടത്തേയ്ക്കു
ഗമിയ്ക്കാതാക്കി കേശവൻ.

46 സ്പർശിയ്ക്കാൻ നെഞ്ചിനൊക്കാത്ത
സച്ചിദാനന്ദ മൂർത്തിയെ
നക്കിത്തോർത്താൻ പശുക്കരംക്ക
സാധിപ്പിച്ച മുരാന്തകൻ.

47 കൃഷ്ണൻ സാക്ഷാൽപ്പരബ്രഹ്മ-
മാകയാലവതാരിയാം:
മററുള്ളോരവതാരങ്ങരം
മാത്രമംശങ്ങളാകയാൽ.

48 ശ്രീകൃഷ്ണൻ മർത്ത്യരൂപം കൈ—
ക്കൊരംകയാലവതാരമാം;
ഐശ്വര്യച്യുതി പററായ്ക
ഹേതുവാലവതാരിയാം.

49 കൃഷ്ണലീല പഠിയ്ക്കട്ടേ
പാരിലെ സ്സർവമർത്ത്യരും,
ഭാരതീയർ വിശേഷിച്ചു;—
മെന്നാലെല്ലാം ലഭിച്ചിടും.

50 ധർമ്മാർത്ഥകാമമോക്ഷങ്ങരം,
രാജ നീതി—യിതൊക്കെയും
കൃഷ്ണന്റെ കഥ വായിച്ചാൽ—
സൂക്ഷ്മത്തോളം ഗ്രഹിച്ചിടാം.

51 സാധാരണ ജനങ്ങൾക്ക
വാസുദേവൻെറ സൽക്കഥ
ആപാതമധുരം, ബുദ്ധി—
യുള്ളോർക്കാലോചനാമൃതം.

52 പാപതാപഹരം, ചിത്ത—
ശോധകം, ശാന്തിദായകം,
മൃതസഞ്ജീവനം, ഹൃദ്യം
ഗോവിന്ദ ചരിതാമൃതം.

53 കൃതഘ്നരായ്, സ്വാർത്ഥികളായ്,
ക്രൂരരായ്, സ്നേഹശൂന്യരായ്
വാഴുമിന്നത്തെ നേതാക്കൾ
കേൾക്കട്ടേ കൃഷ്ണലീലകൾ.

54 ക്ഷേത്രത്തെ യുദ്ധഭൂവാക്കും—
നവ്യന്മാർ, യുദ്ധഭൂമിയെ
ക്ഷേത്രമാക്കുന്ന കൃഷ്ണൻെറ
ലീല കേൾക്കാനൊരുങ്ങുമോ?

55 ഇന്നത്തെ നാട്ടു കട്ടിച്ചോ—
റാക്കുമശ്രീകരങ്ങളെ
നന്നാക്കാനുള്ളൊരേ മാർഗം
കൃഷ്ണലീലാ പ്രസംഗമാം.

56 കണ്ണൻെറ പുണ്യചരിതം
ശ്രദ്ധാപൂർവം ശ്രവിക്കുകിൽ
നാട്ടിലെച്ചണ്ടി പണ്ടോരം
ജാഹ്നവീതീർത്ഥമായിടും.

57 ആടിൻെറ സഹവാസത്താൽ—
സ്സിംഹമാടായ മാതിരി
പാശ്ചാത്യരുടെ സംഗത്താൽ—
പ്പാശ്ചാത്യ പ്രായരായി നാം.

58 സ്നാനാഹാര വിഹാരങ്ങൾ,
വേഷഭൂഷണ ഭാഷകൾ,
വിചാരാചാര ലക്ഷ്യങ്ങ—
ളൊക്കെയും തന്മയങ്ങളായ്.

59 നിജധർമ്മങ്ങൾ കൈവിട്ടു
പരധർമ്മങ്ങൾ ചെയ്കയാൽ
വാനരപ്രായരായ്ത്തീർന്നു
ദേവസന്നിഭരായ നാം,

60 പശ്ചിമന്മാരിൽ നിന്നിന്നു
ഭാരതീയ ജനങ്ങളെ
വേർതിരിച്ചറിയാൻ ദേഹ—
വർണ്ണംകൊണ്ടേ കഴിഞ്ഞിടൂ.

61 പാതാളംവരെ നാമിപ്പോൾ—
ത്താഴത്തേയ്ക്കു പതിച്ചുപോയ്—
എന്ന വാസ്തവമോർക്കാതെ
തുള്ളിച്ചാടുകയാണു നാം.

62 കലാഭിമാനം നമ്മൾക്കു
നഷ്ടമായതു വേണ്ടപോൽ
വീണ്ടെടുത്തീടുവാൻ മാർഗ്ഗം
കൃഷ്ണലീലാനുസേവയാം.

63 കൃഷ്ണൻ പുരാണകർത്താവിൻ
സൃഷ്ടിയാണെന്നു പശ്ചിമർ
ഓതുന്ന തെററു പാടുന്ന
കൂട്ടരാണധുനാതനർ.

64 കാണാനുപനിഷദ്ദൃഷ്ടി—
യ്ക്കൊക്കാത്ത ഹരിലീലയെ
പാശ്ചാത്യക്കണ്ണടച്ചില്ലി—
ന്നീക്ഷിയ്ക്കാൻ സാധ്യമാകുമോ?

65 സമാധി മന്ദരം മുങ്ങി—
യാഴം കാണാത്തൊരാഴിയെ
അളക്കാൻ വടി താഴ്ത്തുന്ന
കുതക്ക കപിയെത്തൊഴാം!

66 കൃഷ്ണൻ ചരിത്ര പുരുഷൻ
തന്നെയാണെന്ന വാസ്തവം
ഗവേഷണം വേണ്ടവിധം
ചെയ്യുമെങ്കിൽ വെളിപ്പെടും.

67 ചരിത്രകാരനഥവാ
സ്വീകരിച്ചില്ല കൃഷ്ണനെ
എങ്കിലെന്തുള്ള വൈഷമ്യം?
xസ്വജ്യോതിസ്സല്ലയോ പുരാൻ?

68 ബദ്ധശ്രദ്ധം കണ്ണടച്ചു
കണ്ണന്റെ ശ്രുഭലീലകൾ
കേൾക്കണം, പ്രവചിക്കേണ
ദസ്തക്കം ചെയ്തിടാതെ നാമം.

69 പാശ്ചാത്യരുടെ കർണ്ണത്തിൽ-
ക്കൂടെയല്ലാതെ നമ്മുടെ
സ്വന്തമാം ചെവിയിൽക്കൂടെ
കൃഷ്ണവൃത്തം ശ്രവിക്കണം.

70 അനാര്യ ദൃഷ്ടികൊണ്ടല്ലാ—
താർഷമാം ദൃഷ്ടികൊണ്ടു നാം
വായിച്ചുനോക്കണം നന്ദ—
നന്ദനന്റെ വിചേഷ്ടിതം.

71 കാതിന്നു മുരളീഗാനം,
നാവിന്നു മധുരാസവം
നെഞ്ചിന്നു യോഗസംസൃഷ്ടി.
ശൗരിതൻ കേളിവിഭ്രമം.

---

x സ്വജ്യോതിസ്സ് = സ്വയംപ്രകാശൻ

72 നാവും ചെവിയുമുാംക്കാമ്പും
കൃഷ്ണ ലീലാ ഗുണങ്ങളാൽ
പൂർണ്ണങ്ങളായാലത്ഭുതകാ
കൈയിലേയ്ക്കും പകന്നിടും.

73 ചരിത്രശ്രവണംകൊണ്ടു
ഭഗവാൻെറ ഗുണം സ്വയം
അറിയാതെ സ്വകർമ്മത്തിൽ
നിഴലിച്ചു തുടങ്ങിടും.

74 ചിത്തമാണു ശരീരത്തിൻ
നിർമ്മാതാവെങ്കിൽ, മാനസം
ശ്രീകൃഷ്ണമയമായ്ത്തീന്നാൽ
മെയ്യും തന്മയമായിടും.

75 നീരാവി കട്ടിയാകുമ്പോാ—
ക്കൊണ്ടലായ്ത്തീന്നിടും വിധം
ചേതസ്സു കട്ടിയാകുമ്പോാ—
ദ്ദേഹമായിച്ചമഞ്ഞിടും.

76 ചിത്രങ്ങാ പരിശോധിച്ചാ—
ലിസ്സംഗതി വെളിപ്പെടും:
ലേഖകൻെറ മുഖച്ഛായ
കാണാം തച്ചിത്രമൂർത്തിയിൽ.

77 പഞ്ചകോശങ്ങളും സപ്ത—
ധാതുക്കളുമനാരതം
നിറയട്ടെ മുകുന്ദൻെറ
കഥയാൽ ശ്രവണംവഴി.

78 വാസുദേവകഥാതീർത്ഥ—
സേവ മുട്ടാതെ ചെയ്യുകിൽ
മോഹ വാരുണി തൻമത്തു
മാറി ബ്ബോധം തെളിഞ്ഞിടും.

79 ഇപ്രകാരം മുകുന്ദന്റെ
വൈചിത്ര്യ മിയലുന്നതായ്
എത്രയോ രമ്യ ചിത്രങ്ങരം
കാണാ മീ ലേഖനങ്ങളിൽ.

80 ഇനിയും കൃഷ്ണനെപ്പററി-
യെഴുതാനീ മഹാശയൻ
മടി കാട്ടില്ല ലോകത്തിൻ
കുശലാകാംക്ഷിയാകയാൽ.

81 വിരാഡ്രൂപേണ ലോകത്തെ-
സ്സേവിക്കും സാധുശീലനായ്
വാഴേണ മീ മഹാൻ മേലാ-
ലിത്രനാളത്തെ മാതിരി!

82 സ്വാർത്ഥം തീണ്ടാത്ത നിശ്ശബ്ദ-
ലോകസേവക്കു ഭൂമിയിൽ
ഉത്തമാദർശമായ് നീണാ-
ളീ മഹാത്മാവു മേവണം!

83 കൃപണക്കു സുഹൃത്തായി,-
ക്കരുണാമൃത സിന്ധുവായ്,
മരുവും കൃഷ്ണനെത്തന്നെ-
ശ്ശരണം പൂകിടട്ടെ ഞാൻ!

84 കൈയ്യിലുള്ളതുപേക്ഷിച്ച
പാരിലെ സ്സർവ്വവസ്തുവും
സൂത്രത്തിൽ സ്വന്തമാക്കുന്ന
നിഷ്ക്കിഞ്ചനനു കുപ്പുകൈ!

85 ആത്മാവു ശുദ്ധമായ്, വംശം
ശുദ്ധമായ്, നാടു ശുദ്ധമായ്
സാധുശീലന്റെ സംന്യാസം
മൂലമെല്ലാം വിശുദ്ധമായ്.

86 മൂവന്തിതൻമാതിരിഭിക്ഷുവിന്റെ
കാഷായവസ്ത്രം മിഴിയിൽപ്പെടുമ്പോൾ
മൊട്ടായിടുന്നു സ്വയമേവപെട്ടെ—
ന്നസ്താദ്ധ്യശന്മാരുടെ കൈപ്പടങ്ങൾ.

87 യഥാർത്ഥതുര്യാശ്രമിവാസ്തവത്തിൽ
മനുഷ്യവർഗ്ഗത്തിനുമാത്രമല്ല
സുധാശനന്മാർ, മുനിമാർ, പിതൃക്ക—
ളിവർക്കശേഷം ബഹുമാന്യനത്രേ!

88 നിഷ്കാമകർമ്മം നെടുനാളനുഷ്ഠി—
ച്ചന്തർമലം നീക്കി, വിരക്തിനേടി,
സംന്യാസിയും വന്ദ്യനുമായ്ച്ചമഞ്ഞാ
രിസ്സാധുശീലൻ വിജയിച്ചിടട്ടെ!

## അനുബന്ധം II

### ധർമ്മ സൂക്തികൾ

1 ത്രീണിപദാവിക്രമേ വിഷ്ണുർഗോപാ അദാഭ്യഃ
അതോ ധർമ്മാണി ധാരയൻ (ഋക്സംഹിത 1–12–18)

2 യജ്ഞേന യജ്ഞമയജന്ത ദേവാസ്താനി
ധർമ്മാണി പ്രഥമാന്യാസൻ (ഋഗ്വേദം 10–90–16)

3 ഹിരണ്മയേന പാത്രേണ സത്യസ്യാപി ഹിതം മുഖം
തത്ത്വം പൂഷന്ന പാവൃണു സത്യധർമ്മായ ദൃഷ്ടയേ
(ഈശോപനിഷത്ത്–15)

4 വേദഃ സ്മൃതിഃ സദാചാരഃ സ്വസ്യ ച പ്രിയമാത്മനഃ
ഏതച്ചതുർവ്വിധം പ്രാഹുഃ സാക്ഷാദ് ധർമ്മസ്യ ലക്ഷണം
(മനുസ്മൃതി 2–12)

5 സത്യം ബൃഹദൃതം ഉഗ്രം
ദീക്ഷാ തപോ ബ്രഹ്മയജ്ഞഃ പൃഥിവീം ധാരയന്തി.

6 ചോദനാ ലക്ഷണോ ഽർത്ഥോ ധർമ്മഃ (ജൈമിനി)

7 യ ഏവ ശ്രേയസ്കരഃ സ ഏവ
ധർമ്മശബ്ദേനോച്യതേ (വിശ്വകോശ–മീമാംസ 1–2)

8 അഹിംസാ ലക്ഷണോ ധർമ്മോ
ഹിംസാചാധർമ്മ ലക്ഷണാ. (മഹാഭാരതം)

9 ഏക ഏവ സുഹൃദ് ധർമ്മോ നിധനേ ഽപ്യനുയാതിയഃ
ശരീരേണ സമം നാശം സർവ്വമന്യത്തു ഗച്ഛതി
ധർമ്മസ്ത്വമനുഗച്ഛതി ഹിതോപദേശം–മിത്രലാഭം)

10 യതോ ഽഭ്യുദയനിഃ ശ്രേയസ സിദ്ധിഃ സ ധർമ്മഃ
(വൈശേഷിക ദർശനം)

11 യഥൈവ ധർമ്മശീലഃ സ്യാൽ

12 ധർമ്മേണ ഹീനാഃ പശുഭിഃ സമാനാഃ (ഭർത്തൃഹരി)

13 ധർമ്മസ്യ തത്ത്വം നിഹിതം ഗുഹായാം.

14 ധർമ്മോ വിശ്വസ്യ ജഗത: പ്രതിഷ്ഠാ
ലോകേ ധർമ്മിഷ്ഠം പ്രജാ ഉപസർപ്പന്തി
ധർമ്മേണ പാപമപനുദതി
ധർമ്മേസർവ്വം പ്രതിഷ്ഠിതം തസ്മാൽധർമ്മം പരമം വദന്തി

15 അധർമ്മ പ്രഭവം ചൈവ ദുഃഖയോഗം ശരീരിണാം
ധർമ്മാർത്ഥ പ്രഭവം ചൈവ സുഖസംയോഗമക്ഷയം

16 ഊർദ്ധ്വബാഹുർവിരൗമ്യേഷ നചകശ്ചിത് ശൃണോതിമേ
ധർമ്മാദർത്ഥശ്ച കാമശ്ച സ ധർമ്മ: കിംനസേവ്യതേ!
(മഹാഭാരതം)


17 ശ്രദ്ധാവാൻ ബ്രഹ്മചാരിത്തു
പ്രസ്തുതം ധർമ്മപഞ്ചകം
അനുസ്മരേച്ഛാന്തിഷ്ഠേത്
തഥാ: ശുദ്ധിപഞ്ചകം (നാരായണ ധർമ്മം)

18 ധർമ്മപദം 19 തിരുക്കുറൾ



# ധർമ്മരശ്മികൾ

(സ്വാമി പരമേശ്വരാനന്ദ)



*ശ്രീഹരി: ശരണം*

അമൂല്യങ്ങളായ ജ്ഞാനരത്നങ്ങൾ ഒളിഞ്ഞുകിടക്കുന്ന സംസ്കൃത സാഹിത്യവുമായി സാമാന്യജനതയ്ക്കു മുഖപരിചയം പോലും ഇല്ലാതിരിക്കുന്ന ഈ അവസരത്തിൽ "ധർമ്മരശ്മികൾ" മനുഷ്യസമുദായത്തിന് ശാശ്വതമായ ഒരു നിധിയാണ്,

—അവതാരികയിൽ നിന്ന്

*Printed at Saseendra, Tvm. Ph. 330881*